N12<527030076 021
LS
ubTÜBINGEN
Wilh. Kapp
Buchbinderei & Papierh.
Tübingen Münzg. 3

തുഞ്ചത്തെഴുത്തച്ശൻ ഉണ്ടാക്കിയ

Mahābhārata

ശ്രീമഹാഭാരതം

പാട്ട

ഇത.

മഹാ-രാ-രാ

ച.-അരുണാചലമുതലിയാരവൎകളുടെമകൻ

കാളഹസ്തിയപ്പമുതലിയാരവൎകളുടെ

വിദ്യാവിലാസ

അച്ചുക്കൂടത്തിൽ അച്ചടിച്ചത.

നടക്കൽകൃഷ്ണപ്പണിക്കരാൽപിഴതീൎക്കപ്പെട്ട

രണ്ടാംപതിപ്പ

1873

കൊഴിക്കൊട-൧൮൭൩മ. ഏപ്രെൽമാസം

പ്രിൻടർ-യശായ.

അധികദ്രവ്യംശിലവിട്ടഅനെകംഗ്രന്ഥങ്ങൾവരുത്തിയും ഒ
ത്തുനൊക്കിയുംചെയ്യുതായ ൟ പുസ്തകം ആരെങ്കിലും ഇത
പ്രകാരത്തിൽ അച്ചടിപ്പിച്ചാൽആക്ഷെപത്തിന്നു ഇടവരു
ന്നതാകുന്നു.

വില ഉറുപ്പിക-൪॥-നാലര

Kolikkota

UNIV. BIBL. TÜBINGEN

Ki XIV 280

പൌലൊമം

ഹരിഃശ്രീഗണപതയെനമഃ അവിഘ്നമസ്തു

ശ്രീമയമായരൂപന്തേടും പൈങ്കിളിപ്പെണ്ണെ സീമയില്ലാതസു
ഖം നൽകണമിനിക്കു നീ ശ്യാമളകൊമളനായിരുന്നനാരായണൻ
താമരസാക്ഷൻകഥാ കെൾപ്പാനാഗ്രഹിച്ചു ഞാൻ ആദരമുള്ളതുതരഭ
ക്തിപൂണ്ടെന്നൊടതു നെരൊടെ ചൊല്ലീടുവാനെന്നതൊൎത്തിരിക്കും
പൊൾ കാരണനായകകരുണാനിധിനാരായണൻ കാരുണ്യവശാൽ
നിന്നെക്കാണുന്നതുമിപ്പൊൾ പൈദാഹാദികൾ തീൎത്തുവെകാ
തെപറയണം കൈതവമൂൎത്തികൃഷ്ണൻ തന്നുടെകഥാമൃതം എതൊരുദി
ക്കിൽനിന്നുവന്നിരുന്നതും ചൊല്ലീടാദരവൊടുമെന്നുകെട്ടുപൈങ്കി
ളി ചൊന്നാൾ: മാമുനിശ്രെഷ്ഠന്മാരാം ശൌനകാദികൾ മെവും നൈ
മിശാരണ്യത്തിൽനിന്നുവന്നതുമിപ്പൊൾ ധീമാനാമുഗ്രശ്രവസ്സാ
കിയസൂതൻ ചൊന്നാൻ മാമുനിമാൎക്കുകെൾപ്പാൻ ഭാരതകഥാമൃതം
അക്കഥയൊക്കെക്കെൾപ്പാനിത്രപാൎത്തിതു ഞാനും ദുഃഖങ്ങളതുകെട്ടാ
ൽ പിന്നെയുണ്ടാകയില്ലാ സക്തിയും നശിച്ചുപൊം ഭക്തിയുമുറച്ചീടും
ഭക്തിയിൽ വിരക്തിയും മുക്തിയുമുണ്ടാമെവം ശക്തിയൊടനുദിനം യു
ക്തനാം ശിവൻതന്റെ വ്യക്തിയും വിചാരിച്ചാൽ വ്യക്തമായ്ക്കാണാ
യുതം യുക്തനായീടും ജീവൻ പരനൊടറിഞ്ഞാലും ഭക്തവത്സലനാകും
കൃഷ്ണന്റെകാരുണ്യത്താൽ എങ്കിലക്കഥയെല്ലാമെന്നിനികെൾപ്പി
ക്കണം സങ്കടമുണ്ടുപാരം സംസാരം നിനച്ചുമെ പങ്കജവിലൊചന
ൻതൻകഥാ ചൊല്ലാമെങ്കിൽ പങ്കങ്ങളകന്നുപൊം പണ്ടുപണ്ടുള്ളതെ
ല്ലാം. ആദരമൊടുകൂടെ നൈമിശവനത്തിൻകൽ ദ്വാദശസംവത്സരം
കൊണ്ടൊടുങ്ങീടുന്നൊരു യാഗവുന്തുടങ്ങിനാർ ശൌനകാദികളായൊ
രാഗമജ്ഞോത്തമന്മാരാകിയമുനീന്ദ്രന്മാർ. ആഗമിച്ചിതുമുനിമാരെ
സ്സെവിപ്പാനപ്പൊൾ വെഗത്തൊടുഗ്രശ്രവസ്സാകിയ സൂതൻതാനും
ആഗതനായസൂതൻതന്നെ മാമുനിജനം എകാന്തെ സൽക്കാരം ചെയ്യാ
സനാദികൾ നൽകിക്കലിമലമുള്ളിൽപ്പുറഞ്ഞാൻ തക്കതൊരു സൽ

ക്കഥാചൊല്ലെണംനീയെന്നവർചൊന്നനെരം എങ്കിൽവൈശംപാ
യനൻജനമെജയനൊടു ഭംഗിയിലറിയിച്ചഭാരതംചൊല്ലാമെല്ലാ
ഭാരതംചൊല്ലുന്നൊൎക്കുംഭക്തരായ്ക്കേൾക്കുന്നൊൎക്കും പാരാതെഗതിവ
രുമെന്നരുൾചെയ്യുമുനി പാരാശൎയ്യാഖ്യൻകൃഷ്ണനെന്നതുസത്യമത്രെ
പാരമാൎത്ഥികമായതത്വമീതിലത്രെ ഭഗവൽഗീതാശ്രീമത്സഹസ്രനാ
മാദികൾ ഭഗവാൻവെദവ്യാസൻഭാരതമീതിലാക്കി നിഗമാദികൾ
പൊലുമതിനാൽവന്ദിക്കുന്നു സകലപുരുഷാൎത്ഥങ്ങളുമുണ്ടിതിൽനൂ
നം ഭൊഗിശവാഗീശലൊകെശാദിജനങ്ങൾക്കു മാകയാലിതിനുടെ
മഹത്വംചൊല്ലാവല്ലെ ഒക്കുംപൊളുപൌരുഷെയത്വമുണ്ടിതിന്നതൊ
സാക്ഷാൽവെദങ്ങൾക്കത്രെഎന്നല്ലൊചൊല്ലീടുന്നു എങ്കിൽപ്പൌ
രുഷെയമായാഷമായപൌരുഷെയാംശിയായ്തുമെന്നൊഭാരതംവന്നു
കൂടു-ദ്വൈപായനൊഷ്ഠപുടനിസ്സൃതമെന്നാകുന്നു ദ്വൈപായനെന്ന
കൃതമെന്നതൊചൊല്ലീലെല്ലൊ ചതുരാനനമുഖസംഭവംവെദമിതു വ
സുജാത്മജമുഖസംഭവമെന്നെയുള്ളു ബ്രഹ്മജംവെദമിതുവിഷ്ണുജമെ
ന്നാകയാൽ ബ്രഹ്മത്തെപ്രതിപാദിച്ചീടുന്നതിതിലെല്ലൊ സംഗംമ
റ്റുള്ളവിഷയങ്ങളിൽനിവൃത്തമായ്മംഗലംവരുത്തുന്നഭഗവത്സംഗി
സംഗം കൈവന്നുകൂട്ടമിതുകെൾക്കിലെന്നരുൾചെയ്തു കൈവണങ്ങിനാ
ൻഭൂമിദൈവതങ്ങളെസ്സൂതൻ-ദെവഭക്തന്മാരായശൌനകാദികളപ്പൊ
ൾ പാവനമായസൂതഭാഷിതംകെട്ടുചൊന്നാർ : വൈശംപായനൻ
ചൊന്നഭാരതന്തന്നെചൊൽനീ സംശയന്തീരുമതിലില്ലാതെമറ്റൊ
ന്നില്ലാ പാശങ്ങൾനശിച്ചുതന്നാശയംതെളിയിക്കും കെശവചരിത
മുമിത്രമറ്റൊന്നിലില്ലാ കൎമ്മകൌശലങ്ങളുംസാംഖ്യയൊഗാദികളും
ധൎമ്മാൎത്ഥകാമമൊക്ഷംസാധിപ്പാനുപായവും നിൎമ്മലൻവെദവ്യാസ
നിതിങ്കൽപ്രയൊഗിച്ചശൎമ്മസാധനമിതിന്മീതെമറ്റൊന്നില്ലെല്ലൊ
രുക്കഥയൊക്കെക്കെൾപ്പാനുണ്ടവസരമിപ്പൊൾ സൽഗുണനിധെ
സൂതചൊല്ലുനീമടിയാതെ-തത്വജ്ഞനായസൂതൻവിപ്രരാംമുനികളെ
ച്ചിത്തത്തിലുറപ്പിച്ചുവന്ദിച്ചുഭക്തിയൊടെ സത്യജ്ഞാനാനന്താനന്ദാ
മൃതാദ്വയനാകു മുത്തമൊത്തമൻകൃഷ്ണൻതന്നെയുംധ്യാനംചെയ്താൻ
പാരാശൎയ്യാഖ്യൻപരമാചാൎയ്യൻവെദവ്യാസൻ കാരുണ്യമൂൎത്തികൃഷ്ണ
നാകിയഗുരുവിനെ പാരാതെവണങ്ങിനാൻഭാരതീദെവിയെയും വാ
രണാനനനായവിഘ്നെശൻപദങ്ങളും വാരിജൊത്ഭവനാദിയായ
ദെവന്മാരെയും ശ്രീശുകസമനായവൈശംപായനനെയും ആശയം
തന്നിൽചെൎത്തുപറഞ്ഞുതുടങ്ങിനാൻ — നാലായിവെദങ്ങളെപ്പകുത്ത
വെദവ്യാസൻ പൌലൊമന്തന്നിൽച്ചൊന്നാൻഭാരതസംക്ഷെപം

വും ചിത്രമാമുദംകൊപാഖ്യാനവുംഭൃഗുകുല വിസ്താരങ്ങളുംവഹ്നിത്
ന്നടെശാപാദിയും ആസ്തികന്തന്നിൽനാഗഗരുഡാരുണൊല്പത്തി ദു
ഗ്ദ്ധാബ്ധിമഥനമുമുച്ചൈശ്രവസ്സുണ്ടായതും അസ്തികൻസൎപ്പസത്രമൊ
ഴിച്ചപ്രകാരവും അസ്തികനനുഗ്രഹംസൎപ്പങ്ങൾകൊടുത്തതും പരി
ഭാഷാരൂപങ്ങൾപൌലൊമാസ്തികങ്ങളെ നന്നരുളിച്ചെയ്തുവെദവ്യാ
സനാംമുനിവരൻ — സംഭവപൎവ്വന്തന്നിൽ മുൻപിലെസ്സൊമാന്വയ
സംഭവന്നുപുരൂരവാരംഭവും ദൈവാസുര സംഭവംഭുവിതെഷാമം
ശാവതരണവും അംഭൊജരിപുകുലസന്തതിസന്ധിപ്പിപ്പാൻ അൻ
പൊടുവിചിത്രവീൎയ്യക്ഷെത്രങ്ങളിൽകൃഷ്ണൻ സംഭവിപ്പിച്ചധൃതരാഷ്ട്രാ
ദിപുത്രത്രയം മാൎത്താണ്ഡസുതനമാണ്ഡവ്യശാപൊല്പത്തിയും ശൂദ്ര
യൊനിയിലവൻവിദുരനായവാറും ധാൎത്തരാഷ്ട്രൊല്പത്തിയുംപാണ്ഡു
പുത്രൊല്പത്തിയും പാൎത്ഥിവനായപാണ്ഡുതാപസശാപബലാൽ മാ
ദ്രിസംഗമംകൊണ്ടുമരണംപ്രാപിച്ചതും ആസ്ഥയാശെഷക്രിയാപു
ത്രന്മാർചെയ്തവാറും പാണ്ഡവരുടെനഗരപ്രവെശനാദിയും പാണ്ഡു
പൂൎവ്വജനവരൊടുവൎത്തിച്ചവാറും ശാരദ്വതൊല്പത്തിയുംഭാരദ്വാജൊല്പ
ത്തിയും ഭാരദ്വാജാത്മജനാമശ്വത്ഥാമൊല്പത്തിയും വിദ്യാഭ്യാസവുംഗു
രുദക്ഷിണാദിയുന്തമ്മിൽ വിദ്വെഷംമുഴുത്തതുംധൃഷ്ടദ്യുമ്നൊല്പത്തിയും
ജാതുഷഗൃഹദാഹംകാനനപ്രവെശവും മാതുരാദികൾകണ്ടവാതന
ന്ദനതാപം ഹിഡിംബവധംഭീമഹിഡിംബീസമാഗമം ഹിഡിംബി
തന്നിൽഭീമതനയനുണ്ടായതും എകചക്രാവാസവുംബകനിഗ്രഹാദി
യും എകാന്തെവെദവ്യാസപ്രാപ്തിസംവാദാദിയും ദ്രൌപദീസ്വയം
ബരാകൎണ്ണനയാത്രാദിയും താപസദ്വിജസമാഗമസല്ലാപാദിയും അം
ഗാരവൎണ്ണൊപാഖ്യാനത്തിൽവാസിഷ്ഠാദിയും ശൃംഗാരരസപൂൎണ്ണസം
വരണൊദന്തവും ധൌമ്യതാപസവരൊപാദ്ധ്യായൊപലബ്ധിയും
ബ്രാഹ്മണരായിപ്പാഞ്ചാലാലയംപുക്കവാറും ധാൎമ്മികൻധൃഷ്ടദ്യുമ്
നുത്സവംഘൊഷിച്ചതും കാമ്യാംഗീപാഞ്ചാലിക്കദ്രുപതിപ്രബൊധ
നം യന്ത്രച്ഛെദവുംപഞ്ചെന്ദ്രൊപാഖ്യാനവുംപിന്നെ കുന്തിനന്ദനൻ
രാജസഞ്ചയംജയിച്ചതും ദ്രൌപദീസ്വയംബരംവിദുരാഗമനവും ഭൂ
പതിനിയൊഗതാൽധൎമ്മജാഭിഷെകവും അൎദ്ധരാജ്യവുമിന്ദ്രപ്ര
സ്ഥലബ്ധിയുന്തത്ര സത്വരംശ്രീനാരദനെഴുന്നള്ളിയവാറും സുന്ദൊ
പസുന്ദൊപാഖ്യാനാദിയും പാഞ്ചാലിയാംസുന്ദരിതന്നെപ്പൎയ്യായ
ത്തൊടെവഹിച്ചതും അൎജ്ജുനതീൎത്ഥയാത്രാസുഭദ്രാഹരണവും അൎജ്ജുന
സുതനഭിമന്യുവുണ്ടായവാറും പഞ്ചദ്രൌപദെയന്മാരുണ്ടായപ്രകാ
രവും സഞ്ചിതദ്രവ്യംദാനംചെയ്തതുംധൎമ്മാത്മജൻ ഖാണ്ഡവദാഹ

ദിയുംഗാണ്ഡീവലാഭാദിയും പാണ്ഡവശൌൎയ്യവുമാഖണ്ഡലവിജയ
വും തക്ഷകസുതമയപക്ഷികൾനാലു മാശുശുക്ഷണിദഹിയാതെ
കാനനംദഹിച്ചതും മന്ദപാലൊപാഖ്യാനമെന്നിവവെദവ്യാസൻ
സുന്ദരമായിച്ചൊന്നാൻ സംഭവപൎവ്വന്തന്നിൽ ഇരുനൂറിരുപത്തെട്ട
ദ്ധ്യായമുണ്ടുചൊൽകിൽ സരസമെണ്ണായിരത്തിൽപ്പുറത്തൊരായി
രത്തെണ്ണൂറ്റിനാലുപദ്യമുമ്പക്കംമനൊഹരം, മുൻപിലെപ്പൎവ്വമനുസം
ഭവമെന്നുനാമം രണ്ടാമതെല്ലൊസഭാപൎവ്വമെന്നറിയണം ഉണ്ടതി
ൽകഥാപലതൊട്ടുംസംക്ഷെപിക്കാം ഖാണ്ഡവപ്രസ്ഥത്തിങ്കൽ
മയനാംശില്പിശ്രെഷ്ഠൻ പാണ്ഡവൻതനിക്കൊരുസഭയെനിൎമ്മിച്ച
തും പാണ്ഡിത്യമെറെയുള്ളനാരദനെഴുന്നള്ളി പാണ്ഡുനന്ദനനൊടു
ചൊദിച്ചപ്രകാരവും മാധവൻമാഗധനെമാരുതിതന്നെക്കൊണ്ടു
ബാധഭൂപക്കതിപ്പാൻകൊല്ലിച്ചപ്രകാരവും മാരുതിപ്രമുഖന്മാർദി
ക്കുകൾജയിച്ചതും ഒരൊരൊരാജാക്കന്മാർകരങ്ങൾകൊടുത്തതും ധൎമ്മ
ജൻരാജസൂയംചെയ്തതുംഭഗവാനാൽ ദുൎമ്മതിശിശുപാലൻമുക്തിയെ
ലഭിച്ചതും പാൎത്ഥിവെന്ദ്രാവഭൃഥസ്നാനഘൊഷാദികളും ധാൎത്തരാ
ഷ്ട്രനുഴലജ്യൈഷ്ഠൻകാട്ടിയഗൊഷ്ഠികളും സ്ഥലതാമതികൊണ്ടുജളതാ
കലൎന്നതും ബലവാൻവൃകൊദരനുച്ചത്തിൽച്ചിരിച്ചതും സത്രപംസു
യൊധനൻഹസ്തിനംപുക്കവാറും നിസ്രൂപംശകുനിതാൻ ചൂതിനു
കൊപ്പിട്ടതും ചൂതിങ്കൽച്ചതിചെയ്തുനാടൊക്കെപ്പറിച്ചതും മാധവ
ൻപാഞ്ചാലിയെപ്പാലിച്ചപ്രകാരവും ഗാന്ധാരൻരണ്ടാമതുചൂതിനു
തുനിഞ്ഞതും കൌന്തെയൻതൊറ്റുവനംപുക്കതുംദുഃഖങ്ങളും ഇങ്ങി
നെവൃത്തപൎയ്യന്തമായിച്ചൊന്നാൻ മംഗലസഭാപൎവ്വംകൃഷ്ണനാം
വെദവ്യാസൻ. അദ്ധ്യായമെഴുപത്തുരണ്ടുണ്ടെന്നറിഞ്ഞാലും പദ്യങ്ങ
ൾനാലായിരത്തഞ്ഞൂറുംപതിനൊന്നും. ധാൎമ്മികൻധൎമ്മാത്മജൻകാന
നംപുക്കശെഷം ധൌമ്യൊപദെശാത്സൂൎയ്യൻതന്നെസ്സെവിച്ചവാറും
സൊദനമായപാത്രംസൂൎയ്യൻനൽകിയവാറും ഭൂദെവയതിജനഭൊ
ജനംമുട്ടാത്തതും കൎമ്മീരാശരൻതന്നെമാരുതികൊന്നവാറും ധൎമ്മജാദി
കൾതമ്മെക്കാണ്മാനായവിടെക്കു ധൎമ്മരാജാംശഭൃതൻവിദുരൻവന്ന
വാറും ധൎമ്മസ്ഥാപനകരൻഗൊവിന്ദൻനാരായണൻ നിൎമ്മലൻ
ജഗന്മയൻചിന്മയൻമായാമയൻ സന്മയൻകൎമ്മസാക്ഷിനിൎമ്മൎയ്യാ
ദികൾക്കൊരു ധൎമ്മനായകൻപരബ്രഹ്മമാംവിഷ്ണുമൂൎത്തി ജന്മനാശാ
ദിഹീനൻകല്മഷവിനാശനൻ നിൎമ്മമൻനിരുപമൻകൃഷ്ണനങ്ങെഴു
ന്നള്ളി സമ്മൊദംധൎമ്മാത്മജന്മാവിനുവളൎത്തിനും പാഞ്ചാലാദികളായ
സംബന്ധിസമാഗമം പാഞ്ചാലീശൊകാദിയുംവെദവ്യാസാഗമനം

ഫല്ഗുനൻതപസ്സിനായ്ഗ്ഗമിച്ചതും·പിന്നെ ഭർഗ്ഗനാം ഭഗവാനും·പാൎവ്വ
തീദെവിതാനും കാട്ടാളവെഷത്തൊടുംപ്രത്യക്ഷമായവാറും വാട്ടമെ
ന്നിയെതമ്മിൽക്കലഹമുണ്ടായതും ഈശാനൻപാശുപതമവനുകൊ
ടുത്തതും ആശുദിക്പാലാദികളവിടെവന്നവാറും അൎജ്ജുനൻ വാസവ
നെക്കണ്ടവൻനിയൊഗത്താൽ നിൎജ്ജരാരികൾതമ്മെവധിച്ചപ്രകാ
രവും പാൎത്ഥനുൎവ്വശിയുടെശാപമുണ്ടായവാറും ഗൊത്രാരിതെളിഞ്ഞ
നുഗ്രഹിച്ചപ്രകാരവും പാൎത്ഥനിങ്ങനെസുരലൊകംവാഴുന്നകാലം
പാൎത്ഥിവൻതന്നെക്കാണ്മാൻബൃഹദശ്വാഗമനം ധൎമ്മജദുഃഖംതീൎപ്പാ
ൻതാപസനരുൾചെയ്ത നിൎമ്മലനളൊപാഖ്യാനാദിയുമഗസ്ത്യന്റെ
പവിത്രചരിത്രമാംവിചിത്രകഥാദിയും കളത്രപ്രാപ്തിമുഖവാതാപിദ
ഹനവും ശക്രനുമഗ്നിയുമാശ്ശിബിതൻധൎമ്മസ്ഥിതി പക്ഷിവെഷ
ത്താലുപരീക്ഷിച്ചുകൊണ്ടറിഞ്ഞതും പണ്ഡിതശ്രേഷ്ഠനൃശ്യശൃംഗനാ
യിട്ടുള്ള വൈഭണ്ഡകനുടെതപൊബലവുംമാഹാത്മ്യവും ജാമദഗ്ന്യ
നാൽബഹുഹൈഹയവധാദിയും കൊമളമായസുകന്ന്യൊപാഖ്യാന
വുംപിന്നെ ച്യവനൊപാഖ്യാനവുമവനുനാസത്യന്മാർ നവകൊമ
ളരൂപംനൽകിയപ്രകാരവും താതനെയഷ്ടാവക്രൻസൊമകസുതെ
ഷ്ടി വിവാദെവീണ്ടതുംസവ്യസാചിവൃത്താന്തങ്ങളും അമരെന്ദ്രാനു
ജ്ഞയാസമരെശക്രാത്മജൻ അമരാരാതികളെയറുതിപെടുത്തതും അ
ൎജ്ജുനൻതന്നെക്കണ്ടുമറ്റുള്ളൊർസുഖിച്ചതും അൎജ്ജുനാഗ്രജൻജടാസു
രനെവധിച്ചതും മാരുതിസൌഗന്ധികപുഷ്പങ്ങളെഹരിച്ചതും മാരുതി
രൂപംകണ്ടുമാരുതിപെടിച്ചതും അന്ധനാമന്ധാത്മജൻതന്നുടെഘൊ
ഷയാത്രാ ഗന്ധൎവ്വാധിപകൃതബന്ധനമവർകളെ കുന്തിനന്ദനൻത
ന്നെവീണ്ടുകൊണ്ടതുംപിന്നെ സിന്ധുരഗമനയാംപാഞ്ചാലീഹര
ണാൎത്ഥം സിന്ധുരാജാഗമനംഗന്ധവാഹജകൃത ബന്ധനംകുന്തീസു
തബന്ധുബന്ധനഹരം ദന്തീപുത്രനെക്കാണ്മാൻമാൎക്കണ്ഡെയാഗ
മനം പണ്ഡിതന്മാൎക്കണ്ഡെയൻതാൻതാന്ധാനായത്തിൻകൽ കു
ണ്ഡലീശപരശായീരാമനായ്പ്പിറന്നതും പുണ്യകളായനാനാകഥകൾ
മറ്റുള്ളതും പാണ്ഡവശൊകംതീൎപ്പാനരുൾചെയ്തതുംപിന്നെ ഗാ
ണ്ഡീവധരപ്രിയന്മാധവൻജഗന്നാഥൻ പാണ്ഡവന്മാരെക്കാണ്മാ
നെഴുന്നള്ളിയവാറും ദ്രൌപദീസത്യസംവാദങ്ങളുംപ്രീതിയൊടന്നു പാ
വനകഥകളുമിന്ദ്രദ്യുമ്നന്റെകഥാ എന്നിവകെട്ടുതെളിഞ്ഞിരുന്നീടി
നകാലം കൎണ്ണകുണ്ഡലകവചാദികളമരെന്ദ്രൻ വിപ്രനായ്പ്രതിഗ്ര
ഹിച്ചീടിനപ്രകാരവും തൽപ്രസാദാൎത്ഥമൊരുശക്തിനൽകിയവാറും
ഹരിണരൂപനെകനരണിയെടുത്തുകൊണ്ടരണ്യംപുക്കാനെന്നൊരാ

രന്നെൻവെദന്നീപ്പാൻ അടവിതന്നിൽത്തെടിനടന്നപാണ്ഡവന്മാ
ക്കിടരായതുംദാഹംമുഴുത്തിട്ടുന്നെരം തണ്ണീരന്വെഷിപ്പാനായ്പൊയ
നുജന്മാരെല്ലാം തണ്ണീരുംകുടിച്ചൊക്കെമരിച്ചപ്രകാരവും ധൎമ്മജൻ
താനുംചെന്നുതണ്ണീർകൊരിയശെഷം ധൎമ്മരാജനകൃതധൎമ്മപ്രശ്നാ
ങ്ങളെല്ലാം ധൎമ്മജൻപരിഗ്രഹിച്ചുത്തരംപറഞ്ഞതും ധൎമ്മരാജാനുജ്ഞ
യാജീവിച്ചൊരനുജന്മാർ ധൎമ്മരാജാത്മജനൊടൊന്നിച്ചുവസിച്ചതും
മൂന്നാമതായപൎവ്വമാരണ്യന്തന്നിൽ ചൊന്നാനാമ്നായവ്യാസൻകൃഷ്ണ
ൻതാപസൻദ്വൈപായനൻ അദ്ധ്യായമതിലിരുനൂററുപത്തൊ
ൻപതിൽ പദ്യങ്ങളുണ്ടുപതിനായിരത്തെറുനൂററിനുത്തരമറുപത്തുനാ
ലുമെന്നറിയണം - ഉത്തമംപവിത്രമിതെത്രയുംപാൎത്തുകണ്ടാൽ - പാരാ
ശൎയ്യാഖ്യമുനിനാലാംപൎവ്വത്തിൽച്ചൊന്നാൻ വൈരാടരാജ്യന്തന്നി
ൽധൎമ്മജാദികളെല്ലാം ഒരൊരൊനാമവെഷംകൈക്കൊണ്ടുഗൂഢന്മാരായി
ഒരാണ്ടുവസിച്ചനാളുള്ളൊരുകഥയെല്ലാം രാജസെവകവൃത്തിയൊ
ൎയ്യൻചൊല്ലിയവാറും വ്യാജനിൎവ്യാജംമത്സ്യനഗരപ്രവെശനം മ
ല്ലനിഗ്രഹംപിന്നെകീചകാദികൾവധം നില്ലജ്ജൻസുയൊധനൻ
തന്നുടെനിരൂപണം ഗൊഗ്രഹണാദികളുംവിജയവിജയവുംഫാല്ഗുനി
തന്നാലന്നാളുത്തരാവിവാഹവും വ്യക്തമായ്വിരാടപൎവ്വന്തന്നിൽപാരാ
ശൎയ്യൻ ഭക്തിവൎദ്ധനകരംസത്യമായതുൾച്ചെയ്യാൻ - അദ്ധ്യായമറു
പത്തെഴെത്രയുംമനൊഹരം ചിത്രാൎത്ഥംമൂവായിരത്തഞ്ഞൂറുപദ്യങ്ങളും
സ്വൈരമായുപപ്ലാവ്യെപാണ്ഡവരിരുന്നതും ശൌരിയെവരിപ്പാ
ൻദുൎയ്യൊധനൻവന്നവാറും ചൌൎയ്യനിദ്രയെപ്പൂണ്ടുഭഗവാൻകിടന്ന
തും ശൌൎയ്യമെറീടുംപാൎത്ഥൻകൃഷ്ണനെവരിച്ചതും ഗാന്ധാരീസുതൻയ
ദുസൈന്യത്തെവരിച്ചതും കാന്തനാംപത്മാകാന്തൻകൊമളലീലകളും
ഇന്ദുശെഖരവന്ദ്യനിന്ദുബിംബാസ്യാംബുജനിന്ദ്രാദിവൃന്ദാരകവൃന്ദവ
ന്ദിതൻപരനിന്ദിരാവരൻനന്ദനന്ദനൻനാരായണൻ ചന്ദ്രികാമന്ദ
സ്മിതസുന്ദരൻദാമൊദരൻ സുന്ദരീജനമനൊമന്ദിരൻവാസുദെവൻ
വൃന്ദാരണ്യനിവാസികന്ദൎപ്പകളെബരൻ ച്ഛന്ദസാംപതിജഗൽക്ക
ന്ദഭൂതൻമുചുകുന്ദനന്ദിതൻപരമാനന്ദൻശ്രീഗൊവിന്ദൻ ഇന്ദ്രനന്ദ
നനുമായുള്ളന്നസമവൎത്തി നന്ദനൻതന്നിക്കളുള്ളിലാനന്ദംവളൎത്തതും
സഞ്ജയൻവന്നുപുനരംബികാസുതൻചൊല്ലാലഞ്ജസാപറഞ്ഞതുകെ
ട്ടുധൎമ്മാത്മജനും കഞ്ജനെത്രാജ്ഞയാപൂൎവ്വംബന്ധിച്ചുപറഞ്ഞതും സഞ്ജ
യൻചെന്നുധൃതരാഷ്ട്രനാംകപടെന്ദ്രെ പഞ്ജരന്തന്നിൽധൎമ്മജൊക്തിക
ൾപകരാതെസഞ്ചരാത്മനാനിജമന്ദിരംപുക്കവാറുംസ്ഥിരാത്മാവായധൃ
തരാഷ്ട്രഭൂപതിശ്രെഷ്ഠൻ നിദ്രയുമില്ലാഞ്ഞാധിമുഴുത്തുചമഞ്ഞതുംഅന്നെ

നംവിദുരരെവരുത്തിരാത്രിയിങ്കൽ മന്നവനവൻചൊന്നനയങ്ങൾ കെട്ടുകെളൎത്തധ്യാത്മംസനൽക്കുമാരമുനിപറഞ്ഞതുംമിത്രനന്നന്ദ നിമിത്തമായുരഞ്ഞതും അംബുജമിത്രാത്മജനന്ദനൻ പ്രാൎത്ഥിക്കയാലം ബുജാസനസെവ്യനംബുജനാഭൻനാഥൻഅംബികാവരപ്രിയനം ബുജശരതാതൻ ബിംബൊഷ്ഠൻകംബുധരനംബരചരനാഥൻഅം ബികാസുതാലയംപ്രാപിച്ചുസഭയിങ്കൽസന്ധിപ്പാൻപറഞ്ഞപ്പൊൾ ന്ധാത്മാസുയൊധനൻ ബന്ധിപ്പാൻഭാവിക്കയാലന്ധകാന്വയജാ തൻ ബന്ധുരകളെബരൻ ബന്ധൂകാന്താധരൻസിന്ധുരഭയംകര ൻ ബന്ധുലൊകാത്മാനന്ദകരനാംധരാധരൻതന്തിരുവടിവിശ്വരൂ പംകാട്ടിയവാറും അശ്വത്ഥാമാവുതന്നെരഹസിചെന്നുകണ്ടു വിശ്വാ സത്തൊടുപറഞ്ഞവനെക്കൊണ്ടുസെനാപത്യംചെയ്യരുതെന്നുസത്യം ചെയ്യിച്ചവാറുംപത്ഥ്യമെല്ലാവരൊടുന്തത്ഥ്യമായ്ചൊന്നവാറും വിശ്വ നായകൻഹരിദശനന്ദനനൊടും നിശ്ശെഷമായനയമരുളിച്ചെയ്യു വാറും കുന്തീദെവിയെക്കണ്ടുമന്ത്രിച്ചുഭയന്തീൎത്തു കുന്തീനന്ദനന്മാരെ പ്രാപിച്ചവാറുമെല്ലാം ബദ്ധവൈരത്തൊടവരുദ്ധതബുദ്ധിയൊടും യുദ്ധസന്നദ്ധന്മാരായ്സൈന്യംകൂട്ടിയവാറുംഅന്യൊന്യമൊട്ടുലൂകൻവന്ന റിയിച്ചതുംകെട്ടു കൌന്തെയൻകൊല്ലാക്കല ചെയ്യയച്ചതുമെല്ലാം ചൊല്ലിയാൻമഹാരഥഗണനെഗംഗാദത്തൻ ചൊല്ലിയൊരംബൊ പാഖ്യാനാന്തപൎവ്വന്താംകൃഷ്ണൻ വിദ്വാനാംവെദവ്യാസനുദ്യൊഗപൎവ്വ ത്തിൽഅദ്ധ്യായമനുത്തമനൂററിരുപത്താറതിൻപദ്യങ്ങളനന്വയംനി ശ്ചയമെഴായിരം ഹൃദ്യങ്ങളവെദ്യങ്ങളനവദ്യങ്ങളെല്ലൊ പിന്നെതുഭീ ഷ്മപൎവ്വംചൊല്ലുവൻചുരുക്കിഞാൻ ധന്യനാംഗാവൽഗണിതന്നി ക്കുവെദവ്യാസൻ സൎവ്വഭൂപാലയുദ്ധമവീശനറിയിപ്പാൻ ദിവ്യലൊ ചനംനൽകിയെഴുന്നെള്ളിയവാറും സപ്തദ്വീപങ്ങളൊടു സപ്തവാരി ധികളും സപ്തപൎവ്വതങ്ങളും സപ്തലൊകങ്ങൾരണ്ടുംസപ്താശ്വന്മുതലാ യസപ്തഖെചരഗതി സപ്തമാമുനിഗതിസപ്തമാരുതഗതി സ്വരമി വയെല്ലാംസത്യമായ്ചൊന്നവാറും പുത്രമിത്രാദികളുംപിത്രാദ്യാചാൎയ്യ ന്മാരും ശത്രുഭാവെനകണ്ടുയുദ്ധാൎത്ഥംയുദ്ധഭൂവി വൃത്രാരിപുത്രൻ തത്ര ചിത്തകാരുണ്യംകലൎന്നുണ്ടെത്രയുമശക്യമിതുമഹാംസാകൎമ്മം ഇത്ഥ മൊൎത്തവനതിവിത്രസ്തഹൃദയനായ് ബുദ്ധിയുംകെട്ടുപാൎത്ഥൻതെരതിലി രുന്നപ്പൊൾ ഭൃത്യഭാവവുംവെച്ചുഭക്തവത്സലൻകൃഷ്ണൻഭൃത്യനൊടരു ൾചെയ്തസത്യമാംവെദാന്താൎത്ഥം നിത്യാനിത്യാദികളാംവാസ്തവതൎക്ക ശക്ത്യാ തത്വബൊധാൎത്ഥംസത്യജ്ഞാനാനന്താനന്ദവും സത്വാദിഗു ണയുക്തപ്രകൃതിവിലാസവും സത്വങ്ങളുള്ളിൽജീവാത്മാവായിത്താ

നിരിപ്പതും ക്ഷെത്രക്ഷെത്രജ്ഞഭാവവ്യാസ്യവഭെദങ്ങളും ശാസ്ത്രസി
ദ്ധാന്തങ്ങൾവൎണ്ണാശ്രമാചാരഭെദം സൂത്രതത്വവുംവിഭൂതിപ്രഭാവവും
പിന്നെ ക്ഷെത്രധൎമ്മവുംസാംഖ്യയൊഗഭെദാദികളും ദ്വന്ദ്വഭാവങ്ങൾ
കളഞ്ഞുദയമറപ്പിച്ചാനന്ദവുമവനരുൾചെയ്തീതാനന്ദമൂൎത്തിവിശ്വ
വിസ്മയകരസമരചതുരനു വിശ്വരൂപവുംകാട്ടി വിശ്വാസംവരുത്തി
നാൻ സംഗരകൊലാഹലംതുടങ്ങിപ്പിന്നെശ്ശെഷം ഗംഗാനന്ദനൻ
ദെവവ്രതനാംകൃഷ്ണഭക്തൻപതിനൊന്നക്ഷൌഹിണിസാംഖ്യയാന്നാ
നാസെനാ പതിനായകന്മഹാരഥനൊരൊരൊദിനം പതിനായിരം
കാലാൾപതിനായിരമശ്വം പതിനായിരംഗജം പതിനായിരത്തെരാ
ൾ പതിതമാക്കിട്ടവൊനതുപൊൽത്രിഭുവനപതിവാഞ്ഛിതമിതിമതി
മാനറികയാൽ ആങ്ങിനെപത്തുദിനംയുദ്ധംചെയ്തുഭീഷ്മർ മങ്ങാ
തെയതിന്നിടെരണ്ടുനാൾനാരായണൻ എടുത്തുസുദൎശനംപട്ടതമൊ
ട്ടുമപ്പൊ ഉടുത്തുകണ്ടിട്ടുള്ളഭഗവൽസ്തുതികളും അവൻതന്നനുഗ്രഹാ
ൽശിഖണ്ഡിതന്നെമുൻപിൽ വിബുധപതിസുതൻ നിൎത്തിനാൻയു
ദ്ധത്തിനായി അതിനാൽഭീഷ്മർശരശയനെവസിച്ചതും വസുജാത
ജമുനിയരുളിച്ചെയ്യാനെല്ലൊ അദ്ധ്യായമതുമൊരുനൂറെറാരുപത്തെട്ടെ
ല്ലൊ പദ്യങ്ങളെഴായിരത്തെണ്ണൂറെറണ്ടെത്തുനാലും പതിനൊന്നന്നാ
ൾപിന്നെദുരിയൊധനൻസെനാ പതിയായഭിഷെകം ദ്രൊണാചാ
ൎയ്യൎക്കചെയ്യാൻ ത്രിഗൎത്തൻസംശപ്തകഗണത്തൊടൊരുമിച്ച ങ്ങക
റരികൊണ്ടുപൊയാൻ വിജയൻതന്നെയതും അപ്രതിരഥനായ കു
പ്രഭുഭഗദത്തൻസുപ്രതീകാഖ്യനായഗജത്തിൻകഴുത്തെറികെൽപ്പൊ
ട്ടുവ്വകൊദരൻതന്നൊട്ടുപൊരുതതും ചില്ലമാനൊട്ടുകൂടിഫൽഗുനനപ്പൊ
ൾവന്നിട്ടപ്രമെയാസ്ത്രപ്രയൊഗന്തുടൎന്നുനെരം മത്തഹസ്തിപ്രവ
രമസ്തകംഭഗദത്തമസ്തകം ചാപമൊരുപത്രികൊണ്ടറുത്തതും അംഭൊ
ജവ്യൂഹംഭെദിച്ചുമ്പർകൊന്മകന്മകൻ വൻപടമുടിക്കയാൽകുംഭസം
ഭവാദികൾ കമ്പമാനസന്മാരായ്സംഭ്രമത്തൊടുമപ്പൊൾഅൻപൊഴി
ഞ്ഞാറുമഹാരഥന്മാരൊരുമിച്ച വൻപനാമഭിമന്യുതന്നെക്കൊന്നതു
മൂലം ധൎമ്മജശൊകന്തീൎപ്പാൻതാപസനരുൾചെയ്യാൻ സൃഞ്ജയൊ
പാഖ്യാനാദിനിൎമ്മലൻവെദവ്യാസനരുളിച്ചെയ്തവാറും നിജ്ജൎരെന്ദ്രാ
ത്മജനാമൎജ്ജുനശൊകന്തീൎപ്പാൻ ദുൎജ്ജനകാലനായകൃഷ്ണസാന്ത്വന
ങ്ങളും കൃഷ്ണസൊദരിയായസുഭദ്രമാത്സ്യപുത്രി കൃഷ്ണയുമിത്യാദിനാരിജ
നദുഃഖന്തീൎപ്പാൻ കൃഷ്ണസാന്ത്വനവചനാമൃതവിശെഷവും പുത്രനി
ഗ്രഹത്തിനുകാരണഭൂതനായ ശത്രുഗാന്ധാരീപുത്രമിത്രഭൂപതിൻമുൻ
പൻ പ്രത്യൎത്ഥിജയദ്രഥനായസൈന്ധവൻതന്നെ മിത്രനാംദെവൻ

നാളെയസ്തമിപ്പതിന്മുൻപെ മിത്രപുത്രാലയത്തിന്നയച്ചീടുവനെന്നു
വൃത്രനാശനപുത്രൻസത്യവുംചെയ്യാനെല്ലൊ എത്രീലെന്നാകിൽപ്പി
ന്നെവില്ലുമാത്തീയിൽചാടി മൃത്യുലൊകത്തെ പ്രാപിച്ചീടുവനെന്നും
ചൊന്നാൻ, സ്വപ്നത്തിൽജിഷ്ണുവീരൻകൃഷ്ണനെക്കണ്ടവാറുംചില്ലുമാ
നൊടുംകൂടെകൈലാസംപ്രാപിച്ചതുംശംകരൻപ്രസാദിച്ചസംകടംതീ
ൎത്തവാറും പംകജനെത്രപദപംകജാൎച്ചിതപുഷ്പം ശംകരജടാഭാരംതൻകൽ
ലെകണ്ടവാറും മറ്റുള്ളനൃപന്മാരെ ധൎമ്മജരക്ഷയ്ക്കാക്കിവിറ്റെനാൾ
യുദ്ധത്തിനുകൃഷ്ണനന്താനുംകൂടിജംഭാരിസുതൻതന്നെവൻപൊട്ടുപൊ
രുതതും അംപിനാൽക്കളംകുഴിച്ചംബുനിൎമ്മാണാദിയുംക്രൂരനാ മ
ലംബുസൻജലസന്ധാദികളും പൊരിലെഴക്ഷൌഹിണിപ്പടയുംമ
ടിഞ്ഞതും വിഷ്ണുചക്രച്ഛായകൊണ്ടുഷ്ണാംശുമറഞ്ഞതുംജിഷ്ണുനന്ദനനാ
യജിഷ്ണുതാൻജയിച്ചതും വൃദ്ധക്ഷത്രാത്മജൻതന്നുത്തമാംഗത്തെക്കൊ
ണ്ടവൃദ്ധക്ഷത്രാഖ്യൻതന്റെ ഹസ്തത്തിലാക്കിയതുംഅസ്തമിപ്പതി
ന്മുൻപെ സത്യത്തെരക്ഷിച്ചതും രാത്രിയുദ്ധവുംഘടൊല്കചന്റെ മര
ണവും പാൎത്ഥിവൻധൃഷ്ടദ്യുമ്നൻദ്രോണരെവധിച്ചതും അശ്വത്ഥാമാ
വുകൊപിച്ചസ്ത്രങ്ങളയച്ചതും വിശ്വാന്തകരണമായുണ്ടായയുദ്ധങ്ങ
ളും ഏഴാമതാകുംദ്രോണപൎവ്വത്തിലതുചെയ്യാൻ കാളിന്ദനനായ
മാമുനിവെദവ്യാസൻ അദ്ധ്യായമതിലുണ്ടുനൂറെഴുപതുനല്ലപദ്യങ്ങ
ളുണ്ടുപതിനായിരത്തിലുംപുറം പിന്നെയുന്തൊള്ളായിരത്തൊൻപതെ
ന്നറിഞ്ഞാലും പുണ്യവൎദ്ധനംപുരുഷൊത്തമലീലാപൂൎണ്ണം കൎണ്ണപൎവ്
വുംചൊന്നാനെട്ടാമതതുംചൊല്ലാം വൎണ്ണിപ്പാൻപണിയതിലുണ്ടായ
വിശെഷങ്ങൾ ത്രിപുരദഹനമാദ്യംശെശപ്രതിവാദംഅരയന്നത്തൊ
ടൊരുവായസന്തൊറ്റവാറും തരണിസുതനൊടുമാരുതി തൊറ്റവാറും
തരണിസുതശരംധൎമ്മജനെറ്റവാറും പാൎത്ഥനാത്സംശപ്തകന്മാരൊടു
ങ്ങിയവാറും പാൎത്ഥിവൻപാൎത്ഥനൊടുപരുഷംചൊന്നവാറും പാൎത്ഥി
വൻതന്നെക്കൊൽവാൻപാൎത്ഥനൊങ്ങിയവാറും പാൎത്ഥസാരഥിചൊ
ല്ലാൽപാൎത്ഥിവൻതന്നെപാൎത്ഥൻ പെൎത്തുനീനീനീയെന്നു നിന്ദിച്ച
ചൊന്നവാറും ആത്മനാപ്രാണത്യാഗത്തിന്നൊരുംപെട്ടവാറുംആൎത്തി
യെഭക്തന്മാൎക്കുതീൎക്കുന്നകൃഷ്ണൻചൊല്ലാൽ പാൎത്ഥനുംവാചാതന്നെ
ത്താൻപ്രശംസിച്ചവാറും ധൎമ്മജധനഞ്ജയന്മാരെയുംനിരത്തീട്ടുധൎമ്മ
സ്ഥാപനകരൻപൊക്കൊരുമിപ്പിച്ചതും ക്രൂരനാംവൃകൊദരൻഘൊര
സംഗരാംകണെ ചൊരനാംദുശ്ശാസനന്മാറിടംപിളൎന്നതും കൎണ്ണഫൽ
ഗുനയുദ്ധംതന്നുടെകൊടുപ്പവും കൎണ്ണനാഗാസ്ത്രപ്രയൊഗാദിയുംധന
ഞ്ജയൻ കൎണ്ണനെവധിച്ചതുംമറ്റുമിത്തരമെല്ലാംപുണ്യാത്മാവെദവ്യാ

സനരുളിച്ചെയ്തീടിനാൻ_ അദ്ധ്യായമതിലറുപത്തൊൻപതെന്നറിഞ്ഞാ
ലും പദ്യങ്ങൾ നാലായിരത്തിൽപ്പുറത്തൊള്ളായിരം_ പൊരതിൽ യുധി
ഷ്ഠിരൻ ശല്യരെ വധിച്ചതും മാരുതി സുയൊധനന്മാർ ഗദായുദ്ധാദിയും
ബലഭദ്രാഗമനന്തീർത്ഥമാഹാത്മ്യങ്ങളും അലിവൊടതുൾ ചെയ്തു ശല്യപൎ
വ്വണി കൃഷ്ണൻ അദ്ധ്യായമതിലൻപത്തൊൻപതെന്നറിഞ്ഞാലും പദ്യ
ങ്ങൾ മൂവായിരത്തിരുനൂററിരുപത്തും_ സൌപ്തികപൎവ്വത്തിൽ ചൊല്ലി
യതൊട്ടു ചൊല്ലാം വ്യാപ്തിയിലുരചെയ്യാൻ വെലയുണ്ടറിഞ്ഞാലും കാ
ലൊടിഞ്ഞവനിയിൽ വീണൊരു സുയൊധനൻ കാലപാശാനുഗതനാ
യതു കണ്ടനെരം അശ്വത്ഥാമാവാദികൾ നിശ്വാസത്തൊടുംകൂടി വിശ്വാ
സം സുയൊധനൻതന്നൊടു ചെയ്യുവാറും ധൃഷ്ടദ്യുമ്നാദികളെ നഷ്ടമാ
ക്കീടും മുൻപെ കെട്ടിയകവചം തൊഴിക്കന്നിലയെന്നു പെട്ടന്നു സ
ത്യം ചെയ്തു രാത്രിയിൽ ചെന്നവാറും സൃഷ്ടിപാലനഹരണാദികൾ ചെ
യ്യും ദെവൻ പാണ്ഡവന്മാരെ വെറെ കൊണ്ടുപൊയ്യാണ്ടവാറും താ
ന്ധപ്രിയനായ ശങ്കരനനുഗ്രഹാൽ പഞ്ചദ്രൌപദെയന്മാരൊടു പാ
ഞ്ചാലനെയും പടചെത്താരെല്ലൊ മിഞ്ചിയപടയൊടുമശ്വത്ഥാ
മാവാദികൾ ദുരിയൊധനൻതന്നൊടശ്രുക്കൾ തുടച്ചുട നിസ്ലയൊടി
ത്തു ചൊന്നാർ മരിച്ചു സുയൊധനൻ പാണ്ഡവന്മാരുമപ്പൊൾ മരിച്ചു
മറിയാതെ വാൎത്തകൾ കെട്ടനെരമതിനാലനശനം ദീക്ഷിച്ചു മരിപ്പതി
ന്നതിശൊകത്തൊടാരംഭിച്ചിതു പാഞ്ചാലിയും ഭീമനും ദ്രൌണിശിരൊ
മണി കൊള്ളുവാൻ പൊയാൻ ഭീമനെത്തെടിപ്പിൻപെ മാധവാൎജ്ജു
നന്മാരും ചെന്നതു കണ്ടു പെടിച്ചശ്വത്ഥാമാവു താനുമന്നെരം പ്രയൊഗി
ച്ചാൻ ബ്രഹ്മാസ്ത്രമവാരിതം ഇമ്മഹീതലമപാണ്ഡവമാക്കുമകെന്നു
ചിന്മയൻ നാരായണൻ രക്ഷിച്ചാനതിൻകന്നും ബന്ധുക്കൾക്കുദ
കകൎമ്മാദികൾ ചെയ്യുന്നെരം കുന്തിയും കൎണ്ണനമ്മമനന്ദനനെന്നു ചൊന്നാ
ൾ കുന്തീപുത്രരുമതുകെട്ടു സന്താപത്തൊടെ ചിന്തിച്ചു ചിന്തിച്ചുദകക്രി
യകളും ചെയ്താർ_ അദ്ധ്യായം പതിനെട്ടുണ്ടിത്യാദി സൌപ്തികത്തിൽ
പദ്യങ്ങളെണ്ണൂറെറഴുപതുമുണ്ടെന്നു ചൊല്ലാം പതിനൊന്നാമതു പൊൽ
സ്ത്രീപൎവ്വമതിൽക്കഥാവിധവവനിതമാർ പരിദെവനങ്ങളും ഗാന്ധാ
രീയദുഃക്കൾക്കു ശാപം നൽകിയവാറും ഗാന്ധാരീപതിസുതന്മാരെപ്പുൽ
കിയവാറും വിസ്മയമയസ്മയമായമാരുതിരൂപം ഭസ്മമാക്കുമഞ്ഞതും ക
ശ്മലന്നൃപൻതന്നാൽ സന്ത്വിതനായ കൃഷ്ണനരുളിച്ചെയ്യുവാറും അശ്വസാ
രവച്ചിത്തമന്ധനചമത്തതും ധൎമ്മജനിയൊഗത്താൽ ശവസംസ്കാ
രാദികൾ തന്മനൊദുഃഖത്തൊടും ബന്ധുക്കൾ ചെയ്യുവാറും_ അദ്ധ്യായ
മിരുപത്തെഴുണ്ടിതെന്നറിഞ്ഞാലും പദ്യങ്ങൾ ചൊല്ലാമെഴുനൂറെറഴപ

ത്തരഞ്ചെല്ലൊ_ശാന്തിദംശാന്തിപൎവ്വംപന്ത്രണ്ടാമതുപിന്നെശ്ശാന്തനവൊ
ക്തിമയംമികച്ചതുമൊക്ഷന്നാകിൽവൎണ്ണധൎമ്മങ്ങൾപുനരാശ്രമധൎമ്മങ്ങ
ളും പുണ്യതീൎത്ഥാദിഫലംദാനധൎമ്മെനുഫലം ജപഹൊമാദിധൎമ്മാ
പദ്ധൎമ്മവും പിന്നെത്തപസാന്നിയമാദിസാംഖ്യയൊഗാദിഭെദംമൊ
ക്ഷധൎമ്മവും വിശെഷിച്ചറിയിച്ചുഭീഷ്മർ സാക്ഷാൽശ്രീനാരായണ
ൻ തന്നുടെനിയൊഗത്താൽ_ അദ്ധ്യാത്മജ്ഞാനംമുഹുൎവ്വിസ്തരിച്ചറിയി
ച്ചതദ്ധ്യായംമുന്നൂററിന്മെൽമുപ്പത്തൊൻപതുമുണ്ട_പദ്യങ്ങൾപതിനാ
ലായിരവുംപിമ്പത്തേഴും ഹൃദ്യങ്ങളതിന്നുമെലിരുപത്തഞ്ചുമെല്ലൊ_പ
തിമൂന്നാമതാനുശാസനികാഖ്യപൎവ്വമതിലും ധൎമ്മസ്ഥിതിപലതുംപാ
ൎക്കുന്തൊറും ദാനങ്ങളുടെഭെദമധികാരികൾ ഭെദംദാനധൎമ്മാനുഷ്ഠാദി
വിധിഭെദങ്ങൾപിന്നെ പാത്രഭെദവുംകാലഭെദവുംദെശഭെദംശാസ്ത്ര
സിദ്ധാന്തഭെദംമന്ത്രമൂൎത്തികൾഭെദം ശ്രൌതസ്മാൎത്താദിഭെദം താന്ത്രി
കഭെദങ്ങളും ചെതനജഡഭാവഭെദവുംമഖഭെദം സൃഷ്ടിപാലനഹര
ണങ്ങളുന്തത്തൽ കൎമ്മാനുഷ്ഠാനനിഷ്ഠാപൂൎവ്വമവതാരാദികളും മൌന
സത്യാദിഭെദഗതികളിവയെല്ലാം മാനസാനന്ദംവരുമാറരുൾചെയ്തു
കൃഷ്ണൻ,അദ്ധ്യായമിരുനൂറെറണ്ണുത്താറുണ്ടതിൽ നല്പദ്യങ്ങൾഹൃദ്യ
ങ്ങളായുണ്ടുപന്തീരായിരം_ പതിന്നാലാമതാശ്വമെധികപൎവ്വമെല്ലൊ
മതിമാന്മാരായുള്ളൊൎക്കധികമ്മനൊഹരം മാമുനിസംവൎത്തകന്മരുത്ത
നൃപനൊടു സാമൊദമരുൾചെയ്തുപുണ്യസൽക്കഥകളും ഠരംശംരന്നി
യൊഗത്താൽപ്പാണ്ഡവർനിധികൊൾവാൻ വാച്ചസൈന്യത്തൊടു
ദീച്യാന്ദിശിപൊയകാലംദ്രൊണജബ്രഹ്മാസ്ത്രജ്വാലാകുലനായ ബാ
ലൻപ്രാണഹീനനുമായിപ്പിറന്നൊരനന്തരംപ്രാണികൾക്കെല്ലാമുള്ളി
ൽപ്രാണനായതുകൃഷ്ണൻ പ്രാണനുണ്ടാക്കിയതെത്രത്ഭുതമല്ലയെല്ലൊ
ഉത്തരാപെറുപരീക്ഷിത്തായനൃപവര നുത്തമൊത്തമൻപുരുഷൊ
ത്തമഭക്തനുണ്ടായി ഉത്തരാദിശിമരുത്തൻവൃതാവെച്ചനിധി യുക്തപൂ
ജകളുംചെയ്തുദ്ധരിച്ചുഴറെറാടെ പാണ്ഡവർവരുംപൊളിങ്ങുണ്ടായി
തനയനുംഗാണ്ഡീവധരനശ്വംനടത്തീടുവാൻപൊയാൻ ബഭ്രുവാഹ
നനായപുത്രനൊടെററുതൊററി ട്ടുത്തുതംപൂണ്ടുപൊന്നുഗവിക്കണം
പിന്നെവൈഷ്ണവധൎമ്മംഹയമെധകൎമ്മാനന്തരം വാൎഷ്ണെയവിരചിത
ധൎമ്മജമദഭംഗം നകുലൊപാഖ്യാനാദിപലതുഞ്ചൊല്ലിമുനി പകലില്ലി
നിയിപ്പൊൾ പറവാനവയെല്ലാം_ അദ്ധ്യായമുണ്ടുനൂറുമുപ്പത്തുമൂന്നം
ചൊല്ലാം പദ്യങ്ങൾനാലായിരംനാനൂറുമിരുപത്തുംപതിനഞ്ചാമതുന
ല്ലാശ്രമവാസപൎവ്വമധികം മനൊഹരമജ്ഞാനവിഷഹരം ഗാന്ധാ
രീകാന്തനന്ധൻഗാന്ധാരിയൊടുംകൂടി ത്താനനാശ്രമത്തിൽകലിത

ന്നവാറും പിന്നെകുന്തിയുംഗാന്ധാരിയുന്താനുമാശ്ലൊയവാറും അന്തി
കെ വെദവ്യാസനെഴുന്നെള്ളിയവാറും മരിച്ചസുയൊധനനാദികൾ
തമ്മെക്കണ്ടു ചിരിച്ചധൃതരാഷ്ട്രർതെളിഞ്ഞുചൊന്നവാറും അംബികാ
തനയനുംകുന്തിയുംഗാന്ധാരിയും സംഭ്രമംതിന്നുപരലൊകംപ്രാപിച്ച
വാറും മാണ്ഡവ്യശാപത്തിന്നുധൎമ്മരാജന്റെഗതി പാണ്ഡവർകെട്ടു
ഖെദിച്ചിരുന്നവാറുംപിന്നെ വൃഷ്ണികൾവിനാശനം നാരദനരുൾചെ
യ്തു ഉഷ്ണനിശ്വാസത്തൊടുകെട്ടതുമിവയെല്ലാം_അദ്ധ്യായംനാല്പതതിൽ
പദ്യങ്ങളായിരത്തിനുത്തരന്തൊള്ളായിരത്താറുമുണ്ടറിന്താലും മൌസ
ലപൎവ്വത്തിനിൽവൃഷ്ണികൾവിനാശനം കംസാരിയായകൃഷ്ണൻസം
സാരവിനാശനൻഅഗ്രജനൊടുംകൂടെവൈകുണ്ഠംപ്രാപിച്ചതുംവ്യ
ഗ്രിച്ചധനഞ്ജയൻവജ്രനെവാഴിച്ചതും സ്ത്രീധനാദികളൊടുംപൊരും
പൊൾമദ്ധ്യെമാൎഗ്ഗം ബാധിതനായപാൎത്ഥൻതന്നൊടുകാട്ടാളന്മാർ
പറിച്ചുകൊണ്ടാർധനനാരിമാരെയുമെല്ലാം പെരുത്തഗാണ്ഡീവവും
കുലയ്ക്കായിലയെല്ലൊ ദിവ്യാസ്ത്രങ്ങളിലൊന്നുംവഴിയെതൊന്നീലപ്പൊ
ൾ സവ്യസാചിയുംധനുസ്സിഴച്ചാനെന്നുകെൾപ്പു സത്യജ്ഞാനാന
ന്താനന്ദാമൃതൻനാരായണൻ സത്വാദിമായാഗുണരഹിതൻപരമാ
ത്മാ തത്വമസ്യാദിമഹാവാക്യാൎത്ഥവസ്തുമൂൎത്തി നിത്യനാംസച്ചില്പര
ബ്രഹ്മാവ്യൻകൃഷ്ണൻതന്റെ നിത്യമാംമായാവിലാസങ്ങളുംനിരൂ
പിച്ചാൻ വെദവ്യാസനുമാത്മജ്ഞാനങ്ങളരുൾചെയ്യാൻ ഖെദവുമ
ടക്കിശെഷതാശയനുംപുരിപുക്കാൻ ദുഃഖംപൂണ്ടജാതശത്രുക്ഷിതിപതി
യൊടു ശക്രനന്ദനൻകൃഷ്ണഗതിയുമറിയിച്ചാൻ_ഇക്കഥയെല്ലാമെല്ലൊ
മൌസലമെട്ടദ്ധ്യായം ദുഃഖനാശനകരംപദ്യങ്ങൾമുന്നൂറെല്ലൊ_സൎവ്വ
വുമുപെക്ഷിച്ചദിവ്യന്മാർപാണ്ഡവന്മാർ ഉൎവ്വിയെപ്രദക്ഷിണംചെ
യ്യാനായുറപ്പെട്ടാർ എന്നതുമൂന്നദ്ധ്യായംനൂററിരുപതുപദ്യം പുണ്യദംമ
ഹാപ്രസ്ഥാനികമാകിയപൎവ്വം_ധൎമ്മരാജനുമഥധൎമ്മനന്ദനൻപിൻ
പെ ധൎമ്മത്തെപ്രതീക്ഷിപ്പാൻസാരമെയാകാരവും കയ്ക്കൊണ്ടുദൈ
ന്യംപൂണ്ടിങ്ങാരുമില്ലൊരുഗതി നിഷ്കപമുപെക്ഷിയായ്കെന്നൊരുഭാ
വത്തൊടുംനിൽക്കുന്നനെരമിതുകൂടാതെൻനിക്കിപ്പൊൾ സ്വൎഗ്ഗപ്രാ
പ്തിയുംവെണ്ടാകെവലമെന്നുനൃപൻ ദെവദൂതനുംപാണ്ഡുസുതനുംധ
ൎമ്മാധൎമ്മാവൊളംവാദംചെയ്തു ദെവദൂതനെന്തൊററുസ്വൎഗ്ഗാരൊഹ
ണപൎവ്വം പതിനെട്ടാമതതിൽസ്വൎഗ്ഗതിലഭിച്ചിതുധൎമ്മജാദികൾക്കെ
ല്ലാംഅദ്ധ്യായമഞ്ചുണ്ടതിൽ പദ്യങ്ങളിരുനൂറുംഅദ്ധ്യയനംചെയ്യുന്നൊ
ൎക്കെന്നുമെമുക്തിവരുംപൎവ്വവുംരൂപാറതിൽ ഗ്രന്ഥവുംനൂറായിരംദിവ്യ
മിതദ്ധ്യായവുമുണ്ടാരു രണ്ടായിരംശൌനകാദികൾസൂതൻതന്നൊ

ട ചോദ്യം ചെയ്യുമാറമൊരക്ഷൌഹിണിക്കെങ്ങിനെ യെന്നചൊൽ
നീഹസ്തിയുന്തേരമൊരൊന്നശ്വം മൂന്നശ്വകാലാൾപത്തിയാം മൂന്ന
പത്തികൂടിയാ ത്സേനാമുഖം തത്ത്രിഗുണിതം ഗുന്മന്തത്ത്രിഗുണിതം ഗ
ണം തത്ത്രിഗുണിതയെല്ലൊ വാഹിനിയാകുന്നതും തത്ത്രിഗുണിതയെ
ല്ലൊ പൃതനയാകുന്നതും തത്ത്രിഗുണിതാ ചമൂരാഖ്യയെന്നതുമ്പുനഃ ത
ത്ത്രിഗുണിതയെല്ലൊം ചൊല്ലെഴമനീകിനി തദ്ദശഗുണിതയാകുന്നതുമ
ക്ഷൌഹിണി ഇരുപത്തൊരായിരത്തെണ്ണൂറുമെഴുപതും കരികൾ വെ
ന്നല്ലരഥവുമത്രവെണം മുമ്മടങ്ങിതിലശ്വം കാലാളതഞ്ചുമട ങ്ങി
മ്മതമറിയിച്ചാൻ മുനികളൊടു സൂതൻ വൈശമ്പായനമുനി ജനമെ
ജയനൊട വൈശിഷ്ട്യമുള്ള മഹാഭാരതമറിയിപ്പാൻ എന്തുകാരണമ
തു ചൊൽകെന്ന കെട്ട സൂതൻ; ബന്ധമുണ്ടായതറിയിച്ചീടാമെന്ന ചൊ
ന്നാൻ. ജനമെജയൻ താനും മൂന്നനുജന്മാരുമായ്മുനിമാരൊടും കൂടെ കു
രുക്ഷെത്രത്തിങ്കലന്നു കനിവൊടൊരു യാഗം തുടങ്ങിയതുകാല മനു
ജാതന്മാർ മഖശാലയിലിരിക്കും പൊൾ ചെന്നിതു സാരമെയൻ ഭൂപ
സൊദരന്മാരാൽ അന്നെരമഭിഹതനായവനൊടിപ്പൊയാൻ തന്നു
ടെ മാതാവായ സരമയതുകണ്ടു ഖിന്നയായ് കരയുന്നനന്ദനനൊടു ചൊ
ന്നാൾ: എന്തിനു കരയുന്നിതാരുണ്ണീ ഹനിച്ചതു ബന്ധമെന്തിതിന്നെ
ന്നു കെട്ടവനുരചെയ്യാൻ: പൃഥിവീപതി ജനമെജയസൊദരന്മാർ ശ്രു
തസെനനുമുഗ്രസെനനും ഭീമസെനൻ ഇവർകൾ മൂവരാലുഞാനഭി
ഹതനായെൻ. അവളുമതുകെട്ട തനയനൊടു ചൊന്നാൾ; എന്തുനീയവ
രൊടുപിഴച്ചതെന്നു ചൊൽ നീ. ബന്ധമില്ലൊരുപിഴ ഞാൻ ചെയ്തീലെ
ന്നവൻ ഗന്ധിച്ചതില്ല ഹവ്യത്തൊട്ടീല നൊക്കീലെല്ലൊ ചിന്തി
ച്ചാലിതിന്നൊരുബന്ധമില്ലെന്നുമമ്മെ സത്യമെന്നതു കെട്ടസരമാദെ
വശുനി സത്രത്തെ പ്രാപിച്ചവനീശ്വരനൊടു ചൊന്നാൾ: „എന്തുമെ
പിഴയാത ബാലനെ ഹനിക്കയാൽ ഹെതുകൂടാതൊരാപത്തുണ്ടാകനി
നയാതെ.“ ശാപത്തെ കെട്ടു പരിതാപത്തൊടവനീശൻ പാപധ്വംസ
നമായയാഗത്തെ സ്സമാപ്പിച്ചു ശാപത്തെയൊഴിപ്പതിനാരിനി നല്ല
തെന്നു ശൊഭിച്ചൊരുപാധ്യായൻ തന്നെ തെടിനാനവൻ അന്നാ
ളിൽ ശ്രുതശ്രവസ്സാകുന്ന മുനിയുടെ പർണ്ണശാലയിൽ ചെന്നാൻ മൃഗ
യാവിശ്രാന്തനായിമന്നവൻ ശ്രുതശ്രവാവിന്മകൻ സൊമശ്രവാ
വെന്ന താപസകുമാരൻ തന്നെ വരിച്ചിതു പൌരൊഹിത്യത്തിന്ന
പ്പൊളവനീശനൊട പാരമാർത്ഥ്യം പിതാ ചൊല്ലിനാൻ ശ്രുതശ്ര
വാ വെന്നുടെ പുത്രനാകും ബാലകൻ സൊമശ്രവാ പന്നഗനാരീമ
ണിതന്നിലുല്പന്നനായാൻ ധന്യാത്മാ തപൊബലം കൊണ്ടെറ്റം ഭീ

പിച്ചീടും വഹ്നിജ്വശിഖാസമതെജസാംനിധിതപ പുണ്യൌഘം
വളൎത്തുവാൻ പൊരുമെന്നറിഞ്ഞാലും ഉണ്ടെല്ലൊ വലിയൊരുദുഷ്കര
മഹാവ്രതം ഇണ്ടലുണ്ടതുകൊണ്ടുശിഷ്യന്മാൎക്കെന്നുവരും ഭ്രമെവയ
ജ്ഞതെംഗംചെയ്തീട്ടുമാറില്ലവൻ മെദിനീപതെനിനക്കതിനെസ്സഹി
ക്കാമൊ. അന്നവനൊന്നവൎണ്ണമിരിപ്പാൻസത്യംചെയ്തു മന്നവൻ
മുനിയൊടുവരിച്ചുകൊണ്ടാനെല്ലൊ അന്നൽരീന്നുവിപതിതാപസ
പുത്രനൊടും ഹസ്തിനംപ്രാപിച്ചനുജന്മാരൊടുരചെയ്താൻ: നമുക്കുപു
രൊഹിതൻതാപസവരനിവൻ സമസ്തകാൎയ്യങ്ങളുമിമ്മുനിചൊല്ലും
വണ്ണം പിന്നെപ്പൊൾ തക്ഷശിലാഖ്യപുരത്തിൽ ച്ചെന്നുമന്നൻയു
ദ്ധംചെയ്തുജയിച്ചാനവിടവും സാമദാനാദിനിജൊപായനീതിക
ൾകൊണ്ടു സാമന്താദികളെയുമൊക്കവെ വശമാക്കി തന്നുടെനാട്ടാ
ക്കിത്താനടക്കിയിരിക്കുന്നാൾ പുണ്യാത്മാതപൊധനനായുള്ളധൌ
മ്യനുള്ളിൽ കാരുണ്യംപൂണ്ടുശിഷ്യരുപമന്യുവുംപുനരാരുണിപാഞ്ചാ
ലനുംവെദനുമുണ്ടായ്തുന്നു. അവരിൽ ഉചിതത്തൊടുവെദനാകിയശി
ഷ്യൻ പലനാളൊരുപൊലെ ഗുരുശുശ്രൂഷചെയ്യാൻ വെദൻത
ന്നുടെശിഷ്യനുദംകനെന്നമുനി വെദശിഷ്യംഗുരുശുശ്രൂഷയ്ക്കവനെറു
മെല്ലൊ അവനുംപലകാലംഗുരുശുശ്രൂഷചെയ്താനവനെക്കുറിച്ചേ
റംവെദനുംപ്രസാദിച്ചു നിന്നുടെശുശ്രൂഷകൾപൊരുമെന്നറി
ഞ്ഞാലും നിന്നൊളംഗുരുഭക്തിമറ്റൊരുവൎക്കുമില്ലാഞാനിന്നെനിന്നെ
പ്പൊലെഗുരുശുശ്രൂഷചെയ്താനെങ്ങുമല്ലൊരുത്തരുമെന്നരുൾചെ
യ്തുഗുരു നിന്നുടെആത്മശുദ്ധികൊണ്ടുഞാൻപ്രസാദിച്ചേൻ എന്ന
തുനിമിത്തമായ്സിദ്ധിക്കവിദ്യകളും. പിന്നയുംപുനരെവംചൊല്ലിനൊരാ
ചാൎയ്യനൊടന്നതുകെട്ടുനിന്നുചൊല്ലിനാനുദംകനും: എങ്കിലുംഗുരുവി
നുദക്ഷിണാചെയ്തീടണമെങ്കിലെവിദ്യകളുംഗുണവുംപ്രകാശിപ്പൂ
ദക്ഷനാകിയശിഷ്യനിങ്ങനെപറഞ്ഞപ്പൊൾ ശിക്ഷിതാവായഗുരു
പിന്നയുമരുൾചെയ്താൻ: ദക്ഷിണാശുശ്രൂഷയിൽമീതെമറ്റൊന്നു
മില്ലാ ഭക്തിയില്ലെന്നാകിൽമറ്റൊന്നിനുംഫലമില്ലാ. എവമാചാൎയ്യ
ൻചൊന്നതാശ്രുകെട്ടുദംകനു മാവൊളംവിനയംപൂണ്ടാചാൎയ്യനൊടു
ചൊന്നാൻ: സമസ്തകൎമ്മങ്ങൾക്കുംസമസ്തവ്രതങ്ങൾക്കും ക്രമത്താല
നുഷ്ഠിച്ചാലന്തംദക്ഷിണയെല്ലൊ അല്ലായ്കിൽസമാപ്തിയാകുന്നതെ
ന്നരുൾചെയ്ക വല്ലതുംവെണമൊരുദക്ഷിണയെന്നുനൂനം എങ്കിലെ
ൻപത്നിയൊടുചൊദിച്ചാലവൾചൊല്ലും ശങ്കകൂടാതെചെയ്കദക്ഷി
ണായവൾക്കിനി നല്ലനാൾ്യതിക്കെന്നുചൊന്നതുകെട്ടുഗുരു വല്ലഭതന്നെ
വന്ദിച്ചവനുംചൊദ്യംചെയ്താൻ എന്തിനിമതമെന്നുകെട്ടവളുരചെയ്താ

ൾ ചിന്തിതം പറഞ്ഞീടാമെങ്കിലൊ നാലാന്നാൾ നീ ചൊല്ലെഴും പൌഷ്യനായ ഭൂപതി പ്രവരന്റെ വല്ലഭയണിയുന്ന കുണ്ഡലം നൽകീടണം അതുകെട്ടവൻ നിജ ഗുരുവാം വൈദമുനി പദതാരിനമസ്കരിച്ചനുജ്ഞ കൊണ്ടു പൊയാൻ. അന്നേരമൊരു കാളതന്മുതുകെറിക്കൊണ്ടു വന്നീടുന്നവൻ തന്നെക്കാണായി മദ്ധ്യെമാർഗ്ഗം ഭക്ഷിച്ചീടണം കാളതന്മലമെന്നാനവൻ ഭക്ഷിച്ചു പണ്ടു വൈദൻ വഴിക്കു കായബലം ശംകിച്ചീടെണ്ടാ തവ സംകടമെല്ലാന്നിതും പംകവുമകന്നിടും മംഗലം വന്നുകൂടും. ഇത്തരം മുഹുർമ്മുഹുരുത്തമവാക്യം കെട്ടു ഭക്തിയൊടുദംകനും ഭക്ഷിച്ചു വൃഷമലം പിന്നെപ്പൊയിപ്പൌഷ്യനൃപൻ തന്നെയും കണ്ടാനവൻ നന്നായി സൽക്കാരം ചെയ്യിരുത്തി പൌഷ്യൻ താനും "എന്തു കാംക്ഷിതമെന്നു ഭൂപതി ചൊദിച്ചപ്പൊൾ ചിന്തിതമുദംകനും ചൊല്ലിനാൻ പരമാർത്ഥം മെദിനീപതെ തവ പത്നിതൻ കുണ്ഡലങ്ങൾ ഉദാരമൊടുമമ നൽകണം മടിയാതെ" ഭൂപതി ചൊന്നാനത്ര "പത്നിയൊടപെക്ഷിച്ചാൽ താപസവര തവ നൽകിടുമവൾ നൂനം" അതുകെട്ടുദംകനും പൌഷ്യപത്നിയെക്കാണ്മാനതികൌതുകമൊടു തിരഞ്ഞുകാണാഞ്ഞപ്പൊൾ ഭൂപതി പൌഷ്യൻ പുനരുദംകനൊടു ചൊന്നാൻ "താപസകുലവരകാണ്മാനാസ്സാൻ മൂലം ചൊല്ലാം ശുദ്ധാന്തഃകരണന്മാർക്കുമെദന്ധമില്ലാശുദ്ധാന്തമദ്ധ്യെ കാണ്മാൻ മുഗ്ദ്ധഗാത്രിയെന്നൂനം എതാനുമശുദ്ധതയുള്ളവർക്കവളുടെ ലെതൊരുതരത്തിലും കണ്ടുകൂടുകയില്ല:" എന്നതുകൊണ്ടെതാനുമുണ്ടശുദ്ധത ഭവാനെന്നതൊന്നിട്ടുമെ"ന്നു ഭൂപതി ചൊന്ന ശെഷം ചിന്തിച്ചാനുദംകനുമശുദ്ധിക്കവകാശമെന്തിനിക്കെന്നു പുനരുള്ളിലെതിരഞ്ഞപ്പൊൾ ആചമനം ചെയ്യായ്കകാരണമെന്നതറിഞ്ഞാചമനാദികളും ചെയ്തവൻ ചെന്നനെരം ഭൂപതിപത്നി തന്നെ കാണായിതന്തഃപുരെ താപസെന്ദ്രനെന്നൃപപത്നി സൽക്കാരം ചെയ്താൾ കുണ്ഡലമപെക്ഷിച്ചനെരത്തുരാജപത്നീ ദണ്ഡമെന്നിയെ കഴിച്ചാശു ദാനവും ചെയ്താൾ. കുണ്ഡലീശപരനായ തക്ഷകൻ തന്നാലൊരു ദണ്ഡമുണ്ടാകാതെ പൊയ്ക്കൊള്ളണമെന്നു ചൊന്നാൾ. പണ്ടു തക്ഷകനപെക്ഷിച്ചിതെന്നൊടുതന്നെ ഉണ്ടവനകതാരിലാഗ്രഹമറിഞ്ഞാലും തക്ഷകഭയമില്ലെന്നക്ഷണമുദംകനും ദക്ഷിണാചെയ്യാൻ പ്രതിഗ്രഹിച്ചു കൌതുഹലാൽ ഭൂപതിപത്നിയൊടു കുണ്ഡലമതും വാങ്ങി താപസവരൻ പൌഷ്യൻ തന്നെക്കണ്ടതു നെരം "ഭൊജനം കഴിഞ്ഞൊഴിഞ്ഞാശു പൊകരുതിനി പൂജിതനായ ഭവാനെ"ന്നു സൽക്കാരപൂർവ്വം അന്നദാനവും ചെയ്താൻ ഭൂപതിതിലകനു മന്നമിതശുദ്ധമെന്നാനപ്പൊളുദംകനും അന്ധതയുമുണ്ടാസ്സുരികതിനാലെന്നുമുനി ചിന്തിച്ചു പൌഷ്യനപ്പൊളുദംക

നൊടുചൊന്നാൻ അന്ധസ്സിന്നശുദ്ധതചൊല്ലിയഭവാൻതനിക്കന്ധ
ത്വമാകുന്നിതുകെവലമിനിക്കില്ലാ എതുമൊരശുദ്ധിയില്ലാറിപ്പൊയ
തുമൂലംകൊപിച്ചുശപിച്ചതിനങ്ങൊട്ടുശപിപ്പൻഞാൻസന്തതിയുണ്ടാ
കായ്കെന്നവനീപതിചൊന്നാ നന്ധത്വമതുതന്നെയായതെന്നതുംവ
രാപിന്നെയൊൎത്തുനെരം തന്വംഗിതലമുടിനന്നായിത്തീരുകാതെവി
ളംപിയതുമൂലംരൊമവുംകൊഴിഞ്ഞിതുചൊററിലെന്നതുമെല്ലാം ഭൂമീ
പാലകനറിയായ്കയാ ലകപ്പെട്ടുചെതസിവിചാരമില്ലായ്കയാൽകൂടശ്ശ
പിച്ചാതുരനായമമശാപന്തീൎത്തരുളെന്നാൻമെദിനീവരനിതുചൊന്ന
തുകെട്ടുമുനി വെദവാദികൾവാക്യമസത്യമാകയില്ലാ അല്പകാലംകൊ
ണ്ടതുതീരുമെന്നതെവരു പിൽപ്പാടുനന്നായ്വരുംവിപ്രന്മാരുടെശാപം.
എന്നെനീശപിച്ചതുതീൎത്തരുളെന്നുമുനി മന്നവൻപൌഷ്യനപ്പൊളു
ദംകനൊടുചൊ.നാൻ പീയൂഷസമംവാക്യമാരമാവുവജ്രൊപമം.പീ
യൂഷസമമാത്മവാക്കുകൾവജ്രൊപമംഇങ്ങിനെയുള്ളരാജാക്കന്മാൎക്കും.
ദ്വിജന്മാൎക്കും അങ്ങിനെയാകയാലിന്നെന്റെശാപന്തീരാ എംകിലൊ
ശാപമിനിക്കെൽക്കയുമില്ലയെന്നുശംകകൂടാതെയാത്രപറഞ്ഞുനടകൊ
ണ്ടാൻ അംബുധിപൊലെ ഘൊഷിച്ചിളകീദിഗംബരാ ഡംബര
ഘൊഷംകണ്ടുകുണ്ഡലംവെച്ചുദ്വിസംഭ്രമത്തൊടുനീരിലിറങ്ങീതുദം
കനും സംഭ്രാന്തൻകുണ്ഡലവും കൊണ്ടൊടിപ്പെടിയാതെപിന്നാലെ
മുനീന്ദ്രനുംചെന്നുപാതാളംപുക്കാൻപന്നഗകുലവരൻതക്ഷകനെന്ന
തറിഞ്ഞനെരംനാഗങ്ങളെസ്തുതിച്ചാനുദംകനും താപങ്ങൾപൊമ്മാ
റൊരുപുരുഷൻതന്നെക്കണ്ടു തുരഗത്തൊപരിവത്സരചക്രത്തൊടും
പെരികെസ്തുതിച്ചിതുഭക്തിപൂണ്ടുദംകനും പുരുഷനതുനെരമൃഷിയൊടു
രചെയ്യാൻ പരിതാപങ്ങളെല്ലാംപൊക്കുവനെംകിലിപ്പൊൾ അ
ശ്വത്തിൻപൃഷ്ഠത്തുംകലൂതുകെന്നതുകെട്ടു വിശ്വാസംകയ്ക്കൊണ്ടതുചെ
യ്തിതുമുനീന്ദ്രനും അശ്വാസ്യവിനിൎഗ്ഗതമായിതുധൂമംപൃഷ്ഠദശനും
പരത്തിനാനെങ്ങുമെപാതാളത്തിൽ പവനാശനന്മാരു മതിനാലി
ടരുറാർ പവനാശനപതിതക്ഷകനതുനെരം കുണ്ഡലമുദംകനുകൊ
ടുത്താനടിയാതെ കുണ്ഡലീഷണ്ഡമൊരുക്ഷണെപുമെന്നിയെ പീൎത്താർ
ചിന്തിതമിനിതന്നെ ദക്ഷിണചെയ്യണമെന്നന്തിന്നൊരുകഴി
വെന്നരുൾചെയ്തീടെണം തുരഗത്തിന്മെലെറിക്കൊൾകെന്നാ ലെ
ത്തുമെന്നാൻ. പുരുഷനതുകെട്ടുകരയെറിനാന്മുനിഅരനാഴികകൊണ്ടു
ഗുരുസന്നിധിപുക്കു ഗുരുപത്നിക്കുചെയ്തുദക്ഷിണാമുനീന്ദ്രനുംപത്നി
യുംപ്രസാദിച്ചുശിഷ്യനൊടുരചെയ്തു ഃ രത്നമായതുപുരുഷന്മാരിൽവെ
ച്ചുഭവാൻനീയിതുചെയ്യായ്കിൽഞാൻ ശപിപ്പാൻനിരൂപിച്ചുപൊ

യാല്പമിന്നിത്തവ നല്ലതെവനക്കൂട്ടത്താചാൎയ്യപത്നിതന്നൊടാശിസ്സും
പരിഗ്രഹിച്ചാചാൎയ്യപാദാംബുജം ആദരാൽവണങ്ങിനാൻ വൃത്താന്ത
മെല്ലാംകെട്ടു വിസ്മയംപൂണ്ടുവൈദൻ പൊൽത്താളി നടികൂപ്പി ച്ചൊദി
ച്ചാനുദങ്കനും വെള്ളക്കാളയുമെറിക്കാണായിതൊരുത്തനെ ചൊല്ലിനാ
നവനെന്നൊടശിപ്പാൻവൃഷമലം നിന്നുടെഗുരുവിതുഭക്ഷിച്ചാനെ
ന്നു ചൊന്നാൻ എന്നതു കെട്ടു ഞാനും ഭക്ഷിച്ചെൻ അതിന്മലം എന്തതിൻ
ഫലമെന്നുമാരവനെന്നുമെല്ലാം നിന്തിരുവടിയരുൾചെയ്യണമെന്നൊ
ടിപ്പൊൾ നാഗലൊകത്തു ചെന്നനെരത്തുകണ്ടുപിന്നെ വെഗത്തി
ലാറുകുമാരന്മാരാൽ ഭ്രമിപ്പിക്കും ചക്രവുമന്തജ്യൊമയമായൊരു കുതിര
യും തൽകണ്ഠദെശെ പുനരെത്രയും തെജസ്സൊടും ദിവ്യനായിരിപ്പൊ
രു പുരുഷശ്രെഷ്ഠനെയും സൎവ്വവുമിവറ്റിന്റെ തത്വങ്ങളരുൾ ചെയ്യണം
വെദവെദാംഗജ്ഞനാം വൈദനതുകെട്ടു സാദരമുദങ്കനാം ശിഷ്യനൊടു
ര ചെയ്തു ധവളമയമായ വൃഷഭമൈരാവതം വിബുധെശ്വര നലമശി
പ്പാൻ ചൊല്ലിയതും അമൃതമതിന്മലമതു സെവിപ്പൊൎക്കെല്ലാമമരത്വവും
വരുമിന്ദ്രനെന്നുടെ സഖിയാതാളം പുക്കനെരം ബാധകൾ വരാത്തതും
വാസവദെവനനുഗ്രഹത്താലറിഞ്ഞാലും ഷൾകുമാരന്മാർ തിരിച്ചീരാ
റശ്രങ്ങളൊടു മുഗ്രമായുള്ളൊന്നായതു വത്സരചക്രമെല്ലൊ അശ്വമായതുമ
ഗ്നിനിന്നെയിങ്ങാക്കിയതു നിശ്ചയമറികെകാണായതു പജ്ജന്യനും
അത്ഭുതമെത്രയും നീ സാധിച്ചതറിഞ്ഞാലും സല്പുരുഷന്മാരിൽ നിന്മൻപ
നായ്വരികെന്നാൻ അക്കാലമുദങ്കനും തക്ഷകൻ തന്നെക്കൊൽവാൻ ഉ
ൾക്കാമ്പിൽ നിരൂപിച്ചു കല്പിച്ചാനുപായവും ജനമെജയനൃപൻ കുരു
ക്ഷെത്രത്തിൻ കകനുമുനിമാരൊടുമൊരു യാഗം ചെയ്യുന്ന കാലം പുക്കി
തു കുരുക്ഷെത്രമുദങ്കൻ നൃപതിയും സല്ക്കരിച്ചൎഘ്യാദികൾ നൽകിയൊ
രനന്തരം ഉത്തമമെത്രയും നീ ചെയ്യുന്ന യാഗമിതിലുത്തമമായിട്ടുണ്ടൊ
ന്നൊന്നു ചൊല്ലീടുന്നൂ വല്ലാതെ ജനകനെക്കൊന്ന തക്ഷകൻ തന്നെക്കൊ
ല്ലുവാനുത്സാഹം ചെയ്കീടു കിലതിന്മീതെ നല്ലതില്ലെന്നുമതു ചൊല്ലുവെന
റിഞ്ഞാലും താപസബാലകന്റെ ശാപം പ്രാമാണ്യമാക്കി ഭൂപതിപ്ര
വരനെക്കൊല്ലുവാൻ കാശ്യപനെ തടുത്തു പരീക്ഷിച്ചു പടുതയൊടു വൈ
രാൽ കടിച്ചു ദഹിപ്പിച്ചു തഴപ്പിച്ചിതു മുനി കൊടുത്തു രത്നാദികൾ തക്ഷ
കൻ കാശ്യപനു നടിച്ചു കടിച്ചതിന്റെ കാരണമൊൎത്താൽ ഒട്ടുകീ
ടെണമവൻ തന്നെയെന്നുദങ്കനും ഉടപ്പമൊടു പറഞ്ഞുറപ്പിച്ചതു നെരം
മന്ത്രികളൊടുകൂടെ മന്ത്രിച്ചു നൃപതിയും ചിന്തിച്ചു മുനിമാരെ വരുത്തിയു
രചെയ്യുവാൻ തക്ഷകൻ തന്നെക്കൊൽവാൻ തക്കൊരു യാഗം ചെയ്വാൻ
തൽക്ഷണം തുടങ്ങിയാർ സൎപ്പസത്രവുമവർ കാരണമിതു സൎപ്പസത്ര

അതിനെന്നു സൂതൻ ആരണ്യരോടുപറഞ്ഞീടിനോരനന്തരം ഇക്കഥാശെ
ഷം ചൊൽവാൻ പിന്നെയാമെന്നെ വംശമുഖ്യമാം ഭൃഗുവംശം ചൊല്ലു
ന്നമതിന്മുൻപെ നമ്മുടെ ഗുരുഭൂതന്മാരവരവരുടെ ജന്മാദിഗുണങ്ങളെ
ച്ചൊല്ലുന്നം മറിയാതെ, സൂതനുമവരൊടുചൊല്ലിനാനന്നേരം വെധാ
വിന്മകൻ ഭൃഗു ഭൃഗുജൻ ച്യവനനും ച്യവനനുടെ സുതൻ പ്രമതിമുനിവ
രൻ അവനും ഘൃതാചിയിലുണ്ടായീ രുരുനാമാ മറ്റുമുണ്ടൊരുപുത്രൻ
ശുനകനെന്നു നാമം കുററമില്ലാതമുനി ശൌനകനവന്മകൻ. ഇത്ഥമഞ്ചൊ
ന്നൂന്നെരന്താപസനരുൾചെയ്തു : വിസ്തരാൽ ചൊല്ലീടെണം ച്യവ
നൊത്ഭവമെല്ലാം എങ്കിലൊ പുലൊമാഖ്യാ ഭൃഗുപത്നിയും ഗർഭം ഭംഗി
യിൽ ധരിച്ചിരിക്കുന്നൊരുകാലത്തിങ്കൽ ചെന്നിതു പുലൊമാഖ്യനാ
യ രാക്ഷസനപ്പൊൾ നന്നാകെന്നതിഥിപൂജകളും ചെയ്യാളവൾ ഭൃഗു
പത്നിയെക്കണ്ടു രാക്ഷസപ്രവരനും മകരധ്വജപരവശനായതുനെ
രം കുണ്ഡത്തിലെരിയുന്ന പാവകൻ തന്നെക്കണ്ടു വന്ദിച്ചു ചൊദിച്ചിതു രാ
ക്ഷസപ്രവരനും, അഖിലസുരവൃന്ദവദനമായ പൊററി നിഖിലശു
ഭാശുഭകർമ്മസാക്ഷിയും നീയെ തന്വംഗിയാകുമിവൾ ഭൃഗുവിൻപത്നി
യെങ്കിൽ എന്നൊടു സത്യമരുൾചെയ്യെണം ഭഗവാനെ "താപസീ ഭൃ
ഗുപത്നിയായതുമിവളെന്നു ശൊഭതെടീടുമഗ്നിഭഗവാനരുൾചെയ്തു
ഞാനിവൾതന്നെ വെൾപ്പാൻ ഭാവിച്ചു വാഴുംകാലം താനതിന്മുൻപെ
ഭൃഗു വെട്ടുകൊണ്ടതുമല്ലം കൊണ്ടുപൊകുന്നെന്നു സൂകരവെഷം
കൈക്കൊണ്ടവനവളെയുമെടുത്തു നടകൊണ്ടാൻ ഗർഭപാത്രസ്ഥനാ
യൊരർഭകനന്നെരം ഉത്ഭവിച്ചവൻ തന്നെ നൊക്കിയാൻ കൊപത്തൊ
ടെ നെത്രാഗ്നിതന്നിൽ ദഹിച്ചിടിനാൻ നിശാചരൻ മാതാ ദുഃഖസ
മന്നായ പുത്രനെയെടുത്തവൾ ത്രസ്തയായ്ക്കീർത്തുവിത്തുകരഞ്ഞു കരങ്ങളി
ൽ ചിന്താവെദനയെ, ട്ടുമാശ്രമത്തിനിൽ ചെന്നാൾ അശ്രുക്കൾ വീ
ണവധൂസരയെന്നൊരുനദി വിശ്രുതമായ തീർത്ഥമുണ്ടായിതതുകാലം
പിന്നൊരു ഭൃഗുമുനി വൃത്താന്തമെല്ലാം കെട്ടതന്നുടെപത്നിയൊടു പി
ന്നെയും ചൊദ്യം ചെയ്യാൻ നിന്നെയിന്നവളെന്നു ചൊന്നതാരവനൊ
ടു നിന്നെ രാക്ഷസനറിവാനവകാശമില്ലാ നിന്നുടെ പരമാർത്ഥം രാക്ഷ
സനൊടു നെരെ ചൊന്നവൻ തന്നെ ശപിച്ചീടുവൻ നെരെ ചൊൽ നീ"
തന്നുടെ ഭർത്താവിത്ഥം ചൊന്നതു കെട്ടു ചൊന്നാൾ "വഹ്നി രാക്ഷസനൊ
ടു പറഞ്ഞു കൊടുത്തതു" ക്രുദ്ധനായഗ്നിതന്നെ ശപിച്ചു ഭൃഗുമുനി ശുദ്ധി
യുമശുദ്ധിയും ഭെദമെന്നിയെ ഭവാൻ "സർവ്വവും ഭക്ഷിച്ചു പൊക" എന്നതു
കെട്ടനെരം ഹവ്യവാഹനൻ താനും ഭൃഗുവിനൊടു ചൊന്നാൻ "അന്യാ
യമത്രെ ഭവാനിന്നെന്നെ ശപിച്ചതു നിർണ്ണയം നരകമുണ്ടു സത്യം ചൊ

ല്ലീടുകിൽ, സത്യത്തെയുപെക്ഷചെയ്തുസത്യംചൊല്ലുന്നവർ പുത്രസ
ന്തതികൾക്കമില്ലൊരുനാളും.ഗതി താനറിഞ്ഞതുപറയായ്കിലുംദൊഷമു
ണ്ടു, ഞാനിവയറിഞ്ഞത്രെപറഞ്ഞുമഹാമുനെഎന്നിവയറിയാതെകൊ
പെനശപിച്ചതു നന്നല്ലാനിന്നെക്കൂടെശ്ശപിക്കാമിനിക്കെടൊ വി
പ്രന്മാരൊടുവിരൊധംതുടങ്ങരുതെന്നു കല്പിച്ചുശമിക്കുന്നെനെന്നുനീ
യറിയണം ഞാനത്രെപിതൃദെവാദികളെസ്സംകല്പിച്ചു മാനവന്മാർ
ചെയ്തീടുംകൎമ്മങ്ങൾക്കാധാരവും ഞാനത്രെദെവന്മാൎക്കുമുഖമായീടുന്ന
തും ഞാനത്രെവെദൊക്തമാംകൎമ്മത്തിന്നാധാരവും ഞാനത്രെസൎവ്വലൊ
കവ്യാപ്തനായീടുന്നതുംജ്ഞാനികളുള്ളിലുള്ളൊരജ്ഞാനംദഹിപ്പതുംഞാ
നത്രെസൎവ്വസാക്ഷിഭൂതനായീടുന്നതും ഞാനത്രെജന്തുക്കളെസ്സൃഷ്ടിക്കു
ന്നതുംപിന്നെ ഞാനത്രെജന്തുക്കളെവൎദ്ധിപ്പിച്ചീടുന്നതും ഞാനത്രെജ
ന്തുക്കളെരക്ഷിക്കുന്നതുംനിത്യം ഞാനത്രെജന്തുക്കളെഭക്ഷിക്കുന്നതുമെ
ടൊ ഞാനത്രെസൎവ്വൌഷധരസമുണ്ടാക്കുന്നതും അക്ഷരകൎമ്മാദികൾ
ക്കദ്ധ്യക്ഷമിനിക്കത്രെ മഖ്യദെവതപൂജയ്ക്കാക മുൻപിനിക്കത്രെ
അജ്ഞാനമുണ്ടാകരുതിന്നിക്കുനിന്നെപ്പൊലെവിജ്ഞാനസ്വരൂപൻ
ഞാനെന്നതൊൎത്തടങ്ങുന്നെൻ നല്ലതുശമമെല്ലൊനല്ലവൎക്കെല്ലാവൎക്കും
കല്യാണമതിൽപ്പരമല്ലെ"ന്നുവഹ്നിദെവൻ ശാന്തനായുറഞ്ഞതു ക
ണ്ടൊരുമറയൊരുംശാന്തചിത്തന്മാരായമാമുനിജനങ്ങളുംആവതെന്തി
തിനെന്നുതങ്ങളിൽനിരൂപിച്ചു ദെവകളൊടുചൊന്നാരുണ്ടായവിശെ
ഷങ്ങൾ അഗ്നിതന്നഭാവത്താൽമറഞ്ഞുകൎമ്മങ്ങളും മഗ്നമായിതുലൊക
മാപദം"ബുധിതന്നിൽസൃഷ്ടികൎത്താവായീടും ബ്രഹ്മനൊടിവയെല്ലാ
മൊട്ടുംവൈകാതെചെന്നങ്ങുണൎത്തിക്കയുംവെണംകഷ്ടമെന്തിതിന്നൊ
രുകാരണമറിഞ്ഞീല നഷ്ടമായീടുമിപ്പൊളല്ലായ്കിൽപ്രപഞ്ചവും"പെ
ട്ടന്നുദെവാദികളതുകെട്ടനന്തരം ക്ലിഷ്ടമാനസന്മാരായ്സ്സത്യലൊകവുംപു
ക്കാർ ശിഷ്ടന്മാരാകുംമുനിമാരുംനിൎജ്ജരന്മാരുംസ്രഷ്ടാവിന്നാദരാൽ സ്തു
തിനമസ്കാരാദിപരിതുഷ്ടനായീടുംജഗൽസ്രഷ്ടാവിനൊടുചൊന്നാർ ഉ
ണ്ടായവിശെഷംകെട്ടഗ്നിയെവിധാതാവുംകൊണ്ടാടിവിളിച്ചരുളിച്ചെ
യ്താനതുനെരം "ഒന്നിനുംഭവജ്ജ്വാലാതട്ടിയാലശുദ്ധിയില്ലൊന്നുകൊ
ണ്ടുമെഭവാനശുദ്ധിയുണ്ടാസ്സുരാഭാസ്കരരശ്മികൾചെന്നെന്നെല്ലാറ്റൊ
ടുമെന്നാ ലൊക്കുംപൊൾതൊട്ടുവസ്തുശുദ്ധമായ്വരുമത്രെ അജ്ഞാനി
കളെപ്പൊലെഖെദിപ്പാനെന്തുഭവാൻ സുജ്ഞാനിജനങ്ങളൊടൊന്നും
പറകയില്ലാ സൎവ്വവുംഭക്ഷിച്ചാലുമില്ലശുദ്ധതയെടൊ ഹവ്യവാഹ
നനായനിനക്കെന്നറിഞ്ഞാലും"പാവകൻ ദുഃഖംതീൎന്നുദെവകളൊടും
കൂടി പാവനന്മാരാംമുനിമാരുമായ്മനിച്ചിതു ലൊകവുംതെളിഞ്ഞിതു

താപസവരന്മാരെ ശൊകനാശനത്തിന്നചൊല്ലീടാംകഥയിന്നുംച്യ
വനനെന്നശബ്ദച്ച്യവനത്തെനന്നാമമവനുഭവിച്ചിതുതസ്യതൻപ്രമതി
ക്കളുവനമനൊഹരി യാകിയഘൃതാചിയിൽതപസ്സാന്നിധിയായരു
രുനാമാവുണ്ടായാൻ അക്കാലംവിശ്വാവസുതന്നുടെബീജംകൊണ്ടു
മഞ്ജുള്ളിമെനകയുംപെറ്റിതുകന്യാരത്നം എത്രയുംതപസ്സുള്ള ഋഷി
യാശ്രമത്തിൻകൽ പൃത്ഥ്വിയിലിട്ടുകളഞ്ഞവളുംപൊയാളെല്ലൊ പ
ശ്ചാൽകൃപാവശനായ്ക്കണ്ടുമുനിവരൻ പൈദാഹാദികൾതീർത്തുവള
ർത്തുതുടങ്ങിനാൻ പ്രമദാജനങ്ങളിൽവരയാമവൾക്കപ്പൊൾപ്രമദാ
ൽപ്രമദ്വരായെന്നുപെരിട്ടുമുനി അക്കുമാരിയെക്കണ്ടുമന്മഥാതുര നാ
യാൻ ചൊൽക്കൊണ്ടരുരുമുനിതാതനതറിഞ്ഞപ്പൊൾ അവളെവള
ർത്തൊരുമുനിയെക്കണ്ടുപറഞ്ഞവകളിരുവരുംകല്പിച്ചാർമുഹൂർത്തവും ഉ
ത്രമാംമുഹൂർത്തനക്ഷത്രമഞ്ചാറന്നാളെത്രയുംകൌതൂഹലത്തൊടൊരു
ക്കിനാരെല്ലാംകന്യകതാനുംമരിച്ചീടിനാൾപാംപുകടിച്ചെന്നെകഷ്ട
മെയെന്നുദുഃഖിച്ചാരെല്ലാവരുംഹാഹെയമഹൊപാപമാഹെയ്ഹതയാ
യാളൊഹന്തഹതൊഹമിത്യാകുലനായിരുരു കന്യകാശവംകണ്ടുശൊക
മൊഹാദിപൂണ്ടുവന്നവെദനയൊട്ടുമൊടിപ്പൊയ്വനംപുക്കാൻ ഞാൻ
ചെയ്യതപൊബലംകൊണ്ടിവൾജീവിക്കെന്നുവാഞ്ഛയുണ്ടരുൾചെ
യ്യാൻപ്രമതിതനയനുംവന്നൊരുദെവദൂതനന്നെരമുരചെയ്താനൊന്ന
റിയെണമായുസ്സററവൾജീവിപ്പീലനിന്നുടെശൊകംകണ്ടിട്ടൊന്നു
ണ്ടുചൊല്ലുന്നുഞാൻഉന്നിച്ചാലുപായമില്ലെന്നതാവരായെല്ലൊഎ
ങ്കിൽനിന്നായുസ്സുകൊടുത്താലുണ്ടാമിവൾ സംകടംഭവാനതിന്നി
ല്ലെംകിലതുചെയ്കഎങ്കിലിന്നതുചെയ്വാമെന്നിതുരുരുവപ്പൊൾ കിംകര
ൻധമ്മരാജനൊടതുമറിയിച്ചാൻ ധമ്മരാജനുമതിനനുജ്ഞനൽകീടി
നാൻനിമ്മലാംഗിയുമന്നെഴന്നെറ്റുനെരംകല്പിച്ചമുഹൂർത്തംകൊണ്ടു
വനുംവെട്ടുകൊണ്ടാൻ അത്ഭുതാംഗിയുമായിസ്സുഖിച്ചുമരുവുന്നാൾപ
ണ്ടുതൻപത്നിതന്നെക്കടിച്ചുകൊന്നതുള്ളിലുണ്ടാകകൊണ്ടുവൈരമവ
നുഴക്കയാൽ ദണ്ഡുമായ്നടന്നവൻകുണ്ഡലികളെയെല്ലാം ദണ്ഡഹ
സ്തനെററവുരത്തിൻകലാക്കീടുമെല്ലൊ പണ്ഡിതനായരുരുദണ്ഡ മൊ
ങ്ങുംപൊളൊരു ഡുണ്ഡുഭമൊരുദിനമവനൊടുരചെയ്താൻ എന്തുഞാ
ൻപിഴച്ചതുനിന്നൊടെന്നതുചൊൽകാ ജന്തുക്കളെല്ലാമൊക്കമൊന്നും
കൊല്ലരുതെല്ലൊ ചൊല്ലിനാനതുകെട്ടുനല്ലമാമുനിരുരു കൊല്ലുന്നജന്തു
ക്കളെക്കൊല്ലുകെന്നതെവരു എന്നുടെഭാൎയ്യതന്നെക്കടിച്ചുകൊന്നാ
നൊരുപന്നഗമതുമൂലംനിങ്ങളെക്കൊല്ലുന്നുഞാൻ ഡുണ്ഡുഭംചൊ
ന്നാനല്ലൊ ഉദംശ്യന്മാരെവ്യഥാദംശിപ്പിച്ചീടുന്നൊരെ ദണ്ഡഹ

ന്ധ്യതം പിന്നെ ദംശിപ്പിച്ചിട്ടു ഘോര നരകങ്ങളിലാക്കി സ്പന്ദിത
നെല്ലോ ഭവാനെങ്കിലുമിതുകെൾക്ക മറെറാരു പരിഷകൾ കടിച്ചുകൊ
ല്ലുന്നതു മററും ഞാനവരുടെ വെഷമെന്നതെയുള്ളു" അതുകെട്ടൊരു രുരു
ദിവ്യനെന്നറിഞ്ഞപ്പൊൾ ചതിയെന്നിയെ നമ്മൊടാരെന്നു ചൊല്ലി
ടെന്നാൽ ; സഹസ്രപദനഹം ഞാനൊരു മുനിശാപാൽ ധരിച്ചിട്ടന്നെ
"നിഹഡുണ്ഡുഭവെഷാദികൾ എന്തുനീ പിഴച്ചതു ശപിപ്പതെന്തു മുനി
ബന്ധമെന്തിവററിനെന്നെന്നൊടു പറയണം" കെൾക്ക നീ ഖഗമനാം
മാമുനി മമസഖി ഭൊഷ്ക്കുപ്പാഹൊമം ചെയ്യുന്നെരം ഞാൻ ക്രീഡാൎത്ഥമാ
യി തൃണംകൊണ്ടുണ്ടാക്കിയ സപ്പമങ്ങെടുത്തിട്ടെൻ അനസൂതാഗ്നി
മെന്നതവനുമറിയാതെ പെടിച്ചു മൊഹിച്ചുടൻ മൊഹന്തീന്നരുൾ ചെ
യ്യാൻ "മൂഢനാം ഭവാനുമീ വെഷമായ്പരികെന്നു" അയ്യൊ ഞാനെതുമൊ
ൎത്തില്ലെന്നുടെ കളിയത്രെ നീയിനിശ്ശാപമൊക്ഷമെന്നൽകീടെന്നപെക്ഷി
ച്ചാൻ. "ഭാൎഗ്ഗവസുതനായ രുരുമാമുനി കണ്ടാൽ ഭാഗ്യവാനായ നിന
ക്കെന്നുടെ ശാപം തീരും" എന്നരുൾ ചെയ്തു മമസഖിയാം ഖഗമനും ഇ
ന്നിപ്പൊൾ കാണായ്വന്നു നിന്തിരുവടിയെയും ശാപവും തീൎന്നു മമ താ
പവുമകന്നിതു പാപവുമുണ്ടായ്വരും ഹിംസ ചെയ്യരുതെല്ലൊ താപസ
ന്മാൎക്കു വിശെഷിച്ചുമരുതെന്നു താപസശ്രെഷ്ഠ ഭവാനൊടു ഞാൻ ചൊ
ല്ലെണമൊ കൊപമാകുന്നതെല്ലൊ കൊടിയ നരകങ്ങൾ ഭൂപതികൾ
ക്കും ദുഷ്ടവധമെ ചെയ്യൂടാവു സൽക്ഷിതിപതിവരനാം പരീക്ഷി
ത്തുതന്നെ തക്ഷകൻ കടിച്ചു കൊന്നീടിനാനതുമൂലം അക്ഷികൎണ്ണന്മാർ
വംശം നഷ്ടമാക്കീടുവാനായ്വ്യഗ്രനാകിയ ജനമെജയനവനുമകൻ ആരം
ഭിച്ചിതു സപ്പയാഗമെന്നറിഞ്ഞാലും ആരും ഭാവിച്ചാൽ മുടങ്ങാതൊരു സ
പ്പസത്രം അസ്തീകൻ പറഞ്ഞാശു മാററിയതറിഞ്ഞാലും" എത്രയും ദൊഷ
മുണ്ടു ഹിംസയ്ക്കെന്നതു രുരുനും" സഹസ്രപദനൊടു ചൊദിച്ചു രുരുവപ്പൊ
ൾ മഹതാമുരഗജനമെജയനതു ചെയ്വാൻ എന്തു കാരണമെന്നു മസ്തീക
നൊഴിച്ചതിൻ ബന്ധമെന്തെന്നുമരുൾ ചെയ്യണമെന്ന നെരം അതുകെ
ൾപ്പിപ്പാൻ പാത്രമല്ല ഞാനെന്നു ചൊല്ലി മതിമാൻ ദശശതപദനും മ
റഞ്ഞിതു. രുരുമാമുനിവരനതുകെട്ടായതുമൂലം ഉരുശൊകവും പൂണ്ടു നടന്നാ
ൻ പലെടത്തും പിന്നെപ്പൊന്നാശ്രമത്തിൽ വന്നു രുരു താതനൊടു ചൊ
ന്നതുകെട്ടു പിതാവവനൊടരുൾ ചെയ്യാൻ "ചൊല്ലുവെനഖിലവും കെ
ട്ടുകൊൾകെന്നിതെല്ലാം" ചൊല്ലീതു പൌലൊമത്തിലെന്നാൾ പൈങ്കി
ളിമകൾ. ഇങ്ങിനെ ചൊല്ലി മഹാഭാരതം നൂറായിരം മംഗലഗ്രന്ഥമിതി
ഹാസരാജാഖ്യമതിൽ മുൻപിനാലുള്ള പൌലൊമാസ്തികപൎവ്വം രണ്ടി
ൽ മുൻപിൽ പ്പൌലൊമമതു ചുരുക്കിച്ചൊന്നെനെല്ലൊ ആസ്തികപ

ഷ്മിനിയാകുന്നതുകെൾപ്പാ നാസ്ഥയുണ്ടെംകിലതുചുരുക്കിച്ചൊല്ലാ
മെല്ലൊ ആസ്തിക്യമുള്ളജനംബഹുമാനിക്കുംദൈവ നാസ്തിക്യന്മാരാ
യുള്ളൊർനിന്ദിച്ചാലെന്തുഫലം നാരായണായനമൊനാരായണായ
നമൊ നാരായണായനമൊനാരായണായനമഃ....*...❀...*...❀❀

ഇതിശ്രീമഹാഭാരതെപരിഭാഷാരൂപം പൌലൊമംസമാപ്തം❀*❀

ആസ്തീകം

ഹരിഃശ്രീഗണപതയെനമഃഅവിഘ്നമസ്തു

അഥാസ്തീകപൎവ്വംകഥാസംക്ഷെപമുച്യതെ ശ്രീപൻകിളിപ്പൈത
ലെഭംഗിയിൽചൊല്ലുനീപങ്കജാക്ഷൻകഥാപംകങ്ങൾനീങ്ങുവാൻഎ
ങ്കിലൊകെൾപ്പിൻതപൊധനന്മാരൊടുസംക്ഷെപമായ്സ്തനിങ്ങിനെ
ചൊന്നപ്പൊൾനൈമിശാരണ്യനിവാസികളാകിയമാമുനിമാർശൌ
നകാദികൾചൊദിച്ചുഎന്തുജനമെജയനാന്നരപതി സൎപ്പസത്രക്രതുചെ
യ്യാനവകാശം.അസ്തീകനെങ്ങിനെമാററിയതെന്നതുമസ്തീകനാരുടെ
പുത്രനെന്നുംഭവാൻ വിസ്തരാൽഞങ്ങളൊടൊക്കെപറയെണം"തത്വ
ബൊധത്തിനാധാരമാമാസ്തീകം സതാമതെകൃഷ്ണശിഷ്യജനൊത്തമ
ചെതസികൃഷ്ണനെധ്യാനിച്ചുറപ്പിച്ചു സൂതനതിനെപ്പറഞ്ഞുതുടങ്ങി
നാൻമുന്നംജരൽക്കാരുനാമാമഹാമുനിധന്യൻ ഗൃഹസ്ഥാശ്രമാശ
യില്ലായ്കയാൽനന്നാ യ്തപസ്സുകൾചെയ്യുവനന്നൊരുമൊന്നില്ല മാ
ശകൂടാതെനടക്കുന്നാൾപാതാളലൊകത്തുവീഴുവാനായ്ചിലരാധിപൂ
ണ്ടെററമധൊമുഖന്മാരുമായി പുൽക്കൊടിതന്നുടെയഗ്രമാലംബമാ
യ്നിൽക്കുന്നതത്രയുമല്പരീൻവെരുകൾ മൂഷികനമെല്ലെക്കരണ്ടുമുറിപ്പതു
ദൊഷമില്ലാതജരൽക്കാരുകണ്ടപ്പൊൾ നിങ്ങളാരെന്നാനവരുമവ
നൊട്ട "ഞങ്ങൾചിലമുനിമാരെ"ന്നുചൊല്ലിനാർ പുത്രനായുണ്ടുജരത്
ക്കാരുഞങ്ങൾക്കു പുത്രനവനില്ലയാഞ്ഞതുകാരണം ലുപ്തപിണ്ഡൊ
ദകന്മാരായിതുഞങ്ങൾ തപ്തമായൊരുതപസ്സുംവൃഥാഫലം ഞങ്ങൾ
നരകത്തിൽവീഴ്വാൻതുടങ്ങുന്നു മംഗലനായനീയാരെന്നുചൊല്ലണം"
എങ്കിൽജരൽക്കാരുവായതുഞാൻതന്നെ നിങ്ങൾമമപിതാക്കന്മാര
"റിഞ്ഞാലും സംകടംപൊക്കുവാനെന്തുഞാൻവെണ്ടതു ശംകിയാതെയ
രുൾചെയ്കെ"ന്നുചൊന്നപ്പൊൾ, ചൊന്നാർപിതാമഹന്മാരവൻത
ന്നൊട്ട "പുണ്യവ്രതദാനധൎമ്മാദികൾ സന്തതിയില്ലായ്കിലൊ
ക്കവെനിഷ്ഫലം സന്തതികൊണ്ടെഗതിവരുനിശ്ചയം ആകയാൽ
വെൾക്കനീവെണ്ടതുമുൻപിനാൽ പൊകവെകാതെ"ന്നവർ
ചൊല്ലിനാർ ഭിക്ഷയായ്യൊരാലൊരുപുമാനെന്നൊട്ട കന്യകാംഭാ
ൎയ്യയായെന്നുനൽകിടുകിൽ വെൾക്കാമവളെസ്സമയമിനിക്കൊരു കെൾ
ക്കാമഹാവ്രതംപിന്നയുമൊന്നുണ്ടു പെണ്ണിനുമെന്നുടെപെരായിരി

ക്കേണ മെന്നുജരൽക്കാരുചൊന്നൊരനന്തരം ചൊല്ലിയവണ്ണമെ
യൊഗംവരികെന്നു നല്ലൊരനുഗ്രഹംനൽകീപിതൃക്കളും നന്നായൊ
രുവനദെശെവസിക്കുംപൊൾ പന്നഗനാഥനാംവാസുകിയുംകണ്ടു
എന്നുടെസൊദരിയാകിയകന്യക തന്നെവരിച്ചുകൊൾകെന്നിതുവാ
സുകി നാമമവൾക്കെന്തുചൊല്ലുകെന്നുമുനി നാമംജരൽക്കാരുവെ
ന്നിതുവാസുകി പണ്ടെഭവാനുതരുവാനായുണ്ടാക്കി പുണ്ഡരീകൊത്ഭ
വനെന്നുമറിഞ്ഞാലും വഹ്നിയിൽവീഴ്കെന്നുമാതൃശാപംകൊണ്ടു പ
ന്നഗവംശവുംസന്നമാമെന്നതും ചെന്നുവിധാതാവിനൊടുവിബുധ
ന്മാർ ചൊന്നതുകെട്ടരുൾചെയ്തുവിരിഞ്ചനും മംഗലയായജരൽക്കാരു
നാരിയെ യജ്ഞജരൽക്കാരുവിന്നുകൊടുക്കണം ഉണ്ടാമവൾപെററ
വന്നൊരുനന്ദന നുണ്ടായശാപഭയമൊഴിച്ചീടുവാൻ _ഇത്ഥംവിധാ
തൃനിയൊഗമെന്നാൽപ്രമദൊത്തമയാമിവൾതന്നെവെട്ടീടുക ദീൎഘ
പൃഷ്ഠാധിപനിങ്ങനെചൊന്നപ്പൊൾ ദീൎഘവിലൊകനമുള്ളജരൽ
ക്കാരു ദീൎഘവിലൊചനയാംജരൽക്കാരുവെ ശീഘ്രംവിധിവിധി
യാൽവിവാഹംചെയ്തു മൊക്ഷപരായണൻവാഴുന്നകാലത്തു സൌ
ഖ്യംവരിവസ്യയാവളൎത്താളവൾ ചൊൽപ്പൊങ്ങുമസ്തികനുണ്ടാകയും
ചെയ്തു സൎപ്പസത്രത്തെയൊഴിച്ചതവനെല്ലൊ_സൂതവാക്യംകെട്ടമൊ
ദെനശൌനകൻ ആദരവൊടുനാഗൊല്പത്തിചൊൽകെന്നാൻ_ആ
ശ്ചൎയ്യമക്കഥാകെൾപ്പിൻ ചുരുക്കമൊ ക്കാശ്യപനാകുംപ്രജാപതിസൊ
ദരം ഭദ്രശീലാംഗിമാരായുള്ളഭാൎയ്യമാർ കദ്രുവിനൊടുംവിനതയൊടും
ചൊന്നാൻ ഭൎത്തൃശുശ്രൂഷണെശിക്ഷയുംശീലവും ചിത്തവിശുദ്ധിയും
കണ്ടുതെളിഞ്ഞുഞാൻ വാഞ്ഛിതമായതുചൊല്ലുവിൻ നിങ്ങൾക്കു ചാ
ഞ്ചല്യമെന്നിയെവരംതരുന്നുണ്ടുഞാൻ "അന്തമില്ലാതൊരുവീൎയ്യബലമു
ള്ള സന്തതിനാഗസഹസ്രമുണ്ടാകണം" എന്നുവരിച്ചിതുകദ്രുവിനത
യും പിന്നെമരീചിസുതനൊടുചൊല്ലിനാൾ എത്രയുംതെജൊബല
വീൎയ്യവെഗങ്ങൾ കദ്രുസുതന്മാരിലെററമുണ്ടാംവണ്ണം രണ്ടുതനയന്മാ
രുത്തമന്മാരായി ട്ടുണ്ടാകവെണമിനിക്കദയാനിധെ മുട്ടയായുണ്ടാമി
നിയതുനിങ്ങൾക്കു പൊട്ടിപ്പൊകാതവണ്ണംഭരിച്ചീടുവിൻ ഇത്ഥമ
നുഗ്രഹംചെയ്തുമഹാമുനി സത്വരംകാനനംപുക്കുതപസ്സിനായി അ
ണ്ഡസഹസ്രംപ്രസവിച്ചാൾകദ്രുവു മണ്ഡദ്വയംപ്രസവിച്ചുവിന
തയും അണ്ഡങ്ങളെപ്പരിചാരകന്മാരെല്ലാം ദണ്ഡമൊഴിഞ്ഞുപരിപാ
ലനംചെയ്താർ അഞ്ഞൂറുസംവത്സരംചെന്നകാലമി രഞ്ഞൂറുനാഗപ്ര
വരന്മാരുണ്ടായി തന്നുടെമുട്ടകൾരണ്ടുംവിരിയാഞ്ഞു വന്നൊരുതാപാ
ൽവിനതയുമക്കാലം ഒന്നിനെക്കൊട്ടിയുടച്ചുളളതുനെരം നന്നായ്വിള

ങ്ങിചതുർദ്ദശലൊകവും അപ്പൊളുന്നതപായ്യെവൃമതുണ്ടന്നു മദ്രദെശം
പ്രവെശിച്ചിതുസത്വരം അംബരദെശത്തുയരുമതുണ്ടന്നു മംബരയൊ
ടീഷ്യാകലൻചൊല്ലീടിനാൻ ദെഹംമുഴുവനെതിരുന്നതിൻമുൻപെ
മൊഹംവളൎന്നിതുചെയ്യുന്നുകാരണം കദ്രുവാമമ്മയ്ക്കുടിമയായ്പൊകനി
ഭ്രനായുണ്ടാമിനിമമസൊദരൻ മുട്ടയതുംനീയുടച്ചുകളയായ്കിൽ പെ
ട്ടന്നുദാസ്യവുംതീൎക്കുമവനമ്മെ" ഇന്നുമറ്റൊറാണ്ടുപാൎത്തീടുഴറാതെ എ
ന്നാൽനിനക്കവനാലെഗതിവരും" എന്നുപറഞ്ഞുയൎന്നാനരുണാഖ്യ
നും ഒന്നിച്ചിരുന്നുവിനതയുംകദ്രുവും മാൎത്താണ്ഡദെവനുസാരഥിയാ
യുടൻതെഞ്ഞടംപൂകാനരുണന്മഹാപ്രഭൻ — ആധിയുംതിന്നിരിക്കുന്ന
കാലത്തിൻകത്രആദിതെയാസുരന്മാരൊരുമിച്ചുകൊണ്ടാദരവൊടുപാ
ലാഴികടഞ്ഞനാൾശ്വെതവൎണ്ണത്തൊടുമാനസവെഗനായി ഉച്ചൈ
ശ്രവസ്സെന്നുലൊകപ്രസിദ്ധമായി സ്വച്ഛമായുണ്ടായൊരശ്വം.പ്ര
തിതമ്മിൽ വാദമുണ്ടായ്വന്നിതെന്നുപറഞ്ഞൊരു സൂതനൊടന്നെരം
ചൊദിച്ചുശൌനകൻ ചൊല്ലുചൊല്ലെംകിലമൃതമഥനം നീ ചൊല്ലാമ
തുമെംകിലെന്നിതുസൂതനും ചൊല്ലിനാനെംകിലമൃതമഥനവും ചൊ
ല്ലുവാനിപ്പൊളിനിക്കെളുതല്ലെതും വിദ്യാധരസ്ത്രീകൾദിവ്യപുഷ്പം
കൊണ്ടു ഹൃദ്യമായുള്ളൊരുമാല്യംതൊടുത്തതു ശൎവാംശജാതനായൊരു
മുനീന്ദ്രനാം ദുൎവ്വാസാവിന്നുകൊടുത്തവരുംപൊയാർ സംഭൊഗസാ
ധനമായുള്ളമാല്യത്തെ ജംഭവൈരിക്കുകൊടുത്തുമുനീന്ദ്രനും ദന്താവ
ളെശ്വരസ്കന്ധൊപരിവെച്ചു കുന്തളംചിക്കിയുലഞ്ഞന്നുനെരം ഹ
സ്തീന്ദ്രമസ്തകന്യസ്തമാല്യാമൊദമെത്തിഭൃംഗസ്തൊമവിത്രസ്തനെത്രനാം
മത്തദന്തിപെന്ദ്രനെടുത്തുമൎദ്ദിക്കയാൽ ക്രുദ്ധനായ്മുനിശാപവുംനൽ
കിനാൻ വൃത്രാരിമുഖ്യത്രിദശകുലത്തെയും "വൃദ്ധന്മാരായ്ത്തീൎന്നുമാര
ല്ലൊകെന്നു ഇന്നുതുടങ്ങിജരാനരയുണ്ടാക" എന്നതുകെട്ടുഭയെനമഹെ
ന്ദ്രനും വന്ദിച്ചുശാപമൊക്ഷത്തെയപെക്ഷിച്ചാൻ നന്ദിച്ചുതാപസെ
ന്ദ്രൻവരവുംനൽകി ക്ഷീരാൎണ്ണവംമഥനംചെയ്തുപീയൂഷസാരംനു
കൎന്നാൽജരാനരതീൎന്നുപൊം ഇന്ദ്രാദിവൃന്ദാരകന്മാരവിവമന്ദിരനൊ
ടറിയിച്ചിതുസങ്കടം ചന്ദ്രക്കലാധരൻതന്നൊടുണൎത്തിക മന്ദെതരം
ചെന്നുനാമെന്നുനാന്മുഖൻ കൈലാസവാസിയെച്ചെന്നുപുക്കണ്ണി
തു ശൈലാത്മജാപതിതാനുമതുനെരം നിൎജ്ജരന്മാരുടെസങ്കടംകണ്ടാ
ശു സഞ്ചരമാനസനായിപ്പുറപ്പെട്ടു നാരായണനൊടുണൎത്തിക
വൈകാതെ സാരസലൊചനൻതാപംകളഞ്ഞീടും എന്നുകല്പിച്ചവ
രൊന്നിച്ചുചെന്നുടൻനന്നാസ്തുതിച്ചാർ മുകുന്ദനെയന്നെരം പള്ളി
ക്കൎപ്പൂണന്നാശുമുകുന്ദനും അല്ലൽപൊമാറെളുതെന്നരുളിച്ചെയ്തു

ദെവാസുരന്മാരൊരുമിക്കവൈകാതെ കെവലംമത്തനിമന്ദരപൎവ്വതം
"പാശമാക്കിക്കൊൾക വാസുകിതന്നെയുംആശുമഥന ന്തുടങ്ങുക"യെ
ന്നപ്പൊൾ നാഥനരുൾചെയ്യുവണ്ണമൊരുമിച്ചു പാഥൊനിധിമഥ
നംചെയ്യനന്തരം ജാതങ്ങളായുള്ളദിവ്യപദാൎത്ഥങ്ങ ളാദരവൊടുയ
ഥൊചിതംകൈക്കൊണ്ടാർ എന്നതിലുച്ചൈശ്രവസ്സാംകുതിരയെ വൃ
ന്ദാരകെന്ദ്രൻപരിഗ്രഹിച്ചീടിനാൻ ക്ഷീരാംബുരാശിയിൽനിന്നു
ജനിച്ചൊരു ചാരുതുരഗമാമുച്ചൈശ്രവസ്സിനു നെരെനിറമെന്തു
ചൊല്ലുകെന്നാൾകദ്രു പാരംവെളുത്തതെന്നു ചൊന്നാൾവിനത
യും എന്നാലൊരുമറുവില്ലെന്നതുംവരാ നിൎണ്ണയംബാലധിക്കെ
ന്നിതുകദ്രുവും ഇല്ലാമറുവതിനെന്നുവിനതയും ചൊല്ലിനാളെതുമെ
ശംകയുംകൂടാതെ എംകിൽഞാൻനിന്നുടെദാസിയായ്വാഴ്വൻ ശംക
യൊഴിഞ്ഞൊന്നു ചൊല്ലിനാൾകദ്രുവും ഉണ്ടുകളംകമെന്നാകിൽനി
ൻദാസിയായ്ക്കൊണ്ടാലുമെന്നെയുമെന്നുവിനതയും കൊള്ളെവി
വാദമൊഴിഞ്ഞിന്നടങ്ങുക നാളെനൊക്കാമെന്നു ചൊല്ലിനാൾകദ്രു
വും പിന്നെസ്സുതരൊടുവെവ്വെറെചൊല്ലിനാൾ ഒന്നുണ്ടുചെയ്യെണ്ടു
നിങ്ങളെന്മക്കളെ ഉച്ചൈശ്രവസ്സാംകുതിരതൻവാലുടെ നിശ്ചലമാ
യൊരുരൊമമായുൾപ്പുക്ക നിങ്ങളിലെകനൊരഞ്ജനവൎണ്ണത്തൊ ത്തി
ങ്ങിവിളങ്ങിവാലിന്മെൽകിടക്കണം ഞങ്ങൾക്കരുതെന്നുചൊന്നാ
രവർകളുംമംഗലമല്ലചതിക്കരുതാരയുംഞങ്ങൾക്കവെറില്ലനിങ്ങളിരു
പരുംനിങ്ങൾതീയിൽവീണുചാകെന്നാളമ്മയും ശാപഭയംകൊണ്ട
തിലൊരുവൻചെന്നശൊഭതെടീട്ടുംകളംകമായ്പൈവിനാൻ പിറ്റെനാ
ൾചെന്നവർനൊക്കുന്നനെരത്തു കറുമുള്ളൊരുകളംകമുണ്ടാകയാൽ
ഹാസ്യഭാവെനനിന്നീടിനാൾകദ്രുവുംദാസഭാവംപൂണ്ടുവാണുവിന
തയും ആസുരമാനസയാകിയകദ്രുവാലാതുരമാനസയായാൾവിന
തയും മാതുരാഗസ്സന്തെളിഞ്ഞതില്ലെതുമെ മാതരിശ്വാശനെന്ദ്രൊത്ത
മന്മാൎക്കുള്ളിൽ മാധുൎയ്യശീലയായുള്ളവിനതയും ചാതുൎയ്യമുള്ളൊരുകാദ്ര
വെയന്മാരെ സാദരഭാവംപൂണ്ടാളവർകളും ഭെദഹീനംവസിച്ചാർ
പലകാലവും അഞ്ഞൂറുവത്സരമിങ്ങനെചെന്നനാ ളഞ്ജസാഭിന്ന
മായിവിനതാണ്ഡവും കല്പാന്തപാവകനെന്നമരൌഘവും കല്പിച്ചു
ഭീത്യാമുനിവരന്മാരുമായി ആശ്രയമെന്തുലൊകത്തിനെന്നൊത്തവ
രാശ്രയാശസ്തുതിചെയ്യാർപലതരം "മൽപ്രഭയല്ലഭയപ്പെടായ്കിൻഗ
രുഡപ്രഭയെ"ന്നരുൾചെയ്തിതുവഹ്നിയും അപ്പൊൾമുനികളുംദെവ
സമൂഹവും അത്ഭുതംപൂണ്ടുഗരുഡസ്തുതിചെയ്താർ "വെദത്രയമൊട്ടമെ
പത്രയമത്തുംപാദത്രയവുംപദത്രയവുംനീയെ നാദത്രയവുംവൎണ്ണത്രയ

വുന്നിയെജ്യോതിസ്ത്രയവു മഗ്നിത്രയവുംനീയെശക്തിത്രയവുംഗുണ
ത്രയവുംനീയെ ഭുക്തിമുക്തിപ്രദായുക്തഭക്തപ്രിയ ലൊകത്രയത്തിന്ന
ശൊകത്രയന്തീക്കവെഗപ്രഭാനിധെപക്ഷികുലൊത്തമ വിശ്വംമഹി
ച്ചുപൊകുന്നത്വന്നുമെനിശ്ശെഷതെജസ്സുമൊട്ടടക്കെണമെ" ദാനവ
നാശനന്മാരുംമുനിമാരും ദീനതയൊടുമിവണ്ണംപുകഴ്ന്നപ്പൊൾ പ
ക്ഷികുലാധിപൻഭക്തപരായണൻ തൽക്ഷണെതെജസ്സുമൊട്ടുചുരു
ക്കിനാൻ വന്നിതുസന്തൊഷവുംഭുവനത്തിന്ന പിന്നെമാതാവിനെ
ക്കാണ്മാൻഗരുഡനും പന്നഗമാതാവിരിക്കുംഗ്രഹത്തിന്ന ചെന്നുമാ
താവിനെക്കണ്ടുവണങ്ങിനാൻ ഒന്നിച്ചുവിടെയിരുന്നുചിലദിനമ
ന്നൊരുനാളുരചെയ്തിതുകദ്രുവും "എന്നുടെഗെഹത്തിനാമ്മാറുപൊവതി
ന്നെന്നെയെടുത്തുകൊള്ളെണംവിനതെനീ" അന്നതുചെയ്യാൾവിനത
യുന്നന്ദനൻ തന്നൊടുചൊന്നാൾ "മകനെമടിയാതെ പന്നഗന്മാരെ
എടുത്തുകൊള്ളെണംനീ" എന്നമ്മചൊന്നതിളയ്ക്കുതെന്നൊത്തു നാഗ
ങ്ങളെയുമെടുത്തുപറന്നിതു വെഗനസ്സൂര്യന്നഭിമുഖമാംവണ്ണം വ്യഗ്ര
ങ്ങൾചൊല്ലുവാൻവെഗെനപൊകുന്നി തഗ്രജനൊടെന്നുതൊന്നുമ
തുകണ്ടാൽ ആദിത്യരശ്മികളെറ്റുഭുജഗങ്ങളാധിപൂണ്ടേറ്റംതളൎന്നുചമ
ഞ്ഞപ്പൊൾ ആദിതെയൊത്തമനായദെവെന്ദ്രനെ ആദരപൂൎവ്വംപുക
ഴ്ന്നിതുകദ്രുവും ആധാരമില്ലമറെറന്നവൾകെഴുംപൊ ളാസാരവുംതുട
ങ്ങീടിനാൻവാസവൻ താപവുന്തീൎന്നവരാശ്ശുരമണക ദ്വീപവുംപു
ക്കുസുഖിച്ചുവാണീടിനാർ അക്ഷികൎണ്ണന്മാരൊരുനാളതുകാലം പ
ക്ഷികുലാധിപനൊടുചൊല്ലീടിനാർ "സ്വൎഗ്ഗസമാനമാം ദ്വീപാന്തര
ങ്ങളിലൊക്കെനടന്നുകളിപ്പതിന്നെങ്ങളെ ഒക്കെയെടുത്തുപറക്കണം
നീയെന്ന" ചക്രീശ്വരന്മാർപറഞ്ഞതുകെട്ടുരു ദുഃഖംകലൎന്നുമാതാവൊ
ടുചൊദിച്ചാൻ പക്ഷീശ്വരസ്പരമാൎത്ഥമറിവാനായി "കാരണമെന്തി
വർചൊല്ലുന്നതുചെയ്യാൻ നെരെപറയെന്നമെന്നൊടുമാതാവെ" ആ
ത്മജനിങ്ങിനെചൊദിച്ചതുനെരമാത്മഖെദത്തൊടുചൊന്നാൾവിന
തയും "കദ്രുചതിച്ചുതൻദാസിയാക്കിനക്കൊണ്ടാൾ എത്രയുംപീഡയായ്വ
ന്നിതുമൂലം" അക്കഥയൊക്കെപ്പറഞ്ഞുകെൾപ്പിച്ചപ്പൊൾ ദുഃഖമു
ൾക്കൊണ്ടുവിനതാതനയനും ദന്തശൂകൊത്തമന്മാരൊടുചൊദിച്ചാൻ
എന്തുഞാൻവെണ്ടതടിമയൊഴിപ്പതി നന്തരമില്ലസാധിപ്പതിനിന്നി
"നീ ചിന്തിതംചൊല്ലുവിനെ"ന്നതുകെട്ടപ്പൊൾ "നീയിനിവൈകാതെ
ചെന്നുവരുത്തുക പീയൂഷമെന്നാലടിമയൊഴിഞ്ഞീടും" എന്നവർചൊ
ന്നതുകെട്ടുഗരുഡനും ചെന്നുമാതാവിനൊടാശുചൊല്ലീടിനാൻ "മൊ
ദാഹവുംതീൎന്നമരലൊകത്തിന്ന ചെയ്യുന്നൃമുൾക്കൊണ്ടമൃതിന്നപൊക

ണംആഹാരംവെണമിനിക്കെന്നുമാതരിശ്വാഹാരനാശനൻചൊ
ന്നൊരനന്തരം മാതാവുമന്ദസ്മിതംപൂണ്ടുചൊല്ലിനാൾ „മാധവൻവാഴു
ന്നപൊലാഴിതൻകരെ വാഴുംനിഷാദന്മാരെത്തിന്നുകൊൾകനീ ദൊ
ഷമതിനില്ലപിന്നെയുമൊന്നുകെൾ ബ്രാഹ്മണരെത്തിന്നുപൊകാതി
രിക്കണം ധാൎമ്മികന്മാരെദ്രൊഹിക്കരുതഗ്നിക്കും സൃഷ്ടിസ്ഥിതിലയങ്ങ
ൾക്കുകൎത്താക്കളാം സ്രഷ്ടാവുമംബുജനെത്രനുംരുദ്രനും ദെവെന്ദ്രനാ
ദിയാംദെവസമൂഹവും ഭൂവാതതൊയാഗ്നിഖാദിഭൂതങ്ങളും വെദങ്ങ
ളൊടുസമങ്ങളല്ലായ്കയാൽ വെദജ്ഞന്മാരായഭൂദെവന്മാരത്രെ ആധാര
മീരെഴുലൊകത്തിനുമവ ൎക്കാധാരമായാരുമില്ലെന്നറിയണം ബ്രാഹ്മ
ണരൊളംമഹത്വമില്ലാൎക്കുമെസാമ്യംദ്വിജന്മാൎക്കുമറ്റൊന്നുമില്ലെല്ലൊ
വന്ദ്യന്മാരാകുന്നതുംദ്വിജന്മാരത്രെ നിന്ദിച്ചുപൊകായ്കവരെയൊരിക്ക
ലും ദെവാദികൾക്കുംപ്രപഞ്ചത്തിനുംപര ദൈവതമാകുന്നതുംദ്വിജ
ന്മാരത്രെ ശാശ്വതമാകിയധൎമ്മമാകുന്നതുമീശ്വരനാകുന്നതുംദ്വിജന്മാ
രത്രെ" എന്തടയാളംദ്വിജന്മാൎക്കുമാതാവെ" സന്തതംയജ്ഞൊപവീതാദി
ലക്ഷണം" സന്തുഷ്ടരാംദ്വിജന്മാരെവിഴുങ്ങുകിൽ കന്ധരാവെന്തുപൊ
മന്തരമില്ലെതും ശ്രെഷ്ഠനെന്നാകിലുംദുഷ്ടനെന്നാകിലും പൂജ്യഭക്ത്യാവ
ണങ്ങെണംദ്വിജകുലം" ഇത്ഥമുപദെശവുംചെയ്തനുഗ്രഹി ച്ചത്യാദരെ
ണപ്പുണ്യമകനവ നുത്തമാംഗത്തിൽബാഷ്പാഭിഷെകംചെയ്തു ചി
ത്തപ്രമൊദംകലൎന്നവൾചൊല്ലിനാൾ „നീനിരൂപിച്ചതുസാധിച്ചി
വിടയ്ക്കു മാനമിയന്നുവിരയവരികനീ" മാതുരനുജ്ഞാംശിരസിവഹി
ച്ചുകൊണ്ടൊദരവൊടുപറന്നുഗരുഡനും ഉൎവ്വീധരങ്ങൾകുലുക്കിപ്പൊ
ടിയൎപ്പിച്ചുൎവ്വിയുമാകാശവുമൊരുമിപ്പിച്ചുഗൎവ്വം കലൎന്നനിഷാദന്മാർ
വാഴുന്ന നിൎവ്വികാരാലയമെല്ലാമിളക്കിനാൻ വിത്രസ്തമായനിഷാദ
കുലമെല്ലാം വിസ്തൃതമായൊരുവക്ത്രത്തിലാക്കിനാൻ എത്രയുംചുട്ടുതുട
ങ്ങിഗളതലം ചിത്തെനിരൂപിച്ചുമാതൃവചനവും വിപ്രനുംകൂടെയക
പ്പെട്ടിതെന്നതു കല്പിച്ചുചൊന്നാൻഗരുഡനുമന്നെരംബുദ്ധിപൂൎവ്വംനി
ന്നെക്കൊൎത്തുകയല്ലഞാ നത്തൽകൂടാതെപ്പുറത്തുപൊന്നീടുക" സത്യധ
ൎമ്മാദികൾക്കാധാരഭൂതന്മാ രുത്തമന്മാരായഭൂദെവന്മാരെല്ലൊ" ഇത്ഥംഗ
രുഡൻപറഞ്ഞതുകെട്ടൊരു പൃത്ഥ്വീസുരൊത്തമനുത്തരംചൊല്ലിനാൻ
നിൎമ്മലപക്ഷീന്ദ്രധൎമ്മപരായണ മന്മനൊവാഞ്ഛിതംചൊല്ലുവൻകെ
"ൾക്കനീ ഉണ്ടൊരുഭാൎയ്യാനിഷാദിയവളെയും കൊണ്ടുപൊകെണമിനി
ക്കെന്നറികനീ" കൊണ്ടുപൊയാലുമെന്നാനനന്തരംടെന്നി യുണ്ടാകയില്ല
വിഷമമതിന്നേതും" ആശുപുറത്തവളൊടുംപുറപ്പെട്ടാ നാശീൎവ്വാദങ്ങ
ളുംചെയ്തുഗരുഡനുംപൊയാൻ ദ്വിജവരൻപിന്നെദ്വിജവരൻപൊയാ

ൻപിതാവിനെക്കണ്ടുവണങ്ങുവാൻ പൈദാഹമെത്തുമടങ്ങീലനിന്നു
ടെ പയ്യലായെല്ലാമിനിക്കടയാനിയെ" കാശ്യപനൊടവനിങ്ങനെ
ചൊന്നപ്പൊ താൎക്ഷ്യമുൾക്കൊണ്ടവനുമരുൾചെയ്യാൻ „മുന്നംവിഭാ
വസുവായമുനിയൊടുതന്നുടെസൊദരൻ മത്സരിച്ചാനെല്ലൊജ്യെഷ്ഠാം
ശമെഭവാനുള്ളപകുത്തുക നിഷ്ഠാംശമിങ്ങുതരെണമെന്നാനവൻ ന
ന്നല്ലനിഗ്രഹച്ചിഭന്നുടങ്ങുന്ന തെന്നാൽനശിച്ചുപൊമിന്നടങ്ങീടുനീ
എന്നുവിഭാവസുചൊന്നതുകെളാതെ പിന്നെയുമെറനിബന്ധന്തുടങ്ങി
നാൻ അന്നുശപിച്ചിതുനീഗജമായ്പൊക യെന്നുവിഭാവസുസൊദ
രൻതന്നെയും ജ്യെഷ്ഠനെക്കൂടെശ്ശപിച്ചാനനുജനും ദുഷ്ടഭാവാലൊ
രുകൂൎമ്മമായ്പൊകനീസുപ്രതീകൻ ഗജമായ്മഞ്ഞീടിനാനപ്പൊൾവിഭാ
വസുകൂൎമ്മവുമായന്ത്യ അന്യൊന്യശാപവുമെററിട്ടിരുവരുംഇന്നുംസര
സ്സിൻകല്പുണ്ടുകിടക്കുന്നു ചെന്നുകൊത്തികൊണ്ടുപൊന്നുനീവൈകാ
തെ തിന്നാലുമങ്ങൊരുദെശത്തുകൊണ്ടുപൊയി വാനൊർപുരംപുക്ക
പീയൂഷവുംകൊണ്ടു മാനമൊടെവരികെന്നാൻജനകനും വന്ദിച്ചുതി
ന്നടന്നുഗരുഡനും മന്ദേതരംചെന്നനെരത്തുകാണായി ആമതൻവ
ട്ടമൊരുദശയൊജന യാമതിൻപൊക്കവുംയൊജനമൂന്നല്ലൊ ദ്വാദ
ശയൊജനനീളമുണ്ടാനയും മെദുരമായിടംപാതിയുമുണ്ടല്ലൊരണ്ടുമെ
ട്ടത്തുപററൊന്നൊരുദിക്കിൽ കൂത്തയെന്നിയെചെന്നൊരുനെരത്തു ക
ണ്ടാനമരാമരങ്ങൾനിൽക്കുന്നതും ഉണ്ടതിൽനല്ലവടമതമുന്നതം വി
സ്താരമുണ്ടുശതയൊജനവഴി പത്രപ്രവാളശാഖാഢ്യംമനൊഹരം
വൃക്ഷപ്രവരശാഖാന്തരെവെച്ചിതു ഭക്ഷിക്കാമെന്നു നിനച്ചുതെളി
വൊടെ പക്ഷപുടങ്ങൾകുലുക്കിക്കുതംകൊണ്ടു പക്ഷീശ്വരൻ ചെ
ന്നിരുന്നൊരുനെരത്തു കൊടരപാടനമുണ്ടായതുമൂല മാടൽതെട്ടീടിനാ
നുണ്ടതിന്മെൽച്ചിലർതാപസെന്ദ്രന്മാരറുപതിനായിരംതാപ മവക്കവ
രുമതുവീഴുകിൽകൊപവുംമാംപ്രതിവൎദ്ധിക്കുമെന്നൊരുശാപവുമെററീടു
മെന്നുഭയപ്പെട്ടാൻ പത്രിപ്രവരനുപായന്നിരൂപിച്ചുകൊത്തിയെടു
ത്തങ്ങടന്നൊരുകൊമ്പതുംകൊണ്ടുജനകനിരിക്കുമിടംപുക്കാൻകണ്ടിതു
നന്ദനസംകടംകാശ്യപൻ മന്ദമെന്ന്യെ പരിശ്രമന്തീക്കുന്നവ
ന്ധിതന്താപസന്മാരെയിറക്കിനാൻ ജന്തുക്കളില്ലാതദെശമരുൾചെയ്തു
ചിന്തിച്ചിതിന്റെപതനംവരുത്തുവാൻ നൂറായിരംയൊജനവഴി
ചെല്ലുമ്പൊ ളാരുമില്ലാതഗിരിയുണ്ടവിടയാം തത്രകൊണ്ടക്കളഞ്ഞൊ
നയുമാമയും ക്ഷുത്തടങ്ങീടുവാൻഭക്ഷിച്ചനന്തരം ദെവലൊകംപുക്ക
മൃതെടുത്തീടുവാൻ ഭാവിച്ചിതുപവനാശനനാശനൻ — അപ്പൊളമര
ലൊകത്തുകാണായ്വന്നു മല്ലാടുദുൎന്നിമിത്തങ്ങൾപലതരം ജംഭാരിസംഭ്ര

മിച്ചുമ്പരുമായുള്ള തൻപദാംഭോരുഹം കുമ്പിട്ടു ചൊദിച്ചാൻ „ദാരുണ
ദുന്നിമിത്തങ്ങൾകാണ്മായതിൻ കാരണമെന്തെന്നരുൾചെയ്ക ശീഘ്ര
മെ" കെൾക്ക മഹെന്ദ്ര തവാപരാധത്തിനാ ലൊകമരീചിപതാപ
സന്മാരുടെ വാഞ്ഛതപൊബലംകൊണ്ടുളനാകിയ കാശ്യപപുത്രൻ
വിനതാത്മജനിപ്പൊൾ വന്നിവിടെക്കലഹിച്ചുനമ്മെജ്ജയി ച്ചു
ന്നമൃതവൻകൊണ്ടുപൊം നിശ്ചയം എന്നാലവനൊടുയുദ്ധത്തിനാ
യിട്ടു നിന്നീടുവിൻ നിങ്ങളെല്ലാരുമൊന്നിച്ചു ബന്ധമെന്നാലും ജയി
പ്പതിനെന്നരു പണ്ഡിതനായഗുരുവരുൾചെയ്യപ്പൊൾ ഇന്ദ്രനമൃ
ത്തുംകലശവുംകാക്കുന്ന വൃന്ദാരകാധിപന്മാരൊടുചൊല്ലിനാൻ„ പണ്ടു
കെട്ടിട്ടില്ലയാതവിശെഷങ്ങ ളുണ്ടുകെൾക്കുന്നിതറിവിനെല്ലാവരും
ലൊകത്രയത്തിനുനായകനാകിയൊരാഖണ്ഡലനാകുമെന്നൊടുപൊ
രിനായി ഇന്നൊരുപക്ഷിവരുമെന്നുകെൾക്കുന്നു നിന്നുകൊൾവാൻ
പണിയെന്നുംപറയുന്നു വഹ്നിയുംകാലനുംവീരൻനിരൃതിയും ധന്യ
ൻവരുണൻജഗൽപ്രാണദെവനും രംശസഖിതാനുമീശനുഞ്ചന്ദ്ര
നു മീശാത്മജനായസെനാപതിയുമായി നിൽക്കണമാശുപുറമതിൽ
ക്കപ്പുറം ഭാസ്കരന്മാരൊടുരുദ്രസമൂഹവും പാക്കണമൊടരുതാരുമൊ
രുത്തരും അഷ്ടവസുക്കൾമരുത്തുകൾതമ്മൊടു ന്നുകെട്ടുണ്ടാമിടത്തു
ത്തിടണം അശ്വിനീദെവന്മാർവിശ്വദെവന്മാരും പശ്ചാൽഭയന്തി
ത്തുറപ്പിച്ചുനത്തണം വ്യൂഹമിളകുന്നതാശുസൂക്ഷിക്കണം ഹൂഹൂസ
മന്വിതംഹാഹാനിരന്തരം പത്തുനൂറായിരംകൊടിഗന്ധൎവ്വന്മാർ ചി
ത്രരഥനൊടുമുൻപിലെത്തുക്കണം യക്ഷവീരന്മാരൊരുമിച്ചുനിൽക്ക
ണം പക്ഷഭാഗങ്ങളെരക്ഷിച്ചിളകാതെ മാണിഭദ്രൻധൃതരാഷ്ട്രൻ
സുവീരനും ത്രാണനിപുണനാകുംപൂർണ്ണഭദ്രനും ചാഞ്ചല്യമെതുമില്ലാ
തവിരൂപാക്ഷൻ വാഞ്ഛികനായപടയാളിവീരനും ചണ്ഡപരാക്രമ
നായവിഭണ്ഡകൻ ഭിണ്ഡിപാലായുധൻദണ്ഡവരായുധൻ സിദ്ധ
വിദ്യാധരഗന്ധൎവ്വകിന്നര മൃത്യുരക്ഷൊഗണയക്ഷഭൂതാദികൾ ഗുഹ്യ
കവീരപിശാചപ്രവരരും യുദ്ധത്തിന്നെതുമൊരുകുറവെന്നിയെ ബ
ദ്ധരൊഷെണനിൽക്കണംജയിപ്പൊളും" ഇത്ഥംപെരുംപടകൂട്ടിമഹെ
ന്ദ്രനും പത്രിപ്രവരൻവരുന്നതിന്മുന്നമെ എല്ലാമൊരുപക്ഷിതാനെ
വരുന്നതിനെല്ലാവരും ഭയപ്പെട്ടുസുരജനം എന്നുസൂതൻപറഞ്ഞിട്ടു
ന്നനെരത്തു മന്ദസ്മിതംചെയ്തുചൊദിച്ചുശൌനകൻ „എന്തുമരീചിപ
താപസെന്ദ്രന്മാരൊ ടിന്ദ്രൻപിഴചെയ്തതെന്നുപറയണം" ഇന്ദ്രാപ
രാധംപറഞ്ഞുതരാമെന്നു വന്ദിച്ചുസൂതനുംചൊല്ലിത്തുടങ്ങിനാൻ; അം
ഭൊജസംഭവപുത്രന്മരീചിക്കു സംഭൂതനായൊരുകാശ്യപതാപസൻ

മുൻപൊരുയാഗന്തുടങ്ങിയതിന്നായിട്ടുമ്പരെല്ലാരുന്തുണച്ചാർവഴിപൊ
ലെ ജംഭാരിതന്നെസമിദാഹരണാൎത്ഥം മുൻപിൽനടന്നുവഴിയെനി
ലിമ്പരും ഉമ്പരിൽമുൻപനാംവൻപൻശതമഖൻ മുൻപിൽച്ചമത
യുംകൊണ്ടുവരുന്നെരം അംഗുഷ്ഠമാത്രശരീരികളാകിയ മംഗലന്മാരാം
മരീചിപതാപസർ എല്ലാരുമായ്ചെറിയൊരുചമതക്കൊൽ അല്ലൽമുഴ
ത്തുപൂണ്ണെല്ലുന്നുറുങ്ങുമാറെത്രയുംവീൎത്തുചീൎത്താൎത്ത്യാവരുന്നെരം ഉത്ത
മന്മാക്കൊരുസംകടമുണ്ടായിപദ്ധതിതന്നുടെമദ്ധ്യെഭവിച്ചിതൊ ര
ബ്ധീയതായതെന്തെന്നുചൊല്ലെണമൊ കററുകുളമ്പിലെവെള്ളമതിൽ
വീണു പററിപ്പിടിച്ചുഴന്നാഴുന്നതുനെരം ചെറുപരിഹസിച്ചൊടി
ക്കടന്നുപൊയി കുററമുണ്ടെന്നതൊരാതെമഹെന്ദ്രനും പാരംപരിഹ
സിച്ചീടുന്നവർകൾക്കു ഘൊരനരകമെന്നുണ്ടുവെദൊക്തികൾ എന്ന
തിലുന്ദ്വിജന്മാരെപരിഹസിക്കുന്നതിന്നെത്രനരകംഭുജിക്കണം ആ
കയാലിന്ദ്രനിവനല്ലിനിയെന്നു ഭാഗവതന്മാർതപസ്സുതുടങ്ങിനാർ
ഭീതിപൂണ്ടിന്ദ്രനുംകാശ്യപന്തന്നൊടു ഖെദംകലൎന്നുപറഞ്ഞതുകെൾക്ക
യാൽ താപസന്മാരെവിളിച്ചരുളിച്ചെയ്തു താപംമഹെന്ദ്രനുപൊക്കു
വാൻകാശ്യപൻ നീക്കംവരുത്തരുതിന്ദ്രനെന്നിൎണ്ണയം നീക്കംവരാ
നിങ്ങൾചിന്തിച്ചതുമൊൎത്താൽ പക്ഷീന്ദ്രനായിട്ടൊരുവനുണ്ടാമവ
ൻ ശക്രപ്രതാപംകെടുക്കുമറിഞ്ഞാലും പാരംപ്രവൃദ്ധതമുണ്ടെന്നങ്ങി
രിക്കില്ല മാരുംകൃശന്മാരെനിന്ദിയായ്കെന്നതും കാശ്യപൻവാസവ
നൊടുചൊല്ലീടിനാൻ — കാശ്യപപുത്രചരിത്രമിനിച്ചൊല്ലാം കൊടിദി
വാകരസംവൎത്തകാഗ്നികളൊടൽതെടീടുന്നദീപ്തികലൎന്നവൻ ചണ്ഡ
തുണ്ഡൊജ്ജ്വലവിഗ്രഹമൊടുമാഖണ്ഡലൻതൻപുരംപുക്കതിവെഗ
ത്താലെ ചെയ്തപരാക്രമംചൊൽവാൻപണിപണി കൈതവമല്ലപ
റയുന്നതെതുമെ — എകൻനിരായുധനായഗരുഡനു മെകീഭവിച്ചൊരു
ദെവസമൂഹവും തമ്മിലുണ്ടായൊരുയുദ്ധകൊലാഹലം ബ്രഹ്മാദിക
ൾക്കുംഭയപ്രദംനിൎണ്ണയം വജ്രവുംശക്തിയുംദണ്ഡവുംഖഡ്ഗവും പാ
ശവുമംകുശവുംഗദാശൂലവും ബ്രഹ്മാസ്ത്രമാദിയാമസ്ത്രസമൂഹവും ചെ
മ്മെവൃഥാഫലമെന്നായ്തുമഞ്ഞുതെ — സാക്ഷാൽജഗന്മയനായനാരായ
ണൻ താൎക്ഷ്യനാകുന്നതതിനില്ലസംശയം തുണ്ഡപതത്രനഖാദിക
ളെററൊരാഖണ്ഡലനാദികൾമൊഹിച്ചുവീണതെ പീയൂഷകുംഭപാ
ൎശ്വംപ്രവെശിച്ചപ്പൊൾ തീയെരിയുന്നതുകാണായിതെററവും ആ
യിരംകൊടിമുഖങ്ങളുണ്ടാക്കീട്ടു വായിൽനദികളെക്കൊണ്ടുചെന്നീടി
നാൻ — തീയുംപൊലിച്ചങ്ങണഞ്ഞൊരുനെര മൊരായിരമായിരമശ്ര
ങ്ങളുള്ളൊരു ചക്രംഭയംകരമായുണ്ടനെരത്തു പുക്കാനതികൃശനായ

പററിന്മദ്ധ്യെ പിന്നെയുരഗങ്ങന്നഞ്ഞീടുന്നനെരത്തു പന്നഗെന്ദ്രന്മാരി
രുവരെക്കാണ്മായി ആശീവിഷവരന്മാരവർനൊക്കി ലാശുദഹി
ച്ചുപൊമെവരുംനിശ്ചയം ധൂളിജാലംവരിഷിച്ചുഗരുഡനു. കാളസ
ൎപ്പങ്ങൾക്കനെത്രങ്ങൾകൂടിനാൻ യന്ത്രവുംഭെദിച്ചുപീയൂഷവുംകൊ
ണ്ടൊരന്തരമെന്നിയെപൊകുന്നതുനെരം കണ്ടുവഴിയിൽനിന്നപ്പൊ
ൾമുകുന്ദൻവൈ കുണ്ഠനസുരാരിനാരായണൻപരൻ കൊണ്ടാടി
ക്കൊണ്ടരുൾചെയ്തുവരങ്ങൾനീ കൊണ്ടുകൊള്ളെന്നൊടുവെണ്ടതുന
ൽകുവൻ എന്നരുൾചെയ്യൊരുനാഥനെവന്ദിച്ചു നന്നായ്സ്തുതിച്ചു
പറഞ്ഞുഗരുഡനും "സൎവ്വലൊകെശ്വരകാരുണ്യവാരിധെ ഗൎവ്വവിനാ
ശനലക്ഷ്മീപതെഹരെ എന്നുംജരാമരണാദികൾകൂടാതെ വന്നിട
വെണംസുധാപാനംചെയ്യാതെ" "എല്ലാംനിനക്കൊരുവണ്ണംവരി
കെന്നു കല്യാണമൂൎത്തിയനുഗ്രഹിച്ചീടിനാൻ "എന്തടിയനൊന്നുവെ
ണ്ടതരുൾചെയ്കി ലന്തരമെന്നിയെചെയ്യുന്നെന്നാനവൻ എങ്കിലിനി
ക്കുനീവാഹനമാകണം എൻകൊടിക്കങ്കവുംനീയായിരിക്കണം ത
മ്പുരാനെനിൻതിരുവടികല്പിച്ചാ ലെൻപെരുമാനെയിളക്കമില്ലൊ
ന്നിനും ശംഭുവിരിഞ്ചാദ്യഖിലപ്രപഞ്ചവും കമ്പിതഭൂവിലാനൊ
ത്തവന്റെപ്രഭൊ" നാരായണനുംഗരുഡനുന്തങ്ങളി ലൊരൊന്നിവ
ണ്ണംപറഞ്ഞുനിൽക്കുന്നെരം രൊഷ്യാവശാലമരെന്ദ്രൻഗരുഡനെദ്വെ
ഷ്യംകലൎന്നുതൻവജ്രംപ്രയൊഗിച്ചാൻ താൎക്ഷ്യനുമപ്പൊളവനൊടു
ചൊല്ലിനാൻ "ദാക്ഷ്യംപെരികെയുണ്ടെത്രയുംനന്നുനീ നിന്നെക്കണ
ക്കെമഹതാമതിക്രമ മിന്നിനിക്കില്ലെന്നറികമരെശ്വര അന്തമില്ലാത
ദധീചൻതപസ്സിനൊ രന്തരംഞാൻവരുത്തീടുകയില്ലെടൊ തൂവലൊ
ലൊന്നുപറിച്ചെറിഞ്ഞീടിനാൻ ദെവെന്ദ്രനായ്ക്കൊണ്ടുപക്ഷികുലെ
ശ്വരൻ ഇന്ദ്രൻപവനാശനാശനൻതന്നൊടു മന്ദസ്മിതംചെയ്തുചൊ
ല്ലിനാനന്നെരം "സഖ്യമിനിനമ്മിലുണ്ടായിരിക്കണം വിക്രമന്താവകം
കെൾപ്പിക്കയുംവെണം" അപ്പൊളമരാധിപനൊടുചൊല്ലിനാ "നല്ല
സാരജ്ഞാജ്ഞപ്രഭൊകെൾക്കനീആത്മപ്രശംസമരണാല്പരമെന്നതൊ
ൎത്താവിലുണ്ടെന്നിരിക്കിലുംചൊല്ലുവൻ സഖ്യമുണ്ടാകയാലല്ലായ്കിൽ
നിന്നുടെ ധിക്കാരവുംപൊകയില്ലെന്നുനിൎണ്ണയം ദുൎബ്ബൊധമുള്ളവ
രൊടുചൊല്ലായ്കിലൊ സൽബൊധമുണ്ടാകയില്ലവൎക്കെന്നുമെ സ
ൎവ്വാചലങ്ങളുംസൎവ്വാംബുധികളും സൎവ്വദ്വീപാന്വിതസൎവ്വലൊക
ങ്ങളുംപക്ഷപുടംകൊണ്ടെടുത്തുപറപ്പൊരുപക്ഷിപ്രവരനെന്നെന്നെ
യറികനീ അപ്പൊളനയമൊടുശതക്രതു സല്പക്ഷിയെപ്രതിമാനി
ച്ചുചൊല്ലിനാൻ "ഇത്രയെല്ലാംമഹത്വംവരുംഭവാ നബ്ധിജമാമ

തംകൊണ്ടുകിംഫലം″ മാതാവിനുള്ളൊരുദാസ്യമൊഴിക്കെന്നി എതുമി
നിക്കില്ലിതിലൊരുകാംക്ഷിതം″ മാതൃദാസ്യമിതുകൊണ്ടുവീണ്ടാല്ലുനരാ
ദരവൊടു മിനിക്കുതരെണ്ണംനീ″ വെണ്ടുംവരംതരുന്നുണ്ടുഞാനെന്നൊ
ടുവെണ്ടാവിരൊധവുമിന്നുതൊട്ടിന്നിമെൽ″ ഇത്തരംവാക്കുകൾകെട്ടു
ഗരുഡനും ചിത്തമൊദാൽമരുത്പാനൊടുചൊല്ലിനാൻ″ ശക്രശതക്ര
തൊവിക്രമവാരിധെ ചക്രായുധപാദഭക്തജനൊത്തമ ചക്രികളാകിയ
ദുഷ്ടജന്തുക്കൾവക്രശീലാകൃതിയുള്ളവർമിക്കതും ദുഃഖംജഗദ്വാസി
കൾക്കുവരുത്തുവൊരക്ഷമന്മാരായചക്ഷുശ്രവണന്മാർപക്ഷീശനാം
മമഭക്ഷണമാകണം″ എല്ലാംനിനക്കൊത്തവണ്ണംവരികെന്നുനല്ലവര
ങ്ങൾകൊടുത്തരുളീടിനാൻ ജംഭാരിയുംകൂടെപ്പിമ്പെനടകൊണ്ടാൻവ
മ്പനാംതാർക്ഷ്യനുംനാഗാലയംപുക്കാൻ കണ്ടുകൊണ്ടാലുമമൃതുംകലശ
വുംകൊണ്ടുവന്നെനമരന്മാരെവെന്നുഞാൻ ശാസ്യമായുള്ളതിനിയുമ
ണ്ടൊബഹുലാസ്യൊത്തമന്മാരെസാദ്ധ്യമിനിക്കെല്ലാംദാസ്യമൊഴിപ്പ
തിനെന്തിനിവെണ്ടുപതുഹാസ്യമല്ലപറയുന്നതറിഞ്ഞാലും″ എതുമിതില്ല
രമൊന്നില്ലവെണ്ടതുസാധിച്ചിതുഞങ്ങൾചിന്തിച്ചതെല്ലാമെഇപ്പൊ
ൾത്തുടങ്ങിട്ടൊഴിഞ്ഞിതുദാസ്യവുമത്ഭുതവിക്രമപക്ഷികുലൊത്തമ″ ദർഭാ
വിരിച്ചുസുധാകലശംവെച്ചസ്സർപ്പേന്ദ്രവൃന്ദംകുളിപ്പാൻപുറപ്പെട്ടു ആ
ചമനാദ്യനുഷ്ഠാനങ്ങളുംകഴിച്ചാശീവിഷന്മാർവരുന്നതിന്മുന്നമെ
ആശുപീയൂഷകലശമെടുത്തുകൊണ്ടാശുഗവെഗാൽമറഞ്ഞുമഹെന്ദ്ര
നുംവഞ്ചിതന്മാരായനാഗങ്ങളുമമൃതാഞ്ചിതമായധരാതലംനൊക്കിനാ
ർകുഞ്ചിതഗ്രീവന്മാരായവരൊക്കവെ സഞ്ചിതദർഭാഞ്ചിതസ്ഥലംനക്കി
നാർദർഭാസിധാരയാരണ്ടായ്ച്ചമഞ്ഞിതുസർപ്പകുലത്തിനുജിഹ്വയുമക്കാ
ലംഇക്കഥാകെൾക്കയുംചൊൽകയുംചെയ്യൊർക്കുദുഃഖമകന്നുഗതിവരി
കെന്നുപക്ഷികുലൊത്തമൻതാനരുളിച്ചെയ്തുപക്ഷഭെദമിതിനില്ലൊ
രുവർക്കുമെ സൂതനീവണ്ണംപറഞ്ഞതുകെട്ടതിമൊദംകലർന്നൊരുശൌ
നകൻചൊദിച്ചുകദ്രുവിനാദിയിലുണ്ടായപുത്രന്മാരെത്രയുണ്ടെന്നുമ
വരുടെനാമവുംഭദ്രമതെസൂതകെൾക്കയിലാഗ്രഹമെത്രയുണ്ടെന്നതു
ചൊല്ലുകിൽനന്നെടൊ ചൊല്ലുവാനാവതല്ലെതുമെസംഖ്യയുമില്ലവ
ർക്കാകയാലൊന്നുകെട്ടീടുവിൻ നൂറുനൂറായിരത്തില്പുറംപിന്നയുമെറയു
ണ്ടുള്ളതതിൽപ്രധാനന്മാരിൽ ആറെഴുപെരുടെനാമങ്ങൾചൊല്ലുവൻ
കുറീടുവാൻപണിയുണ്ടുമറ്റൊക്കവെമുൻപിലനന്തനുംവാസുകിതക്ഷ
കൻവമ്പനാംകാർക്കൊടകൻമഹാപത്മനുംപത്മനുംശംഖപാലാഖ്യ
ൻനഹുഷനും കാളിയനൈരാവതന്മണിനാഗനും പിംഗലൻഹെമ
ഗുഹൻശിഖിമൽഗരൻനലദധിമുഖൻതാനുംമനൊമുഖൻനിർമ്മലൻ

പിണ്ഡകനും കുമുദാക്ഷനും സംവൃത്തനും വൃത്തനും ഗജപാദനും ശംഖനഖനജനെശ്വരൻപാണ്ഡരൻപുഷ്കരൻ ഭീഷണൻകൌരവ്യൻ ശമ്യകൻശ്രീവഹൻ പുഷ്കലനും ധൃതരാഷ്ട്രനും മൂഷികഭക്ഷൻ സുബാഹുഹരിശ്രകൻശംഖശിരസ്സും മഹാപൃഷ്ടദംഷ്ട്രനും കുഞ്ജരൻപിഠരകൻഗജഭദ്രനും കുണ്ഡോദരൻകൊണവാസൻമഹൊദരൻ വീരൻപ്രഭാകരൻചാരുവിഷായുധൻഘൊരമുഖരനെന്നിത്യാദിനാഗങ്ങൾഅററമില്ലാതൊളമുണ്ടിവർസന്തതികുററമില്ലാതവരും ചിലരുണ്ടതിൽ ആയിരമെണ്ണൂറുമഞ്ഞൂറും മുന്നൂറുമെഴുമ്മൂന്നൊന്നുതലയുള്ളോർആയുസ്സിനും ഭെദമുണ്ടിവൎക്കെല്ലാക്കുമായതനങ്ങളും വെവ്വെറുണ്ടു നിർണ്ണയം അന്തരിക്ഷസ്വൎഗ്ഗഭൂമിപാതാളങ്ങൾസിന്ധുവനഗിരിവൃക്ഷാദികളിലും നിത്യസുഖത്തൊടിരിക്കുന്നവൎക്കിതരബാധാദിയുമുണ്ടു ചിലൎക്കെല്ലാം എന്നിതുസൂതൻപറഞ്ഞൊരനന്തരം പിന്നെയും ശൌനകമാമുനി ചൊദിച്ചു അഗ്നിയിൽവീണുചാകുന്നനാഗങ്ങളെ കദ്രുശപിച്ചൊരനന്തരമെന്തവർചെയ്തതെന്നമ്മുനി ചൊദിച്ചതു കെട്ടു കൈതൊഴുതാദരവൊടു ചൊല്ലീടിനാൻ ശാന്തനായുള്ളൊരനന്തനനന്തരം ശാന്തതയൊട്ടുമില്ലാതമാതാവിനെചിന്തിച്ചു പൊയ് തപസ്സുതുടങ്ങിനാൻ ബന്ധമൊക്ഷപ്രഭെദാവലൊകാത്മനാ പുണ്യദെശം ഗന്ധമാദനം പ്രാപിച്ചുനിന്നുതപസ്സൊടനെകായിരത്താണ്ടു പിന്നെയവ്വണ്ണം ബദൎയ്യാശ്രമത്തിങ്കൽ ചെന്നു സുഖെന തപസ്സു ചെയ്യാൻ ചിരം പുക്കിതു ഗൊകൎണ്ണമൊട്ടുനാൾ പിന്നയും പുഷ്കരാരണ്യം പ്രവെശിച്ചിതു പിന്നെ ദുഃഖമകന്നു ഹിമാചലത്തിങ്കലും ഉൾക്കാമ്പുറച്ചു തപസ്സു ചെയ്യാൻ തുലൊം നന്ദിച്ചുഴന്നരുളി ചതുരാസ്യനും വന്ദിച്ചുകൂപ്പിസ്തുതിച്ചാനനന്തനും വ്യഗ്രിക്കവെണ്ടവരം തരുന്നുണ്ടു ഞാനനുഗ്രമായുള്ള തപസ്സിനി നിൎത്തുക ലൊകത്രയത്തിനു ചൂടുപിടിച്ചിതു ഭൊഗിപ്രവരതപൊബലംകൊണ്ടു തെന്നിൎമ്മലനൊക്കുമനന്തനതു നെരം ബ്രഹ്മാവിനെ തൊഴുതാശു ചൊല്ലീടിനാൻ വൈരം വിനതയൊടും ഗരുത്മാനൊടും പാരമുണ്ടമ്മെക്കും ഭ്രാതൃജനങ്ങൾക്കും അമ്മെക്കുമെന്നനുജന്മാൎക്കുമുള്ളൊരു ദുൎമ്മതി കണ്ടു സഹിയാഞ്ഞവരൊടും ഒന്നിച്ചിരിപ്പാനരുതെന്നു കല്പിച്ചു നിന്നു തപസ്സൊടും ദെഹത്യാഗം ചെയ്വാൻ എല്ലാമറിഞ്ഞിരിക്കുന്നിതു ഞാനെടൊ ചൊല്ലാനിനിക്കധൎമ്മത്തിൻകൽ മാനസം ഭൂതലമൊക്കവെ നീ ധരിച്ചീടുക ഭൂധരനും പ്രിയനായുള്ളൊരു കാശ്യപനീ പക്ഷീന്ദ്രനും നീയുമൊന്നിച്ചിരിക്കണം ലക്ഷ്മീപതികലാംശൊത്ഭവന്മാർനിങ്ങൾ ശെഷിയാതെ മമാദെശം ഗ്രഹിക്കുംപൊഴും ശെഷിക്കുനീയെന്നനുഗ്രഹിച്ചീടിനാൻ ശെഷനും പാതാളലൊകമകം പുക്കു ശെഷനെന്നുളിഞ്ഞിതു ലൊകങ്ങളുമെല്ലാം അ

ഗ്രജൻപൊയതറിഞ്ഞൊരുവാസുകി വ്യഗ്രിച്ചവരജന്മാരൊടുചൊ
ല്ലിനാൻ മാതൃശാപന്തടുക്കാവല്ലൊരുത്തനും ഭ്രാതാക്കളെ യതെല്ലൊന
മുക്കായതും എന്നാലുമാപത്തുവന്നാൽനിരൂപണ മെന്നിയെമറ്റൊ
ന്നുമാവതുമില്ലെല്ലൊ അതുക്കമസാദ്ധ്യമായില്ലൊരുകാൎയ്യവും ഒക്കവി
വെകമുണ്ടെന്നുവരുന്നാകിൽ നല്ലതിനിയെന്തിതിനെന്നുനന്നതംഎ
ല്ലാവരുമൊരുമിച്ചുചിന്തിക്കണം ശാപബലംകൊണ്ടുവംശംമുടിച്ചി
ട്ടും ഭൂപൻജനമെജയൻതന്മഹാക്രതു നാമതുചെന്നുമുടക്കണമെങ്കി
ലെ കാമംവരുന്നതുക്കെന്നതുനിൎണ്ണയം അന്തണരായ്ചെന്നപെക്ഷി
ച്ചുയാഗത്തിനന്തരന്നാംവരുത്തീടുകെന്നുചിലർ മന്ത്രികളായ്ചെന്നു
സെവിച്ചുവുക്കനാ ഞ്ചിന്തിച്ചതുതെന്നുചൊല്ലുകെന്നുചിലർബ്രാഹ
ണെരിക്രിയാചെയ്യുന്നതാകയാൽ ബ്രാഹ്മണരായ്ചെന്നുശാലയിലുക്ക
നാം ധാൎമ്മികന്മാരായൃത്വിയക്കുകൂടെക്കൂടിബ്രാഹ്മണരെക്കടിച്ചാശുകൊ
ന്നീടുകാ മന്നവൻതന്നെയുംപിന്നെക്കടിച്ചുകൊന്നെന്നെന്നുസുഖമെവ
സിക്കനാമെല്ലാരുംഭൂദെവന്മാരെവധിക്കരുതെന്നുമെവെദമെന്നാലൊ
രുനാളുമൊട്ടുങ്ങുമൊ ശാപഭയപരിഹാരംവരുത്തുവാൻ പാപകരങ്ങ
ളായുള്ളവനന്നല്ലഅഗ്നിശമനത്തിനഗ്നിനന്നെല്ലെല്ലൊമഗ്നമാക്കെ
ണംജലത്തിലതെനല്ലു* എംകിൽജനമെജയനാംനരപതി ശംകാവി
ഹീനംജലക്രീഡചെയ്യുംപൊൾകൊണ്ടുപൊകെണംനാംപാതാളലൊ
കത്തു കണ്ടുകൊള്ളുംപിന്നെയാഗവുമന്നെരംവെർപറിഞ്ഞാൽമരംകാ
യ്ക്കയില്ലെന്നതി കൊപികളാഞ്ചിലഭൊഗികൾചൊല്ലിനാർ കല്പാന്ത
ജീമൂതകല്പവപുസ്സൊട്ടു മപ്പൊഴുകളെഴമലറുന്നതുപൊലെ [illegible]മൊംവ
ണ്ണമദ്രംനിറത്തുനാമദ്രനാദദ്രമമുതടവിപ്പിച്ചുകൊണ്ടത്ഭുതാകാരംപരി
ഷിച്ചുപാവകൻദീപ്തികെട്ടുതുടൻതൽപ്രദെശംവിഷവ്യാപ്തമാക്കെ
ണമെന്നാൽമുടങ്ങുംമഖം സൎപ്പപ്രവരന്മാർനാനാവിധംമതമിപ്രകാര
ങ്ങൾപറഞ്ഞൊരനന്തരം വാസുകിയാകിയനാഗാധിപൻചൊന്നാ
ൻ ആസുരമായമതമിവയൊക്കവെഎല്ലാവരുമൊത്തിനിയുംനിരൂപി
ക്ക നല്ലതുതൊന്നീടുവൊളമെന്നെവെണ്ടു ചെന്നീലിനിക്കിവയൊ
ന്നുമാപത്തിൻകൽ തൊന്നുകയില്ലെല്ലൊനല്ലതൊരുവനും കാലാനുരൂ
പമായുള്ളവിവെകവും കാലാരിയൊടുപൊളിപറഞ്ഞാൻവിധി ചെ
ലയത്രെവിവെകംവിനാശത്തിൻകൽ മാലൊഴിപ്പാൻനിരൂപിപ്പി
നിന്നുംനിങ്ങൾ ഇങ്ങനെവാസുകിചൊന്നൊരുവാക്കുകൾ മംഗല
മാമ്മാറുകെട്ടാരനന്തരം എലപത്രൻതൊഴുതൊന്നുചൊല്ലീടിനാ നെ
ലാപലക്കമിതെംകിലുംകെൾക്കണം വ്യാധിയറിഞ്ഞുവെണംചികി
ത്സിപ്പതി നെതൊരുവൈദ്യനുമെന്നുധരിക്കണം അമ്മകൊപംപൂണ്ടു

നമ്മെശ്ശപിച്ചനാൾ നിൎമ്മലന്മാരായദെവകളെല്ലാരുംഅംഭൊജസംഭ
വൻതന്നൊടുചൊദിച്ചാർ തംപുരാനെതിരുവുള്ളത്തിലെറീലെകദ്രുശാ
പംകൊണ്ടുനാഗകുലമെല്ലാം അഗ്നിയിൽവീണൊടുങ്ങിടുംദയാനിധെ
സൃഷ്ടിച്ചജന്തുക്കളിൽച്ചിലതിങ്ങനെ നഷ്ടമായ്പ്പൊവതൊഴിച്ചരുളെ
ണമെ എന്നതുകെട്ടരുൾചെയ്തുകമലജൻ ഇന്നറിയാഞ്ഞുടങ്ങീടുകയ
ല്ലഞാൻദുഷ്ടർകടിച്ചുകൊന്നീടുംപലരെയുമൊട്ടൊടുങ്ങെണമെന്നിട്ടുത
ന്നെയതും ശിഷ്ടരായുള്ളൊർമരിക്കയുമില്ലതിൽ ദിഷ്ടമെന്തെന്നുചൊ
ല്ലാംവിബുധന്മാരെ ആൎയ്യവരകുലജാതൻജരൽക്കാരു ഭാൎയ്യയവനുജര
ൽക്കാരുവായ്വരും അററമില്ലാതഗുണങ്ങളൊടുമവൾ പെററുടനുണ്ടാകു
മസ്തികനാംമുനിഅക്ഷികണ്ണാന്നായരക്ഷവരുത്തുവാൻദക്ഷനവനെ
ന്നറികമരന്മാരെ വാനവരൊടജനിങ്ങനെചൊന്നതു ഞാനറിഞ്ഞൂ
നിനിവെണ്ടതുവൎയ്യാതെ സൊദരിയായജരൽക്കാരുനാരിയെ സ്സൊ
ദരംനൽകുജരൽക്കാരുവിന്നെടൊ എന്നുതെലാപത്രവാക്യങ്ങൾ കെ
ൾക്കയാൽ നന്ദിതന്മാരായ്വമഞ്ഞിതുനാഗങ്ങൾ_ വാസുകിപണ്ടുപാ
ലാഴികടഞ്ഞനാൾ പാശമായാറൊന്നബെസുതപമൊത്തിട്ടു നാശമവ
നവരായ്വാനമരന്മാരാശ്രുവിധിമതംചൊന്നാരവനൊടു_ശൌനകൻ
സൂതനൊടപ്പൊളരുൾചെയ്തു„ആനന്ദമുണ്ടുനിൻവാക്കുകെൾക്കുംതൊ
റും എന്നുജരൽക്കാരുനാമത്തിനൎത്ഥമെ നന്നമ്മുദാപറഞ്ഞീടുകസൂത
നീ ഭീഷണമായശരീരംദിനംപ്രതി ശൊഷണംചെയ്യുന്നപസാപുന
രവൻ കാരണംപെരതിനെന്നുവരുമെന്ന സാരനാംസൂതൻ പറ
ഞ്ഞാരനന്തരം ചൊല്ലുശെഷംകഥാഎന്നിതുശൌനകൻചൊല്ലിനാ
നാനന്ദമുൾക്കൊണ്ടുസൂതനും; ഭാൎയ്യാപരിഗ്രഹണാഗ്രഹംകൂടാതെപാ
രിൽജരൽക്കാരുസഞ്ചരിക്കുംകാലം ഇന്ദ്രാത്മജാത്മജനന്ദനൻഭൂപതി
ചന്ദ്രാനനയൊത്തവൻനായാട്ടിനുപൊയാൻ ദുഷ്ടമൃഗങ്ങളെ നഷ്ട
മാക്കിത്തനി ക്കിഷ്ടരൊടുംവിളയാടുന്നനെരം അംപുകൊണ്ടൊട്ടും
മൃഗത്തെത്തിരഞ്ഞതിൻ പിമ്പെനടന്നിതുസതരംഭൂപതികാണാഞ്ഞു
നീളെത്തിരഞ്ഞുഴന്നെത്രയും ക്ഷീണനായ്വന്നിതു പൈദാഹപീഡയാ
കാണായിതപ്പൊളവിടെയൊരുമുനി താനെയിരിക്കുന്നതെത്രമിളകാ
തെ ഗൊവത്സവക്ത്രഫെനാശനശീലനാം താപസനായശമീകൻ
മൌനവ്രതൻ ചൊദിച്ചാനമ്മുനിയൊടുഞാനെന്തംപു വെധിച്ച
പൊയമൃഗത്തെയുണ്ടൊകണ്ടു താപസനൊന്നുമരിയാടീലന്നെരംഭൂപ
തിവീരനഭിമന്യുനന്ദനൻ കൊപെനസൎപ്പശവത്തെവിൽകൊണ്ടെടു
ത്താപത്തിതിനാൽവരുമെന്നതൊരാതെതാപസശ്രെഷ്ഠൻകഴുത്തിലി
ട്ടീടിനാൻ താപവുംപിന്നെനരപതിക്കുണ്ടായി പാപമിതിനാൽവരു

മെന്നറിഞ്ഞവൻ ശോഭതെടുംപുരിപുക്കിരുന്നീടിനാൻ അന്നുവിധാ
താവിനെക്കണ്ടനുഗ്രഹം നന്നായിലഭിച്ചസുരാലയംപുക്കൊരു ശൃം
ഗിയാകുന്നശമീകസുതനൊടു മംഗലാത്മാ കൃശനായമുനിസുതൻചൊ
ന്നാൻപരിഹാസമൊടഥശൃംഗിയും തന്നുടെതാതവൃത്താന്ത മറിഞ്ഞ
പ്പൊൾ താപമൊടാചമനാദികളുംചെയ്തുശാപമിട്ടീടിനാൻ ഭൂപതിത
ന്നെയും, ഇച്ചെയ്യുകശ്മലനായനൃപാധിപൻ നിശ്ചയമെഴാംദിവസം
മരിക്കണം തക്ഷകൻവന്നുകടിച്ചെന്നരുൾചെയ്തു തൽക്ഷണന്താത
നെക്കണ്ടിവചൊല്ലിനാൻ_ അപ്പൊളറിഞ്ഞുശമീകനിവയെല്ലാ മുൾ
പ്പൂവിലൊത്തുമകനൊടരുൾചെയ്തു ഉണ്ണിചെറുപ്പംനിനക്കറിവില്ലൊ
ട്ടും പുണ്യവാനായഗുണവാൻമഹീപതി സപ്തവ്യസനങ്ങളുണ്ടാംനൃ
പന്മാക്കതെപ്പെരുമൊക്കിൽപ്രജകൾപൊറുക്കണം ആപത്തിനായുള്ള
സപ്തവ്യസനങ്ങൾശോഭിക്കയില്ലന്നപൊത്തമന്മാക്കെത്തും സ്ത്രീസെ
വ ചൂതുനായാട്ടസുരാപാനം വാക്യപാരുഷ്യവുംദണ്ഡപാരുഷ്യവുംഎ
ഴാമതാമത്ഥദൂഷണമായതും എന്നതിൽനായാട്ടുകൊണ്ടവൻ ബുദ്ധി
ക്കുവന്നവികല്പത്തിനിങ്ങനെ ചെയ്താമൊ നല്ലരാജാക്കൾ ക്കൊരു
പിഴയുണ്ടാകിൽ നല്ലവരൊത്തുപൊറുക്കുന്നതല്ലയൊ മന്നവനിങ്ങ
നെകമ്മമാകുന്നതു മെന്നുടെദൊഷമല്ലെന്നിതുശൃംഗിയും എന്നാലു
മിത്ഥംശപിക്കരുതാരെയുംവന്നുപൊമെന്നാൽതപസ്സിനുനാശവും ശി
ഷ്യനെയുംനിജപുത്രനെയുംഗുരുശിക്ഷിക്കവെണംവളന്നാലുമൊക്കനീ
എന്നരുൾചെയ്തുശമീകനനന്തരം തന്നുടെശിഷ്യനാംഗൌരമുഖനൊ
ടു തന്നെരഹസ്യമായിവെറെയരുൾചെയ്താ നന്യരായുള്ളവരാരുമറി
യാതെ മന്നവനൊടിവചെന്നുനീചൊല്ലണ മെന്നയച്ചാനവൻ
വെഗെനഹസ്തിനം ചെന്നുപുക്കന്നൃപൻതന്നൊടുചൊല്ലിനാൻ എ
ന്നൊടുമൽഗുരുചൊന്നതുകെട്ടാലും ജ്ഞാനമില്ലാതൊരുബാലന്മമസു
തൻ ഞാനറിയാതെശപിച്ചരുളീടിനാൻ മാരണമായൊരുശാപമ
തെത്രയും ദാരുണമായൊന്നുദൈവമതെല്ലൊ തക്ഷകനാകിയച
ക്ഷുശ്ശ്രവണനു മക്ഷമനെത്രയുംസൽക്ഷിതിപാലക ഖാണ്ഡവകാന
നദാഹകാലെ പുരാപാണ്ഡവന്മാരെക്കുറിച്ചുള്ളവൈരവും ഗാണ്ഡീ
വചാപധരാത്മജനന്ദന താണ്ഡവംചെയ്യുന്നിതുള്ളിലവനിന്നും
ആകുന്നരക്ഷകൾചെയ്തുകൊണ്ടീടുകാ ഭാഗധെയാനുരൂപംഫലംപി
ന്നെടം" എന്നിവചൊന്നൊരുഗൌരമുഖനൊടു മന്നവനാംപരീക്ഷി
ത്തുചൊല്ലീടിനാൻ, ക്ഷുൽപിപാസാദികൾകൊണ്ടുബുദ്ധിഭ്രമ മല്ലജ്ഞാ
നാമിനിക്കുണ്ടായകാരണം ഭക്തിവാരാതിരിപ്പാനനുഗ്രഹ മക്കരു
ണാനിധിക്കുണ്ടായിരിക്കണം. നിർമ്മലനാംഭരദ്വാജപുത്രാത്മജ ബ്ര

ഹാസ്ത്രശക്ത്യാമരിച്ചിതുമുന്നമെ മാതാവുതന്നുടെഗൎഭാന്തരത്തിൽ
മാധവൻതൃച്ചക്രമൊടുമകംപുക്ക പയ്യാമഹാസ്ത്രംതടുത്തുരക്ഷിച്ചുടൻ
പയ്യലാമെന്നെജനിപ്പിക്കയുംചെയ്യാൻ ദ്രോണപുത്രബ്രഹ്മാസ്ത്ര
ത്തിങ്കൽനിന്നു മല്പ്രാണനെരക്ഷിച്ചനാരായണൻ ജഗൽക്കാര
ണൻകാരുണ്യപീയൂഷവാരിധി പാദചരണാംബുജംശരണംമമ
നാരായണഹരെനാരായണഹരെ നാരായണഹരെനാരായണഹരെ
ഭക്തപരായണമൃത്യുനിവാരണ ഭുക്തിമുക്തിപ്രദശക്തിയുക്തപ്രഭൊ
സച്ചില്പരബ്രഹ്മമൂൎത്തെപരമാത്മ നച്യുതാനന്തഗൊവിന്ദമുകുന്ദ മ
ച്ചിത്താലയാനന്ദകൃഷ്ണവിഷ്ണൊഹരെ വിപ്രശാപന്തടുക്കാവല്ലനിൎണ്ണ
യം ചിൽപ്പുമാനാന്തന്തിരുവടിക്കമതൊ മുല്പാടുവൃഷ്ണികുലവിനാശം
കൊണ്ടെന്നുൾപ്പൂവിലുണ്ടതുംവൈഭവന്താവകം പണ്ടെമരിച്ചൊരി
നിക്കമരണത്തിനുണ്ടൊഭയമിന്നിന്നായിതെത്രയും മുൻപെമര
ണമറിയിച്ചതുമിനിക്കെൻപെരുമാൻതന്നനുഗ്രഹംനിശ്ചയം ആ
നന്ദബൊധമൊടുംഗല്ഗദാക്ഷര വാണികളൊടൊരൊമാഞ്ചവുംപൂണ്ടവ
ൻ സച്ചില്പരബ്രഹ്മണിലയിച്ചാനന്ദ നിശ്ചലനായ്മുഹൂൎത്തംനിന്നരു
ളിനാൻ ബുദ്ധിയുംബ്രഹ്മപൂൎണ്ണാബ്ധിയിൽനിന്നുട നുദ്ധരിപ്പിച്ചു
ലൊകാത്മനാചൊല്ലിനാൻ „സൎപ്പംകടിച്ചുമരിച്ചാൽഗതി യില്ലെ
ന്നിദ്ധരതലത്തിങ്കലുണ്ടുജനശ്രുതി" വിപ്രശാപത്തിനുപിൽപ്പാടുന
ല്ലതെ നല്ലെതരജ്ഞന്മാർചൊല്ലിയുംകെൾപ്പുണ്ടു ദുഃഖവുംസൌഖ്യ
വുംമൃത്യുവുംജന്മവും സ്വൎഗ്ഗനരകജരാനരാശിതൊണ്ണും ഇത്യാദ്യനെക
വിധംഭാന്ദ്രജാലങ്ങൾ മിത്ഥ്യയത്രെമഹാമായാഗുണവശാൽ അഭ
യനവ്യയൻപൂൎണ്ണനെകൻപരൻ നിത്യൻനിരുപമൻനിൎഗ്ഗുണൻ
നിഷ്കളൻ നിശ്ചലൻനിൎമ്മലൻനിസ്പൃഹൻനിൎമ്മമൻ അച്യുതനാദ്യ
നനന്തനാനന്ദാത്മാ നിൎവ്വികാരൻനിരാകാരൻനിരാധാരൻ നിൎവ്വി
കല്പൻനിരാഖ്യാനൻനിരാമയൻ സത്യജ്ഞാനാനന്താനന്ദാമൃതന്മായാ
കൃത്യകൎത്താഭൎത്താഹൎത്താജഗല്പിതാ വെദസ്വരൂപൻവെദാൎത്ഥസാരാ
ത്മകൻ വെദവെദാംഗവെദാന്തവെദ്യൻപരൻ ശുദ്ധൻപരമൻപ
രാപരനീശ്വരൻ കൂടസ്ഥനവ്യക്തനാദിനാഥൻശിവൻ ശാന്തനാ
ത്മാരാമനാത്മപ്രിയൻജഗൽ ക്കാരണനാത്മപ്രദൻവിശ്വപതിഹരി
കൃഷ്ണൻയദുപതിസല്പതിമല്പതി വൃഷ്ണികുലപതിപത്മാലയാപതി വി
ഷ്ണുധരാപതിവൃന്ദാരകാപതി ജിഷ്ണുപതിശൌരിധൎമ്മപതിവിദ്ദ്വ യ
ജ്ഞപതിപാണ്ഡുപുത്രഗതിപതി സുജ്ഞാനിനാംപതിദൈവൻപശു
പതി ഗൊപതിഗൊപീജനപതിഗൊപതി ഗൊപകുലപതിപത്മ
വിലൊചനൻ ദെവകീനന്ദനനെന്നുള്ളിൽവാഴുന്ന ദൈവദൈവൻത

നികൊന്നതെല്ലാംവരും പാപിയായൊരപരാധിയാമെന്നൊട കൊ
പമുണ്ടാകാതനുഗ്രഹിക്കെണമെ" ഇത്ഥംക്ഷമാനമസ്കാരങ്ങൾപിന്നെ
യും പൃത്ഥ്വീപതിചെയ്തയച്ചാനവനെയും തക്ഷകൻവരാസ്സരിന്നു
നൃപതിയും തക്ഷപ്രവരരെയൊക്കവരുത്തിനാൻ കല്പിച്ചിതെക
സ്തംഭാഗ്രെഭദ്രാരൊഹശില്പപ്രാസാദവുമന്തൽപ്രദെശങ്ങളിൽ കാകൊ
ദരാസഹസിദ്ധൌഷധങ്ങളും കാകൊദരനാശനമന്ത്രയന്ത്രങ്ങളും മൃ
ത്യുഞ്ജയക്രിയാതല്പരന്മാരായ പൃത്ഥ്വീസുരരെയുംമാമുനിമാരെയും ചു
റുമിരുത്തിയതിന്മെലിരുന്നിതു പററലർകാലനാംവിഷ്ണുരാതൻനൃപ
ൻ തക്ഷകദഷ്ടനായ്മൃത്യുവരും പ്രജാ രക്ഷാകരനായരാജാവിനെന്ന
തും തൽക്ഷണംകെട്ടുനൃപവരജീവനം രക്ഷിപ്പനെന്നുപുറപ്പെട്ടുകാ
ശ്യപൻ വൃദ്ധതപൊധനവെഷവുംകയ്ക്കൊണ്ടു പഥിമദ്ധ്യെഭുജം
ഗപ്രവരനും താതനെക്കണ്ടുചൊന്നാനെവിടെക്കിന്നു യാതനായിട്ടു
ന്നതെന്നരുൾചെയ്യണം ശൃംഗിപാശംകൊണ്ടുതക്ഷകദഷ്ടനാം മംഗ
ലഭൂപനെരക്ഷിപ്പതിന്നുഞാൻ പൊകുന്നതെന്നുകെട്ടൊരുതക്ഷക
ൻ ആകുന്നതല്ലതടങ്ങിടുകനല്ല സർവ്വവിഷഹരണത്തിനുദക്ഷൻഞാ
ൻ ദർവ്വീകരവിഷമെന്തസാരന്നുലൊം എന്നരുൾചെയ്യൊരുകാശ്യപ
ൻ തന്നൊടുപിന്നയുമൊന്നുചൊല്ലിടിനാൻ തക്ഷകൻഎന്തുഫലം
ധരണീന്ദ്രനെ രക്ഷിച്ചാൽചിന്തിതമെന്നൊടരുൾചെയ്കയുംവെണം"
ജീവനരക്ഷണത്തിന്നുസുകൃതമു ണ്ടാവൊളമർത്ഥവുംകിട്ടുമിനിക്കെ"
ഞാൻസർവ്വജനത്തെയുംരക്ഷിച്ചുപൊരുന്നൊ രുർവ്വീശ്വരന്തന്നെര
ക്ഷിച്ചുകൊള്ളുംപൊൾ സർവ്വരക്ഷാകരമായതുമെത്രയും ദിവ്യനെല്ലൊ.
സവ്യസാചിസുതാത്മജൻ ദെഹികളെപ്പരിപാലിച്ചുകൊള്ളുകി ലൈ
ഹികപാരത്രികങ്ങളുംസാധിക്കാം_തക്ഷകൻതാതനൊടപ്പൊളുരചെ
യ്തു രക്ഷിപ്പതിന്നുപണിയുണ്ടുനിർണ്ണയം ബ്രാഹ്മണശാപംതടുക്കരു
താക്കുമെ ധാർമ്മികന്മാരെന്നിരിക്കിലുംകെവലം ബ്രഹ്മനുംവിഷ്ണു
വിനുംമഹാദെവനും സമ്മതംഭൂദെവശാപവരാദികൾ "സർവ്വലൊക
ങ്ങൾക്കുമീശ്വരനായതു മർവ്വീസുരനെന്നറികമുനിവര" നിഗ്രഹാനു
ഗ്രഹാവഗ്രഹാവൃഷ്ടിക ളുഗ്രകുലാഗ്രെസരാശ്രയഭൂതങ്ങൾ പിന്നെ
വിശെഷിച്ചുതക്ഷകൻതൻവിഷ മൊന്നുകൊണ്ടുംതടുക്കാവതുമല്ലെ
ല്ലൊ ആകാംക്ഷയായതെന്തുള്ളിലിവനെന്നൊ രാകാംക്ഷമാശീചനു
ണ്ടായതുനെരം ക്രുദ്ധനാംതക്ഷൻകാശ്യപന്തന്നൊടു വൃദ്ധതപൊധ
നവെഷമുപെക്ഷിച്ചു തക്ഷകനായതുഞാനെന്നറിഞ്ഞാലും പക്ഷെ
പരീക്ഷിച്ചുകൊണ്ടാലുമിപ്പൊഴെ എന്നുപറഞ്ഞുകടിച്ചിതുതക്ഷകൻ
നിന്നമഹാവടവൃക്ഷത്തെയന്നെരം തക്ഷകക്ഷ്വെളാഗ്നിയെറ്റപ്പി

ടിപെട്ടു വൃക്ഷപ്രവരനും ഭസ്മമാക്കളിച്ചു നിന്നനിലം തൊട്ടതന്നെ ജ
പിച്ചിതു പന്നഗാധീശ്വരൻ മുന്നിലെമാമുനി നന്നായ്യുളച്ചുതളിത്തി
തുപെരാലും മുന്നെതിലെററവും നന്നായിതന്നെരം ഇപ്പരീക്ഷിച്ചതു
നന്നെററമെങ്കിലും ഇപ്പരീക്ഷിത്തുജീവിക്കെന്നതില്ലെല്ലൊ ബ്ര
ഹ്മവചൊവിഷ്ഠമദാവിഷസംയുതം ബ്രഹ്മപ്രഭുയക്ഷമന്ത്രവവിദ്യയും
എന്നെവിചിത്രമെന്നുനന്നെത്രയും എന്നുപറഞ്ഞുകൊട്ടുത്തിതുത
ക്ഷകൻ രത്നാധനാദികളററമില്ലാതൊളം യത്നമിളച്ചാൻമുനിയുമന്നു
നെരം കദ്രുവുരാശപിച്ചെന്നുമൂലന്നിജ പതിവാക്യമെററുസത്യമാ
ക്കീടുവാൻ ആശ്രമംപുക്കമുനീശ്വരൻതക്ഷകൻ കാശ്യപൻപൊയൊ
രനന്തരം ചിന്തിച്ചാൻ "എന്തൊരുപായം നൃപനെക്കടിപ്പതി നന്തണെ
ക്കെപൊലടുത്തുചെല്ലാവിതും" എന്നതറിഞ്ഞുസജാദികളാകിയ പ
ന്നഗന്മാരൊടുചൊല്ലിനാൻതക്ഷകൻ നിങ്ങൾതപൊധനവെഷം
ധരിച്ചിനി മംഗിടാതൊരുഫലംകൊടുത്തീടണം സമ്മാനമായ്ത്താനതി
ല്പുക്കിരുന്നുകൊണ്ടുമഹീപാലനെയുംകടിച്ചീടുവൻ തക്ഷകൻചൊ
ന്നതുചെയ്യാരവർക്കുളും മുഖ്യനാം ഭൂപതിവീരനുമക്കാലം ഭാർഗ്ഗവകൌശിക
കണ്വവിശ്വാമിത്രഗാൎഗ്യവസിഷ്ഠഭരദ്വാജഗൌതമ യാജ്ഞവൽക്യാ
ത്രിപുലസ്ത്യശംബാഗസ്ത്യപ്രാജ്ഞപരാശരദ്വൈപായനാദിയാംതാപ
സശ്രെഷ്ഠന്മാരുംദ്വിജാഢ്യന്മാരും ദിവ്യന്മാരായിമററുള്ളജനങ്ങളുംസ
ഖ്യസാചിപ്രിയപാദഭക്തന്മാരുംഒക്കെവരികെന്നയച്ചവരുത്തിനാൻ
ഷൊഡശദാനങ്ങളുംക്രമത്താൽചെയ്തുബാന്ധവപ്രീതിയുംചെയ്തുമഹാ
ദാനംഅററമില്ലാതൊളംചെയ്തുവിശുദ്ധനായിപുത്രനെയുംപുനരന്നെ
റമൂദ്ധാവിങ്കൽബദ്ധമൊദംബാഷ്പരീത്യാഭിഷെകവും ചെയ്തുമാത്യാ
ചാൎയ്യഭൃത്യവൎഗ്ഗത്തിനുംകൈതവഹീനംകൊടുത്താനതിമതം ഭൂസുരന്മാ
രുംമുനീന്ദ്രരുംശിഷ്യരുംദാസവരന്മാരുമായുടൻപ്രാസാദം ഭാഗീരഥീ
ജലമദ്ധ്യസ്ഥമെറിനാൻ നാഗധെയാംബുധി ഭാഗവതൊത്തമൻ
ശ്വെതദ്വീപൊപരിശ്വെതപത്മാസനെ ശ്വെതപതിരിവരെജ്ജെമ
ദ്ധ്യഗംഗംചുററുമിരുത്തിനാനാസനാഗ്ര്യങ്ങളിൽ മററുള്ളവരെയഥാ
യൊഗ്യംമഹീശൻദർഭവിരിച്ചുവടക്കുതിരിഞ്ഞിരു ന്നപ്പൊളനശനംദീ
ക്ഷിച്ചുശുദ്ധനായി ധൃതപാപവിത്രംപുനരുപസത്തിനെ കൃതപ്രദ
ക്ഷിണംകൃതാമൃഹൂസ്സുയം മാമുനീന്ദ്രന്മാരെവന്ദിച്ചുചൊദിച്ചാൻ ഭൂ
മിദെവൊത്തന്മാൎക്കുനമസ്കാരം ജന്മങ്ങളെററമിനിയുമുണ്ടാകിലും നി
ൎമ്മലന്മാരായഭൂമിദെവന്മാരിൽ ഉണ്ടാകരുതെന്നുമാത്രമവമാനമുണ്ടാ
കവെണമിളകാതഭക്തിയും എന്നതനുഗ്രഹിക്കെണം വിശെഷിച്ചു
മൊന്നുണ്ടുഞാനപെക്ഷിക്കുന്നുപിന്നെയും മൎത്ത്യനായാൽമരിപ്പാൻതുട

ക്കുന്നേരം കൎത്തവ്യമെന്തു മൊക്ഷത്തിനു ചൊല്ലേണം എന്നു രാജാവു
ചോദിച്ചതു കേട്ടപ്പൊൾ ഉന്യോന്യമാലോകനം ചെയ്യുവൊൎക്കും വെദവെ
ദാന്തശാസ്ത്രങ്ങളിൽ തിര ഞ്ഞെതെതുമില്ലതെന്നോൎത്തിരിക്കും നേരം
കൃഷ്ണവൎത്മാ ഭയാകാരനായിതന്തികെ കൃഷ്ണതനൂജനാം ശ്രീശുകൻ ത
ന്നെയും ഒന്നാശ്രമിന്നി സഭാതലമന്നേരം ഇന്ദ്രസഭാന്തെ ബൃഹസ്പതി
തൽഗുരു വന്നതുപോലെ വിളങ്ങി സഭാതലം സുന്ദരരൂപൻ ദിഗംബ
രൻ നിൎമ്മലൻ ഗൎഭപാത്രത്തിൽ കിടന്നനാളെ പുരാ മുക്തനായുള്ളവി
ച്ഛേദരുതപൊധനൻ മന്ദമന്ദമെഴുന്നെള്ളിയ നേരത്തു മറ്റെന്തരം മാന്യ
സ്ഥാനവും നൽകിനാർ പാദ്യവുമാചമനീയവുമൎഘ്യവുമാദ്യമാമാസ
നവും മധുപൎക്കവും വെദ്യമാം വണ്ണം വിധായ തെളിഞ്ഞഭിവാദ്യവും ചെ
യ്തു നിന്നു നൃപെന്ദ്രാദ്യരും "ഞങ്ങളോടിന്നു ചോദിച്ച ചോദ്യത്തെ നീ മം
ഗലാത്മാവെ തെളിഞ്ഞു ചോദിച്ചാലും ശ്രീശുകനായ തപൊധന ശ്രെ
ഷ്ഠനൊടാശ്രുതീരും ബഹുസംശയമെവൎക്കും മെലിൽ കലിയുഗത്തി
ങ്കലുള്ളൊൎക്കും നാലാം പുരുഷാൎത്ഥസാധനമായതും അന്ത്യകാലത്തി
ങ്കലെതു മനുഷ്യനാൽ ചിന്ത്യമെന്തെന്തൊന്നു കൎത്തവ്യമായതും ശ്രൊത
വ്യമാകുന്നതെന്തെന്നു മാദരാൽ മൊദാലരുൾചെയ്യവെണം ദയാനി
ധെ ആസന്നമൃത്യുവായൊരടിയൻ തവ ദാസപാദാംബുജഭക്തജനൊ
ത്തമൻ മൊക്ഷൈകസാധനമായുള്ളതിപ്പൊഴെ സാക്ഷാലടിയനുപ
ദെശിച്ചിടെണം ശിഷ്യാഹമെന്നഭിവാദ്യവും ചെയ്തു സന്തുഷ്ട്യാ പവി
ത്രം ധരിച്ചിരുന്നീടിനാൻ മന്ദസ്മിതാനനൻ ബ്രഹ്മരാതൻ ഗുരുവ
ന്ദനവും ചെയ്തരുൾ ചെയ്തിതുത്തരം "ധ്യെയനാകുന്നതും വിഷ്ണു നാരായ
ണൻ ശ്രൊതവ്യമാകുന്നതും തൽകഥാമൃതം കൎത്തവ്യമാകുന്നതും അഭിവന്ദ
നം ചിത്തം തെളിഞ്ഞു കെൾക്കെന്നരുളിച്ചെയ്തു ശ്രീശുകൻ ചൊല്ലുന്ന ഭാ
ഗവതം കെട്ടൊരാശയും കൂടാതെ നാരായണങ്കൽ എകീഭവിച്ചുള്ളൊ
രാത്മാവിനൊടു കൂടെ കാന്തസൌഖ്യം കലന്നു മരുവുമ്പൊൾ എഷണ
പാശങ്ങളൊക്കവെ ഖണ്ഡിച്ചാനെഴാം ദിവസവുമസ്തമിച്ചു തദാ ഭൂപ
തി ചൊന്നാനമാത്യരൊടന്നെരം ശാപഭയമിനിക്കില്ലെന്നതും വന്നു
താപസൻ തന്ന ഫലമുപജീവിച്ചു താപം കെടുക്കാറാമെന്നതു കെട്ടവർ
"പാരായ്കപാരണെ ഒയ്യെന്നവർ ചൊല്ലിനാർ പാരിന്നു നാഥൻ പരി
ക്ഷിത്തു മാദരാൽ എവരുമൊന്നിച്ചു തിന്നു തുടങ്ങിനാർ സെവകന്മാൎക്കു
കൊടുത്തു നൃപതിയും താനുമെടുത്താനൊരു ഫലം ഭക്ഷിപ്പാൻ കാണായി
തു ചുവന്നൊരു കൃമിയതിൽ ബ്രാഹ്മണഭക്തനാം ഭൂപതി ചൊല്ലിനാൻ
ധാൎമ്മികന്മാരാമമാത്യരൊടന്നെരം തക്ഷകനെന്നപെരിട്ടു കൊണ്ടി
പ്പൊൾ നാം ഇ ക്രിമിയെക്കൊണ്ടു തന്നെ കടിപ്പിച്ചാൽ ഭൂദെവശാപമസ്തു

ത്ഥ്യമായുംവരാഖെദം നമുക്കുവരികയുമില്ലെല്ലൊനൃപതിതന്നൊരവന്റെ
മൊഴികെട്ടതെല്ലാവിധിവിഹിതമൊൎത്തജാതിയുംമന്ദമെട്ടുതുകഴിഞ്ഞില
ന്നെപ്പൊൾ ഉരഗേന്ദ്രകാധിപനായതക്ഷകൻ ചുററിനാൻഭൂപ
തിതന്റെദെഹമൊക്കവെ മററുള്ളപന്നഗരുമൊത്തൊടീടിനാർ ഹാലാഹ
ലാനലജ്വാലയാഭൂപതി കൊലാഹലത്തൊടുനാകലൊകംപുക്കാൻ ദുഃ
ഖിതന്മാരാമമാത്യന്മാർ ശുദ്ധശെഷക്രിയാപുത്രനെകൊണ്ടുചെയ്യിപ്പിച്ചാ
രാജ്യാഭിഷെകവുംചെയ്യനാനാജനപൂജ്യനായ്വന്നാൻജനമെജയനൃ
പൻകാശീശപുത്രിവപുഷ്ടമയൊടുഭൂമീശൻ സുഖിച്ചുവസിക്കുന്നതു
കാലംനിത്യവിരക്തൻജരൽക്കാരുമാമുനി ഭക്ത്യാവനാന്തരെസഞ്ചരി
ക്കുംവിധൌകണ്ടിതുവാസുകിവന്ദിച്ചുതൻകൂട്ടികൊണ്ടുപൊയ്സൊദരി
തന്നെനൽകീടിനാൻ അപ്രിയംചെയ്യുതാൻ ചൊൽകതാൻചെയ്കിൽ
ഞാനപ്പൊളുപെക്ഷിക്കുമെന്നതുംചൊല്ലിനാൻഭൎത്തൃശുശ്രൂഷാപരതയാ
മവളൊടുനിത്യസുഖത്തൊടിതന്യമുനീന്ദ്രനും ഇത്ഥംചിലനാൾകഴി
ഞ്ഞൊരനന്തരംസത്യപരായണനായമഹാമുനിമുഗ്ദ്ധാക്ഷിതന്മടിയിൽ
തലയുംവെച്ചുനിദ്രയുംപൂണ്ടുകിടക്കുന്നതുനെരംമിത്രനസ്തമിപ്പാനടുത്തു
തുലൊംഭൎത്താവുണൎന്നതുമില്ലെന്നുകണ്ടവൾചിന്തിച്ചുകണ്ടൊരൊല്ലന്നെര
ത്തെന്നുംസന്ധ്യാവിലൊപംവരുത്തരുതെന്നതുംസന്ദെഹമുണ്ടായനെ
രത്തുതന്നുള്ളിൽ സുന്ദരിതാനെന്നിരൂപിച്ചുകല്പിച്ചു സന്ധ്യാലൊപത്തി
ന്റെദൊഷമെറ്റംനിദ്രാന്തരംചെയ്കയത്രെപൊറുക്കാവതും എന്നുകല്പി
ച്ചുണൎത്തീടിനാൾതാപസ നന്നെരമാശുകൊപിച്ചുചൊല്ലീടിനാൻ
എന്നെയുണൎത്തുവാനെന്തുനിമിത്തമെ നിന്നുടെഭൎത്തൃശുശ്രൂഷാഭംഗം
വന്നു അന്ധനെന്നെന്നിനികല്പിക്കചെയ്യുതും സന്ധ്യാവന്ദനംപൊളു
ന്നെതുവന്നാലൊ ഞാനുണൎന്നില്ലെങ്കിലാദിത്യനുമെന്നെ മാനി
ച്ചുപൊക്കതിനില്ലസംശയം അത്രമഹത്വമിനിക്കുള്ളതെന്നുമെ സിദ്ധ
മല്ലൊത്തിനുന്നറിയകാരണം നിന്നെയുപെക്ഷിക്കയെന്നതുംവന്നി
തിനിന്നുടെസത്യലൊപംവരുമല്ലൊ ഇത്ഥമെന്നതുകെട്ടുകരഞ്ഞുതുടങ്ങി
നാൾതാനുംശിരഃപിടിച്ചുപിന്നെയുംചൊല്ലിനാൾ "എന്നൊടിവണ്ണമ
തൽചെയ്യരുതെയ്യൊ നിന്നുടെധൎമ്മലൊപംവരുമെന്നതൊ ഞാനെ
റിഞ്ഞതൊൻചെയ്യുവാൻ പരാധം എന്നെക്കരിച്ചുപൊറുത്തുകൊള്ളു
ന്നുമെ നിൎമ്മലതാപസന്മാരനിന്നവെന്തന്നു ചെമ്മെതിരിച്ചറിവാ
ൻപണിയുണ്ടെല്ലൊ" ദുഃഖിച്ചിവണ്ണംപറഞ്ഞുകരയുന്ന മുഗ്ദ്ധാംഗിയൊ
ടരുൾചെയ്തുമുനീന്ദ്രനും "സത്യവിരൊധംവരുത്തുകയില്ലഞാൻ ഉത്തമ
യായനീഖെദിക്കയുംവെണ്ട" ഭൎത്തൃവാക്യംകെട്ടുഭയാംപതിയും ചിത്ത
താപത്തൊടുചൊല്ലിനാൾപിന്നെയും വഹ്നിയിൽവീഴ്കൊന്നുമൎതാവൃതാ

ൻ പണ്ടുപന്നഗന്മാരെശ്ശപിച്ചൊരുകാരണം അന്വയനാശമൊഴിപ്പ
തിന്നായൊരു നന്ദനനുണ്ടാമിനിക്കെന്നുകല്പിച്ചു പന്നഗെന്ദ്രന്മമ
സൊദരൻവാസുകി എന്നെഭവാനുനൽകീടിനാൻനിർണ്ണയം ധന്യെ
വിരിഞ്ചനിയൊഗവുമുണ്ടുപൊ ലെനുടെഗർഭംവൃഥാനുമില്ലെല്ലൊ"
ഇത്യാദികൾപറഞ്ഞെററം കരയുന്ന മൃഗാംഗിയിൽ കൃപയൊടുചൊല്ലീ
ടിനാൻ ഭർത്തൃപരായണെഭദ്രെകെൾദയിതെ ഭക്തിവിശാലഗുണങ്ങൾക്കു
ണ്ടുതെളിഞ്ഞുഞാൻ അത്ഭുതനാകിയൊരുർഭകൻനിന്നുടെ ഗർഭഗനായു
ണ്ടുവൻനല്ലനെരംകൊണ്ടുജ്ജ്വലിച്ചീടും ഗുണവാനവൻതാനും സ
ർപ്പാന്വയമൊക്കെരക്ഷിക്കയുംചെയ്യും ഭർഗനല്ലവനൊട്ടുമവനൊളം
സത്ഭാവമില്ലമററാർക്കുമറികനി താപം ഭ്രാതൃമുഖ്യനാംസർപ്പഭൊഗിനായ
കൻ നിർഭാഗ്യനല്ലെടൊവാസുകിവീരനും നിത്യംതപസ്വിനെകാംക്ഷ
യുള്ളമമ പുത്രനുണ്ടായാൽമതിഗൃഹസ്ഥാശ്രമം നിന്നെക്കുറിച്ചുവിര
ക്തനായിട്ടല്ല ധന്യെസമസ്തവിഷയവിരക്തൻഞാൻ സത്യവിരൊ
ധംവരുത്തുകയുംവെണ്ടാ സത്യമത്രെഞാൻപറഞ്ഞതറിഞ്ഞാലും നി
ങ്ങളുടെകുലത്തിനുസൌഖ്യംവരും മംഗലനായമമാത്മജനാലിനി"
എന്നിവചൊന്നുനീവാസുകിയൊടുചൊൽ കെന്നരുൾചെയ്തെഴുന്ന
ള്ളിമുനീന്ദ്രനും വാസുകിയെക്കണ്ടവളിവയുംചൊല്ലി വാസവുംചെ
യ്തുനാഗപുരത്തിൽ നല്ലമുഹൂർത്തെപിറന്നകുമാരനുമെല്ലാവരുന്തെ
ളിഞ്ഞാരഹിവീരരും അസ്തിശബ്ദത്തെന്നുതപൊധനൻ സത്ത്വമാ
യ്യൊന്നുകാരണമാകയാൽ അസ്തികനെന്നുപെരിട്ടിതുവാസുകി
നിത്യമൊരൊദിനവുമുന്നുബാലനും വെദവെദാംഗവെദാന്താദിവിദ്യ
കൾ വെദൊക്തബാലനദ്ധ്യയനംചെയ്യാൻ ആചാര്യനാകുംച്യ
വനമുനീന്ദ്രനൊടാശിർവ്വാദംവാങ്ങിദക്ഷിണയുംചെയ്യാൻ നാനാ
രത്നങ്ങൾധനധാന്യരാശികൾ ഭൊഗീശരാജനയാനകിനാനാ
വൊളം ദിവ്യനായിട്ടുച്യവനൻപ്രസാദിച്ചു സർവ്വജ്ഞനായ്വരികെ
ന്നുചൊല്ലീടിനാൻ സൂതനിവണ്ണംപറഞ്ഞൊരനന്തരം സാദരമൊ
ദിച്ചുപിന്നെയുംശൌനകൻ ഹാലാഹലജ്വാലയാമുനിശാപത്താൽ
കാലവശഗതനായതാതൻകഥാ മൂലമറിഞ്ഞവാറെങ്ങിനെചൊല്ലനീ
ബാലകനായജനമെജയനൃപൻ ചൊന്നാനതുസൂതനെങ്കിലതുംകെ
ൾപ്പിൻ മുന്നമുദങ്കൻപറഞ്ഞൊട്ടറിഞ്ഞിതു പിന്നെയുംമന്നവന്ത
ന്നമാത്യന്മാരെ മുന്നിൽവരുത്തിമുഴുവൻവിചാരിച്ചാൻ എന്നുടെതാ
തനുണ്ടായവൃത്താന്തങ്ങളെന്നൊടുനിങ്ങൾമുഴുവൻപറയണം എന്നതു
കെട്ടതൊഴുതവർചൊല്ലിനാർ "നിന്നുടെതാതനുടെഗുണംചൊല്ലുവാൻ
പന്നഗനായകനന്തനുമാവതല്ല നൃപരായുള്ളവരെങ്ങിനെചൊല്ലുന്നു

ഇന്ദ്രാദിദിക്പാലകന്മാരുടെഗുണ മൊന്നൊഴിയാതെനൃപനന്ദനനിൎണ്ണ
യം ശ്രീരാമനുസമനെന്നെപറയാവൂ പാരിതുപാലനംചെയ്യുതൊ
ക്കും.വിധൌ വിഷ്ണുരാതാഖ്യനാംവിശ്വംഭരാവരൻ വിഷ്ണുഭക്താഗ്ര
ഗണ്യോത്തമൻസത്തമൻ ജിഷ്ണുനന്ദനപുത്രൻപരീക്ഷിത്തു കൃ
ഷ്ണലീലാനന്ദസിന്ധുമഗ്നാത്മകൻ വിശ്വംഭരാപതിവിശ്വംഭരപ്രി
യൻ വിശ്വരക്ഷാകരൻവിശ്വനാഥോപമൻ വൎണ്ണാശ്രമശ്രേണി
ധൎമ്മസ്ഥിതിചെയ്തു നന്നായ്പരിപാലനംചെയ്തുഭൂതലം വന്നകലിയെ
യുമാട്ടിക്കളഞ്ഞിതു പിന്നെയാരുള്ളതുമറ്റാരുവൈരികൾ ഏകാതപ
ത്രയായ്പുനധരണിയും ഏകാന്തസൌഖ്യനനിന്നിതുലക്ഷ്മിയും ചെ
ന്നുവയസ്സുമറുപതുകാലം മന്നവൻപള്ളിവെട്ടയ്ക്കെഴുന്നള്ളിനാൻ
അന്നുപൈദാഹങ്ങൾകൊണ്ടുവികല്പവും വന്നിതുബുദ്ധിക്കതുനിമി
ത്തമൊ ശൃംഗിശാപംകൊണ്ടുതക്ഷകൻതന്നുടെ സംഗതിനീക്കരുതാ
തെചമഞ്ഞിതു പിന്നെയുണ്ടായവൃത്താന്തങ്ങളാഭവാ നൊന്നൊഴി
യാതെയറിഞ്ഞല്ലൊമെവുന്നു" എന്നിതമാത്യന്മാർചൊന്നതുകെട്ടൊരു
മന്നവൻപന്നഗസത്രമാരംഭിച്ചാൻ ചൊന്നാനുദങ്കനതിനുപായ
ങ്ങളും വന്നമുനികളുമാമെന്നുചൊല്ലിനാർ ശില്പിയെക്കൊണ്ടനുശാ
ലനിൎമ്മിപ്പതിന്നപ്പൊളവനൊരുലക്ഷണംചൊല്ലിനാൻ അഗ്നിസ
മാനനാം ബ്രാഹ്മണനാലൊരു വിഘ്നമിതിന്നുവരുമെന്നുനിൎണ്ണയം
വാസ്തുസംസ്ഥാനക്രിയാന്തരെതൊന്നിച്ച വാസ്തുവലക്ഷണമെന്ന
വൻചൊൽകയാൽ ദ്വാസ്ഥന്മാർഗോപുരത്തിൻകൽനിന്നീടുക പാ
ൎത്താരുമിങ്ങുവരായ്കതിന്നെന്നതും ധാത്രീശനാംജനമെജയൻകല്പി
ച്ചൊ രാസ്ഥാകലൎന്നുയാഗന്തുടങ്ങിടിനാർ സംഭാരമൊക്കവെസംഭ
രിച്ചീടിനാർ സംഭ്രമത്തൊടുമമാത്യജനങ്ങളും ധാത്രീസുരന്മാരുപകര
ണങ്ങളുംതീൎത്തുഘൊഷിച്ചുതുടങ്ങിമഹാക്രതു നീലാംശുകധരന്മാരാ
ദിദ്വിജേന്ദ്രന്മാർ കൊലാഹലെനവെദങ്ങളുമൊതിനാർ നാലാംശ്രുതി
ക്രിയചെയ്തുതുടങ്ങിനാർ ഭൂലൊകവുംമറഞ്ഞുപുകതന്നിലെ ഹൊതാമു
നിതിലകൻചണ്ഡഭാൎഗ്ഗവൻ ചെതസിചിന്തിച്ചചൊന്നതൊരുക്ക
വാൻപുക്കാർപാരാശൎയ്യഹൊതാദികളെല്ലാം ഒക്കെപ്പരികൎമ്മവുംതുട
ങ്ങീടിനാർ ഹസ്തിഹസ്തൊപമന്മാരായസൎപ്പങ്ങളുഗ്രമന്ത്രപ്രയൊഗാ
ജ്യാഹുതികൊണ്ടു കത്തിയെഴുന്നൊരുപാവകജ്വാലയാ ദഗ്ദ്ധഗാത്രാത്മ
നാഗന്താന്തരങ്ങളിൽ എണ്ണമിരിക്കരുതാതെതളൎന്നവർ തങ്ങളിൽചു
റ്റിഞെളിഞ്ഞുപിരിഞ്ഞുവ ന്നഗ്നിയിൽവീണുപൊരിഞ്ഞുതുടങ്ങിനാ
രഗ്നിയുമെറ്റംതെളിഞ്ഞുവിളങ്ങിനാൻ അഞ്ചുമെഴുംമൂന്നും മസ്തകമുള്ള
വ രഞ്ചുമാറുംതമ്മിലൊന്നിച്ചുവീണുയും വാതാശനകലഹാഹാനിനാ

ദവും വാതസഖിഹെതിഘൃഘൃനിനാദവും ഭൂദെവസത്തമവെദനി
നാദവും ഒദനതെമനസ്വാദനിനാദവും ദിവ്യഗവ്യദ്രവ്യഹവ്യദാഹ
ക്രിയാ സവ്യചാരാഗ്നികീലാഗ്രധൂമാഭയും സൎവ്വലൊകംപരന്നൊരു
സൌരഭ്യവും ഗൎവ്വദൎവ്വീകരന്മാർവിലാപങ്ങളും പാൎത്ഥിവെന്ദ്രന്മാർച
തുരംഗസെനയൊടൊത്തുവരുംപൊൾനടത്തുന്നഘൊഷവും ഭൊ
ക്തുകാമന്മാർഭുജിച്ചുനൃപെന്ദ്രനെ വാഴ്ത്തിസ്തുതിച്ചുപാടീടുംനിനാദവും
വാദ്യഘൊഷങ്ങളും നാനാജനസ്വൈര ചൊദ്യൊത്തരംകൊണ്ടുവാ
ഴുന്നിനാദവും ഘൊരഘൊരംകെട്ടവാരാന്നിധികളും പാരമിളകിമ
റിഞ്ഞുകലങ്ങുന്നു ധാരാധരങ്ങളുമെന്തെന്നറിയാഞ്ഞു ധീരതരമിടി
വെട്ടിമുഴങ്ങുന്നു സാരതരതുംഗിരികൾകുലുങ്ങുന്നു ശ്രുത്വാനാംസിംഹി
കാസൂനുമുറുകുന്നു സ്വൎഗ്ഗനിവാസികൾകണ്ണുകലങ്ങുന്നു ദിഗ്ഗജെന്ദ്ര
ന്മാർഭയെനനടുങ്ങുന്നു സന്താപമുൾക്കൊണ്ടനന്തനുംചിന്തിച്ചു സ
ന്തതംമാധവൻതന്നെവണങ്ങുന്നു ശംകരൻഭൂഷണനാശംവരുമെ
ന്നു ശംകിച്ചുഴന്നുഭവാനിയെനൊക്കുന്നു പാരെഴുരണ്ടുമമന്ദംമുഴങ്ങു
ന്നു വാരിജസംഭവനുംചെവിപൊക്കുന്നു നാരായണന്നുമുറക്കമുണരു
ന്നു നാരായണഹരെവിസ്മയമെത്രയും സൎപ്പസത്രപ്രയൊഗപ്രഭാ
വംകണ്ടൊരത്ഭുതംപൂണ്ടുജഗദ്വാസികളെല്ലാം അന്തമില്ലാതൊരുഭൊ
ഗികൾതീയിൽവീണന്തമായ്വന്നിതെന്നെപറയാവിതും വെന്തുപൊ
രാഞ്ഞുടൻതൽക്ഷണംതക്ഷകൻ വാസവാമരെന്ദ്രനെച്ചെന്നുകണ്ടീ
ടിനാൻ പെടിയായ്കെത്രയുമിവിടെപ്പാൎക്കനീ ചൂടുപടെയ്ക്കുവരിക
യുമില്ലെതും നീചസൎപ്പങ്ങളൊടുങ്ങുമൊട്ടാവൊളം നീചരില്ലാതനിങ്ങ
ൾക്കിടരില്ലെതും തക്ഷകനുംസഹസ്രാക്ഷനെക്കണ്ടാശു ശുക്ഷണി
ഭീതികൂടാതെമരുവിനാൻ നാസികാന്തെപുക്കധൂമാകുലനായ വാസു
കിസൊദരിയൊടുചൊല്ലീടിനാൻ മൃത്യുവടുത്തജനത്തിന്റെലക്ഷ
ണംഭദ്രെഭഗിനിഭവിച്ചതിനിക്കിപ്പൊൾ ഭാഗധെയംപൂണ്ടഭാഗി
നെയനമമ ശൊകമൊഴിക്കമവനെയയയ്ക്കനീ സൊദരനെവംപറ
ഞ്ഞതുകെട്ടഥ സാദരമാശുജരൽക്കാരുചൊല്ലിനാൾ „മാതുലന്മാരെല്ലാ
മാതുരന്മാരായ തെതുമറിഞ്ഞതില്ലെനിമമാത്മജ ചെന്നുനീസൎപ്പ
സത്രംമുടക്കീടായ്കി ലിന്നുതന്നെമുടിഞ്ഞീടും കുലമെല്ലാം" മാതാ
വിവണ്ണംപറഞ്ഞതു കെട്ടപ്പൊൾ മാതുലനൊടുപറഞ്ഞു നടകൊ
ണ്ടാൻ യാഗവിഭൂതികണ്ടത്ഭുതംപൂണ്ടവൻ വെഗെനഗൊപുരദ്വാ
രമകംപുക്കാൻ ആൎക്കുംകടുക്കരുതിങ്ങതിനെങ്ങളെ യാക്കിക്കിടക്കുന്നി
തുനൃപതീശ്വരൻപാക്കുറഞ്ഞൊരുനെരത്തെപൊനിധെകാൽക്ഷണം
കൊണ്ടിങ്ങെത്തിച്ചുവരാഞ്ഞതെങ്ങൾ എന്നിവണ്ണംദ്വാരപാലന്മാർചൊൽ

കയാൽ തന്നുള്ളിലൊത്തുകല്പിച്ചിതസ്തികനും വൻപുകൊണ്ടന്നൃഗൃ
ഹമകംപൂവതി നംപർകൊന്നംപണിനില്പതനുനയം ഇത്ഥംവിനിശ്ചി
ത്യസത്വരമസ്തികൻ പൃത്ഥ്വീശനെസ്തുതിചെയ്തുതുടങ്ങിനാൻ യജ്ഞ
ത്തെയുംമുനീന്ദ്രന്മാരെയും പുനരഗ്നിയെയുംനൃപഭൃത്യജനത്തെയും ഒ
ക്കവെവെവ്വേറെകനക്കെസ്തുതിക്കയാ ലുൾക്കമലമെളിഞ്ഞാരവരെല്ലാ
രും. ഭൂപൻസദസ്യാദികളൊടുചൊദിച്ചു താപസബാലകൻ തെജൊ
നിധിയല്ലൊ ഇങ്ങുവരത്തന്നെയൊപുനരെന്നതു നിങ്ങൾചൊല്ലീ
ടെണമെന്നതുകെട്ടവർ നല്ലനല്ലെക്കടത്തിക്കൊണ്ടുപൊരികെ ന്നെ
ല്ലാവരുമൊരുപൊലെയപെക്ഷിച്ചാർചെന്നുകൂട്ടികൊണ്ടുപൊന്നാനു
നിന്ദ്രനെ മന്നവൻപാദ്യാസനാർഘ്യാദിനൽകിനാൻ എന്തൊന്ന
ഭിമതമെന്നുനരപതി സന്തൊഷമൊടുചൊദിച്ചൊരനന്തരം ആസ്തി
കനുത്തരംചൊല്ലുന്നതിനുമ്പെ സാദരംചൊല്ലീടിനാൻ ചണ്ഡഭാർഗ്ഗ
17. വൻ തക്ഷകനിഗ്രഹംസാദ്ധ്യമനപ്പുരാ ധ്യാക്ഷികണ്ണന്മാരെ കൊ
ന്നെന്തൊരുഫലം എന്തൊരുകാരണംതക്ഷകൻവാരാഞ്ഞാൻ ചിന്തി
ക്കനൊമെന്നതുകെട്ടനന്തരം ചൊന്നാർസദസ്യാദികളുമ ന്നിന്ദ്രനെ
ച്ചെന്നാശ്രയിച്ചാനതിനില്ലസംശയം തക്ഷകൻതന്നെയുമിന്ദ്രനെ
യുംകൂടെ തൽക്ഷണമാവാഹിച്ചു ചണ്ഡഭാർഗ്ഗവൻ ആദിത്യരുദ്രവസു
പ്രമുഖന്മാരാ മരിതെയന്നാരുമായ്നുന്നവാസവൻ വിഷ്ണുപദത്തിൻ
കലാമ്മാറുമിച്ചിതു കിഷ്ണുതന്നുത്തരിയംപുക്കുതക്ഷകൻ വിസ്മയംക
യ്ക്കൊണ്ടുചൊന്നാൻനൃപതിയും ഭസ്മമാക്കീടുകാശെന്ദ്രമിതക്ഷകം
എന്നതുകെട്ടരുൾചെയ്തുമുനികളും മന്നവനൽകീടുകാസ്തീക വാഞ്ഛിതം
സൊമശ്രവസ്സാകുമാചാര്യനുമിഷ്ട കാമപ്രദാനംചെയ്യുന്നുഴറിടി
നാൻ ചൊദകഭീപ്സിതമെന്നാൻനൃപതിയും നൽകുവൻവെണ്ടു
ന്നതെന്നുപറഞ്ഞപ്പൊൾ ആതുരമാനസന്മാരാംമുനിജനം മെദിനീ
പാലകനൊടുചൊല്ലീടിനാർ ദ്വിജപൂണ്ടിരുന്നയച്ചാനറിഞ്ഞാലും ചെ
ന്നിയന്നൊരുതക്ഷകൻതന്നെയും ദുഷ്ടാശ്രിതപരിപാലനം നന്നല്ലാ
ശിഷ്ടജനത്തിനന്നുംവരുംനിർണ്ണയംതക്ഷകനഗ്നിയിൽവീണുദഹി
ച്ചീടുമിക്കർമ്മസാദ്ധ്യമെന്നിതെന്നാരവർ_ആസ്തികനന്നെരമാശു
ചൊല്ലീടിനാൻ „പൃത്ഥ്വീപതെവരംനൽകീടുകമമ" ചൊല്ലീടുകെന്നരു
ചെയ്തുനൃപതിയും ചൊല്ലിനാനസ്തികനഭീവാഞ്ഛിതം „എങ്കിലിപ്പ
ന്നഗസത്രംമുടക്കണം സംകടമുണ്ടുജഗദ്വാസികൾക്കെല്ലാ"കല്പിതഭം
ഗമപെക്ഷിച്ചതുകെട്ടിട്ടപ്പൊളുന്താപമൊടുചൊന്നാൻനൃപൻഗ്രാ
മധനധാന്യരത്നങ്ങൾനൽകുവൻകാമമവററിലെന്തെന്നതരുൾചെ
യ്ക „കാമമവററിൽകലെതുമില്ലിനിക്കഭൂമീപതെഞാൻപറയുന്നതുകെ

ൾക്കാ മാതാവിനുംമമമാതുലന്മാൎക്കും ശ്ലാഘ്യനായ്തീൎന്നവർ ജീവനംര
ക്ഷിക്കാ പന്നഗസത്രത്തെയിന്നുമാററീടുകിൽ നന്നതല്ലായ്കിൽ പ്ര
പഞ്ചംമുടിഞ്ഞുപൊം॥ അസ്തികവാഞ്ചിതംനല്കുകെന്നുരു സത്യപ
രായണന്മാരാംമുനികളും മൌനാനുവാദമൊടെജനമെജയൻ താനും
മഖവരദക്ഷിണയുംചെയ്യാൻ വഹ്നിയിൽ വീഴായ്കതക്ഷകനെന്നു
മന്നെരംമൂന്നുരചൊല്ലിനാനസ്തികൻ സത്യപരനായൊരസ്തികവാക്കി
നാൽ അന്തരത്തിങ്കന്നവിർത്തിനാനതക്ഷകൻ മററുള്ളദുഷ്ടനാ
ഗങ്ങൾദഹിച്ചതുമററില്ലാതൊളമുഖ്യഭൂനാഥനും ഭൂപനവഭൃഥസ്നാ
നവുംചെയ്തിട്ടുതാപവൃത്തിന്നുജഗദ്വാസികൾക്കെല്ലാം അസ്തികനെ
പ്പിന്നെസ്സൽക്കാരവുംചെയ്തു പൃത്ഥ്വീപതികനിവൊടുചൊല്ലീടിനാൻ
അച്യുതപ്രീതിവരുത്തീടുവാനിനി അശ്വമെധംവെണമെന്നെഴുന്നള്ളു
ന്നൊം എന്നുപറഞ്ഞുസുവൎണ്ണരത്നാദികൾ മന്നവൻവെണ്ടുവൊളം
കൊടുത്തീടിനാൻ. കൌന്തെയന്മാരായപാണ്ഡവന്മാരുടെശാന്തഗു
ണമെല്ലാംചൊല്ലാവതല്ലെല്ലൊ തല്പുത്രപൌത്രനായുണ്ടായ നിന്നുടെ
സൽബൊധമെത്രമൊത്തുതമല്ലെല്ലൊ തത്കുലത്തിങ്കലുണ്ടാകുന്ന
മന്നവർ സൽഗുണന്മാരെന്നിയെവരുമാറില്ല ഭക്തിവിശ്വാസങ്ങ
ൾകണ്ടുനാരായണൻ മുക്തിപ്രദനാം മുകുന്ദൻതിരുവടി ദൈത്യസാര
ഥ്യാദിദൃത്യകൎമ്മംചെയ്തു തൊന്നാതവിചിത്രമതാകമററുണ്ടാവു॥ അസ്തി
കനിത്ഥംപറഞ്ഞതുകെട്ടപ്പൊ ളുത്തമനാംജനമെജയൻചൊല്ലിനാൻ:
എങ്കിൽപ്രപിതാമഹന്മാരുടെഗുണംമംഗലമായെനിക്കറിയിക്കണം.
കെൾക്കണമെങ്കിൽവെദവ്യാസനെന്നിയെ മററാൎക്കുംപറയാവതല്ലെ
"ന്നനിൎണ്ണയം" സത്യവതിസുതനൊടുചൊദിക്കാതെസ്വസ്ഥസ്വസ്ഥം
പ്രതമെന്നെഴുന്നള്ളിനാൻ മാതുലഗെഹംപുക്കിതസ്തികൻവാസു
കിമുൻപായനാഗപ്രവരന്മാർ അസ്തികനെകനിഞ്ഞാശ്ലെഷവും ചെ
യ്തു മസ്തകത്തിങ്കൽമുകൎന്നുചൊല്ലീടിനാർ: നാഗകുലത്തെരക്ഷിച്ച
തുപൊക്കംപൊഴുതുമെത്രയുമെന്നെപറയാവു എന്തുഭവാനൊന്നുഞ
ങ്ങൾചെയ്യെണ്ടുന്ന തത്പ്രത്യുപകാരംചെയ്യാലതുതരാം" ചിന്തിതമൊന്നു
ണ്ടെന്നുപറയാമെങ്കിലന്തരംപിന്നെവരാതെയിരിക്കണം. സന്ധ്യാകാ
ലത്തിങ്കലെന്റെചരിത്രങ്ങൾചിന്തിക്കയുംചൊല്കയുംകെൾക്കയും
ചെയ്കിൽ പന്നഗജാതികളാലവൎക്കമെ പിന്നെയൊരുഭയംകൂടാ
തിരിക്കണം എന്നിതസ്തികൻപറഞ്ഞതുകെട്ടൊരു ദന്ദശൂകൊത്തമന്മാ
രുമരചെയ്തു: ഇക്കഥാചൊല്കയുംകെൾക്കയുംചെയ്യൊൎക്കു ദുഃഖംവ
രാവിഷമൊന്നുമകപ്പെടാ അന്ധരാത്രങ്ങളിലെകൻകടിക്കിലും അ
നുഭവിക്കയില്ലെന്നുംവിഷമെടൊ" എന്നുരഗന്മാർകൊടുത്തുവരങ്ങളും.

നന്നായ്സുഖിച്ചുവസിച്ചാരറിഞ്ഞാലും _ ധമ്മസ്ഥിതിപിഴയാതെജര
ൽക്കാരു തന്മകൻനാഗെന്ദ്രസൊദരിയാകിയനിമ്മലഗാത്രിജരൽക്കാ
രുപെറ്റുടനുണ്ടായതാപസനാസ്തികനെങ്ങളെ ക്ലെശതതീത്തുപാലിക്കെ
ന്നുചൊല്ലിയാൽ ഉണ്ടാകയില്ലൊരുസപ്പഭയമവ ക്കിണ്ടൽമറ്റുള്ളവ
യുംവരാനിണ്ണയം ആശീവിഷഭയമുണ്ടാകയില്ലെന്നുമാശീവ്വചന
ങ്ങൾചൊന്നൊരുരഗങ്ങൾ_ആസ്തികനിങ്ങനെനിത്യസുഖത്തൊടു പു
ത്രപൌത്രാത്ഥകളത്രമിത്രാദിയൊ ടുത്തമകീത്ത്യാവസിച്ചുചിരകാലം മു
ക്തിയുംവന്നുപുനരെന്നറിഞ്ഞാലും_ആസ്തികമാകിയപുണ്യകഥാനി
ത്യ മാസ്തിക്യമൊടുചൊന്നാലുംഗതിവരും_ഉഗ്രശ്രവസ്സായസൂതവാ
ക്യംകെട്ടു ഭൃഗുപത്യാദികൾപിന്നയുംചൊദിച്ചു: പന്നഗസത്രെജന
മെജയനായമന്നവ നൊടുമഹാമുനിചൊല്ലിയഭാരതം കൃഷ്ണകഥാമൃത
പൂരിതംപാരാതെഞങ്ങളൊടൊക്കപ്പറകെന്നു_പാരംപ്രശംസിച്ചുസൂത
നെവണ്ണിച്ചുപാരമാത്ഥ്യാത്മനാചൊദിച്ചതുനെരം സൂതനുമാദരവൊ
ടുചൊല്ലീടിനാൻ;മെദിനീകാന്തൻജനമെജയനൃപൻ വെദവ്യാസ
മുനിതന്നൊടുചൊല്ലിനാൻ പാണ്ഡവന്മാരമന്യൂനമന്യുസമാനന്മാം
പിതാമഹന്മാർമമപാണ്ഡവർപുണ്യപുരുഷന്മാർപൂണ്ണഗുണവാന്മാർ
വിശൊകനാഥനാംവിഷ്ണുഭഗവാനെ വിശ്വാസഭക്ത്യാസമാരാധ
നംചെയ്തു വിശ്വപവിത്രയാംകീത്തിപരത്തിയാർ - വിശ്വമെല്ലാടവു
മെന്നാലവരുടെ സൽക്കഥയെല്ലാമതുൾചെയ്തുകെൾക്കണം ദുഃഖമക
ലുവാനെന്നതുകെട്ടൊരു വിഷ്ണുകലാഭൃതൻകൃഷ്ണദ്വൈപായനൻകൃഷ്ണ
കഥാമൃതമിശ്രമാംഭാരതം താല്പയ്യവാനാംജനമെജയനെന്നി കെൾപ്പി
ക്കയെന്നുവൈശമ്പായനനൊടു കാരുണ്യപൂവ്വം നിയൊഗിച്ചിതു
ന്നൊരു നെരംതെഴുതുവൈശമ്പായനമുനി ആചായ്യനാകിയവെദ
വ്യാസൻപാദ മാശയെചെത്തുസമാധിയുറപ്പിച്ചു - നാരായണനെ
യുംപിന്നെനരനെയും ഭാരതിയാംവണ്ണഗാത്രിയെത്തന്നെയും സാദര
മുള്ളിൽസചരാചരംജഗദെകവെദാംഗവെദാന്താദിവിദ്യയും ചെതസി
ചെത്തുന്നെന്നൈക്യഭാവത്തൊടുമാദിയെചൊല്ലിനാനെന്നിതുസൂതനും
മൊദെനചൊന്നാളിതികിളിപ്പയ്യലും. ൰ ൰ ൰ ൰൰

ആസ്തികപവ്വം സമാപ്തം ൰ ൰

സംഭവം

ഹരിഃശ്രീഗണപതയെനമഃഅവിഘ്നമസ്തു

ശ്രീരാമരാമരാമഗൊവിന്ദശിവരാമ ശ്രീമഹാദെവകൃഷ്ണമുകു
ന്ദനാരായണ നാരായണായനമൊ നാരായണായനമൊനാരായ
ണായനമൊനാരായണായനമഃ പാരതിലൊരൊതരമുള്ളജന്തുക്കൾക്കാ
യിപാരമുള്ളഴൽപൂണ്ടുജനിച്ചുമരിപ്പതും പാരാതെമാററിക്കൊൾവാ
നെന്തൊരുകഴിവയ്യൊപാരീരെഴിനുംമൂലമാകിയദെവദെവ ഭാരതമാ
യകഥകെൾക്കയുംചൊല്ലുകയും പാരംനന്നെന്നുഗുരുവരുളിച്ചെയ്യുകെ
ൾപ്പുപാരാതെപറയെന്നെമതുനീകിളിപ്പെണ്ണെഭാരമില്ലെതുംനിനക്കെ
പ്പെരുംപാഠമെല്ലാംഭാരതീദെവിയെൻറനാവിന്മെൽവിളങ്ങുകിൽ
പാരാശര്യാനുഗ്രഹംകൊണ്ടുഞാൻചൊല്ലീടുവൻഭാരതമൊട്ടങ്ങാതൊ
ന്നാകിയകഥയെല്ലാംപാരമാഗ്രഹമെങ്കിൽ ചുരുക്കിപ്പറഞ്ഞീടാം കെൾ
ക്കെണമെല്ലാമഹാഭാരതമിതിഹാസംപൊക്കണംദുരിതങ്ങളെപ്പെരു
മിരിനാലെമൊക്ഷസാധനങ്ങളിൽമുൻപിതിന്നെന്നുതന്നെസാക്ഷാ
ൽശ്രീകൃഷ്ണൻപരമാചാര്യനരുൾചെയ്യുവെദവ്യാസൊക്തമായവെദാ
ന്തസാരാർത്ഥംനിയാദിയെകെൾപ്പിക്കെണമാനന്ദം വരുവാനായിത്ത
ദിയെകെൾപ്പിക്കനെംകിൽഭാരതമായകഥാമൊദെനപറഞ്ഞീടാമാദി
നായകലീലാഗുരുവ്യംഗണെശനുംവാണിയും മുകുന്ദനുംഗുരുകാരുണ്യ
ത്താലെതുണക്കവന്ദിക്കുന്നെൻകരുണചിത്തന്മാരാം ധരണീസുരവൃ
ന്ദചരണാംബുരുഹത്തെശ്ശരണംപ്രാപിക്കുന്നെൻവസിഷ്ഠാത്മജസു
തപുത്രനന്ദനൻതാനുംവസിച്ചീടണമുള്ളിൽ വാല്മീകിമുനീന്ദ്രനുംര
സിച്ചീടണമിതുകെട്ടു ഭക്തന്മാർപരിഹസിച്ചീടുകിലതുന്ദുരിതവിനാ
ശനം ഭഗവത്ഭക്തന്മാരെക്കൊണ്ടുള്ളചരിതവും ഭഗവച്ചരിതവുംതൽ
ഗുണനാമങ്ങളുംപറഞ്ഞുംകെട്ടുമുള്ളിൽധ്യാനിച്ചുമുള്ളകാലംപരമാന
ന്ദംപൂണ്ടുകഴിച്ചുകൊൾകനല്ലുഭാരതമതിൽചൊല്ലാതുള്ളൊരുകഥകളൊ
പാരാതെനിരൂപിക്കിലെത്രയുംകുറഞ്ഞീടും ഒരുകഥയൊക്കെച്ചൊരുവാ
നുൾക്കാമ്പിൽനിരൂപിക്കിൽമുഖ്യനാംവെദവ്യാസൻതാനൊഴിഞ്ഞൊ
രുമില്ല അഞ്ചിതമായമഹാഭാരതമിതിഹാസ മഞ്ചാമതൊരുവെദമെ
ന്നത്രെചൊല്ലിമുനി അങ്ങിനെയിരിപ്പൊരുഭാരതകഥയിപ്പൊളി

ങ്ങിനെചൊൽവാനുള്ളിൽനാണമാകുന്നിതയ്യൊഎന്നാലുമവരവക
റിവാൻതക്കവണ്ണം നന്നായിപ്പറകെന്നുവന്നിട്ടുമറിഞ്ഞവൎ എങ്കി
ലൊകെട്ടുകൊൾവിൻദൊഷങ്ങളൊക്കെ മറച്ചുകലുള്ളൊരുഗുണം
ഗ്രഹിച്ചുകൊൾവിൻനിങ്ങൾ ജനമെജയനൃപൻതന്നുടെയാഗത്തി
ങ്കൽമുനിനായകൻവെദവ്യാസനുമെഴുന്നള്ളി അന്നെരംചെത്മഹ
ന്മാർഗ്ഗുണംകെട്ടമൂലം മന്നവനപെക്ഷിച്ചു ഭാരതകഥകെൾപ്പാൻ
വൈശദ്യമൊടുമിവൻതന്നെനിക്കെൾപ്പിക്കെന്നു വൈശമ്പായന
നൊടുവെദവ്യാസനുംചൊന്നാൻവൈശിഷ്ട്യമുള്ളമുനിവന്ദിച്ചുനൃപനൊ
ടുസംശയംതീരുംവണ്ണംസംക്ഷെപിച്ചറിയിച്ചുവിസ്തരിച്ചരുളിചെയ്യി
ടെണമെന്നുനൃപൻചിത്തകൌതുകത്തൊടുപിന്നയുംചൊദിച്ചപ്പൊ
ൾസൎവ്വജ്ഞാനാനന്ദാത്മകപരബ്രഹ്മതത്വജ്ഞനായവൈശമ്പാ
യനനരുൾചെയ്തുധാതാവിൻമകനായദക്ഷനുമക്കളായിചെതൊഹാ
രിണികളായുപത്തുണ്ടായതിൽഅദിതിപെറ്റുണ്ടായിസൂൎയ്യനെന്നറി
ഞ്ഞാലുമവനുമകൻമനുവവൻറമകനിളൻ അവനുമൊരുപെണ്ണാ
യ്യമഞ്ഞുവിധിവശാൽ മുമ്പിനാൽവിരിഞ്ചൻതൻ പുത്രനാമത്രിക
ണ്ണിൽസംഭവിച്ചിതുചന്ദ്രനവൻറമകൻബുധൻ ഇളയായ്യമഞ്ഞു
ഞ്ഞൂരിളനെക്കണ്ടമൂലമിളകിബുധനുടെമാനസമതുകാലം ഇളപെറ്റു
ണ്ടായ്യന്നുചൊല്ലെഴുംപുരൂരവാ വിളയെവഴിപൊലെരക്ഷിച്ചാനവ
നുന്നം അവനുമകനായുസ്സാകിയനൃപവര നവനീഭരണംചെയ്യിത
ന്നാൻചിരകാലംനഹുഷനായനൃപതീശ്വരനവനുമകൻ നഹുഷൻത
ൻറമകനായതുയയാതിയുംപാരിടംപരിപാലിച്ചിരിക്കുംകാലത്തിങ്
കൽനാരിമാരിരുവരെവെട്ടിതുയയാതിയും ദിതിജാചാൎയ്യനായശുക്ര
മാമുനിയുടെസുതയായിട്ടുംദെവയാനിയെവെട്ടുമമ്പിൽ ദിതിജാധിപ
നായവൃഷപൎവ്വാവിന്മകളതസുന്ദരിയായശൎമ്മിഷ്ഠരണ്ടാമവൾ അതു
രണ്ടിലുമായിട്ടഞ്ചുപുത്രന്മാരുണ്ടായിയദുവുംതുൎവ്വസുവുംദെവയാനിക്ക
മക്കൾശൎമ്മിഷ്ഠാത്മജൻദ്രുഹ്യുരണ്ടാമതനുദ്രുഹ്യുധൎമ്മിഷ്ഠനായപൂരുവാ
യതുമൂന്നാമവൻയദുവിൻപരമ്പരയാദവന്മാരായ്യന്നുപിതൃശാപത്താ
ലില്ലാതായിതുനൃപചിഹ്നംപൂരുവിൻപരമ്പരാജാതന്മാർപൌരവന്മാർ
പൂരുവിൻഭാൎയ്യക്കന്നുകൌസല്യയെന്നുനാമം അവൾപെറ്റുള്ളജനമെ
ജയനെന്നനൃപൻഅവൻറപത്നിക്കപെരനന്തയെന്നാകുന്നു പ്രാ
ചിന്വാനെന്നനൃപനവൾപെറ്റുണ്ടായതുംപ്രാചിയാംദിക്കജയിച്ചതി
നാലെന്നുനാമംഅവൻതന്നുടെപത്നീയശ്മകിയെല്ലൊകെൾപ്പിൻ അ
വൾപെറ്റുണ്ടായിതുശയ്യാതിഎന്നനൃപൻ ശയ്യാതിരുശന്തുവിൻനന്ദ
നവരാംഗിയാംവയ്യൻകന്യാളെവിവാഹംചെയ്തുവാഴുംകാലം അവൾ

പെററഹംപാതിഎന്നൊരുനൃപനുണ്ടായവനുംകൃതവീൎയ്യതനയതന്നെ
വെട്ടാൻ അവൾക്കുനാമംഭാനുമതിയെന്നാകുന്നിതും അവൾപെററു
ള്ളസാൎവ്വഭൌമനാംനരപതി അവൻെറപത്നീവസുന്ധരകെകയപു
ത്രി അവൾപെറുണ്ടായിതുചൊല്ലെഴംജയസെനൻ തല്പത്നീസുശ്ര
വയാംവിദൎഭാത്മജയെല്ലൊതല്പുത്രനരചീനൻതല്പത്നീമൎയ്യാദയുംഅവൾ
പെററുള്ളമഹാഭൌമനാം നരപതിഅവനെപ്പോലെപരിപാലനംചെ
യ്തീലാരുംചൊല്ലെഴംപ്രസെനജിൽപുത്രീയാംസുയജ്ഞയെനല്ലനാംമഹാ
ഭൌമൻവെട്ടിതുവിധിയാലെ -നയശൌൎയ്യോപായാദിസകലഗുണ
ങ്ങളൊടയുതനായനൃപനവൾപെറുണ്ടായ്വന്നാൻ തല്പത്നീപ്രഥുശ്ര
വാവിന്മകൾഭാസയെല്ലൊ തല്പുത്രനക്രൊധനനാകിയമഹീപതി ത
ല്പത്നീകരണ്ഡുവാംകലിംഗാത്മജയെല്ലൊ തല്പുത്രൻദെവാതിഥിദെവ
നായകസമൻ തല്പത്നീവിദെഹൻതൻപുത്രീയാംമൎയ്യാദയും തല്പുത്ര
ൻഋചനംഗഭൂപതിപുത്രനെല്ലൊ തല്പത്നീവാമദെവീതല്പുത്രനൃക്ഷനൃ
പൻ തല്പത്നീവലലയാന്തക്ഷകപുത്രിയെല്ലൊ തല്പുത്രനന്തിനാരൻത
ല്പത്നീസരസ്വതി തല്പുത്രൻത്രസ്സുനൃപൻതല്പത്നീകാളിന്ദിയും തല്പുത്രൻ
ഇലിനനുംതല്പത്നീരഥന്തരീ തല്പുത്രന്മാരഞ്ചുപെർദുഷ്ഷന്താദികളെല്ലൊ
വിശ്വാമിത്രൻെറമകളാകിയശകുന്തളാ ദുഷ്ഷന്തമഹീപതിതന്നുടെകാ
ന്തയായാൾ അവൾപെറുണ്ടായതുഭരതനെന്നനൃപൻ അവൻെറ
പാരമ്പൎയ്യംഭാരതമാകുന്നതും- കാശെയിയായസൎവ്വസെനിയാംസുന
ന്ദയെ ആശയാവിവാഹംചെയ്തീടിനാൻഭരതനും അവനുഭുമന്യുവെ
ന്നുണ്ടായൊരുസുതൻ അവനുംദാശാൎഹൻെറമകളാംസുവൎണ്ണയെ
വെട്ടിതുസുഹൊത്രനെന്നുണ്ടായിതവനും വെട്ടിതുജയന്തിയായൈ
ക്ഷ്വാകിതന്നെയവൻ ഹസ്തിയാംനരപതിപുത്രനായുണ്ടായ്വന്നി തെ
ത്രയുംപ്രസിദ്ധനായുത്തമകീൎത്തിയൊടെ ഹസ്തിതാൻനിൎമ്മിച്ചൊരുപു
രമായതുമൂലം ഹസ്തിനാപുരമെന്നുചൊല്ലുന്നിതറിഞ്ഞാലും ഹസ്തിന
മെന്നുചൊൽവാൻതൊന്നീട്ടമെന്നാകിലും ശാസ്ത്രികൾചൊല്ലീടുന്നു
ഹാസ്തിനമെന്നുതന്നെ_ഹസ്തിയുംത്രിഗൎത്തൻെറമകളെവെട്ടുകൊണ്ടാ
ൻ അന്ത്രിരത്നത്തിന്നുപെരായതുയശൊധരാ അവളുംവികുണ്ഠന
നെന്നൊരുവനെപെററാൾ അവനുംദാശാൎഹൻെറമകളാംസുനന്ദയെ
വെട്ടിതന്നവൾപെററിട്ടുണ്ടായാനജമീഢൻവെട്ടിതുനാരിമാരെക്കനി
വൊടഞ്ചുപെരെ കൈകെയിനാഗാപിന്നെഗാന്ധാരിവിമലയും മാ
ഷ്ക്കാതെരാഗംതെട്ടൃക്ഷയുംക്രമത്താലെ ചതുൎവ്വിംശതിസുതശതമുണ്ടായി
തവ നതിനാല്പലവംശമുണ്ടായിനൃപന്മാരും അവിടെവംശകൎത്താവാ
യതുസംവരണൻ അവനുമാദിത്യൻെറമകളാംതപതിയെ വസിഷ്ഠ

നിയൊഗത്താൽവെട്ടിട്ടുസുഖത്തൊടെ വസിക്കുന്നാളിൽകുരുവാകി
യസുതനുണ്ടായി ഗൌരവഗുണ്ണം.തെടും.തൽകുലജാതന്മാരെ കൌരവ
വന്മാരെന്നവൻമൂലമായ്ചൊല്ലീടുന്നു ദാശരാജൻതന്റെമകളാകിയശു
ഭാംഗിയെ ആശയാവെട്ടുകുരുതത്സുതൻവിദൂരഥൻ തല്പത്നീമാഗധൻ
തൻപുത്രിയാമമൃതാഖ്യാ തല്പുത്രൻപരീക്ഷിത്തുതല്പത്നീസുശ്രുപയും ത
ല്പുത്രൻഭീമസെനനാകിയനൃപശ്രേഷ്ഠൻ തല്പത്നീസുകുമാരിയായ
കൈകെയിയെല്ലൊ അവൾക്കുസത്യശ്രവാവെന്നൊരുമകനുണ്ടാ
യി അവനെപ്രതിപനെന്നെല്ലാരുംചൊല്ലീടുന്നു തല്പത്നീസുനന്ദയാം
ശിബിനന്ദനയെല്ലൊ തല്പുത്രന്മാരായ്മൂവരുണ്ടായിതഗ്നിപൊലെ ദെ
വാപിപുനരഥശന്തനുബാഹ്ലീകനും ദെവാപിവനവാസംതുടങ്ങിചെ
റിയന്നെ സൊമവംശവുംമെലീലവനാലുണ്ടായ്വരും ഭൂമിയെരക്ഷി
ച്ചിതുശന്തനുമഹീപതി അവന്റെപത്നിയായീവന്നിതുഭാഗീരഥീ
അവൾപെറ്റുള്ളദെവവ്രതനെന്നറിഞ്ഞാലും കാമിച്ചുവലഞ്ഞിതുശ
ന്തനുകാളിയെന്ന കാമിനിയായദാശനാരിയെക്കണ്ടുമൂലം അതിനാ
ൽദെവവ്രതൻരാജ്യവുമുപെക്ഷിച്ചു മതിമാൻബ്രഹ്മചര്യംപ്രാപി
ച്ചുകൈവത്തനൊടവളെവാങ്ങിത്തന്റെതാതനുനൽകീടിനാൻ അ
വനെഭീഷ്മരെന്നുചൊല്ലുന്നുമഹാജനം. അവളെവെൾക്കുംമുമ്പെ
പുൽകിനാൻപരാശരൻ അവളിൽവെദവ്യാസനുണ്ടായിതന്നുത
ന്നെ-പിന്നെശ്ശന്തനുജന്മാരായവൾപെറ്റുണ്ടായാർ മന്നവൻചി
ത്രാംഗദൻവിചിത്രവീര്യൻതാനും ശന്തനുവിന്റെകാലംകഴിഞ്ഞൊ
രനന്തരം ശന്തനുപുത്രൻചിത്രാംഗദനാശ്ശുന്നുരാജ്യം ഉഗ്രനാ.ചിത്രാം
ഗദനാകിയഗന്ധർവ്വെന്ദ്രൻ നിഗ്രഹിച്ചിതുചിത്രാംഗദനാംനൃപെന്ദ്ര
നെ സത്വരംബാലകനാം.വിചിത്രവീര്യൻതന്നെ പൃത്ഥ്വീവല്ലഭനാ
ക്കിവാഴിച്ചുഗംഗാദത്തൻ കംബുകണ്ഠികളായകാശിരാജാത്മജമാ
രംബികതാനുമംബാലികയുമവൻതന്റെ വല്ലഭമാരായ്വന്നുമരിച്ചുനൃ
പതിയും അല്പംപൂണ്ടിതുരാജ്യവാസികളതുമൂലം സന്തതിയില്ലാഞ്ഞാ
ശ്ശുദുഃഖിച്ചുസത്യവതീ ചിന്തിച്ചുവെദവ്യാസനാകിയമുനീന്ദ്രനെമാ
താവിന്മതമറിഞ്ഞീടിനമുനിവരൻ ഭ്രാതാവിൻകളത്രത്തിൽസന്തതിയു
ണ്ടാക്കിനാൻ ചൊല്ലെഴുംധൃതരാഷ്ട്രനംബികാപെറ്റുണ്ടായീ നല്ലയാ
മംബാലികക്കുണ്ടായിപാണ്ഡുതാനും ജ്ഞാനിയാംവിദുരനുമുണ്ടായീ
ശൂദ്രിതന്നിൽ സാനന്ദംധാർത്തരാഷ്ട്രന്മാരായിനൂറ്റൊന്നുണ്ടായിപാ
ണ്ഡുവിനഞ്ചുമക്കൾധർമ്മജാദികളെല്ലൊ പാണ്ഡവന്മാരെവർക്കും.പ
ത്നിപാഞ്ചാലിതാനും അവൾക്കുപെറ്റുമക്കളൈവർക്കുംകൂടെയുണ്ടാ
യി അവർകളുടെനാമംവെവ്വെറെചൊല്ലാമെല്ലൊ പ്രതിവിന്ധ്യനും

സുതസോമനും ശ്രുതസേനൻ മതിമാൻ ശതാനീകൻ ശ്രുതകൎമ്മാവു
താനും. പിന്നെയും വെറെയൊന്നു വെട്ടിതു യുധിഷ്ഠിരൻ കന്യകാശൈ
ബ്യപുത്രി ദെവകിയെന്നവളെ യൌധെയനെന്ന മകനുണ്ടായാനവ
ൾ പെറ്റും_ വാതജൻ വാരാണസി പുക്കു കാശിശൻ തന്റെ മകളാം
ബലധര തന്നെയും വെട്ടു പിന്നെ മകനായി സൎവ്വത്രാതനുണ്ടായാനവ
ൾ പെറ്റും_ ഫല്ഗുനൻ ദ്വാരവതി പുക്കടൻ സുഭദ്രയെ കയ്ക്കൊണ്ടു പൊ
ന്നാനവൾ പെറ്റഭിമന്യുവുണ്ടായി_ നകുലൻ വെട്ടു പിന്നെ രെണുക
യെന്നു പെരാം മകരനെത്രയായ ചെദിശപുത്രി തന്നെ പുത്രനായി നി
രാമിത്രനെന്നവൾക്കുണ്ടായ്വന്നു_ മദ്രെശസുതാത്മജനാകിയ സഹദെ
വൻ മദ്രെശൻ തന്റെ മകൾ വിജയ തന്നെ വെട്ടാൻ പുത്രനായ്സു
ഹൊത്രനെന്നുണ്ടായാനവൾ പെറ്റും_ ഭീമസെനനു മുന്നം ഹിഡിംബീ
തനയനായി ഭീമനാം ഘടൊൽക്കചനുണ്ടായാനവൾ പെറ്റും_ അൎജ്ജുന
ൻ ഗംഗാസ്നാനം ചെയ്യുന്നെരത്തു ത്രവിജരമുലൂപിയിലുണ്ടായാനി
രാവാനും പിന്നെയും മണലൂരപതി നന്ദനയായ കന്യകാ ചിത്രാംഗദാ
ഫല്ഗുനഭാൎയ്യയായാൾ സുഭ്രുവാമവളുമാസ്സിദ്രമംകലനെഴ മഭ്രുവാഹന
സുതനവിടെയിരുന്നാൾ അത്ഭുതഗാത്രി പെറ്റിട്ടു മകനുണ്ടായ്വന്നു
ബഭ്രുവാഹനനെന്നു സല്പുമാനവനെററം ഇങ്ങനെ പതിമ്മൂന്നു നന്ദന
ന്മാരുണ്ടായി മംഗലന്മാരായുള്ള പാണ്ഡവന്മാൎക്കു മുന്നം_ എന്നതിലഭി
മന്യു വെട്ടിതു വിരാടന്റെ കന്യകയായ്വിട്ടുമുത്തരയെന്നവളെ അ
വളിലുണ്ടായിതു നിൻ പിതാ പരീക്ഷിത്തു മവനീപതി വിഷ്ണുരാത
നാം വിഷ്ണുഭക്തൻ അശ്വത്ഥാമാവിൻ ബാണെദഗ്ധനാം കുമാരനെ അ
ച്യുതൻ ചക്രം കൊണ്ടു ജീവിപ്പിച്ചതുമെടൊ_ തന്മഹിമാനമെല്ലാം പറ
ഞ്ഞാലൊടുങ്ങുമൊ നിൎമ്മലനായ ഭവാനവന്റെ മകനെല്ലൊ_ നിന
ക്കു ശതാനീകൻ ശംകുവെന്നും പെരാസ്ഥിനാക്കു സമന്മാരായിരണ്ടു പു
ത്രന്മാരുണ്ടാം നിന്നുടെ ശതാനീകൻ തന്നുടെ പുത്രനായി പിന്നെയുമശ്വ
മെധദത്തനെന്നുണ്ടായതും_ പൂരുവിൻ വംശമുടനവിടെയൊടുങ്ങീട്ടും
പൂൎവ്വന്മാരുടെ കഥാ പറഞ്ഞാലൊടുങ്ങുമൊ_ പാണ്ഡിത്യമില്ലാ പറഞ്ഞീട്ടു
വാൻ കെട്ടുകൊൾക_ പാണ്ഡവന്മാൎക്കു കാലം കഴിഞ്ഞ പ്രകാരവും അ
ത്തൽപൂണ്ടു സ്സുമരിച്ചു ടവിതന്നിൽ നിന്നു ഹസ്തിനപുരത്തിൻ കത്തെ ചെന്ന
വർ പുക്ക കാലം പതിനാറബ്ദം ധൎമ്മപുത്രൎക്കു ഭീമനന്നു പതിനഞ്ചായി പതി
നാലായി ഫല്ഗുനനും പതിമ്മൂന്നായി മാദ്രിതന്നുടെ പുത്രന്മാൎക്കു. പതിമ്മൂ
വാണ്ടു പിന്നെ വിദ്യയുമഭ്യസിച്ചു ധൃതരാഷ്ട്രതം ദുരിയൊധനാദികളു
മാ സ്മതിമാന്മാരായുള്ള ധൎമ്മജാദികൾ വാണു_ പിന്നെയന്നരക്കില്ലം വെ
ന്തിട്ടു പുറപ്പെട്ടു മന്ദവരൂമാസംകാനനം തന്നിൽ വാണു അങ്ങനെല്ലൊ

ഘടൊൽക്കചനുണ്ടായതവിടന്നു പിന്നെയൊരാറുമാസ മെകചക്ര
യിൽവാണു പാഞ്ചാലിതന്നെവെട്ടാരന്നവരവളുമാ യ്പാഞ്ചാലപുര
ത്തിൻകലൊരാണ്ടുവസിച്ചാർപൊൽഹസ്തിനപുരത്തിൻകൽപിന്ന
യുമൊരുമിച്ചി ട്ടെത്രയുംസുഖത്തൊടുമയ്യാണ്ടുകാലംവാണു പിന്നെ
യന്നിന്ദ്രപ്രസ്ഥമാകിയപുരിപുക്ക മന്നവരിരുപത്തുവാണ്ടുകാലം
വാണു ചൂതുതൊററവിടന്നുപന്തീരാണ്ടടവിയിൽ മെദിനീപാലക
ന്മാർതാപസരായെവാണു ഒരാണ്ടുവിരാടന്റെരാജധാനിയിൽവാ
ണൊ രാരുമെയറിയാതെവെഷച്ഛന്നന്മാരായെ കെൽപ്പൊടുശത്രുക്ക
ളെയൊക്കവെയൊടുക്കീട്ടു മുപ്പത്താറാണ്ടുഭൂമിയടക്കിവാണുപിന്നെ
മന്നവരാറുമാസംകൊണ്ടഭിമന്യുജനെ മന്നവനാക്കിവാഴിച്ചുമരപു
രിപുക്കാർ നൂറെറട്ടുവരിഷവുമാറുമാസവുംചെന്നു മാററലർകുല
കാലനായധർമ്മജന്നൊടൊ ജിഷ്ണുവിൽമൂന്നുമാസംമൂത്തതു കൃഷ്ണൻപി
ന്നെകൃ ഷ്ണനിൽമൂന്നുമാസംമൂത്തതുബലഭദ്രൻകൃഷ്ണനായവതരിച്ചന്നു
ള്ളലീലകളും കൃഷ്ണഭക്തന്മാരായപാണ്ഡവർകഥകളും വിഷ്ണുതാൻത
ന്നെവന്നുപിറന്നവെദവ്യാസൻ കൃഷ്ണനാംദ്വൈപായനൻചൊല്ലി
യകഥയെല്ലൊ അദ്വൈതൊപാഖ്യാനമാംഭാരതംനൂറായിരം പദ്യ
വുംപതിനെട്ടുപർവ്വമാ സ്തീത്തുകൂട്ടിസംഭവപർവ്വംസഭാപർവ്വവുമാരണ്യ
പർവ്വും പിൻപുവൈരാടപർവ്വമുദ്യൊഗമഞ്ചാമതും പിന്നെതുഭീഷ്മപർവ്വമ
പരംദ്രൊണപർവ്വം കർണ്ണപർവ്വവുംശല്യപർവ്വവുംസൌപ്തികവും സ്ത്രീപ
ർവ്വംശാന്തിപർവ്വ മനുശാസനീകവുംശൊഭതെടീട്ടു മശ്വമെധികപർവ്വം
പിന്നെപതിനഞ്ചാമതു നല്ലാശ്രമവാസപർവ്വം പതിനാറാമതെല്ലൊ
മൌസലമായപർവ്വം പതിനെഴാകുംമഹാപ്രസ്ഥാനംകഴിയുംപൊൾപ
തിനെട്ടാമതിൻകൽസ്വർഗ്ഗാരൊഹണമെല്ലൊ അദ്ധ്യായക്രമംചൊ
ൽവാനെത്രയുംപെരുപ്പമു ണ്ടെത്രയെന്തിനുവെണ്ടിയെന്നതുമറിഞ്ഞില്ല
ഭാരതംസംക്ഷെപംഞാനെപ്പെരുമറിയിച്ചെൻ പാരിടത്തിൻകലുള്ള
ഭക്തന്മാക്കറിവാനായി നല്ലതുചെയ്യുന്നൊൎക്കു നല്ലതുവരുമെന്നും നല്ല
തില്ലാകാത്തതുചെയ്കീടുന്നവൎക്കെന്നും ദെവദെവെശനായകൃഷ്ണനെ
വഴിപൊലെ സെവിച്ചാലുള്ളഫലമായതുമറിഞ്ഞീടാം ഇനിമറെറ
ന്തുകഥകെൾക്കെണ്ടതെന്നുചൊന്നാ ലായതുചൊല്ലാമെന്നെല്ലാംക്ര
മത്താലെ വൈശംപായനമുനിജനമെജയനൊടു വൈശിഷ്ട്യമുള്ള
മഹാഭാരതകഥാസാരം ഒക്കവെ ചുരുക്കമായീവണ്ണംപറഞ്ഞപ്പൊൾമ
ന്യനാംനരപതിജനമെജയൻചൊന്നാൻ എത്രയുംകൌതുഹലമുണ്ടി
തുകെൾക്കുന്നെത്തും വിസ്തരിച്ചതുളിച്ചെയ്കീടണംമടിയാതെ എന്നതു
നരപതിചൊന്നതുകെട്ടുമുനി നന്നായിതെളിവൊടുനാദിയെയറിയി

ച്ചു ഇങ്ങനെ സൂതവാക്യം കെട്ടു ശൌനകമുനി തിങ്ങിന മൊദത്തൊടു പി
ന്നയും ചൊദ്യം ചെയ്തു അക്കഥയെല്ലാം നിനക്കുൾക്കാമ്പിൽ പാഠമെന്നാ
ലൊകത്തെങ്ങൾക്കു കെൾപ്പാനറിയിച്ചീടെണം നീ ശംകരൻ നാരായ
ണനാദിനായകൻ പരൻ ശംകരപ്രിയൻ ദെവൻ മംഗലപ്രദൻ കൃ
ഷ്ണൻ പംകജവിലൊചനൻ പങ്കജനാഭൻ ഹരി പംകജമാതിൻ കുളി
ർകൊങ്കയിലിഴകീട്ടും കുംകുമപംകം തന്നാലംകിതമായിട്ടതി ഭംഗിതെടി
ട്ടും തിരുമാറുള്ള നാരായണൻ തൻകഴൽ വഴിപൊലെ സംഗ്രഹിച്ചു
ള്ളിൽ നന്നാ ശ്ശുംകങ്ങളൊക്കെ നീക്കി പ്പാവനന്മാരായ്ന്നു തിങ്കൾ
തൻകുലത്തിങ്കലുണ്ടായ ഭൂപാലന്മാർ നിമ്മലന്മാരായുള്ള പാണ്ഡവ
രുടെ കഥാ കന്മഷമകലുവാനൊക്ക നീ പറയണം എന്നതു കെട്ടു സൂതൻ
മൊദമൊടുരചെയ്തു; നന്നെല്ലൊ പഠിക്കയും കെൾക്കയും പുരാണങ്ങൾ
എന്നതിൽ വിശെഷിച്ചും ഭാരതമെറനല്ല നിസ്സംശയമിതിഹാസം വെദ
സമ്മിതമെല്ലൊ — ഇത്ഥം പിൻ കിളിമകൾ തന്നുടെ വാക്കു കെട്ടു ചിത്ത
കൌതുകത്തൊടു പിന്നയും ചൊദ്യം ചെയ്തു ബാദരായണൻ ചൊന്ന ഭാര
തം സൊപാഖ്യാനമാദരപൂർവ്വം ജനമെജയനൃപനൊടു വൈശമ്പായ
നനറിയിച്ചു ഇതു സൂതൻ താനും ആശു പണ്ടൊരു ശൌനകാദികൾക്കറി
യിച്ചാൻ — അതിനെ ചുരുക്കി നീ ചൊല്ലണം കിളിപ്പെണ്ണെ കുതുകം പാ
രമതിലെന്നതു കെട്ടനെരം മൊഴിമാതിനെയും വ്യാസനെയും കൃഷ്ണനെ
യും തൊഴുതു കിളിമകൾ പറഞ്ഞു തുടങ്ങിനാൾ; പലക്കുമിതിലൊരു രസ
മുണ്ടാകയില്ലാ ചിലക്കു കുറഞ്ഞൊരു രസമുണ്ടായാലെതും ഫലിക്കയില്ല
എല്ലൊന്നന്നായി പ്പറകിലും പലക്കുമൊരുപൊലെ കൌതുകമുണ്ടാകാ
ലെ ഫലിപ്പാനെളുതാവു കെവലമതിന്മൂലം പലക്കുമാത്മജ്ഞാനമില്ലാ
യ്കതന്നെ താനും ജ്ഞാനമുണ്ടെന്നാകിലെരമിപ്പൂ നൂനമിതിൽ ജ്ഞാന
മൊന്നുമെ ഇല്ലൊരുത്തനൊണ്ടാകിലാം — എന്നാലും ചുരുക്കി നീ പാ
ണ്ഡവരുടെ കഥാ നിന്നാലാകുന്നവണ്ണം ചൊല്ലെണമെന്നൊടിപ്പൊ
ൾ പലക്കും തെളിയണമെന്നു നീ നിനയ്ക്കൊല്ലാ ചിലക്കു തെളികിലും
മതിയെന്നതെ വെണ്ടു ആക്കമെ തെളികയില്ലെങ്കിലുമിനിക്കിതു കെൾ
ക്കണം പെരികെയുണ്ടാഗ്രഹം മനക്കാമ്പിൽ വൈകരുതിനി കാലം പ
ഴുതെ കളയാതെ പൈകളുഞ്ഞ ചെയ്ത ഭാരതകഥയെല്ലാം — ഭാരതം ചമ
ച്ചൊരു കൃഷ്ണദ്വൈപായനനാം പാരാശര്യന്റെ ജന്മം ചൊല്ലുന്നെ
ല്ലൊ മുൻപിൽ എങ്കിലൊ മുന്നം ചെദിരാജ്യത്തിലൊരു നൃപൻ മംഗല
നായ വസുവുണ്ടായാനവൻ നന്നായി ഇന്ദ്രനെ സ്സെവിക്കയാൽ കൊ
ടുത്തു വരങ്ങളും ഇന്ദ്രമാലയുമൊരു വൈഷ്ണവമായ ദണ്ഡും ആകാശെ
നടപ്പതിനായൊരു വിമാനവും ലൊകവൃത്താന്തമെല്ലാമറിവാൻ വി

ജ്ഞാനവും ഒക്കവെകൊടുക്കയാലെത്രയുംപ്രസിദ്ധനായ്വിവ്യാതകീൎത്തി
യൊടുരക്ഷിക്കുംകാലത്തിൻകൽ ഉപരിചരനെന്നനാമവുമുണ്ടായ്വന്നി
തുപരിഭാഗത്തിൻകൽചരിക്കായ്കുന്നമൂലം വാസവഭക്തനായൊരുപ
രിചരൻവസു വാസവസമാനനായ്വാഴുന്നകാലത്തിൻകൽ ഉണ്ടാ
യിബൃഹദ്രഥൻപ്രത്യഗ്രൻകുശാംബനും പിന്നെലർകാലനായമച്ചില്ല
ൻയദുതാനും തനയന്മാരായഞ്ചുബാലന്മാരുണ്ടായതിൽ മണിവാഹ
നനെന്നുംചൊല്ലുമൊർകുശാംബനെ അവരെയൊരൊനാട്ടിൽവാഴി
ച്ചാനെവരെയും അവിടെബൃഹദ്രഥൻമാഗധരാജാവായാൻ അ
ക്കാലംചെദിരാജ്യംതന്നടെയരികത്തു ചൊല്ലെഴുംശുക്തിമതിയാകി
യനദിതന്നെ കാമിച്ചുകൊലാഹലനാകിയ ഗിരിവരൻ പ്രെമത്തൊ
ടവളെ ചെന്നാശ്ലെഷംചെയ്യാനവൻ വെഗത്തിലൊഴുകുന്നവാഹി
നിക്കതുനെരംപൊകരുതാതെവന്നുപവ്വതംതടുക്കയാൽവെള്ളവുംമെല്ലൊ
ട്ടുപൊങ്ങിയന്നാട്ടിലെല്ലാമുള്ളവരപ്പൊൾകയ്യൊണ്ടന്യായംചൊൽക
യാലെ മന്നവൻവസുതാനുമന്നെരമതുകണ്ടുചെന്നൊന്നുചവുട്ടിയാ
ൻപവ്വതവരൻതന്നെ പൊടിഞ്ഞുഗിരിവരൻനടന്നുനദിതാനു. അ
ടങ്ങിതന്നിലാശ്രുതെളിഞ്ഞുജനങ്ങളും പൃഥിവീധരൻനദീതന്നിലന്നു
ല്പാദിച്ചിട്ടുധീകളുണ്ടായതൊടുരണ്ടുപൈതങ്ങളുണ്ടായി ഒന്നൊരുപുമാ
നതിൽമറ്റെതുകന്യകയും മന്നവൻതനിക്കനൽകീടിനാൾനദിതാനും
പുരുഷൻതന്നെസ്സെനാപതിയാക്കിച്ചാനവൻ തരുണിമണിതന്നെ
പത്നിയുമാക്കിവച്ചാൻ ഗിരികഎന്നതന്നെപെരവൾ ക്കാകുന്നതും
പെരികെമനൊഹരിഎന്നതെപറയാവു അവളുമൊരുദിനമൃതുധൎമ്മ
ത്തെപ്രാപിച്ചധികശുദ്ധയായിചതുൎത്ഥസ്നാനംചെയ്യാൾഅന്നെപ്പൊ
മൃഗങ്ങളെക്കൊന്നുകൊണ്ടരികെന്നു മന്നവൻതന്നൊടപെക്ഷിച്ചി
തുപിതൃക്കളും പൊയിതുനായാട്ടിനുഭൂപതിയതുനെരം പൊയിമ
നസ്സവൾതന്നൊടുപിരിഞ്ഞിതും സുന്ദരാംഗിയെതന്നെ ചിന്തി
ച്ചുനൃപവരൻ മന്ദമന്ദംപൊയൊരുകാനനംപുക്കനെരം മന്ദാര
കുന്ദമാകന്ദാസനസൂന മകരന്ദസംയുക്തമന്ദഗന്ധവാഹാദികളുംകൊ
കിലശുകക്രൌഞ്ച സാരസചക്രവാകകെകിക്ഷൾപ്പദമുഖ്യ പക്ഷി
കൾനാദങ്ങളുംസൂകരകരിഹരിഹരിണമഹിഷാദി ഭൊഗലീലാദിക
ളുംകണ്ടുമാനസമഴി ഞ്ഞിന്ദ്രിയസ്ഖലനവുംവന്നിതുബെലാലപ്പൊൾ
കന്ദൎപ്പശര പരവശനായതിനാലെ ഇന്ദ്രസമ്മിതൻധരാവല്ലഭനി
ന്ദ്രതനസ്കന്ദിച്ചബീജംനിജംനിഷ്ഫലമാക്കിടായ്വാൻ വൃക്ഷപത്ര
ത്തിലാക്കിക്കൊണ്ടഥനൃപവരൻപക്ഷിയാംപരുന്നിനൊടിവണ്ണമ
ൾചെയ്യാൻകൊൾക്കനിൻബീജമദ്യൊനിയിലുമതുപൊലെദൊഷിപ്പ വി

യോനിയിലെങ്കിലുമതിൽപരം പക്ഷിമൃഗപശുയോനിതന്നിലുമറി
യാതെനിക്കുപിപ്പിക്കുംജന്മംനാരകഗാമികൾപോൽ എന്നെല്ലാം
ശ്രുതിസ്മൃതികളിലുണ്ടാകയാലുമന്നതിഭയംപൂണ്ടിട്ടൊന്നാകെ കക്ക
ന്നതൊരുഎന്നുടെബീജത്തിനുപാഴാതെകളയാതെ കന്നത്തിന്മേൽമിഴിയാ
ളാംപത്നിക്കുകൊടുക്കനീഎന്നയച്ചതുനേരം പരുന്നുംകൊത്തിക്കൊ
ണ്ടുമന്നവനിയോഗത്താലാകാശേപോകുന്നേരംമറ്റൊരുപരുന്തുക്ക
ണ്ടൊരുമാംസമെന്നുബുദ്ധ്യാതെറ്റെന്നുചെന്നുകലഹിച്ചപ്പോൾവീണുപോ
യികാലസോദരിമാർത്താണ്ഡാത്മജാമഹാനദി കാളിന്ദിതന്നിലായി
വീണിതുവിധിവശാൽ അബ്ജസംഭവശാപാലദ്രികഎന്നപേരാമപ്സ
രസ്ത്രീയുണ്ടതിൽമത്സ്യമായ്ക്കിടക്കുന്നു വീണവാസവബീജമപ്പോഴെ
വിഴുങ്ങിനാൾതാനുംപോംമുമ്പെമത്സ്യവേഷമാമദ്രികയും അവൾക്ക
ഗർഭമുണ്ടായിത്തീർന്നുകാലമരുവുന്നാളുവല്ലൊരുദാശൻവലയിലകപ്പെ
ട്ടാൾകീറിനാൻവയറവനന്നേരങ്ങളെടുപ്പാനായ്ക്കീറൊട്ടുരണ്ടുമർത്ത്യപൊ
തങ്ങൾകണ്ടാനപ്പോൾ മത്സ്യത്തിനുദരത്തിൽമർത്ത്യപോതങ്ങൾകണ്ടു
വിസ്മയംപൂണ്ടുപലരോടുമതറിയിപ്പാൻ അത്ഭുതമിതുപണ്ടുകണ്ടിട്ടില്ലെ
ലന്തന്നെ മന്ദതയുംക്ഷമിച്ചുകൊൾകെന്നഭിവാദ്യംചെയ്താൻ ശൂല

വ്യമിളകാഞ്ഞിട്ടററത്തുമറിച്ചിതു ഭൂലൊകപതിയെയുമയച്ചുമുനീന്ദ്രനും
ആണിമാണ്ഡവ്യനെന്ന നാമവുമുണ്ടായുള്ളന്നു ജ്ഞാനിയാംമുനിപി
ന്നെപ്രാപിച്ചുകാലധമ്മം അന്തകന്തന്നൊടന്നുചൊദിച്ചുമാണ്ഡവ്യ
നമെന്തുകാരണമെന്നെശ്ശൂലത്തിന്മെലാക്കുവാൻ ശംക്കിൽക്കൂപ്പിച്ചുമ
ന്നരിച്ചുയെകഴവെററിതിക്കെന്നമതിൻഫലമെന്നതിന്നത്രെചെയ്യുഎ
ങ്കിലൊ:ന്നറിയെണം ദ്വാദശവയസ്സൊളംസംക്രീഡാരതന്മാരാംബാല
ന്മാർചെയ്യുംകമ്മംഒന്നിനുംഫലംപുനരില്ലെല്ലൊ ബുദ്ധിപൂവ്വമൊന്നറി
ഞ്ഞല്ലായ്കയാൽ സൂക്ഷ്മധമ്മജ്ഞനല്ല കെവലംഭവാനതുകാരണംശ്രൂദ്ര
യൊനൌസെവാത്ഥംപിറന്നുനൂററാണ്ടുവാഴ്കയെന്നാൻ ധമ്മരാജാ
വുതന്നെപിറന്നൊരവന്തന്റെധമ്മനിഷ്ഠകളെല്ലാമെന്തിനുപറയുന്നു
ധൃതരാഷ്ട്രരുംനല്ലപാണ്ഡുവാമനുജനുംധൃതിയെറിടുന്നൊരുവിദുരന്താ
നുമായിവളൎന്നുതുടങ്ങിനാർമൂവരുമൊരുമിച്ചുവളൎന്നുസന്തൊഷവുംപു
രവാസികൾക്കെല്ലാം ഗാന്ധാരരാജന്തന്റെമകളായുള്ളവിനഗാന്ധാ
രിതന്നെവെട്ടുധൃതരാഷ്ട്രരുമന്നാൾ പാരെഴുംവസുദെവൻതന്നുടെഭ
ഗിനിയാംവാരിജമിഴിയാളെപാണ്ഡുരാജനുംവെട്ടാൻ മാദ്രിയാംമദ്ര
രാജന്തന്നുടെമകൾതന്നെ പാത്ഥിപവീരൻപാണ്ഡുവെട്ടിതുരണ്ടാമ
തുംകുന്തിഭൊജന്റെമകളാകിയകുന്തിക്കുപ ണ്ടന്തന്നെനായദുവ്വാസാ
വുതാൻപഠിപ്പിച്ചാനത്ഭുതമന്ത്രങ്ങളതിലൊന്നവൾപരീക്ഷിപ്പാൻ
നെഞ്ചകംതന്നിൽസൂയ്യദെവനെദ്ധ്യാനംചെയ്യാൾ കന്യകായെന്നാ
കിലുമാദിത്യൻപുണന്നപ്പൊൾകണ്ണനെന്നൊരുമകൻതന്നെയുംപെ
ററാളവൾചന്ദ്രഭാനുവിന്മകൻപിറക്കുന്നെരംതന്നെകുണ്ഡലങ്ങളുംന
ല്ലകവചമതുമുണ്ടകളുക്കാടെന്നതവളുള്ളിലെനിരൂപിച്ചുവെള്ളത്തിൽ
കളഞ്ഞൊരുപൈതലെകണ്ടനെരംരാധാവല്ലഭനായ സൂതനെമെടുത്തു
കൊണ്ടാദരവെട്ടുതന്റെമകനായുളത്തിയാൻ കുണ്ഡലകവചങ്ങളുണ്ടെ
ങ്കിലവനെഭൂമണ്ഡലത്തിങ്കലാക്കുംജയിച്ചുകൂടായെല്ലൊവാസവന്മറ
യവനായുള്ളൊരായത്താലെവാസരാധീശസുതനൊടവവാങ്ങിക്കൊ
ണ്ടാൻമാന്താണ്ഡസുതൻദാനശീലരിൽമുമ്പനെല്ലൊ കൂത്തുമൂത്തൊ
രുവെല്ലുംകൊടുത്താനമ്പർനാഥൻ അങ്ങിനെയുള്ളവന്നമ്മയാംകു
ന്തിതാനുംമംഗലാപാംഗിയായമാദ്രിയുമായിപാണ്ഡുമന്മഥലീലപൂണ്ടു
വസിക്കുംകാലത്തിങ്കൽ നന്മയെന്നിയെമററുകാണ്മൊന്നില്ലൊരെട
ത്തുംചൊൽക്കൊണ്ടഭീഷ്മർതന്റെചൊൽക്കൽനിന്നിളകാതെദിക്കു
കളെല്ലാംകൊജ്ജയിച്ചുഗ്രജന്താനുമായിമുഖ്യഭൊഗെനസുഖിച്ചിരി
ക്കുംകാലത്തിംക ലുൾക്കാംപിലൊന്നതൊന്നിപാണ്ഡുവിന്നായത്തി
ന്നായി കാന്തിയെറിടുന്നൊരുകാന്തമാരൊടുംകൂടി കാന്താരംതന്നിൽവ്യ

ക്കുന്നായിരമിക്കേണം വാട്ടമെന്നിയെമമനായാട്ടിൻ വൈദഗ്ദ്ധ്യ
വും കാട്ടേണമിവൎക്കെന്നു കൌതുകത്തോടുംകൂടി ദ്യുമണിതന്റെരശ്മി
പൊലുമണ്ടണയാത ഹിമവാന്തന്റെതൈക്കേപ്പുറത്തെപ്പെരുംകാ
ട്ടിൽ പരികരസംപൂൎണ്ണ്ടുകളിച്ചുമരുവിനാൻ ഗിരിശൃംഗങ്ങൾതൊറുമ
തികൌതുകത്തൊടെ കരിണീയുഗമദ്ധ്യഗതനായുല്ലസിച്ചൊരു കരിവീര
നെപ്പോലെമദനവിവശനായി കരിണീഗമനമാരാകിയഭാൎയ്യമാരാ
ന്തരുണീമണികളാംകുന്തിയുംമാദ്രിതാനും സരസീരുഹശരസമനാംകാ
ന്തന്നെ ശ്ശരതൂണീരകരാളൊജ്ജ്വലൽകരവാള ധരനായ്ശ്ശരാസനക
രനായ്ക്കാണുംതൊറും സരസീരുഹശരനികരപരവശതരമാനസമാ
രായ്മരുവീടിനനെരം ഹരിണഹരികരികിരിശാൎദ്ദൂലാദികൾ ഉരികെദരീ
മുഖഗതങ്ങളായ്ക്കാണുംപൊൾ ശരങ്ങൾകൊണ്ടുവീണുമരണഭയംകൊ
ണ്ടു മരങ്ങൾമറഞ്ഞുപാൎത്തിന്നുനൊക്കീടുന്നതും നിഷ്കുടത്തിങ്കൽമുന്ന
മിരുന്നീടിനപൊലെ മൎക്കടക്രീഡകൾകണ്ടുൾക്കൌതുഹലംപൂണ്ടും കു
ക്കുടരതിക്രീഡാദികൾകണ്ടാനന്ദിച്ചും പൊൽക്കുടങ്ങൾക്കുനെരാം
തൈക്കൊങ്കനൊക്കിക്കണ്ടും കൊകിലകൊകകെകിചാതകശുകാദി
സംഭൊഗഭെദങ്ങൾകണ്ടുരസിച്ചുമതിമദൈന്യ വെഗമൊടംപുകൊ
ണ്ടുമാഴ്കിവീണീടുന്നതും ശൊകമൊടിണകൂടികെണുവീണൊടുന്നതും
കരടിക്കുലംതമ്മിൽകടിച്ചുകളിപ്പതും കരിണീകളെപ്പുണ്ടുകരികൾപുളെ
പ്പതും കിടികൾപിടകളെപ്പിടിച്ചുപുൽകുന്നതും പിടകളൊടുചെന്നു
പക്ഷികൾകളിപ്പതും കണ്ടുകൌതുകംപൂണ്ടുകണ്ടിവാൎക്കുഴലികൾ ക
ണ്ടാശ്ലെഷവുംചെയ്തുകാന്തനുംതങ്ങളുമായി കാന്തകാനനംതൊറുംരമി
ച്ചുവസിക്കയും തണ്ടാർബാണനുമിതുകണ്ടെററംഹസിക്കയും മാകന്ദ
മകരന്ദബിന്ദുപാനവുംചെയ്തു കുകുന്നപികകുലപഞ്ചമംകെട്ടുകെട്ടും വ
ണ്ടുകൾമധുപാനംചെയ്തുമത്തതപൂണ്ടു കൊണ്ടാടിമുരണ്ടുടൻകണ്ടപു
ഷ്പങ്ങൾതൊറും കുഞ്ജഭാവവുംനീക്കിസ്സംഭ്രമിച്ചീടുന്നതും കണ്ടൊരാന
ന്ദംപൂണ്ടുമധുരപാനംചെയ്തും മന്മഥലീലകൊണ്ടുകണ്മനചാംപിച്ചാം
പി സമ്മൊദംവളൎന്നുള്ളിൽസ്സമ്മൊഹംപെരുകിയും വന്മലമുകളെറി
നിൎമ്മലശിലാതലെ നന്മലർമെത്തതന്മെലുന്മെഷംപൂണ്ടുവാണും ഭാ
മിനീമാരുമായിസ്സാനന്ദമിരിക്കുംപൊൾ കാമനുസമനായപാണ്ഡു
ഭൂപവീരൻ കലയുംമാനുംകൂടികമലശരമെററുകളിക്കുന്നതുകണ്ടു
കൊടുത്തുശരംകൊണ്ടു ശരമെററുനെരംമൃഗവുംമുനിയായി നരപാല
കന്തന്നെശ്ശപിച്ചുമരിക്കുംപൊൾ "കനത്തമലമാരെകളിച്ചുതൊടുന്നാ
കിൽ നിനക്കുമെന്നെപ്പൊലെമരികഇനിമെലിൽ" ശപിച്ചുമുനിതാ
നുംമരിച്ചാനതുകൊണ്ടുമരിച്ചു മരിയാതെപാണ്ഡുഭൂപന്താനും അ

ത്തിൽപൂണ്ടവൻചെന്നുഹസ്തിനപുരംപുക്ക   വൃത്താന്തംസത്യവതിത
ന്നൊടുംഭീഷ്മരൊടും ബന്ധുക്കൾമറ്റുള്ളവർതമ്മൊടുമറിയിച്ചു വെ
ന്നുവെന്തഴന്നൊരുചിന്തയുമുള്ളിൽകൊണ്ടു ദാനവുംമറയവർക്കാവൊ
ളംചെയ്തുതന്റെ ആനനപത്നംതാഷ്ടിഭാര്യമാരൊടുംകൂടി ഉന്നതമാ
യശതശൃംഗമാംമലതന്മെൽസന്യാസവൃത്തിയൊടെമന്നവൻചെന്നു
പുക്കാൻ_അന്നുഗാന്ധാരീതനിക്കുണ്ടായിഗർഭമെന്നു മന്നവൻപാ
ണ്ഡുകെട്ടുചിന്തിച്ചുവാഴുംകാലം കുന്തിയൊടുരചെയ്തുസന്തതിയുണ്ടാ
ക്കുവാ നെന്തൊരുകഴിവെന്നുമന്ത്രിച്ചനെരമവൾ മന്ത്രത്തിൻബലം
കൊണ്ടുധർമ്മരാജനെപ്രാപി ച്ചന്തരംകൂടാതൊരുനന്ദനന്തന്നെപ്പെ
റ്റാൾ കുന്തിക്കുനന്നായൊരുസന്തതിയുണ്ടായതു ചിന്തിച്ചുഗാന്ധാരി
യുമുദരംകലക്കിയാൾ ഗർഭവുമൊരുമാംസപിണ്ഡമായിറ്റിതു അ
പ്പൊഴെവെദവ്യാസനവിടെക്കെഴുന്നെള്ളി പിണ്ഡത്തെനൂറുഖ
ണ്ഡമായിഖണ്ഡിച്ചാക്കുംഭികൾതന്നിലാക്കിരക്ഷിച്ചുലെശ
ത്തിലും കുന്തിയുംമന്ത്രംകൊണ്ടുമാരുതദെവന്തന്നെ ചിന്തിച്ചുപുണ
ർന്നപ്പൊൾഗർഭവുമുണ്ടായ്വന്നു അക്കാലമൊരുനിശിമാംസഖണ്ഡത്തി
ലൊന്നു പൊൻകലശവുംപൊട്ടിപ്പുറത്തുപുറപ്പെട്ടു ദുരിയൊധനനാ
1.122 യതവൻപൊലതുനെരം പെരികദുന്നിമിത്തമുണ്ടായിതെന്നുകെൾ
പ്പൂ പിറ്റെന്നാളുച്ചയാമ്പൊൾകുന്തിയുംഭീമന്തന്നെ പെറ്റിതുശുഭ
മായിമരുവുംലഗ്നംകൊണ്ടെ ഒരൊരൊദിനംതൊറുമൊരൊകുംഭംഭെ
ദിച്ചൊരൊരൊതനയന്മാർഗാന്ധാരിക്കുണ്ടായ്വന്നു ദുരിയൊധനൻ
ജ്യെഷ്ഠനനുജൻദുശ്ശാസനൻ ദുസ്സഹൻദുശ്ശലനുംജലസന്ധനുംസ
ഹൻ സാമനുംവിന്ദനനുവിന്ദനുംദുഷ്പ്രസഹൻ ചൊല്ലെഴുംസുബാ
ഹുവുംദുഷ്പ്രധർഷന്താനുംദുർമ്മദൻ ചിത്രയൊധിദുഷ്കർണ്ണൻകർണ്ണൻ
പിന്നെ കെട്ടുകൊണ്ടാലുംവിവിംശതിയുംവികർണ്ണനും ജലസന്ധനും
സുലൊചനനുംചിത്രാഖ്യനും ഉപചിത്രൻചിത്രാക്ഷനുംപിന്നെവന്നാ
യീടുന്ന ചാരുചിത്രശരാസനന്താനുംദുർമ്മർഷണൻ ദുഷ്പ്രധർഷാഖ്യന്താ
നുംവിവിത്സുവികടനും ശമനൂർണ്ണനാഭൻപിന്നെവൻസുനാഭനും
നന്ദനാമാവുമുപനന്ദനുംസെനാപതി കെട്ടാലുംസുഷെണനുംപിന്നെ
കുണ്ഡൊദരനും ചൊല്ലുവന്മഹൊദരൻപിന്നെവൻചിത്രധ്വജൻ
ചിത്രരഥാഖ്യൻചിത്രബാഹുവുമമിത്രജിൽ ഛത്രബാഹുവുംചിത്രവ
ർമ്മാവുംസുവർമ്മാവും ദുർവ്വിമൊചനൻചിത്രസെനനുംസുചിത്രനും ചി
ത്രവർമ്മ്യുക്കപരാജിതൻപണ്ഡിതകൻ പിന്നെവൻവിശാലാക്ഷ
നപരൻദുരാധരൻ അജിതൻജയന്തനുംജയസെനനുംപിന്നെ ദ
ർജ്ജനൻദൃഢഹസ്തൻസുഹസ്തൻവാതവെഗൻ സുവർച്ചസ്സാദിത്യ

കെതുവും ബലവാശിതാനും നാഗദത്തനമഗ്രയായിയും കവചിയും നി
ഷംഗിപാശിദണ്ഡധാരനും ധനുൎഗ്രഹൻ ചൊല്ലീടാമുഗ്രൻ ഭീമരഥ
നും ഭീമാഖ്യനും വീരബാഹുവുമലൊലുപനും ഭീമകൎമ്മാ പിന്നെവൻ
സുബാഹുവും ഭീമവിക്രമന്താനും അഭയരൗദ്രകൎമ്മാവെന്നവനനാമം
മൂവ്വരെ ചൊല്ലും ദൃഢരഥന്മാരെന്നുതന്നെ പിന്നെവനനാധൃഷ്യനപ
രൻ കുണ്ഡഭേദി ചൊല്ലെഴും വിരാവിയും ദീൎഘലൊചനൻതാനും പി
ന്നെവൻ ദീൎഘധ്വജൻ പിന്നെവൻ ദീൎഘഭുജൻ പിന്നെവൻ ദീൎഘ
നും ദീൎഘനും ദീൎഘബാഹു പിന്നെവൻ മഹാബാഹുവ്യൂഢോരസ്കനും പി
ന്നെ കനകധ്വജൻ മഹാകുണ്ഡനും കുണ്ഡന്താനും കുണ്ഡജൻ ചിത്രജൻ
മനസ്വചിത്രകനും നൂറ്റൊന്നാമതു പിന്നെ ദുശ്ശളയെന്നുപെരായ്
ററലൊടൊരു മകൾതാനുമുണ്ടായിവന്നു ധൃതരാഷ്ട്രനു പിന്നെ വൈശ്യ
സ്ത്രീ പെററിട്ടൊരു സുതനുമുണ്ടായ്വന്നു യുയുത്സുവെന്നു പെരായി_ കുന്തീ
ദെവിക്കു പിന്നെ മൂന്നാമതൊരു സുത നിന്ദ്രനന്ദനനായിട്ടൎജ്ജുനനുണ്ടാ
യ്വന്നു_ അൎഭകന്മാരില്ലാഞ്ഞു ദുഃഖിച്ചു മാദ്രീതന്നി ക്കപ്പൊഴെയൊരു മന്ത്രം
കുന്തിയും പഠിപ്പിച്ചാൾ അശ്വിനിദെവകളെ ധ്യാനിച്ചിട്ടവൾതാനും
വിശ്വാസത്തൊടു സെവിച്ചീടിനാളതുകാലം നകുലസഹദെവന്മാരാ
യ കുമാരന്മാർ നിഖിലഗുണത്തൊടും മാദ്രിക്കുമുണ്ടായ്വന്നു_ വൈശം
പായനനെവമരുളിച്ചെയ്യുന്നെരം ഭൈശിഷ്യമെറും ജനമെജയൻ
ചൊദ്യം ചെയ്താൻ - വിസ്തരിച്ചരുളിച്ചെയ്തീടെണമെല്ലാ പാണ്ഡു
പുത്രന്മാരുടെ പരമൊല്പത്തി വഴിപൊലെ_ എന്നതു കെട്ടു വൈശമ്പായ
നനരുൾചെയ്തു മന്നവ കെട്ടുകൊൾക പാണ്ഡവൊല്പത്തിയെല്ലാം_ താ
പസവെഷമെററു പാണ്ഡുവാകിയനൃപൻ താപമുൾക്കൊണ്ടു ചെന്നു
ഹസ്തിനം പുക്കശെഷം ആഭരണാദികളൊക്കെ വെദാനം ചെയ്തു ശൊ
ഭതെടിട്ടും നിജഭാൎയ്യമാരൊടുംകൂടി താപസവെഷം പൂണ്ടു പൊയ ശ
തശൃംഗം പ്രാപിച്ചു ഫലമൂലാശനനായ്വാഴുംകാലം സിദ്ധചാരണമു
നിശ്രെഷ്ഠന്മാൎക്കെല്ലാവൎക്കും സ്നിഗ്ദ്ധനായ്പാണ്ഡു ചിരകാലം വാണൊ
രു ശെഷം മാമുനീന്ദ്രന്മാരമാവാസിനാളൊക്കത്തക്ക ത്താമരസൊ
ദ്ഭവനെ കാണ്മാനായ്പുറപ്പെട്ടാർ - ചൊദിച്ചു പാണ്ഡു മുനിശ്രെഷ്ഠന്മാ
രൊടു നിങ്ങളെ തൊരതിക്കിന്നെഴുന്നെള്ളുവാൻ തുടങ്ങുന്നു താപസെ
ന്ദ്രന്മാരതുകെട്ടരുൾചെയ്തീടിനാർ ഭൂപതിപ്രവര നീ കെട്ടുകൊണ്ടാലു
മെങ്കിൽ ബ്രഹ്മലൊകത്തിങ്കലുണ്ടിന്നൊരു മഹായാഗം ബ്രഹ്മജ്ഞൊ
ത്തമഞങ്ങൾ ത്രപൊകുന്നുസവെ ദെവകൾ പിതൃക്കളും ഋഷികൾ സിദ്ധ
ന്മാരും സെവിപ്പാൻ വരും കമലാസനപാദാംഭൊജം ഞങ്ങളും ബ്രഹ്മാ
വിനെക്കാണ്മാനായ്പൊകുന്നിതു മംഗലാത്മാവെ മഹീപാലവൃന്ദൊത്തമ

സമെ പാണ്ഡുവുംഗന്തുകാമനായ്പ്രസ്ഥാനംചെയ്യാൻ പാണ്ഡിത്യമെ
റുംമുനിമാരപ്പൊളൊരുൾചെയ്യാർ‟എത്രയും ദുൎഗ്ഗമാൎഗ്ഗംദുഷ്പ്രാവാഗ്രൊഗ്രാ
ഗ്രാഹ്യം പൃത്ഥ്വീശൊത്തമമഹൽപൃത്ഥ്വീധ്രശൃംഗൊദ്ദേശം ഉത്തുംഗ
മുത്തമാംഗമുത്തരൊത്തരഹിമ മുത്തുംഗസൂനികളാംപത്നിമാരെന്തെ
ചെയ്യ് യക്ഷരാക്ഷസഗന്ധൎവ്വൊരഗനിഷെവിതം പക്ഷിസഞ്ചാര
ഹീനംരഹിതമൃഗഗണം അപ്സരസ്ത്രീകളൊടുംദെവകൾകളിപ്പെടംപു
ഷ്പസൌഗന്ധ്യാംപൂണ്ടമന്ദമാരുതസെവ്യം നദികൾനിതംബങ്ങൾഗ
ഹ്വരങ്ങളുംപുന രതിശീതളഹിമദ്രുമ്മവൈശാരണ്യവും നടന്നുകൂടാ
തെയല്ലൊമാനിനിജനങ്ങൾക്ക കടന്നുകൊൾവാൻപണിയതിലുംശ
തശൃംഗം ഞങ്ങളൊടൊക്കത്തന്നെപൊയ്ക്കൊള്ളാമിന്നുംപക്ഷെ മം
ഗലാത്മാവെയിതുകെട്ടിങ്ങുവസിച്ചാലും‟എന്നതുകെട്ടുപാണ്ഡുപിന്നെയു
മുരചെയ്യാൻഖിന്നമാനസനായിതാപസവരന്മാരെസന്തതിയില്ലാതവ
ൎക്കില്ലപൊൽപരഗതി സന്തതമതുതന്നെചിന്തിച്ചുദുഃഖിക്കുന്നെൻ ഇ
ങ്ങിനെപാണ്ഡുനൃപവാക്കുകൾകെട്ടനെര നിംഗിതജ്ഞന്മാരായതാപ
സരരുൾചെയ്യുഉണ്ടല്ലൊഭവാനെംകിൽ സന്തതിദൈവൊപമകണ്ടി
തുഞങ്ങൾദിവ്യചക്ഷുഷാനൃപൊത്തമ വിഖ്യാതന്മാരായുള്ളപുത്രന്മാരു
ണ്ടാകനിൻ ദുഃഖവുംതീൎന്നുപിന്നെസൽഗതിലഭിച്ചാലും‟എന്നിയച്ചൊ
ല്ലനെള്ളിതാപസവരന്മാരു മന്നെരമകതാരിൽചിന്തിച്ചുപാണ്ഡുനൃപ
ൻ സന്തതിയുണ്ടാക്കെണ്ടുംകൎമ്മമെങ്ങിനെമമ ചിന്തിച്ചാലുപായവു
മെതുമെകണ്ടീലെല്ലൊ കഷ്ടപ്പിപാസാദിശ്രാന്തനായവെദവ്യാസനെ
ശില്പമായിപ്പൂജിച്ചിതുഗാന്ധാരിയൊരുദിനം തൽപ്രസാദത്താൽവരം
കിട്ടിയഗാന്ധാരിക്ക ഗൎഭവുമുണ്ടായിപൊലെന്നല്ലൊകെട്ടതിപ്പൊൾ
ഇനിക്കൊഗൎഭാധാനംചെയ്യാനൊമുനിശാപം നിനച്ചാലതൊതെവ
ന്നിതുവിധിവശാൽ_നാലൃണത്തൊടുകൂടിമാനവൻജനിക്കുന്നു നാ
ലുംവീട്ടിയെഗതിവന്നിടുഭുവിനൂണാം ആസ്തിക്യമൊടുയജ്ഞംകൊണ്ടു
ദെവകൾകടം സ്വാധ്യായതപസ്സുകൊണ്ടൃഷികൾക്കുള്ളകടം ശ്രാ
ദ്ധാദിപുത്രൊല്പത്ത്യാപിതൃക്കൾക്കുള്ളകടംമാനുഷക്കുള്ളകടമാനൃശംസ്യ
നവീട്ടി വെണംമാനുഷന്മാൎക്കുസൽഗതിവന്നിടുവാൻ_എന്നതിൽ
പിതൃക്കൾക്കവീട്ടീലെന്നതുമൂല മെന്നുള്ളിൽപരിതാപംമെൽക്കുമെൽ
വൎദ്ധിക്കുന്നു ഇത്തരമൊരൊന്നൊൎത്തുരഹസികുന്തിയൊടു ചിത്ത
ത്തിലുള്ളതാപമെപ്പെരുമറിയിച്ചാൻ „അനപത്യനുഗതിയില്ലമററൊ
ന്നുകൊണ്ടു മനവലശീലെകുന്തിചിന്തിച്ചീടുകവെണം ശാരദണ്ഡായ
നീയാംകെകയനൃപനുടെ ഭാൎയ്യയാംശ്രുതസെനാനല്ലൊരുമുനീന്ദ്രനെ
വരിച്ചുദുൎജ്ജയാദിമൂന്നുമക്കളെപ്പെററാൾ ധരിക്കനിയ്യുംഗൎഭംബ്രാ

ഹൊന്നബീജത്തിനാൽ പുത്രന്മാരാറുവിധമുണ്ടല്ലൊമനുഷ്യൎക്കു മൈ
ത്രയുംമുഖ്യനതിൽക്ഷെത്രജനറിഞ്ഞാലും ഇങ്ങിനെപാണ്ഡുവാക്യം
കെട്ടുകുന്തിയുംചൊന്നാൾ „മംഗലമതെരമഭൎത്താവെന്നുപൊത്തമ എ
ന്നൊടിത്തരമുരിയാടരുതൊരുനാളു മന്യസംഗമമൊരുനാളുംഞാൻ
ചെയ്കയില്ല പൂരുവംശത്തിൽമുന്നംചൊല്ലെഴും വ്യുഷിതാശ്വൻ പാരി
തുപരിപാലിച്ചിരിക്കുംകാലത്തിങ്കൽ കൈക്കൊണ്ടാൻകാക്ഷീവതി
യാകിയകന്യകയെ സക്തിയുംപരസ്പരംവൎദ്ധിച്ചിതിരുവൎക്കും പുഷ്പ
രശരക്രീഡാതല്പരതെനരാജ യക്ഷ്മണാമരിച്ചിതുഭൂപതിപ്രവരനും
പുത്രന്മാരുണ്ടായതുമില്ലിനിക്കയ്യൊപാപം ഭൎത്താവെ ചതിക്കയൊചെ
യ്യുതെന്നെയുമിപ്പൊൾ" ഇത്തരംദുഃഖംപൂണ്ടുകരഞ്ഞുശവശരീരത്തെ
യുമാശ്ലെഷിച്ചുകിടക്കുംപതിയൊടു „ദുഃഖിക്കവെണ്ടാമുഹൂൎത്തിഷ്ഠാ
ത്തിഷ്ഠഭദ്രെ മുഖ്യന്മാരായിത്തവപുത്രന്മാരുണ്ടായ്വരും നിന്നിലുല്പാദി
പ്പിക്കുന്നുണ്ടുഞാന്മരിച്ചാലുംനിൎണ്ണയമതുമമതപസാംബലംകൊണ്ടു
ഋഷ്ടമാംതല്പത്തിന്മെലൃതുസ്നാനംചെയ്തുട നഷ്ടമീചതുൎദ്ദശിയെന്നുള്ള
തിഥികളിൽ എന്നെയുംചിന്തിച്ചുപൊയ്ശയനംചെയ്തിടെന്നാലെന്നു
ടെബീജംകൊണ്ടുനിനക്കുഗൎഭമുണ്ടാം. ഠംവൎണ്ണംമാറ്റുനിന്നിടിന
ജീവശരീരം ലാവണ്യാംഗിയുംകെട്ടിട്ടുവൎണ്ണമനുഷ്ഠിച്ചാൾമൂന്നുസാല്വ
ന്മാരെയുംനാലുമാദ്രന്മാരെയും മാന്യന്മാരായിപ്പെറ്റാൾഭദ്രയാംകാക്ഷീ
വതി തല്പിതഥാമയിമനസാജനയിതുംമമവല്ലഭശക്തനുപസാം
ബലവശാൽ ഇത്തരംകുന്തിദെവിചൊന്നതുനെരമതിനുത്തരമായിട്ട
വൾതന്നൊടുപാണ്ഡുചൊന്നാൻ „നീപറഞ്ഞതുപരമാൎത്ഥമെന്നറി
ഞ്ഞാലുംഭൂപതീശരനവ്വൻദെവസന്നിഭനെല്ലൊ ധൎമ്മജ്ഞന്മാരാംമു
നിശ്രെഷ്ഠന്മാരുടെമതം ധൎമ്മിഷ്ഠെപുരാണംനീകെട്ടുകൊൾപുനരിതും
നാരികൾമുന്നമനാവൃതമാരെത്രെകാമ ചാരചാരിണികളാസ്വതന്ത്ര
മാരായുള്ള ഇക്കാലമതുതിൎയ്യഗ്യൊനിജങ്ങൾക്കെയാവൃ ദൃഷ്ടമെത്രെ
മനുഷ്യൎക്കെല്ലാംധൎമ്മവുമ ല്ലുത്തരകുരുരാജ്യത്തിങ്കലിപ്പൊഴുമതു നി
ത്യമാംധൎമ്മമെത്രെനികൃഷ്ടമല്ലയെതും ഇന്ധനങ്ങളിൽതൃപ്തിവരുമാറി
ല്ലഗ്നിക്കു സിന്ധുവിനില്ലതൃപ്തിവാഹിനികളിലെതും അന്തകനില്ല
സൎവ്വജന്തുക്കളിലുംതൃപ്തി ബന്ധുരാംഗികളായനാരിമാൎക്കുതുപൊലെ
പുരുഷന്മാരിൽതൃപ്തിവരുമാറില്ലയെല്ലൊ പുരുഷംപ്രതിപുരുഷംപ്ര
തിനാരിമാൎക്കു കരുതിടുകിൽതൃഷ്ണാവൎദ്ധിച്ചുവരുമെത്രെ വരുമാറില്ലസു
രതത്തിലൊരലംഭാവം അഗമ്യഗമനമെന്നുള്ളതില്ലംഗനമാൎക്കതാ
രിംകലൊരുനാളുമെന്നറിഞ്ഞാലും താതനെങ്കിലുംനിജപുത്രനെന്നിരി
ക്കിലും ഭ്രാതാവാകിലുംമറുപൌത്രാദിയെന്നാകിലും സെവിക്കുമെ

ല്ലൊയൊ നിരഹസി കാണുന്നെരം ഹെതുവെതുമെ വെണ്ടാ കെവലം
സ്വാഭാവികം ഇക്കാലമിവിടെ ലൊകത്തിംകൽ മനുഷ്യൎക്ക ദുഷ്കൎമ്മമു
ണ്ടാകാസ്സാനായൊരു മൎയ്യാദയും വരുത്തീടിനാനൊരു ദിവ്യനെന്നതിന്മൂ
ലം ചുരുക്കിച്ചൊല്ലീടുവൻ കെട്ടുകൊള്ളുക ഭദ്രെ - പണ്ടൊരു തപൊധന
ശ്രെഷ്ഠനാമുദ്ദാലകനുണ്ടായി തനയനാശ്വെതകെതുവും പുരാതന്നുടെ
പത്നിയൊടും കൂടിയനുദ്ദാലകൻ പുണ്യവൎദ്ധനമായ തപസ്സു ചെയ്യാൻ
ചിരം പഞ്ചാഗ്നിമദ്ധ്യസ്ഥനായ്ഗ്രീഷ്മകാലത്തു പുനരഭ്രാതെ മഴപെയ്യും കാ
ലത്തു നനഞ്ഞിട്ടും ശിശിരകാലത്തിങ്കൽ സലിലമദ്ധ്യെ നിന്നും വശ
ഗെന്ദ്രിയനായി തപസാവാഴും കാലം പുത്രനും മാതാപിതാക്കന്മാരെ
പരിചരിച്ചെത്രയും വിനീതനായ്മരുവീടിനനാളിൽ വന്നിതു വയൊ
ധികനായൊരു വിപ്രശ്രെഷ്ഠൻ നന്നായി പൂജിച്ചിതു താപസപ്രവര
നും സ്വാഗതമൃദുവചനാസനപാദ്യാൎഘ്യാദി ശാകമൂലാഹാരങ്ങൾ
കൊണ്ടു പൂജിച്ചനെരം ക്ഷുല്പിപാസാദിതീൎന്നു വിശ്രാന്തനായ വിപ്ര
ന്ദ്രൻ പ്രമൊദമുദ്ദാലകനൊടു ചൊന്നാൻ "അൎക്കസന്നിഭതെജൊവി
ഗ്രഹത്തൊടും തെളിഞ്ഞിക്കാണാകിയ ബാലനാരെന്നു പറയെണം. മ
ഹാത്മാവായ ഭവാന്തന്നുടെ തനയനെന്നുൾക്കാമ്പിൽ കല്പിക്കുന്നെൻ
സത്യം ചൊല്ലുകവെണം" അന്നെരമുദ്ദാലകനവനൊടരുൾ ചെയ്താനെ
ന്നുടെ പത്നിയായ കുശികാത്മജാ മമ ച്ശായെവാനുഗാ പാതിവ്രത്യം കൊ
ണ്ടരുന്ധതിമായ കൂടാതെ ശുശ്രൂഷിച്ചു വൎത്തിക്കും കാലം ഉത്ഭവിച്ചി
തുമമ പുത്രനായ്ശ്വെതകെതു സല്പുമാൻ തപൊവിദ്യാശീലാദി ഗുണത്തൊ
ടും അന്നെരമുദ്ദാലകനൊടു ചൊല്ലിനാൻ ദ്വിജനെന്നെയുമ്മണവിനിമ്മു
ക്തനാക്കെണം ഭവാൻ മുന്നം ഞാൻ വിവാഹവും ചെയ്തു കൊണ്ടീലാപു
ന രിന്നിപ്പൊൾ ജരാനരയും പൂണ്ടു വൃദ്ധനായെൻ കന്യാദാനവുമാരും
ചെയ്കയില്ലിനിക്കിനി ധന്യനാകിയ ഭവാൻ കരുണാശാലിയല്ലൊ
പിതൃമാമൃണത്തിംകൽ നിന്നും വെർപെടുത്തി നിക്കുത്തമലൊകപ്രാപ്തി
യുണ്ടാക്കീടുകവെണം ഞാൻ തവ പത്നിതന്നെ വഹിച്ചീടുന്നെനെന്നാ
ൽശാന്തനാകിയ ഭവാൻ ക്ഷമിച്ചീടുകവെണം ഇത്യാകൎണ്ണ്യ ദ്വിജിനാം
ബരയാമവൾതന്നെ സത്വരന്തദാത്രസ്ഥഗാത്രനാം ദ്വിജൊത്തമൻ
മത്തനായുത്തുപുത്രസമക്ഷമൃഷിപത്നീ ഹസ്തവും പിടിപെട്ടാ നനു
വാദം കൂടാതെ ക്രുദ്ധനായ്ശ്വെതകെതുമാതാവുതന്റെ മറെറ ഹസ്ത
വും പിടിച്ചുടനീവണ്ണമരചെയ്യാൻ വൃദ്ധനാം ദ്വിജാധമ കിമിദം മ
നൊഭവമത്തനായ്സുമന്നുനിൻ ബുദ്ധിരാക്ഷസിയെന്ത്രെ മാതാവുമ
മ പതിവ്രതയെന്നറിയെണം താതനും ക്ഷമാവരൻ ബ്രഹ്മവിത്തമ
നെല്ലൊ ശാപാനുഗ്രഹശക്തൻ തൂഷ്ണീംഭാവത്തെപൂണ്ടു താപസകുല

ശ്രെഷ്ഠനെന്നതുമൂലം ഭവാൻ മാതരം വിമുഞ്ചമെ മാതരം വിമുഞ്ചമെ
ഭൂസുരാധമധൎമ്മമല്ലിതെന്നുരചെയ്തും ശെവതകെതുവിനൊടു ഭൂസുര
വരൻ ചൊന്നാൻ „ശെവതകെതൊ ഞാനപത്യാൎത്ഥിയെന്നറിക
നീചെതസി വിചാരമില്ലായ്കയുമല്ല മമ താതനൊന്നിന്നാളെന്നനിൎമ്മു
ക്തനായാനെല്ലൊ വെദജ്ഞൊത്തമ വൃദ്ധൻ വിഗതസ്പൃഹനഹം ബൊ
ധമൊ ഭവാനെന്നറമുണ്ടല്ലൊ വിശെഷിച്ചും പുത്രനുണ്ടായാൽ പിന്നെ
നിന്നുടെ മാതാവിനെ എത്രയും വൈകാതെ ഞാനയച്ചീടുവന്താനും" ഇ
ത്തരം വൃദ്ധദ്വിജവാക്കുകൾ കെൾക്കുംതൊറും ക്രുദ്ധനായ്മരുമഞ്ഞൊരു
പുത്രനെ കണ്ടു താതൻ „കൊപിക്കവെണ്ടാ പുരാതനമാം ധൎമ്മമിദം താ
പസദ്വിജദെവാദികൾക്കനുമതം" ജനകവചനം കെട്ടളവിൽ ശെവത
കെതുമനസി വാച്ചകൊപം മടങ്ങാഞ്ഞുരചെയ്യാൻ „എംകിൽ ഞാനി
ന്നെമുതൽ മാനുഷക്കെല്ലാവൎക്കും സംകടം തീരുവതിന്നായൊരു മൎയ്യാദ
യും സ്ഥാപിച്ചീടുന്നെൻ കൎമ്മക്ഷെത്രത്തിൽ വിശെഷിച്ചും താപസ
ദ്വിജദെവസമ്മതമാക മെലിൽ പാതിവ്രത്യവും വെണം നാരിമാൎക്കെ
ല്ലാവൎക്കും പാതകമുണ്ടായ്വരികല്ലായ്കിലിനിമെലിൽ" വെദവെദാംഗ
ജ്ഞനായിടിനതപൊധനൻ ശെവതകെതുവുമെവം സെതുബന്ധിച്ചാ
ൻ തദാ ഹെതുവതിപ്പൊഴുമില്ലുത്തരകുരുക്കളിൽ തിരിയ്യഗ്യൊനികൾ
പൊലെയാചാരമവിടെയാൎയ്യമൎയ്യാദ വെണ്ടാ ദൊഷമട്ടിക്കിലതിനില്ലക
ൎത്തവ്യം നാരിമാൎക്ക് ഭൎത്തൃശാസനം നൂനം പുത്രാൎത്ഥം മമ ഹിതം ഭദ്രെ നീ ചെ
യ്തീടെണം സൌദാസനമദയന്തിയാകിയ ഭാൎയ്യതന്നെ വെധാവിന്മക
നായ വസിഷ്ഠൻ കയ്യിൽ നൽകി വെദജ്ഞനായ മുനിതന്നുടെ ബീജം
കൊണ്ടു മെദിനീപതി നിജസന്തതി ലഭിച്ചീതു കൽമ്മഷമകന്നൊരു നന്ദ
നനുണ്ടായ്വന്നിതശ്മകനായ ഗൊത്രാധീശ്വരനറിഞ്ഞാലും അസ്മാകം
ജനനവും വെദവ്യാസങ്കൽനിന്നു വിസ്മയമല്ല പണ്ടുമിപ്പൊഴുമതു ധ
ൎമ്മം" ഇത്തരം പലപല കഥകൾ പാണ്ഡു ചൊന്നതുത്തമയായ കുന്തി കെട്ട
തുവുരചെയ്താൾ പാൎത്ഥന്മാൎക്കെല്ലാം വെച്ചുവിളമ്പീടുവാൻ മുന്നം ശാന്ത
നാകിയ താതനെന്നെയും നിയൊഗിച്ചാൻ അക്കാലമൊരു ദിനം ദുൎവ്വാ
സാവായ മുനിക്കുൾക്കാമ്പു തെളിഞ്ഞിതു തുഷ്ടഭൊജനം കൊണ്ടെ നാലു
മന്ത്രവുമുപദെശിച്ചാനിനിക്കപ്പൊൾ ബാലെ നീ യാവാഹിച്ചാൽ വെ
ണ്ടും ദെവന്മാർ വരും നിനക്കു വശന്മാരാമെന്നതുമരുൾചെയ്തു മുനിശ്രെ
ഷ്ഠനുമെഴുന്നള്ളിനാൻ യഥാകാമം അങ്ങിനെയുള്ള മന്ത്രം കൊണ്ടു ഞാ
നാവാഹിച്ചാലിങ്ങുവന്നെന്നെ പ്രാപിച്ചീടുമദ്ദെവൻ നൂനം ഇങ്ങിനെ
യല്ല ഗുണസംപന്നനായുള്ളൊരു മംഗലദ്വിജനെക്കൊണ്ടുല്പാദിപ്പി
ക്കുന്നതൊ എങ്ങിനെ വെണ്ടു മമ ഭൎത്താവെ വിധിച്ചാലുമിങ്ങിനി

ക്കൊന്നിനുമൈവെമുഖ്യമില്ലയെല്ലൊ ദൈവതംനാരിമാൎക്കുഭൎത്താവുത
ന്നെയെന്നാൽതാവകംനിയൊഗംഞാൻകെവലമനുഷ്ഠിക്കാം ദെവം
വാദിജെന്ദ്രംവാഭവതായപൊട്ടിഷ്ടം ദെവസന്നിഭതഫാകത്താസ്സി
ക്ഷമാപതെദെവാൽസ്സന്തതിഫലംസദൃസ്സംഭവെന്മഹീദെവാൽസ്സം
ഭവിക്കുംകാലാന്തരെവിധിവശാൽഅതുകയാൽദെവകളിലാരെയാവാ
ഹിക്കെണ്ടുശൊകംതിന്നൊരുസുതനുണ്ടാവാനെന്നുചൊൽക ഭൎത്താ
വിന്മതമറിഞ്ഞെന്നിയെയരുതെന്നി ട്ടിത്രപാൎത്തിരുഞാനുമീക്കൎമ്മത്തി
നനാഥ.മാധുൎയ്യംകലൎന്നൊരുകുന്തിതൻവാക്കുകെട്ടുചെതസിപരമാന
ന്ദത്തൊടുംപാണ്ഡുചൊന്നാൻധന്യനായ്മഞ്ഞുഞാനെന്ത്രയുമനുഗ്രഹമി
ന്നിതുതൊന്നിയതുനിനക്കുമനൊഹരെനമ്മുടെവംശമിപ്പൊളുദ്ധരിച്ചീടു
ന്നതുംനിൎമ്മലെകുന്തിദെവിനീയെന്നുധരിച്ചാലും ശ്രീദുൎവ്വാസസ്സെമ
ഹാമുനയെതസ്സൈനമൊ ഭൃതനാഥാംശൊത്ഭവാ യൊഗ്രായനമൊ
നമഃയെനതെദത്തൊവരൊധൎമ്മവിശ്ലെഷംവിനാമാനസതാപംതിന്നു
സന്തതിലഭിക്കയാൽധൎമ്മതല്പരനായുണ്ടാകെണമെന്നാകിലൊ ധൎമ്മ
ജ്ഞനിയ്യമതിനൊന്നുചെയ്യീടവെണ്ടൂം ധൎമ്മരാജനെവരിച്ചീടുകരാ
ജാവായാൽധൎമ്മിഷ്ഠനല്ലെന്നാകിലവനാലെന്തുഫലം"കുന്തിയുംഭൎത്താവു
തന്നാജ്ഞയെവാങ്ങിക്കൊണ്ടുസന്തൊഷത്തൊടുമുഷകാലെപൊയിസ്നാ
നംചെയ്തുശുഭ്രവസ്ത്രവുംപൂണ്ടുസുഭ്രുവാംകുന്തിദെവി വിഭ്രമംകലൎന്നുട
ൻദൎപ്പകവശയായാൾനിൎമ്മലമനൊവെഷാലങ്കാരാദികളൊടും ധൎമ്മ
ദെവനെനന്നായാവാഹിച്ചിതുകുന്തീ ശില്പമായിരിപ്പൊരുപുഷ്പതല്പ
ത്തിന്മെൽചെന്നുല്ലലാക്ഷിയുമപ്പൊഴല്പാദിപ്പതിന്നായെയൊഗമൂൎത്തി
മാനായധൎമ്മരാജനെപുൽകി രാഗവുമിരുവൎക്കുംപൂൎണ്ണമായുണ്ടായ്വന്നു
ഗൎഭാധാനവുംചെയ്തുമറഞ്ഞുധൎമ്മദെവനപ്പൊഴെഗൎഭംധരിച്ചീടിനാൾ
കുന്തിതാനുംപെറ്റുപെരന്ദരതാരഗെതാരാധീശെകുറമറ്റീടുംകുമാ
രന്തന്നെത്തെജൊബലാൽഭാസ്കരെദിവസമധ്യസ്ഥിതെസ്വതെജസാ
ഭാസ്കരതുല്യനായൊരൎഭകൻപിറന്നപ്പൊൾകെൾക്കായിതശരീരിവാക്യ
വുമെല്ലാവൎക്കുംഭാഗ്യവാനിവൻധൎമ്മജ്ഞന്മാരിൽശ്രെഷ്ഠനെല്ലൊ ആ
പ്യെയായുധിഷ്ഠിരൻപാണ്ഡുസീമന്തപുത്രൻ സാക്ഷാൽശ്രീനാരായ
ണപാദഭക്തരിൽമുമ്പൻ" ഠരംവണ്ണമുണ്ടായ്വന്നുകുന്തിക്കുസുതനെന്നു
ദെവിഗാന്ധാരികെട്ടുഖെദിച്ചുവാഴുംകാലംരണ്ടാംവത്സരമായിതിനിക്കു
ഗൎഭമിന്നു മുണ്ടായീലൊരുസുതനെന്തുതെന്നൊൎത്തപ്പൊൾ കുണ്ഠത
ങ്ങൈകവിട്ടുവല്ലുദരംകലക്കിനാ ളുണ്ടായിസാഷ്ഠീലയാംമാംസപെശിയു
മപ്പൊൾ വന്നിതുയദൃച്ഛയാമാമുനിവെദവ്യാസൻ അന്നെരമന്തൎഗ്ഗ
തംചൊല്ലിനാൾഗാന്ധാരിയും കലശശതമാജ്യപൂൎണ്ണമായ്ത്തരുക സ

ഖിലംരണ്ടുമാംസപെശിയുംകഴുക്ക നൂറ്റുപുത്രന്മാരെയുണ്ടാക്കുവനെ ന്നുമുനി നൂറുഖണ്ഡിച്ചുഘൃതകലശങ്ങളിലിട്ടാൻ സൂക്ഷിച്ചുവെച്ചു കൊണ്ടുകുംഭങ്ങൾപൊട്ടുന്നതും നൊക്കിക്കൊണ്ടെടുത്തുനീവളർത്തുകൊ ൾകയെന്നാൻ എന്നരുൾചെയ്തുതപസ്സിനെഴുന്നെള്ളിമുനി പിന്നെ ഗാന്ധാരിതാനുംതെളിഞ്ഞുമരുവിനാൾ_ ഉണ്ടായകുമാരനെപാണ്ഡുവു മൊടിച്ചുൻ കണ്ടുടൻജാതകമ്മംചെയ്തുയഥാവിധി സന്തൊഷം പൂണ്ടുമരുവീടുന്നാളൊരുദിനം കുന്തിയൊടുരചെയ്തുപാണ്ഡുവാംനൃപ വരൻ എന്തൊരുകഴിവിനിരണ്ടാമതൊരുസുത നന്തമില്ലാതബലമു ണ്ടായുണ്ടാവാനെടൊ ക്ഷത്രിയവംശത്തിംകൽജനിച്ചീടുന്നതാകി ൽ ശക്തനായിരിക്കെണമെംകിലെഫലമുള്ളു വാജിമെധത്തിനെല്ലൊ ശ്രെഷ്ഠതചംക്രതുക്കളിൽ തെജസാംകുലശ്രെഷ്ഠനായതുദിനകരൻ ദ്വി പദാംകുലശ്രെഷ്ഠൻബ്രാഹ്മണനെന്നപൊലെ വിബുധശ്രെഷ്ഠനെ ല്ലാമാരുതദെവനെടൊ എന്നാൽനീജഗൽപ്രാണദെവനെയാവാ ഹിച്ചു നന്ദനമുണ്ടാക്കകബലവാനായിട്ടിന്നും_ഭർത്താവിൻനിയൊ ഗത്താൽകുന്തിയുംതെളിഞ്ഞുള്ളിൽ ഭക്തിപൂണ്ടാവാഹിച്ചാൾമാരുതദെ വന്തന്നെ മന്ത്രത്തിൻബലംകൊണ്ടുവായുവുമപ്പൊഴെവ നന്തികെ നിന്നനെരംകുന്തിയുംനാണംപൂണ്ടാൾ പുത്രനെവരിച്ചപ്പൊൾഗന്ധ വാഹനുംതെളിഞ്ഞുത്തമയായവളെപ്പുണർന്നുഗാഢംഗാഢം അപ്പൊ ഴുള്ളാദിച്ചുഗർഭവുംതികഞ്ഞപ്പൊൾ ഭക്കൻപിറന്നിതുതെളിഞ്ഞുലൊക ങ്ങളും അന്നെരമശരീരിതന്നുടെവാക്കുകെട്ടു നന്ദനനിവൻബലിശ്രെ ഷ്ഠനെന്നെല്ലാടവും ഭീമവിക്രമനായഭീമസെനനുമെവം ഭൂമിപാലക കുലശ്രെഷ്ഠനായുണ്ടായ്വന്നു പറലരായെമവിടുംമറ്റുള്ളഭൂപാലന്മാർക്കി ററിറുവീണിടുന്നുമൂത്രവുമശ്രുക്കളും_കുന്തിയുംപത്താന്ദിനംകുളിപ്പാൻ പൊയാൾനിജ നന്ദനന്തന്നെപ്പുണ്ണിളപ്പെട്ടെടുത്തുംകൊണ്ടുടൻ കുളി ച്ചുകുമാരനെയെടുത്തുകൊണ്ടുകുന്തീ തളർച്ചയൊടുമാശ്രമത്തിന്നുപൊ രുന്നെരം പിടിച്ചുതിന്മാൻവ്യാഘ്രമടുത്തുവെഗത്തൊടുപെട്ടു തപമെറ്റും പാണ്ഡുകൊട്ടുത്തുശരംകൊണ്ടു മരിച്ചുശാർദൂലവുമീശപരവിധിവശാൽ സ്മരിച്ചുദ്വൈപായനാവിൻവരത്തെകുന്തിയപ്പൊൾ അലറിവരുന്നൊരുപു ലിയെക്കണ്ടുപൃഥാ മലമെരമെല്പ്പൊട്ടുക്കപെടിച്ചുകരെറുംപൊൾ വീ ണുപൊയിതുബാലൻകീഴ്പ്പെട്ടെക്കുതണ്ടുടൻ താഴെണൊരുഭാഗത്തൊരു കല്ലിന്മെലെത്രകഷ്ടം ചൂർണ്ണമായിതുമന്നിതുശിലയുമതുകണ്ടു പൂർണ്ണവി സ്മയപരമാനന്ദത്തൊടുപാണ്ഡു ഭഗവാൻപരമാത്മാപരമെശ്വരൻ വിഷ്ണു ജഗതാംപതിപരിപാലിച്ചുകൊൾകയെന്നാൻ സചന്ദ്രബൃ ഹസ്പതൌസിംഹഗെമവാനപിതെ വിജയമുഹൂർത്തെഗദിനമദ്ധ്യഗെ

ജ്യെഷ്ഠ പിറന്നു ഭീമസെനൻ വിശഖത്രയൊദശ്യാം – നിറഞ്ഞു പാതിരാ.
യ്ക്കു മുമ്പിലെ സുയൊധനൻ പിറന്നാനതു നെരം കരഞ്ഞു കുറുനരി ചൊ
രിഞ്ഞു മെഘങ്ങളും രുധിരവൃഷ്ടി കൊണ്ടെ വരുത്തി വിപ്രന്മാരെ ധൃത
രാഷ്ട്രരുമപ്പൊൾ പെരുത്ത താപത്തൊടും വിദുരരൊടു ചൊന്നാൻ ദുർന്നി
മിത്തങ്ങളുടെ കാരണം ചൊല്ലെന്നപ്പൊൾ മന്നവൻ തന്നൊടാശു
വിദുരരുരചെയ്തു ഇന്നിപ്പൊഴുണ്ടായതു നമ്മുടെ കുലാന്തകൻ എന്നതു
ദൈവമറിയിക്ക ചെയ്യുന്നു നൂനം ത്യജിച്ചീടെണമൊരു പുരുഷം കുലസ്യാ
ർത്ഥെ ത്യജിച്ചീടെണമൊരു കുലത്തെ ഗ്രാമസ്യാർത്ഥെ ത്യജിക്കാം ജന
പദസ്യാർത്ഥെ കെവലം ഗ്രാമം ത്യജിക്കാം ആത്മാർത്ഥെ തന്നാടുമെന്നറിയെ
ണം – ഇത്തരം വിദുരരും വിപ്രരുമുരചെയ്യാ രുത്തരം ചൊല്ലീല്ലെതും പു
ത്രസ്നെഹത്താൽ നൃപൻ അങ്ങിനെ നൂറു മക്കൾ ധൃതരാഷ്ട്രർക്കുമുണ്ടായി
തീർന്നിതു മൊദത്തൊടും പിന്നെയും പാണ്ഡുനൃപൻ ലൊകവിഖ്യാത
നായിട്ടിനിയുമൊരു സുതൻ ഭാഗവതൊത്തമനായുണ്ടാവാനെന്നുന
ള്ളു ത്രൈലൊക്യാധിപനായ വാസവൻ ദെവശ്രെഷ്ഠൻ പൌലൊമീ
വരൻ തന്നെ സെവിച്ചാലവനുടെ വീര്യത്താൽ നമുക്കൊരു നന്ദനനു
ണ്ടാസ്സുരും വീര്യവാനായിട്ടെന്നു കല്പിച്ചു വഴിപൊലെ താപസശ്രെ
ഷ്ഠന്മാരുമായ്ക്കു രൂപിച്ചു കല്പിച്ചാ ഭൊഗാനന്ദം പൂണ്ടു കുന്തിയൊടുര ചെ
യ്യാൻ വല്ലഭെ നമുക്കിന്നു നല്ലൊരു തനയനെ സ്വർല്ലൊകാധിപ സു
തനായിട്ടുണ്ടാക്കീടെണം ആരാധിച്ചീടുന്നതുണ്ടിന്ദ്രനെ ഞാനും നീയും
പാരാതെ വരിക്കെണം മന്ത്രം കൊണ്ടെന്നു ചൊല്ലാൽ ഇങ്ങിനെനി
യൊഗിച്ചാൻ മംഗലനായ പാണ്ഡു വങ്ങിനെ തന്നെയെന്നു കുന്തിയുമു
ര ചെയ്താൾ ധീരാത്മാ നൃപൊത്തമനൊരു കാൽ കൊണ്ടു നിന്നു ഘൊര
മായിരിപ്പൊരു തപസ്സു തുടങ്ങിനാൻ അക്കാലം പ്രത്യക്ഷനായീടിന
മഹെന്ദ്രനു മൾക്കാമ്പു തെളിഞ്ഞു ഭൂപാലനൊടരുൾ ചെയ്തു മൂന്നു ലൊ
കത്തിങ്കലും വിശ്രുതനായിട്ടിപ്പൊൾ ഞാൻ നിനക്കൊരു സുതന്തന്നെ
യുണ്ടാക്കീടുവൻ എന്നതു കെട്ടു തെളിഞ്ഞീടിനാൻ പാണ്ഡുനൃപൻ ചെ
ന്നു കുന്തിയെ പുണർന്നീടിനാൻ മഹെന്ദ്രനും ഗർഭിണിയായ കുന്തി തന്നു
ടെ തെജസ്സു കണ്ടത്ഭുതം പൂണ്ടു ചമഞ്ഞീടിനാരെല്ലാവരും അർഭകൻ പിറ
ന്നിതു ഫാല്ഗുനമാസെ പൂര രപ്പൊഴെ ഫൽഗുനനെന്നതിനാൽ പെ
രുമിട്ടാൻ കെൾക്കായീതശരീരിവാക്കന്നെരം ദിവി സാക്ഷാൽ ശ്രീ
രാമസമനായ്ക്കുരുമിവനെന്നെ ചെതസി ശതശൃംഗവാസികൾക്കെ
ല്ലാമപ്പൊൾ പ്രീതിയും വളർന്നിതു കുന്തിയും സന്തൊഷിച്ചാൾ ദെവക
ൾ പെരുമ്പറയടിച്ചു നാദഘൊഷമെവമെന്നിനിക്കിപ്പൊൾ ചൊല്ലു
ള്ളുന്നതെല്ലാ കല്പാന്തകാലത്തിങ്കൽ പെയ്യുന്ന മഴപൊലെ പുഷ്പങ്ങ

ൾക്കൊണ്ടുവൃഷ്ടിയുണ്ടായതെന്നെ ചൊല്ലു — ദെവഗന്ധൎവ്വന്മാരുമപ്സര
സ്ത്രീവൎഗ്ഗവും ദെവികളൊട്ടുപാട്ടമാട്ടവും തുടങ്ങിനാർ ജയന്തൊത്ഭവ
രചിതൊത്സവമിത്രയില്ല ഭയം തിന്നിതു ദെവാരികൾക്കതുകാലം — ഇ
ങ്ങിനെമൂന്നുകുമാരന്മാരുണ്ടായകാലം മംഗലശീലയായമാദ്രിയുമൊരു
ദിനം പുത്രന്മാർതനിക്കുതാൻപെറ്റൊന്നുമില്ലായ്കയാൽ ഭൎത്താവുത
ന്നൊടൊരുരഹസ്യം ചൊല്ലീടിനാൾ ഗാന്ധാരിതനിക്കൊരുനൂറുപുത്ര
ന്മാരുണ്ടു ശാന്തമാനസയായകുന്തിദെവിക്കുമിപ്പൊൾ പുത്രന്മാരുണ്ടാ
ക്കുന്നതിശ്വരനിയൊഗത്താൽ സിദ്ധമല്ലായ്കയാൽ ഞാനൊന്നുണ്ടു
ചൊല്ലീടുന്നു സ്ത്രീകൾക്കുതാന്താൻപെറ്റുപുത്രന്മാരില്ലെന്നാകിൽ ശൊ
കത്തിന്നൊരിക്കലുമില്ലൊരുശാന്തിനൂനം എന്നിവയൊൎത്തുകുറഞ്ഞൊ
രുസന്താപമുള്ളിൽ പിന്നെയുംവൎദ്ധിക്കുന്നുമൂഢതകൊണ്ടുതാനും" — ഇ
ത്തരംകെട്ടുപാണ്ഡുകുന്തിയൊടൊരുദിനംമാദ്രജാമനൊഗതമറിയിച്ചതു
കെട്ടു കുന്തിയുമൊരുമന്ത്രംദാനംചെയ്തിതുമാദ്രി കന്തരാത്മനിപരമാന
ന്ദത്തൊടുമവൾ അശ്വിനീദെവകളെവരിക്കനിമിത്തമായി വിശ്രുത
ന്മാരായവൾക്കിരുവരുണ്ടായ്വന്നു നിശ്ശെഷനൃപഗുണയുക്തന്മാരായി
ട്ടവർ വിശ്വനായകസമന്മാരെന്നെപറയാവു നകുലനെന്നുംസഹ
ദെവനെന്നതുംനാമം നിഖിലജനമനൊമൊഹനന്മാരെത്രയും — അഞ്ചു
പുത്രന്മാരൊടുംരണ്ടുപത്നികളൊടും നെഞ്ചകംതെളിഞ്ഞുരണ്യാശ്രമെവാ
ഴുംകാലം പഞ്ചസായകന്തന്റെബന്ധുവാംകാലംവന്നു പഞ്ചതാംഭ
വിപ്പാനായിപാണ്ഡുവിന്നിതുകാലം — ഇന്ദ്രപുത്രനുപതിനാറുവത്സ
രംതികയുന്നജന്മനക്ഷത്രദിനമിന്നെന്നുനിരൂപിച്ചു — വിപ്രഭൊജനത്തി
നുകൊപ്പിട്ടുകുന്തിദെവി തല്പദാൎത്ഥങ്ങളെല്ലാംസംഭരിച്ചൊരുക്കുംപൊൾ
പുഷ്പബാണനുസമനാകിയനരപതി പുഷ്പിതലതാവൃക്ഷശൊഭിതവ
നഭുവി ഭദ്രശീലാംഗിയായനാരിമാർകുലമണി മാദ്രാധിപതിസുത
യൊടുംവൈചിത്രവീൎയ്യൻ സഞ്ചരിച്ചിതുവസന്താഭയുംകണ്ടുകണ്ടു ച
ഞ്ചലമായിമനൊധൈൎയ്യവുംവിധിബലാൽ മന്മഥശരമെറ്റുനിൎമ്മല
നായപാണ്ഡു കൎമ്മവാസനാവശാൽസമ്മൊഹംപൂണ്ടുമൂലം മാദ്രിയെ
കണ്ടുചിത്തമാൎദ്രമായിച്ചമകയാൽ പാൎത്ഥിവൻതെരുതെരെപ്പെട്ടുപുൽ
കിയനെരം മാമുനിശാപംകൊണ്ടുജീവനുംനടകൊണ്ടു മാമുനിമാരുംകു
ന്തിദെവിയുംദുഃഖംപൂണ്ടാർ കാമിനിയായമാദ്രികൂടവെരതിയിൽചാടികാ
മനുസമനായകാമുകനൊടുചെന്നാൾ മുന്നമെബാലന്മാൎക്കൌൎദ്ധ്വദെഹശ
ക്രിയകൾക്ക ധന്യനാംവസുദെവൻതന്നുടെനിയൊഗത്താൽ വന്നി
രിക്കുന്നശൎയ്യൻവൃഷ്ണികൾപുരൊഹിത നൊന്നൊഴിയാതെവെണ്ടുംക
ൎമ്മങ്ങൾചെയ്യിച്ചിതു — ചിന്തയാവെന്തുവെന്തുകുന്തിയുംബാലന്മാരും. സ

ന്താപത്തൊടുവെണ്ടും കർമ്മങ്ങളൊക്കച്ചെയ്യാർ ബാലകന്മാരെയുമമ്മാ
താവാംകുന്തിയെയും പാലിപ്പാനിനിയാരുമില്ലെന്നുനിരൂപിച്ചു താപ
സന്മാരുംകൊണ്ടുഹസ്തിനപുരത്താക്കി താപ്വംമറച്ചവരവിടെവസി
ക്കുന്നാൾ വെദവ്യാസനുംചെന്നുമെലിലെവിശെഷങ്ങളാദരവൊ
ടുസത്യവതിയൊടരുൾചെയ്തു അംബികയൊടുമംബാലികയാമവളൊ
ടുമമ്മയുംതപസ്സിനായിവനത്തിൽചെന്നുപുക്കാൾ മൂവ്വരുംപരലൊകം
പ്രാപിച്ചാരവിടുന്നുചൊവ്വൊടുശെഷക്രിയചെയ്തിതുബാലന്മാരുമാററ
ലൊടുണ്ടായ്വന്നരാജപുത്രന്മാരൊരു നൂററാറുമൊരുമിച്ചുകളിക്കുംകാല
ത്തിംകൽ സത്സംഗമെറെയുള്ളപാണ്ഡവന്മാരൊടൊരു മത്സരമുണ്ടാ
യ്യുന്നുധാർത്തരാഷ്ട്രന്മാർക്കുള്ളിൽ ഭീമസെനനെക്കുറിച്ചെററയുമുണ്ടുവൈരം
ഭൂമിപാലാത്മജന്മാം ദുര്യൊധനനന്നാൾ ഉറങ്ങുന്നെരംകെട്ടിഗം
ഗയിലിട്ടാരവനിറന്നീടുവാൻ വിഷംകൊടുത്താർചൊററിൽതന്നെപാം
പിനെക്കൊണ്ടുകടിപ്പിച്ചാർകൊല്ലുവാനവ രാംപണിചെയ്യാരതുമ്പ
റഞ്ഞാലൊട്ടുങ്ങുമൊ_ ബന്ധുവായിശകുനിയുംകർണ്ണനുമവർക്കുണ്ടു കു
ന്തിതന്തനയന്മാർക്കീശ_രൻതാനുമുണ്ടു അക്കാലംകുമാരന്മാർക്കസ്ത്രങ്ങൾ
പഠിപ്പിപ്പാനകൃപാചാര്യൻതന്നെകല്പിച്ചുഭീഷ്മർചൊല്ലാൽ അസ്ത്ര
ജ്ഞന്മാരിൽ മുമ്പനാകിയകൃപർതന്റെ യുദ്ധവംപറയുംപൊളത്ഭുത
മൊട്ടുങ്ങീടാ_ പതംഗതനയനാമംഗിരസ്സിന്റെപുത്ര രുത്ഭവിച്ചിതുമ
ദ്ധ്വരെത്രയും തെജസ്സൊടും ഉചത്ഥ്യൻബൃഹസ്പതി സംവൎത്തന്മാരെന്നതി
ലുചത്ഥ്യതനയനായുണ്ടായിദീർഘതമാ അവന്റെസുതനെല്ലൊഗൌ
തമതപൊധനൻ അവന്റെമകനെല്ലൊശരദ്വാനെന്നമുനി അവ
നുവെദത്തിംകൽവാസനകുറകയാ ലവശപ്പെട്ടുതാതൻജാതകംനിരൂ
പിച്ചു ധനുർവ്വെദത്തെപ്പഠിപ്പിച്ചിതുജനകനും മുനിവീരനുംജാമദഗ്ന്യ
നുസമനായാൻ ചതുരനായാനവനസ്ത്രങ്ങൾക്കതുമൂല മധികംഭീതി
പൂണ്ടുചമഞ്ഞുശതമഖൻ ശരദ്വാനുടെതപൊവിഘ്നത്തെവരുത്തുവാ
ൻ സുരശ്രെഷ്ഠനുംജാലാപതിയെനിയൊഗിച്ചാൻ ചാപാസ്ത്രധു
രനായിനിൽക്കുന്നശരദ്വാനും ശൊഭയൊടെകാംബരയാമവൾ ത
ന്നെക്കണ്ടാൻ അപ്സരസ്ത്രീകളിൽവെച്ചുത്തുംഗിയെക്കണ്ടിട്ടപ്പൊ
ഴെവില്ലുമമ്പുംവീണുപൊയിതുബലാൽ ഉണ്ടായവികാരത്താൽവെ
പഥുശരീരനായി പുനധീകെഷുപരവശനെന്നിരിക്കിലും ധൈ
ര്യ്യജ്ഞാനാദിതപൊബലങ്ങളുണ്ടാകയാൽ സൈ്ഥര്യ്യത്തെപൂണ്ടുനിന്ന
ശരദ്വാനതുനെരം ശ്രവിച്ചുരെതസ്സതുമറിഞ്ഞീലവനപ്പൊൾ ജവ
ത്തൊടവിടുന്നുഗമിച്ചാൻവിവെകത്താൽ രണ്ടായിശരസ്തംബത്തിം
കൽവീണതുമൂല മുണ്ടായിമിഥുനവുമാശ്രമസമീപത്തിൽ കണ്ടിതു

നായാട്ടിനായവിടെവന്നനെരം കണ്ടകകാലനായശന്തനുസെനാനാ
ഥൻ അവനുകൃഷ്ണാജിനചാപബാണങ്ങളൊടു മവിടെക്കാണായ്വ
ന്നമിഥുനംതന്നെയപ്പൊൾ അവനീദെവാപത്യമെന്നുകല്പിച്ചുപുന
രവനീശ്വരനായശന്തനുവിനുനൽകി നൃപനുംകൊണ്ടുപൊയിതന്നു
ടെരാജ്യത്തിങ്കൽ കൃപയാവളൎത്തിതുതനിക്കമക്കളാക്കി കൃപയാവള
ൎക്കയാൽനൃപതിപെരുമിട്ടാൻ കൃപരെന്നതുംപിന്നെപെണ്ണിനുകൃപി
യെന്നും ഗൌതമനറിഞ്ഞിതുതന്നുടെമക്കളെന്ന കൌതുകത്തൊടുംനൃ
പനൊടുചെന്നറിയിച്ചു ശരദ്വാൻചതുൎവ്വിധമാകയധനുൎവ്വെദം സു
രശ്രെഷ്ഠനുസമംതനിക്കപഠിപ്പിച്ചു പരമാചാൎയ്യനായാനതിനാൽകൃ
പരപ്പൊൾ സുരവാഹിനീസുതന്തന്നുടെനിയൊഗത്താൽ സുരവാ
ഹിനീപതിസമനാം കൃപന്മഹീസുരവൃന്ദാഗ്രെസരൻധനുൎവ്വെദജ്ഞനാചാ
ൎയ്യൻ കുരുവീരാത്മജന്മാർതമ്മെയുംപഠിപ്പിച്ചു കുരുരാജ്യത്തിൽസുഖി
ച്ചിരിക്കുംകാലത്തിങ്കൽ അവിടെക്കെഴുന്നെള്ളിയൊരുനാൾദ്രൊണാ
ചാൎയ്യനവനൊടൊത്തവില്ലാളികളില്ലൊരുത്തരും ദ്രൊണരാകുന്നതാരെ
ന്നെന്നൊടുചൊദിക്കിൽഞാൻ നാണവുംപൂണ്ടുമണ്ടുംചൊല്ലുവാൻകാ
ലംപൊരാ ദ്രൊണർതാനുണ്ടായതുമാദിയെചൊല്ലപ്പത്തിൽ ക്ഷൊണീ
ന്ദ്രനാകുംദ്രുപദെനസഖ്യാവസ്ഥാപ്തിയും നല്ലൊരുശാരദ്വതിതന്നെക്കൈ
പിടിച്ചതുംചൊല്ലെറ്റമശ്വത്ഥാമാവവൾപെറുണ്ടായതുംഭാൎഗ്ഗവനൊ
ടുധനംചൊദിപ്പാൻചെന്നവാറും ഭാൎഗ്ഗവനൎത്ഥമില്ലാഞ്ഞസ്ത്രങ്ങൾ
കൊടുത്തതും പാഞ്ചാലനൊടുപിന്നെപ്പിണക്കമുണ്ടായതും ഞാൻചാ
ലപ്പുറയുംപൊഴായുസ്സുപൊരയെല്ലൊ എങ്കിലുംഗുരുവിന്റെയുത്ഭവ
മെന്നൊടിപ്പൊൾ സംക്ഷെപിച്ചറിയിച്ചീടെണമെങ്കിലൊകെൾ
ക്കാം ഒരുനാൾഭരദ്വാജൻഗംഗയിൽകുളിപ്പാനായിവിരവിൽചെ
ന്നനെരംകണ്ടിതുഘൃതാചിയെ മാരുതഹൃതാംബരയാമവൾതന്നെ ക
ണ്ടു മാരനുവശനായിമാമുനിയതുനെരംഇന്ദ്രിയസ്ഖലനംവന്നതിനെ
ദ്രൊണംതന്നിൽ അന്നെരമാക്കിക്കൊണ്ടാനതിൽനിന്നുണ്ടാകയാൽ
ദ്രൊണനെന്നതുതന്നെനാമധെയവുംചൊന്നാനാനന്ദംപൂണ്ടുസാംഗ
വെദവുംപഠിപ്പിച്ചു ഭരദ്വാജനുസഖിയാകിയപൃഷതനാം ധരിത്രീപ
തിസുതൻദ്രുപദനതുകാലം ദ്രൊണരൊടൊരുമിച്ചുപഠിച്ചുവിദ്യകളുംസു
രലൊകവുംപുക്കപൃഷതാമഹീപതി നരപാലകനായാൻദ്രുപദനതുകാ
ലം ഭരദ്വാജനുംശാരദ്വതിയെവെട്ടുപിന്നെ ഭാരദ്വാജാത്മജനായശ്വ
ത്ഥാമാവുണ്ടായിപുത്രനെവളൎപ്പതിനൎത്ഥമില്ലായ്കമൂലം മൎത്ഥിച്ചുഭാൎഗ്ഗവ
നൊടവനുമതുനെരം "അൎത്ഥമെല്ലാരുംദാനംചെയ്തുപൊയിതുനിനക്ക
സ്ത്രസംഹാരപ്രയൊഗാദികൾപഠിപ്പിക്കാം" എന്നതുകെട്ടുഭാരദ്വാജനും

ധനുൎവ്വേദം നന്നായി പഠിച്ചിതു ഭാഗ്യവാൻ. ദ്രോണനപ്പോൾ ദ്രുപദൻ തന്നെ
ച്ചെന്നു കണ്ടിതു സഖിയെന്നോൎത്തവനുമധിക്ഷേപിച്ചുര ചെയ്തിതു
പാരം "വിദ്യാൎത്ഥശ്രുതപ്രജ്ഞാശൌൎയ്യാദിഗുണങ്ങൾകൊണ്ടൊത്തവ
രോടെ സഖ്യമുണ്ടാവിതെല്ലാവൎക്കും പുഷ്ടനും വിപുഷ്ടനും തമ്മിൽ സഖ്യ
വുമില്ല" ഇഷ്ടനാം ദ്രുപദനമീവിധം പറഞ്ഞപ്പൊൾ പുത്രനും ശിഷ്യ
ന്മാരുമായവൻ പുറപ്പെട്ടു ഹസ്തിനപുരത്തിങ്കലെ ചെന്നു പുക്കതു നെരം
ബാലന്മാർ പലരുമായി വിടയാ കളിക്കുംപൊൾ കാലജ്ഞാംഗുലിയകമ
ന്ധുവിൽ വീണു പൊയി വിടയുമതിനൊടു കൂടെ വെവീണനെരം ക്രീഡ
യും മതിയാക്കിയതിനെയെടുപ്പാനായി അന്ധുവിൻ കരെ സൊൽക
ന്മാരായെല്ലാവരുമന്യന്മാരുപായമില്ലാഞ്ഞു നിൽക്കുന്ന നെരം അ
സന്നപലിതനാത്ത്യാമനായ കൃശാംഗനായ ദ്വിജനൊരുത്തമൻ ചിരിച്ചവരൊ
ടുര ചെയ്തു "വിടയും മുദ്രികയും ഞാനിഷീകകളാലെ പീഡ കൂടാതെയെടു
ത്തിടുവൻ നിങ്ങൾ മമ ഭൊജനം തന്നീടുവിനെന്നതു കെട്ടു ധൎമ്മരാജ
നന്ദനനൊന്നു സ്പഷ്ടം തരുവൻ ഞാൻ അന്നെരമിഷീകകൾ മെത്ത
ക്കമെത്ത പ്രയോഗിച്ചിട്ടന്യോന്യസമായോഗാൽ വിടയുമെടുത്തിതു
ധന്യനാം ദ്രോണാചാൎയ്യൻ മുദ്രയുമതു നെരം വന്നിതു കുമാരന്മാൎക്കുള്ളില
ത്ഭുതമെറ്റം അഭിവാദ്യവും ചെയ്തു ചൊദിച്ചു കുമാരന്മാരടിയങ്ങൾ
നൽകാമാരെന്നു പറയെണം" ചൊദിപ്പിൻ നിങ്ങൾ ചെന്നു ഭീഷ്മ
രൊടവനെന്നാൽ ബൊധിപ്പിച്ചീടുമെന്നെ നിങ്ങൾക്കവ്വഴിപൊലെ
ചെന്നവർ ചൊദിച്ചപ്പൊൾ ഭീഷ്മരും ദ്രോണരെന്നാൻ ചെന്നീനി
നിങ്ങൾ കൂട്ടിക്കൊണ്ടിങ്ങു പൊന്നീടുവിൻ ചെന്നിതു കുമാരന്മാർ ത
മ്മൊടും ഭാരദ്വാജൻ നന്നായി വന്നതെന്നു ചൊല്ലിനാൻ ഗാംഗെയ
ൻ വന്ന കാരണം ചൊദിച്ചീടിനാനതു നെരം ധന്യനാം ഭാരദ്വാജ
ൻ ചൊല്ലിനാൻ പരമാൎത്ഥം "അഗ്നിവെശാഖ്യനാകും മാമുനിതന്നൊ
ടു ഞാനസ്ത്രങ്ങൾ പഠിപ്പാനായി ചെന്നിരുന്നതു കാലം പാഞ്ചാ
ലരാജപുത്രനാകിയ യജ്ഞസെനൻ വാഞ്ഛയാ കൂടപ്പഠിച്ചീടിനാ
ൻ മയാ പുനാ സ്ബ്രഹ്മചാരിയാകും യജ്ഞസെനനും ഞാനും സു
ബ്രഹ്മണ്യനും ജാമദഗ്ന്യനുമെന്ന പൊലെ വിദ്യയുമഭ്യസിച്ചുമരുവീ
ടിന കാലം വിദ്വാനാം നൃപസുതനെന്നൊടു ചൊല്ലീടിനാൻ "ഞാ
നിനി രാജാവായാലെന്റെ രാജ്യമൊക്കെ ജ്ഞാനിയാം ഭവാനധീന
മാകുവനെല്ലൊ" പിന്നെ ഞാൻ വെട്ടു പുത്രനുണ്ടായൊരനന്തരം
ചെന്നപ്പൊളവനെന്നെ ധിക്കരിക്കയും ചെയ്താൻ - വന്നിതുമവിടെ
നിന്നിപ്പൊൾ ഞാൻ മഹാമതെ ധന്യനാം ഭവാൻ തന്നെ കാണ്മാനെ
ന്നറിഞ്ഞാലും" എന്നതു കെട്ടു ഭീഷ്മർ തന്റെ പൌത്രന്മാരെ നന്നായി പ

ഠിപ്പിപ്പാനവിടെവെച്ചുകൊണ്ടാൻ അക്കാലംബാലന്മാരെശിക്ഷിച്ചുപഠിപ്പിച്ചുവിഖ്യാതകീൎത്തിയോടുമവിടെവാഴുംകാലം ഒരുനാൾഭരദ്വാജൻരഹസിവിളിച്ചുടൻ കുരുവീരന്മാരാകുംശിഷ്യരൊടുരചെയ്തു "എന്നുടെമനൊരഥംനിങ്ങൾസാധിപ്പിക്കെണമെന്നതുകെട്ടുധാൎത്തരാഷ്ട്രന്മാർമിണ്ടീലെതും അന്നെരംധൎമ്മപുത്രന്തന്നുടെമുഖംനൊക്കിനിന്നൊരുസവ്യസാചിചൊല്ലിനാൻതെളിവൊടെ, "നിന്തിരുവടിയുടെകാൎയ്യമെന്തെങ്കിൽഞാനന്തരമില്ലസാധിപ്പിച്ചുകൊള്ളുവനെല്ലൊ" തെളിഞ്ഞുഭരദ്വാജനതുകെട്ടുടനെ പുണൎന്നുഗാഢംഗാഢംമുകൎന്നുശിരസ്സിങ്കൽആനന്ദാശ്രുക്കളൊടുമശ്വത്ഥാമാവുതന്നെ മാനമെറീടുംശിഷ്യൻതന്നുടെകയ്യിൽനൽകിനിനക്കുസഖിയിവനെന്നതുമരുൾചെയ്താൻകനക്കമൊദംപൂണ്ടുപുണൎന്നാൻപാൎത്ഥനപ്പൊൾ നാനാദെശ്യന്മാരായരാജപുത്രന്മാരൊടുംദ്രൊണരുംപഠിപ്പിച്ചുകൌരവന്മാരെയെല്ലാം, പാൎത്ഥനൊടുള്ളിൽസ്പൎദ്ധയെയുണ്ടായ്വന്നു ധാൎത്തരാഷ്ട്രന്മാരുമെയ്യാശ്രയിച്ചിരിക്കയാൽഗുരുശുശ്രൂഷാരതനാകിയവിജയനെ പെരികസ്നെഹമുണ്ടായ്ക.നിളുഗുരുവിനും അന്നാഫല്ഗുനനിരുട്ടത്തുനികൊടുക്കരുതെന്നുപാചകന്തന്നൊടാചാൎയ്യനരുൾചെയ്യാൻ അന്നൊരുനിശിപാൎത്ഥൻഭുജിപ്പാനിരിക്കുംപൊൾ വന്നുദീപമെത്തപ്പൊലിച്ചീടിനാൻചണ്ഡവാതം അഭ്യാസബലംകൊണ്ടുഹസ്തവുംവായ്ക്കുത്തുചെന്നിതപ്പൊഴതതുകണ്ടുനിത്യവുംപിന്നെപാൎത്ഥൻ രാത്രിയിൽതാനെനിന്നുസാധിച്ചീടുന്നകാലം പാൎത്ഥന്റെഗുണനാദംകെട്ടാശുഭരദ്വാജൻ സന്തൊഷത്തൊടുകൂടചെന്നുടനാശ്ലെഷിച്ചു കുന്തിനന്ദനന്തന്നൊടീവണ്ണമരുൾചെയ്യാൻ ഉത്സാഹമിത്രയുണ്ടായ്ക്കാറൊരുധനുൎദ്ധരൻ ത്വത്സമനായിട്ടില്ലസത്യമെന്നതുനെരം തെരിലുമാനമെലുംകുതിരമെലുംപിന്നെപാരിലുംനിന്നുയുദ്ധംചെയ്യെണ്ടുംപ്രകാരങ്ങൾ ഗദയുമസിചൎമ്മംതൊമരപ്രാസശക്തിമുസലമായുധങ്ങൾസങ്കീൎണ്ണയുദ്ധത്തിലും സുഖമെപരിശ്രമിപ്പിച്ചിതുപലതരം നിഖിലരാജകുമാരന്മാൎക്കുമപ്പൂൎണ്ണമെപറഞ്ഞാൻനിഷാദരാജാവായിമരുവുന്ന ഹിരണ്യധനുസ്സിന്റെതനയനെകലവ്യൻഅടിയനെയുംകൂടിപ്പഠിപ്പിക്കെണമെന്നതുടനെകെട്ടുഭരദ്വാജനരുൾചെയ്തു "എന്നൊടുകൂടിനിത്യമഭ്യസിക്കയുംവെണ്ടനിന്നെഞാനനുഗ്രഹിച്ചീടുവനെന്നാൽമതി എന്നുടെശിഷ്യന്തന്നെനീയെന്നുധരിച്ചാലുംഇന്നതൊട്ടിനിയങ്ങുപൊയ്ക്കൊൾകെവെണ്ടുതാനുംവന്ദിച്ചുപൊയിട്ടുവനാന്തരംതന്നിൽചെന്നു മണ്ണുകൊണ്ടാത്മഗുരുതന്നുടെരൂപം തീൎത്തുഗുരുവെന്നുകല്പിച്ചിട്ടഭ്യസിച്ചീടുകാലം പെരികെവിദഗ്ദ്ധനായിവന്നാനെന്നതെവെണ്ടു അക്കാലംനായാട്ടിനായി

ചാൎയ്യനിയോഗത്താൽപുക്കിതുയുധിഷ്ഠിരനാദികൾവനദേശം ഏക
ലവ്യനെകണ്ടുകുരച്ചുസാരമെയം വെഗമൊടെഴുശരമവനും പ്രയൊ
ഗിച്ചാൻ അംപുകൊണ്ടെഴുൽപൂണ്ടുമുമ്പിൽവന്നിതുനായും വമ്പരാംകുമാ
രന്മാരമ്പുപൂണ്ടതുനെരം ആരെന്നുതിരയുമ്പൊളെകലവ്യനെകണ്ടു വീ
രന്മാർചൊതിച്ചിതുനീയ്യാരെന്നതുനെരം ഹിരണ്യധനുസ്സിന്റെ തന
യനെകലവ്യൻ ഭരദ്വാജാത്മജന്റെശിഷ്യരിൽമുമ്പനെല്ലൊ അതുകെ
ട്ടൊരുകുമാരന്മാരുംപുരംപുക്കാർ തദനുധനഞ്ജയൻ ദ്രൊണരൊടുണ
ൎത്തിച്ചാൻ നിനക്കുസമനായിട്ടിനിക്കുശിഷ്യരില്ലെ ന്നനുജ്ഞതന്നതി
പ്പൊളുസത്യമായുംവന്നു കണ്ടിതുവനത്തിൽനിന്നെകലവ്യനെയവ
നുണ്ടാക്കിപരിഭവംതെങ്ങൾക്കെന്നറിഞ്ഞാലും അതുകെട്ടൊരുദിനമങ്ങു
നനൊടുംകൂടി കുതുകാലടവിപുക്കീടിനാൻദ്രൊണാചാൎയ്യൻ നമ
സ്കാരവുംചെയ്യാൻഭക്തിയൊടെകലവ്യൻ ക്രമത്താലടവുകൾകാട്ടി
യാൻകുറവുതീപ്പാൻശ്രമിച്ചതെല്ലാംനന്നുപിഴച്ചീലൊന്നുമിനി നമു
ക്കുശിഷ്യനെങ്കിൽ ദക്ഷിണചെയ്കിടെന്നാൻ ദക്ഷിണവെണ്ടുന്ന
തെന്തെന്നവൻചൊദിച്ചപ്പൊൾദക്ഷിണാംഗുഷ്ഠംമുറിച്ചിനിക്കുതന്നി
ടെന്നാൻദക്ഷിണചെയ്യാനവൻ ദക്ഷിണാംഗുഷ്ഠമപ്പൊൾ ദക്ഷ
നായ്ക്കുന്നാനവൻമുന്നെതിലെററമപ്പൊൾ സത്യത്വപ്പരതവുംഭക്തിയും
കണ്ടുപാൎത്ഥ നെത്രയുംബെഹുമാനിച്ചീടിനാനവനെയും യാത്രയുംചൊ
ല്ലിപുനരാസ്ഥയാവരംനൽകി പാൎത്ഥനുമായിചെന്നുഹസ്തിനപുരംപു
ക്കാൻആക്കുവാസനയെറുധനുസ്സിങ്കലെക്കെന്നു പാൎക്കെണമെന്നു
കല്പിച്ചൊരുനാൾദ്രൊണാചാൎയ്യൻവൃക്ഷാഗ്രത്തിങ്കലൊരുകൃത്രിമക്കി
ളിയെയുംനിക്ഷെപിച്ചാചാൎയ്യനുംശിഷ്യരൊടൊക്കചൊന്നാൻലക്ഷ
ണസ്ഥിതിപ്രയൊഗങ്ങൾഞാൻചൊന്നവണ്ണംലക്ഷ്യത്തെഭെദിക്കെ
ണംനിങ്ങളിന്നെല്ലാവരുംലക്ഷ്യത്തെപ്പാൎത്തു വലികൂട്ടിനിൎത്തിനാനെ
ല്ലൊശിക്ഷിച്ചുയുധിഷ്ഠിരൻതന്നെമുമ്പിനാലവൻ വൃക്ഷവുംലക്ഷ്യവു
മിന്നില്ക്കുന്നജനങ്ങളു മക്ഷിഗൊചരമൊന്നൊന്നായു മെന്നതുചൊൽ
നീ ദക്ഷനാംഗുരുവരനിങ്ങിനെചൊദിച്ചപ്പൊൾ ഒക്കവെകാണാ
മെന്നുധൎമ്മജൻചൊല്ലീടിനാൻ എംകിൽനീവാങ്ങിനിന്നീടംപായക്ക
ണ്ടയെന്നാ നങ്ങിനെനിൎത്തിമററെല്ലാരൊടുംചൊദ്യംചെയ്യാൻ ഒ
രൊരൊതരമീഷൽഭെദെനചൊന്നാരവ രൊരുമെസൂക്ഷ്മലക്ഷ്യമാത്രംക
ണ്ടിലയെല്ലൊ പിന്നെഫല്ഗുനന്തന്നൊടവ്വണ്ണംചൊദിച്ചപ്പൊൾ ഒ
ന്നുമെകണ്ടുകൂടാലക്ഷ്യമെന്നിയെയെന്നാൻ ലക്ഷ്യമാംപക്ഷിരൂപമൊ
ക്കവെകണ്ടായൊനീ ഒക്കവെകണ്ടുകൂടാതല്ക്കണ്ണുകാണാമെന്നാൻ
എംകിലെയ്കിടെന്നപ്പൊൾപാൎത്ഥനുംപ്രയൊഗിച്ചാൻ ഭംഗംവന്നി

ത്തുഗളമതുകണ്ടാചാൎയ്യനും വിശെഷിച്ചധനുൎദ്ധരനായ്വരികെന്നുചൊ
ന്നാൻവിശ്വാസംവന്നുകൂടീമറ്റുള്ളജനങ്ങൾക്കും അക്കാലംഗുരുവ
രൻഗംഗയിൽമുഴുകുമ്പൊൾ നക്രവുംജംഘതന്മെൽപിടിച്ചാൻദ്രൊ
ണരപ്പൊൾ തന്നുടെശിഷ്യരൊടുനക്രത്തെകൊൽവാൻ ചൊന്നാൻ
നിന്നിതുവിഷണ്ണരായെല്ലാരുമതുനെരം ആഴവെകിടന്നീടുംഗ്രാഹ
ത്തെകൊന്നുപാൎത്ഥൻതൊഷവുംപൂണ്ടീടിനാനാചാൎയ്യനതുകണ്ടു താഴ
ത്തുംമെലുംസമത്തിങ്കലുമൊരുപൊലെ ദൊഷത്തെവെടിഞ്ഞുവെധി
ക്കാമെന്നതുമൂലം ബ്രഹ്മാസ്ത്രമുപദെശിച്ചീടിനാൻ പാൎത്ഥനപ്പൊൾ
നിൎമ്മലനിവനെന്നുനിൎണ്ണയിച്ചാചാൎയ്യനും തെരിലെക്കധികനായ്വ
ന്നിതുയുധിഷ്ഠിരൻമാരുതിസുയൊധനന്മാർഗദക്കധികന്മാർ യമന്മാ
രസിചൎമ്മത്തിങ്കലെക്കധികന്മാർ അമിതമഹാസ്ത്രങ്ങൾക്കശ്വത്ഥാമാ
വുമമ്പൻഅൎജ്ജുനനെല്ലാററിനുംദക്ഷനായ്വമന്തിതുസജ്ജനമതുകണ്ടി
ട്ടവനെസ്സമ്മാനിച്ചാർ ദ്രൊണരൊടസ്ത്രങ്ങളുമഭ്യസിച്ചെല്ലാവരും കാ
ണ്മാനെംദണ്ഡിപ്പെന്നുരംഗവുംപണിചെയ്തു വെവ്വെറെകുമാരന്മാ
രെല്ലാരുംപ്രയൊഗിച്ചാർ സൎവ്വലൊകരുംകണ്ടുവിസ്മയപ്പെട്ടുനിന്നാർ
സവ്യസാചിയൊടുനെരാരുമില്ലെന്നുതന്നെ ദിവ്യന്മാർപറയുമ്പൊൾ
കൎണ്ണനുംപൊന്നുവന്നാൻ അന്നെരംധൃതരാഷ്ട്രനന്ദനനുരചെയ്യാൻ
കൎണ്ണനുമൎജ്ജുനനുംതങ്ങളിൽപ്രയൊഗിപ്പാൻ എന്നപ്പൊൾകൃപാചാ
ൎയ്യൻചൊല്ലിനാൻനില്ലുനില്ലുമന്നവന്മാൎക്കുതെളിയുന്നതെപറയാവൂ
കുലവുംമഹിമയുമുടയപാൎത്ഥനൊടു കുലഹീനതയുള്ളൊരാഭാസനെന്തു
ക്കാമൊ ആഭാസനെന്നവാക്കുകെട്ടിട്ടുസുയൊധനൻ ആഭിജാത്യത്തി
നിവനന്തരമില്ലയെന്നാൻ അഭിഷെകവുംചെയ്യാനംഗരാജാവെ
ന്നപ്പൊൾഅഭിമാനിച്ചുകൎണ്ണൻഭത്സിച്ചുകുത്സിച്ചെററംഅഭിജന്മതാ
മെല്ലാംഞാനറിഞ്ഞിരിക്കുന്നു അഭിമാനിതാംനമ്മിലങ്കുരിച്ചിതുപാരം
അൎജ്ജുനന്തന്നെക്കൊൽവൻനിശ്ചയംയുധിഞാനെന്നുജ്വലിച്ചവ
നൊടുകൎണ്ണനുമുരചെയ്യാൻകണ്ടുനിന്നവർകളുമൊരൊന്നെപറയുന്നു
പണ്ടുനാമുണ്ടൊകണ്ടിരീവണ്ണംബാലന്മാരെ പഠിപ്പിച്ചതുംനന്നുപ
ഠിച്ചവാറുംനന്നുനടിച്ചുപക്ഷപാതമായതുപറകയും കൊടുത്താൽപിഴ
വരാഗുരുഭൃതന്മാൎക്കെന്നും കൊടുപ്പാനില്ലധനംപാണ്ഡുപുത്രന്മാൎക്കെ
ന്നുംകൊടുത്തിടെണ്ടുഭക്തിയുള്ളവൎന്നായ്വരും കൊടുത്തീടിലുംഭക്തി
യില്ലായ്കിൽഫലംവരാധൎമ്മസത്യാദിതപൊനിഷ്ഠയുംനീതികളും ധൎമ്മ
ജാദികളൊളംമററാൎക്കുമില്ലന്നെല്ലാം പറഞ്ഞുപറഞ്ഞവർപൊയൊരു
ശെഷത്തിങ്കൽ പറഞ്ഞാർകുമാരന്മാരാചാൎയ്യന്തന്നെനൊക്കി ദക്ഷി
ണകഴിക്കെണംവൈകാതെയിനിയിപ്പൊൾ പക്ഷമാകുന്നതെന്തു

ന്നരുളിചെയ്യവെണ്ടു തൽക്ഷണംദ്രൊണാചാൎയ്യനവരൊടരുൾചെയ്തു ദക്ഷിണവെണുന്നതുചെയ്യാമെന്നിരിക്കിലൊ പണ്ടുപാഞ്ചാലനൃപൻസന്തതിയില്ലായ്കയാൽ ഇണ്ടൽപൂണ്ടടവിയിലിരുന്നുതപസ്സൊടും ഉമനകതന്നെന്തത്രകാണായിതൊരുദിനംമാനസധൈൎയ്യംപൊയിമാരന്നുവശനായാൻശുക്ലവുംപതിച്ചിതുഭൂമിയിലതുനെരം ശുക്ലത്താലാദ്രുപദനായിതുനൃപതിയുംതപസാപാഞ്ചാലനുസുതനായ്വന്നിതതുദ്രുപദനെന്നനാമമതിനാലുണ്ടായിതു ആക്കുമാരനെയുമെന്നച്ഛൻറകയ്യിൽനൽകിശിക്ഷിച്ചുപഠിപ്പിച്ചുവിദ്യകളുതുകാലംപുക്കിതുപാഞ്ചാലനുംതന്നുടെരാജ്യംപിന്നെയൊക്കത്തക്കവെഞങ്ങൾവിദ്യാഭ്യാസവുംചെയ്തുപാഞ്ചാലനുപരതനായൊരുശെഷത്തിങ്കൽതാഞ്ചെന്നുരാജാവായിവസിച്ചുപുനരവൻനൃപതികുലശ്രെഷ്ഠൻദ്രുപദനെന്നെപ്പണ്ടു കുപിതനായിചിലദുൎവ്വചനങ്ങൾചൊന്നാൻപിടിച്ചുകെട്ടിയവന്തന്നെയെൻകാൽക്കൽവെക്കിൽപട്ടതംനിങ്ങൾക്കിന്നുംമെൽക്കുമെലുണ്ടാമെന്നാൻദുരിയൊധനന്താനുംപടയുംകൂടിചെന്നു പൊരുതുതൊററുപൊന്നതറിഞ്ഞുപാണ്ഡവന്മാർ യുദ്ധസന്നദ്ധന്മാരായ്വന്നെതൃത്തുനെരംക്രുദ്ധനാംധനഞ്ജയനസ്ത്രങ്ങൾകൊണ്ടുകെട്ടി ദ്രൊണനാമാചാൎയ്യന്റെകാൽക്കൽവെച്ചുഴകൊടെവീണ്ടടൻനമസ്കരിച്ചിടിനാൻ സസൊദരംസന്തൊഷിച്ചാശീൎവാദമാചാൎയ്യനരുൾചെയ്തു ബന്ധനത്തിങ്കൽനിന്നുകഴിച്ചാൻധൎമ്മാത്മജൻ നാണവുംപൂണ്ടുനിൽക്കുംദ്രുപദന്തന്നെനൊക്കിദ്രൊണരുമുരചെയ്താനെന്നെനീമറന്നിതൊ നീസമനല്ലെന്നെന്നൊടല്ലയൊചൊല്ലിമുന്നം നീസമനല്ലെന്നതൊന്നിൎണ്ണയമായിതിപ്പൊൾഇത്തരംപറഞ്ഞതിനുത്തരംപറയാതെ സത്വരമവൻചെന്നുതല്പുരമകംപുക്ക ദുഃഖ്യനായിമെവ്വുംദ്രൊണരെക്കൊൽവാനൊരുനിൎജ്ജരവരസമനാകിയതനയനുംഅൎജ്ജുനന്തനിക്കുനൽകിട്ടുവാനൊരുപെണ്ണുമിജ്ജനത്തിനുലഭിച്ചീട്ടുവാൻതക്കതൊരുയജ്ഞംചെയ്യെണമെന്നുമാമുനിമാരെനൊക്കി വിജ്ഞാനമുള്ളനൃപൻപറഞ്ഞൊരനന്തരംയാഗവുംതുടങ്ങിനാരാഗമമറിഞ്ഞവരാഗമിച്ചിതുവിണ്ണൊരാഹുതിഭുജിപ്പാനായ്കുണ്ഡത്തിൽനിന്നുനെരെ പൊങ്ങിനാനൊരുപുമാൻ ചണ്ഡഭാനുവിനുനെരാകിയകാന്തിയൊടുംഖഡ്ഗചാപെഷുകിരീടാദിവൎമ്മങ്ങളൊടും ഉൽഗമിച്ചതുകണ്ടുതെളിഞ്ഞാരെല്ലാവരും രണ്ടാമതൊരുപെണ്ണുമുണ്ടായിതവൾകണ്ടാൽ തണ്ടാർമാനിനിയെന്നുകൊണ്ടാടിപ്പറഞ്ഞിടാംപിന്നെയുമാണുംപെണ്ണുമല്ലാതെയൊന്നുണ്ടായി മുന്നമൎണ്ണവംതന്നിൽജ്യെഷ്ഠയുണ്ടായപൊലെ ധൃഷ്ടദ്യുമ്നനുംനല്ലകൃഷ്ണയുംശിഖണ്ഡിയുംപുഷ്ടകൌതുകത്തൊടുംവളൎന്നുതുടങ്ങിനാർകൃപരുംദ്രൊണരുമാ

ഭീഷ്മരും വിദുരരും നൃപതിവരനാകും ധൃതരാഷ്ട്രരും കൂടി ഇളകീടാതചി
ത്തമുടയ ധൎമ്മജനെ ഇളയരാജാവാക്കിയഭിഷേകവും ചെയ്തു- കലി
താൻ വന്നു പിറന്നീടിനാൻ സുയോധനൻ കുലനാശനനതു സഹി
യാഞ്ഞതു മൂലം ദുൎന്നയമേറയുള്ള കൎണ്ണനും ശകുനിയും പിന്നെയക്കണിക്
കനുമായിട്ടു നിരൂപിച്ചാർ, അവനി നമുക്കാക്കിച്ചമെക്കവെണമെങ്കി
ലിവരെപ്പിഴക്കെണമതിനെന്തുപായങ്ങൾ പിഴക്കിക്കൂടാ നമുക്കൊ
ക്കിലവരെത്തും വഴക്കുന്നവരല്ല ചതിക്കെയുള്ളുപക്ഷെ നിരപ്പിലൊരു
മിച്ചു താതനോടറിയിച്ചി ട്ടിരിപ്പാനവൎക്കൊരു പുരത്തെ നിൎമ്മിക്കെ
ണം_ അടച്ചു കൊള്ളിവെച്ചിട്ടമ്മയും മക്കളെയും മുടിച്ചുകളയെണം നടി
ച്ചുകാണാം പിന്നെ" ഇങ്ങിനെ നിരൂപിച്ചു കല്പിച്ചു സുയോധനനങ്ങി
നെ ചെയ്യാനെന്നെന്നിക്കു പറയാവൂ ദുഷ്ടന്മാർ ചെയ്തീടുന്നതൊട്ടൊ
ഴിയാതെയൊക്ക സ്പഷ്ടമായുരചെയ്യാനെത്രയും മടിയാകും രാജാവു ധൃ
തരാഷ്ട്രൻ തന്നുള്ളിലേറുവീട്ടും വ്യാജവും മറച്ചു ധൎമ്മാത്മജനോടു ചൊന്നാ
ൻ ദുസ്വഭാവികൾ മമപുത്രന്മാർ നിങ്ങളോടു മത്സരമവൎക്കുണ്ടു ഞാന
റിഞ്ഞിരിക്കുന്നു നിങ്ങളുമവരുമായിവിടെ വസിക്കിലൊ മംഗലം വ
രികയില്ലാപത്തും ഭവിച്ചിട്ടും ആകയാൽ ഞാനുണ്ടൊന്നു നല്ലതു ചൊല്ലി
ടുന്നു നാഗകേതനന്തനിക്കിഷ്ടമല്ലെന്നാകിലും കൌരവന്മാൎക്കു പണ്ടു
പണ്ടെയുള്ളൊരു കൊട്ട വാരണാവതമിപ്പൊളൊഴിഞ്ഞു കിടക്കുന്നു അ
വിടം പുതുതായി പണി ചെയ്തിരിപ്പാനാ ഭവനമുണ്ടാക്കിച്ചതരുവ
ൻ വിചിത്രമായി അതിനു ശില്പികളെ വരുത്തി ശ്രമിപ്പാനായധുനാ
പുരോചനന്തന്നെയും നിയോഗിപ്പൻ അൎത്ഥവും വെണ്ടുവൊളം തരു
വൻ കൊണ്ടുപോയി തത്ര വാഴുവിൻ നിങ്ങളെവരും ജനനിയും ഭൃത്യ
നായി പുരോചനന്തന്നെയും നിങ്ങൾക്കു ഞാൻ നിത്യസേവാൎത്ഥം
നിയൊഗിപ്പനെന്നറിഞ്ഞാലും അവിടെ വസിപ്പവൎക്കവനിയടങ്ങീ
ടു മവനീശന്മാർ മുന്നമവിടെ വസിച്ചത്രെ ഭുവനപ്രസിദ്ധന്മാരായു
ന്നു പലരുമെന്നവനീദേവേന്ദ്രന്മാർ പറഞ്ഞു കെൾപ്പുണ്ടു ഞാൻ അത്ര
യല്ലിപ്പൊൾ ഞാൻ ചൊല്ലുന്നതു കെൾക്കയാലും ശത്രുസംഹാരം വരും
നിങ്ങൾക്കെന്നറിഞ്ഞാലും ആചാൎയ്യനിയോഗത്തെ പാലിക്കും ജനങ്ങ
ൾക്കു നാശങ്ങളൊന്നുമനുഭവിക്കയില്ലയെല്ലൊ" ഇത്ഥം ഭൂപതി നിയോ
ഗിക്കയാലരക്കില്ലം സത്വരം തീൎപ്പിച്ചിതു ബുദ്ധിമാൻ പുരോചനൻ മ
തിമാനായുള്ളൊരു വിദുരരതു കാലം ചതിയെന്നറിഞ്ഞൊരു ശില്പിയെ നി
യോഗിച്ചാൻ നിൎമ്മിച്ചാനൊരു ബിലം ധൎമ്മിഷ്ഠനാകുമവൻ_ ദുൎമ്മതി
പുരോചനനെതുമെയറിഞ്ഞില്ല ധൎമ്മജാദികളോടു വിദുരനിയോഗങ്ങ
ൾ_ നിൎമ്മലനായഖനകൊത്തമനറിയിച്ചാൻ ചെന്നു പാണ്ഡവന്മാരും

മ്മയുംകൂടിപുക്കാരന്നദാനാദികളുംഭൂദെവന്മാൎക്കുചെയ്തു ഘൊഷിച്ചു
വാസ്തുബലികഴിച്ചുത്സവത്തൊടും ദൊഷത്തെനീക്കിവസിച്ചീടിനാ
നവർകളും സെവിച്ചുപുരൊചനൻവസിച്ചാനവിടെക്കുദൈവക്കും
വിശ്വാസംപൂണ്ടുവരുത്തിസ്സദാകാലം തിംകൾതൻകുലജാതന്മാരായപാ
ണ്ഡവന്മാർ ശംകിച്ചുശംകിച്ചൊരാണ്ടങ്ങിനെവാഴുംകാലം മന്നരെ
വിലംതിത്ത്വനകനൊരുദിനം വന്നുചൊല്ലിനാൻവിദുരൊക്തികൾ
വിശ്വാസത്താൽ ശ്യാമളചതുൎദ്ദശിയാകുന്നദിനമദ്ധ്യയാമിനിക്കഗ്നി
കൊളുത്തിടുമിപ്പുരൊചനൻ എന്നെല്ലൊകല്പിച്ചിരിക്കുന്നിതസ്സുയൊ
ധനൻ തന്നുടെനിയൊഗത്താൽനിങ്ങളതറിയാതെ വന്നുപൊകരു
താപത്തുള്ളിലതൊൎത്തുകൊണ്ടു നന്നായിസൂക്ഷിച്ചുകൊണ്ടിരിക്കെന്നി
വയെല്ലാം ആരുമെയറിയാതെനിശ്ശെഷമറിയിച്ചു പൊരാതെപൊയാ
നവൻവന്നിതദ്ദിവസവും വിപ്രഭൊജനംവെണമെന്നുചിന്തിച്ചുകു
ന്തീ ശില്പമായന്നംകൊടുത്തീടിനാളെല്ലാവൎക്കും അന്നഭൊജനത്തി
നായ്വന്നിതുനിഷാദിയും തന്നുടെതനയന്മാരഞ്ചുപെരൊടുംകൂടി മദ്യ
പാനവുംചെയ്തുണ്ടവരുമുറങ്ങിനാർ ശക്രനാംഭീമൻവിലശൊധനം
ചെയ്യാൻമുമ്പെ നിദ്രെക്കപുരൊചനന്തന്നുടെയരികെച്ചെന്നൊത്രയും
വിശ്വാസെനകിടന്നുവൃകൊദരൻ അമ്മയുംബാലന്മാരുംമുമ്പിലെ
വിലംപുക്കാർ പിന്നാലെതീയുംവെച്ചുഭീമനുമിറങ്ങിനാൻ അപ്പുരം
വെകുന്നെരംമുപ്പുരംവെകുംപൊലെ മുപ്പാരുംനിറെഞ്ഞിതൊരൊച്ച
യുംവെളിച്ചവും അമ്മയാംകുന്തിതാനുംധൎമ്മജനാദികളുംതന്മനമഴൽപൂ
ണ്ടുപാതാളത്തൂടെപൊംപൊൾ വാച്ചസംകടംചൊൽകിലീശ്വരൻന
ടുങ്ങീട്ടുമീശ്വരവിലാസങ്ങളാൎക്കുപൊൽതടുക്കാവൂ നീടെഴുംവിലത്തൂ
ടെകാടകംപുക്കാരവർ പാടെവെന്തെരിഞ്ഞിതുജാതുഷമായപുരം പെടി
യുമുറക്കവുംഖെദവുംകൂടിയവർ കാടകംപുക്കനെരം നടന്നുകൂടായ്കയാ
ൽ അമ്മയെവൃകൊദരൻചുമലിലെടുത്തുടൻ ധൎമ്മപുത്രരെയുംപാൎത്ഥ
നെയുംകൈകൾകൊണ്ടും തമ്പിമാരെയുമവൻതട്ടിക്കൊണ്ടൊക്കത
ന്മെൽ സംഭ്രമംകൂടാതെകണ്ടിരുട്ടിൽവനത്തൂടെ ചുടുന്നചിത്തത്തൊടെ
കരഞ്ഞുമിടയിടെ നടന്നങ്ങൊരുദിക്കിലിരിക്കുന്നനെരം കുന്തിയുംത
നയരുംവെന്തിലയല്ലീയെന്നു ചിന്തിച്ചുപരമാൎത്ഥമറിവാൻവിദുരരും
ബന്ധുവായിരിപ്പൊരുദൂതനെയയച്ചപ്പൊൾ വെന്തിലെന്നറിഞ്ഞു
ള്ളിൽസന്തൊഷമുണ്ടായ്വന്നു സന്താപമുണ്ടെന്നതുപുറമെഭാവിക്കയും
സന്താപത്തൊടെയവർഗംഗയുംകടന്നിതു ബന്ധുക്കൾചെയ്യുന്നതെല്ലാം
ചിന്തിച്ചുവാഴുംകാലം കുന്തിയുംബാലന്മാരുംവെന്തതുകണ്ടുവന്നു ധൃത
രാഷ്ട്രരുംനല്ലമക്കളുംദുഃഖംകൈക്കൊണ്ടുദകക്രിയാദികൾചെയ്യുവാണി

ഉപുരെ സന്ദെഹമുണ്ടായിതില്ലാക്കുമെനിഷാദിയും നന്ദനന്മാരും വെന്തുകിടക്കും ശവം കണ്ടു നിന്ദിച്ചുപറയുന്നു സജ്ജനം ഗാന്ധാരിതൻ നന്ദനന്മാരെയും താതനെയുമതുകാലം അന്ധനാം നൃപനറിഞ്ഞതല്ലെന്നുമറിഞ്ഞെന്നും സന്തതം വിവാദിച്ചിട്ടുന്നിതു മഹാജനം പാണ്ഡവന്മാരും ഗംഗാ കടന്നു നടന്നു മാൎത്താണ്ഡനെപ്പോലും കാണ്മാനില്ലാതവനത്തൂടെ "പൈദാഹം കൊണ്ടു മമ കൈകാലും തളരുന്നു പൈതങ്ങളായ മാദ്രിതന്നുടെ സുതന്മാൎക്കും" എന്നതു കുന്തിദെവി ചൊന്നതു കെട്ടു ഭീമൻ വന്ന വെദനയൊടുമമ്മയൊടുരചെയ്യാൻ "വലിയൊരരയാലുണ്ടിവിടെക്കാണാകുന്നു സലിലം തിരഞ്ഞുകണ്ടിങ്ങു കൊണ്ടുവരുന്നൊൻ ഞെ ഞ്ഞനമുണ്ണികളുമമ്മയുമിത്തണലിൽ പാട്ടമെന്നിയെ ഇരുന്നീടുക കുറെഞ്ഞൊന്ന" എന്നതു പറെഞ്ഞവൻ കൂവിട്ടുവഴി പൊയി ച്ചെന്നതു നെരമൊരു താമരപ്പൊയ്ക കണ്ടാൻ കുളിച്ചു തണ്ണീരൊട്ടു കുടിച്ചു ദാഹം തീൎത്തു വിളിച്ചു വിളിച്ചവൻ വന്നിതു വെഗത്തൊടെ താമരയിലയിലുമുത്തരീയത്തിലും കൂടാമൊദം പരുമാറു തണ്ണീരും കൊണ്ടുവന്നാൻ ഉറക്കമിളെക്കയും വിശപ്പു പെരുക്കയും മുറക്കനടക്കയും ചെയ്കയാലവരപ്പൊൾ തളൎന്നു കിടന്നുറങ്ങുന്നതു കണ്ടു വളൎന്ന ദുഃഖത്തൊടെ കരെഞ്ഞാൻ താനെന്നു "പരുത്ത കാട്ടിൽ വെറുനിലത്തു കിടക്കെന്നു വരുത്തി ദൈവമതും പൊറുക്കയെല്ലൊ ഉള്ളൂ" ഉള്ളുരുമഴൽ പൂണ്ടു ദീൎഘശ്വാസവുമിട്ടു വെള്ളവുമവർമെയ്യിൽ തളിച്ചു മെവുന്നെരം ഹിഡിംബനായ നിശിചരൻ്റെ നിയൊഗത്താൽ ഹിഡിംബി പൊന്നുവന്നാൾ കൊന്നു കൊണ്ടങ്ങു ചെൽവാൻ മാരുതസുതനെക്കണ്ടിട്ടു നിശാചരി മാരമാൽ പൂണ്ടു മൊഹിച്ചാതുരയാകയാലും വൈകിയനെരം വന്നു ഹിഡിംബൻ വെഗത്തൊടെ കൈകളും തമ്മിലടിച്ചവളൊടടുത്തപ്പൊൾ ഭീമസെനനും ചെറുത്തവനെത്തച്ചു കൊന്നാൻ ഭീമനാദങ്ങൾ കെട്ടിട്ടുണൎന്നാരവർകളും തണ്ണീരും കുടിച്ചവരെല്ലാരുമൊരുമിച്ചു സന്നാഹമൊടു പൊയാരവളും കൂടപ്പൊയാൾ വെദവ്യാസനെക്കണ്ടാരന്നവർ വഴിയിന്നു വെദന പറകയും വീഴ്കയും കരകയും ആതുരന്മാരായൊരു പാണ്ഡുപുത്രന്മാരെയും മാതാവുതന്നെയും കണ്ടാകുലപ്പെട്ടു മുനി "ഖെദിക്കവെണ്ട നിങ്ങൾ നല്ലതു വരുമെല്ലിൽ ഖെദിപ്പിച്ചീടവെണ്ടാ ഹിഡിംബി തന്നെക്കൊണ്ടും ആപത്തു വരുംകാലം താപത്തിൽ മുഴകായ്ക പാപത്തെക്കളെവാനായി ശംകരസെവ ചെയ്ക സംപത്തു വരുംകാലം സന്തൊഷിക്കയും വെണ്ടാ തമ്പുരാൻ തൻ്റെയൊരു ലീലകളെത്രെയെല്ലൊ" പറെഞ്ഞീവണ്ണം മുനി മറഞ്ഞു ഹിഡിംബിയും നിറഞ്ഞൊരാഗത്തൊടും പുണൎന്നാൾ ഭീമന്തന്നെ പിറന്നു ഘടൊൽക്കചനാകിയ തനയനും നി

Their disappoint- ment p. 15

The 5 wand... as far as Pan...

റഞ്ഞുസന്തോഷപൂൎവ്വമതിനാലെല്ലാവൎക്കും. ഇരുന്നശാലിഹൊത്രന്തൻ
ടെയാശ്രമത്തി ലൊരുനാളവിടെയുംവെദവ്യാസനെക്കണ്ടു ജടയുംവ
ല്ക്കലയുംധരിച്ചുപാണ്ഡവന്മാ രടവികളുംപലനദിയുംഗിരികളും കട
ന്നുപൊന്നിങ്ങേ്ചക്രയാംഗ്രാമംപുക്കാൎന്നടന്നാരവിടെയുംഭിക്ഷയെ
റ്റൊട്ടുകാലം പുത്രനുംപത്നിതാനുംപുത്രഭാൎയ്യയുംകൂടി ട്ടെത്രയുംദുഃഖിക്കു
ന്നവിപ്രന്റെഗൃഹംതന്നിൽ കുന്തിയുംചെന്നുകെട്ടാളെന്തിനുശൊകി
ക്കുന്നു സന്താപത്തിന്റെമൂലം ബ്രാഹ്മണനറിയിച്ചാൻ ബകനെ
ന്നൊരുനിശിചരനുണ്ടവൻവന്നു സകലജനത്തെയുംഭക്ഷിപ്പാനൊ
രുംപെട്ടാൻ അതിനാൽഗ്രാമത്തിംകലുള്ളൊരുഞങ്ങളെല്ലാ മധികം
ദുഃഖംപൂണ്ടുസമയംചെയ്തുമുന്നം ഒരുനാൾതന്നെയൊക്കെമുടിച്ചുകളയെ
ണ്ടാ പെരികനാളെക്കുള്ളപൊറുതിയുണ്ടാക്കീടാം ഒരൊരൊദിനംഞ
ങ്ങൾനീവാഴുംവനന്തന്നിൽ ഒരൊരൊപുരുഷന്മാരങ്ങുവന്നിടാമെ
ല്ലൊ എന്നതുകെട്ടുബകനന്നെരമുരചെയ്താ"നന്നവുംവെണമിനിക്കാ
യിരംനാഴിയരിവെച്ചൊരന്നക്കൂടംനൽകെണംരസാളയും പച്ചമാം
സവുംവെണമീരണ്ടുപൊത്തുനിത്യം മൃഷ്ടമായുണ്മാനിതു കൊണ്ടുവ
ന്നൊരുപുമാൻ മുട്ടാതെതന്നീടുകിൽമതിയെന്നറിഞ്ഞാലും" എംകില
ങ്ങിനെയാമെന്നവനൊടുരചെയ്തു സംകടത്തൊടുഞങ്ങളീങ്ങിനെ
ചെയ്തുഞായം ഇന്നലെയൊളമിത്ഥംചെന്നിതുമുട്ടാതെക ണ്ടിന്നിനി
യിവിടെനിന്നൊരുവൻപൊയീടെണം ഭക്തവുംരസാളയുംപൊത്തു
മുണ്ടായിതിനി പുത്രനെയയക്കെന്നതൊൎത്തൊറം ദുഃഖംതാനും ഞാൻ
പൊയാലിവൎക്കുമില്ലാശ്രയമെന്നുമിന കാംപിലുള്ളുഴലെന്തുചൊൽവ
തുദൈവമെല്ലൊ! പൊകാഞ്ഞാൽതൊന്മൂലമാഗ്രാമവുംമുടിഞ്ഞീടും വെ
ക്കുന്നുചിത്തമിവയൊൎത്തിനിക്കയ്യൊപാപം" ഭൂദെവൻപറഞ്ഞതുകെ
ട്ടുകുന്തിയുമപ്പൊളാതുരയായാളെല്ലൊകാരുണ്യമെറുകയാൽ പ്രാണി
കൾവിഷയമായൊരനുകംപകൊണ്ടും കെണുകെണവരിരിക്കുന്ന
തുംകണ്ടുകുന്തീ ചെതസിവിചാരിച്ചുഭൂസുരനൊടുചൊന്നാൾ "ഖെദി
ക്കവെണ്ടഞാനിസ്സംകടംതീൎപ്പനെല്ലൊ പുത്രനായൊരുവനെയുള്ളിതു
ഭവാനിപ്പൊൾ പുത്രന്മാരഞ്ചുപെരുണ്ടിനിക്കെന്നറിഞ്ഞാലും ഇന്നു
ഞാനൊരുത്തനെനിങ്ങൾക്കുദുഃഖംതീൎപ്പാൻ തന്നീടുന്നതുമുണ്ടുനിൎണ്ണ
യംകരയെണ്ടാ" "നന്നാകമെലിൽനിനക്കെന്നൊഴിഞ്ഞിനിക്കൊന്നുത
ന്നീടുവതിനില്ലെ"ന്നുരചെയ്തുവിപ്രൻ ബകന്റെവൃത്താന്തങ്ങളറി
ഞ്ഞുകുന്തിദെവീ മകന്റെകയ്യാലതുതീൎപ്പാനൊൎത്തുറപ്പിച്ചാൾഭീമസെ
നനെവിളിച്ചുരചെയ്തുകുന്തി "ഭീമനാംനിശാചരന്തന്നെനീകൊൽ
കവെണം ഭൂമിപാലകകുലധൎമ്മമാകുന്നതെല്ലൊ ഭൂമിദെവന്മാരെപ്പു

ലിക്കേണമെന്നതെല്ലാം ഗ്രാമത്തെക്കൂട പരിപാലിച്ചാൽ നമുക്കിനി
കാമത്തെ സാധിച്ചീടാമില്ല സംശയമെതും" ഭീമനുമെംകിൽ ചൊറും കറി
യും തരികെന്നാൻ ആമൊദത്തൊടു കൊടുത്തീടിനാൻ ഭൂദെവന്മാരും കൈനൂ
ന്നെയന്നും കൊണ്ടു കാന്താരമകം പുക്ക താന്തന്നെ ഭക്ഷിക്കുന്ന നെരത്തു
നിശാചരൻ ക്രുദ്ധനായണഞ്ഞതു കണ്ടു മാരുതി താനും ബദ്ധകൊപ
ത്തൊടുണ്ണും കഴിച്ചു പുറപ്പെട്ടു ഘൊരമായൊരു തപ്പൊരെങ്ങിനെ പറയു
ന്നു — മാരുതി ബകന്തന്നെക്കൊന്നാനെന്നറിഞ്ഞാലും — അങ്ങിനെനാ
ലഞ്ചു നാളവിടെയിരിക്കുംപൊൾ എങ്ങാനും പൊന്നുവന്നാൻ നല്ലൊ
രു വഴിപൊക്കൻ ആരെന്നതാഴമുണ്ടവിടെക്കിടന്നപൊ തൊരൊ
രൊ വിശെഷങ്ങൾ ചൊദിച്ചു പാണ്ഡവന്മാർ "എവിടെനിന്നു വന്നു
താനിനിപ്പൊകുന്നതു മെവിടെക്കെന്നു പറഞ്ഞീടെണമെന്നു കെട്ടു" പാ
ഞ്ചാലപുരത്തിങ്കലുണ്ടു പൊൽ സ്വയംവരം വാഞ്ഛിതമായതെല്ലാം കി
ട്ടും പൊൽ നമുക്കെല്ലാം" — "ആക്കപ്പെണ്ണിനെക്കൊടുക്കുന്നിതെന്നുണ്ടൊ
കെട്ടു ചൊൽ കണ്ണാൾ കണ്ടാലൊട്ടു നന്നൊ കെളിയൊ സഖെ" എന്ന
തു കെട്ടു ചൊന്നാനന്നെരം വഴിപൊക്കൻ "നിന്നവക്കെന്നു ദൈവമെ
ന്നിയെ അറിഞ്ഞീലാ പാൎത്ഥനു കൊടുപ്പാനായുള്ളിച്ചു ദ്രുപവര നാസ്ഥ
യാ കൎമ്മം ചെയ്യിട്ടുണ്ടായ നാരിയെല്ലൊ ധാൎത്തരാഷ്ട്രന്മാരരക്കില്ലത്തി
ലിട്ടു ചുട്ടു പാൎത്ഥന്മാർ വെന്തുപൊയാരെന്നതൊ കെട്ടതില്ലൊ ദ്രൊണ
രെക്കൊൽവാനായിട്ടുണ്ടായി ധൃഷ്ടദ്യുമ്നൻ കാണാമെന്നതെ വെണ്ടു കെ
വലമതുമിനി പഞ്ചബാണനെപ്പോലും വില്ലുമുണ്ടു പൊലുണ്ടാക്കിട്ടു പഞ്ചവ
ൎണ്ണത്തിലൊരു കൃത്രിമക്കിളിയെയും തിരിഞ്ഞു തിരിഞ്ഞു നിന്നീടിന യന്ത്ര
ത്തിന്മെലിരുന്നീടിന കിളിതന്നുടെ കണ്ണത്തിങ്കൽ വില്ലതു കുലച്ചെയ്യു
മുറിക്കിലവന്തന്നെ വല്ലഭനാകുന്നതു കന്യകക്കെന്നു കെട്ടു ഭൂമിയിലു
ള്ള മന്നൊരൊക്കവെ പൊയിട്ടുണ്ടു ഭൂമിദെവെന്ദ്രന്മാരുമററമില്ലാതെയു
ണ്ടു ആന തെർ കുതിര കാലാളായ പടയുമുണ്ടാനക പടഹാദി വാദ്യഘൊ
ഷവുമുണ്ടു സാനന്ദം ബ്രഹ്മസഭൊജനമതുമുണ്ടു മാനസത്തിങ്കൽ നി
രൂപിച്ചവയൊക്കെ കിട്ടും* മല്ലാക്ഷിതന്നെയും കാണെണ്ടുകയുണ്ടു പൊ
ലെ എന്നെല്ലാരും ചൊല്ലുന്നിതുമെന്തിനു നമുക്കതു കല്യാണം കാണവെ
ണം പൊരുവിൻ പക്ഷെ നിങ്ങളില്ലൊരു കാഴ്ചയെങ്ങുമിങ്ങിനെയെ
ന്നവരും "ആരണരായുള്ളവിടും പാണ്ഡവരതു കെട്ടു കാരണമറിഞ്ഞു സ
ന്തൊഷിച്ചു പുറപ്പെട്ടാർ വന്നിതു വെദവ്യാസനന്നെരമവിടെക്കു" ന
ന്നിതു തൊന്നിയതു ചെന്നാലുമടിയാതെ നല്ലതെ വന്നു കൂടു പാഞ്ചാലി
തന്നെ നിങ്ങളെല്ലാരും കൂടി വെട്ടു കൊള്ളുവിനെന്നെ വെണ്ടു. പണ്ടൊരു
തപൊധനന്തന്നുടെ പുത്രീ തനിക്കുണ്ടായില്ലൊരു ഭൎത്താവന്നവൾ മഹെ

ശനെ സെവിച്ചുമഹെശനുംപ്രത്യക്ഷനായിച്ചൊന്നാൻ "താവകമ
ഭിമതമെന്തുചൊല്ലുകബാലെ എന്തൊരുവരംവെണ്ടതെന്നു" കെട്ടവളു
പ്പൊൾ സന്തൊഷംപൂണ്ടുചൊന്നാൾസംഭ്രമത്തൊടുമെവം "ഭൎത്താരം
ദെഹി"യെന്നതഞ്ചുരുചൊന്നമൂലംഭൎത്താക്കന്മാരുംനിനക്കഞ്ചുപെരുണ്ടാ
കെന്നാൻ യജ്ഞസെനന്റെമകളായ്പിറന്നതുമവൾ വിജ്ഞാനജ്ഞാ
നവതിയാകയുമുണ്ടുപാരം" ഇത്തരംപലപലകഥകളരുൾചെയ്തു ചി
ത്തതാപവുംതീൎന്നുപൊവാനാസ്ഥിയൊഗിച്ചാൻ ആശീൎവ്വാദവുംചെ
യ്തുമറഞ്ഞുമുനിതാനു മാതൃപാണ്ഡവന്മാരുംമാതാവും നടകൊണ്ടാർ
ബ്രാഹ്മണരതുനെരംചൊദിച്ചാരവരൊടു "ധാൎമ്മികന്മാരെനിങ്ങളെവി
ടെനിന്നുവന്നു" "എകചക്രയിൽനിന്നുവരുന്നുഞങ്ങളിപ്പൊൾ പൊകു
ന്നുപാഞ്ചാലമാംവിഷയംകാണ്മാനെല്ലൊ ഞങ്ങളൊസൊദൎയ്യന്മാർ
മാതൃചാരികൾതാനും ഞങ്ങളെക്കൂട്ടിക്കൊണ്ടുപൊകെണം പക്ഷെനി
ങ്ങൾ അങ്ങിനെതന്നെഞങ്ങൾപൊകുന്നിതവിടെക്കു ഞങ്ങൾക്കുനി
ക്കൾതുണനിങ്ങൾക്കുതുണഞങ്ങൾ ഇങ്ങിനെപറഞ്ഞവർഭൂദെവന്മാ
രുമായി മംഗലചിത്തന്മാരാംധൎമ്മപുത്രാദികളാം ചന്ദ്രവംശൊത്ഭവ
ന്മാർഗംഗാതീരത്തുചെന്നാർ ചന്ദ്രനുമസ്തമിച്ചുരാത്രിയുംപാതിചെന്നു
അജ്ഞനന്മുമ്പിലൊരുകൊള്ളിയുംമിന്നിമിന്നി നിജ്ഝരനദികടന്നീടു
വാൻതുടങ്ങുംപൊൾ മജ്ജനംചെയ്യുന്നൊരുഗന്ധൎവ്വന്തന്നെക്കണ്ടുനി
ജ്ഝരാധിപതനയാദികൾനിന്നനെരം അംഗനാജനവുമായംഗജവി
വശനായി ശൃംഗാരരസംപൂണ്ടുശൃംഗാരയൊനിസമൻ ഗംഗയിൽ
സൊമാശ്രയായണമാംതീൎത്ഥത്തിംകൽ അംഗാരവൎണ്ണനെന്നഗന്ധ
ൎവ്വൻക്രീഡിക്കുമ്പൊൾ കൊപവുംകലൎന്നവൻചാപവുംകുലയെററി
ഭൂപതിവരന്മാരാംപാണ്ഡവരൊടുചൊന്നാൻ "പൂൎവ്വരാത്രാദിയിംകൽ
വെലാരമായുള്ളസന്ധ്യാകാലത്തുമനുഷ്യൎക്കുസഞ്ചരിക്കരുതെല്ലൊ യ
ക്ഷരാക്ഷസഗന്ധൎവ്വാദികൾക്കുള്ളകാലം ധിക്കരിച്ചതിലൊഭംകൈ
കൈക്കൊണ്ടുനടക്കിലൊ ഭക്ഷിക്കുംമനുഷ്യരെരക്ഷസാംപരിഷകൾ
രക്ഷിപ്പാൻപൊരുമെംകിലെതുമെമടിക്കെണ്ടാ അംഗാരവൎണ്ണനെ
ന്നഗന്ധൎവ്വപ്രവരൻഞാൻ അംഗാരവൎണ്ണമമനാമത്താൽവനമിതും
ഔഷ്ണീഷനാകുന്നതുധനദസഖിഞാനും രൊഷവുമെന്നൊളമില്ലാൎക്കു
മെന്നറിഞ്ഞാലും കൌണപാദികൾപൊലുമിവിടെവരുവീലാപ്രാ
ണനെവെടിഞ്ഞുവന്നീടുവാനെന്തുനിങ്ങൾ" എന്നതുകെട്ടനെരംചൊ
ല്ലിനാൻകിരീടിയും "നന്നുനന്നെത്രയുംനീചൊന്നതുനന്നുപാരം ഹിമ
വൽഗിരിഗംഗാസമുദ്രമിവററിംകൽ പകലുംരാവുംസന്ധ്യാനെരവും
നടന്നീടാം എല്ലാൎക്കുംഗമിച്ചീടാമെല്ലാനെരവുമതി ന്നില്ലൊരുതടവെ

ത്തുംദുഷ്ടജന്തുക്കളാലെ ന്നെല്ലൊമാമുനിവരനാകിയവെദവ്യാസൻ
ചൊല്ലിയതസത്യമല്ലെന്നുനീയറിഞ്ഞീലെ ക്ഷുദ്രന്മാരല്ലഞങ്ങൾനി
ങ്ങളെപ്പെടിപ്പതിന്നഗ്നിസാഗരാദിയുംഭെദിപ്പൻദിവ്യാസ്ത്രത്താൽ ദു
ൎബ്ബലന്മാരായ്തീൎന്നൊരായമനുഷ്യരെ കണ്ട്വൈരാദികൾപെടിപ്പിച്ചീടുകെ
ന്നെവരുദുൎമ്മദംകലൎന്നൊരു ഗന്ധൎവ്വവീരനപ്പൊൾ നിൎമ്മലതരമാ
യശസ്ത്രൌഘംപ്രയൊഗിച്ചാൻ ഉന്മുകംകൊണ്ടുതട്ടീടിനാൻകിരീ
ടിയുംപൊന്മയമായരഥംതന്നെയുംദഹിപ്പിച്ചാൻ അൎജ്ജുനൻപ്രയൊ
ഗിച്ചൊരാഗ്നെയാസ്ത്രത്താലപ്പൊൾസഞ്ചരനായ്മൊഹിച്ചുവീണിതു
ഗന്ധൎവ്വനുംകെശികംചുററിപിടിച്ചപ്പൊഴെവധിപ്പാനാ യാശുഫ
ല്ഗുനൻതുനിഞ്ഞതുകണ്ടവൻഭാൎയ്യാ സുന്ദരികുംഭീനസീധൎമ്മനന്ദനൻ
കാക്കൽക്രന്ദനംചെയ്തുവീണുശരണംപ്രാപിച്ചപ്പൊൾ „സ്ത്രീനാഥൻ
പരാജിതൻകീൎത്തിഹീനനുമായി മാനവുംവെടിഞ്ഞവൻതന്നെനീ
കൊന്നീടൊല്ലാഅഭയംകൊടുക്കെ"ന്നുധൎമ്മജൻചൊന്നനെരം അഭിമാ
നികൾമുമ്പനൎജ്ജുനൻചൊല്ലീടിനാൻ „ധൎമ്മാത്മാധൎമ്മാത്മജനഭയംത
ന്നമൂലംനിൎമ്മലനായനിന്നെകൊല്ലുന്നീലിനിഞാനൊപൊയ്ക്കൊൾക
പെടിക്കെണ്ടനിശ്ചിനി"യെന്നനെരം കാക്കൽവീണുരചെയ്താൻഗ
ന്ധൎവ്വപ്രവരനും„അംഗാരവൎണ്ണനെന്നപെരിനിക്കിനിവെണ്ട സംഗ
രത്തിങ്കൽനിന്നാൽജിതനായ്തന്നമൂലം മാനിയാംനിനക്കുഞാൻചാക്ഷു
ഷിയെന്നവിദ്യദാനംചെയ്യുന്നതുണ്ടിപ്രാണനെരക്ഷിക്കയാൽ കാ
മദരഥാശ്വസൂതായുധാദികളുണ്ടാം സൊമവംശൊത്ഭൂതനാംനിനക്കു
ധനഞ്ജയാഉത്തമംപ്രീതിദത്തമതിലുംവിദ്യാദത്ത മൈത്ര്യംശുഭംപുന
രെങ്കിലുമിതുകെൾനീ പ്രാണരക്ഷണത്തിനുകൂലിവാങ്ങുകയില്ല മാ
നികളായനൃപവീരന്മാരറികനീ എങ്കിലാഗ്നെയമസ്ത്രമിനിക്കുപറി
ക്കെണമെങ്കൽനിന്നെൻറവിദ്യവാങ്ങിക്കൊൾകയുംവെണംസഖ്യ
വുംനമ്മിലിനിവെറിടാതിരിക്കെണംവിഖ്യാതയായകീൎത്തിവൎദ്ധിപ്പി
ക്കയുംവെണം"ഗന്ധൎവ്വൻചൊന്നവണ്ണമന്യൊന്യംപഠിച്ചുടൻകുന്തീ
നന്ദനൻപുനരവനൊടുരചെയ്താൻ„എന്തൊരുമൂലംഭവാൻഞങ്ങളെ
വിരൊധിപ്പാൻ ബന്ധമില്ലൊന്നു"കൊണ്ടുംസാധുക്കളല്ലൊഞങ്ങൾ"
„എങ്കിലൊധനഞ്ജയകെട്ടാലുമതിന്മൂലം സംകടമിനിമെൽനാളുണ്ടാ
കാതിരിപ്പാനായി ബ്രാഹ്മണപുരസ്കൃതന്മാരായിട്ടിരിക്കെണംധാൎമ്മി
കന്മാരാകിലുംമററുള്ളജാതിയെല്ലാംയക്ഷരാക്ഷസഗന്ധൎവ്വൊരഗപി
ശാചാദിദുഃഖങ്ങൾനൽകുംപലരക്ഷയുണ്ടെന്നാകിലുംനിശ്ചയമബ്രാഹ്മ
ണ്യമഭയങ്കരമല്ലസദപിജാച്ചനയുള്ളൊൎക്കില്ലൊരുഭയമെങ്ങുംനല്ലൊ
രുപുരൊഹിതൻവെണംഭവതിയാൽ ലല്ലൽകൂടാതവൎണ്ണനൈമിഹികപാ

ത്രികം അല്ലായ്കിൽ സാധിപ്പതിന്നാമല്ലെന്നറിയെണം താപത്യ
ഗാത്ഥമൊരു താപസൊത്തമൻ തന്നെ താപത്യന്മാരെനിങ്ങൾ ഗുരുവാ
സ്സുതിക്കെണം താപത്യന്മാരെന്നതു കെട്ട ചൊദിച്ചു ജിഷ്ണു താപത്യന്മാരെ
ന്നെന്തു ചൊല്ലുവാൻ മൂലം ചൊൽ നീ ചൊല്ലുവൻ ചുരുക്കി ഞാൻ കെൾ
ക്കനീ ധനഞ്ജയ ചൊല്ലെഴമാദിത്യൻെറ പുത്രിയായുണ്ടായ്വന്നു സാ
വിത്രിക്കവരജയായൊരു മനൊഹരി ദെവസ്ത്രീകളുമെവൾക്കൊരുതവ
രാതമില്ലതൽക്കാലമൃക്ഷപുത്രനാകിയ സംവരണൻ നക്കനെ വഴിപൊ
ലെ സെവിച്ചാൻ പലകാലം തന്നുടെ ഭക്തനായ ചന്ദ്രവംശൊല്ഭൂതനാം
മന്നവർകുലവരനാകിയ സംവരണൻ എന്നുടെ മകൾക്കനുരൂപനെ
ന്നുള്ളിൽ നണ്ണി കന്യകക്കീരെട്ടാണ്ടു വയസ്സു ചെന്ന കാലം അദ്രിതന്നുപ
വനസീമനി നായാട്ടിനായിസ്സിദ്രുതം നരപതി നടന്നാനൊരു ദിനം ക്ഷു
ല്പിപാസാദിപൂണ്ടു മരിച്ചു കുതിരയും വില്പാട്ടവനട്ടവിനടന്നു നരെന്ദ്ര
നം അന്നെരം കാണായ്വന്നു കന്യകാരത്നം തന്നെ മന്നവൻ മറന്നിതു ത
ന്നെയുമതുനെരം നാമധെയാദികളെ ചൊദിച്ചു നരപതി വാമലൊച
നയും നരുത്തരം പറയാതെ മറഞ്ഞാളുടനെ രാ നൃപനുമനക്കാമ്പിൽ നി
റഞ്ഞ ശൊകം പൂണ്ടു മന്മഥവിവശനായി മൊഹിച്ചു വീണു കിടന്നിടി
നൊരനന്തരം മൊഹനഗാത്രിയായ തപതി പൊന്നുവന്നാൾ ശീതാം
ശുകുലൊത്ഭവനാകിയ നൃപൊത്തമ ചെതസി വളർന്നൊരു ശൊകത്തെ
കളഞ്ഞാലും എത്രയും വിഷാദമുണ്ടാകരുതെഴുന്നീല്ക്ക ഖെദിപ്പാൻ പാത്ര
മല്ല കെവലം ഭവാനൊട്ടും തപനൻ തൻെറ മകളാകിയ തപതി ഞാൻ ത
പസാ താതൻ തന്നെ സെവിക്ക വിരിയെനീ ജനകൻ ഭവാനായിട്ടെ
ന്നെ നൽകീടുന്നാകിലനുവൎത്തനം ചെയ്യുന്നെതുമെ മടിയാതെ ഞാനനു
കൂലയല്ലെന്നൊൎത്തും ഖെദിക്കെണ്ടാ മാനവശിഖാമണെ രാഗമെ
ല്ലാക്കുമൊക്കും എന്നുരചെയ്തു മറഞ്ഞിടിനാൾ തപതിയും മന്നവന്താനും
പിന്നെ മന്മഥവിവശനാത്തപതി തപതിയെന്നധികം പരിതാപാൽ
നൃപതിവരൻ ഭുവിപതനം ചെയ്തു മൊഹാൽ സചിവൻ തിരഞ്ഞുവന്ന
വനീശനെ കണ്ടു കുശലൊക്തികൾ കൊണ്ടും ശീതൊപചാരം കൊണ്ടും
ഉണൎത്തി രാജാവിൻെറ സങ്കടമെല്ലാം കണ്ടു ഗണിച്ചു ബുദ്ധി കൊണ്ടു
കല്പിച്ചു സചിവനും രാജ്യത്തിന്നയച്ചിതു നിശ്ശെഷസൈന്യമെല്ലാം പൂ
ജ്യനാം വസിഷ്ഠനെ സ്സെവിച്ചു നരെന്ദ്രനും ദ്വാദശദിനം കൊണ്ടു വ
ന്നിതു വസിഷ്ഠനും സാദരം വീണു നമസ്കരിച്ചു നൃപതിയും മെദിനീശ വ
രൻ മുനിതന്നൊടു മനൊരഥ മാധിതീൎത്തിടുവതിന്നായറിയിച്ചനെ
രം ചെതസി വിചാരിച്ചു ഭൂപതി പരിതാപം ദ്വാദശാത്മാവിൻ മകൾ
മൂലമെന്നറിഞ്ഞപ്പൊൾ അബ്ജസംഭവസുതനാകിയ വസിഷ്ഠനു

ജ്ഞബൊധവൻതന്നെസ്മരിച്ചാനതുനെരം ,,ചിത്രഭാനവെനമഃസൂ
ൎയ്യായമാൎത്താണ്ഡായ മിത്രായദിനെശായഭാസ്വതെനമൊനമഃ വെ
ദരൂപായവെദവെദ്യായവെദാന്താൎത്ഥ ബൊധരൂപായജഗന്നാഥായ
നമൊനമഃ പ്രകൃതിയുടെഗുണങ്ങൾക്കനുരൂപമായ വികൃതിപൂണ്ടരൂ
പനാമവൎണ്ണങ്ങളൊടും പ്രപഞ്ചസൃഷ്ടിസ്ഥിതിസംഹാരങ്ങളെച്ചെ
യ്യാൻ വിരിഞ്ചവിഷ്ണുരുദ്രന്മാരായെചമഞ്ഞീടും പരമാത്മനെപരബ്ര
ഹ്മണെനമൊനമഃ പരമാനന്ദാത്മനെരവയെനമൊനമഃ" ഭാസ്കര
ൻതാനുമരുൾചെയ്തിതുവസിഷ്ഠനൊ ടാഗ്രഹന്തന്നെപറഞ്ഞീടുകമ
ടിയാതെ എംകിലൊചൊല്ലീടുവൻവന്നകാരണമൊരു സംകടമുണ്ട
ദന്ധം പൊക്കുവാനില്ലതാനും തിംകൾതൻകുലത്തിംകലുള്ളസംവര
ണെന്നു പംകജശരതാപംപാരംതാൽപുത്രിമൂലം അവനീശനായനാം
വരണെനുഭവാനവളെക്കൊടുക്കണമെന്നതുചൊൽവാൻവന്നെൻ"—
സന്ദെഹമെന്തുഭവാൻകല്പിച്ചാലെംകിൽമമ നന്ദനെതപതിനീയെ
ക്കെണം വൈകീടാതെ മുന്നമെകല്പിച്ചിരിക്കുന്നിതുമകളെഞാൻ നി
ന്നെസ്സംവരണനുകൊടുക്കാമെന്നതന്നെ വസിഷ്ഠനരുൾചെയ്യുംവ
ണ്ണംനീഭ്രമിതന്നിൽ വസിക്കപലകാലംസുഖിച്ചഭൎത്താവുമാ യജ്ഞനിക്ക
ന്നയനുംഭുവനപ്രസിദ്ധനാ യ്നിനക്കഗുണങ്ങളുംവൎദ്ധിക്കെനിന്നൊ
റും" ഏവംവണ്ണമനുഗ്രഹിച്ചയച്ചുജനകനും ലാവണ്യാംഗിയുംവന്ദിച്ച
നുവാദത്തെച്ചെയ്തൾ_ തപതിയായദിവ്യകന്യകാമനൊഹരി തപ
നാത്മജാമനൊരഥവുംവന്നുകൂടി കന്യകയൊടുംകൂടിയാത്രയുംചൊല്ലി
മുനി മന്നവൻവസിച്ചീടുംകാനനഭൂവിവന്നു അജ്ഞലൊചനയാ
യതപതിതന്നെക്കനി ഞ്ഞജ്ഞനാശനകുലനാഥനുനൽകീടിനാൻ അ
ജ്ഞസായകരസംപൂൎണ്ണവനടവിയി ലജ്ഞകാന്താംവുംവസിച്ചീടിനാ
നവളുമാ യ്പിന്നെവൈരികളെയുമൊക്കവെനിഗ്രഹിച്ച തന്നുടെനാ
ടുംതന്നിക്കടങ്ങിയതുകാലം വസിഷ്ഠൻതന്നെപ്പുരൊഹിതനായിരിക്ക
യാൽ സുഖിച്ചുരാജ്യംവാണ്പലനാൾസംവരണൻ_ വസിഷ്ഠമുനി
യുടെവരിഷ്ഠഗുണമെല്ലാം പ്രകൃഷ്ടമെന്നതൊഴിഞ്ഞിനിക്കപറയാ
മൊ_ വാസവിചൊദിച്ചിതുഗന്ധൎവ്വൻതന്നൊടപ്പൊൾ ,,വാസിഷ്ഠ
മുപാഖ്യാനംകെൾക്കെണമിനിക്കെംകിൽ വിശ്വാസ്യകഥനയനുംവി
ശ്വാമിത്രനുംതമ്മിൽ വിശ്വാന്തകരണമാംവൈരമുണ്ടാവാൻമൂലം നി fol 143
ശ്ശെഷംപറയെണമെന്നുചൊന്നതുകെട്ടു_ വിശ്വൈകധനുൎദ്ധരൻത
ന്നൊടുചൊന്നാനവൻ ,,എംകിലൊകന്യാകുബ്ജനാകിയനൃപശ്രെഷ്ഠ
ൻ മംഗലശീലൻഗാഥിയെന്നുപെരുടയവൻ തന്നുടെപുത്രനായമ
ന്നവൻവിശ്വാമിത്രനന്നതന്നൊരുദിനംമൃഗയാവിവശനാ യ്മുനി

ത്തുപടയൊടും വസിഷ്ഠാശ്രമത്തിങ്ക ലനുസൽക്കാരംചെയ്തുനൃപനെ
മുനിശ്രെഷ്ഠൻ അമരാവതിപൊലെ ചമഞ്ഞിതടവിയു മമൃതൊപമ
മായഭൊജ്യപെയാദികളും നന്ദിതനായനൃപൻവിശ്വാമിത്രനുമപ്പൊ
ൾ നന്ദിനിതന്നെമമനൽകെണമെന്നുചൊന്നാൻ രാജാവിനെത്രെ
വെണ്ടുരത്നഭൃതങ്ങളെല്ലാം പൂജാസാധനങ്ങളെതാപസന്മാൎക്കുവെണ്ടു
എന്തുസംശയമതുപറയെണമൊഭവാൻ ചിന്തിച്ചാലതുതന്നെചൊ
ൽവാനില്ലാരുമിപ്പൊൾ നന്ദിനിതന്നെയുടൻബന്ധിച്ചുകൊണ്ടുപൊ
വാൻ മന്ദപ്രജ്ഞന്മാർനൃപഭൃത്യന്മാർതുടങ്ങുംപൊൾ നന്ദിനിയുടെയ
വയവങ്ങൾതൊറുംനിന്നു നന്ദനന്മാരായുലവംശങ്ങളുണ്ടായ്വന്നു പല്ല
വന്മാരുംശബരന്മാരുംശകന്മാരും പല്ലവമെറുംയവനന്മാരുംകിരാത
ന്മാർ സിംഹളന്മാരുംദ്രമിളന്മാരുംപുണ്ഡ്രന്മാരും സിംഹവിക്രമബലവാ
ന്മാരാംമ്ലെച്ഛന്മാരും കൎബ്ബുരപ്രവരന്മാരൊടുതുല്യന്മാരായ ബൎബ്ബരന്മാ
രുംനല്ലഭട്ടരന്മാരുമെല്ലാം അവരുംവിശ്വാമിത്രൻതന്നുടെപടയുമാ യ
വനിനടുങ്ങുമാറുണ്ടായയുദ്ധത്തിങ്കൽ മൂന്നുയൊജനവഴിപാഞ്ഞിതു
നൃപസൈന്യം പൊന്നുനന്ദിനീമുനിതന്നുടെമുമ്പിൽവന്നു പൃത്ഥ്വീശ
ൻവിശ്വാമിത്രൻചിത്തത്തിൽനിരൂപിച്ചാൻ „ക്ഷത്രിയബലമതി
ക്ഷുദ്രമെന്നതുംനൂനം ബ്രാഹ്മണതെജൊബലംബലമെന്നുറച്ചവൻ
താനെല്ലെതപസ്സിനുകൊപ്പിട്ടാനതുകാലം മാൎത്താണ്ഡകുലജാതൻക
ന്മാഷപാദനെന്ന ധാത്രീശൻനായാട്ടിനായ്പ്പൊയിട്ടുവരുന്നെരം എ
ത്തുചെന്നവസിഷ്ഠാത്മജൻശക്തിമുനി മദത്തൊടുപൃഥ്വീശനുംനെർവ
ഴിചെന്നാനെല്ലൊ „നീങ്ങുകവഴിയിൽനിന്നെന്നിതുനൃപശ്രെഷ്ഠൻ
„നീങ്ങുനീവഴിനമുക്കെന്നിതുമുനിശ്രെഷ്ഠൻ മാൎഗ്ഗംബ്രാഹ്മണന്നുന
ൽകെണംഭൂപാലാദികൾ മാൎഗ്ഗമിങ്ങിനെസനാതനമെന്നതുനെരം കുതി
രച്ചമ്മട്ടികൊണ്ടടിച്ചാന്മുനിതന്നെ ക്ഷിതിപാലകൻതന്നെശ്ശപിച്ചു
വസിഷ്ഠനും „രാജധൎമ്മത്തെനീക്കിരാക്ഷസധൎമ്മംനിന്നാൽ ആചരി
ക്കപ്പെട്ടതുകാരണമിന്നെമുതൽ രാക്ഷസനായ്പ്പൊകനീ"യെന്നതുകെട്ട
നെരം മൊക്ഷത്തെനൃപതിയുംയാചിച്ചാരനന്തരം വിശ്വാമിത്രൊ
പായത്താൽകിംകരനായരക്ഷസ്സാവെച്ചാചെന്നകംപുക്കുഭൂപതിമനസ്സി
ങ്കൽ അങ്ങിനെവാഴുംകാലമൊരുനാളൊരുമുനിതിങ്ങീടുംപൈദാഹത്താ
ൽഭൂപതിയൊടുചൊന്നാൻ „നല്ലമാംസവുംചൊറുംനൽകെണമിനി
ക്കെന്നുചൊല്ലിനാൻനൃപതിയുംരണ്ടുനാഴികപാൎപ്പാൻ ഭൂപാലനന്തഃ
പുരംപുക്കിരുന്നൊരുശെഷം താപസൻപറഞ്ഞതുമറന്നുപൊയിബ
ലാൽ രാത്രിയിലൊത്തനെരംപാചകനൊടുചൊന്നാൻ പാൎത്തിരിക്കു
ന്നിതൊരുതാപസൻഭുജിപ്പാനാ യ്യന്നമാംസാദിയാൽമൃഷ്ടമായു

ട്ടെന്നന്നി യജ്ഞസാവേഷമാനിച്ചാദരവൊടുമെന്നാൻ കറിയുംചൊ
റുമെല്ലാമുണ്ടാക്കീട്ടവൻ ചെന്നു നരപാലകനൊടുമാംസമില്ലെന്നു ചൊ
ന്നാൻ മനുഷ്യമാംസന്തന്നെക്കൊടുക്കെന്നുരചെയ്തു മനുഷ്യേന്ദ്രനുമ
പ്പൊൾ സൂദനതുചെയ്യാൻ അന്നെരമഭൊജ്യമായുള്ളൊരു നരമാം
സം നന്നായിവിളമ്പിയതെന്നുരചെയ്തുമുനി മാനവന്മാരെപ്പിടിച്ചു
ൻപൊടുഭക്ഷിച്ചു നീ കാനനെചരിക്കൊരുരാക്ഷസനായിട്ടെന്നു മുന്ന
മെശക്തിമുനിതന്നുടെശാപന്തന്നെ നന്നായിപ്പൂരിപ്പിച്ചാനെന്ന
തെപറയെണ്ടു ശക്തിമുഖ്യന്മാരായനൂറുപെർവസിഷ്ഠൻതൻ പുത്ര
ന്മാരവർകളെയൊക്കവെതിന്നാനവൻ പുത്രശൊകത്താൽമഹാമെരു
വിൻമുകളെറി മൃത്യുവന്നീട്ടുവതിനുതണ്ടുവസിഷ്ഠനും അഗ്നിയിൽ
ചാടിപ്പിന്നെസ്സമുദ്രത്തിൽചാടി വിഫലംവന്നീലദെഹദെഹികൾ
ക്കൊന്നിനാലും പാശത്താൽകൈകാൽകെട്ടിപ്പുഴയിൽചാടിതപ്പൊ
ൾ പാശത്തെച്ചുഴിക്കയാലായിതുവിപാശവും. പിന്നെയുംഹൈമ
വതിയാകിയനദിതന്നിൽ ചെന്നുചാടിനാനവൾനൂറുകൈവഴിയാ
യാൾ അതിനാൽശതദ്രുവെന്നവൾക്കപെരുണ്ടായി മൃതിവന്നീലജ
ലംനീങ്ങിപ്പൊയതുമൂലം ഒരുജാതിയുംവരാമരണമെന്നുകണ്ടു സരസീ
രുഹഭവനന്ദനൻവസിഷ്ഠനും ആശ്രമത്തിംകൽചെന്നവുക്കപ്പൊളു
ദൃശ്യന്തി ആശംസിപ്പിച്ചുഗർഭപാത്രസ്ഥനായബാലൻ തന്നുടെവെദ
നാദംകെട്ടാശ്രുവസിഷ്ഠനും എന്നുടെശക്തിതന്റെനാദമെന്നതുപൊ
ലെ കെട്ടതെന്തൊരുവെദധ്വനിയെന്നതുനെരം വാട്ടമില്ലാതശക്തിപ
ത്നിയുമുരചെയ്താൾ ഗർഭമുണ്ടിനിക്കെന്റെഭർത്താവുമരിക്കുംപൊളുദ്ദ
കനവനുടെനാദമെന്നതെവത്സ എന്നുകെട്ടവളുമായിപ്പിന്നെയുംപുറപ്പെ
ട്ടു ചെന്നപ്പൊൾവനഭുവികന്മാഷപാദൻകണ്ടു ഭക്ഷിപ്പാനടുത്തൊ
രുരക്ഷസ്സിൻവെഗംകണ്ടു ദക്ഷനാംവിധിപുത്രൻതളിച്ചുജലംകൊ
ണ്ടു ശാപമൊക്ഷവുംവന്നുരാജാവുംതെളിഞ്ഞിതു താപവുമകന്നി
തുപുരവാസികൾക്കെല്ലാം – കന്മാഷപാദൻതന്നെക്കൊണ്ടുപൊയ
യൊധ്യയിൽ കന്മഷമകന്നുവാഴിച്ചിതുവസിഷ്ഠനും – ഭൂപതീപത്നി
യായിവാഴുന്നസുദെഷ്ണയിൽ ഭൂപരിത്രാണാർത്ഥമാസ്സുഗർഭവുമുല്പാദിച്ചാൻ
ദ്വാദശസംവത്സരംചെന്നിട്ടുംപെറായ്കയാൽ മാതാവുസ്സുദെഷ്ണയുമു
ദരമശ്മത്തിനാൽ ഭെദിച്ചനെരമൊരുബാലകനുണ്ടായ്വന്നു മെദിനീപ
തിയവനശ്മകനായതെടൊ ശക്തിതൻപത്നിയായൊരദൃശ്യന്തിയും
പെറ്റാ ളുത്തമനായപരാശരനാംമുനിതന്നെ താതന്റെമരണ
ത്തിൻ ഹെതുക്കൾ കെട്ടിട്ടവൻ ക്രൊധത്താൽ സർവ്വലൊകം ദഹി
പ്പാനൊരുമ്പെട്ടാൻ അതുകണ്ടൊരുപിതാമഹനാംവസിഷ്ഠനും

മതിമാനായ നിജപൌത്രനൊടരുൾചെയ്തു കെൾക്കനീ കൃതവീൎയ്യനാ
കിയമഹീപതി സാക്ഷാലിന്ദ്രനെപ്പൊലെ ചെയ്തിതു പലയാഗം അ
ന്നവന്നുപാദ്ധ്യായൻ ഭാൎഗ്ഗവനവൻതനി ക്കനൎഘധനരാശിദക്ഷി
ണചെയ്തു നൃപൻ പിന്നെപ്പൊയി സുരലൊകം പ്രാപിച്ചനെരമവൻ
തന്നുടെകുലത്തിങ്കലുണ്ടായഭൂപാലന്മാർ അൎത്ഥലൊലുപന്മാരായ്ത്തീൎന്നാ
രതുമൂലം ചിത്തശാന്തിയും വെച്ചു ഭാൎഗ്ഗവന്മാരൊടെല്ലാം തുടങ്ങിവിരൊ
ധമെന്നറിഞ്ഞുമറയവ രൊട്ടുങ്ങാതെ ധനംകുഴിച്ചുവെച്ചാരെല്ലൊ
അവരുംദ്വിജാലയംകുഴിച്ചുനിധിയെടുത്തവനീദെവന്മാരെ വധിച്ചാ
ർമടിയാതെ സ്ത്രീബാലവൃദ്ധാവധി വധിച്ചാരതുകാലം ഭൂപാലഭയംകൊ
ണ്ടു ഭൂദെവസ്ത്രീകളെല്ലാം പൎവ്വതഗുഹകളിലൊളിച്ചാരതിലൊരു ദി
വ്യസ്ത്രീതനിക്കുണ്ടു ഗൎഭമെന്നറികയാൽ നാരിയുമൂരുവിങ്കൽമറച്ചാൾ
തന്റെഗൎഭം നൂറുവത്സരംതികഞ്ഞീടിനകാലത്തിങ്കൽ ക്രൂരന്മാരായ
നൃപവീരന്മാർകൊൽവാൻചെന്നാർ ഊരുവുംപിളൎന്നുടൻപിറന്ന
കുമാരനും ആക്കുമാരന്റെതെജസ്സതുകണ്ടവൎക്കെല്ലാം അക്ഷികൾപൊ
ട്ടിത്തെറിച്ചന്ധന്മാരായാരെല്ലൊ ഞങ്ങൾചെയ്തപരാധമൊക്കവെ
പൊറുത്തിനി ഞങ്ങൾക്കുകണ്ണുണ്ടാക്കിത്തരികെന്നവർകളും കാക്ക
ൽവീണതുകണ്ടുനൽകിനാനനുഗ്രഹം ദൊഷമില്ലകണ്ണുകളുമുണ്ടായീനൃ
പന്മാൎക്കും ഉഗ്രമാംതപസ്സിനുകൊപ്പിട്ടാനൌൎവ്വൻതാനും നിഗ്രഹി
ച്ചീടുംലൊകമെല്ലാമെന്നതുംതൊന്നി ഭാൎഗ്ഗവന്മാരാമൌൎവ്വൻതന്നുടെ
പിതൃക്കൾവന്നാഖ്യാനംചെയ്താരാത്മജ്ഞാനമായുള്ളതെല്ലാം. കൎമ്മത്തി
ൻഫലംജീവാത്മാവനുഭവിച്ചീടും സമ്മൊഹമുണ്ടാംകാമക്രൊധങ്ങ
ൾകൊണ്ടുമെന്മെൽ ആരുമെകൊല്ലുകയല്ലാരെയുമൊൎക്കുന്നാകിൽ നെ
രൊടെനിരൂപിക്കിലെന്നൊഴിഞ്ഞില്ലാപരം ശാന്തിയെന്നല്ലതുള്ളന
മുക്കുവിശെഷിച്ചും ഭ്രാന്തിയെക്കളഞ്ഞുനീശമത്തെപ്രാപിച്ചാലുംഔ
ൎവ്വനമതുകെട്ടുപിതൃക്കളൊടുചൊന്നാൻ ദുൎവ്വാരമായുള്ളമൽക്രൊധത്തെ
യെന്തുചെയ്തു ലൊകൊപകാരാൎത്ഥമായബ്ധിയിലാക്കീടുക സാഗരംഭൂ
മണ്ഡലമാക്രമിയാതെകൊൾവാൻ. സമതംപിതൃക്കൾചൊന്നതുകെ
ട്ടൌൎവ്വൻതാനും സമുദ്രംതന്നിലാക്കിതന്നുടെകൊപാഗ്നിയെശമത്തെ
പ്രാപിച്ചുഗ്രതപസ്സുംകൃപയാലെ സമൎപ്പിച്ചാത്മജ്ഞാനപരനായതുകാ
ലം സമസ്തലൊകങ്ങളുമാശംസിക്കയുംചെയ്തുരമിച്ചീടുകപരമാത്മനി
കുമാരാനീ താപസന്മാരാംനമുക്കൊക്കയുംക്ഷമിക്കെണം കൊപമാ
കുന്നതൊട്ടുമാകാതൊന്നറിഞ്ഞാലും എന്നതുകെട്ടുപരാശരനാംകുമാര
നും പിന്നെരാക്ഷസസത്രംതുടങ്ങിയതിനാലെ പെരികരക്ഷൊഗണം
മരിച്ചൊരനന്തരം നിവൃത്തിനിയൊഗത്താൽപുലസ്ത്യനെഴുന്നള്ളിസ്സാ

മഭെദൊക്തികൾകൊണ്ടുപദെശിച്ചീടിനാൻ താമസശീലമെല്ലൊ
വൈരാനുബന്ധംനൂനം കാമക്രൊധാദികളെത്ത്യജിച്ചീടുകവെണം
പ്രെമദ്വെഷാദികളുമാവൊളംവെണ്ടീലെല്ലൊ മൽകുലജാതന്മാരായു
ള്ളൊരുജാതിയെല്ലൊ രക്ഷസാംഗണമെന്നവാത്സല്യമില്ലെന്നില്ല ന
ല്ലതില്ലഹിംസെക്കുതുല്യമായൊന്നുമെന്നു ചൊല്ലുവാൻവന്നെനിനി
സ്സമർപ്പിക്കെണംസത്രം പുലസ്ത്യൊക്തികൾകെട്ടുശക്തിപുത്രനുമിതുപ
ലക്കുംമതമെങ്കിലങ്ങിനെതന്നെയെന്നാൻ അഗ്നിയെഹിമവാന്റെതാ
ഴ്വരതംകലാക്കി അഗ്നിമാൻപരാശരനതിനാൽവാവുതൊറുംദഹിച്ചീ
ടുന്നുവനമിന്നുമെന്നറിഞ്ഞാലുംസഹിച്ചീടെണംകൊപംതാപസന്മാ
രായുള്ളൊന്നാൽ" എന്നെല്ലാംഗന്ധവ്വെശൻചൊന്നതുകെട്ടുപാത്ഥൻ പി
ന്നെയുമവനൊടുചിരിച്ചുചൊദ്യംചെയ്തു നിമ്മലനായമുനിവസിഷ്ഠ
നെന്തുമൂലം കന്മഷപാദപത്നിതന്നെപ്രാപിച്ചതെടൊ ചൊല്ലുവന
ത്തുമെംകിൽകെട്ടാലുംധനഞ്ജയ ചൊല്ലെഴുംസൂൎയ്യാന്വയജാതനാംനൃ
പവീരൻ കന്മഷപാദൻശാപഗ്രസ്തനായ്പ്പൊകുന്നെരം തന്മനൊവല്ല
ഭയായുള്ളൊരുസുദെഷ്ണയും പിന്നാലെഖെദംപൂണ്ടുകാനനെ നടക്കു
മ്പൊൾ നന്നായിക്രീഡിക്കുന്നഭൂസുരമിഥുനത്തിൽപുരുഷൻതന്നെ
ക്കൊന്നുതിന്നതുകണ്ടുപത്നി പരിതാപത്താൽശപിച്ചീടിനാൾനരെ
ന്ദ്രനെ നീയുംനിൻപത്നിതന്നെത്തൊടുകിൽമരിക്കുന്നാൾ തീയിൽ
പാഞ്ഞുടൻമരിച്ചീടിനാനവൾതാനും അപ്പൊഴെസൂൎയ്യവംശംമുടിയു
മെന്നുകണ്ടൊരുല്പലൊത്ഭവാത്മജനുല്പാദിച്ചതുമെടൊ തന്നുടെപുത്ര
ന്മാരെക്കൊല്ലിച്ചവിശ്വാമിത്രൻ തന്നൊടുംകൊന്നുതിന്നകന്മാഷപാ
ദനൊടും ഉണ്ടായിലൊരുകൊപംവസിഷ്ഠനത്രയുമ ല്ലുണ്ടായിതവർ
കളിൽകാരുണ്യമറിഞ്ഞാലും എന്നമാമുനിതന്നെഗുരുവാക്കിയമൂലംവ
ന്നിതുസംവരണനദ്ധൃദയങ്ങളെല്ലാം_ അൎജ്ജുനൻഗന്ധൎവ്വനൊടപ്പൊ
ഴെചൊദ്യംചെയ്താ നിൎജ്ജനത്തിനുതക്കൊരുത്തമനുപാദ്ധ്യായൻ ആ
രാകനല്ലുചൊല്ലീടെന്നതുകെട്ടുചൊന്നാ നാരായ്കവെണ്ടനിങ്ങൾപാര
മെന്നറിഞ്ഞാലും ഉൾക്കചകാഖ്യതീൎത്ഥത്തിംകലുണ്ടിരിക്കുന്നിതുൽ
ക്കടതപൊബലമുള്ളമാമുനിധൌമ്യൻ ദെവലസഹൊദരൻദെവാ
ചാൎയ്യസമൻ സെവിച്ചീടെണംനിങ്ങളവനെയെന്നാലവൻ സാ
ധിപ്പിച്ചിടുമെല്ലൊനിങ്ങൾക്കുവെണ്ടതെല്ലാം ഖെദിക്കവെണ്ടപൊ
കെന്നവനുമുരചെയ്താൻ_ അവിടെത്തമ്മിൽപലകഥയുംപറഞ്ഞുപൊ
യവിടെക്കണ്ടുകിട്ടിധൌമ്യനാംമുനിതന്നെ ശ്രീപാദങ്ങളിൽവീണുന
മസ്കാരവുംചെയ്തുതാപസെന്ദ്രനെക്കൂപ്പിനിന്നുപാണ്ഡവന്മാരുംസ്വാ
ഗതമെന്നുചൊല്ലികുശലപ്രശ്നങ്ങളും ചെയ്തുമുദാസൽക്കരി

ച്ചിതുനന്നാ യ്യുന്ദ്രവംശൊല്ഭൂതന്മാം പാണ്ഡുഭൂപാലെന്ദ്രനന്ദനന്മാ
രായൊത്തങ്ങളെ വരുമുണ്ടായ്യുന്ന ധാൎത്തരാഷ്ട്രന്മാരുടെദുൎവ്യാപാരങ്ങൾകൊ
ണ്ടു ധാത്രിയിൽവെഷച്ഛന്നന്മാരായ്സഞ്ചരിക്കുന്നു പാഞ്ചാലപുരംപു
ക്കുകല്യാണംകാണ്മാനുള്ളിൽവാഞ്ഛയുമുണ്ടുപാരം കാരുണ്യവാരാന്നി
ധെ നിന്തിരുവടിയുടെശിഷ്യകളെല്ലൊ ഞങ്ങൾ സന്തതംപരിപാലി
ച്ചീടെണംതപൊനിധെ മംഗലംവരുത്തുവാൻനിന്തിരുവടിതന്നെ
ഞങ്ങൾക്കുപുരൊഹിതനായിരുന്നരുളെണം അന്നെരംമുനീന്ദ്രനമ
ള്ളിലെക്കണ്ണുകൊണ്ടു നന്നായ്ക്കണ്ടിതുമഹാഭാരതൊദന്തമെല്ലാം അ
ങ്ങിനെതന്നെയൊരുസംശയമതിനില്ല നിങ്ങൾക്കുപുരൊഹിതൻഞാ
ൻതന്നെനടന്നാലും ധൌമ്യനെപ്പുരൊഹിതനായ്വരിച്ചവർകളും ബ്രാ
ഹ്മണരൊടുംചെൎന്നുതാപസവരനൊടും ദക്ഷിണപാഞ്ചാലമാംനഗര
മകംപുക്കു രക്ഷിപ്പാൻമാതാവിനെക്കുംഭകാരാലയത്തിൽ ശിക്ഷിച്ചു
പറഞ്ഞാക്കിഗൊപുരമകംപുക്കാ രക്ഷണംവന്നുവന്നുനിറഞ്ഞുരാജാ
ക്കന്മാർ വെണ്മാടംതൊറുമെറസ്സമ്മാനിച്ചാശുധൃഷ്ടദ്യുമ്നനുംനൃപന്മാ
രെയിരുത്തിയഥായൊഗ്യം പരുത്തവില്ലുമംപുംചമച്ചരംഗത്തിംകൽ
വരുത്തിവന്നനൃപന്മാരെല്ലാംകെൾക്കച്ചൊന്നാൻ വില്ലിതുകുലയെ
റ്റിബാണങ്ങളിവകൊണ്ടു ചൊല്ലിക്കൊണ്ടെയ്യുയന്ത്രംമുറിക്കുന്നവൻ
തന്റെ വല്ലഭയെല്ലൊന്നുനമെന്നുടെഭഗിനിതാ നല്ലാതെബലംനി
ങ്ങൾകാട്ടുകിലപ്പൊൾത്തന്നെ വല്ലായ്കയെന്നുവരുത്തീടുവനല്ലായ്കി
ൽഞാ നില്ലാതെയാകവെണമെന്നുടെയച്ഛനാണാ പിന്നെത്താൻഭ
ഗിനിയൊടീവണ്ണമുരചെയ്തു നിന്നെക്കാമിച്ചുവന്നമന്നവന്മാരെക്കാ
ൺകനീ കുരുരാജാവായുള്ളദുൎയ്യൊധനൻതാനു മരികെമരുവിനാനൂറ
നുജന്മാരൊടും ശകുനിതാനുംപുനരചലൻവൃഷകനും ഗാന്ധാരരാജാ
വുതന്മക്കളെന്നറികനീ അശ്വത്ഥാമാവുംഭൊജൻബൃഹന്തൻമണിമാ
നും ദണ്ഡധാരനുംസഹദെവനുംജയത്സെനൻ മാഗധൻമെഘസ
ന്ധിവിരനാംവിരാടനും ശംഖനുമുത്തരനുമായതൻപുത്രന്മാരും വസു
ധാധിപനാകുമഭിഭൂനൃപനെക്കാൺ സുമിത്രൻസുകുമാരൻവൃകനും
സത്യധൃതി രൊചമാനനുംസൂൎയ്യധ്വജനുംചിത്രായുധൻ ശ്രെണിമാ
നംശുമാനുംചെകിതാനനുംനീലൻ സമുദ്രസെനപുത്രനാകിയചന്ദ്ര
സെനൻ സമൎത്ഥൻജരാസന്ധൻതാനുംതൻപുത്രന്മാരും ദണ്ഡനുംസു
ദണ്ഡനുംപൌണ്ഡ്രകവാസുദെവൻ താമലിപ്തനുംഭഗദത്തനുംകലിം
ഗനും പത്തനാധിപൻതാനുംമദ്രരാജാവായ്മെവും. ശല്യരുമരികെകാ
ണ്ണവന്റെപുത്രന്മാരും ഔരവ്യൻതാനുംരുക്മാംഗദനാംതനയനും
അവൻതന്നനുജനുമരികെരുക്മരഥൻ ഭൂരിയുംഭൂരിശ്രവാശലനുമെന്നു

മൂന്നു പുത്രന്മാരൊടുംകൂടെക്കണ്ടുതുസൊമദത്തൻ കാംബൊജൻസുദ
ക്ഷിണൻദൃഢധന്വാവൃതാനും കൌരവൻബൃഹൽബലൻശിബിയും
സുഷെണനും ശ്രുരനാമൌശീനരൻസൈന്ധവൻജയദ്രഥൻ ബൃ
ഹൽക്ഷെത്രനുംബൃഹദ്രഥനുംബാല്ഹീകനും കിതവൻഭഗീരഥൻവീൎയ്യ
വാനുലൂകനും കൊസലാധിപൻമത്സ്യരാജനുംശ്രുതായുസ്സുംഅരികെ
ചിത്രാംഗദനങ്ങുശുഭാംഗദൻ അംഗരാജാവുകൎണ്ണൻതന്മകൻവൃ
ഷസെനൻ ബൃഹൽകീൎത്തിയുംബൃഹൽബലനുംദുൎജ്ജയനും ബല
വാൻചെദിരാജാവാകിയശിശുപാലൻ ദമഘൊഷാത്മജനിപ്പവ
നൊടൊത്തൊരാരും അഗ്നികൾമൂന്നുപൊലെദക്ഷിണാശാധീശന്മാർ
പാണ്ഡ്യനുംകെരളനുംചൊളനുമട്ടുത്തുകാൺ വൃഷ്ണികളായനരവീരരെ
ക്കണ്ടാലയൊനീ കൃഷ്ണനാലനുദിനംപാലിതരവരെല്ലാംശുക്ലവൎണ്ണവും
നീലവസ്ത്രവുംധരിച്ചതി ശക്തിമാനനന്തതെജൊമയൻകാമപാല
ൻ മദ്യപാനവുംചെയ്തുമത്തനായുധഗിരാ ചിന്തവുമെതിൎപ്പവർതമ്മെ
യുംപൊടിപ്പവൻ വല്ലവീവല്ലഭനാംമല്ലാരികല്യാണാത്മാ തുല്യമി
ല്ലാതപൌരൻപുരുഷൻവാസുദെവൻ സാംബനുംചാരുദെഷ്ണൻസാ
രണൻഗദൻതാനും അക്രൂരൻസത്യകനുംസാത്യകിയുയുധാനൻ പൃഥു
വുംവിപൃഥുവുംഹാൎദ്ദിക്യൻകൃതവൎമ്മാ കങ്കനുംസമീകനുംസാരിമെജ
യൻതാനും ഝില്ലിയുംദാനവരിപിംഗരകനുംപിന്നെ കീൎത്തിമാനു
ശീനരൻപാൎത്ഥിവൻവിഡൂരഥൻ മറ്റുംകാൺപലനൃപന്മാരിരിക്കു
ന്നതിവർ മറ്റുംനിൻഗുണംകെട്ടുവന്നാരെന്നറിഞ്ഞാലും ഇവരിലെ
ക്കിന്നുയന്ത്രത്തെമുറിക്കുന്ന തവനെമാലയിട്ടുകൊള്ളുകനീയുംബാ
ലെ" ധൃഷ്ടദ്യുമ്നനെവംപറഞ്ഞുബൊധിപ്പിച്ചു പെട്ടെന്നുകൂട്ടപ്പടമെട്ട
ത്തുപിൻവാങ്ങിനാൻ അന്നെരംകാണായ്വന്നകന്യകാനിമിത്തമാ
യ്വന്നവർകാട്ടിയൊരുഗൊഷ്ഠികൾപറയുംപൊൾ ഇന്നവയെന്നുകാ
മദെവനെയറിയാവൂവന്നിതങ്ങവർതന്നാൽവെണ്ടുന്നതവൎക്കെല്ലാം
മകുടമണിമയകുണ്ഡലാംഗദഹാര കടകകടിസൂത്രവലയാദികളാക മ
ഖിലവിഭൂഷണലെപനാംബരങ്ങളാൽപരിശൊഭിതന്മാരായ്സായുധ
പാണികളാ ഛത്രചാമരവ്യജനാദികൾകൊണ്ടുശൊഭി ച്ചെത്രയുംമ
നൊഹരമായവെഷവുംപൂണ്ടു തങ്ങൾതങ്ങൾക്കുള്ളൊരുവിരുതുംവാ
ദ്യങ്ങളും മങ്ങീടാതൊരുചതുരംഗവാഹിനിയൊടും പാൎത്ഥിവെന്ദ്രന്മാ
രെല്ലാമാസ്ഥയാകൊപ്പിട്ടുള്ളിൽ പ്രീത്യാവന്നകംപുക്കുകല്യാണംസാ
ധിപ്പാനായി സ്പൎദ്ധയുംപരസ്പരംവൎദ്ധിച്ചിതെല്ലാവൎക്കും ശ്രദ്ധയു
മൊരുപൊലെവൎദ്ധിച്ചുമനക്കാമ്പിൽ ക്രുദ്ധിച്ചുനൊക്കിടിനാരന്യൊ
ന്യംപണ്ടെയുള്ളിൽ സ്നിഗ്ദ്ധന്മാരായുള്ളവർതങ്ങളുമെത്തുകാലം വിദ്യാ

ജ്ജിജ്ഞ്യത്യവിത്തസൌന്ദൎയ്യൌദാൎയ്യസാര സ്യാദ്ധ്യങ്ങൾ ഗുണങ്ങൾ ഭെ
ദ്ദെറെചിന്തിക്കുന്നെരം ഇന്നവളിനിക്കനുരൂപയെന്നതുതന്നെ വ
ന്നുകൂടീട്ടമെത്രെനിൎണ്ണയമെല്ലാംകൊണ്ടും കുലവുംമഹിമയുംവിദ്യയുംപ
രാക്രമ ബലശീലാൎത്ഥരാജ്യസമൃദ്ധിഭണ്ഡാരവും രൂപയൌവനഗൃഹ
സെനയുംപടവീടും ശൊഭയുംഗുണജാലമൊരൊന്നെകാണുംതൊറും
പാഞ്ചാലിനമുക്കനുരൂപയെന്നതിന്നൊരു ചാഞ്ചല്യമുണ്ടായ്വരാശത്രു
ക്കളായുള്ളൊൎക്കും അന്യൊന്യംസുഹൃത്ഭാവംമുന്നമെയുള്ളവൎക്കും കന്യ
കാനിമിത്തമായുള്ളിതവാച്ചിതുവൈരം സൎവ്വവുമപെക്ഷിച്ചപാഞ്ചാ
ലപുത്രിയായ ദിവ്യകന്യകതന്നെക്കൊണ്ടുപൊയ്ക്കൊൾവാനിപ്പൊ
ൾ എന്തൊരുകഴിവെന്നതൊഴിഞ്ഞുനൃപന്മാൎക്കു ചിന്തയില്ലെതുംമറ്റു
സന്തതംമനക്കാമ്പിൽ-ദെവകൾവിമാനങ്ങൾതൊറുമാകാശമാൎഗ്ഗെ
ദെവികളൊടുംവന്നുനിറഞ്ഞുമുനികളും ഹരിയുംഹലിയും വൃഷ്ണ്യന്ധക
ഭൊജന്മാരു മറികെയദുകുലനൃപതിയൊടുംതത്ര ഭൂതിതന്നുള്ളിലമെവും
കനൽക്കട്ടകൾപൊലെ ഭൂദെവന്മാരായ്വും പാണ്ഡുനന്ദനന്മാരെമാ
ധവനറിഞ്ഞുതന്നഗ്രജൻതന്നെക്കാട്ടി ചെതസിസന്തൊഷമുണ്ടായി
ളുമുസലികും-വാദ്യനാദങ്ങൾകൊണ്ടുലൊകവുംമുഴങ്ങുന്നു പാൎത്ഥിവ
ന്മാരുംമദനാൎത്തന്മാരായാരെല്ലൊ-വില്ലെടുത്താൎക്കുംകുലക്കായീലനൃപ
ന്മാൎക്കു വല്ലാതെതഷിൽതമ്മിൽനൊക്കിയടങ്ങിനാർ-ചെദീശനാ
യദമഘൊഷജൻശിശുപാലൻ മെദിനീപതിവീരൻവെഗമൊടെഴു
നീറ്റു വില്ലെടുത്താശുകുലച്ചീടുവാനൊരുംപെട്ടു മെല്ലവെമാഷമാത്ര
മട്ടത്തൊരനന്തരം കുലച്ചുകൂടാഞ്ഞംഗംവിയൎത്തുവശംകെട്ടു നിലത്തു
വെച്ചുവാങ്ങിപ്പൊയവനടങ്ങിനാൻ-വമ്പനാംജരാസന്ധൻകൊ
പ്പിട്ടുചെന്നുനെരെ ഗംഭീരഭാവത്തൊടുംവില്ലുകുലെപ്പാനായി എട്ടു
ത്തുവളച്ചൊരുകടുകിന്മണിമാത്ര മടുത്തനെരംദൂരെമറിഞ്ഞുവീണീടി
നാൻ എല്ലെല്ലാംനുറുങ്ങിത്തൻമുഴങ്കാലതുംപൊട്ടി പല്ലെല്ലാമിളകി
വന്നൊരുചൊരയുംതുപ്പി വില്ലുംവെച്ചുടനെരംനാണിച്ചു വാങ്ങി
പ്പൊന്നാൻ നല്ലത്പൂണ്ടെപ്പൊൾതന്നെപൊയവൻ പുരിപൂക്കാൻ
ശല്യനുംചെന്നുകുലച്ചീടുവാൻമുഷ്ടിമാത്രം മെല്ലവെയെടുത്തപ്പൊൾ
സാദ്ധ്യമല്ലെന്നുകണ്ടു വില്ലുംവെച്ചടങ്ങിനാനന്നെരംവൈകൎത്തനൻ
എടുത്തൊരൊമമാത്രമടുത്തുഗുണമപ്പൊൾ പട്ടുപൊംകുറഞ്ഞവനമറിഞ്ഞുവീ
ണീടിനാൻ- ഇത്തരംവില്ലാളികളാകിയനൃപെന്ദ്രന്മാരത്തൽപൂണ്ടെ
പ്പൊവതുംപിന്നെയടങ്ങിനാർ - ഭൂസുരജനംപ്രത്ഥിനായകന്മാരെപ്പ
റ്റി ഹാസമൊടെരൊരൊതരംഭത്സിച്ചുതുടങ്ങിനാർ കൂടിയനൃപന്മാരിൽകെ
ട്ടുകൊരുവനും പാടവമെറുമെന്നുവന്നിലചിത്രംചിത്രം വില്ലിതുക്കു

ലക്കായീലാക്കുമെന്നുചെ ഭൂന്മാരെല്ലാരുമൊരുപൊലെവന്നതുംനന്നുന്
ന്നുതുല്യന്മാർരത്രെയിവരെല്ലാരുംനല്ലരെല്ലൊ വല്ലഭത്തിനകുംവില്ലെൾ
രുവക്കുമെടൊ കല്ലുകൾകനകവുമെന്തിനുചുമക്കുന്നി തല്ലരുപ്പൊണ്ടെ
ല്ലനുറുങ്ങിട്ടുവാൻസുയൊധനൻ പൊയിതുജരാസന്ധൻനാണവും
കെട്ടദന്തം പൊയതുമഹാജനമാരുമെയറീയാസ്സാൻ" ഇത്തരംബഹു
വിധംബ്രാഹ്മണരൊരൊരിശി പൃഥ്വീശന്മാരെപ്രംശസിച്ചാക്ഷെ
പിക്കുംനെരം ഉത്തമനായപാർത്ഥനുത്ഥാനംചെയ്തുചൊന്നാൻ "പൃഥ്വീ
ദെവന്മാരെല്ലാംകെൾക്കെണമെന്റെവാക്യം ക്ഷത്രിയവീരന്മാർക്കിവി
ല്ലുതുകുലയെററി ശരങ്ങൾകൊണ്ടുയന്ത്രംഭെദിപ്പാനരുതെങ്കിൽ ക
ന്യകതന്നെവിവാഹംചെയ്യുന്നതുമില്ലനിർണ്ണയമെന്നുവന്നാൽനന്ന്
ല്ലിതൊന്നുകൊണ്ടും മന്നവന്മാരാൽസാദ്ധ്യമല്ലെന്നുവരികിൽനാ മെ
ന്നുണ്ടുവെണ്ടുപുനരെതുമെമടീയാതെ നമ്മളാരെട്ടതുവിൽകുലച്ചുയ
ന്ത്രംഭെദി ച്ചിമ്മധുമൊഴിവിവാഹംകഴിക്കയുംവെണം" നിജ്ജരപ
തിസുതനങ്ങുന്നതുനെരം വിജ്വരമനസാബാണാസനംസജ്യംക്
ത്തുംസജ്ജനസഭവന്ദിച്ചുത്ഥാനംചെയ്തിടിനാൻ ഉജ്വലിച്ചഗ്നിജ്വാലാ
സതാരംപൊങ്ങുംപൊലെ വിപ്രന്മാരതുനെരംമെല്ലുടവയുംവീശിവി
ഭ്രമംഭാവിജകുമാരന്നെന്തുണ്ടാവാനെന്നാർ "അകൃത്യമിദമിദംകൃത്യമെന്നു
ള്ളതൊന്നും പ്രകൃത്യാബലഹീനനാമിവന്നറിവില്ല ബാലകന്നാശു
ശ്രൂഷ്രൂവാംപടുവിനു കാലദെശാവസ്ഥാദിഭെദബുദ്ധിയുമില്ല ശല്യക
ർണ്ണാദികളാൽസാദ്ധ്യമല്ലാതെയുള്ള വില്ലിതുകുലചെയ്തയന്ത്രത്തെമുറി
പ്പാനാ യ്യില്ലൊരുനാളുംതൊട്ടിട്ടില്ലാതഭ്രമിദെവൻ നില്ലജ്ജൻതുനി
ഞ്ഞതുമെത്രയുമന്ധകാരം അസ്ത്രജ്ഞന്മാരാംധനുർവ്വെദ പാരകന്മാ
രാം ക്ഷത്രിയവീരന്മാർക്ക പരിഹാസത്തിനുള്ള നമ്മളാരൊക്കപ്പരി
ഹാസ്യന്മാരായ്വന്നിട്ടും ദുർമ്മദമെറുംഭാവിജബാലകഭ്രാന്തിമൂലം ബ്രഹ്മ
ചാപല്യംവലുതെന്നതുകൊണ്ടു നാമ ബ്രഹ്മവാദിയെപ്പുറത്താക്കീടുക
വെണം സാധിക്കുമിവന്തനിക്കെങ്കിലുംഭൂപാലന്മാർ ബാധിക്കും
നമ്മെപ്പുനരെന്തിനുവെണ്ടിയതും പെണ്ണിനെയിവന്നുകിട്ടീടുകയില്ല
യെല്ലൊ നിർണ്ണയംയന്ത്രമെയ്തുമുറിച്ചാനെന്നാകിലുംദൊഷമെയെല്ലാ
ക്കൊണ്ടുംശെഷമുള്ളിതുനമ്മെദ്വെഷവുമുണ്ടായ്വരുംഭൂപതിവീരർക്കെല്ലാം"
ഇത്തരംചിലർ പറഞ്ഞീടിനനെരംപുന രുത്തരമതിൽചിലർസത്വ
രംചൊല്ലീടിനാർ "വെദങ്ങൾകൊണ്ടു സാദ്ധ്യമല്ലാതെ യെന്തൊന്നു
ള്ളു വെദജ്ഞന്മാർക്കിഞ്ചിൽക്കാര്യമില്ലസാദ്ധ്യമായി എത്രയും
ശ്രീമാനിവൻനാകെന്ദ്രസമനെല്ലൊ സുസ്ഥിരൻപീനസ്കന്ധൻ
ജാനുബാഹുയുഗൻ വിസ്തൃതവക്ഷഃസ്ഥലൻ വൃത്തൊരുഭുജാധരൻ

ശക്തിമാൻ ബ്രഹ്മക്ഷത്രതെജസ്വീയുവാവെററം ശക്തിയില്ലായ്കി
ലിതുഭാവിക്കയില്ലയെന്നും സിദ്ധമല്ലായ്കതന്നെയല്ലെന്നുധരിച്ചാലും
ബ്രാഹ്മണൎക്കസാദ്ധ്യമായില്ലൊരുകൎമ്മങ്ങളും സാമ്യമില്ലവരുടെമാ
ഹാത്മ്യത്തിന്നുമെത്തുംജലമാരുതഫലമൂലാഹാരന്മാരിവർബലഹീനന്മാ
രതുകൊണ്ടെന്നുനിനക്കെണ്ടാചപലമാകുന്നതെല്ലാംബ്രഹ്മതെജസ്സിൻ
ബലംഫലമില്ല ബ്രഹ്മതെജസ്വിനാംബലംകൊണ്ടും ബ്രാഹ്മണ
നൊന്നുകൊണ്ടുമവമന്തവ്യനല്ലാ കാൎമ്മുകവെദൊപദെശങ്ങളുമവ
ൎക്കെത്രെററംവണ്ണംബഹുവിധംബ്രാഹ്മണർപറയുമ്പൊൾ കാൎണ്ണ
ൻമുഖാംബുജംപാൎത്ഥദെവെന്ദ്രാത്മജൻ അഗ്രജന്മാരൊടനുവാദവും
കൊണ്ടുമഥ യാഗ്രജൻകനിഷ്ഠന്മാൎതന്മെയുംകടാക്ഷിച്ചാൻ രംഗ
ത്തെപ്രവെശിച്ചുചെയ്തുടൻപ്രദക്ഷിണ മംഗജാരാതിശിഷ്യശിഷ്യ
നാംദ്രൊണാചാൎയ്യൻതൻകഴലിണെഭക്ത്യാ വന്ദിച്ചുനമസ്കരിച്ചുംഗ
ജൻകരിമ്പുവില്ലെടുത്തുകുലയെററി ബാണങ്ങളുഞ്ചുംതൊടുത്തെയ്തു
പൊലെപാൎത്ഥൻകാണികൾചിത്രം ചിത്രമെന്നുചൊല്ലീടുന്നെരംഎടു
ത്തുചാപംപൊടിതുടച്ചുകുലച്ചുടൻതൊടുത്തുബാണമഞ്ചുംവലിച്ചയച്ചു
മെയ്തുമറിച്ചുജിതശ്രമംനിന്നീടുന്നതുനെരം കരുത്തുഭാവംനാനാധരി
ത്രീശന്മാൎക്കെല്ലാംപുഷ്പവൃഷ്ടിയുംചെയ്താർശിരസിദെവഗണ മപ്പൊ
ഴെപാഞ്ചാലിയുംമാലയുമിട്ടീടിനാൾ ചില്ലരുഷാനഗ്ര്യൽസല്ലരുഷെ
ന്ദ്രൻപാൎത്ഥൻക്ഷിപ്രംദ്രൌപദിയൊടുംബ്രാഹ്മണരൊടുംകൂടി നിൎഗ്ഗ
മിച്ചിതുരംഗത്തിങ്കൽനിന്നുടൻ നൃപവൎഗ്ഗവുംക്രുദ്ധിച്ചിതുവെറുതെ
വെറുപ്പൊടെപാഞ്ചാലൻപടയൊടുംപാൎത്ഥനുസഹായമാ സ്സാഞ്ചരയാ
കൂടക്കനിഞ്ഞരികെമരുവിനാൻ കല്യാണത്തിന്നുനമ്മെവരുത്തിക്കാല
ത്തൊരുവുല്ലൊളംബഹുമാനിയാതെപാഞ്ചാലനൃപൻ വിപ്രനുകന്യാ
രത്നംകൊടുത്തീടുന്നതാകിൽ വിപ്രനെവധിക്കെണമെന്നതുമരുതെ
ല്ലൊസൽക്കാരംപൂൎവ്വംനമ്മെവരുത്തിസ്വയംബരെ ധിക്കാരംകാട്ടിയൊ
രുപാഞ്ചാലൻതന്നെക്കൊൽവൂ ധൃഷ്ടനാംധൃഷ്ടദ്യുമ്നൻതന്നെയുംവധി
ക്കെണംകഷ്ടമെത്രയുമവൻകാട്ടിയദുരാചാരം ചെറുപ്പംകൊണ്ടുമൊ
ഹാൽബ്രാഹ്മണൻകാട്ടിയതു പൊറുക്കെയുള്ളുനമുക്കവരൊടെല്ലാം
കൊണ്ടുംനമ്മുടെരാജ്യധനസന്തതിശൌൎയ്യാദിയുംബ്രഹ്മരക്ഷാൎത്ഥമെ
ത്രെനിൎണ്ണയമറിഞ്ഞാലും എന്നുകല്പിച്ചുനിന്നമന്നവരെല്ലാവരുമന്യൊ
ന്യമൊരുമിച്ചുയുദ്ധത്തിന്നൊരുമ്പെട്ടാർ സന്നദ്ധന്മാരായതുകണ്ടു
പാഞ്ചാലനൃപൻചെന്നുഭൂദെവന്മാരെശ്ശരണംപ്രാപിച്ചപ്പൊൾ വി
പ്രവെഷത്തെപൂണ്ടുതത്സഭാമദ്ധ്യെമെവുമത്ഭുതവിക്രമന്മാരായഭീമാൎജ്ജു
നന്മാർകെൽപൊടുപുറപ്പെട്ടുയുദ്ധത്തിന്നൊരുമിച്ചു വിഭ്രാന്തന്മാരായ്ട്ടു

ത്തിടിനാരത്തുന്നെരം ഉന്നതമായവൃക്ഷംകണ്ടുഭീമനുമത്തു ചെന്നുടൻപ
റിച്ചിലയ്യൂരിയായുധമാക്കിനിന്നതുകണ്ടകൃഷ്ണൻരാമനൊടരുൾചെയ്തുനി
ൎണ്ണയമിതുഭീമനതിമാനുഷകൎമ്മാവിന്നാലെനിൽക്കുന്നുഫല്ഗുനൻതന്നെ
നൂനംമുക്തന്മാരായാർപാണ്ഡുപുത്രന്മാർമാതാവൊടും വ്യക്തംജാതുഷ
ഗെഹത്തിങ്കൽനിന്നറിഞ്ഞാലും ദൈവാനുഗ്രഹമെങ്കിൽനമ്മുടെപി
തൃഷ്വസാജീവിച്ചിതാത്മജന്മാരൊടുമെന്നാകിലിപ്പൊൾ എത്രയുംസു
ഖംവന്നുചിത്തത്തിലെങ്കിലിനി യുദ്ധകൌശലംകണ്ടുകൊൾകനാ
മെന്നെവെണ്ടുരാമകൃഷ്ണന്മാരിത്ഥംപറഞ്ഞുനിൽക്കുന്നെരം ഭൂമിപാലെ
ന്ദ്രന്മാരുംപൊരിനായൊരുമിച്ചു നാമെല്ലാംകുറയരുതിതിന്നെന്നുനെ
രം ഭൂമിദെവെന്ദ്രന്മാരുംപൊരിനായൊരുമ്പെട്ടാർ ഛത്രത്തിൻദണ്ഡ
ങ്ങളുംപാദുകങ്ങളുംപുനരുത്തരീയങ്ങൾകരകങ്ങളെന്നിവയുമായി ഹ
സ്തവ്യഗ്രയത്തിനിന്നുദ്യൊഗംകണ്ടനെരം മുഗ്ദ്ധഹാസവുംപൂണ്ടുഫല്ഗുന
നുരചെയ്താൻ ക്രുദ്ധഭാവവുംനീക്കിരണ്ടുഭാഗവുംനിന്നു കണ്ടുകൊ
ള്ളുവിൻനിങ്ങളെല്ലാരുംദ്വിജന്മാരെ കണ്ണുങ്ങൾകരങ്ങൾകാലെന്നിവ
ബാണങ്ങളെകൊണ്ടുഞാൻതെരുതെരെ ഖണ്ഡിച്ചുനൃപന്മാരെ ദണ്ഡ
ഹസ്തന്റെപുരത്തിങ്കലാക്കീടുന്നുണ്ടു ദണ്ഡമില്ലിനിക്കതിനറിവിൻ
നിങ്ങളെല്ലാം ഇത്ഥമൎജ്ജുനൻപറഞ്ഞീടിനൊരനന്തരം യുദ്ധത്തിന്നട
ത്തിതുമിത്രനന്ദനൻകൎണ്ണൻ തുടങ്ങിശരങ്ങളാൽവരിഷംവിജയനും
നടുങ്ങിഭുവനവുംചെറ്റുഞാണൊലികളാൽ രുദ്രനൊടന്തകന്താനടുത്ത
പൊലെനെരെമദ്രാധിപതിശല്യർഭീമനൊടടുത്തിതു മറ്റുള്ളവിപ്ര
ന്മാരുംധാൎത്തരാഷ്ട്രന്മാരുമായെററിയുമെറിഞ്ഞുമൊ ട്ടെത്തുംനിന്നിതുത
മ്മിൽവിസ്മൃതിച്ചെന്തിനെറെപറഞ്ഞീടുന്നുപാൎത്ഥൻ മിത്രപുത്രനെജ
യിച്ചീടിനാനതുനെരംശല്യരെമുഷ്ടിയുദ്ധംചെയ്തുമാരുതപുത്രൻ കൊല്ലാ
തെകൊന്നാനതുകണ്ടുമറ്റുള്ളനൃപ രെല്ലാരുംഭയപെട്ടുവാങ്ങിനാർമറ
യവൎക്കെല്ലാലൊ കവുംജയിക്കാമവർ വലുതെല്ലൊതൊററിതുവി
ശ്വാമിത്രൻവസിഷ്ഠനൊടുമുന്നം തൊററിതുരാജാക്കന്മാർഭാൎഗ്ഗവരാ
മനൊടും തൊററതുകുററമല്ലഭൂസുരന്മാരൊടുനാ മെററതൊരവിവെക
മെന്നൊൎത്തുവാങ്ങീടിനാർ മന്ദഭാവവുംപൂണ്ടുഭൂപാലർനിജ നിജമ
ന്ദിരമകംപുക്കുവസിച്ചുയഥാപൂൎവ്വം — വിജയനൊടും ദ്രുപദാത്മജ
യൊടുംകൂടിവിജയവൃകൊദരവീരന്മാർനടകൊണ്ടാർകുന്തിയുംദൈ
ക്ഷകാലെകാണാഞ്ഞുസുതന്മാരെ ചിന്തിച്ചുതുടങ്ങിനാളുന്നരായങ്ങ
ളെല്ലാം ധാൎത്തരാഷ്ട്രന്മാർബലാലറിഞ്ഞുവധിച്ചാരൊ രാത്രിചാ
രികൾ മായകൊണ്ടുനിഗ്രഹിച്ചാരൊ പാൎത്ഥിവെന്ദ്രന്മാർപരാക്ര
തന്മാരാകയാലെ ചിത്തമത്സരംകൊണ്ടുപാൎത്തുനിഗ്രഹിച്ചാരൊ നി

ത്യവും ഭൈക്ഷമെറ്റുവരുന്ന കാലമിന്നൊരിത്തിരി നെരമുണ്ടു കഴിഞ്ഞു
കണ്ടീലിന്നും ശക്തിജപുത്രവാക്യം വ്യൎത്ഥമായ്വന്നീടുമൊ സത്യവാദി
കളിൽ വെച്ചുത്തമൊത്തമനെല്ലൊ തതജനാൻ സത്യവതിപുത്രനെന്ന
ഉന്നൂനം" ഇത്ഥമൊരൊന്നെ കുന്തി ചിത്തത്തിലൊൎക്കുന്നെരം ഗത്വാ ഭാ
ൎഗ്ഗവകൎമ്മശാലാം താം പാൎത്ഥൌ പൃഥാം നത്വാ താം യാജ്ഞസെനീമൎജ്ജുന
വൃകൊദരൌ ലബ്ധ്വയമഭ്യഭിക്ഷെത്യുക്ത്വാ പാപാവെദയതാം തത്രൈവ
കുടീം ഗതാ സാ തു അനവെക്ഷ്യ കുന്തീ പുത്രാൻ ഭുങ്ക്തമിതി പ്രൊവാച സ
പ്രമൊദം പശ്ചാൽ സാ കുന്തീ പ്രസമീക്ഷ്യ കന്യകാം കൃഷ്ണാം മച്ചാംശി.
കഷ്ടം മയാ ഭാഷിതമിത്യുവാച സാ പക്ഷവാദിനീ കുന്തി തദനുചിന്തയന്തി
സാധൎമ്മഭീതാ ചാഭിവിലജ്ജമാനാ കുന്തി സാദരം പാണൌ നിഗൃഹീത്വാ
പാഞ്ചാലകന്യാം നന്ദനം യുധിഷ്ഠിരം വചനമുവാച ഇദം "സുന്ദരി ദ്രു
പദരാജാത്മജാ കന്യകെയം തവ കനിഷ്ഠാഭ്യാമയിനിസൃഷ്ടായഥൊ
ചിതം തൽകഥാം നിശമ്യ ഭുങ്ക്തമിത്യുക്തം മയാ നാനൃതമുക്തം മയാപ്യ
ദ്യൈവം കഥം ഭവെത മാനവശ്രെഷ്ഠ ബ്രൂവീഹി ദ്രുപദജാമിമാം അ
ധൎമ്മൊ നചൊപവൎത്തെത നഭ്രമെൽ പൂൎവ്വ സ്വധൎമ്മാത്മജൊ വിചിന്ത്യാ
ശു മുഹൂൎത്തമാത്രം മാതരം സമാശ്വാസ്യ ഭ്രാതരം ധനഞ്ജയം സാദരം
ബഭാഷെ വാക്യം പരമിദം ത്വയാ ഭവതാ ജിതാ പാൎത്ഥ ദ്രൌപദീ ത്വയാ ചെ
യം ഭവതാ തൊഷിഷ്യതി പാവകഃ പ്രജ്വാല്യതാം ഗൃഹ്യതാമസ്യാഃ പാ
ണിം വിധിവൽ ഗൃഹാണ ത്വം ഭാൎയ്യെയം തവൈവ വെതി ശ്രുത്വാ പൂൎവ്വജ
വാക്യം ജിഷ്ണുരഗ്രജം പ്രൊവാച ഉചിതമയുക്തം വാക്യം കൃഷ്ണെയം മ
യാ ജിതാ ചാപി വാ ശൃണു ഭവാൻ മാ മാമധൎമ്മഭാജം കൃഥാഃ ഹ്യധ
ൎമ്മൊയം ഭൂമിപാലെന്ദ്ര ഭവാൻ പ്രഥമം പ്രണിവെശ്യ സ്തദനു വൃകൊ
ദരഃ പൂൎവ്വജഃ പുനരഹം തദനു മാദ്രീസുതൌ നകുലസ്സഹദെവഃ മദിരെ
ക്ഷണാ ചെയം ഭവതസ്സൎവ്വെ വയം യൽകരണീയമത്രൈവ ഗതെ ഭ
വാനിഹ തൽ കുരു ധൎമ്മ്യം യശസ്യം വിചാൎയ്യാത്മഹിതം യൽപ്രിയം ഭ
വെദ്ദ്രുപദസ്യ രാജെന്ദ്രസ്യ വാ തൽ ബ്രൂഹി സൎവ്വെ സ്ഥിതാസ്സ്മ തെ ശെ
യുധിഷ്ഠിര ദ്രൌപദീം ദൃഷ്ട്വാ തത്ര തിഷ്ഠന്തീം ശുചിസ്മിതാം ഭ്രുപതിപ്രവ
രാണാം പഞ്ചാനാം പാണ്ഡവാനാം മന്മഥഃ പ്രാദുരാസിന്മാനസെ
ധൈൎയ്യാത്മനാം സമ്മഥ്യെന്ദ്രിയഗ്രാമം വിഹിതം സ്വയംഭുവാ തെ
ഷാമിംഗിതാകാരഭാവജ്ഞൊ യുധിഷ്ഠിരൊ ദൊഷജ്ഞൊ വെദവ്യാ
സവചനമനുസ്മരൻ അബ്രവീത് സമെതാൻ ഭ്രാതൄൻ മിഥൊ ഭെദഭയാൽ
സ്സുപ്രിയം സൎവ്വെഷാന്നൊ ഭാൎയ്യെയം ഭവിഷ്യതി ശൊഭിതകൈവരാ
പാഞ്ചാലനൃപാത്മജാ ദ്രൌപദീ മനൊഹരീ സുന്ദരീ കൃഷ്ണാ സതീ" പൂൎവ്വ
ജൻ പറഞ്ഞതു കെട്ടസൊദരന്മാർ എവമെന്നു രചിച്ചു വിടവാഴ്

ന്നേരം ദെവകീസുതൻജഗദീശ്വരൻവാസുദെവൻ ബലരാമ
നനുമായുടനെഴുന്നെള്ളി ഭാൎഗ്ഗവകൎമ്മശാലതന്നിൽവാണീടുന്നൊരു
ഭാഗ്യപൂരുഷന്മാരാംപാണ്ഡവന്മാരെക്കണ്ടു എങ്ങിനെയറിഞ്ഞുവാറെ
ന്നിതുയുധിഷ്ഠിര നങ്ങിനെയറിവൻഞാനെന്നിതുമുകുന്ദനും തങ്ങളി
ൽജതുഗൃഹമൊചനവൃത്താന്തവുംതിങ്ങിനസന്തൊഷത്തൊടന്യൊന്യം
പറഞ്ഞുടൻ കല്യാണംമെലിൽവരെണ്ടുംപ്രകാരവുംപുന രെല്ലാരുംകൂ
ടക്കണ്ടുപറഞ്ഞുയാത്രചൊല്ലി വെഗെനമുകുന്ദനുംരാമനുമെഴുന്നെള്ളി
ലൊകപാലന്മാരൊടുതുല്യരാംപാണ്ഡവരുംഭാൎഗ്ഗവനികെതനെവസി
ച്ചാരവിടെയും മാൎഗ്ഗമായൂട്ടിക്ഷയെറുകഴിച്ചുദിവസവും ഭാൎഗ്ഗവകൎമ്മ
ശാലാസന്നിധൌചെന്നുനിന്നു ഭാഗ്യവാൻധൃഷ്ടദ്യുമ്നൻരാത്രിയില
വരുടെ വാക്കുകെട്ടറിഞ്ഞിതുപാണ്ഡവന്മാരെന്നുള്ളിൽ വാച്ചമാന
ന്ദംപൂണ്ടുതാതനൊടെല്ലാംചൊന്നാൻ പാഞ്ചാലനുപെന്ദ്രനുംതന്നുള്ളി
ലുണ്ടായൊരു ചാഞ്ചല്യമകന്നാനന്ദാകുലനായാനെല്ലൊ. അന്നെരമു
പാദ്ധ്യായൻതന്നെയങ്ങയച്ചിതു മന്നവൻദ്രുപദനുമറിവാൻപരമാ
ൎത്ഥം ചെന്നുപാണ്ഡവന്മാരെക്കണ്ടൊരുവിപ്രെന്ദ്രനെ നന്നായ്പൂജി
ച്ചുധീമാൻധൎമ്മജനിയൊഗത്താൽ ദ്രുപദപുരൊഹിതനാകിയഭൂദെവ
നും നൃപതികുലവരനാമജാതാരാതിയും അന്യൊന്യംവൃത്താന്തങ്ങൾപ
റഞ്ഞുവസിക്കുംപൊ ഴുന്ന്യനായിരിപ്പൊരുപുരുഷൻവന്നാനെല്ലൊ
പിന്നെയുംപാഞ്ചാലഭൂപാലകനിയൊഗത്താൽ കന്യാൎത്ഥംദ്രുപദനാലു
പസംസ്കൃതമായൊരന്നവുംവിവാഹഹെതൊരപിവഹിച്ചവൻ ചൊ
ല്ലിനാൻനിങ്ങളിനിവൈകാതെപൊരെണംപൊരെല്ലാരുംകൂടിരാജ
ധാനിക്കുമടിയാതെ നല്ലതെരിതുവസുധാധിപയൊഗ്യമിനി കല്യാ
ണംകഴിക്കെണമെന്നവൻചൊന്നനെരം പാരാതെപുരൊഹിതൻത
ന്നെയുമയച്ചിട്ടു വീരന്മാരായപാണ്ഡുരാജനന്ദനന്മാരും തെരതിൽക
രെറിവെഗത്തിൽനടകൊണ്ടു കാരുണ്യംപൂണ്ടുകുന്തിതന്നൊടുംകൃഷ്ണ
യൊടും ധൎമ്മജമതമെല്ലാമന്നെരംപുരൊഹിതൻ സമൊദംകലന്നവ
നീശ്വരനൊടുചൊന്നാൻ നിൎവ്യാജംജിജ്ഞാസയാപാഞ്ചാലൻബഹു
വിധം ദ്രവ്യവുംദാനംചെയ്യാൻപാണ്ഡവന്മാൎക്കായ്ക്കൊണ്ടു മത്തഹ
സ്തികൾമനൊവെഗമുള്ളശ്വങ്ങളും ചിത്രമാംരഥംകാലാൾദാസികൾ
ദാസന്മാരും ആസനശയനയാനങ്ങളുംവൎമ്മങ്ങൾപൊന്നാസനങ്ങ
ളുംചൎമ്മനികരംപെട്ടകങ്ങളും. അസ്ത്രശസ്ത്രങ്ങൾഫലമൂലങ്ങൾമാല്യങ്ങളും
വസ്ത്രങ്ങൾനല്ലനല്ലപട്ടുകൾപാദുകങ്ങൾ വെണ്കൊറ്റക്കുടതഴവെ
ഞ്ചാമരികൾനല്ലകുങ്കുമമലയജകസ്തൂരികളഭവും കൊടികൾനല്ലകൊ
ടിക്കൂറകൾവാദ്യങ്ങളും കുടകളാലവട്ടംദൎപ്പണംചൊട്ടകളും മുത്തുമാല

കൾമുത്തുക്കൊടികൾമുത്തുക്കുട മുഖങ്ങളായമെലാപ്പുകളുംതിരകളും
ആഭരണങ്ങൾകിരീടാദികൾപലതര മാപാദചൂഡമണിഞ്ഞീടുവാനുള്ള
വയും ആടതെടിട്ടുംകുപ്പായങ്ങളുംതൊപ്പികളു മാഭൊഗമാന്നപൊ
ന്നിൻപാത്രങ്ങൾപശുക്കളും ധനധാന്യങ്ങളെല്ലാമവധിയില്ലാതൊ
ളം മനസികനിവൊടുകൊടുത്തുപാഞ്ചാലനും എല്ലാമെപരിഗ്രഹിച്ചാ
നന്ദമിയന്നുട നല്ലാസമൊടുകുന്തിദെവിയുമത്തുനെരം പുഷ്കരദലവി
ലൊലാക്ഷിയാംകൃഷ്ണയൊടും പുക്കിതങ്ങന്തഃപുരത്തിംകലാമ്മാറുമൊ
ദാൽ സവ്വലക്ഷണയുക്തന്മാരായപാണ്ഡവരെ ദിവ്യവെഷത്തൊടു
കണ്ടിടിനജനമെല്ലാം. അത്ഭുതംപൂണ്ടുനിന്നാർനിശ്ചലന്മാരായത്ര ക
ല്പിതസഭാസമപീഠാസനെയഥാപുരം ഇരുന്നാർപിന്നെസ്നാനംകഴി
ച്ചുവഴിപൊലെ വിരുന്നുംപരിഗ്രഹിച്ചശനംകഴിഞ്ഞപ്പൊൾ ഉക്കര
മാനന്ദരൂപന്മാരാമിവരൊരൊ ദിക്പാലകന്മാരൊഗന്ധവ്വന്മാർസിദ്ധ
ന്മാരൊ നിമ്മലന്മാരാംദിവ്യന്മാരെകാണായ്വന്നതും നമ്മുടെഭാഗ്യമെ
ന്നുചൊല്ലിനാരെല്ലാവരും ദ്രൗപദിതന്നെപ്പൊലെനാലുപുത്രികളി
ന്നും ഭൂപാലനുണ്ടായ്വന്നാകിലെന്തൊഭാഗ്യം ദ്രൗപദിക്കനുരൂപ
ന്മാരിവരഞ്ചുപെരും രൂപലാവണ്യാദികൊണ്ടിതിനുവൃഥാഭവം ചൊ
ദിച്ചുപാഞ്ചാലനും നിങ്ങളാരെന്നുനെരെ ബൊധിപ്പിച്ചീടവെണം
ഞങ്ങളെയിന്നിയിപ്പൊൾ എംകിലൊകെട്ടുകൊൾകചൊല്ലിടാംപരമാ
ത്ഥം ശംകയെകളഞ്ഞാലുമെന്നുധമ്മജൻചൊന്നാൻ ചന്ദ്രവംശത്തി
ത[illegible]നുപൌരന്മാരായുള്ളാണ്ഡു നന്ദനന്മാരാംഞങ്ങളെവരുമുണ്ടായ്വ
ന്നു അഗ്രജനായതുഞാൻഭീമസെനനുംപിന്നെ ഫല്ഗുനനായപാക
ശാസനപുത്രനിവൻ നകുലന്താനുംസഹദെവനുംമാദ്രിപുത്രരഖില
ഗുണനിധിസത്യമെന്നറിഞ്ഞാലും ധമ്മജവാക്കുകെട്ടുസന്തൊഷ
ത്തൊടുകൂടെ നിമ്മലൻപാഞ്ചാലനുംചൊല്ലിനാനതിൻശെഷം യ
ന്ത്രവുംമറിച്ചുഭൂപന്മാരെജ്ജയിച്ചൊരുകുന്തിനന്ദനനായഫല്ഗുനനിനി
യിപ്പൊൾ എന്മകളുടെപാണിഗ്രഹണംകഴിക്കെണം മന്മനൊരഥം
പരിപൂണ്ണമായ്വന്നിടെന്നാൽ അക്കഥകെട്ടുധമ്മനന്ദനനുരചെയ്താ
നഗ്രജന്മാരാംഞങ്ങളിരുവരിരിക്കവെ ഫല്ഗുനൻവിവാഹംചെയ്കെ
ന്നതുമരുതല്ലൊ സൽഗുണനിധെമുൻപിൽഞാൻവെൾക്കെന്നതെ
വരൂ ചിന്തിച്ചുപാഞ്ചാലനുമന്നെരമുരചെയ്തു സന്തൊഷമിതിൽപ്പര
മില്ലെംകിലിനിക്കെടൊ മന്ദഹാസവുംചെയ്തുധമ്മജൻചൊന്നാ ന
പ്പൊൾ സുന്ദരിയായൊരുവകന്യകതന്നെഞങ്ങൾ ഐവരുംകൂടിവി
വാഹംചെയ്യുന്നതെവന്ത്ദൈവകല്പിതമാക്കുംതട്ടുക്കാവെന്നുമല്ലാ ക
ഷ്ടമാഹന്തകഷ്ടം ഞാനതുകെട്ടിട്ടില്ല ദൃഷ്ടമായിട്ടുമില്ലെന്നാലതുധമ്മ

ല്ല നിശ്ചയംവെദലൊകവിരുദ്ധമിതുപാൎത്താൽ ദുശ്ചരിത്രങ്ങൾനി
ങ്ങൾക്കല്ലിവതൊന്നിടെണ്ടു ഒരുത്തന്നനെകംഭാൎയ്യാക്കളെയുണ്ടാക്കി
ടാമൊരുത്തിക്കനെകംഭൎത്താക്കന്മാരരുതെല്ലൊ വെദത്തിൽവിധിച്ച
തുതന്നെയല്ലെന്നാകിലും ലൊകൎക്കെട്ടാൽമതമായിരിക്കെണമെ
ല്ലൊ വെദത്തിൽവിധിയല്ലലൊകൎക്കുംമതമല്ല പാതിത്യംവരുമെന്നാ
ൽനരകമതുമുണ്ടാം" ധന്യനാംധൎമ്മാത്മജനന്നെരമുരചെയ്യാൻ "മന്നാ
വവെദലൊകവിരുദ്ധമെന്നാകിലും സൂക്ഷ്മധൎമ്മത്തെപ്പാൎത്തു ഞാനി
വപറഞ്ഞതു ദൊഷമല്ലധൎമ്മെതരബുദ്ധിയുമിനിക്കില്ല മാതാവിന്മതമി
തുദൈവസംകല്പംതാനും ചെതസിമമഹിതമാകയുമുണ്ടിതെന്നാൽധൎമ്മ
മല്ലെന്നുവരാനിൎണ്ണയമെന്നുതന്നെ" ധൎമ്മജൻചൊന്നനെരംദ്രുപദൻ
താനുംചൊന്നാൻ "കുന്തിയുംനീയുംമമധൃഷ്ടദ്യുമ്നനുംകൂടി ചിന്തിച്ചിട്ടി
നിനാളെക്കല്പിക്കാമെന്നെവെണ്ടു"— പിറ്റന്നാളെല്ലാവരുമൊന്നിച്ചു
വിചാരിപ്പാനുററബന്ധുക്കളുമായ്വസിച്ചീടിനനെരം വെദവ്യാസ
നമെഴുന്നെള്ളിനാനെട്ടുയാ സാദരംമുനിതന്നെപ്പൂജിച്ചാരവൎകളും
കാഞ്ചനാസനെമരുവീടിനമുനിയൊടു പാഞ്ചാലനൃപതിയുംതൊഴുതു
ചൊല്ലീടിനാൻ "ഒരുനാരിയെപ്പലൎകൂടിവെൾക്കെന്നുള്ളതില്ലൊരു
കാലത്തുമൊരുലിക്കിലുമൊരുവൎക്കും ഇന്നിപ്പൊൾപാണ്ഡവന്മാരെ
വരുംകൂടിമമകന്യകതന്നെവെൾപ്പാൻഭാവിക്കുന്നതുമാമൊ നിന്തിരു
വടിയരുൾചെയ്യെണംവിചാരിച്ചുസന്താപമതുകൊണ്ടുപാരമുണ്ടെ"ന്നു
നൃപൻ ചൊന്നതുകെട്ടനെരംമുനിയുമരുൾചെയ്തു "നിന്നുടെകുററമല്ല
ധൎമ്മമല്ലെന്നുതൊന്നും" ഭൂപതിയുടെകയ്യുംപിടിച്ചുമുനിവരൻശൊഭതെ
ടിടുംമണിയറയിലകംപുക്കു "രഹസ്യമായുള്ളൊരുധൎമ്മംഞാൻചൊല്ലു
ന്നുണ്ടു മഹത്വമെറുംഭവാൻകെട്ടുകൊള്ളുകവെണം നിന്നുടെമകളിവ
ൾതന്നുടെപൂൎവ്വജന്മം നിന്നൊടുചൊല്ലാംമഹീവല്ലഭതിലകമെ ദൊഷ
ല്ലനാളായണിയെന്നുപെരിവൾക്കന്നു മൌല്ഗല്യനെന്നുനാമംഭൎത്താ
വിന്നറിഞ്ഞാലും എത്രയുംവൃദ്ധൻകൊപശീലനാകയുമുണ്ടു ഭൎത്തൃവ്യന
ല്ലതൊലുംഞരമ്പുകൊണ്ടെല്ലംപൊതിഞ്ഞു കുഷ്ഠംകൊണ്ടൊക്കമുരടിക്കീട
ക്കുന്നുദെഹം നിഷ്ഠുരമായവാക്കുമററമില്ലാതെയുണ്ടു ജരയുംനരയുമില്ലീ
വണ്ണമാക്കുംമററു കുരയുംപാരമുണ്ടുകൃമിപീഡയുമുണ്ടു ദുൎഗ്ഗന്ധമെറുക
യാലടുത്തുചെന്നുകൂടാ നിൎഗ്ഗുണരൂപശീലയുക്തനാംവിപ്രൻസദാ വ
ൎത്തിക്കുംകാലമൊരുദിവസമന്നെരം ഭക്തത്തിലംഗുഷ്ഠവുംമുറിഞ്ഞു
വീണുബലാൽ കുഷ്ഠിതാനുണ്ടുശെഷംചൊറതിൽക്കിടന്നൊരംഗു
ഷ്ഠവുംകളഞ്ഞുപജീവിച്ചാൾപതിശെഷം ശങ്കകൂടാതെയതുമുണ്ടവ
ളെഴുനീററുതൻകഴൽതലൊടുവാൻചെന്നുനില്ക്കുന്നനെരംഭാൎയ്യയൊ

Vyāsa pursue… –159

ട്ടരചെയ്തമൌല്ഗല്യൻ"പതിവ്രത മാരായനാരിമാരിൽനിന്നൊളുംനന്ന
ല്ലൊരും എന്തൊരുവരംനിനക്കിച്ശയെന്നുരചെയ്താ ലന്തംമെത്തുമില്ലത
രുവനിപ്പൊൾതന്നെ വൃദ്ധനുംകട്ടകനുമീഷ്യനുംലൊല്പപനും ക്രുദ്ധ
നുംദുൎഗ്ഗന്ധിയുമല്ലഞാനെടൊ'ബാലെ എങ്ങിനെരമിക്കെണ്ടുനിനക്കെ
ന്നതുചൊന്നാ ലങ്ങിനെരമിപ്പിപ്പനില്ലസംശയമെതുംകല്യാണശീലെ
മനൊവല്ലഭെനാളായണി എല്ലപംകഞ്ജമുഖിചൊല്ലനിൻമനൊഗതം"
ഭൎത്തൃവാക്യങ്ങൾമുഹുരിത്തരംകെട്ടനെര മുത്തമശീലതാനുമുത്തരമരുളചെ
യ്താൾപഞ്ചധാവിഭക്താത്മാരമയമാം ഭവാൻപഞ്ചസായകസമശ്രീ
പലാ"വണ്യസിന്ധൊ"മൌല്ഗല്യനതുകെട്ടകാമരൂപവുംപൂണ്ടു ഭാൎഗ്ഗവി
തനിക്കനെരാകിയപത്നിയൊടും ആശ്രമങ്ങളിൽതപൊധരനായനുഭ
വിച്ചാശ്ചൎയ്യമവൾക്കചെത്താനന്ദിപ്പിച്ചുനന്നായിത്രിദശാലയംപ്രാ
പിച്ചമൃതാഹാരംചെയ്തു മദനരസംപൂണ്ടുസുഖിച്ചുമരുവിനാൻ പൌ
ലൊമിയാലുംപൂജ്യമാനനാത്തത്രചിരകാലംസഞ്ചരിക്കുന്നാളിന്ദ്രസെ
നയൊസാകം ആദിതെയെന്ദ്രഗൃഹംപ്രാപിച്ചുരമിപ്പിച്ചാ നാദിത്യര
ഥംപരമാരുഹ്യദിവ്യംപിന്നെ മൊദത്തൊടിരുന്നിതുമെരുവിംകലു മ
ന്നാൾ ആകാശഗംഗാദ്ഭുതമാപ്പൂത്യതയാസഹ സപാകാംക്ഷസമംപര
മാനന്ദിപ്പിച്ചുനന്നായി ചന്ദ്രരശ്മികൾമദ്ധ്യെവസിച്ചുപുനരഥ മ
ന്ദമാരുതവെഷംകൈക്കൊണ്ടുചിരകാലം അഭിയാസ്ഥമഞ്ഞിതുമൌല്ഗ
ല്യൻനാളായണിതത്രനിമ്നഗയായിരമിച്ചുചിരകാലം പുഷ്പിതസാല
രൂപംപൂണ്ടിതുമൌല്ഗല്യൻ മല്പൊഴെലതാരൂപംപൂണ്ടുവെഷ്ടിച്ചാളവ
ൾ യാതൊരുരൂപംകൈക്കൊള്ളുന്നിതുമൌല്ഗല്യനും താദൃശീയായ്നിന്നി
ട്ടമന്നനാളായണീയും ഇന്നിപ്പൊൾനിന്റെമകളായതുമവൾതന്നെ
നിൎണ്ണയമെന്നകൃഷ്ണനരുൾചെയ്യുന്നെരം എന്നുടെമകളായ്പനീടുവാ
നെന്തുമൂല മെന്നതുമിനിയരുൾചെയ്യെണമെന്നീവണ്ണംചൊദിച്ചപാ
ഞ്ചാലനൊടന്നെരംവെദവ്യാസൻ കൌതുകംപൂണ്ടുകെട്ടുകൊൾകെ
ന്നരുൾചെയ്തു ചൊല്ലെറുമിന്ദ്രസെനയാകിയനാളായണി വല്ലഭനാ
യമൌല്ഗല്യൻതന്നെശുശ്രൂഷിച്ചു പലനാൾകഴിഞ്ഞിതുദിവ്യഭൊ
ഗങ്ങളൊടു മലസാപാംഗിതന്നെരമിപ്പിച്ചനാരതം വിരക്തിവന്നു
കാമഭൊഗസൌഖ്യങ്ങളെയും പരിത്യാഗവുംചെയ്തുകൊപ്പിട്ടുതപസ്വി
നായി അന്നെരംനാളായണീമൌല്ഗല്യനൊടുചൊന്നാ ളെന്നെനീ
യുപെക്ഷിയാതെഭൎത്താവെയിനിക്കുള്ളിൽ തൃപ്തിവന്നീലാകാമഭൊഗത്തി
ലിനി ഞാൻസദാ തല്പയായ്മഞ്ഞിതുഞാനെന്നുകെട്ടനെരം മൌല്ഗല്യന
ന്നുൾചെയ്തുശങ്കകൂടാതെയെന്നൊടാഗ്രഹംകൊണ്ടുചൊന്നതെന്തിപ്പൊ
ളുചിതമല്ലാം മത്തപൊവിഘ്നംചെയ്യാൻകാമസായകമെറ്റു മത്തയായ

ണ്ടുമഞ്ഞുനീഭൂമിയിൽപിറക്കപൊയി പാൎത്ഥിവനന്ദനയായ്ക്കാമഭൊ
ഗങ്ങളെല്ലാ മാസ്വദിച്ചിട്ടുവൊളംഭുജിക്കയഥാസുഖം ദ്രുപദനൃപതി
തന്മകളായുത്ഭവ നൃപതിവീരന്മാരായഞ്ചുഭൎത്താക്കന്മാരും ഉണ്ടാകെ
ന്നരുൾചെയ്തുമൌൽഗല്യമഹാമുനി വണ്ടാർപൂങ്കുഴലാളുംതപസ്സെവനം
പൂക്കാൾ തണ്ടലർബാണവൈരിചന്ദ്രശെഖരൻനീല കണ്ഠനുംപ്ര
ത്യക്ഷനായരുളിച്ചെയ്തീടിനാൻ ഭൂമിയിലൊരുനൃപശ്രെഷ്ഠനുമകളാ
യികൊമളരൂപിണിയായുറക്കനീയുംബാലെ ഭൎത്താക്കന്മാരുംനിന
ക്കഞ്ചുപെരുണ്ടായ്വരികുത്തമന്മാരായെററമുത്തമഗുണശീലെ ദെവകാ
ൎയ്യവുംസാധിപ്പിക്കനീയെന്നീവണ്ണം ദെവദെവശനരുൾചെയ്തതു
കെട്ടനെരം പഞ്ചഭൎത്താക്കളൊരുനാരിക്കുണ്ടാമൊ നാഥ പഞ്ചബാ
ണാരെയതുധൎമ്മമല്ലെന്നുകെൾപ്പു വാമദെവനുംചിരിച്ചരുളിച്ചെയ്തീ
ടിനാൻ വാമലൊചനെകെൾക്കകാരണമതിന്നുനിഭൎത്താരംദെഹീതി
ഭൂയൊഭൂയൊഭൂയൊമുദാ സതാരമത്യാഗ്രഹാലഞ്ചുരുപ്രാൎത്ഥിക്കയാൽ
ഭൎത്താക്കന്മാരഞ്ചുപെരുണ്ടാവാനവകാശം ഭവിച്ചിട്ടുമതിന്നെന്തുമെ
ദൊഷമില്ല ചൊല്ലിനാൾനാളായണീശംകരൻതന്നൊടപ്പൊ ളി
ല്ലെല്ലൊവിധിയതു വെദത്തിലെന്നുകെൾപ്പു ഒരുത്തിക്കൊരുഭൎത്താ
വൊഴിഞ്ഞുവിധിച്ചതില്ലൊരുത്തന്നനെകംനാരികളെക്കൊള്ളാംതാ
നുംവാമലൊചനമാൎക്കുകെവലമൊരുവരൻ കൌമാരമായിട്ടുള്ളലൌ
കികമെന്നാകുന്നു പുത്രാൎത്ഥംഭൎത്തൃനിയൊഗത്താലാപദികൊള്ളാ മെ
ത്രെമററൊരുത്തനെക്കെവലമുല്പാദിപ്പാൻ മൂന്നാമതൊരുവനെപ്രാ
പിച്ചാൽപ്രായശ്ചിത്തം മാന്യന്മാർവിധിച്ചവണ്ണംചെയ്യെണമതിയാ
വു നാലാമതൊരുവനെപ്രാപിച്ചാൽപതിതയാം നീലവെണികളെ
ന്നുനിൎണ്ണയമറിഞ്ഞാലും ബന്ധകിയായ്വന്നീട്ടുമഞ്ചാമതൊരുവനെ
ചിന്തിക്കിലെന്നെല്ലാമുണ്ടെന്നുകെട്ടീരിപ്പുഞാൻ ആകയാലനെകംഭ
ൎത്താക്കന്മാരുണ്ടാകെന്നു ലൌകികമല്ലനൂനംവൈദികമതുമല്ല സു
കരദൊഷമിനിക്കുണ്ടാമെന്നുകെട്ടുശംകരൻനാളായണിയൊടരുൾ
ചെയ്തീടിനാൻപണ്ടുനാരികളനാവൃതമാരെത്രെനിന ക്കുണ്ടാകയില്ല
ദൊഷമതിനാലൊന്നുകൊണ്ടുംഎംകില്ലമിനിക്കഞ്ചുഭൎത്താക്കന്മാരുണ്ടാ
യാൽസംഗമെപുനരപികൌമാരംഭവിക്കെണംഭൎത്തൃശുശ്രൂഷകൊണ്ടു
സിദ്ധിയെപ്രാപിച്ചെൻഞാനെന്നെത്തന്നെമിനിക്കിനിസിദ്ധിയുമതി
നാലെ സിദ്ധിയുംരതിയുംകെളന്യൊന്യംഭവിക്കയില്ലത്തമെസി
ദ്ധിലഭിച്ചീടാദുൎഭഗയാകിൽസിദ്ധിക്കുംരതിഗുണംസുഭഗക്കെന്നുനൂനം
സിദ്ധിക്കും വിരൊധമില്ലെതുമെന്നിനക്കെടൊകൌമാരമഞ്ചുഭൎത്താക്ക
ന്മാരെക്കൊണ്ടുംപ്രാപിച്ചാമൊദംപൂണ്ടുമഹാഭാഗയായ്ഭവിക്കനീ

നുനീഗംഗാജലംതന്നിൽനിൽക്കെന്നാൽകാണായ്വന്നീടുമൊരുപുമാ
ൻതന്നെയെന്നറിഞ്ഞാലും വിണ്ണവർനാഥനവനാകുന്നതവന്നെന്നി
എന്നുടെമുൻപിൽക്കൊണ്ടുവന്നീടുമടിയാതെ" അന്നെരംപ്രദക്ഷിണം
ചെയ്തുവന്ദിച്ചുപൊയ കന്യകതാനുംഗംഗതന്നെപ്രാപിച്ചാളെല്ലൊ
മുന്നംദെവകളെല്ലാംനൈമിശാരണ്യത്തിംകൽ നിന്നൊരുസത്രമാരം
ഭിച്ചിതുനരപതെ നല്ലൊരുപതിയെയുമുണ്ടാക്കിവൈവസ്വതൻ ക
ല്യാണംവന്നീടുവാൻതാപസെന്ദ്രന്മാരൊടും യാഗവുംദീക്ഷിച്ചിരു
ന്നീടിനാനതുകാലം രൊഗാദിമരണവുംമനുഷ്യൎക്കില്ലാതെയായ് മ
ൎത്ത്യന്മാൎക്കവനിയിൽമരണമില്ലായ്കയാൽ വൎദ്ധിച്ചുചമഞ്ഞിതുദെവക
ളതുകൊണ്ടു സുത്രാമാദികൾപൊയിബ്രഹ്മനെച്ചെന്നുകണ്ടാ "രെത്ര
യുംഭയമായിച്ചമഞ്ഞുഞങ്ങൾക്കിപ്പൊൾ മൎത്ത്യരുമമൎത്ത്യരുംഭെദമില്ലെ
ന്നായ്വന്നു സത്രവുംപിതൃദെവാദികൾക്കില്ലെന്നായ്വരും സന്താപമതു
കൊണ്ടുചിത്തത്തിലുണ്ടാകുന്നു നിന്തിരുവടിയെന്നീശരണംഞങ്ങ
ൾക്കില്ല" ശക്രാദിദെവഗണമിത്ഥംചൊന്നതുകെട്ടു പുഷ്കരഭവനനും
പുഞ്ചിരിപൂണ്ടുചൊന്നാൻ "അമരന്മാരാംനിങ്ങളെന്തിനുപെടിക്കുന്നു
ശമനവശന്മാരാംമാനുഷജനങ്ങളെ അന്തകനിങ്ങുയാഗംദീക്ഷിച്ചു
വസിക്കയാലന്തംമാനുഷജനങ്ങൾക്കിപ്പൊളില്ലാഞ്ഞതും നിങ്ങളും
നിങ്ങളുടെവീൎയ്യംകൊണ്ടവനുടെ അംശമായ്ഭവിച്ചിട്ടുകൊല്ലുവിൻമ
നുഷ്യരെ" ധാതാവിന്നരുളപ്പാടിങ്ങിനെകെട്ടശെഷമാദിതെയന്മാരെ
ല്ലാംപൊയിതുയാഗത്തിംകൽ ചെന്നവർമന്ദാകിനിതംകൽവാണീടു
ന്നെരം സ്വൎണ്ണവൎണ്ണത്തൊടൊരുപുഷ്കരീകത്തെക്കണ്ടാർ ചിത്രമെ
ത്രയുമിതെന്നൊൎത്തവരെല്ലാരിലുമെത്രയുംശൂരനായസുത്രാമാവതുനെ
രം തത്രചെന്നീടുന്നെരംകാണായിതൊരുത്തിയെ ചിത്രഭാനുവിനുനെ
രാകിയതെജസ്സൊടും അന്നെരംജലാൎദ്ധിനിയായെററംകരയുന്ന ത
ന്വിതൻകണ്ണുനീരുംവീണിതുജലംതന്നിൽ അവിടെയുണ്ടായൊരു
കാഞ്ചനപത്മംകണ്ടിട്ടവളൊടമരെന്ദ്രൻചൊദിച്ചുമധുരമായി "ആ
രെടൊനീയെന്നൊന്നൊടാദരാൽപറയെണം നെരൊടെകരയുന്നതെ
ന്തിനെന്നതുംചൊൽനീ" എന്നതുകെട്ടനെരമവളുംചൊല്ലീടിനാ ളെ
ന്നെനീയറിയുന്നതില്ലയൊദെവപതെ നിൎഭാഗ്യവതിയായൊരെന്നു
ടെദുഃഖമൂല മിപ്പൊൾഞാനറിയിക്കാമെന്നൊടുകൂടെപ്പൊന്നാൽ ഉം
പരിൽവൻപുംമുൻപുമുള്ളനീപൊന്നീടുകമുൻപിൽ ഞാൻനടന്നീടാ
മെതുമെമടിക്കെണ്ടാ എൻപരിതാപത്തിൻെറമൂലവുമറിഞ്ഞീടാം നി
ൻപ്രിയമതുംവരുമെ"ന്നവൾചൊല്ലീടിനാൾ അന്നെരമവളുടെപി
ന്നാലെചെന്നനെരം വിണ്ണവർനായകനുകാണായ്വന്നിതുനെരെ ദി

വ്യനായിരിപ്പൊരുപുരുഷൻതന്നെപൂൎണ്ണയൌവനത്തൊടുമൊരുയു
വതീരത്നത്തൊടും പൎവ്വതശിരസിസിംഹാസനത്തിന്മെലതി ഗൎവ്വെ
ണെച്ചുതുംപൊരുതിരുന്നീടുന്നതപ്പൊൾ അഭ്യുത്ഥാനാദിസൽക്കാരങ്ങ
ൾചെയ്യായ്കമൂലമഭ്രവാഹനൻകൊപിച്ചുളവുവിശ്വനാഥൻ മന്ദഹാ
സവുംചെയ്തുക്കണ്ണൊൎത്തുനെരമിന്ദ്രനുമിളകാതെനിന്നിതുകുറഞ്ഞൊ
ന്നു ദെവനുമക്ഷക്രീഡകഴിഞ്ഞൊരനന്തരം ദെവിയൊടരുൾചെയ്തു
നീയിനിയൊന്നുവെണം ഇപ്പൊഴെപുരന്ദരദൎപ്പത്തെക്കളയെണം
"വില്പാടുനന്നായ്വരുമില്ലസംശയമെതും" ദെവിയാൽസംപ്രവിഷ്ടനായൊരു
നെരത്തുതന്നെ ദെവെന്ദ്രൻവിത്രസ്തങ്ങളാകുമംഗങ്ങളൊടും വീണി
തുഭൂമിതന്നിലന്നെരംപശുപതി വാനവർകൊനൊടിത്ഥമരുളിച്ചെ
യ്തീടിനാൻ "പൎവ്വതൊത്തമൻതന്നെപ്പൊയ്യിവൎത്തനംചെയ്ക ദുൎവ്വീൎയ്യ
മുള്ളഭവാനന്നെരംകാണാമെല്ലൊ നിന്നൊടുതുല്യന്മാരായ്നാലുപെരെ
യുമവർ വിണ്ണവർനായകന്മാരായതെന്നറികനീ" എന്നതുകെട്ടുശക്ര
ൻപൎവ്വതൊത്തമന്തന്നെ ചെന്നുടൻവിവൎത്തനംചെയ്യുപ്പൊൾകാ
ണായ്വന്നു തുല്യതെജസാനാലിന്ദ്രന്മാരെയൊരുപൊലെ സ്വൎല്ലൊക
നാഥൻതാനുംവെപഥുപൂണ്ടാനപ്പൊൾ "ഞാനുമിന്നിവർകളെപ്പൊ
ലെയായ്വമഞ്ഞീടും നൂനമെ"ന്നൊൎത്തുഭയ"പ്പെട്ടിതുപുരന്ദരൻ വജ്രപാ
ണിയെനൊക്കിക്കൊപിച്ചുഗിരീശനു മഞ്ജലിച്ചെറ്റംദിവ്യപൂണ്ടുട
നരുൾചെയ്തു "ധിക്കരിച്ചതുമൂലംശക്രന്മാരായനിങ്ങൾ നിഷ്കൃതിയാ
യ്മാനുഷയൊനിയിൽപിറക്കപൊ ഭാൎയ്യയായ്വരുമിവൾനിങ്ങൾക്കൈ
വക്കുംകൂടി കാൎയ്യങ്ങൾപലതുണ്ടുനിങ്ങളാൽസാധിപ്പാനും ദിവ്യശ
സ്ത്രാസ്ത്രങ്ങളാൽദുഷ്ടരെയൊക്കവധി ച്ചുൎവ്വീഭാരവുംതീൎത്തുവരുവിൻ
നിങ്ങളെല്ലാം" പൂൎവ്വെന്ദ്രന്മാരുമതുകെട്ടുരചെയ്തീടിനാർ "പാൎവ്വതീപതെ
മൊക്ഷംഞങ്ങൾക്കതന്നീടെണം" വീൎയ്യകൎത്താക്കന്മാരായ്വരികവെണം
ധൎമ്മരാജനുമനിലനുമിന്ദ്രനുംദസ്രന്മാരും പിന്നെയുംവജ്രപാണി
ചൊല്ലിനാൻഭഗവാനൊ ടൊന്നനുഗ്രഹിക്കെണമിനിയുംദയാനി
ധെ കാൎയ്യകാരണാലിനിഞാനൊരുപുരുഷനെ വീൎയ്യംകൊണ്ടുണ്ടാക്കു
വനതിനുണ്ടൊന്നുവെണ്ടു പഞ്ചമംമൽപ്രസൂതമാക്കെണമിവരിൽ
വെ ച്ചുഞ്ചിതതെജൊബലവീൎയ്യശ്രീകീൎത്തിയൊടെ" അതുകെട്ടവനൊ
ടുംകൂടിവിശ്വെശൻചെന്നു മധുസൂദനൻതന്നെപ്രാൎത്ഥിച്ചുവൃത്താന്ത
വും അറിയിച്ചതുനെരംനരനാരായണന്മാർ പിറവികളുടെയുണ്ടാമെ
ന്നാലിന്ദ്രന്റെവീൎയ്യംനരൻതന്നുടെയംശമായ്യൊത്തുമാത്രയല്ല നരക
വൈരികെശയുഗളാംശവുമിപ്പൊൾ ശുക്ലമാംവൎണ്ണമൊന്നുമറ്റെതുകൃ
ഷ്ണവൎണ്ണം തൽക്കെശയുഗളംതൽക്ഷെത്രങ്ങളാകുന്നതും അവയുംയദു

കുലെനാരികളായ്വന്നീട്ട മവൎക്കുനാമധെയംരൊഹിണിദെവകീയും അ
വരിൽശുക്ലംബലദെവനായ്ഭവിച്ചീട്ട മവനിപതെപിന്നെകെശവ
ൻകൃഷ്ണാംശവും ഇത്ഥമഞ്ചിന്ദ്രന്മാൎക്കുളളഭിമാനാംശംവന്നുപൃത്ഥ്വിയി
ൽപാണ്ഡവന്മാരായതുനരപതെ ലക്ഷ്മിതന്നംശവ്യക്തിരൂപയാംകൃ
ഷ്ണതാനും ഇക്ഷിതിതന്നിൽതവപുത്രിയായ്പിറന്നതും വ്യക്തമായ്ക്കാ
ണ്മാൻദിവ്യലൊചനംനൽകീട്ടവ നൊക്കവെതീരുംതവസംശയമെ
ന്നാലിപ്പൊൾ ഉൾക്കാമ്പുതെളിയെണ്ണമെന്നരുൾചെയ്തുമുനി മുഖ്യ
നുദിവ്യചക്ഷുസ്സവനുനൽകീടിനാൻ പഞ്ചപൂൎവ്വെന്ദ്രന്മാൎതന്നഭി
മാനാംശംപൊന്നു പഞ്ചപാണ്ഡവന്മാരായ്ക്കാണായിപാഞ്ചാലനും
ഒരുത്തൻപലരായിട്ടിരിക്കുന്നതുമെന്ന ങ്ങുറച്ചുമനസിപാഞ്ചാലനുമതു
നെരം പാദപങ്കജങ്ങളിൽവണങ്ങിച്ചൊല്ലീടിനാൻ വെദവ്യാസനെ
നൊക്കിതെളിഞ്ഞുഭക്തിയൊടെ ജ്ഞാനമില്ലാതഞങ്ങളെന്തറിഞ്ഞി
രിക്കുന്നു ജ്ഞാനികളായനിങ്ങൾചൊന്നതുകെൾക്കയെന്നി എല്ലാം
നിന്തിരുവടിയരുളിച്ചെയ്യുംവണ്ണ മില്ലെല്ലൊഞങ്ങൾക്കുമററാധാരംത
പൊനിധെ ബാദരായണമുനിപിന്നെയുമരുൾചെയ്തു സാദരംദ്രുപ
ദഭൂപാലനൊടതുനെരം കെൾക്കെണംപുരാവൃത്തംചൊല്ലുവൻനൃപാ
ധിപ ഭാഗ്യവാരിധെവിഷാദിക്കൊലാവെറുതെനീ പണ്ടൊരുരാജ
ൎഷിനിതന്തുവെന്നുപെരാ യുണ്ടായാനവനഞ്ചുപുത്രരുമുണ്ടായ്വന്നു
സാല്വെയൻതാനുംശൂരസെനനുംശ്രുതസെനൻ ബാല്യജ്ഞാനിക
ൾതിന്ദുസാരനുമതിസാരൻ അശ്വമെധാദികളുംചെയ്തവരെവരുമാ
യ്വിശ്വാസമന്യൊന്യംപൂണ്ടെകമാനസന്മാരാ യ്വിശ്രുതകീൎത്തിയൊ
ടുമൊരുമിച്ചനുദിനം വിശ്വപാലനംചെയ്തുമരുവീടിനകാലം ഭൌ
മാശ്വിയെന്നവളെവെട്ടിതെവരുംകൂടി കൌമാരംവയസ്സിങ്കൽസു
ഖിച്ചുഭാൎയ്യയൊടും പഞ്ചഭൂതങ്ങളൊപഞ്ചെന്ദ്രിയങ്ങളൊഅഥ പഞ്ച
ഗൊചരങ്ങളൊപഞ്ചമാരുതന്മാരൊ പഞ്ചമൂൎത്തികളൊഭൂപാലകന്മാരാ
മിവർ കിഞ്ചനഭെദമില്ലതങ്ങളിലൊരുനെരം വിഖ്യാതഗുണംകണ്ടു
ലൊകരുംപ്രശംസിച്ചു ദുഃഖവുമകന്നവരെവരുംകൂടിവാണാർ അ
ക്കാലമവൎക്കുമായഞ്ചുനന്ദനന്മാരും വിഖ്യാതന്മാരായുണ്ടായ്വന്നിതു
ധരാപതെ ചൊല്ലുന്നുനൈതന്തവന്മാരെന്നുനാമമവ ൎക്കെല്ലാൎക്കുമൊ
രൊരാജ്യംവെവ്വെറെയുണ്ടായ്വന്നുഭൂമിയിൽനൈതന്തവന്മാരുടെപാരംപ
ൎയ്യംഭൂമിപാലകാപഞ്ചമാതന്മാരറിന്താലുംനല്ലസാല്വെയന്മാരുംശൂര
സെനന്മാരെന്നും ചൊല്ലുന്നുശ്രുതസെനന്മാരെന്നുമവർകളെ തിന്ദു
സാരന്മാരെന്നുമതിസാരന്മാരെന്നുമിത്ഥസമ്മിതസമാജ്ഞാകാരന്മാ
രായിന്നുമൊരൊരൊകുലമിവവെവ്വെറെനിരൂപിച്ചാലൊരാലുംതട്ടുക്കാ

പൊന്നതല്ലീശപരമതം പന്നഗാഭരണനരുളിചെയ്യാനിവൾതന്നു
ടെപൂർവ്വജന്മത്തിങ്കൽസെവിച്ചമൂലം പിന്നെയുംപിന്നെയുംനീഭൎത്താ
രംദെഹിയെന്നതെന്നൊടഞ്ചുരുവരിച്ചീടകനിമിത്തമാ ഷ്യ ഞ്ചഭൎത്താ
ക്കന്മാരുണ്ടാകെന്നൊരനുഗ്രഹംപഞ്ചബാണനാരിതാനും കൊടുത്താനെ
ല്ലൊമൂന്നംമുനികന്യകയവൾനിന്നുടെമകളായ തനവദ്യാംഗികൃഷ്ണ
യെന്നതുമറിഞ്ഞാലുംഎന്നിവയെല്ലാമൊൎത്താൽ പാണ്ഡവരെവ
രുമാസ്സിനമകൾതന്നെവെട്ടുകൊള്ളുകമടിയാതെ വെദവ്യാസനുംപാ
ഞ്ചാലനുമന്യൊന്യംപറഞ്ഞുറ്റുമെദൊഷമില്ലെന്നുറച്ചുപുറപ്പെട്ടു കു
ന്തിയുംപുത്രന്മാരുംധൃഷ്ടദ്യുമ്നനുംവാഴും മന്ത്രശാലയിൽചെന്നുപറഞ്ഞു
വൈകിയാതെദൈവകല്പിതമൊഴിക്കാവതല്ലൊരുവൎക്കു മൈവരും കൂ
ടിവെട്ടുകൊണ്ടാലുമെന്നാരവർകാഞ്ചനാഭരണലെപനവസ്ത്രാദികളാൽ
പാഞ്ചാലിതന്നെയലംകരിപ്പിച്ചംഗനമാർമൊഹനമാകിയൊരുദെഹം
പൂണ്ടവൾ തന്നെരൊഹിണിയൊടുചെന്നുശീതാംശുമരുവുന്നാൾസ
വ്യസാചിയുംജ്യെഷ്ഠകനിഷ്ഠന്മാരുംകൂടിദിവ്യവെഷത്തെപൂണ്ടുമാനങ്ങ
ളെല്ലാംചെയ്തുധൌമ്യനാംപുരൊഹിതൻതന്നുടെനിയൊഗത്താൽ കാ
മ്യാംഗിയുടെപാണിഗ്രഹണംക്രമത്താലെ വിധിച്ചവണ്ണംചെയ്തുവ
സിച്ചീടിനകാലംകൊതിച്ചവണ്ണംതന്നെയൊഗംവന്നതുമൂലംസ്ത്രീധ
നംകൊടുത്തിതുപാഞ്ചാലനനവധി ഗൊധനധാന്യരഥതുരഗഗജജന
തസാധനാന്വിതദാസദാസിയാനാദികളും മൊദെനപരിഗ്രഹിച്ചീടി
നാൻധൎമ്മാത്മജൻസന്തൊഷംകൈക്കൊണ്ടാശീൎവ്വചനങ്ങളുംചൊ
ല്ലികുന്തിയുംദ്രൌപദിക്കുചൊല്ലിനാളുപദെശം ഒരൊരൊപതിവ്രതാ
ധൎമ്മങ്ങൾപറഞ്ഞുള്ളിലാശ്രദ്ധാനന്ദംപൂണ്ടുസുഖിച്ചുവാഴുംകാലം ശ്രീ
വാസുദെവൻജഗന്നായകൻനാരായണൻ ദെവദെവെശൻഭക്തവ
ത്സലൻജനാൎദ്ദനൻ കാൎവ്വണ്ണൻകാരുണ്യാബ്ധിമാധവൻപ്രീതിപൂൎവ്വ
മാവൊളംധനരത്നമാശുസൽകാരംചെയ്തുപടയുംഭണ്ഡാരവുമാഭരണാ
ദികളുംകുടയുംതഴകളുംതാലവൃന്താദികളും പടഹമുഖവാദ്യാദികളുംദിവ്യ
ങ്ങളാംകൊടികൾതൊരണങ്ങൾചാമരങ്ങളുംമറ്റും പാൎത്ഥിവൊചിത
ങ്ങളായുള്ളവപലതരമാസ്ഥയാകൊടുത്തിതുചൈത്രമാനന്ദമൂൎത്തി-പാ
ൎത്ഥന്മാർഭക്തിയൊടെവാങ്ങിനാരവയെല്ലാംചിത്തകൌതുകത്തൊടെവ
സിച്ചുപാഞ്ചാലിയുംകുന്തീപുത്രന്മാരുടെപരമാൎത്ഥങ്ങൾപരിപന്ഥിക
ളറിഞ്ഞപ്പൊളുന്തസന്താപവുംപൂണ്ടാർ „വെന്തുപൊയവരെല്ലാമിങ്ങി
നെചമഞ്ഞൊവാറെന്തൊരുകഷ്ടമതുചിന്തിച്ചാൽചിത്രംചിത്രം" നന്ദിത
ന്മാരായൊരുസജ്ജനങ്ങളാലതിനിന്ദിതന്മാരായുള്ളധാൎത്തരാഷ്ട്രന്മാരെ
ല്ലാംചിന്തിച്ചുകണ്ണഗാന്ധാരാദികളൊടുംചെന്നുമന്ത്രവും തുടങ്ങിനാർ

ദുൎയ്യോധനാദികൾ അന്നേരം ശകുനിയും പറഞ്ഞാനിവരെന്നാ മി
ന്നിനിയൊട്ടുമെണ്ണമെതുമെവൈകിയാതെ പാൎത്തോളം പിഴയെത്രെ
നമുക്കെന്നറിഞ്ഞാലും കീൎത്തിയുമുണ്ടാകുന്നിതവൎക്കിന്നതുമൂലം അല്പ
വീൎയ്യവാനാകും പാഞ്ചാലനാശ്രയമായിപ്പൊഴപ്പാണ്ഡവന്മാരവി
ടെവസിക്കുന്നു പാഞ്ചാലപുരമെല്ലാം തകൎത്തു പാണ്ഡവരെ പാഞ്ചാല
നൊടും കൂടെവധിക്കവെണമിപ്പൊൾ" ഇത്തരം പലവാക്കു ശകുനിപ
റഞ്ഞപ്പൊളുത്തരം സോമദത്താപുത്രനുമുരചെയ്യാൻ "എത്രയും പണിയ
തുസാദ്ധ്യമല്ലിപ്പൊൾ നമ്മാൽ ശക്തന്മാരെല്ലൊ പാണ്ഡുപുത്രന്മാരെ
ല്ലാം കൊണ്ടും അൎത്ഥമിത്രാദ്യൈസംപത്തികളുണ്ടവൎക്കെന്നാൽ ശത്രുസം
ഹാരം ചെയ്യാനൎജ്ജുനൻതന്നെ പൊരും ബന്ധുക്കളായുള്ളനാമിവൎത
ങ്ങളിലിന്നുസന്ധിയെ ചെയ്യിപ്പിച്ചു പൊകെണമതെന്നല്ല എന്നുടെ
മതമിതെന്നിങ്ങിനെ സൌമദത്തി ചൊന്നതു കെട്ടനെരം കൎണ്ണനുമുര
ചെയ്യാൻ "അപ്പുരം തകൎക്കപൊളുറിയാംബലാബലം കെല്പൊടു പടക്കൊ
പ്പുകൂട്ടുകമടിയാതെ" കൎണ്ണനിങ്ങിനെ പറഞ്ഞീടിനൊരനന്തരം പിന്നെ
യും സോമദത്തനന്ദനനുരചെയ്യാൻ "മൂൎക്ഖനായീടുന്ന ഞാൻ ചൊല്ലീട്ടും
വചനങ്ങൾ കെൾക്കെണം മഹത്തുക്കളായുള്ള നിങ്ങളെല്ലാം ധന്യന്മാ
രൊട്ടുപാരം മത്സരമുണ്ടാകയും ദുൎന്നയമുള്ളിലെറ്റം ദുൎഭഗന്മാൎക്കുനിത്യം
വിദ്യാഭിജാത്യവിത്തവൃത്തശീലൌദാൎയ്യാദ്യസ്സുമിത്രകൃപാദിഗുണകീൎത്തി
കൾ കാണുംതൊറും മാനസെ സഹിയാഞ്ഞു സാധുക്കൾക്കുള്ള ഗുണ
ഹാനിയെ വരുത്തുവാനെന്താവതെന്നതന്നെ സന്തതം ചിന്തിച്ചൊ
ളും സാദ്ധ്യമല്ലെന്നു കണ്ടാൽ അന്തരം പാൎത്തുപാൎത്തുമരുവിടിനകാലം ഛി
ദ്രമെതാനും കാണായ്വന്നീടുമപ്പൊളേറ്റ മുദ്യൊഗം കയ്ക്കൊണ്ടതിസാ
ഹസചെതസ്സൊടും തന്നെക്കാൾ വലിയവൻ തന്നെയും ഭേദിപ്പിച്ചു
തന്നെത്താൻ പ്രശംസിച്ചു ദുൎന്ന്യായകൎമ്മം ചെയ്യാൽ തന്നുടെമിത്ര
ത്തൊടുകൂടവെതാനും വീണു സന്നമായ്പൊകുമെല്ലൊ പിന്നെയെന്നതു
നെരം നന്നല്ലമഹദ്വൈരമാകുമെന്നറിയെണം വന്ദ്യന്മാരായവരെ
വന്ദിച്ചീടുകനല്ലനിന്ദ്യന്മാരായുള്ളരെ നിന്ദിച്ചീടെണ്ടതാനും നിന്ദ്യ
നായ്വരികയില്ലാരാലുമെന്നാലവൻ" ഇത്തരം സൌമദത്തി ചൊന്നതു തെ
ളിയാഞ്ഞിട്ടുത്തരമുരചെയ്തീലാരുമെന്നതുനെരം "സിദ്ധമല്ലാതമമവാ
ക്കുകൾ കൈക്കൊള്ളുണ്ടാ യുദ്ധത്തിന്നിനിയെതും പാൎക്കരുതെന്നി
ങ്ങിനെ മന്യുഭാവെന സൌമദത്തി ചൊന്നതുനെരം സന്നാഹമൊ
ടു പടക്കൂട്ടവുമൊരുമിച്ചു കിടങ്ങും തൂൎത്തുകൊട്ടയഴിപ്പാൻ കുരുസൈന്യം
തുടങ്ങുന്നെരമതു കണ്ടു പാഞ്ചാലനൃപൻ ധൃഷ്ടദ്യുമ്നാദികളാം തന്നുടെപു
ത്രന്മാരും പെട്ടെന്നു പുറപ്പെട്ടു നാലംഗപ്പടയൊടും ഭൈരവതരതുമുലാ

രവകൊലാഹല ഭെരീനാദത്തൊടിടചെന്നിതുപെരുംപട കൌരവപാഞ്ചാലഭൂപാലകബലംതമ്മിൽ ഘൊരമായിട്ടുംവന്നുമെററതിന്നനന്തരം യുദ്ധസന്നദ്ധന്മാരായ്പുറപ്പെട്ടിതുപാണ്ഡു പുത്രന്മാരതുകണ്ടുവെപഥുപൂണ്ടീടിനാർ ധാർത്തരാഷ്ട്രന്മാർമൊദംപൂണ്ടിതുപാഞ്ചാലന്മാർ ധൃഷ്ടദ്യുമ്നനുംപിന്നെശ്ശിഖണ്ഡീസുമിത്രനും പൃഷ്ടവീയ്യ്വാനാകുംപ്രിയദശ്ശനൻതാനും ചിത്രകെതുവുംസുകെതുധ്വജസെനന്മാരും പുത്രന്മാരെഴപെരുംദ്രുപദനൃപെന്ദ്രനും ക്രുദ്ധന്മാരായടുത്തീടിനാരതുനെരം കണ്ണനുംജയദ്രഥൻതാനുമായൊരുമിച്ചു കൊന്നിതുസുമിത്രനെപ്രിയദശ്ശനനെയും വൃത്രാരിപുത്രനപ്പൊൾകൊന്നിതുജയദ്രഥ പുത്രനെകണ്ണാത്മജനാംസുഭാനുവിനെയും സിന്ധുഭൂപനുമംഗാധിപനുമതുകണ്ടുകുന്തീനന്ദനരഥംപൂട്ടീട്ടുമശ്വങ്ങളെ മൂന്നിനെക്കൊന്നാരതുകണ്ടുഭീമനുമതു മൂന്നുംവെഗെനയൊജിപ്പിച്ചതുകണ്ടുപാത്ഥൻ വായുവെഗത്തൊടടുത്തീടിനാനതുനെരം സായകാവലിസഹിയാഞ്ഞുകൌരവരെല്ലാം സായുധന്മാരായൊരൊദിക്കിലെപാഞ്ഞീടിനാർ വായുനുന്നങ്ങളായ മെഘങ്ങളെന്നപൊലെ. മന്നവനായദുര്യൊധനൻ തന്നെക്കണ്ടിട്ടുന്നതമായവൃക്ഷംപറിച്ചങ്ങിലയൂരി സന്നദ്ധനായങ്ങടുത്തീടിനാൻവൃകൊദരൻ ഭിന്നനായൊടിമറഞ്ഞീടിനാൻസുയൊധനൻ മുൻപിലെകുരുസൈന്യംപാഞ്ചാലപുരമെല്ലാം വൻപൊടുവളഞ്ഞപ്പൊളയച്ചപാണ്ഡവന്മാർ വൃഷ്ണികളൊടുംബലദെവാദിവീരരൊടും കൃഷ്ണൻതന്നൊടുംവൃത്താന്തങ്ങളെയറിയിപ്പാൻ. രാമകൃഷ്ണന്മാരതുകെട്ടടനൊടിവന്നാ രാമൊദംപൂണ്ടുചതുരംഗവാഹിനിയൊടും ധാത്തരാഷ്ട്രന്മാരെല്ലാംസാദ്ധ്വസന്മാരായ്പുര മാർത്തിപൂണ്ടൊക്കത്തക്കഹസ്തിനപുരംപുക്കാർ. പൊകുംപൊൾദുശ്ശാസനൻതന്നൊടുസുയൊധനനാകുലപ്പെട്ടുമന്ദമന്ദമൊരൊന്നെചൊന്നാൻ കുന്തിയുംപുത്രന്മാരുംജാതുഷഗെഹമന്നു വെന്തിലെന്നതുമിപ്പൊൾ" നിശ്ചയംവന്നുതെല്ലൊ ബന്ധുക്കളവക്കിപ്പൊളുണ്ടായിപാഞ്ചാലനു മന്ധകവൃഷ്ണികളുംരാമകൃഷ്ണാദികളും എന്തൊന്നുപുരൊചനൻചെയ്യതുദൊഷതാം കൊണ്ടെന്തെല്ലാംവരുമിനിമെലെന്നറിഞ്ഞീല നമ്മുടെപൌരുഷവുമെററംധിക്കരിക്കെണം നിമ്മലഗാത്രിതന്നെക്കൊണ്ടവർപൊയാരെല്ലൊ" ഇത്തരംപറഞ്ഞവർമന്ദംപൊയകംപുക്കു ഹസ്തിനപുരത്തിങ്കൽബന്ധുവര്ഗ്ഗങ്ങളൊടും പാത്ഥന്മാർപാഞ്ചാലിയെവെട്ടതുംജയിച്ചതും ധാർത്തരാഷ്ട്രന്മാർനാണംകെട്ടുപൊന്നതുമെല്ലാം കെട്ടുസന്തൊഷംപൂണ്ടുവിദുരർചെന്നുധൃത രാഷ്ട്രഭൂപതിതന്നൊടുവണ്ണമറിയിച്ചാൻ നാട്ടിലുള്ളവർക്കെല്ലാംസന്തൊഷംവാച്ചുംവന്നു വെട്ടിതു

നരാധിപനിന്നുടെപുത്രന്മാരിൽ ജ്യേഷ്ഠനാമവൻ ദ്രുപദാത്മജാതന്നെ
യിപ്പോൾ വാട്ടമെന്നിയെ കുരുവംശവുംവർദ്ധിച്ചീടും" വിദുരവാക്യം
കേട്ടധൃതരാഷ്ട്രനുമതി കൗതുകംപൂണ്ടു ദൈവാനുഗ്രഹമെന്നുചൊന്നാൻ
തനയന്മാരിൽ ജ്യേഷ്ഠനെന്നതുംകേട്ടസുയോധനനെന്നോർത്തുപുന
രുദ്ധനുമുരചെയ്യാൻ "ആഭരണങ്ങളെല്ലാംകൊടുത്തുടുകവേണം ദ്രൌ
പദികലങ്കരിച്ചീടുവാൻ വൈകിയാതെ വാഞ്ഛയാമതാന്നിദു
ര്യോധനനോടും പാഞ്ചാലിതന്നെക്കൂട്ടിക്കൊണ്ടിങ്ങുപോന്നീടേ
ണം" ചൊല്ലിനാനന്ദസ്മിതംപൂണ്ടുടൻ വിദുരരു മല്ലല്ലധർമ്മാത്മജൻ വെ
ട്ടതെന്നെല്ലാംകേട്ടു "ആകാരഗ്ലാദനാർത്ഥം ധൃതരാഷ്ട്രരമെങ്കിൽ ഭാഗ
ധേയംപാണ്ഡവന്മാർജീവിച്ചതു"മെന്നാൻ "കുന്തിയുംപാണ്ഡവരുംപാ
ഞ്ചാലൻതന്നുടെസംബന്ധികളായ്വന്നിതുനന്നായിതെ"ന്നുചൊന്നാ
ൻ-കർണ്ണനുംസുയോധനൻതാനുമാസ്ഥീദുർമ്മദൻ പോയെന്നതുകണ്ടുചെ
ന്നുരന്നവനോടുചൊന്നാർ "ഞങ്ങൾക്കുതിരുമുൻപിൽ വിദുരരുണ്ടാക
യാൽ ഇങ്ങുവന്നണഞ്ഞീല്ലാനില്ലാഞ്ഞിതവസരം ശത്രുക്കൾവർദ്ധിച്ചി
തുംനാമെല്ലാംക്ഷയിച്ചതും ക്ഷത്താവിനുള്ളിൽമോദമെന്നതുമറിഞ്ഞീ
തോ കുന്തീനന്ദനന്മാരെ വൈകാതെയൊടുക്കുവാനെന്തൊരുകഴിവെ
ന്നുപലരുമൊരുമിച്ചു ചിന്തിക്കവേണമെന്നുമനസിനുമക്കെല്ലാം
സന്തോഷംവരുവുന്നരല്ലായ്കിൽ തൊലിപാരം"- കർണ്ണനുംശകുനിയുംദു
ര്യോധനനുമായ്കർണ്ണഭൂപതിയോടുമന്ത്രിച്ചാർപലതരം ദുർന്നയം
നരപതിതന്നോടുദുർമ്മന്ത്രികൾ ചെന്നുപദേശിക്കുന്നതറിഞ്ഞുഭീഷ്മാദി
കൾ പൗരുവംശത്തിങ്കലെക്കാപത്തുവരായ്വാനാ ദൂരവീക്ഷണമുള്ളശ
ന്തനുതനയനും ഭാരദ്വാജനുംകൃപാചാര്യനുംവിദുരനും സാരജ്ഞന്മാരാ
യിരുമുള്ളസജ്ജനങ്ങളുംമേദിനീപതിയായധൃതരാഷ്ട്രൻ തന്നോടുസാ
ദരം ധർമ്മാധർമ്മങ്ങളുംനീതിയുമെല്ലാം കർണ്ണഗാന്ധാരഗാന്ധാരീതനയ
ന്മാരെയും മന്നിലാമ്മാറുവരുത്തിപറഞ്ഞോരുനേരം മന്നവൻധൃതരാ
ഷ്ട്രൻതന്നുള്ളിൽനിരൂപിച്ചു "നന്നല്ലമഹാപാപ്യമാദരിയാഞ്ഞാലിപ്പോ
ൾ എന്നുടെമതംവെളിച്ചത്തുകാട്ടനില ഞാനെന്നോടുവെറുപ്പുണ്ടാം
പുത്രന്മാർക്കെന്നാകിലും തങ്ങൾക്കുനാശംഭവിക്കുന്നതുമിവർക്കുള്ളിലൊ
ന്നുമെചന്നിലെന്നാൽ ഞാനിപ്പോഴെല്ലാംകൊണ്ടും നമ്മുടെകുല
ത്തിനുനല്ലതുചൊല്ലീടുന്ന ധർമ്മിഷ്ഠന്മാർവാക്കുകൾകൈക്കൊള്ളുന്ന
തേയുള്ളൂ" ഇത്ഥമാത്മനികല്പിച്ചവരോടുരചെയ്തു "സിദ്ധാന്തംനിങ്ങൾ
ക്കെല്ലാമെന്തെന്നുചൊല്ലീടുവിൻ ഭദ്രമാകുന്നതിപ്പോഴിവിടെനമുക്കെ
ന്തു വിദഗ്ദ്ധപ്രൌഢന്മാർനിങ്ങൾചിന്തിച്ചുകല്പിക്കുന്ന ഉത്തമമതി
ന്നുമാറാപ്പുറമൊരുനാളുംവർത്തിച്ചീടുകയില്ല ഞാനെന്നുധരിച്ചാലും"

Dhritarashtra remains undecided

പവും മറച്ചുള്ളിൽ പുറമെ സന്തോഷവും ഭൂപതി ഭാവിച്ചവരൊടിതു
ചൊന്നനെരം ദ്രോണരും വിദുരരും ഭീഷ്മരും കൃപരുമായി കൂടിനലൊ
ചനനായവനൃപനൊടറിയിച്ചാർ "പരിയവരുത്തുക പാണ്ഡവന്മാരെ
യെന്നാൽ പെരികനാശമില്ലതല്ലായ്കിൽ മുടിഞ്ഞുപൊം" എങ്കിലൊ വി
ദുരർ പൊയ്വരുത്തീടുകയെന്ന സംകടം മറച്ചാശു ധൃതരാഷ്ട്രരും ചൊന്നാ
ൻ വിദുരരതു കെട്ടു ദ്രുപദപുരം പുക്ക പൃഥയും പുത്രന്മാരും പൊരികെന്നു yet invites the 5
രചെയ്തു കൃഷ്ണനും വിദുരരും കുന്തിയും ദ്രുപദനും കൃഷ്ണയും പാണ്ഡുസുതന്മാ
രുമാസ്ഥിരൂപിച്ചാർ (?) ഹസ്തിനപുരം പുക്കു കല്യാണഘോഷത്തൊടു മൈ
ത്രയും തെളിഞ്ഞിതു നഗരവാസികൾക്കും പാണ്ഡവന്മാരും നല്ലപതി
യും ജനനിയും പാണ്ഡുപൂർവജനാദിയായ ബന്ധുക്കളെയും വണങ്ങി
യൊരുമിച്ചു പാണ്ഡുവിൻ ഗൃഹം തന്നിൽ ഇന്നങ്ങളൊടും സുഖിച്ചിരി
ക്കും കാലത്തിങ്കൽ വരുത്തി യുധിഷ്ഠിരൻ തന്നെയും കൃഷ്ണനെയും നിര
ത്തീടുവാനായി പറഞ്ഞു ധൃതരാഷ്ട്രൻ "എന്നുടെയനുജനാം പാണ്ഡുവാ & gives them half the [realm]
ണ്ണതുപൊലെ മന്നവനായവാക്കുനീയുണ്ണി യുധിഷ്ഠിര എന്നുടെതന
യന്മാരെല്ലാരും ദുരാത്മാക്കൾ ഒന്നുമെ കെൾക്കയില്ല ഞാൻ പറഞ്ഞാവയു
ണ്ണി പാണ്ഡവന്മാരെ നിങ്ങൾ തങ്ങളിൽ പിണങ്ങാതെ ഖാണ്ഡവ
പ്രസ്ഥത്തിങ്കൽ നാടുവാണിരിക്കപൊ യ്യാതിനാട്ടിനു പുനരഭിഷെ
കവും ചെയ്തു മാധവൻ തനിക്കുള്ളിൽ ചെന്നിതൊ ചൊദിക്കെണം "ഇ
ന്നതു കെട്ടു ദാമൊദരനുമരുൾ ചെയ്തു "മന്നവ കണക്കിനിക്കെല്ലാമെന്നി
റിഞ്ഞാലും പാരണാവതത്തിങ്കൽ പണ്ടിരുന്നതുപൊലെ പാരിതുപാ
ർത്ഥിപരിപാലിച്ചു വസിച്ചാലും എല്ലാമാനന്ദമിനിക്കെള്ളാളും ഭെദമു
ള്ളിലില്ലെല്ലാം മമതയില്ലൊന്നിനും" ഇതു മൂലം മന്നവൻ ചൊന്നവണ്ണ
മഭിഷെകവും ചെയ്തു ചെന്നുടനിന്ദ്രപ്രസ്ഥം പുക്കിതു പാണ്ഡവരും—
നാരദനതുകാലം ധർമ്മജൻ തന്നെക്കണ്ടു നാരിയെക്കൊണ്ടു തമ്മിൽ പി Narada advises about the wife of the [brothers]
ണക്കമുണ്ടാകായ്വാൻ ഒരൊരൊ സംവത്സരമൊരൊരുത്തരൊടുകൂടാതെ
യും ഭെദമെന്നിയിരിപ്പാൻ നിയൊഗിച്ചു മറ്റൊരുത്തനുമായി വാഴു
ന്ന കാലത്തിങ്കൽ മറ്റൊരുത്തനും ചെന്നാനവിടെയെന്നാകിലൊ അ
പ്പൊഴെ തീർത്ഥയാത്ര ചെയ്യെണമൊരാണ്ടുവ നിപ്പൊലെയല്ലെന്നാ
കിൽ നിശ്ചയം നാശമുണ്ടാം - സുന്ദരിയായതിലൊരു കാരണം മുന്നം
സുന്ദരന്മാരായൊരു സുന്ദൊപസുന്ദന്മാരും തങ്ങളിൽ തച്ചു മരിച്ചീടിനാർ Upakhyāna of 2 Asura brothers — 167
തുപൊലെ നിങ്ങളിലിതു കാലമുണ്ടാകാതിരിക്കെണം വന്ദിച്ചു പൈന്ദ്രനും (?)
നാരദനൊടു ചൊന്നാൻ സുന്ദൊപസുന്ദൊപാഖ്യാനം മമ കെൾപ്പി
ക്കെണം മന്ദഹാസവും ചെയ്തു നാരദൻ പ്രീതിപരി (?) നന്ദനകെട്ടു
കൊൾക സൊദരന്മാരൊടും നീ "ഹിരണ്യകശിപുതൻ കുലത്തി

ൽവന്നമുന്നം പിറന്നനികുംഭനാമസുരവരന്നുടെ നന്ദനന്മാരാ
യുണ്ടായ്വന്നിതുവീരന്മാരാ യ്സുന്ദോപസുന്ദന്മാരെന്നി രുവരത്രകാ
ലം വൃന്ദാരകാരികളാ യ്വന്നമുണ്ടായിവന്ന സുന്ദോപസുന്ദന്മാ
രുംവയസ്യന്മാരെപ്പോലെ അന്യോന്യംഭ്രാതാക്കന്മാരാമവരിരുവരു
മൊന്നിച്ചുതമ്മിൽപിരിയാതെവാഴുന്നകാലം ത്രൈലൊക്യംജയിക്കെ
ണംനമുക്കെന്നുറച്ചവർ ശൈലാദ്ധ്യനായവിന്ധ്യൻതന്നുടെമുകളിൽ
പ്പോ യ്സ്വംതതപിതാമഹൻ തന്നുടെപാദാംബുജം ചിന്തിച്ചുഘോര
മായതപസ്സുതുടങ്ങിനാർവായുഭക്ഷണംചെയ്തുപാദാംഗുഷ്ഠവുമൂന്നികാ
യവുംമലംപൂണ്ടുജടയുംവല്ക്കലയും ധരിച്ചുകൂപ്പിത്തൊഴുതക്ഷികളിളകാ
തെ നിരസ്താശയാനിത്യംവ്രതത്തൊടൊരുപൊലെ ചെന്നിതുകാലമ
പ്പോൾപൊങ്ങിയധൂമംകൊണ്ടു നന്നായിവിറച്ചിതുവിന്ധ്യനാംമല
യെല്ലാം ഉഗ്രമാംതപസ്സുകൊണ്ടക്കാലംദെവകളും വ്യഗ്രിച്ചുഭയപ്പെ
ട്ടുചിന്തിച്ചാർപലതരം എന്തൊന്നുകൊണ്ടുതപൊവിഘ്നത്തെവരുത്താ
വു പണ്ടൊക്കുംമുലമാരാലെതുമില്ലൊരുഫലം ക്രൂരവുമൊങ്ങിയൊരു
രാക്ഷസനുടുത്തിതു കാലനെപ്പോലെദെവന്മാരുടെമായയാലെ സു
ന്ദോപസുന്ദന്മാരാമസുരെന്ദ്രന്മാരുടെ സുന്ദരിമാരാംഭാൎയ്യാഭഗിനിജന
നിമാർ പെടിച്ചുപരിപാലിച്ചീടെണമെന്നുചൊല്ലി യൊടിച്ചെന്നതു
കണ്ടുമിളകിലവരെത്തും ഒന്നുകൊണ്ടുമെതപൊഭംഗത്തെച്ചെയ്യകൂടാഞ്ഞി
ന്ദ്രാദിദെവഗണമാകുലപ്പെട്ടശെഷം മുൻപിലാമ്മാറങ്ങെഴുന്നെള്ളി
നാൻപിതാമഹ നൻപൊട്ടുവെണ്ടുംവരംതരുവനെന്നു ചൊന്നാൻ
വന്ദിച്ചുസുന്ദോപസുന്ദന്മാരുമരവിന്ദ നന്ദനൻതന്നൊടത്യാനന്ദമാ
യുരചെയ്താർ „നിന്തിരുവടിക്കുകാരുണ്യമുണ്ടാകിൽഞങ്ങൾ ക്കന്തരം
വരാതൊരുദെവത്വംതന്നീടെണം" അന്നെരംവിധാതാവുമവരൊടരു
ൾചെയ്തു „തന്നുകൂടുമൊമരദെവത്വംനിങ്ങൾക്കിപ്പോൾ മറ്റുവെണ്ടു
ന്നതെല്ലാംനൽകുവനുരചെയ്യിൻ കുറ്റമുണ്ടമരത്വംനിങ്ങൾക്കുതന്നീ
ടിനാൽ" എന്നതുകെട്ടനെരംസുന്ദോപസുന്ദന്മാരും നന്നായിക്കൂപ്പി
ത്തൊഴുതജനൊടപെക്ഷിച്ചാർ സ്ഥാവരജംഗമങ്ങളായുള്ളഭൂതങ്ങളാ
ലാവയൊരൊരുനാളും മരണമരുതെല്ലൊ ലൊകങ്ങൾമൂന്നിംകലുമു
ള്ളൊരുജന്തുക്കളാലെകദാമൃത്യുഭവിച്ചീടരുതൊരുനാളും അന്യോന്യ
മൊഴിഞ്ഞുമറ്റാരാലുമൊരുനാശം വന്നുകൂടാതവണ്ണംനൽകെണമ
നുഗ്രഹം" ധാതാവും „നാശംനിങ്ങൾതങ്ങൾതങ്ങളിലൊഴിഞ്ഞൊരുഭൂത
ങ്ങളാലുംവന്നുകൂടായ്ക"യെന്നുരചെയ്താൻ ആസ്ഥയാമഞ്ഞരുളിടിനാൻ
വിരിഞ്ചനും- ദൈത്യന്മാർതപസ്സമന്നെരത്തുസമൎപ്പിച്ചാർ സൎവ്വജന്തു
ക്കളാലുമവദ്ധ്യന്മാരായിതി ഗൎവ്വിതന്മാരാസ്സ്ത്രീജനമന്ദിരംപുക്കാരവർസ

ന്തോഷമുണ്ടായ്വന്നബന്ധുക്കൾക്കെല്ലാമുള്ളിൽ ചിന്തിച്ചവണ്ണംവരം
കിട്ടുകനിമിത്തമാ യ്താപസവെഷംപരിത്യജിച്ചുദിവ്യങ്ങളാ മാഭര
ണാദികളുംധരിച്ചുദീപിച്ചേറ്റം സൽക്കാരംചെയ്തീടിനാരത്യർത്ഥംസു
ഹൃജ്ജനം തൽക്കാൎയ്യമവൎക്കെല്ലാംസാധിപ്പിച്ചനുദിനം ഭക്ഷ്യതാംപു
നൎഭുജ്യതാംയഥാസുഖം വക്ഷ്യതാംബഹുവിധാരമ്യതാമിഹൈവ
മെ പീയതാംയഥാകാമംഗീയതാമുച്ചൈസ്തരം. നീയതാമിതിഗെഹെ
ഗെഹെകെൾക്കായിവാക്കും തത്രതത്രൈവപാനമത്തചിത്തന്മാരവ
രെത്രയുംവിഹരിച്ചുകഴിഞ്ഞുപലകാലം ഹിരണ്യകശിപുതൻകുലത്തിൽ
വന്നുമന്നം പിറന്നനികുംഭൻതൻപുത്രന്മാരായുണ്ടായ സുന്ദോപസു
ന്ദന്മാരുംദൈത്യവാഹിനിയുമാ യ്ച്ചെന്നമരപുരംപുക്കദെവെന്ദ്രാദി
കളെയും വെന്നുടനാട്ടിക്കളഞ്ഞീടിനാർ‌വർകളും ചെന്നുപുക്കിതുവി
ധാതാവുതന്നുടെലൊകംദന്ദശൂകന്മാരെയുംജയിച്ചുപാതാളവുംചെന്ന
വർജയിച്ചിതുസമുദ്രദ്വീപങ്ങളും മ്ലെച്ഛജാതികളെയുംജയിച്ചുവശത്താ
ക്കി വാച്ചശെഷമുള്ളഭൂമിജയിപ്പാനൊരുംപെട്ടാർ യാഗാദികൎമ്മങ്ങ
ളുമൊക്കെവെമുടക്കിയാർ_ശൊകംപൂണ്ടിതുമുനിവൎഗ്ഗവുംദ്വിജന്മാരും കൃ
ഷിഗൊരക്ഷാദിയുംമുടക്കികൃപാഹീന മുഷ്കികൾതമ്മെവധിച്ചീടിനാ
ർമടിയാതെ പിതൃകൎമ്മവുംദെവപൂജയുമില്ലാതെയായ്തി തിജപ്രവര
ന്മാരടക്കിഭൂചക്രവും ലൊകവാസികളെയുമൊക്കെവെയാട്ടിക്കളഞ്ഞ
കമാനസന്മാരയവർകീളിരുവരുംപൎവ്വതവനഗ്രാമനഗരദ്വീപാന്തരെ
സൎവ്വദാദിവ്യാംഗനമാരുമായ്ക്രീഡിക്കയുംരത്നഭൂതങ്ങളെല്ലാമടക്കിക്കൊ
ണ്ടുദെവപത്നികളെയുമാട്ടിപ്പിടിച്ചുകൊണ്ടാരെല്ലൊ_താപസപ്രവ
രനുമംബരചാരികളും താപമുൾക്കൊണ്ടുപുരുഹൂതാദിദെവകളുംസത്യ
ലൊകത്തെപ്രാപിച്ചെത്രയുംഖിന്നന്മാരാ യ്നിതാപംപൂണ്ടേറ്റമ
ത്തലായാപത്തുകൾഅംബുജസംഭവനൊടറിയിച്ചതുനെരമംബരചാ
രികളൊടരുളിച്ചെയ്തുദെവൻ „വിശ്വസിച്ചാലുംമമവചനംവൈകാ
തെഞാൻ നിശ്ശെഷപരിതാപംനിങ്ങൾക്കുതീർത്തിട്ടുവൻ" വിശ്വക
ൎത്താവുതാനുമുൾക്കാമ്പിലുനിരൂപിച്ചു വിശ്വകൎമ്മാവുതന്നെവിളിച്ചു
നിയൊഗിച്ചു നിൎമ്മലമായരൂപലാവണ്യത്തൊടുമിപ്പൊൾ നിൎമ്മിക്ക
വെണമൊരുതരുണിരത്നത്തെനീ വിശ്വകൎമ്മാവുംനമസ്കരിച്ചുധാതാ
വിനെവിശ്വമൊഹനമായനാരീരൂപവുംതീൎത്തുചാരുതകലൎന്നുള്ളമൊ
ഹനവസ്തുക്കളിലൊരൊരൊതിലത്തൊളമെടുത്തുസാരാംശത്തെ ചെത്തു
കൊണ്ടുകൂട്ടിത്തീൎത്തൊരുദിവ്യരൂപം പാൎത്തൊളുംജഗന്മനൊമൊ
ഹനതരമെല്ലൊ അത്ഭുതമായപദാൎത്ഥങ്ങൾസമ്പാദിച്ചതിലുള്ളനമാ
യസാരാംശംകടഞ്ഞെടുത്തിതു ശില്പമായൊരുതിലമാത്രമങ്ങതുകൊണ്ടു

കല്പിതമായരൂപം പൂൎണ്ണമായതുനേരം ഉല്പലോത്ഭവൻ തിലോത്തമയെ
ന്നിട്ടുപേർ മല്പഭാഷിണികൾമറ്റുള്ളവർനാണംപൂണ്ടാർ ഉല്പലോത്ഭ
വയായലക്ഷ്മിയുംരുദ്രാണിയും കൎപ്പൂരശുഭ്രഗാത്രിയാകിയഭാരതിയും ദ
ൎപ്പകപ്രാണനാഥയാകിയരതിതാനും ദൎപ്പമുൾക്കാമ്പിലെഴുമപ്സരസ്ത്രീ
വൎഗ്ഗവും സൎപ്പഭൂഷണപ്രിയയാകിയഗംഗതാനും സുപ്രഭാംഗിയെ
ക്കണ്ടുമോഹിച്ചാരസൂയയാ വിശ്വകൎമ്മാവുതാനുംവിസ്മയപ്പെട്ടാനേ
ററം വിശ്വകൎത്താവുംതലകുലുക്കിത്തൃക്കണ്ണാൽ കണ്ടോരുപൂരുഷന്മാൎക്കു
ണ്ടായപരവശം തണ്ടലർബാണൻതാനുംമുഴുവനറിഞ്ഞീല കുഞ്ഞനാ
യിതുനീലകണ്ഠനുമതുനേരം കൊണ്ടൽനേർവൎണ്ണൻതാനുംകൊണ്ടാടി
സ്തുതിചെയ്യാൻ ധാതാവുതിലോത്തമയോടരുൾചെയ്തീടിനാൻ,, എന്നു
മെമടിയാതെനീയൊരുകാൎയ്യംവേണം സുന്ദരരൂപെപോയീടേണം
വൈകാതെചെൽക സുന്ദോപസുന്ദാസുരേന്ദ്രന്മാരുള്ളവിടെനീ നി
ന്നുടെരൂപശോഭാലാവണ്യംകൊണ്ടുതയോ രന്യോന്യവിരോധവുമു
ണ്ടാക്കിച്ചമക്കേണം നിന്നാലെസാദ്ധ്യമിന്നിദ്ദേവകളുടെകാൎയ്യം പി
ന്നെനീവൈകാതെകണ്ടിങ്ങുപോരികബാലെ" ലോകേശനിയോഗ
വുംകൈക്കൊണ്ടുതിലോത്തമാ നാകേശകുലത്തെയും ചെയ്തുടൻപ്ര
ദക്ഷിണം ആകാശമാൎഗ്ഗേമന്ദമന്ദംപോയുള്ളനേരം പാകശാ
സനവൈരിമാരെയുംകാണായി സുഗന്ധമാല്യാലംകൃതമാരാസ്ത്രീ
ജന മന്തികെപാടിക്കൂത്താടുന്നതുംകണ്ടുകണ്ടു ഭക്ഷ്യഭോജ്യങ്ങളൊ
ടുംസേവകജനത്തോടും പുഷ്കലമായഭോഗത്തോടുമന്യോന്യംചെ
ൎന്നു ഹൃദ്യമായിട്ടന്നൊരുമദ്യപാനവുംചെയ്തു ഉദ്യാനദേശവിന്ധ്യസാ
൨ നുനിശിലാതലെ സ്നിഗ്ദ്ധമായിട്ടന്നഭദ്രാസനെ വാഴുന്നേരം മുഗ്ദ്ധയാ
യൊരുതിലോത്തമയുംമന്ദംമന്ദം രക്തവസ്ത്രവും പൂണ്ടുമുക്താഹാരാദി
കളും രക്തമാല്യാനുലേപനാദിയുമലംകരിച്ചേത്രയുംമനോഹരമായൊ
രുവേഷത്തോടും ചിത്രമായിരിപ്പൊരുമന്ദസഞ്ചാരത്തോടും കൎണ്ണി
കാരവുമുത്തുന്നതസ്തനങ്ങളും തന്വംഗിമദ്ധ്യമദ്ധ്യെചെറുതുകാട്ടി
ക്കാട്ടി നിന്നുമങ്ങൊട്ടുപോന്നുംമെല്ലവെകടാക്ഷിച്ചുംപിന്നെയുമിട
യിടെപ്പിന്നോക്കിവാങ്ങിപ്പോന്നും വാഹിനീതീരെ വിളയാടു
ന്നനാരീമണി മോഹനരൂപംകണ്ടുസുന്ദോപസുന്ദൻമാരും കാ
ഞ്ചനചഷകവുംവെടിഞ്ഞുസസംഭ്രമം വാഞ്ഛയാമതിമറന്നസുര
പ്രവരന്മാർചാഞ്ചാടിച്ചെന്നാരവൾതന്നുടെമുൻപിലൊരുചാഞ്ചല്യം
കലൎന്നിതിൽസുന്ദനാംജ്യേഷ്ഠനപ്പോൾദക്ഷിണകരംപിടിച്ചാടിനാനു
പസുന്ദൻദക്ഷിണേതരകരമപ്പൊഴെപിടിപെട്ടാൻ മത്തചിത്തന്മാ
രായദൈത്യന്മാരവളുടെ ഹസ്തപങ്കജംരണ്ടുംപിടിച്ചുനിൽക്കുന്നേരം

സുന്ദനുമുപസുന്ദൻ തന്നൊടു ചൊല്ലീടിനാൻ "സുന്ദരിയാകുമിവളെ
നുടെ ഭാൎയ്യയെല്ലൊ നിന്നുടെ ഗുരുഭ്രതയാകുന്നതൊൎത്തീടിവൾ തന്നു
ടെ കരാംബുജമയച്ചുദ്ദൂരെപ്പൊനീ" എന്നതു കെട്ടനെരമുപസുന്ദനും
ചൊന്നാൻ "എന്നുടെ ഭാൎയ്യയീവൾ കൈത്തളീരയച്ചാലും ചിന്തിച്ചീട
കിൽ വധൂവാസ്സുരും ഭവാനിവളെന്നറിയാതെ കാട്ടീടുന്നതന്ധതയാലെ
എന്നുടെ ഭാൎയ്യയിവൾ മറ്റുള്ളതെല്ലാം ഭവാനന്ന്യായം കാട്ടീടാതെ കയ്യയ
ച്ചീടുകെ" "നാൻ മൂന്നുലൊകത്തും ജ്യെഷ്ഠനുടയതെല്ലൊ ധനധാന്ന്യരത്നാ
ദികളുമിനിക്ക് വെണ്ടായയെല്ലൊ ദൈവാനുഗ്രഹംകൊണ്ടീന്നിനിക്കു
കിട്ടിയൊരുപാൎവ്വണശശിമുഖിതന്നെയിങ്ങയക്കെണം" "എങ്ങിനെ കി
ട്ടിനിനക്കെന്നതു പറയെണം തിങ്ങിന മദംകൊണ്ടു വെറുംപറയായ്കവെ
ണം" "അങ്ങുള്ള മദത്തെക്കാളെറെയില്ലിനിക്കെതും അംഗനാരത്നത്തെ ഞാ
നയക്കയില്ലയെന്നും നിശ്ചയിച്ചീടെന്മൊമൽപ്രണയിനി തന്നെ
യായവാക്കുപറയാതെ കയ്യയക്കനീ" "വെറയല്ലപറയുന്നതെതും ഞാനെ
ന്റെ ജീവനായികയുടെ കരം പിടിപ്പാനെന്നുമ്മൂലം" "ജീവനായികയു
ണ്ടൊ നിനക്കെന്നാശ്ശൂസ്സുന്ദ നാവൊളും വെഗാൽ ഗദയെടുത്താനൊ
രുകയ്യാൽ സൊദരൻ താനും ഗദയെടുത്താനൊരുകയ്യാൽ ക്രൊധം പൂ
ണ്ടിരിവരുമന്ന്യൊന്ന്യം പ്രഹരിച്ചാർ തല്ലുകൊണ്ടവനിയിൽ വന്മല
പൊലെ വീണാരെല്ലൊ സുന്ദനുമുപസുന്ദനുമതുനെരം അന്തകപുരിപു
ക്കാരപ്പൊഴെ ദെവാദികൾ സന്തൊഷംവന്നു ജഗദ്വാസികൾക്കുമു
ലം സന്താപംതൊടെ പരിചാരകന്മാരും പൊയാർ സന്ധിപ്പിച്ചിതു തി
ലൊത്തമയും ദെവകാൎയ്യം പാതാളം പുക്കീടിനാർ മറ്റുള്ള ദൈത്ത്യന്മാരും
പാഥൊജഭവനനുമിന്ദ്രാദി ദെവകളും പ്രീതിപൂണ്ടനുഗ്രഹംകൊടുത്തു
തിലൊത്തമെക്കാദരാൽ സൂൎയ്യപഥം പ്രാപിച്ചാളവൾ താനും ഇന്ദ്രനുമ
ടക്കിവാണീടിനാൻ ത്രിഭുവനം നന്ദിച്ചു സത്യലൊകം പുക്കിതു വിരിഞ്ചെ
നും സുന്ദരി തിലൊത്തമ കാരണം മരിച്ചിതു സുന്ദൊപസുന്ദന്മാരുമന്ന്യൊ
ന്ന്യം പ്രഹരത്താൽ നിങ്ങളുമതുപൊലെ പാഞ്ചാലി നിമിത്തമായ് തങ്ങ
ളിൽ കലഹമുണ്ടാകാതെയിരിക്കെണം അന്ന്യൊന്ന്യം സുഹൃത്ഭാവമുള്ളവ
രെന്നാകിലും പെണ്ണങ്ങൾമൂലം വൈരം വൎദ്ധിച്ചുവരുമെത്രെ നിങ്ങളെക്കുറി
ച്ചുള്ളിൽ സ്നെഹമെറുകയാൽ ഞാനിങ്ങിനെ വന്നു ചൊന്നെൻ നിങ്ങ
ളൊടറിഞ്ഞാലും" ഇത്തരമരുൾചെയ്തു നാരദനെഴുന്നെള്ളി പൃത്ഥ്വീപാല
കന്മാരുമപ്പൊലെ വാഴുംകാലം കുരുരാജ്യത്തിലൊരു ധരണീദെവെന്ദ്ര
നു പെരികപശുക്കളെ കള്ളന്മാർ കൊണ്ടുപൊയാർ അതു ചൊന്നിന്ദ്രപ്ര
സ്ഥഗൊപുരദ്വാരത്തിങ്കൽ അതിവെദനയൊടു പറഞ്ഞു ഭൂദെവനും അ
പ്പൊഴെ ധനഞ്ജയനാശ്വസിപ്പിച്ചാൻ പിന്നെ കെല്പെറുമായുധങ്ങ

a Brahman complain[s] abt cow the[ft] ... to Arj[una] ... entrance ... Draupadi's ...

ളെടുപ്പാൻ ചെന്ന നെരം ആയതമീഴിയാളും ധമ്മപുത്രരും പഞ്ചസായക
രസംപൂണ്ടു മരുവുന്നതു കണ്ടാൻ ആയുധശാലതന്നിലജ്ജുനൻ താനും
പൊയാനന്നെരം തന്നെ ഭൂസുരൊത്തമനൊടും തസ്കരന്മാരെയൊക്ക
നിഗ്രഹിക്കയും ചെയ്തു സല്കരിക്കയും ചെയ്യാൻ വിപ്രനു പശുക്കളെ പി
ന്നെത്തൻ ഗുരുഭൂതന്മാരെയും വണങ്ങിട്ടു തന്നുടെ സമയത്തിനന്തരം
വരാഷ്ട്രാനും സന്നാഹമൊടു തീത്ഥയാത്രയും തുടങ്ങിനാൻ പിന്നാലെ കൂട
പൊയാർ വിപ്രാദിസാധുക്കളും സാഗരസരിത്സരൊവനശൈല
ങ്ങൾ കണ്ടു വെഗെന ഗംഗാദ്വാരെ ചെന്നിരുന്നിതു പാത്ഥൻ ഗംഗ
യിൽ മുഴുകിനാൻ മംഗലമനസ്സനായ് അംഗജതാപം പൂണ്ടു പന്നഗതരു
ണിയും വെള്ളത്തിൽ താഴ്ത്തിക്കൊണ്ടാളുള്ളുറപ്പും താഴ്ത്തിക്കൊണ്ടാളുള്ളഴി
ഞ്ഞുലൂപിയുമായൊരു നിശി വാണാൻ ഉണ്ടായിതിരാവാനെന്നാത്മജ
നവൾ പെറ്റു തണ്ടലർബാണസമനായ പാണ്ഡവൻ പിന്നെ ഹി
മവൽപാശ്വം പുക്കാൻ അഗസ്ത്യവടം കണ്ടാൻ ഹിമവന്മൂദ്ധ്നി വിന്ദുസര
സ്സും കണ്ടു പാത്ഥൻ ഭൃഗുതുംഗവും കണ്ടാൻ പല ദാനങ്ങൾ ചെയ്താൻ ഭ
ഗവൽഭക്തനായ ഫല്ഗുനൻ പാണ്ഡുപുത്രൻ ഹരിദ്വാരവും കണ്ടു വിസ്മ
യപ്പെട്ടു കൂപ്പി ഹിരണ്യവിന്ദുവിന്റെ തീത്ഥങ്ങളെല്ലാമാടി പവ്വതങ്ങളും
കണ്ടാൻ പുണ്യക്ഷെത്രങ്ങൾ കണ്ടാൻ ദിവ്യങ്ങളായ തീത്ഥങ്ങളിലും മുഴ
കിനാൻ അവിടെ നിന്നു നെരെ കിഴക്കൊട്ടിറങ്ങീട്ടു ഭുവനപ്രസിദ്ധ
യാമുല്പലിനിയെ കണ്ടാൻ നൈമിശാരണ്യം കണ്ടാൻ പ്രതിനന്ദയും ക
ണ്ടാൻ വൈമല്യം കലന്നീടുമപരനന്ദ കണ്ടാൻ നല്ല കൌശികീ ഗയാ
ഗംഗയുമാടി പിന്നെ ചൊല്ലെഴുമംഗരാജ്യം വംഗവും കലിംഗവും കണ്ടി
തു മഹാണ്ണവമവിടെ സ്നാനം ചെയ്തു കണ്ടിതു മഹെന്ദ്രമാം പവ്വതം ധന
ഞ്ജയൻ ചൊല്ലെഴും ഗൊദാവരിയാടിനാൻ കാവെരിയും കല്യാണാലയ
മായ രംഗവും വണങ്ങിനാൻ സത്വരം മണലൂരമാകിയ പുരി പുക്കു ചി
ത്രവാഹനനായ രാജാവു തന്നെ കണ്ടാൻ അവനു ചിത്രാംഗദയെന്നൊ
രു മകളുമുണ്ടവളെ വെട്ടുകൊണ്ടാനവിടെയിരുന്നനാൾ അപ്പുരിത
ന്നിൽനിന്നു കെൽപ്പൊടെ പുറപ്പെട്ടാനപ്പൊഴെ പഞ്ചതീത്ഥമാടിയാൻ
പെടി നീക്കി അത്ഭുതാംഗികളായ നാലു ദാസികളൊടു മപ്സരസ്ത്രീയാ
യൊരു വന്ദയുമൊരു ശാപാൽ നക്രരൂപിണികളായ്യതീത്ഥങ്ങളിലും
പുക്കു പൊഷ്കയാലാരും തീത്ഥങ്ങളാടുമാറില്ലുഗ്രവെഗെന ഭക്ഷിച്ചീടുമെ
ന്നുള്ള ഭയാൽ എന്നതു കെട്ടു പാത്ഥൻ ലൊകൊപകാരാത്ഥമായ്പഞ്ചതീത്ഥ
ങ്ങളിലും കുളിച്ചു തപ്പിച്ചിതു പഞ്ചനക്രങ്ങളെയും പഞ്ചതാം ചെയ്താനെ
ല്ലൊ വന്ദെക്കും സഖിമാക്കും ശാപമൊക്ഷവും വന്നു വന്ദിച്ചു പാണ്ഡ
വനെ സ്തുതിച്ചു പൊയാരെല്ലൊ പിന്നെയും ചിത്രാംഗദ തന്നെക്കാണ്മാ

തിന്നായി ച്ചെന്നിതുമണലൂരപുരിയിൽ ചിത്രപുത്രൻ വിക്രമംകലൎന്നവ
ളൊടുചെൎന്നിരിക്കുംനാൾ ബഭ്രുവാഹനനെന്നൊരൎഭകനുണ്ടായ്പിന്നു
പശ്ചിമസമുദ്രതീരത്തുകൂടവൻപിന്നെ സപുണ്യമാംപ്രഭാസതീൎത്ഥത്തിം
കൽചെന്നുപുക്കാൻ യാദവനായഗദൻപറഞ്ഞുകെട്ടാനന്നു മാധവ
ഭഗിനിയാംസുഭദ്രാഗുണമെല്ലാം പണ്ഡിതനായപാണ്ഡുനന്ദനനവ
ൾമൂലംമന്മഥിതനായിക്കുണ്ഡിയാത്രിദണ്ഡിയുമായാൻ - അക്ഷമാ
ല്യാംഗുലീയയൊഗദാരപ്പവഹി ച്ചക്ഷികളിളകാതെമൃദ്യമാംധ്യാന
ത്തൊടും പ്രക്ഷേശനായവടകൊടരച്ഛായതംകൽ പുക്കിതുലക്ഷ്മീപതി
യാകിയവാസുദെവൻ പുഷ്കരനെത്രൻതന്നെച്ചിന്തിച്ചുചിലദിനം
പുഷ്കരവിശിഖനുംപുക്കിതുസന്നദ്ധനായി അവ്യയൻനാരായണ
നവ്യക്തനതുകാലം ദിവ്യജ്ഞാനെനകണ്ടുസവ്യസാചിയെയപ്പൊൾ
സത്യഭാമയുമായിതത്രചെന്നീടുന്നെരം സുപ്തനായ്ക്കിടക്കുന്നഭക്തനെ
ക്കണ്ടുകൃഷ്ണൻ ആനന്ദവിവശനായെററവുംചിരിച്ചപ്പൊൾ മാനി
നീസത്യഭാമാചൊദിച്ചാളതിന്മൂലം "അത്യൎത്ഥംചിരിച്ചതിന്നെന്തുകാര
ണംനാഥ സത്യമെന്നൊടുപറഞ്ഞീടെണമെന്നീവണ്ണം" സത്യഭാമൊ
ക്തികെട്ടുഭഗവാൻപത്മെക്ഷണൻ സത്യപൂരുഷൻസകലെശ്വരന
സനാതനൻ സത്യമായുള്ളവൃത്തമവളൊടരുൾചെയ്തു സത്യഭാമക്കു
മെററമാനന്ദംവന്നിതപ്പൊൾ പുണ്യവാനെയുമുണൎത്തീടിനാൻജഗ
ന്നാഥ നന്യൊന്യംകണ്ടുഗാഢാശ്ലെഷവുംചെയ്തുപിന്നെ രൈവത visits Krishn
കാദ്ര്യാചലംപുക്കിതുവസിപ്പാനാ ദ്ദൈവതസഹായനായ്മരുത്തുവി
ജയനും പിന്നെപ്പൊയിദ്വാരവതീപുക്കിതുഭഗവാനും വന്നീടുംമനൊര
ഥമെന്നായികിരീടിക്കും അക്കാലംരൈവതകമായപൎവ്വതത്തിംകൽ
ചൊൽക്കൊണ്ടമഹൊത്സവംകല്പിച്ചുവാസുദെവൻ ഭൊജവൃഷ്ണ്യന്ധ
കന്മാരൊക്കവെച്ചെന്നൊരുമിച്ചു ഭൊജനാദികൾമഹാദാനങ്ങളാപൂരിച്ചു
വാദിത്രാദികൾനാദമെററവുമാഘൊഷിച്ചു മൊദത്തൊടെരൊരൊദിവ്യ
മെളങ്ങൾമെളിപ്പിച്ചു വൃക്ഷാഗ്രംതൊറുംദീപംവെച്ചൊക്കജ്വലിപ്പി
ച്ചു പുഷ്കരാക്ഷികൾകൊപ്പിട്ടെററവുംഫലിപ്പിച്ചു രെവതിയൊടുംകൂ
ടക്ഷീബനാംബലഭദ്രൻ സെവകന്മാരുമായിച്ചമഞ്ഞുവന്നീടിനാ
ൻ ഉഗ്രസെനനുംനാരീസഹസ്രസഹിതനാ യഗ്രെവന്നിതുചതുരം
ഗവാഹിനിയൊടും പ്രദ്യുമ്നൻസാംബൻപുനരക്രൂരൻസാരണനും
സത്യകൻസഹാവരൻസാത്യകിഭംഗകരൻ ചാരുദെഷ്ണനുംപൃഥുവി
പൃഥുകൃതവൎമ്മാ വീരനാംവിഡൂരഥൻനിശഠൻഭാനുഗദൻ മറുമി
ങ്ങിനെയുള്ളവീരന്മാരൊക്കത്തക്ക പുക്കിതുപുഷ്കരാക്ഷനുത്സവംപാലി
പ്പാനാ യ്സന്ന്യാസവെഷംപൂണ്ടധന്യനാംപാൎത്ഥനൊടും സന്നായുധ

w. his sister Subhadra

വം കണ്ടു നടന്നീടിന നേരം കന്യകാ സുഭദ്രയും തന്റെ സഖീമദ്ധ്യെ
മിന്നലെന്നതുപൊലെ കാണായി സന്ന്യാസിക്കും തന്നെത്താൻ മറന്നി
തു സന്ന്യാസി കന്യകയാൽ പിന്നെയുണ്ടായ കുഴപ്പങ്ങൾ ഞാനെന്തു ചൊ
ല്ലു വാസുദെവനുമുപദെശിച്ചാനുപായങ്ങൾ വാസവതനയനുമവ്വ
ണ്ണമാരംഭിച്ചാൻ ഉത്സവം കഴിഞ്ഞപ്പൊൾ വൃഷ്ണികളെല്ലാവരും സ
ന്ന്യാസിവന്ദനം ചെയ്തൊക്കവെ പുറപ്പെട്ടാർ സുഭദ്രതാനും പിന്നെ രൈ
വതകാദ്രീന്ദ്രനെ സുഭക്ത്യാ വലത്തുവെച്ചു ചുറ്റിച്ചു വന്ദിച്ചുടൻ ദൈവ
തദ്ദെവെന്ദ്രന്മാരെയും വണങ്ങീട്ടു "നൈകവരെണമെ മമകാംക്ഷിതമെ"
ന്നു നണ്ണി ശ്രീമദ്ദ്വാരകാപുരിപൂവാനായ്പുറപ്പെട്ടാൾ ഭീമസെനാനു
ജനും പുക്കിതു മദ്ധ്യെമാർഗ്ഗം ഭദ്രയാം സുഭദ്രയെ ചിന്തിച്ചു ചിന്തിച്ചവൻ
നിദ്രയും വെടിഞ്ഞു പൊയ്ദിവ്യം ഗവതടെ രമ്യകാനനദെശെ നിർമ്മല
ശിലാതലെ മന്മഥവിവശനാത്മജാനുജൻ പുക്കാൻ അർജ്ജുനനസാ
ലതാലബകുളതമാലങ്ങൾ ഉശകണ്ണങ്ങൾ ചെമ്പകാശൊകപുന്നാഗ
ങ്ങൾ കെതകപാടലങ്ങൾ കർണ്ണികാരങ്ങൾ നല്ല ചൂതങ്ങളും കൊലങ്ങ
ളതിമുക്തകങ്ങളും ഇത്യാദിവൃക്ഷങ്ങൾ കൊണ്ടെത്രയും മനൊജ്ഞമാം സ്ഥ
ലെ വസിക്കുന്ന സന്ന്യാസി തന്നെക്കണ്ടു പൊകുന്ന വൃഷ്ണിവീര
ന്മാരൊടു പറഞ്ഞിതു സാകം നമ്മൊടു മത്രനിങ്ങൾ ചെററിരിക്കെണം
രെവതീരമണനും സാംബനും പ്രദ്യുമ്നനും സാരണൻ കൃതവർമ്മാ ചാരു
ദെഷ്ണനും ഗദൻ ഭാനുവും വിഡൂരഥൻ നിശഠൻ വിപൃഥുവും പൃഥുവുമി
ത്യാദികളാകിയ വൃഷ്ണികളും യദുവീരന്മാരുമായ്സന്ന്യാസി തന്നെക്കണ്ടു കൌ
തുകം പൂണ്ടു നമസ്കരിച്ചു ഭക്തിയൊടെ മൃദുപല്ലവങ്ങളിലിരുന്നാരെല്ലാ
വരും കുശലപ്രശ്നങ്ങളും ചെയ്തിതു സന്ന്യാസിയും കുശലമെത്രയെ
ന്നു പറഞ്ഞു മുസലിയും "എങ്ങളെക്കുറിച്ചേററം കാരുണ്യമുണ്ടാകെണമെ
ന്നു നിന്നെഴുന്നെള്ളത്തെന്നതും കെട്ടീടെണം നിന്തിരുവടി കണ്ട പുണ്യ
ദെശങ്ങളെല്ലാമന്തരം കൂടാതെ കണ്ടരുളിച്ചെയ്തീടെണം" ക്ഷെത്രങ്ങ
ൾ പർവ്വതങ്ങൾ വനങ്ങൾ നദികളും തീർത്ഥങ്ങൾ ദിഗന്താന്തരഭെദങ്ങളൊ
ക്കെച്ചൊന്നാൻ മൊക്ഷധർമ്മങ്ങളെല്ലാമാഖ്യാനം ചെയ്താനിവൻ സാ
ക്ഷാൽ ജ്ഞാനാർത്ഥിഭിക്ഷുമുമുക്ഷുശ്രെഷ്ഠനെന്നാർ "സന്ന്യാസിക്കുപ
ദ്രവം കൂടാതെ വസിപ്പതിന്നു നാമൊരു നിലം കല്പിച്ചീടുകവെണം"
എന്നു വൃഷ്ണികൾ ബലനൊടു ചൊല്ലിയ നെരം മന്നിതു വസുദെവന
ന്ദനൻ നാരായണൻ പെരികസ്സന്തൊഷിച്ചു ബലഭദ്രരും ചൊന്നാൻ
"മതികക്കണ്ണവരികാനും ചൊല്ലെണമിപ്പൊൾ ദിവ്യനായിരിപ്പൊ
രു സന്ന്യാസിവരനിവൻ നിർവ്യാജം സെവിക്കെണമിവനെ നാമെ
ല്ലാരും ഇവിടെ ചാതുർമ്മാസ്യമിരിപ്പാനൊരു നീച മെവിടം നല്ലതെ

നുചിന്തിച്ചുചൊല്ലേണംനീ നിന്തിരുവടികളുള്ളിൽതെളിഞ്ഞദേശം
തന്നെ സന്തോഷംമറ്റെല്ലാൎക്കുമെന്തതുവിചാരിപ്പാൻ" അന്തണ്മോരെ
നവ്വണ്ണംനുജൻതന്നെനൊക്കി ച്ചിന്തിച്ചുകാമപാലൻകൃഷ്ണനൊ
ടരുൾചെയ്തു "ആരാമത്തിംകലതികൊമളലതാഗൃഹെ ധീരന്മാംസന്ന്യാ
സിക്കുവസിപ്പാൻസുഖമുള്ള ഭൊജനത്തിനുകന്ന്യാഗൃഹമുണ്ടെട്ടത്ത
ന്നാൽ ഭൊജനമാക്കനുവാദംനീകൂടകല്പിക്കുംപൊൾ" ബലദെവൊക്തി
കെട്ടുപറഞ്ഞുമാധവനും "ബലവാനിവനതിസുന്ദരൻവാഗ്മിയുവാക
ന്യകാപുരസമീപത്തിംകലാക്കീട്ടുവാ നിന്നിവൻയൊഗ്യനല്ലെന്നെ
ന്നുടെമതംപിന്നെ ശാസ്ത്രജ്ഞൻഗുരുധൎമ്മജ്ഞൊത്തമൻനെതാവായ
ശാസ്ത്രാനിന്തിരുവടിഞങ്ങൾക്കിന്നെല്ലാവൎക്കും ഭവതാസമുക്തമായ
തിനെവിരൊധിപ്പാ നിവിടെമറ്റാരുമില്ലിരുപൊന്നിട്ടുപിന്നെ ചി
ന്തിച്ചാൽശുഭാശുഭമറിവാനൊരുത്തരും നിന്തിരുവടിക്കനെരില്ലെന്നു
ധരിക്കേണം" ഇത്തരംകൃഷ്ണവാക്യംകെട്ടുരാമനുംചൊന്നാൻ "സത്യവാ
ൻജിതെന്ദ്രിയൻധൃതിമാൻവിനയവാൻ ഉത്തമനായഭിക്ഷുവിദ്വാ
നെത്രയുമിവൻ ഭക്ത്യാനീകൂട്ടിക്കൊണ്ടുപൊകെണംകന്ന്യാഗൃഹെ ഭദ്ര
യാംസുഭദ്രയൊടിങ്ങിനെപറയെണം ഭദ്രനായിരിപ്പൊരുസന്ന്യാസി
പ്രവരനു ഭക്ഷ്യങ്ങൾഭൊജ്യങ്ങളുംപെയങ്ങളിവയെല്ലാം നിത്യവും
ശിക്ഷയൊടെഭിക്ഷയിട്ടീടവെണം മത്സൊദരതയൊടുഞാൻചൊന്നതെ
ന്നുചൊൽക" കൊമളനായകൃഷ്ണനങ്ങിനെതന്നെ" യെന്നു കാമപാല
നാജ്ഞയുംകൈക്കൊണ്ടുവഴിപൊലെ സന്ന്യാസിയായപാൎത്ഥൻതന്നു
ടെകയ്യുംപിടിച്ചുന്നകൌതൂഹലംപൂണ്ടുതൻഗൃഹംപുക്കാൻ — രുഗ്മി
ണിയൊടുംസത്യഭാമയാംകാന്തയൊടുംപത്മലൊചനൻപരമാൎത്ഥമു
റിയിച്ചാൻ പാൎത്ഥനാഗതനായവാൎത്തകെട്ടവൎകളുംപൂൎത്തിയാംമനൊ
രഥമെന്നുസന്തൊഷംപൂണ്ടാർ സന്ന്യാസിയൊടുംകൂടികന്ന്യകാഗൃഹം
പുക്കു ധന്യയാംഭഗിനിയൊടിവണ്ണമരുൾചെയ്തു "ഭദ്രയാംസുഭദ്രെകെ
ളാശ്വൻറനിയൊഗംനീ ഭദ്രനായിരിപ്പൊരുസന്ന്യാസിവരനിവൻ
ഭക്ഷ്യഭൊജ്യാദികളാംഭിക്ഷനൽകീടവെണം ഭിക്ഷുവിന്നനുഗ്രഹം
സിദ്ധിപ്പാൻനമുക്കെല്ലാം നിത്യവുംഭിക്ഷുവശവൎത്തിനിയാകവെ
ണം സിദ്ധിക്കുമഭിമതമെന്നാൽനിശ്ചയംപൊലെ മുന്നംവന്നിതുപി
ലസന്ന്യാസിവരരവ രിന്നിപ്പൊൾദാശാൎഹൻതൻപുത്രികളായുണ്ടാ
യ കന്ന്യകാഗൃഹങ്ങളിലിരുന്നീട്ടുനമ്പൊലെ നന്നായിശുശ്രൂഷി
ച്ചീടുന്നിതുഭക്ത്യാനിത്യം" എന്നെല്ലാംബൊധിപ്പിച്ചുമാധവനെഴുന്നെ
ള്ളി സന്ന്യാസികന്ന്യാഗൃഹംതന്നിലുംപുക്കാനെല്ലാ രമ്യഗാത്രിയെ
കണ്ടുമന്മഥവിവശനാ [illegible] സഹൊദരനെത്രയുംതാപംപൂണ്ടാൻ

നിദ്രയുമില്ലപുനരശനമില്ലെന്നുവന്നു   നിത്യവുംധ്യാനത്തിന്നനി
ഷ്ഠയുമുണ്ടായ്വന്നു   മറെറാരുചിന്തയുമില്ലററവരിലുംകൂട   മററുമ
സ്സുഭദ്രയിലെന്നിയെനക്തന്ദിവം   ആളികളൊടുംകൂടികെളികൾ
കൊള്ളുംപൊഴും   പ്രീത്യാദിമനൊഹരഭാവങ്ങൾകാണുംപൊഴും   പ
ന്താട്ടുന്നതുകണ്ടുംപംപരക്കിളികണ്ടും   ചിന്തുകൾപാടുന്നതുംചന്തമായാ
ട്ടുന്നതും   ചാതുൎയ്യംകണ്ടുംവെണുവീണാദികളിൽശീല   മാധുൎയ്യംക
ണ്ടുംഭാവഗാംഭീൎയ്യംകണ്ടുംനെത്ര   ചാതുൎയ്യംകണ്ടുംചെതൊവൈധുൎയ്യം
കണ്ടുംമാരവൈകാൎയ്യംകണ്ടുംവാഞ്ഛാസൌന്ദൎയ്യംകണ്ടുംവെഷസൌ
കുമാൎയ്യംകണ്ടുതല്ലാവണ്യംകണ്ടുംവൃത്തി ദാക്ഷിണ്യംകണ്ടുമുള്ളിൽകാരു
ണ്യംകണ്ടുനല്ല   താരുണ്യംകണ്ടുംസ്മിതഭാഷിതംകെട്ടുഭാവവൈവൎണ്യം
കലൎന്നിതുസവ്യസാചിക്കുമെന്നൊരുമാധവഭഗിനിക്കുംശൈശവത്തി
ങ്കൽതന്നെ മാധവസഖിയായഫല്ഗുനഗുണങ്ങൾകെട്ടാദരവൊടു
മന്മഥാതുരയായാളെല്ലൊ കണ്ടവർപറഞ്ഞുകെട്ടൎജ്ജുനരൂപഗുണം ക
ണ്ടതുപൊലെതന്നെയുണ്ടല്ലൊസുഭദ്രെക്കും രണ്ടുകൈകൾക്കുമുണ്ടുതൊ
ൻതഴംപതുകണ്ടു മുണ്ടായിസന്ന്യാസിയിൽകൌതുകംദിനംതൊറുംചി
ന്തിച്ചുചിന്തിച്ചുള്ളിൽസംശയംമുഴക്കയാൽ   പന്തൊക്കുംമുലയാളാം
മാധവിയൊരുദിനം മൃഷ്ടഭൊജനംകഴിഞ്ഞിഷ്ടമൊടിരിക്കുംപൊൾപു
ഷ്ടകൌതുകത്തൊടുംമട്ടൊലുംമൊഴിയാളും   തുഷ്ടനായിരിപ്പൊരുശിഷ്ട
നാംയതിയൊടു കഷ്ടമെന്നിരിക്കിലുംമട്ടലൎബാണൻചൊല്ലാൽ പ
ട്ടൊത്തമുലകളുംദൃഷ്ടിയുംകവാടംകൊ   ണ്ടൊട്ടൊട്ടുമറച്ചിട്ടുനിന്നവൾ
വിചാരിച്ചാൾ   „ചെറുതുപറയുംപൊളറിയാമെല്ലൊപക്ഷെ   ചെറു
തെചിലചൊദ്യംചെയ്യുന്നതെന്നതെവക്രു ഭഗവൻപ്രസീദമെഭഗവൻ
പ്രസീദമെ   സുകൃതമെല്ലാമമഭവത്സംഗമമിപ്പൊൾ   ശൈശവം
കൊണ്ടുചിലകൌതുകമുണ്ടാകയാൽ വൈശിഷ്ട്യമെറുംഭവാനൊടുഞാ
ൻചൊദിക്കുന്നു ദെശങ്ങൾസരിത്തുകൾശൈലങ്ങൾ സരസ്സുകൾ
ഗ്രാമങ്ങൾനാനാജനപദങ്ങൾനഗരങ്ങൾരാജ്യങ്ങളരണ്യങ്ങളെന്നി
വയെല്ലാമൊക്ക പൂജ്യനാംഭവാൻതാനൊന്നടന്നുകണ്ടുവെല്ലൊ ഭൊ
ജ്യങ്ങളിന്നദിക്കിലിന്നവയെന്നുംപിന്നെ ത്യാജ്യങ്ങളിന്നദിക്കിലിന്ന
വയെന്നുമെല്ലാം അരുളിച്ചെയ്തീടെണമറിവാൻതക്കവണ്ണമരുണാ
ധരിമന്ദമിവണ്ണംചൊദിച്ചപ്പൊൾ   അരുണെതരകുലജാതനാകിയ
പാൎത്ഥൻ കരുണാരസപരവശമാനസനായെ സന്തൊഷബഹുമാ
നസ്നെഹകൌതുകരാഗ മന്ദാക്ഷവാത്സല്യാനന്ദാകുലദയാരസ   പ്ര
ണയാസുഖപരമാസ്തിക്യമൊടുചൊന്നാൻ ഗുണശാലിനിയൊടുസ
കലവൃത്താന്തവുംഅന്യൊന്യസല്ലാപവുംചെയ്യുമെവീടന്നെരമന്ന്യൊ

ന്ന്യ കൌതുഹലംപൂണ്ടുപുഞ്ചിരികൊണ്ടു സന്ന്യാസിതന്നെനൊക്കിപി
ന്നെയുംസുഭദ്രയാം കന്യകസംഗൽഗദംമെല്ലവെചൊല്ലീടിനാൾ „ അ
ന്ന്യായമല്ലെരഹസ്സല്ലാപംനമ്മിൽഭവാൻ ധന്ന്യനാകയാലതുംയൊഗ്യ
മെന്നതെവരു അന്ന്യമായിരിപ്പൊരുവൃത്താന്തംചൊദിക്കുന്നു ഞ്ഞ
ന്നൊടുപരമാൎത്ഥമരുളിച്ചെയ്യീടെണം ഖാണ്ഡവപ്രസ്ഥത്തിംകലെഴ
നെള്ളിയൊമമ പാണ്ഡവമാതാവായകുന്തിയെയുണ്ടൊകണ്ടു എ
ന്നുടെപിതൃഷ്വസാവാകുന്നതറിഞ്ഞിതൊ മന്നവൻയുധിഷ്ഠിരൻത
ന്നെയുമുണ്ടൊകണ്ടു സൊദരന്മാരുമായിസൈ്വരമാഴ്വാഴന്നൊ നൊ
വാതനന്ദനനായഭീമനുസുഖമല്ലി ഫൽഗുനനപരാധംപൊക്കുവാൻ
തീൎത്ഥത്തിനു നിൎഗ്ഗമിച്ചിരിക്കുന്നിതെന്നൊരൊകെട്ടതെല്ലൊ ഇക്കാല
മെതുദിക്കിൽസഞ്ചരിക്കുന്നിതവൻ ദുഃഖിപ്പാൻപാത്രമല്ലടാഗ്യവാ
നെല്ലൊപാൎത്ഥൻ അവനെയുണ്ടൊകണ്ടുകെട്ടിതൊവിശെഷങ്ങൾ „
വിവശഭാവത്തൊടുമിവണ്ണംചൊദിച്ചപ്പൊൾ അവളൊടുരചെയ്തുമ
ന്ദഹാസവുംപൂണ്ടു പവനാത്മജസഹൊദരനാംവിജയനും „ ആൎയ്യയാം
കുന്തികുരുക്ഷെത്രത്തിംകലുതത്ര സൈ്വരക്കെടില്ലവിശെഷിച്ചെതു
മെന്നുകെട്ടു ധൎമ്മജന്മാവുമനുജന്മാരുമിന്ദ്രപ്രസ്ഥം ധൎമ്മെണപരി
പാലിച്ചിരിക്കുന്നിതുബാലെ ഭ്രാതാക്കന്മാരുംകുന്തിയാകിയ ജനനിയു
മെതുമെധരിച്ചതില്ലൎജ്ജുനവിശെഷങ്ങൾ ബാലികെഞൊനിന്നൊ
രുകിംവദന്തിയുംകെട്ടെൻ കാലംവൈകാതെപരമാൎത്ഥവുമറിഞ്ഞിടാം
രഹസ്യംചൊല്ലീടരുതംഗനാമാരൊടെന്ന മഹൽസംവാദമെന്നാകി
ലുംഞൊൻചൊല്ലീടുവൻ ദ്വാരകാപുരിതന്നിൽ സന്ന്യാസവെഷംപൂ
ണ്ടു മാരമാൽകലൎന്നിരിക്കുന്നിതുധനഞ്ജയൻ കൃഷ്ണസൊദരിയായ
സുഭദ്രതന്നിലതി തൃഷ്ണപൂണ്ടിരിക്കുന്നൊനൎജ്ജുനനെന്നുകെട്ടുമന്ദാക്ഷ
ഭാവംകൊണ്ടുംപ്രെമാനുരാഗംകൊണ്ടും സുന്ദരീസുഭദ്രയുംകുംപിട്ടാള
പ്പൊൾതന്നെ കാൽവിരൽകൊണ്ടുഭുവിവരച്ചുവരച്ചുടൻ കൊൾമയി
ൎക്കൊണ്ടുചെറുവിറച്ചുവിറച്ചെവം നിൽക്കുന്നസുഭദ്രയിൽചെല്ലുന്ന
ചിത്തംതന്നെ നിൽക്കെന്നുവിലക്കീട്ടുപിന്നെയുംചൊന്നാൻപാൎത്ഥ
ൻ „ ഞൊൻതന്നെധനഞ്ജയനാകുന്നതറികനീ താൻതന്നെവരിക്കെ
ണമെന്നെയെന്നറിഞ്ഞാലും „ പിന്നെപ്പൊയിലതാഗ്രഹംപുക്കിതുധ
നഞ്ജയൻ കന്യകാസുഭദ്രയുംമന്മഥാതുരയായാൾ ശില്പമായിരിപ്പൊ
രുപുഷ്പതല്പത്തിന്മെൽചെ ന്നത്ഭുതാംഗിയുംവീണുമൊഹിച്ചാളതുനെ
രംകന്യകാഗൃഹത്തിംകലുണ്ടായവൃത്താന്തങ്ങളുണ്ണ്ടാജനെത്രൻദിവ്യം
ചക്ഷുസ്സുകൊണ്ടുകണ്ടാൻ പത്മസംഭവയാകുംവിദൎഭപുത്രിയായരു
ക്മിണീതന്നെനിയൊഗിച്ചിതുഭഗവാനും ഭിക്ഷുവിൻഭിക്ഷാൎത്ഥമാ

യന്നുതൊട്ടജ്ജനനും   ഭക്ഷ്യഭൊജ്യാദികളിൽവൈരാഗ്യമുണ്ടായ്വന്നു
സ്വാസ്ഥ്യമല്ലാതെവന്നുഭദ്രയാംസുഭദ്രയു മെത്രയുംകൃശാംഗിയായ്വിവ
ർണ്ണവദനയായ്ശ്ശോകചിന്താധികൊണ്ടുനിശ്വാസമുണ്ടാകയും ഭൊഗ
സാധനങ്ങളിൽവൈമുഖ്യമെറുകയും രാപ്പകൽകിടക്കുന്നപൊഴുതും
വാൎത്തുവാൎത്തു കൊപ്പുകൾകണ്ടുമകളൊടുദെവകിചൊന്നാൾ ദുഃഖി
ക്കവെണ്ടബാലെകൈക്കൊൾകംചെയ്യുമിപ്പൊൾ ഉൾക്കാംപിൽനി
നച്ചവയൊക്കവെസാധിപ്പിപ്പൻ രാമകൃഷ്ണന്മാരൊടുംതൊൻപറ
ഞ്ഞിനിനിന്റെ കാമത്തെവരുത്തുവനില്ലസംശയമെതും" ഇത്തരംപ
റഞ്ഞവൾദുഃഖവുമൊട്ടുപൊക്കിസ്ത്വരംവസുദെവരൊടുദെവകിചൊ
ന്നാൾ വസുദെവനുംപുനരാഹുകനക്രൂരനും വസുദെവാത്മജനാം
കൃഷ്ണനുമൊരുമിച്ചു ഉഗ്രസെനനുംശിനിഗദനുമൊരുമിച്ചു രുഗ്മിണീ
സത്യഭാമാരൊഹിണീദെവകീയും ഒന്നിച്ചുപുരൊഹിതൻതന്നെയും
Marriage കൂട്ടിക്കൊണ്ടു നന്നായിനിരൂപിച്ചുകല്പിച്ചുവിവാഹവും ഉദ്ധവർതാ
നുംബലഭദ്രരുമറിയാതെ സത്വരംകഴിക്കെണമതിനുണ്ടുപായവുംഅ
ന്തകാന്തകൻതനിക്കുത്സവമുണ്ടാക്കെണമന്തൎദ്വീപത്തിംകൽനാം നാ
ലാന്നാൾപൊകവെണം പുത്രമിത്രാദികളുത്തങ്ങളൊടൊരുമിച്ചുമിത്ര
മാസ്സാതുവൃന്ദത്തൊടെപൊകയുംവെണം പുഷ്പബാണാരിതനിക്ക
ളുതമഹൊത്സവം മുപ്പത്തുനാലുദിവസത്തിനുവെണംതാനും" കൃഷ്ണ
രാമാക്രൂരപ്രദ്യുമ്നസാത്യകമുഖ്യ വൃഷ്ണികളൊക്കത്തക്കവിക്രമത്തൊടുംകൂടി
തൊണികൾചങ്ങാടങ്ങൾവഞ്ചികൾപടവുക ളാണുപൊകാതവളൎ
കപ്പലുംപലതരം ആയതമിഴിമാരുമായുധശാലങ്ങളു മാവൊളമുപകര
ണങ്ങളുംദാസന്മാരും പൊവാനായൊരുമിച്ചനെരത്തുസുഭദ്രയും ദെവ
കീസുതനൊടുമെല്ലവെചൊല്ലീടിനാൾ "ദ്വാദശദിനംചെന്നുസന്യാ
സിവന്നിട്ടിപ്പൊൾ ഭ്രാതാവെവെണ്ടതുഞാനെന്തുൾചെയ്യീടെണം"
പ്രീതിയുംവിനയവുംഭക്തിയുംവിശ്വാസവും ഭീതിയുംകൗതുകവുംലജ്ജ
യുംപൂണ്ടുനിൽക്കും സൊദരിതന്നെനൊക്കിമന്ദഹാസവുംചെയ്തു സാ
ദരമരുൾചെയ്തുമാധവൻതിരുവടി "എന്തൊന്നുസന്യാസിതൻചിന്തി
തമെന്നാലതി ന്നന്തരംവരാതെനീവശയായ്വൎത്തിക്കെണം ഇനിക്കും
സന്യാസിക്കുമിക്കണ്ടബന്ധുക്കൾക്കും നിനക്കുംകല്യാണമാസ്ഥരുമെ
ന്നറികനീ സന്യാസിവരനിവനെന്നറിഞ്ഞീലെനീയും ചെന്നിനി
ശുശ്രൂഷിച്ചീടെ"ന്നയച്ചിതുകൃഷ്ണൻ ചിത്രമാല്യാനുലെപനാംബരാഭ
രണങ്ങ ളെത്രയുംവളരസ്സംഭരിച്ചുയദുക്കളും വിളിച്ചുപാഞ്ചജന്യംഭഗ
വാനുമന്നെരം കളിച്ചുവിളിച്ചൊക്കപ്പുളച്ചുപുറപ്പെട്ടാർഒളിച്ചുകൊണ്ടു
പൊവാനുറച്ചുകിരീടിയും മുളച്ചമനൊരഥംഫലിച്ചുസുഭദ്രക്കുംവില്ല

ഷ്ടന്നെവെറെവിളിച്ചുകൊണ്ടുമധു രിപുതന്നാജ്ഞയാ മഖിലമതും
ചെയ്തു പരിപാലിച്ചുകൊൾകരാജ്യംനീവഴിപൊലെ വരുവൻവൈ
കാതെഞാനെങ്കിലത്രിനെയ്യന്നാസ് കൃഷ്ണനെപ്പുരസ്കരിച്ചൊക്ക
വെപുറപ്പെട്ടാർവൃഷ്ണികൾമഹൊത്സവംപാലിപ്പാനതുകാലം സുഭദ്ര
തന്നെമെല്ലെവിളിച്ചുചൊന്നാൻപാൎത്ഥൻ സുഭദ്രംഭവിക്കെണംനമു
ക്കമിനിപൊലെ ജനകൻഭ്രാതാമാതാമാതുലൻപിതൃഭ്രാതാഗുരുവെ
ന്നെവംകന്യാദാനകൎത്തൃക്രമം നിന്നുടെപിത്രാദികൾപുത്രമിത്രാദി
യൊടുമങ്ങ്വമദ്ധ്യെമെവുമന്തൎദ്വീപവുംപുക്കാർ എന്നുടെബന്ധുക്ക
ളുമിവിടെയടുത്തില്ലനിന്നൊടൊന്നുണ്ടുപറയുന്നുഞാനതുമൂലം ഗാന്ധ
ൎവ്വവിവാഹമഞ്ചാമതെത്രയുംമുഖ്യം കാന്തലൊചനെപുനരെതുമെമടി
ക്കെണ്ടാമന്ത്രതന്ത്രങ്ങളെല്ലാമന്യൊന്യരാഗംകൊണ്ടെ സന്ധിക്കുംസ
ന്തതിയുമെന്നെല്ലൊചൊല്ലിമന്വപക്ഷവുംമാസംതിഥികരണമയനവു
മൃക്ഷവുംശ്രീലഗ്നമെന്നിവവെണംതാനും ഉത്തരായണമിപ്പൊൾവൈ
ശാഖമെല്ലൊമാസംഉത്തമാംനക്ഷത്രവുംശുക്ലപക്ഷവുംവന്നു തിഥി
യുംതൃതീയകെൾവാരണെക്കരണവും മധുരാധരീകുലമൌലിമാലികെ
ബാലെമകരമെല്ലൊലഗ്നംപെരികശ്ലിഷ്ടമതും മകരവിലൊചനെമക
നുമുണ്ടാസ്സുതം*അസ്തമിച്ചിതുസൂൎയ്യനടുത്തുമുഹൂൎത്തവു മുത്തരംപറയെ
ണമുത്തമെസുഭദ്രെനീമൌനാനുവാദമൊടെനിന്നിതുസുഭദ്രയും മാന
സെജനകനെദ്ധ്യാനിച്ചകിരീടിയും വന്നിതുശചീദെവിതന്നൊടും
വിണ്ണൊർനാഥൻപിന്നെയുമുള്ളദെവസ്ത്രീകളുമൊക്കവന്നാർ വസി
ഷ്ഠനരുന്ധതീതന്നൊടുംകൂടിവന്നു വസിച്ചുദെവമുനിനാരദൻതാനും
വനുഭഗിനിമനൊരഥമറിഞ്ഞിട്ടെഴുന്നെള്ളി ഭഗവാൻബലഭദ്രരു
മക്കംപുക്കശെഷംദെവകീവസുദെവസത്യകാദികളൊടുംദെവദെവെ
ശനെഴുന്നെള്ളിയൊരനന്തരം കാശ്യപമഹാമുനിഹൊതാവായതുപി
ന്നെകാശ്യപിദെവപ്രൌഢന്മാർപതികൎമ്മംചെയ്യാർ സദസ്യാദിക
ളെല്ലാംനാരദാദികളെല്ലൊതത്രത്തുതരംസുഭദ്രാസ്വയംവരം മംഗല്യ
സ്ത്രീകൾവെണ്ടുംകൎമ്മങ്ങളരുന്ധതി മംഗലദെവതയുംപൌലൊമിദെ
വകീയുംദെവകളൊടുംലൊകപാലന്മാരൊടുംകൂടിദെവെന്ദ്രനഭിഷെകം
ചെയ്തിതുതനയനും ദെവനാരികൾപാട്ടമാട്ടവുംതുടങ്ങിനാർ ദെവദു
ന്ദുഭികളുംഘൊഷിച്ചുനാദംപൂണ്ടു മകുടാംഗദഹാര കുണ്ഡലകടകാദിമ
കനശതമലങ്കരിഞ്ഞാനനവധി ഒരുവൎണ്ണംസ്വയംവരമുണ്ടായി
ട്ടില്ലയെന്നുദെവകൾപൊലുമൊക്കസ്തുതിച്ചുതതുനെരം ദെവദെവെ
ശനായകൃഷ്ണൻറനിയൊഗത്താൽ ദെവെന്ദ്രാദികൾചെന്നു നാക
ലൊകവുംപുക്കാർ തെജനവ്യയൻപരമാനന്ദമൂൎത്തികൃഷ്ണൻ വിജയ

നൊടുമെല്ലെ രഹസി ചൊല്ലീടിനാൻ, ഇരിക്കാമിതുപാൎത്തുരണ്ടുനാളെക്ക
പിന്നെ വരുത്തിത്തരുവൻ ഞാനൊന്നുടെ രഥം തന്നെ സത്വരമന്നുത
ന്നെ ഗമിച്ചീടെന്നാൽ നിന്നൊ ടെത്തുകയില്ലതടുത്തീടുവാനൊരുത്ത
രും പിന്നെ ഞാൻ ബന്ധുക്കളുമായടുത്തൊരുദിന മിന്ദ്രപ്രസ്ഥത്തിങ്ക
ലെക്കാമ്മാറു വന്നീടുവൻ കുന്തീനന്ദനൻ തന്നൊടീവണ്ണമരുളിച്ചെയ്യു
ന്തദ്വീപത്തിന്നെഴുന്നെള്ളിനാൻ ഭഗവാനും ശ്രീരാമൻ തിരുവടി സീത
യൊടെന്നപൊലെ പൌരവൻ സുഭദ്രയൊടൊന്നിച്ചുമരുവിനാൻ
വിംശതിപരന്ദിനമഥചിതയം ചെന്നുതിനി സ്സംശയമില്ലപുറപ്പെട്ടുകവ
സ്ഥിയാതെ വിപ്രഭൊജനം വെണം ശ്രേഷ്ഠമായെന്നു പാൎത്ഥൻ ഉല്പലനെ
ത്രയായ സുഭദ്രയൊടു ചൊന്നാൻ, വിപ്രഭൊജനം നൽകി സുഭ്രുവാം സു
ഭദ്രയും വിഭ്രമത്തൊടെ കൊപ്പിട്ടപ്പൊഴെ പുറപ്പെട്ടാൾ, ഉഗ്രമാം വ്രതസ
മാപ്തിക്കു പൊകെണമതി ന്നുഗ്രസെനന്റെ രഥം വെണമെന്നപെ
ക്ഷിച്ചാൾ രക്ഷികളതു കെട്ടു രഥവും യൊജിപ്പിച്ചു തൽക്ഷണെ നൽകി
ടീനാർ കന്യക താനുമപ്പൊൾ ഭൎത്താവു തന്റെ മുമ്പിൽ നിൎത്തിനാൾ മ
ഹാരഥം വന്ദ്യന്മാരാന്നൃപലധനദാനവും ചെയ്യുന്നന്നാ ക്ഷ്വെളിച്ചീടെ
ണം തെരിന്നിനിക്ക സുഭദ്രെ ഞാ നൊളിച്ചുകൊണ്ടുപൊയിതെന്നതുമ
രുതെല്ലാ വിളിച്ചുപറയെണം വിപൃഥനൊടു ഞാൻ കളിച്ചു യുദ്ധം
ചെയ്യുന്നതു നീ കണ്ടുകൊൾക, മാധവീ മന്ദസ്മിതം ചെയ്തുകൊപിട്ടുനിന്നു
മാധുൎയ്യതരവാചാ വാസവിയൊടു ചൊന്നാൾ ചെയ്യാലുമാകും വണ്ണം
ജന്യം ഞാൻ പാത്രമെത്രെ ചൈതന്യമെതുമിനിക്കില്ലെന്നൊ നിരൂപി
ച്ചു ബാഹുജവംശം തന്നിലല്ലയൊ പിറന്നു ഞാൻ ബാഹുവീൎയ്യം പാരമു
ണ്ടെല്ലൊ മൽഭ്രാതാക്കൾക്കും ബാഹുലെയൊപമനാം ഭൎത്താവെ ധരാധ
രവാഹനസൂനൊ പാണ്ഡുനന്ദന കുന്തീസുത ഭാഗത്തിൽ സമരസം
യൊഗത്തിനൊത്തവണ്ണം വെഗത്തിൽ കൂട്ടീടുവൻ കാട്ടിക്കൊണ്ടാലും
ശൌൎയ്യം എള്ളൊളമെ കുറയുന്നില്ലിനിക്കപെറിച്ചതെൻ ഭ്രാതാവാകിയ കൃഷ്ണ
ൻ മാധവനറിഞ്ഞാലും മെഘനിൎഘൊഷം പൊലെ തെരുരുൾനാദം കെ
elopement ട്ടു വെഗത്തിലടുത്തിതു പുരപാലന്മാരപ്പൊൾ, മിടുക്കു കാട്ടുന്നവനെവ
നെന്നറിയെണം അടുക്കാവൈകാതെ നാമൊരുമിച്ചൊരത്തക്ക തടു
ക്കാമുമ്പിൽ പുക്കു തിരിച്ചു നടക്കിലൊ പിടിച്ചു കെട്ടികൊൾക പിടക്ക
ഭാവിക്കിലൊ കൊടുക്ക വെട്ടും കുത്തും കടുക്കെന്നിനി എന്നടിച്ചുചെ
ന്നുശരം പൊഴിച്ചാരതു നെരം തടുത്തു ശരങ്ങളാൽ മുറിച്ചു കളഞ്ഞവൻ
പടുതമൊടു ശരം പൊഴിച്ചു തുടങ്ങിനാൻ പ്രാസാദധ്വജസ്തംഭഹ
ൎമ്മ്യഗെഹങ്ങൾതൊറു മാസാരം തുടങ്ങിനാൻ ബാണങ്ങൾ കൊണ്ടു
പാൎത്ഥൻ, ഒക്കയൊന്നിളക്കിനാൻ തൽപുരമതു നെരം പക്ഷീന്ദ്ര

യകൻതാൎക്ഷ്യ സംബുധിയെന്നപൊലെ രൈവതകാദ്രിപാരം
പ്രാപിച്ചുധനഞ്ജയൻ ദൈവതാജ്ഞയാകൂടെ ദെവനായകസു
തൻ വിപൃഥുപൃഥാസുതൻപിറകെചെന്നുവൃഥാ നിട്ടതംവിപാഠങ്ങ
ളുവനുംപ്രയൊഗിച്ചാൻ. അസ്ത്രങ്ങൾവസ്ത്രഫങ്ങളിഷകൾയുഗങ്ങളും
കൃന്തനംചെയ്യാൻദൃഢബന്ധനസൂത്രങ്ങളും ആഭരണാദികളുമായുധ
ജാലങ്ങളും കൊപെനകളഞ്ഞിതുസവ്യസാചിയുമപ്പൊൾ വിധന
ഷ്ക്കന്മാരായിവിരഥന്മാരുമായാർ വിധിയാലാശുവിതകവചന്മാരുമാ
യാർ വാങ്ങിച്ചുപടയെല്ലാംവിപൃഥുപിന്നെച്ചെന്നു പാങ്ങാസ്ത്തിന്നുത
ചെയ്യാൻമാധവനിയൊഗങ്ങൾ "തെരിതുഭഗവാന്റെതാകുന്നതറി
ഞ്ഞാലും പാരാതെഭവാനുനൽകീടുവാനുൾചെയ്യൂ" വാസവതനയ
നുംവന്ദിച്ചുവാങ്ങിക്കൊണ്ടു വാസുദെവന്റെരഥെരിലാമ്മാറുകരെറി
നാൻ. പാൎത്ഥവിക്രമംചെന്നുതൊററവരറിയിച്ചാർ പാഞ്ഞൊരുസഭാ
പാലൻഭെരിയുമടിപ്പിച്ചാൻ വൻചിച്ചപെരുംപറനാദത്തെകെട്ട
നെരം വൻപരാംവൃഷ്ണ്യന്ധകഭൊജന്മാരൊടിവന്നാർ മാധവനവ
രെയുംപറഞ്ഞുപതുപ്പിച്ചാൻമാധവിയൊടുംകൂടിവാസവിതാനുംപൊ
യാൻ രൈവതകവുംപുരൊദ്യാനവുംകടന്നഥ ദിവ്യനാംസവ്യസാ
ചികടന്നാൻഗിരിവ്രജം ഉജ്ജയിനിയുമുപവനങ്ങൾവനങ്ങളും നി
ജ്ജരാലയംതൊൽക്കുമാനൎത്തവിഷയവും സജ്ജനബഹുലമാംദിക്കുക
ൾപലവുംക ണ്ടജ്ജുനൻധെനുമതിയാകിയതീൎത്ഥംകണ്ടു മജ്ജനംചെ
യ്തുത്രപിന്നെയുംനടകൊണ്ടാൻ ദുജ്ജനകുലകാലൻദുഷ്ടതമൊക്കനീ
ക്കി നിജ്ജരവരസുതൻവിജ്ജരചെതസ്സൊടും സജ്യമാംധനുസ്സൊടും
സതപരംപൊകുന്നെരം കണ്ടിതങ്ങശ്വരൊധസരസ്സംധനഞ്ജയൻ
വിണ്ടലർകുലവൈരിപുണ്ഡരീകാക്ഷപ്രിയൻ അമ്പുദമടികൾകണ്ടു
ള്ളതംപൂണ്ടുപാൎത്ഥൻ ചൊൽപ്പൊങ്ങുംകരവതിനദിയുംകടന്നുപൊയ്മ
ലയരാഷ്ട്രങ്ങളുംനിഷധവിഷയവുംപാണ്ഡ്യമാംദെവപഥപുരവുംക
ടന്നുപൊയ്യിന്നിതുദെവാരണ്യംതാംകലെന്നറിഞ്ഞാലും വന്നുസത്
ക്കാരംചെയ്യാർമാമുനിജനങ്ങളും കൌരവവിഷയംപ്രാപിച്ചിതുധ
നഞ്ജയൻ പൌരന്മാരറിഞ്ഞതില്ലട്ടിനമൊരുവരും പുരത്തിനക്രൊ
ശമാത്രമെട്ടുണ്ടൊരുഗൊഷ്ഠം സുരശ്രെഷ്ഠാത്മജനുമവിടെവിശ്രമി
ച്ചാൻ "ബാലികാകുലമൌലിമാലികെസുഭദ്രെഗൊ പാലികാവെഷം
പൂണ്ടുനീയിന്നിരാജ്യംപുക്കു വന്ദിക്കകുന്തിയെയുംപാഞ്ചാലപുത്രിയെ
യും" സുന്ദരഗാത്രിപരീക്ഷാൎത്ഥമാമൊദംപൂണ്ടു ഗൊപാലനാരിയുടെവെ Subh. salutes
ഷംപൂണ്ടവളപ്പൊൾ ഗൊപാലനാരിമാരുമായകംപുക്കനെരം കു Kunti &
ന്തിയെച്ചെന്നുകണ്ടുവന്ദിച്ചാളവർതെറ്റം സന്തൊഷംപൂണ്ടുപൂണ്ടുഗൊ Draupadi as shepherdess

ഢാശ്ലേഷവുംചെയ്യാൾ കൃഷ്ണനിൽഭക്തിപൂണ്ടകൃഷ്ണയുമതുപൊലെ
കൃഷ്ണസൊദരിതന്നിലെത്രയുംപ്രെമംപൂണ്ടാൾ - പാൎത്ഥിവൻധൎമ്മപു
ത്രാദിയാംമഹാജനം പാൎത്ഥവൃത്താന്തപരമാൎത്ഥങ്ങളറിഞ്ഞപ്പൊൾ
ആൎത്തനാലംഗപടയൊടുംചെന്നെതിരെറ്റു ചിൽകല്യാണഘൊഷ
ത്തൊടകംകൊണ്ടശെഷം അന്തിതിന്നാനന്ദിച്ചാരഗ്രജാനുജാദികൾ
തീൎത്ഥയാത്രയുംകഴിഞ്ഞാസ്ഥയാധനഞ്ജയൻ പെട്ടുതൻഗുരുഭൂതന്മാ
രെയുംവണങ്ങിനാൻ മാദ്രിനന്ദനന്മാരുംപാൎത്ഥനെവണങ്ങിനാർ അ
ദ്രാനന്ദത്തൊടുംപുല്കിനാൻകിരീടിയുംപ്രെമമാനസയായപാഞ്ചാ
ലിതനിക്കുള്ളി ലാമയമല്ലംതീൎത്ഥബന്ധുവൎഗ്ഗങ്ങളൊടും നെത്രമൊഹ
നതരഗാത്രിയാംസുഭദ്രയെ പെട്ടമാശ്ലെഷംചെയ്തുസുഖിച്ചുമരുവി
Krishna etc visit the 5 നാൻ - അക്കാലംബലഭദ്രാദിയാംയദുക്കളും പുഷ്കരവിലൊചനനാ
കിയഭഗവാനും സ്ത്രീധനംകൊടുപ്പാനായ്സംബന്ധവന്മാൎക്കദിവ്യസ്ത്രീ
ധനാദികളൊടുംവന്നിതുസന്തൊഷത്താൽ വെറിട്ടുപൊയജീവൻപി
ന്നെയുംവന്നപൊലെ പാരിച്ചമൊദംപൂണ്ടുവെഗത്തൊടെതിരെറ്റാ
ർ - അന്തികെകാണൊയ്യുന്നൊരന്തരാത്മാനംനിത്യം ബന്ധുവാംകൃഷ്ണൻ
തന്നെച്ചിന്തിച്ചവണ്ണംതന്നെ സന്താപമകന്നുള്ളിൽസന്തൊഷംവാ
ച്ചുംവണ്ണം സന്തതാനന്ദംപൂണ്ടുകുന്തീനന്ദനന്മാരും സഹസ്രംരഥങ്ങ
ളുംസഹസ്രംഗജങ്ങളും സഹസ്രംശിബികകൾസഹസ്രംദാസികളും
പ്രീത്യാനൽകിയശെഷംപിന്നെയുംകൊടുത്തിതു ജാത്യശ്വരഥികളും
നൂറിരുപത്തഞ്ചല്ലൊ നിയുതംശീലഗുണമെറിയപശുക്കളും പ്രയു
തംനരന്മാരാൽ ചുമന്നിട്ടുള്ളപൊന്നും ഉത്തമതരമായഭൂഷണംനൂപു
രം മുത്തുമാലകളരത്നങ്ങളായവന്നൂറും പവിഴമാലകളുമായിരമതു
പൊലെ സുവൎണ്ണപാദപീഠങ്ങളുമാസ്തരണങ്ങൾ ദിവ്യങ്ങളായിട്ടു
ള്ളവസ്ത്രകംബളങ്ങളും സൎവ്വവിസ്മയകരംകാഞ്ചനപാത്രങ്ങളും രാമകൃ
ഷ്ണന്മാർമഹാധനത്തൊടുള്ളങ്ങളും സൊമവംശൊത്ഭൂതനാംഭൂമിപാല
നേകി ചൊല്ലെഴുമജാതശത്രു ക്ഷിതിപതിവീര നെല്ലാമെപരിഗ്ര
ഹിച്ചവരെസ്സമ്മാനിച്ചാൻ പാനഭൊജനകളഭാദിഭൊഗങ്ങൾകൊ
ണ്ടുമാനന്ദിച്ചെഴുദിനംകല്യാണഘൊഷത്തൊടും കഴിഞ്ഞൊരനന്തരം രാ
മാദിയദുക്കളു മഴിഞ്ഞുപറഞ്ഞുടൻപൊവാനായ്പുറപ്പെട്ടാർ പരിരംഭ
ണംചെയ്തുഭഗിനിതന്നൊരാമൻ ഭരിച്ചുകൊൾനീയെന്നുപാഞ്ചാലി
യൊടുചൊല്ലി തെളിഞ്ഞുപിതൃഷ്വസാവിനെയുംവണങ്ങിപ്പൊയി
ളുണ്ടുംദ്വാരാവതിപുക്കിതുപടയൊടെ - ഉല്പലവിലൊചനൻചില്ലുമാ
ൽനാരായണനെൻ മുപ്പത്തുനാലുദിനംഫല്ഗുനനൊടുംകൂടി ശക്രപ്ര
സ്ഥത്തിംകൽവാണാനുള്ളിസ്സുഖത്തൊടെ ശക്രനന്ദനൻതാനുമതിനാലു

നന്ദിച്ചാൻ_അഭിമന്യുവിനെയും പെററിതു സുഭദ്രയും ദ്രുപദപുത്രിതാനു
മഞ്ചുമക്കളെപ്പെററാൾ ധൎമ്മജാത്മജൻ പ്രതിവിന്ധ്യനെന്നറിഞ്ഞാലും
ധൎമ്മാത്മാ ഭീമാത്മജനായതു സുതസോമൻ മഹലവത്പുത്രാത്മജൻ ശ്രു
തകൎമ്മാവുതാനും നകുലതനയനാകുന്നതു ശതാനീകൻ സഹദേവന്റെ
പുത്രൻ ശ്രുതസേനനുമെല്ലൊ_ഏകവത്സരം വയസ്സന്തരമുണ്ടത്രെ മിത്ഥ-
എകിനാനഭീഷ്ടദാനങ്ങളും യുധിഷ്ഠിരൻ_സുഭദ്രാവിവാഹവും കഴിഞ്ഞു
ധനഞ്ജയൻ നിബദ്ധാനന്ദം സുഖിച്ചിരുന്നീടിനകാലം ഉഷ്ണകാല
ത്തിൽ വാഴും മാധവനോടും കൂടി നിൎഗ്ഗമിച്ചിതു വനക്രീഡെക്കു വനത്തി
ലും ആളികളോടു ചന്ദ്രന്മാരോടും കൂടി കാളിന്ദിതീരത്തിങ്കൽ കെ
ളിപൂണ്ടിരിക്കുന്നാൾ കൃഷ്ണവൎണ്ണവും ധരിച്ചെത്രയും തെജസ്സോടും കൃഷ്ണ
ന്മാരോടു പറഞ്ഞീടിനാനൊരു വിപ്രൻ; ബ്രാഹ്മണശ്രെഷ്ഠൻ ബഹു
ഭൊക്താവെന്നറികെന്നെ ധാൎമ്മികന്മാർ നിങ്ങളെന്നെ ഊട്ടെവെണ്ടതി
പ്പൊൾ ഒരുനാളുമെ തൃപ്തിവരുമാറില്ല മമ തരുവീരു തൃപ്തിവരുംപൊള
വുമന്നം നിങ്ങൾ "എത്രചൊറുണ്ണാമെന്നാലത്ര ചൊറുണ്ടാക്കിടാമെത്രയു
ണ്ടപെക്ഷ" യെന്നവരും ചൊദ്യം ചെയ്യാർ "എങ്കിൽ ഞാനഗ്നിയെല്ലൊ
ഖാണ്ഡവം വനമൊക്ക ത്തിങ്കയിലപെക്ഷയുണ്ടെനിക്കതു മറിയെണം
തക്ഷകനിരിക്കുന്ന കാനനമാകകൊണ്ടു രക്ഷിച്ചീടുന്നു ശക്രൻ സൎവ്വമ
ന്യോന്യം തമ്മിൽ ദഹിപ്പാൻ തുടങ്ങും പൊൾ വരിഷിച്ചീടുമിന്ദ്രൻ മഹ
താമതു നിങ്ങളതിനെ തടുക്കെണം ഹവ്യവാഹനനാകുമിനിക്കില്ലാ
വതെതും ദിവ്യാസ്ത്രജ്ഞന്മാർ നിങ്ങളെന്നു ഞാൻ കെൾപ്പുപണ്ടെ" സവ്യ
സാചിയുമതു കെട്ടവനൊടു ചൊന്നാൻ "ദിവ്യാസ്ത്രങ്ങളിൽ ചിലതറി
ഞ്ഞിട്ടില്ലെന്നില്ല ഇല്ലെല്ലൊ തെരും വില്ലുമാവനാഴികയതും നല്ലവാജി
കളുമില്ലെങ്ങിനെ തടുപ്പു ഞാൻ" എന്നെല്ലാം ധനഞ്ജയൻ ചൊന്നതു കെ
ട്ടനെരം നിന്നൊരു ധനഞ്ജയൻ ധ്യാനിച്ചു വരുണനെ വന്നിതു വരു
ണനുമവനോടഗ്നി ചൊന്നാൻ "ഇന്നൊരു കാൎയ്യം ചിന്തിച്ചാൽ തീരും ദ
ഖാനെ ഞാൻ കപിലക്ഷണരഥവും മനൊവായു ജവങ്ങളായ
സിതതുരഗവരങ്ങളും ശരങ്ങളൊടുങ്ങാതൊരാവനാഴികയതും പരന്മാ
രൊടുങ്ങീടുമായുധജാലങ്ങളും ഗാണ്ഡീവമായധന്വരത്നവും കൊടുക്കെ
ണം പാണ്ഡവനായ ധനഞ്ജയനുമടിയാതെ' എങ്കിലൊ നൽകാമെ
ന്നു ചൊല്ലിനാൻ വരുണനും പങ്കജനെത്രാക്ഷയാവാങ്ങിനാൻ കിരീടി
യും രഥത്തെ പ്രദക്ഷിണം ചെയ്തു കൂപ്പി സ്തുതിച്ചു ഗുരുവിനെ സ്മരിച്ചു
വഴിപൊലെ ദെവതമാരെയൊക്ക വെവ്വെറെ വണങ്ങീട്ടു ദെവരാജാ
ത്മജനും തെരതിൽ കരെറിനാൻ ബദ്ധഗൊധാംഗുലിത്രയുക്തനായ് സ്വൎഗ്ഗി
ഖായ്ക്കു നന്ദനനാകുവചിയായ്ക്കു നിൎമ്മിതമായ ഗാണ്ഡീവം ധനുസ്സു

Agni de[mands] th[e] Kh. jung[le]

gives hor[se] chariot from Varu[na]

ജ്ജ്വാലിച്ചാനന്നേരം പാണ്ഡുനന്ദനനായകൌന്തെയനിന്ദ്രപുത്ര
Ch. forest burnt ൻ, "എങ്കിലൊ ദഹിച്ചാലും ഖാണ്ഡവാരണ്യമെന്നാൻ പങ്കജനേത്ര
നോടുംകൂടവെ കിരീടിയും പിടിച്ചു ദഹനനും ദഹിച്ചു തുടങ്ങിനാൻ പിട
ച്ചിൽ തുടങ്ങിനാർ ദുഷ്ടജന്തുക്കളെല്ലാം പാണ്ഡവ കരഗതഗാണ്ഡീവ
വിലാസവും ഖാണ്ഡവാരണ്യഗതപാവകവിലാസവും പന്നഗപ
ക്ഷിമൃഗജാലങ്ങൾ ദഹിച്ചൊരാക്രന്ദനങ്ങളാകുന്നേരമുണ്ടായവിലാ
പവും പക്ഷികൾ പറന്നന്തരീക്ഷെ പൊങ്ങീടുന്നേരം പക്ഷങ്ങൾ ക
രിഞ്ഞു വെന്തഗ്നിയിൽ പതിക്കയും വൃക്ഷങ്ങൾ വെന്തുപൊട്ടിയലറിവീ
ഴുന്നതു മൃഗങ്ങൾ ചാടിച്ചാടിപ്പിടഞ്ഞു കെഴുന്നതും ഒട്ടൊഴിയാതെകെ
ട്ടുതപ്തനായ്യുതക്രതു വൃഷ്ടിമെഘങ്ങളൊടും നിഷ്ഠുരനാദത്തൊടും ദൃഷ്ടിക
ൾചുവപ്പിച്ചു ദെവവാഹിനിയൊടും "നഷ്ടമാക്കുവനഗ്നിതന്നെഞാ
ൻകണ്ടുകൊൾവിൻ നന്ദനനെന്നാകിലും സൊദരനെന്നാകിലും നി
Indra envy ന്ദിച്ചാലൊട്ടുക്കുവനില്ലസംശയമെതും" ഇത്തരം പറഞ്ഞു തന്റെമത്തെഭ
ൻ കഴുത്തെറി സത്വരം വജ്രമൊങ്ങി ക്രുദ്ധനാം വൃത്രാരാതി കെല്പൊടുപു
റപ്പെട്ടു സെനാനായകനൊടും കല്പാന്തവൎഷവും തുടങ്ങിയതുന്നേരം
നിഷ്ഠുരതരമിടിവെട്ടിയും ത്രിഭുവനം ഞെട്ടിയും മരം വെന്തുപൊട്ടിയും തെ
രുതെരെ ദൃഷ്ടികൾ മിന്നൽകൊണ്ടു നഷ്ടമായ്മെകയും ഘൊരമായ്തത
വെഗാലൊരൊരൊ ദിക്കുകളും വാരിധിപൂരങ്ങളുമിളകിമറിയുന്നു അ
ഭ്രസഞ്ചയം പരന്നഭ്രവും മറയുന്നു വിഭ്രമാപൂണ്ടു ജഗദാപാലികൾ മറുക
ന്നു ശക്രകീലകളെറുസപ്പങ്ങളുരുകുന്നു ശക്രങ്ങൾ തൊറുമുണ്ണമുൾപ്പൂ
ക്കപിടയുന്നു ഗന്ധവാഹനനഗ്നിതനിക്കും ദെവെന്ദ്രനും ബന്ധുവാ
യ്യിന്നാൻ വിദഗ്ദ്ധന്മാരങ്ങിനെയുള്ള പൈതൊരുമഴ കണ്ടനെരത്തു ശര
കൂടം ചെയ്യൊരു ജിഷ്ണുതന്റെ ചൈതന്യമെന്തെചൊല്ലു കൈതവമൂൎത്തി
കൃഷ്ണൻ തന്റെ വൈഭവത്താൽ കൈതളന്നീതുകാളമെഘങ്ങൾക്കെല്ലാ
മപ്പൊൾ പ്രഥനം പ്രഥാത്മജനൊടു ചെയ്തമരെന്ദ്രൻ പൃതനാതൊറു
വൃഥാഫലമായ്വന്നപ്പൊൾ കൃഷ്ണസാരഥിയായ ജിഷ്ണു ദിവ്യാസ്ത്രങ്ങ
ളാൽ ജിഷ്ണുതന്മദമടക്കീടിനാനതുനേരം ജിഷ്ണുതാനനുവദിച്ചീടിനാ
ൻ ധനഞ്ജയൻ ജിഷ്ണുവെന്നഗ്നിഭവാദികൾ തൊററതുമൂലം അന്നേര
but must yield to Arj. മശരീരിവാണിയുമുണ്ടായ്വന്നു "വിണ്ണവർകൊനെന്തിപൊയടങ്ങിക്കൊ
ൾകനല്ല തക്ഷകൻ കുരുക്ഷെത്രം പുക്കിതെന്നറികനീ സഖ്യെത്തിന്നെ
തുമൊരു വിഘ്നവും വന്നീലെല്ലൊ കൃഷ്ണപാണ്ഡവന്മാരെ ജ്ജയിപ്പാന
രുതാക്കും കൃഷ്ണപാദാബ്ജങ്ങളിൽ വന്ദിച്ചുകൊൾകനല്ലു നരനാരായ
ണന്മാരൊടഭിമാനിപ്പാനെന്തൊരുകാരണമതുമൈശ്വര്യമദമെല്ലൊ"
എന്നതുകെട്ടു വാങ്ങിപ്പൊന്നിതു മഹെന്ദ്രനും വഹ്നിയും പിന്നെനന്നാ

സൃഷ്ടിച്ചുതുടങ്ങിനാൻ വാരണവ്യാഘ്രഹരിസൂകരസർപ്പാദിയാം മാര
ണ്യജന്തുവർഗ്ഗമാരണകാരണമാം ദാരുണവഹ്നിജ്വാലാമാലകൾക
ത്തിപ്പൊങ്ങി ശോഭിച്ചു ഭുവനവും എല്ലാനക്ഷത്രമാത്രം ക്ഷോഭിച്ചു സ
മുദ്രദ്വീപാദിവൃന്ദവുമെല്ലാം തൽകാലയത്തിങ്കലിരുന്ന മയാസുരൻ
തൽക്ഷണെ പുറപ്പെട്ടു മണ്ടിനാൻ ഭയത്തോടെ ഭക്ഷണമിനിക്കില്ലി
നിയെക്കുന്നില്ലെന്നാശു ശുക്ഷണി താനുമാശു ചെന്നിതു ബെട്ടക്ഷയാ
കൃഷ്ണവത്സാവുശീഘ്രം പിന്നാലെ ചെല്ലുന്നേരം കൃഷ്ണൻ തൂച്ചക്രവുമാ
യട്ടത്തിതുപാരം രക്ഷണത്തിന്നാരെയും കാണാഞ്ഞു മയാസുരൻ അ
ക്ഷീണഭയം പൂണ്ടു ശരണം പുക്കിടിനാൻ "ഹാഹാ പാണ്ഡവ പാർത്ഥ ഹാ
ഹാ ഫല്ഗുന ജിഷ്ണോ പാഹിമാം ഭവാനഹൊ പാഹിമാം ഭവാനഹൊ
പാർത്ഥാ മാത്തനാദം കെട്ടു പൊതു ചെയ്യാ നാസാദയാ പെടിക്കെണ്ട
നീ" യെന്നു തുടരുടൻ നമുചിഭ്രാതാവാകും മയനാന്ദ്രനജേന്ദ്ര നാമര
പ്രൗഢാത്മജന്ദ്ബയം നൽകീടിനാൻ വഹ്നിയും ദഹിപ്പതിനിച്ഛി
ച്ചീലതുനേരം പിന്നെയുമഞ്ജനമുണ്ടെല്ലാം ദഹിയാതെ അശ്വസെ
നനും പിന്നെ നാലു ശാർങ്ഗകങ്ങളും നിശ്ശേഷം ദഹിച്ചിതു ഖാണ്ഡവം
മറ്റെല്ലാമെ. മുനിനായകനായ വൈശമ്പായനനോടു ജനമെജയനു
പന്നേരം ചോദ്യം ചെയ്യാൻ "ശാർങ്ഗപക്ഷികൾ നാലും കാനനം ദഹി
ച്ചപ്പോൾ വാങ്ങിപ്പോയതിന്നെന്തുകാരണം ദഹിയാതെ" എന്നതു കെ
ട്ടു മുനി വൈശമ്പായനൻ ചൊന്നാൻ മന്നവ ശാർങ്ഗങ്ങൾ വെകാത്ത
തിൻമൂലം ചൊല്ലാം ധർമ്മജ്ഞന്മാരിൽ മുഖ്യനാകിയ തപൊനിധി നി
ർമ്മലമന്ദപാലനാകിയ മഹാമുനി ബ്രഹ്മചര്യവും ദീക്ഷിച്ചിരുന്നു ചി
രകാലം ബ്രഹ്മജ്ഞാനവും പൂണ്ടു പിതൃലൊകവും പുക്കാൻ അക്കാലം
സുഖലെശം സിദ്ധിയാഞ്ഞു കണ്ടു ദുഃഖിച്ചു മന്ദപാലൻ ദെവകളൊ
ടു ചൊന്നാൻ "അന്തരം വെന്നിനു ഞാനെന്തും വരുത്തീതില്ലെന്നൊരു
കർമ്മമിനിക്കിങ്ങിനെ വന്നതൊർത്താൽ" ദെവകൾ വിചാരിച്ചു ചൊല്ലി
നാരതു കെട്ടു "താവകമായ ദുഃഖകാരണം കെട്ടാലും നീ മൂന്നൃണത്തൊടു കൂ
ടി മാനവൻ ജനിക്കുന്നു മൂന്നും വീട്ടീട്ടു നവന്നു ഭ്യ ലൊകങ്ങളുണ്ടാം
ബ്രഹ്മചര്യത്തെക്കൊണ്ടും നിത്യയജ്ഞത്തെക്കൊണ്ടും നിർമ്മലപ്രജകൊ
ണ്ടും വീട്ടേണം അവ മൂന്നും എന്നതിൽ പുത്രോല്പത്തി ചെയ്കീല ഭവാനുന്ന
മെന്നതു വിരൊധമാകുന്നതു ഗതിക്കിപ്പോൾ" ഏകം കിൽ ഞാൻ ഭ്രമിത
ന്നിൽ ചെന്നിനി പ്രജകളെ സംകടം തീർത്തീടുവാനുല്പാദിക്കുന്നെൻ ക്ഷ
ത്രം കുറഞ്ഞ കാലം കൊണ്ടു വളരെ പ്രജകളെ പെറുന്ന ജന്തുക്കളെത്തന്നെ
തുനിച്ചവൻ പക്ഷിവർഗ്ഗത്തിൽ ശാർങ്ഗമായ് ജനിച്ചാത്മജന്മാന മുൾ
ക്കാമ്പിലുറപ്പിച്ചു പിതൃക്കൾ സംകടം തീർപ്പാൻ ജരിതയെന്നു പേരാം പക്ഷി

4 Sarnga birds remain alive

തന്നോടുകൂടി പെരികസ്സുഖംപൂണ്ടുഖാണ്ഡവംതന്നിൽ വാണാൻ നാ
ലുപുത്രന്മാരെയുംജനിപ്പിച്ചതുകാലം ബാലന്മാരെയുമവൾതന്നെയുമു
പെക്ഷിച്ചാൻ ലപിതയോടുംകൂടിവസിച്ചുമന്ദപാലൻ - പിന്നെ
ബാലന്മാരെഭരിച്ചുജരിതയും പാവകനതുകാലംഖാണ്ഡവന്ദഹിപ്പാ
നായിട്ടുവന്നതുകണ്ടുമന്ദപാലനുമതുൾചെയ്തു "ദേവകൾക്കെല്ലാംമുഖമാ
കുന്നഭഗവാനെ പാവകദേവഭവാനൊന്നപേക്ഷിക്കുന്നേനിപ്പോൾ എ
ന്റെസുതന്മാരെദ്ദഹിയാതിരിക്കേണം നിന്റെകാരുണ്യത്താലേ"
ന്നതുകേട്ടനേരം അങ്ങിനെതന്നെയെന്നുപാവകനതുൾചെയ്തു മങ്ങാ
തകാന്തിയോടെനടന്നുദഹനനും അരണ്യംതന്നിൽപിടിപെട്ടിതുപാ
വനിദേവൻ കരഞ്ഞുതുടങ്ങിനാൾജരിതതാനുമപ്പോൾ "നിർഘൃണനാ
യപിതാവിവരെയുപേക്ഷിച്ചാൻ ദുഃഖിക്കുമാറായ ഞാൻപൈത
ങ്ങളിവരൊട്ടും പറക്കപ്പോകാതെയുംവന്നിതുബാലന്മാർക്കു നിരക്കപ്പി
ടിപെട്ടുവനത്തിലഗ്നിതാനും ഞാനിനിയിവരെയെന്തോർത്തതെൻ
തംപുരാനെ കാനനത്തിങ്കലഗ്നിപിടിച്ചുനാലുപാടും" ഇങ്ങിനെകര
യുംപോൾപൈതങ്ങളുരചെയ്താർ "എങ്ങാനുംപോയ്ക്കൊൾകമ്മെനീ
കൂടമരിക്കേണ്ട ഞങ്ങൾചാകിലൊ പിന്നെപെറുസന്തതിയുണ്ടാമെ
ങ്ങിനെയുണ്ടാകുന്നുനീകൂടമരിക്കിലൊ ഞങ്ങളെസ്നേഹിച്ചുനീസന്താ
നംമുടിക്കേണ്ട മംഗലംവന്നുകൂടുംപിന്നെയുമെന്നെവരു അല്ലായ്കിൽ
താതൻചെയ്യുതൊക്കനിഷ്ഫലമെല്ലൊ നല്ലലോകങ്ങൾകിട്ടാതാതനെ
ന്നതുംവരും" എന്നതുകേട്ടുപറഞ്ഞീടിനാൾജരിതയു "മെന്റെപൈതങ്ങ
ളെനിങ്ങളൊന്നുവേണം ഇക്കണ്ടമരത്തിൻകീഴുണ്ടെലിമടയതിൽ
പുക്കുകൊള്ളുവിൻനിങ്ങളെന്നാൽഞാനൊന്നുചെയ്യുൻ പൂഴികൊണ്ട
തിൻമുഖംമൂടിവെക്കയുംചെയ്യാം മൂഴിതൻതാഴെതീയുംതട്ടുകയില്ലയെല്ലൊ
കീഴെപൊയ്ക്കിടന്നുകൊണ്ടീടുവിൻ തീയാറിയാൽ പൂഴിയുംനീക്കിക്കൊ
ണ്ടുപൊന്നുകൊള്ളുവനെല്ലൊ" പൈതങ്ങളതുകേട്ടുമാതാവൊടുരചെയ്താ
ർ "പൈദാഹത്തൊടുമെവ്വുമെലിയുണ്ടതിലമ്മെ പറപ്പാൻചിറകില്ലന
ടപ്പാനില്ലകാലു മറച്ചുകണ്ടാലെലിപിടിച്ചുതിന്നുമെല്ലൊ ജന്തുക്കൾ
ഭക്ഷിച്ചിട്ടുമരിക്കുന്നതിനെക്കാൾ വെന്തുചാകുന്നതെത്രെഗതിയെന്ന
റിഞ്ഞാലും ഭർത്താവുതന്നെപ്രാപിച്ചുത്തമന്മാരായുള്ള പുത്രന്മാരെയും
ലഭിച്ചീടുകമാതാവെനീ" എന്നതുകേട്ടനേരംവന്നൊരുശോകത്തൊ
ടെ തന്റെപൈതങ്ങളെനോക്കിയുംകരഞ്ഞിട്ടും പിന്നെഞാൻപറ
കയുംമറിഞ്ഞുനോക്കുകയു "മെന്റെകർമ്മമെന്നുകല്പിച്ചുപോയാളവൾ
അഗ്നിയുംകത്തിക്കത്തിച്ചെന്നടുത്തിതുതാപമഗ്നന്മാരായപക്ഷിപൈ
തങ്ങൾചൊന്നാരപ്പോൾ* അഗ്രജൻജരിതാരിശാരിസൃക്കനുംപിന്നെ

ചൊല്ക്കൊള്ളും സ്തംബമിത്രൻ ദ്രൊണനെന്നൊരുമിച്ചു നാലുദിക്കിലും
കൂടികത്തിപ്പൊങ്ങീട്ടുമഗ്നിജ്വാലമാലകൾകണ്ടിട്ടാകുലപ്പെട്ടനെരംഹി
രണ്യരെതസ്സിനെസ്തുതിച്ചുതുടങ്ങിനാർ ജരിതാരിയുംതൊഴുതധികംഭ one praises Ag
ക്തിയൊടെ ലൊകങ്ങൾക്കെല്ലാംപ്രാണനാകിയവായുതന്നിക്കെകാ
ത്മാവായചൈതന്യാത്മകൻഭവാനെല്ലൊജീവനമായൊരമൃതത്തിന്ന
യൊനിയായപാവകനാകുന്നതുനിന്തിരുവടിയെല്ലൊ ദെവകളുടെമുഖ
മായതുഭവാനെല്ലൊസ്ഥാവരജംഗമങ്ങളുള്ളിൽവാണീടുന്നതും കെവ
ലഭൃത്യനായനിന്തിരുവടിയെല്ലൊ താവകമഹിമാനമാക്കറിയാവുന്നു
ഫപക്ഷിപൊതങ്ങളായഞങ്ങളെദഹിയാതെ രക്ഷിച്ചീടുകവെണം
കാരുണ്യമുത്തെപൊററിഃരംവണ്ണം ജരിതാരിദെവനെസ്തുതിചെയ്യാ 2d
ൻ ആവൊളംഭക്തിപൂണ്ടുതത്സഹൊദരനാകും ശാരിസൃക്വനുംവഹ്നി
ദെവനെസ്തുതിചെയ്യാൻ ധാരിച്ചുഭയംതീർത്തുപാലിച്ചുകൊൾവാനാ
യെഹവ്യവാഹനനായനിന്തിരുവടിയെല്ലൊ ഹവ്യമായിട്ടുന്നതുംക
വ്യമായിട്ടുന്നതുംഗവ്യാദിബഹുവിധദ്രവ്യങ്ങളാകുന്നതും ദിവ്യന്മാരു
ള്ളിലുള്ളൊരന്ധകാരങ്ങൾനീക്കിനിവ്യാജമാത്മജ്ഞാനാത്മകനായ്ക്കൊ
ഭിച്ചിട്ടുമവ്യയാനന്ദനായൊരവ്യക്തനാകുന്നതും സുവ്യക്തംസകല
ലൊകവ്യാപ്തനാകുന്നതും രവ്യാകാരത്തെപൂണ്ടനിന്തിരുവടിയെല്ലൊ
ആധാരംമറ്റുഞങ്ങൾക്കാരുമില്ലയ്യൊ ഭുവനാധാരമൂർത്തെപരിപാലയ
കാരുണ്യാബ്ധെ സ്തംബമിത്രനുംപുനരെന്നെരംസ്തുതിചെയ്താ നന്മയാ 3d
യിട്ടുന്നതുംതാതനായിട്ടുന്നതും പ്രകൃതിയാകുന്നതുംപുരുഷനാകുന്നതും
സകലാത്മാവായിട്ടുംനിന്തിരുവടിയെല്ലൊ വെദമായീടുന്നതുംവെദാ
ർത്ഥമാകുന്നതുംആദിതെയാസ്യകൃതെനിന്തിരുവടിയെല്ലൊ പാലയകൃ
പാലയപാവകപരമാത്മൻ ബാലകന്മാരസ്മാനനാലംബനാൻനമൊ
സ്തുതെദ്രൊണനുംവൈശ്വാനരദെവനെസ്തുതിചെയ്യാൻപ്രാണസം 4th
കടത്തൊടുമത്യർത്ഥംഭക്തിയൊടെ കർമ്മനാമാധാരഭൂതായശൊചിഷ്കെ
ശായകർമ്മസാക്ഷിണെകരണായതെനമൊനമഃ കദ്രൊലൊകൈകഭ
ർത്രെസംഹർത്രെനമൊനമഃകസ്തുവവെത്തിപരമാർത്ഥമാദ്യായനമഃമർത്യ
ന്മാർപിതൃദെവാദികളെല്ലാംകല്പിച്ച നിത്യവുംനൽകീടുമാഹുതിയെപ
തിഗ്രഹിച്ചതത്തിനെല്ലാവർക്കുംതൃപ്തിയെവരുത്തീടുംനിത്യായജഗത്ത
പ്രദീപായതെജസെനമഃ സത്യസാക്ഷിണെപവിത്രായഭാസ്വതെ
നമഃതതപൂർത്തയെപരമാത്മനെനമൊനമഃകുംപിട്ടുജരിതാരിശാരിസൃ
ക്വനുംപിന്നെസ്തംബമിത്രനുംദ്രൊണൻതാനുമായൊരുമിച്ചു പക്ഷി
കളായമന്ദപാലപുത്രന്മാരാശു ശ്രുക്ഷണിതന്നെസ്തുതിച്ചൊരുനെര
ത്തുദെവൻസന്തുഷ്ടനായെനഹംനിങ്ങളെക്കുറിച്ചൊരുസന്താപമിനി

നിങ്ങൾക്കുണ്ടാകയില്ല നൂനം സന്തോഷപ്പെട്ടു ജനനീജനകന്മാരൊ
ടുംസന്തതം വസിച്ചാലുമിവിടെതന്നെ നിങ്ങൾ അന്തരാത്മനി പരമാ
നന്ദത്തൊടുമെന്നെ ചിന്തിച്ചു വസിച്ചുകൊൾകെപ്പൊഴുമെന്നാൽ നി
ങ്ങൾ വെന്തുപൊമെന്നൊരു ഭീതിയുമുണ്ടാകെണ്ട ബന്ധുതൊന്നുണ്ട
നിങ്ങൾക്കതിനു കില്ലീല്ലെതും എത്രമെ ദുഃഖിക്കെണ്ട താപമുണ്ടാകയില്ല ജാത
വെതസ്സാമിത്ഥം നൽകിനാനനുഗ്രഹം - കാനനം ദഹിക്കുമ്പൊൾ മന്ദ
പാലനുമെറ മാനസതാപം പൂണ്ടാൻ പുത്രന്മാരെ നിനക്കയാൽ ജരിതാ
നുമെന്റെ ചെറിയ പൈതങ്ങളു മെരിഞ്ഞുപൊയിതെന്നു ദുഃഖിച്ചു
ചൊന്ന നെരം പറഞ്ഞു ലപിതയായെവ്വന്ന സപത്നിയും പറഞ്ഞീല
യൊ ദഹിക്കുന്നതില്ലെന്നു വഹ്നി മക്കളും ദിവ്യന്മാരെന്നല്ലയൊ ചൊല്ലീ
ഭവാൻ ദുഃഖിപ്പാനവകാശമെന്തിനിയതു മൂലം സാപത്ന്യം തൊന്നി
ച്ചു ലപിത തന്നിലപ്പൊൾ താപസശ്രേഷ്ഠനുള്ളിൽ വൈരാഗ്യമു
ണ്ടായി ജരിതാനും വന്നു പൈതങ്ങൾ തമ്മെ കണ്ടു പെരികസന്തൊ
ഷിച്ചു മന്ദപാലനും വന്നു പിതൃക്കൾക്കുള്ള കടം തീർത്ത വനത്തു കാലം മൃ
ത്താൻ പിന്നെ ശുഭലൊകത്തെ ഗമിപ്പാനായി യുത്തുക്കെപ്പുത്തുക്കെപ്പൊയ
ടങ്ങി ദഹനനുമെത്തമമഹെന്ദ്രനും പടയുമെല്ലാങ്ങളും തളർന്നു ചമഞ്ഞി
തു പാർത്ഥനുമശകന്മാരും തളർന്നിലെതുമതു കണ്ടു ദെവെന്ദ്രനപ്പൊൾ ഭഗ
വല്പാദം കൂപ്പി സ്തുതിച്ചാൻ പലതരം ഭഗവൽപ്രസാദത്തെ ലഭിപ്പാൻ
പ്രീതിയൊടെ ഭഗവൻ പ്രസീദ മെ ഭഗവൽ പ്രസീദ മെ ഭഗവൻ ജയ ജ
യ ഭഗവൻ ജയ ജയ വൈകുണ്ഠ ജയ ജയ ഗൊവിന്ദ ജയ ജയ ശ്രീകണ്ഠ
സെവ്യ ജയ ശ്രീപതെ ജയ ജയ ശ്രീവത്സചിഹ്ന ജയ ശ്രീരാമകൃഷ്ണ ജ
യ ശ്രീവാസുദെവ ജയ മുകുന്ദ ജയ ജയ നിന്മായാമൊഹഗ്രസ്തം നിഖി
ലം ത്രിഭുവനം ദുഷ്ടമതു മൂലമിനിക്കുമുണ്ടായ്വന്നു നിന്മായ തന്നെ ജയിച്ചീ
ടുവാനരുതെല്ലൊ നിർമ്മലന്മാരായുള്ള താപസവരന്മാർക്കും ബ്രഹ്മാദിസ്തം
ബാന്തമായുള്ളൊരു ജന്തുക്കൾക്കും മന്മഥവൈരി താനുമാകുമായങ്ങളുമെ
ല്ലാം നിന്തിരുവടിയുടെ തത്വമാരാഞ്ഞു നിത്യം ചിന്തിച്ചു ചിന്തിച്ചറിയാ
ഞ്ഞുഴലുന്നു തെല്ലൊ നന്ദനം വനത്തിങ്കൽ സുന്ദരീജനത്തൊടും മന്ദമാ
രുതമെറ്റു കന്ദർപ്പവശന്മാരാം മന്ദന്മാരായ ഞങ്ങളെങ്ങിനെയറിയുന്നു
നന്ദനന്ദന നാഥ നിന്മഹിമാനമൊർത്താൽ നിന്മായാമൊഹാംബുധൌ
വീണുഴന്നുഴന്നു പൂണ്ടു ജന്മവും മരണവും സുഖദുഃഖാദികളും കൈക്കൊണ്ടു
വലയുന്നതൊർക്കവെ മാററിത്തുവതു കൃഷലൊട്ടു ചെയ്തുകൊള്ളണം ദയാ
നിധെ ദെവെന്ദ്രൻ ത്രിഭുവനനാഥനെന്നഭിമാനിച്ചീ വണ്ണമുള്ള ജാ
ഡ്യമിനിയുമുണ്ടാകാതെ ദെവ ദെവെശ തവ പാദാരവിന്ദങ്ങളെ സെവി
പ്പാനെന്നതിട്ടുവാൻ നൽകെണമനുഗ്രഹം ശക്രനീവണ്ണം കൂപ്പി സ്തുതിച്ചു

ire stops th Indra praising Krishna

നമസ്കാരംതൃക്കാക്കൽവീണുചെയ്തുതൊഴുതൊരനന്തരംമഘവാൻമക
നെയുമാശ്ലെഷംചെയ്തുമൊദാൽ സകലാസ്ത്രങ്ങളെയുംകൊടുത്തുവരം
നൽകി ഇതുപത്തൊന്നദിനംകൊണ്ടുഖാണ്ഡവവന മെരിഞ്ഞുതെ
ളിഞ്ഞനുഗ്രഹിച്ചുവഹ്നിദെവൻ തൊഴുതുധനഞ്ജയനാശീൎവ്വാദവും
ചൊല്ലിത്തൊഴുതുഭഗവാനെമറന്നുധനഞ്ജയൻ ഇന്ദ്രാദിദെവഗണം
വാനലൊകവുംപുക്കാരിന്ദ്രസൊദരനാകുമിന്ദിരാവരനൊടുംഇന്ദ്രാദി
ശില്പിശ്രെഷ്ഠനാകിയമയനൊടു മിത്രനന്ദനനായപാണ്ഡവൻവി
ജയനുംകാളിന്ദിയുടെതീരംപുക്കാരെന്നറിഞ്ഞാലുംകെളെനൃപനൊ
ടുമാമുനിയരുൾചെയ്തു നാളെയാമിനിശ്ശെഷംചൊല്ലുവാൻപക്ഷി
യെന്നാൾമെളമെറീടുന്നൊരുപൈംകിളിമകളെപ്പൊൾ ഇതിശ്രീമഹാ
ഭാരതെശതസാഹസ്രികായാം സംഹിതായാം പരിഭാഷാരൂപം സം
ഭവംസമാപ്തം * *

സഭാ

ഹരിഃശ്രീഗണപതയെനമഃഅവിഘ്നമസ്തു

തഞ്ചെവരികരികത്തങ്ങിരിമമചിത്തംമുഹുരപിതെളിഞ്ഞിതയ്യൊ
നിത്യംനിരുപമഭക്ത്യാകനിവിനൊടൎത്ഥംചരിതങ്ങളുരചെയ്കനീനാരാ
യണകഥകെട്ടാലുമതി ലെറ്റമിതുശുചികിളിമകളെപാരായ്കിനിക്കി
തുശെഷംപറവതിന്നാരുംവഴിതവപറകയില്ലെ പാരംപഴിക്കിലുംഭാ
രതംചൊല്ലുവാനാരുംമടിക്കെണ്ടനീങ്ങുംദുരിതങ്ങൾ നാരായണകഥ
കെൾക്കയുമൊക്ഷയുംപാതിൽനരനാശ്ശിറന്നാൽവരെണ്ടതുംതാല്പൎയ്യ
മതിലുണ്ടുനിങ്ങൾക്കെങ്കിൽ കെൾപ്പിൻകഥാപറഞ്ഞീടുവൻചെ
റുഞാൻനാരായണനുംനരനാംവിജയനും നാരിമാരൊടുംദ്വിജവർ
ന്മാരൊടുംപാരെഴരണ്ടുംനിറഞ്ഞപുകഴൊടുംതെരിലെറിപൊന്നുവന്നു
പുരിപുക്കമായാമയനാംമയൻധൎമ്മനന്ദന നായകന്നൊരുസഭാനിൎമ്മി
ച്ചുനൽകിനാൻമെഘപുഷ്പസ്ഥലഭ്രാന്തികളാദിയാം മൊഹനശില്പങ്ങ
ളാക്കപറയാവൃവാസുദെവൻനിജ ബന്ധുക്കളുമായിവാസവസൂനു
വിനൊടുമൊരുമിച്ചു വാസവുംചെയ്തുയുധിഷ്ഠിരൻചൊല്ലാലെവാ
സവപ്രസ്ഥമാകുന്നപുരിതന്നിൽമാസവുമഞ്ചാറുപൊയിതങ്ങഞ്ചാറു
വാസരംപൊയപൊലെപിന്നെമാധവൻ നാരായണൻപരൻദാ
മൊദരനീശൻനാരദനാദികൾക്കും തിരിയാതവൻനാരീജനമനൊ
മൊഹനൻകെശവനാരകനാശനൻനാഥൻനരകാരി നിഷ്കളൻ
നിൎഗ്ഗുണൻനിശ്ചലനിൎമ്മലൻനിഷ്കളങ്കൻനിരാതങ്കൻനിരുപമൻ
നിത്യൻനിരാമയരൂപൻനിരാകുലൻ ഭക്തപ്രിയൻപുമാൻഭുക്തിമു
ക്തിപ്രദൻഭക്തിസാദ്ധ്യൻപത്മനാഭൻപരാപരൻ അദ്വയനവ്യയ
നവ്യക്തനജിതനദ്ധ്യയനപ്രിയനാമ്നായഗൊചരൻതത്വങ്ങളെല്ലാ
റ്റിനുംമൂലമായവൻസത്യസ്വരൂപൻസകലജഗന്മയൻ സച്ചിൽപ
രബ്രഹ്മമായസനാതനനച്യുതനെകനാത്മാപരനീശ്വരൻ ആനന്ദ
പൂൎണ്ണനനന്തൻ ജനിമൃതിഹീനൻദയാനിധിവിഷ്ണുനിരഞ്ജനൻനാ
നാജഗല്പരിപൂൎണ്ണൻസദാശിവൻ സ്വജാതിഭെദവിഹീനൻജനാൎദ്ദ

Crishna stays at Indrapur

നൻഗോവിന്ദനിന്ദ്രാനുജൻമുകുന്ദൻഹരി ദേവൻദിനാധിപചന്ദ്ര
വിലോചനൻഭൂതപഞ്ചാത്മകൻഭൂതിഭൂഷാൎച്ചിതൻഭൂതങ്ങളുള്ളിലെജ്ജീ
വനാകുന്നവൻപൂതനതന്നുടെജീവനമുണ്ടവൻപൂതൻപുരാണപുമാ
ൻപുരുഷോത്തമൻ പന്നഗപ്രാതാശനദ്ധ്വജൻമംഗലൻ പന്നഗ
നാഥശയനൻപരമാത്മാവെന്നുടെയുള്ളിൽവിളങ്ങുന്നതമ്പുരാൻതന്നു
ടെഭക്തക്കുസങ്കടംതീൎപ്പവൻ പാൎത്ഥന്മാരൊടുംദ്രുപദാത്മജയൊടുംയാ
ത്രയുംചൊല്ലിപുറപ്പെട്ടുതേരെറി യാത്രതുടങ്ങിയനെരത്തുപാണ്ഡവർ
നെത്രാംബുവ്വുംവാൎത്തുയാത്രയുംചെയ്താർ നെരത്തിനിയുംവരുന്നതു
ണ്ടെന്നതിസാരസ്യമൊടരുളിചെയ്തു സത്വരം ദ്വാരാവതിയിലെഴുന്ന
ള്ളിമെവിനാൻദാരങ്ങളൊടുംരമിച്ചുനിരന്തരം കാരുണ്യവാരിധിയെ
ക്കണ്ടനുദിനംദ്വാരകവാസികളുംസുഖിച്ചീടിനാർ നിൎമ്മലനാകിയ
ധൎമ്മതനയനുംധൎമ്മംപിഴയാതെഭൂമിയെരക്ഷിച്ചു കൎമ്മങ്ങളുംചെയ്തുകീ
ൎത്തിയെപ്പൊങ്ങിച്ചുരമ്യങ്ങളായഭൊഗങ്ങളൊടുംമുദാ സന്മാൎഗ്ഗചാരിക
ളായ്മരുവിടിനസന്മതിവീരരാംമന്ത്രിജനത്തൊടുംദൎപ്പമെറിയവൈരി
കുലത്തിനുധൎമ്മരാജൊപമന്മാരായ്വിളങ്ങിന സൊദരന്മാരൊടുമാത്മ
ജന്മാരൊടുമാദരവെറിയഭാമിനിതന്നൊടും യാദവവീരനാകുന്നമുകു
ന്ദന്റെപാദപത്മത്തിലുറച്ചമനസ്സൊടുംനാലുവെദത്തിനുംമൂലമായുള്ള
വൻനീലവിലൊചനൻപീതാംബരധരൻപാലാഴിയിൽതുയിൽകൊ
ള്ളുന്നദൈവത്തിന്റെലീലകൾചിന്തിച്ചുസന്തുഷ്ടനായവൻനാലാഴിചൂഴ
മൂഴിക്കെകനാഥനായ്പാലനവുംചെയ്തുബന്ധുക്കളുമായികാലദെശാവ
സ്ഥകൾക്കനുരൂപെണ കാലാത്മജനാമജാതശത്രുപ്രഭു രാജപ്രവര
നായ്വാഴുന്നകാലത്തുരാജസൂയംവെണമെന്നുതൊന്നിയുള്ളിൽ രാജീവ
ലൊചനൻതന്റെതിരുവുള്ളം വ്യാജംമൊഴിച്ചെങ്കിലുണ്ടാകിലെന്നു
മെദന്ധമുണ്ടാകയില്ലെന്നുനിരൂപിച്ചു ധൎമ്മധരാത്മജൻവാഴുന്നനെ
രത്തുപണ്ഡിതനാകിയനാരദമാമുനി ചണ്ഡഭാനുപ്രഭൻതാനെഴു
ന്നെള്ളി ദണ്ഡനമസ്കാരവുംചെയ്തുഭൂപതിമന്ദനൻ പാദ്യാസനാ
ൎഘ്യങ്ങളുംനൽകിപുണ്ഡരീകൊത്ഭവപുത്രനിയൊഗെന പുണ്ഡരീ
കപ്രിയനന്ദനനന്ദനൻ ആസ്ഥാനമണ്ഡപെസിംഹാസനെവസി
ച്ചാസ്ഥയൊടൊരൊകഥകൾപറയുമ്പൊൾ അച്യുതഭക്തപ്രിയനാം
തപൊനിധിസച്ചുവാചാനൃപൻതന്നൊടറിയച്ചു കച്ചിദദ്ധ്യായമൊ
ന്നിചൊല്ലുവാനൎത്ഥവുംനിശ്ചയിച്ചീടുവാൻവെലയുണ്ടത്രയും രാജ
സൂയംചെയ്യാനഗ്രഹമുണ്ടെന്നുരാജാവുമാമുനിയൊടുപറഞ്ഞപ്പൊൾ
തപൊനിധിയാംതപൊനിധിഭൂപതിപൂജിതൻനാരദൻ നീരജൊത്ഭ
വജൻതാനൊരുകാൎയ്യംനിരൂപിച്ചുവന്നതു മാനവവീരനൊടൊട്ടുപ

റകയാൽമാനസതാരിൽനിറഞ്ഞൊരുകൌതുകമാനനമായിരമുള്ളവൻ
ചൊൽകിലാം ചിന്തിച്ചുമന്ദസ്മിതംചെയ്തുവീണതൻതന്ത്രീവിരതകൊ
ണ്ടുമെല്ലൊന്നിളക്കിനാൻസന്തൊഷമെല്ലാവനുംവളരുംനിജബന്ധു
ക്കളെക്കണ്ടാലെന്നതില്പരംഎന്നെസുഖമെപറഞ്ഞീടുന്നന്നിതു മ
ന്നവന്തൊന്നതുചൊല്ലുവാൻവന്നിതുനിന്നുടെതാതനാം പാണ്ഡുവും വാ
നിൽനിന്നെന്നൊടുചൊല്ലിനാൻനിന്നൊടുചൊല്ലുവാൻരാജാഹരിശ്ച
ന്ദ്രനിന്നും തെളിവൊടുരാജസൂയം ചെയ്തകാരണമായല്ലൊതെജൊമയ
നായ്സ്രമുനിവൃന്ദെന്ദ്രപൂജിതനായ്മഹാഭൊഗസമന്വിതം വാനിത്സുഖിച്ചു
വസിക്കുന്നിതെന്നതുതാനാദരവൊടുകണ്ടതുകൊണ്ടെടൊദാനയാഗാദി
കൾക്കുള്ളഫലംകണ്ടുമാനസെവിസ്മയംവർദ്ധിച്ചിതെററവും കർമ്മങ്ങളു
ണ്ടുപലവതെല്ലാററിലും നന്മയുള്ളൊന്നഹൊ രാജസൂയമെന്നുതന്മക
നാകിയനിന്നൊടുചൊല്ലുവാനമ്മൊടുചൊന്നതുചൊന്നെനറികനീ അ
പ്പൊൾനരപതിചൊദിച്ചിതാദരാൽതല്പ്രകാരങ്ങളുമൾചെയ്യുകെൾക്കെ
ണം ൟപ്രസംഗെനഹരിശ്ചന്ദ്രൊപാഖ്യാനമെപ്പെരുമെയരുൾചെയ്തിതു
നാരദൻഎതുമെസംശയിച്ചിടരുതിക്കാലംസാധിക്കുമെന്നരുൾചെയ്തു
വിധിസുതൻമാധവൻതന്നെവരത്തുവൻഞാനെന്നുമാധുരിയം ചെ
ന്നുവീണയുംവായിച്ചുനാരായണശിവരാമഹരെജയനാരകനാശന
നാഥദയാപരനീരജനെത്രനിരഞ്ജനനിർമ്മലനിരദവിഗ്രഹനീതിപ
രായണവൃഷ്ണികുലൊത്ഭവകൃഷ്ണജഗന്മയവിഷ്ണൊമുകുന്ദദാമൊദരഗൊ
വിന്ദജിഷ്ണുമുഖാമരവന്ദിതശ്രീപതെജിഷ്ണുപ്രിയജഗന്മംഗലഗൊപ
തെസക്തിവിനാശനരക്ഷപത്മാനനയുക്തരമാനരക്ഷത്രിലൊകീപ
തെഭക്തജനപ്രിയഭുക്തിമുക്തിപ്രദശക്തിയുക്തപ്രഭൊപാഹിനിരന്ത
രം "ഇത്തരംനാമസംകീർത്തനവും ചെയ്തു സത്വരംദ്വാരവതിയിലകം
പുക്കാൻ ഉദ്ധവർ സാത്യകിയെന്നുതുടങ്ങിയു ള്ളുത്തമന്മാരൊടുകൂടസ്സ
ഭാന്തരെ മായാമയനായമരുവുന്നഗൊവിന്ദൻ മായാരഹിതൻമനൊ
ഹരൻമാധവൻ കായാവിൻപൂവിൻനിറമുള്ളകെശവൻ മായാവ
രൻപരൻകാരണമാനുഷൻ മെവുന്നനെരത്തുസൌദാമിനിപൊലെ
ദെവമുനീന്ദ്രപ്രഭയാദിഗന്തരം ധാവള്യശൊഭയാവ്യാപിച്ചുകാണാ
യി ദെവനുംവിഷ്ണുപദത്തിംകൽനിന്നുകിഴാവിർഭവിച്ചൊരുചന്ദ്രബിം
ബംപൊലെ ദെവദെവൻജഗദീശ്വരൻശാശ്വതൻ ദെവകീനന്ദന
ൻവാസുദെവൻവിട്ടു ഗൊവിന്ദനിന്ദീവരെക്ഷണനച്യുതൻ കാഴ്ച
ക്കുന്നന്തികെനാരദനെക്കണ്ടു ഭാവിച്ചുഭക്ത്യാനമസ്കരിച്ചീടിനാൻ
വന്ദിച്ചുനിന്നാർസഭയിങ്കലുള്ളൊരും നന്ദിച്ചിരുന്നരുളിമുനിശ്രെ
ഷ്ഠനും നന്ദജനിന്ദ്രാദിവൃന്ദാരകവൃന്ദ വന്ദ്യനാനന്ദൻമുകുന്ദനിന്ദ്രാ

നജൻ നാരായണൻതാനുംനാരദനുംതമ്മി ലൊരൊവിശെഷങ്ങളും
പറഞ്ഞിരിക്കുന്നെരമിരുന്നവാറെമുനിനാരദൻ നെരെപറഞ്ഞിതു
താൻചെന്നകാരിയം നിന്നുടെഭക്തരിൽമുൻപനായുള്ളവൻ മന്ന
വർമന്നവനായയുധിഷ്ഠിരൻ തന്നുടെചൊല്ലിനാലിന്നിവിടെക്കു
ഞാൻ വന്നിതതിനുള്ളകാരണവുംചൊല്ലാം ഉണ്ടൊരുയാഗംകഴിക്ക
യിലാഗ്രഹം കൊണ്ടതൽനെർവണ്ണനെക്കണ്ടുപറഞ്ഞാകിൽ രണ്ടുംതി
രിക്കായിരുന്നിതെന്നെന്നൊടു ഷണ്ഡതയൊടവൻചൊന്നാനറി
ഞ്ഞാലും അത്തൊഴിലെല്ലാംപറഞ്ഞിരിക്കുന്നതിൻ മദ്ധ്യെയൊരന്തു
a Brahman calls for help agst Jarasandha ന്നെൻവന്നതുംകാണായി എത്രയുംനിമ്മലൻപൃത്ഥ്വീസുരൊത്തമ സ
ത്തമൻവൃത്തവാൻബുദ്ധിമാൻകെവലം പണ്ടൊരുനാളുമെകണ്ടറി
യായ്കിലും കൊണ്ടൽനെർവണ്ണനെക്കണ്ടവൻചൊല്ലിനാൻ കണ്ടാ
ൽമനൊഹരമായൊരുവെഷമുൾ ക്കൊണ്ടുപിറന്നവൈകുണ്ഠദയാ
നിധെ സാധുജനങ്ങൾക്കൊരാധാരമാകിയ മാധവനെജയനാരാ
യണാജയ വെധാവിനുംവിചാരിച്ചാൽതിരിയാത വെദാന്തവെദ്യ
വെദാത്മകനെജയ ധീരപരാശരനന്ദനവണ്ണിത ശൌരെചരാചരാ
ചാര്യ്യചതുർഭുജശ്രൂരാസുരാസുരവന്ദിതസുന്ദര വീരപരാപരവിശ്വംഭ
രാവര ഭൂമിധരാധരാധീശധരഹരെ ഘൊരധരാഭരഭൃത്ഭൂപാന്തക
ക്രൂരാസുരവരശ്രൂരാത്മകപ്രഭൊ മാരശരാതുരഗൊപികാവല്ലഭ ക്ഷീ
രരത്നാകരാവാസാ ഹൃഷീകെശ ക്ഷീരരത്നാകരനന്ദനാവല്ലഭ സാ
രസസംഭവമാരഹരമുനി വാരവിദ്യാധരചാരണസെവിത ധാരാധ
രാഭധരാധരഗൊപതെ ധാരാധരവാഹനാരാധിതജയ ചാരുതരാകൃ
തെകാരുണ്യവാരിധെ ദാരുകസാരഥെനാഥയദുപതെ രാധാപയൊ
ധരാധാരമായുള്ളമാറാധാരമായുള്ള സാരസമാനിനിക്കാധിതീർത്തീടുമ
രുണാധരാമൃത ദീധിതിമണ്ഡലതുല്യമാമാനനം ദീനനായനാഹംദാ
സനാംമാംപ്രതി ദീനദയാനിധെചെററിങ്ങുരുളെണം മാനകാമക്രൊ
ധലൊഭമൊഹഗ്രസ്ത മാനസന്മാരെല്ലാമാനുഷജാതികൾ ദുഷ്ടനാം
മാഗധനായജരാസന്ധ നിഷ്ഠമല്ലാതുള്ളരാജാക്കളെയെല്ലാം കെട്ടിയി
ട്ടീടിനാൻകാരാഗൃഹംതന്നി ലൊട്ടുനാളുണ്ടവരിങ്ങിനെവാഴുന്നു ക
20800 kings in jail ഷ്ടമിരുപതിനായിരത്തെണ്ണൂറു ശിഷ്ടരായുള്ളനൃപവരന്മാരവർ ന
ഷ്ടാശനസ്നാനയാനഭൊഗൈരതി ക്ലിഷ്ടന്മാരായ്ചലഞ്ഞീടുന്നിതെത്ര
യും എല്ലാവരുമൊരുമിച്ചുനിരൂപിച്ചിട്ടല്ലൽകെടുപ്പതിനെന്നൊടുചൊ
ല്ലിനാർ മല്ലന്മാരൊടുംകരിവരൻതന്നൊടും കൊല്ലുവാൻഭാവിച്ച
കംസനെക്കൊന്നവൻ മല്ലീശരവീരബാണങ്ങൾകൊണ്ടുകൊ ണ്ടല്ല
ൽപ്പൂണ്ടുറെമുഴന്നുചമഞ്ഞൊരു വല്ലവീമാനിനിമാരുടെസന്താപ

ല്ലാം കളഞ്ഞുസുഖെനരക്ഷിച്ചവൻ ഫുല്ലാംബുജാഭിരാമാനനൻമന്മ
ഥ തുല്യൻസുകുമാരസുന്ദരവിഗ്രഹൻ കല്യാണദെവതയായപത്മാ
ലയാ വല്ലഭൻനാരായണൻമധുസൂദനൻ കാശ്യപീകാമുകൻകാമാരി
സെവിതൻ ശാശ്വതൻശംഖചക്രാബ്ജഗദാധരൻ ആശ്രിതന്മാൎക്ക
കരണമായ്മെവിനൊ രീശ്വരനാകിയകൃഷ്ണൻദയാനിധി കാരുണ്യലെ
ശമില്ലായ്കിലിതുകാല മാത്രം നമുക്കുതുണയില്ലദൈവമെ- ഘൊരനാം
മാഗധൻനിൎദ്ദയംബന്ധിച്ച പാരംവലയുന്നിന്നഹംഗൊപതെ ഇ
ങ്ങിനെവൻനരകംതന്നിൽവീണൊരു ഞങ്ങളെയാശുകരെററണ
മെൻപൊററി ഇങ്ങിനെഞങ്ങൾപറയുന്നിതെന്നങ്ങു ചെന്നുണൎത്തി
ക്കയെന്നെന്നൊടുചൊല്ലിയാർ ഗൎവ്വംകലൎന്നജരാസന്ധഭൂപതി ദു
ൎവ്വീൎയ്യകൎമ്മംപൊറാഞ്ഞഴൽപൂണ്ടെഴും ഉൎവ്വീശ്വരന്മാർപറഞ്ഞൊരുകാ
രണം നിൎവ്വൈരമാനസനാകയാലിങ്ങിനെ നിൎഭീളനായുണൎത്തിച്ച
തെല്ലാമിനി സൎവ്വഭൂതാത്മകനാംനിന്തിരുവടി സൎവ്വജ്ഞനാകയാലൊ
ക്കക്ഷമിക്കെണം ദൎവ്വീകരെന്ദ്രശയനദയാനിധെ" ഇപ്രകാരംപറഞ്ഞീ
ടുന്നവിപ്രനൊ ടപ്പൊഴെചില്ലുമാനത്ഭുതവിക്രമൻ അപ്രമെയപ്ര
ഭാവപ്രകാശാത്മകൻകുപ്രഭൃതഭ്രമപ്രൌഢിവിനാശനൻപംകജ
മംകതൻകൊംകത്തടങ്ങളിൽ തംകുന്നകുംകുമപംകമലംകരി ച്ചെംകൽ
വിളങ്ങുന്നപംകജലൊചനൻ ശംകവെടിഞ്ഞരുളിച്ചെയ്യാനീവണ്ണം
ഹുംകൃതിപൂണ്ടജരാസന്ധനിക്കാലം ശൃംഖലകൊണ്ടുതളച്ചനൃപരുടെ
"സംകടംതീൎപ്പതിനില്ലസംശയം ശംകരൻതന്നാണപൊയാലുമെം
കിലൊ" എന്നതുകെട്ടതെളിഞ്ഞവനുംപൊയാൻ വന്നമഹാമുനിനാര
ദനുംപൊയി പിന്നെമുകുന്ദനാനന്ദരൂപൻനന്ദ നന്ദനൻഗൊവിന്ദ
നിന്ദുബിംബാനനൻ എന്തിനിവെണ്ടതുമുൻപിൽനാമെന്നതു ചി
ന്തിച്ചകല്പിക്കനിങ്ങളിനി"യെന്നു മന്ത്രികളൊടരുൾചെയ്തവാറെസുര
മന്ത്രീസമനാകുമുദ്ധവർചൊല്ലിനാൻ "രണ്ടെന്നഭാവമില്ലാതലൊകെ
ശവൈ കുണ്ടൊൻകുണ്ടനെന്നാകിലുംചൊല്ലുവൻ രണ്ടുമൊന്നാ
യിത്തടുക്കാമതിന്നിപ്പൊൾ ഉണ്ടൊരുപായവുംകണ്ടിട്ടതുംചൊല്ലാംരാ
ജസൂയത്തിനുദിഗ്ജയംചെയ്യുംപൊൾ രാജപ്രവരനായുള്ളജരാസന്ധ
ൻരാജീവനെത്രപുരൈവനമ്മൊടെററൊരാജിയിൽ തൊററാൻപലവട്ട
മാകയാൽ എന്നുംതിറകൊടുത്തീടുകയില്ലിപ്പൊൾകൊന്നിട്ടുയാഗംകഴി
ക്കെന്നതുംവരും" നന്നതുതൊന്നിയതങ്ങിനെതന്നെയെ ന്നിന്ദിരാവ
ല്ലഭൻതാനരുൾചെയ്തു ഇന്ദ്രാദിവൃന്ദാരകവൃന്ദവന്ദ്യനാ മിന്ദ്രാവരജ
നിന്ദീവരലൊചനൻ ഇന്ദുകുലൊത്ഭവനിന്ദുബിംബാനനൻ നന്ദ
ജൻസുന്ദരൻദെവകീനന്ദനൻ നന്ദകപാണിസനന്ദാദിവന്ദിതൻ

ഭദ്രശ്രീകെന്ദ്രശയനനരവിന്ദമന്ദിരകന്ദൎപ്പവൈരിമുഖനത നിദ്രാത്മജപ്രിയനിന്ദ്രപ്രസ്ഥംപുക്കാൻ ധൎമ്മജന്മാവുമവരജന്മാരുമായ്സന്തൊഷമുൾക്കൊണ്ടെതിരെററുവന്ദിച്ചാർ കൎമ്മണാമാധാരഭൂതനാം നിൎമ്മലൻ കന്മഷനാശനൻപ്രീതിപൂണ്ടീടിനാൻ അല്ലലുംതീൎന്നവരെല്ലാവരുംകൂടി സല്ലാപവുംചെയ്തിരിക്കുന്നനെരം മല്ലാരിയൊടുണൎത്തിച്ചുയുധിഷ്ഠിരൻ കല്യാണ ശീലൻകഴൽതൊഴുദരാൽ ദുൎല്ലഭ്യമായവിഷയത്തിൽമാനസ മെല്ലാവനും ചെല്ലുമെല്ലൊദയാനിധെ നിൎല്ലജ്ജനായഞാൻചൊല്ലുന്നകാരിയം വല്ലായ്മയാകിൽക്ഷമിച്ചുകൊള്ളേണമെ രാജത്വമുണ്ടിനിക്കെന്നമൌഢ്യംകൊണ്ടു രാജസൂയംചെയ്കയല്ലയല്ലീയെന്നൊ രാശയിനിക്കുമുണ്ടുള്ളിലുണ്ടാകുന്നു കെശവകൃഷ്ണകൃപാലയദൈവമെ നിൻകനിവെങ്കലുണ്ടെങ്കിലിനിക്കൊരു സംകടമായുള്ളവൻകടൽതൻകര ശംകകൂടാതെകരെറാമഹൊ തവ കിംകരനാകയാൽസെവ്യപദംമമ കണ്ടുവസിക്കാമതില്ലയെന്നാകിലൊ കുണ്ഠിൽവീണെത്രയുംകുണ്ഠനായിടുംഞാൻ പുണ്ഡരീകൊത്ഭവനാദികൾക്കുംനില കണ്ടെന്നമാധാരമെല്ലൊഭവല്പദംകുന്തീസുതനിതുചൊന്നതുകെട്ടൊരു ചെന്താമരാക്ഷൻചിരിച്ചരുളിച്ചെയ്തു എന്തിനുസന്താപമുള്ളിലുണ്ടാകുന്നു ചിന്തനയുണ്ടുഞാനന്തണരുമുണ്ടെ രാജശിഖാമണിയായുള്ളനീയിപ്പൊൾ രാജസൂയംചെയ്യാനെത്രയുംമടിക്കെണ്ട വ്യാജമൊഴിഞ്ഞുവെണ്ടുന്നകൎമ്മങ്ങൾക്കു രാജപ്രവരരടിമപ്പണിചെയ്യും ഒന്നെവിഷമമായുള്ളുനമുക്കതു മിന്നതെന്നൻപൊടു ചൊല്ലുവൻഞാനെടൊ പണ്ടുഭൃഗുമുനിയെച്ചെന്നുമാഗധൻ കണ്ടു സെവിച്ചിതുസന്തതിയുണ്ടാവാൻ അമ്മുനിതന്മടിതന്നിലപ്പൊൾ ദൈവ നിൎമ്മിതമായൊരുമാമ്പഴവുംവീണു പതിക്കിതുകൊടുത്തിട്ടു കെന്നാൽപുത്ര രത്നമുണ്ടാമെന്നുനൽകിമഹാമുനി നാരിമാരുമുണ്ടിരുവരവർകൾക്കു നെരെപകുത്തുകൊടുത്തുനരെന്ദ്രനും പപ്പാതിയായുള്ളദെഹവുമൊരൊരൊ ഭ്രൂജപെററാരിരുവരുമപ്പൊഴെ കൊണ്ടെപ്പുറത്തുകളഞ്ഞതിനെജ്ജരാ കണ്ടെടുത്തിട്ടുസന്ധിച്ചനെരത്തു രണ്ടുമൊന്നായിച്ചമഞ്ഞിതതുകണ്ടു മണ്ടിജരയാംപിശാചികമാരനു മന്നുജരാസന്ധനെന്നുപെരുണ്ടായി തിന്നുള്ളമന്നരിൽമുൻപനവനെല്ലൊ മുക്കുരനെന്നൊടുപൊക്കിരുപത്തുമ്മൂന്നക്ഷൌഹിണിപ്പടയൊടുമൊരുമിച്ചു വന്നാൻപതിനെഴുവട്ടമതിന്നുഞാൻ വന്നപടയൊക്കെക്കൊന്നയച്ചീടിനെൻ അങ്ങിനെയുള്ളൊരുവൈരമുണ്ടെന്നൊടു നിങ്ങൾക്കുമെന്നുംതിറതരികിപ്പവൻ കൊന്നുകളഞ്ഞുയാഗംകഴിക്കെന്നതെ വന്നുകൂട്ടുവതിനൎജ്ജുനനുംഞാനും ഭീമനുമായിട്ടുപൊകെണം

വൈകാതെ ഭൂമിപതെവിടനൽകീടുകെന്നപ്പോൾ ധമ്മജനുംവിടന
ൽകിനാൻവിപ്രരാ യുന്മദമൊടവർനന്മതിലുമെറിവന്മരവുംതകൎത്ത takes Arj. & Bh. agst Magadha
ശ്രുവിളിച്ചുചെ ന്നമ്മാഗധൻറനഗരമകംപുക്കാർ അപ്ല്യപാദ്യാദിക
ൾകൊണ്ടവർതങ്ങളെ സൽക്കാരവുംചെയ്തുചൊദിച്ചുമന്നവൻ ഉള്ളി
ലഹംകാരമുള്ളാരണർനിങ്ങ ളുള്ളവണ്ണംപറഞ്ഞീടുവിനെന്നപ്പോൾ
മാധവൻമന്ദസ്മിതംചെയ്തുചൊല്ലിനാൻ മാഗധനായജരാസന്ധഭൂപ
തെ ചൊല്ലിയതെല്ലാംകൊടുക്കുംപൊലന്തന്നെ ക്കില്ലവികല്പമെന്നെ
ല്ലാരുംചൊല്ലുന്ന തള്ളലുണ്ടായതുമുള്ളിലതുതന്നെ കള്ളമൊഴിഞ്ഞതുമ
ൻപെപറയെണംചൊല്ലുവിൻവാഞ്ഛിതംനൽകുവൻനിങ്ങളുംചൊ
ല്ലെണമാരെന്നുനെരെമടിയാതെ. പിന്നെയുംകൃഷ്ണനെസ്സൂക്ഷിച്ചുമാ
ഗധൻ ചൊന്നാൻതനിക്കൊരുശംകമുഴക്കയാൽ പണ്ടൊരെടത്തി
ന്നുകണ്ടവാറുണ്ടെന്ന തുണ്ടുതവമുഖംകണ്ടുതൊന്നുന്നിതു ഇന്നനില
ത്തുനിന്നെന്നതുമിന്നനാ ളെന്നതുമൊന്നുമെതൊന്നുന്നതില്ലമെ. അ
ക്കഥകെട്ടരുൾചെയ്തിതുകൃഷ്ണനു മൊക്കമൊക്കമതിനുണ്ടവകാശവും
പണ്ടുമധുരെക്കകൃഷ്ണനൊടുപട കൊണ്ടുചെന്നൊരുനാൾരണ്ടുന്നനെ
രത്തു കണ്ടുനില്ക്കുന്നിതുഞാനുമെന്നാകിലാം കണ്ടീടുവാനവകാശംധ
രാപതെ എന്നതുകെട്ടുചൊന്നാൻജരാസന്ധനു മന്നുമമബലംക
ണ്ടുതല്ലീടവാൻ വീരരെമണ്ടിച്ചുപൊരുന്നകൃഷ്ണനുംപാരാതെപാഞ്ഞു
കളഞ്ഞതുകണ്ടിലെ കണ്ടെനടുത്തങ്ങെത്തൊരുനെരത്തു കൊണ്ടൽ
നെർവണ്ണനുംനീയുമൊടുന്നതും ഓടിച്ചതാരെന്നുമൊടിയതാരെന്നുമൂ
ടെതിരിഞ്ഞുപൊതെതുംതിരിഞ്ഞില സംശയമുണ്ടൊഭവാനുള്ളിലെംകി
ലൊ സംശയംതീക്കാമന്നുണ്ടായതുകെൾക്ക കെൾക്കിലുംകെളായ്കിലു
മിനിക്കിന്നിയും പൊക്കളത്തിംകലെസംശയംപെറിട്ടു നില്ക്കുതെല്ലാ
മവകാശംവരുന്നനാ ളൊക്കവെതീരുംപറവിനാരെന്നതും ഞങ്ങളു
പെക്ഷിച്ചതുതരാമെന്നതു മിങ്ങൊട്ടൊരുസത്യംചെയ്തുതരുന്നാകിൽഞ
ങ്ങളുംസത്യംപറയുന്നതുണ്ടെന്നു മംഗലദെവതാകാമുകനുംചൊന്നാൻ
ജീവനെത്തന്നെതരെണമിനിക്കെന്നു പാവനനായൊരുഭൂസുരൻ
ചൊല്ലുകിൽ എതുംമടിയാതെഞാൻകൊടുത്തീടുവൻ ഭൂതെശചരനാ
യശംകരൻതന്നാണെ സത്യമിതെന്നതുകെട്ടവാറെപുരു ഷൊത്തമ
നാകിയകൃഷ്ണനുംചൊല്ലിനാൻ നെരെപറയാംപരമാൎത്ഥമെംകിലൊ
പൊരിൽപതിനെഴരുനിന്നൊത്തൊല്പിച്ച കൃഷ്ണനഹമയംജിഷ്ണുശക്രാ
ത്മജൻ ജിഷ്ണുതന്നഗ്രജൻഭീമനിവനെല്ലൊ മന്നവനാകിയധമ്മജ
ൻചൊൽകയാൽ നിന്നൊടുയുദ്ധമപെക്ഷിച്ചുവന്നിതു ദെഹിയുദ്ധം
നൃപവീരശിഖാമണെ മൊഹമതിംകൽഞങ്ങൾക്കെത്രയുംപാരം എ

ന്നൊടൊഫല്ഗുനനൊടൊവൃകൊദരൻ തന്നൊടൊയുദ്ധംതുടങ്ങുന്നുനീ
യിപ്പൊൾ"ഗൊപൻഭവാൻജിഷ്ണുകൊമളനെന്നുടെ കൊപംപൊറു
Jar. fights with Bhima
പ്പാൻവൃകൊദരനാകിലാം"എന്നുപറഞ്ഞൊരുമന്നവൻമാഗധൻചെ
ന്നുടനായുധശാലയകംപുക്കു രണ്ടുഗദകളെടുത്തുകൊണ്ടുവന്നു "രണ്ടി
ലുംവെണ്ടതെടുത്തുകൊൾഭീമനീ"എന്നവൻചൊന്നപ്പൊൾമാധവൻ
ഭീമനെ "ചെന്നാലു"മെന്നൊന്നുതട്ടീകരംകൊണ്ടു പിന്നെയുണ്ടായവി
ശെഷംപറവതിന്നെന്നാൽപണിപണിചിത്രംനിരൂപിക്കിൽ വട്ട
ത്തിൽനീന്നുപരുമാറിയുംഗദ തട്ടിയുംതങ്ങളിൽദൃഷ്ടിപറിയാതെതല്ലാ
ൻപഴുതുകൾനൊക്കിയുമെത്രയും കെല്പുകലൎന്നവരത്ഭുതമാംവണ്ണംമു
പ്പുരവൈരിയുമന്തകനുംപണ്ടുമുപ്പാൎന്നുടങ്ങുമാറുണ്ടായപൊർപൊലെ
ഭീമനുംഭീമനാകുംജരാസന്ധനുംഭൂമികുലുങ്ങുമാറൊത്തുവീഴുന്നതുംനീ
ങ്ങികളെകയുംവാങ്ങിച്ചുരുങ്ങിയും തുങ്ങിയടുക്കയുംനിങ്ങാതെനില്ക്ക
യും ചാലനാപാതനൊത്ഥാപനഭ്രാമണ പാലനാലൊകനാലെപനാ
ല്യങ്ങളാൽ ഒരൊതൊഴിലുകൾകാട്ടുന്നനെരത്തു വീരരായുള്ളവൎകണ്ണു
കുളുക്കുന്നു-വാരിജലൊചനനുംവിജയൻമുഖ വാരിജംപാൎത്തുകൊ
ണ്ടാടിച്ചിരിക്കുന്നു മുഷ്കരമായഗദകൾതമ്മിൽകൊണ്ടു പുഷ്കരംപൊ
ട്ടുമാറുള്ളൊരുശബ്ദവും സിംഹവൃന്ദമാനയുമെറുപൊരുംവണ്ണം സിംഹ
നാദങ്ങളുംചെയ്തുചെയ്തങ്ങിനെ പാരമടിക്കയുംചൊരയൊലിക്കയും
വീരർതൊഴിൽകണ്ടുകണ്ണുകുളുക്കയും കൂടക്കൊടുക്കയുംകൂടിത്തടുക്കയുംചാ
ടിക്കഴിക്കയുംകെടിൽപ്പുഴിക്കയും കൊടിയൊഴിക്കയുംമാടിവിളിക്കയും
വാടിവിയൎക്കയുമൊടിക്കിഴക്കയും "നില്ലെടാനൊക്കനൊക്കെ"ന്നങ്ങുര
ക്കയും തല്ലവരക്കണ്ടുതുള്ളിപ്പതിക്കയും വല്ലഭംകയ്ക്കൊണ്ടുവെഗാലെതൂ
ക്കയും ചൊല്പിക്കൊണ്ടന്യൊന്യരാശ്രുതാഡിക്കയും ഇങ്ങിനെചെന്നു
പതിനഞ്ചുനാളപ്പൊളെങ്ങിനെവന്നതായമെന്നുസംശയം-അഞ്ജ
നന്ദനായിതുള്ളിലതുന്നെര മച്യുതനൊടുണൎത്തിച്ചരുളിടിനാൻ "കൊ
ണ്ടൽനെർവൎണ്ണനുപദെശവും ചൊന്നാൻ "രണ്ടായ്പൊളിച്ചുമറിച്ചിടു
വാൻ"പ്പൊൾ പച്ചിലകീറിമറിച്ചിട്ടാനഞ്ജനൻ പിച്ചയായ്പൊരുതിമാഗ
ധൻതന്നെയും തച്ചുനിലത്തുപതിപ്പിച്ചൊരുപദം നിശ്ചലമാകചവി
ട്ടിനിന്നപ്പൊഴെ മറ്റെച്ചരണംപിടിച്ചങ്ങുയൎത്തീട്ടു തെറ്റെന്നുചീന്തി
നാൻമാരുതപുത്രനും ക്ഷുത്തുകൊണ്ടെറവുമാൎത്തനായുള്ളവനഹസ്തി
Jar. falls on the 15th day & prisoners are delivered
വരൻപനചീന്തുന്നതുപൊലെ ക്രുദ്ധതയൊടതിശക്തനാംഭീമനും മൂ
ൎദ്ധപുരത്തിന്നയച്ചാനവനെയും ദുഷ്ടൻപിടിച്ചുകെട്ടീടിനമന്നരെപെ
ട്ടന്നഴിച്ചുവിട്ടീടിനാൻകൃഷ്ണനും "നാരായണജയനാഥഹരെജയ നാ
രദസെവിതനാരകനാശന നാരീജനമനൊമൊഹനമാധവ പാ

രെഴരണ്ടിനുംകാരണനെജയ ദാമൊദരജയപീതാംബരജയനാമസ
ഹസ്രമിയന്നവനെജയ രാമരമാരമണത്രിലൊകീശാത്മാ രാമലൊ
കാഭിരാമത്രിദശെശപര വിഷ്ണൊജയജയവിശ്വംഭരാവര വൃഷ്ണി
കുലപ്രതെകംസാന്തകജയ ജിഷ്ണുമുഖാമരസഞ്ചയവന്ദിത ജിഷ്ണുവയ
സ്യമുകുന്ദജയജയ കുന്ദപ്രസൂനമന്ദസ്മിതാസ്യമച്യു കുന്ദനൃപാധി
പവന്ദിതപാദാര വിന്ദഗൊവിന്ദാരവിന്ദവിലൊചന നരവി
ന്ദൊദരസുന്ദര ദന്തശ്രെകെന്ദ്രശയനജയജയ ഇന്ദുചൂഡപ്രിയവ
ന്ദാമഹെപദം ഇന്ദിരാവാസവക്ഷഃസ്ഥലസന്തത മിന്ദീവരെക്ഷ
ണ വന്ദാമഹെവയംഇന്ദിന്ദിരാളക വൃന്ദാരകമുനിവൃന്ദനിഷെവി
തചന്ദ്രകലൊത്തംസചന്ദ്രസ്വരൂപസതത മരവിന്ദമന്ദിരവന്ദ്യജയപ
രമാനന്ദവന്ദാരുവൃന്ദമന്ദാരതരൊജയ വൃന്ദാവനവാസവല്ലവസുന്ദ
രീകന്ദൎപ്പവിഷ്ടപകന്ദജയജയ ബിന്ദുനാദാത്മകകൃഷ്ണജയജയമുററും
നിന്നൊഴിഞ്ഞിങ്ങിനെകെവലം മറെറാരുവൎക്കുമില്ലാശ്രിതവാത്സ
ല്യംതാമസമായഗുണൊത്ഭവമായുള്ളകാമമൊഹക്രൊധലൊഭമാന
മിഥ്യംഭ്രമിപാലഭ്രമാഹംകാരഭാവവും കാമിനിമാരിലുള്ളൊരനുരാഗ
വുംമാധവതാവമഹാമായതൻവൈഭവം ബാധിക്കരുതിനിഞങ്ങളെ
ദൈവമെജന്മനിജന്മനിനിൻപാദപംകജംബ്രഹ്മാദിസെവിതംസെ
വിച്ചുകൊള്ളുവാൻകന്മഷനാശനനിന്നുടെകാരുണ്യംനമ്മെക്കുറിച്ചി
നുമുണ്ടായിരിക്കെണം. ദുഃഖസുഖാദികളൊക്കകളഞ്ഞിനിതൃക്കാലിണ
യൊടുചെൎത്തുകൊള്ളെണമെ" ഇങ്ങിനെകൂപ്പിസ്തുതിച്ചുതെളിഞ്ഞവർ
തിങ്ങിനഭക്ത്യാനമസ്കരിക്കുന്നെരം മംഗലദെവതാവല്ലഭൻചൊല്ലി
നാൻ" നിങ്ങളിനിയഞ്ഞുവൈകാതപൊയാലുംതങ്ങൾതങ്ങൾക്കുള്ളരാ
ജ്യമകംപുക്കുമംഗലരൊടെവസിച്ചാലുമെവരുംഅങ്ങിനെനാലഞ്ചു
നാൾകഴിഞ്ഞാൽപിന്നെമങ്ങാതവമ്പടയൊടുവന്നിടെണംഉത്തമനാ
കിയധൎമ്മജൻതന്നുടെസത്രത്തിനാശുകൊപ്പിട്ടുവന്നീടുവിൻ" ഇത്ഥം
നിയൊഗിച്ചുമാഗധൻതന്നുടെപുത്രനായൊരു സഹദെവനെക്കൊ
ണ്ടു പിതൃൎത്ഥമായശെഷക്രിയചെയ്യിച്ചു പൃത്ഥ്വീപതിയായഭിഷെക
വുംചെയ്തുമുന്നംജനകനിരുദ്ധന്മാരായൊരു മന്നവന്മാരെയുംസൽക്കരി
ച്ചാനവൻഅഭ്യംഗസ്നാനാദിവസ്ത്രാഭരണങ്ങൾ പില്പാടുമൃഷ്ടാശനം
കഴിച്ചാദരാൽയാത്രയുംചൊല്ലിമുകുന്ദനെയുംനന്നാ യ്വാഴ്ത്തിവണങ്ങി
സ്തുതിച്ചവരുംപൊയാർമാഗധൻതന്നെയുംകൊന്നുജയത്തൊടെ മാ
ധവന്മാർവന്നുമന്നനെയുംകണ്ടു "ദിക്കുകൾനാലിലുമൊരൊരനുജ
ന്മാർഉഗ്രമായുള്ളപടയൊടുംപൊകെണം മക്കളുംമറ്റുള്ളബന്ധുക്കളു
മായിമുവ്വെലനവരുന്നതുമുണ്ടുഞാൻ" ഇത്ഥമരുൾചെയ്തുമുഖവി

ലൊചനൻനിത്യൻനിരാമയൻനിൎമ്മലനീശ്വരൻ ദുഗ്ദ്ധാംബുരാശി
Arj marches to N തിരുമകൾവല്ലഭൻഭക്തപ്രിയൻപത്മനാഭനെഴുനെള്ളിപാൎത്ഥനുമുത്ത
രദിക്കുജയിപ്പതിനാൎത്തുനാലംഗ ബലെനപുറപ്പെട്ടുമെരുമഹാമലയൊ
ളവുംചെന്നവൻ നെരെപൊരുതുജയിച്ചുതിറകൊണ്ടാൻ വെഗെന
ചെന്നുത്തരകുരുരാജ്യവുമാകജ്ജയിച്ചുരത്നങ്ങൾവാങ്ങീടിനാൻ അററ
മില്ലാതൊളംദിവ്യരത്നങ്ങളെ കൊററവനായനൃപനുനൽകീടിനാൻ
Bhima E ഭീമൻകിഴക്കൊട്ടുപൊയിപടയുമാ സ്സ്ഭൂമിപാലന്മാരെയൊക്കജ്ജയിച്ചു
വൻ അൎത്ഥമനെകംചുമപ്പിച്ചുകൊണ്ടുവ ന്നുത്തമനാംധൎമ്മപുത്രക്കു
Sahad S നൽകിനാൻതെക്കുംദിശിസഹദെവനുംപൊയൊരൊ മുഷ്കരന്മാരാ
യരാജാക്കളെവെന്നാൻലങ്കയിൽചെന്നുവിഭീഷണൻതന്നൊടു ശ
ങ്കകൂടാതെഘടൊല്കചൻചൊല്ലിനാൻ "പുണ്ഡരീകെക്ഷണൻതൻ
കൃപയുണ്ടാകകൊണ്ടുയുധിഷ്ഠിരനാകുന്നമന്നവൻ രാജസൂയത്തിനു
കൊപ്പിട്ടിതിക്കാലംപൂജിതനായനീയുംതിറനൽകുക" കൃഷ്ണനാമംകെട്ടു
ഭക്തൻവിഭീഷണൻരത്നങ്ങളററമില്ലാതൊളംനൽകിനാൻ ഉണ്ടായ
Nakula W രത്നങ്ങളൊക്കസ്സഹദെവൻ കൊണ്ടുനുധൎമ്മജൻകാക്കൽവെച്ചീടി
നാൻപശ്ചിമദിക്കിനുപൊയിനകുലനും നിശ്ചലനായ്പൊരികൎത്ഥവും
മായ്പുന്നാൻഭൂമിയെയൊക്കജ്ജയിച്ചുതിറവാങ്ങി സൊമകുലൊത്ഭവ
നായയുധിഷ്ഠിരൻകൊമളന്മാരാമവരജന്മാരൊടും വാമാംഗിയായു
ള്ളപാഞ്ചാലിതന്നൊടുംകഞ്ജവിലൊചനൻപാദപത്മങ്ങളിലഞ്ജലി
ചെൎത്തിരിക്കുന്നകരത്തൊടും തദ്ഗുണനാമങ്ങളായജപത്തൊടും നി
ൎഗ്ഗുണത്തിംകലുറച്ചമനസ്സൊടും വാഴുന്നകാലത്തു കൃഷ്ണൻതിരുവടി
ആഴിമാതാകിയരുഗ്മിണീയാദിയാം വല്ലഭമാർപതിനാറായിരത്തെണ്മ
രെല്ലാവരുംപത്തുപ്പത്തുപെററുണ്ടായി ചൊല്ലുവാനാവതല്ലാതസുതരൊ
ടുംവല്ലവീവല്ലഭൻവല്ലഭമാരൊടും ഉദ്ധവർസാത്യകിയെന്നുതുടങ്ങി
യുള്ളുത്തമന്മാരാമമാത്യജനത്തൊടും മന്ത്രികൾസെനാപതികളൊടും
നിജബന്ധുവൎഗ്ഗത്തൊടുംഭൃത്യജനത്തൊടും ആനതെർകാലാൾകുതി
രപ്പടയൊടുമാനകശംഖപടഹാദികളൊടും എന്തൊരുഘൊഷംപറവ
തെഴുനെള്ളത്തന്തണരൊടുംമുനിവരന്മാരൊടും അന്ധകവൃഷ്ണിഭൊജാ
ദികൾതമ്മൊടുംചെന്താരിൽമാനിനിതന്നുടെവല്ലഭൻ നന്ദനന്ദന
നിന്ദിരാമന്ദിരനിന്ദ്രാദിവൃന്ദാരകവൃന്ദവന്ദിതൻഇന്ദുകലാധാര വന്ദ്യ
ൻമുകുന്ദനാനന്ദസ്വരൂപൻജഗന്മയൻഗൊവിന്ദൻ അവ്യയനവ്യ
ക്തനദ്വയനീശ്വരൻദിവ്യജനങ്ങൾമനസിവസിപ്പവൻസവ്യസാ
ചിപ്രിയൻഹവ്യവാഹപ്രഭൻ ക്രവ്യാദനാശനനുൎവ്വീധരാധരൻ
ഉൎവ്വരകൊൻതമ്പുരാനംഭൊജലൊചന നമ്പരിൽമുമ്പൻപരൻ

പുരുഷൻകൃഷ്ണൻകുംഭീന്ദ്രധ്വംഭംകെട്ടത്തവൻപൻവിള   കുംഭീന്ദ്രതാ
പാപഹാരിമധുവൈരിപാണ്ഡവൻതന്നുടെരാജസൂയത്തിനുഖാണ്ഡ
വപ്രസ്ഥമാകുന്നപുരിപുക്കാൻആനന്ദമുൾക്കൊണ്ടുവന്തിച്ചവർക്കുംവെ
ന്നതെല്ലാമൊരുക്കിത്തുടങ്ങിനാർഹസ്തിനംപുക്കനകുലൻവരുത്തെണം
മിത്രമായുള്ളജനത്തെയുംവൈകാതെ ഗാന്ധാരിമുൻപായമാതൃജനങ്ങ
ളും ഗാന്ധാരനാലിയാംവെന്ധുവർഗ്ഗങ്ങളും അച്ഛൻ ധരിയൊധനാദിക
ൾകണ്ണനും സ്വച്ഛചിത്തന്മാരാംഭീഷ്മരുംദ്രോണരും വിശ്വവില്ലാളി
യായുള്ളകൃപർതാനു മശ്വത്ഥാമാവുമമാത്യവരന്മാരും വിശ്വാസമുള്ള
വിദുരരുംവൈകാതെ ദുശ്ശാസനനൊട്ടുവെറെപ്പറത്തിങ്ങു നിശ്ശെഷ
മായപടയുമായാദരാൽ നിശ്ശംകമെന്ന്യെകണ്ണിംകനുമായ്ത്തന്നു യാഗംക
ഴിക്കെന്നുചൊന്നാൻനകുലനു മാഗമിച്ചാരവരവ്വണ്ണമെവരും ആന
ത്തവീരന്മാർപാഞ്ചാലവീരരും മാനിച്ചുസാല്വന്മാർവീരൻവിരട്ടനും
സൃഞ്ജയവീരരുംമാദ്രരാജാക്കളും കുഞ്ജരവീരരുംകൊംകണമന്നരും വ
ൻപുനടിക്കുന്നസുംഭന്മാർമാഗധൻ കംപമില്ലാതൊരുകാശീനൃപൻ
താനും അംഗരുംവംഗരുംവീരർകലിംഗരും മംഗലനാകിയപുണ്ഡ്രനൃപ
ൻതാനും കുന്തളവീരരുംകാശ്രശഭൂപരും സിന്ധുരഭൂപരുംനൈഷധവീ
രരും കൊസലകെകയചെദിനൃപന്മാരും മൈഥിലന്മാരാംവിരാടരാജാക്ക
ളും മാളവൻചൊളനുംകെരളൻപാണ്ഡ്യനും കെളിയെറുന്നമറ്റുള്ളനൃ
പന്മാരും നാരദവ്യാസധൌമ്യാദികളായുള്ള ഘൊരതപൊധനന്മാ
രൊട്ടുശിഷ്യരും ബ്രാഹ്മണക്ഷത്രിയവൈശ്യശൂദ്രാദിയും ധാർമ്മികനാ
യുള്ളധർമ്മജൻതന്നുടെ രാജസൂയത്തിനുവന്നുനിറഞ്ഞിതു രാജിതയാ
യമഹാരാജധാനിയിൽ തങ്ങളാത്തങ്ങളാലായസൽക്കാരവും തങ്ങൾത
ങ്ങൾക്കുള്ളകൊപ്പുംപദവിയും തിങ്ങിവിളങ്ങുന്നവൻപടക്കൊപ്പുമാ
യിങ്ങിനെഭൂമിയിലുള്ളരാജാക്കളും കുംഭവുംകൊംപുംപൊതിഞ്ഞചെം
പൊന്നിനാൽ വൻപുള്ളകുംഭികൾമുൻപിലകംപടി കല്ലൊലമാലക
ൾചെല്ലുന്നതുപൊലെ തുള്ളിക്കളിക്കുന്നവെള്ളക്കുതിരകൾ തെരാളി
കളായപൊരാളിവീരരും കാലാളായമെറുന്നകാലാൾപടകളും കണ്ടുതുടരു
ത്തുടരവരുന്നതു കണ്ടുകൂടാതൊളമുള്ളപെരുംപട ശംഖങ്ങൾഭെരീപെ
രിംപറമദ്ദളം ദുന്ദുഭിനക്രമിടക്കയുടുക്കുകൾ കൊമ്പുംകുഴലുകൾകാളവും
വീണയും തംപുരാനെശിവശംകരയെന്നതെ ചൊല്ലാവതുണ്ടായ
ഘൊഷംനിരുപിക്കി ലെല്ലാരെയുമൊക്കസ്സൽക്കാരവുംചെയ്തു നല്ല
വെണ്മാളികതൊറുമിരുത്തിയാർ കല്യാണമൊടമാത്യാനുജന്മാദികൾ
കൂപതടാകങ്ങൾവെണ്ടുവൊളമുണ്ടു ശൊഭകലർന്നനെടുംകൊണികളു
ണ്ടു കിംകരന്മാരുണ്ടുവെണ്ടതൊരുക്കുവാൻ സംകടമൊന്നിനുമില്ലൊരു

few hitherto thanks in forall

വക്കമെ ഇപ്രഭാവങ്ങൾകണ്ടുൾപ്പുവിലെത്രയു മത്ഭുതമാന്നൊരുധമ്മ
ജൻമാനസം ചില്ലുരുഷംകലുറച്ചിതുശാന്തമാ സ്തത്പ്രഭാവങ്ങളി
തൊക്കയെന്നൊത്തിട്ടു തല്പാദപത്മങ്ങളുൾപ്പുവിലാക്കിനാൻ പൊ
ല്പുവിൽമാനിനിതൻവിളയാട്ടവും ഉല്പലനെത്രാധിവാസമുണ്ടാകയാ
ലപ്പൊളിവിടെയുണ്ടായിതുനിണ്ണയം ശാന്തനായുള്ളയുധിഷ്ഠിരന
ന്നെരം ശാന്തനവൻതന്നെവന്ദിച്ചു ചൊല്ലിനാൻ താതവിദുരസു
യൊധനനിങ്ങളിന്നാദരവൊടിനിക്കുള്ളധനംകാണ്ക നിങ്ങളുടയ
തിവയൊക്കനിണ്ണയ മിണ്ടുവെണന്നതുചെയ്കചൊദിക്കെണ്ട അ
ങ്ങുനിതൊക്കവെരക്ഷിച്ചിരിക്കെണം വെച്ചൊരുകാഴയെടുക്കസു
യൊധനൻ മന്നവന്മാക്കുവെണുന്നതുസഞ്ജയ നൊന്നൊഴിയാതെ
യൊരുക്കിക്കൊടുക്കെണം കൃത്യമകൃത്യമപകൃത്യമെന്നിവ നിത്യവും
ഭീഷ്മരുംദ്രൊണരുംചൊല്ലെണം അശ്വത്ഥാമാവറിയെണംദ്വിജന്മാ
രെ ശുശ്രൂഷനനിലപ്പത്തിയിൽവെക്കെണം എച്ചിലെടുപ്പിച്ചടിച്ചുത
ളിപ്പിച്ചു നിശ്ശെഷശുദ്ധിവരുത്തുകയുംവെണം സജ്ജനപൂജകളുജ്ജു
നൻചെയ്യെണ മച്യുതൻവിപ്രരെക്കാൽകഴകിക്കെണം പാചകന്മാ
രൊടടുക്കളയിൽവെണ്ടു താചരിച്ചിടെണംഭീമൻമടിയാതെ സ്വണ്ണ
ങ്ങൾകൊണ്ടുള്ളദാനങ്ങൾചെയ്യെണം കണ്ണനുമാചാര്യനായകൃപരു
മാ യിന്നിവെണന്നതുഭീഷ്മരൊടെല്ലാരും ചെന്നുചൊദിച്ചുകൊൾ
കെന്നതെവെണുന്നു ഇത്ഥംനിയൊഗിച്ചുധമ്മജൻതാനന്നു ശുദ്ധമ
നസ്സൊടുയാഗവുംദീക്ഷിച്ചു ഋത്വിക്കുകൾസദസ്യാദികളുംക്രിയാ ബ
ദ്ധതകൈവിട്ടുകമ്മംതുടങ്ങിനാർ വെദധ്വനികളുമാഹുതിശബ്ദവും
വെദിയർതമ്മിൽപറയുന്നഘൊഷവും ഹൊമധൂമങ്ങളുംപാവകജ്വാല
യും സാമഗാനപ്രഭെദധ്വനിപൂരവും വെറെപലതരമൊരൊരസങ്ങ
ളിൽ ചൊറുംകറികളുമുണ്ടങ്ങൊരുദിശി വാദ്യഘൊഷംചതുരംഗസെ
നാരവം ചൊദ്യൊത്തരംകൊണ്ടുസംബന്ധശബ്ദവും ഘൊഷിച്ചിവ
ണ്ണംതുടങ്ങിമഹാക്രതു പൊഷിച്ചുദെവകളുംമനുജാതിയും പഞ്ചെന്ദ്രി
യങ്ങളുമന്തഃകരണവും പഞ്ചജനാദിതെയാദിശരീരിണാം പ്രീതിവ
ളന്നുതുടങ്ങിദിനംപ്രതി നീതിയിലിങ്ങിനെകമ്മങ്ങൾചെയ്കയാൽ മു
പ്പത്തുനാലുമാസംകൊണ്ടൊടുങ്ങുവൊ രത്ഭുതരാജസൂയാന്തഃക്രിയാ
ന്തരെ യൊഗ്യരാകുന്നതാരഗ്ര്യപൂജക്കെന്നു യൊഗ്യന്മാരെല്ലാരുംകൂടി
നിരൂപിച്ചു ശ്രൊത്രിയരുംനല്ലശാസ്ത്രികളുംകൂടി പാത്രമിതിന്നാരെ
ന്നാരുംതിരിച്ചീല മാദ്രീതനയനാകുംസഹദെവനു മാദ്രമനസ്സൊടുശാ
ന്തനവൻതാനും ആദ്യനജൻപരമാത്മാജഗന്മയൻ വെദ്യനല്ലാത്
നാരായണൻവൈകുണ്ഠൻ മൂന്നുലൊകത്തിനുംമൂലമാമീശ്വരൻ മു

sacrifice

highest honour to him

ന്നായമൂൎത്തികളൊന്നായിനില്പവൻ താനിരിക്കെയെന്തുസംശയമുണ്ടാ
വാൻ നൂനമവൻതന്നെയൊഗ്യനെന്നാരവർ ശാഖിമൂരട്ടുനനച്ചാൽ
മതിയെല്ലൊ ശാഖകൾതൊറുംനനെക്കുമാറില്ലെല്ലൊ ശ്രദ്ധനായുള്ളൊ
രുഗൊവിന്ദമൂൎത്തിയെ പീഠത്തിന്മെൽവെച്ചുതൃക്കാൽകഴകിച്ചു പൂജി
ച്ചുവന്ദിച്ചുവീണുനമസ്കരി ച്ചാചാരവുംചെയ്തുരാജാവുനിന്നപ്പൊ
ൾ ക്രുദ്ധനായൊരുശിശുപാലമന്നവ നുത്ഥാനവുംചെയ്തിട്ടുച്ചത്തിൽ
ചൊല്ലിനാൻ കുണ്ഡിനംതന്നിൽനിന്നുണ്ടായതൊക്കുംപൊൾ കു
ന്ധന്മാരായുള്ളപാണ്ഡവന്മാരെയും ഒന്നുണ്ടുതൊന്നുന്നതെന്നുള്ളി
ലിന്നതു നന്നല്ലചെയ്തിലൊനിൎണ്ണയമെങ്കിലും ഉള്ളിലറിവില്ലയാ
തൊരുനിങ്ങളിക്കള്ളനായുള്ളൊരുഗൊപാലകൻതന്നെ കാലുംകഴകി
ച്ചുപൂജിച്ചതൊക്കുംപൊൾ ബാലന്മാരെപഴുതായ്പുനുയാഗവും ഇന്ന
വനെന്നുമില്ലില്ലവ്യുമില്ലിവ നെന്നുമൊരുഗുണമില്ലനിരൂപിക്കിൽ മാ
തരുമിന്നവരെനില്ലഭൊഗിപ്പാൻ മാതുലനെക്കൊന്നപാതകവുമുണ്ടു
പെണ്കൊലയുംചെയ്തുസാധുജനങ്ങളെ ശംകയുംകൂടാതെതാംതൊന്നിയാ
യവൻ ബ്രാഹ്മണശ്രെഷ്ഠനുംപിന്നെശ്വപചനും സാമ്യമെത്രെയി
വനുള്ളിലൊക്കുംവിധൌ ശ്വാക്കളുംഗൊക്കളുമൊക്കുമിവൻതനി
ക്കൊക്കുമറിയാവതല്ലിവൻമായകൾ ഇല്ലാത്തതുണ്ടാക്കുമുള്ളതില്ലാതാ
ക്കും നല്ലതുമാകാത്തതുംഭെദമില്ലെതും വൎണ്ണവിശെഷവുമില്ലിവനെതു
മെ പുണ്യപാപങ്ങളുംചിന്തിക്കയില്ലിവൻ നിഷ്കിഞ്ചനപ്രിയൻനി
ല്ലജ്ജനെത്രയും ദുഷ്കുലജാതനാംനിഷ്കാമനെന്നിങ്ങൾ യൊഗ്യന്മാരൊ
ക്കവെനൊക്കിയിരിക്കവെ യൊഗ്യമല്ലെതുമിച്ചെയ്തതുനിൎണ്ണയം വൃ
ദ്ധനായുള്ളഗാംഗെയനുംദ്രൊണനും ബുദ്ധിനെരല്ലാതെയായിച്ചമഞ്ഞി
തൊ" ഇത്തരംകെട്ടാശ്ശുപൊത്തിചെവിചിലർ മുഖവിലൊചനനെതു
മെമിണ്ടീല പാൎത്ഥിവനായചെദീന്ദ്രപൻതന്നൊടു ചീൎത്തകൊപത്തൊ
ടുപാൎത്ഥനുംചൊല്ലിനാൻ: ഇത്തരംചൊല്ലുകിലസ്ത്രങ്ങൾകൊണ്ടുഞാ
ൻ ഉത്തരംചൊല്ലിഞായ" പിന്നെമന്നവ ന്യായമല്ലാത്തതുനീപറ
ഞ്ഞിടുകിൽ കായവുംനാൻരിതിന്നുമാറാക്കുവൻ" പൊരായ്മപൂണ്ടുശി
ശുപാലനന്നെരം പൊരിനുതെരിൽക്കരെറിനിന്നീടിനാൻ കണ്ണും
ചുവത്തിവിറച്ചുനാരായണൻ സന്നദ്ധനായതുകണ്ടുയുധിഷ്ഠിരൻ
നൂറായിരംകൊടിമാൎത്താണ്ഡമണ്ഡല മെറിയൊരാഭകലൎന്നദീക്കം
വണ്ണം ആക്കമെനൊക്കരുതാതൊരുദീപ്തിയുമാക്കുംതിരിക്കരുതാതൊ
രുരൂപവും കൈകൊണ്ടുകണ്ടുഭഗവത്സ്വരൂപത്തെ യുൾക്കാംപിലാ
ക്കിവന്ദിച്ചുധൎമ്മാത്മജൻ ആരിവനായതുനെരെപറകെന്നു പാരാ
തെദൈവവ്രതനൊടുചൊദിച്ചാൻ ആരെന്നറിവാനറിയരുതാതൊരു

നാരായണനജനച്യുതനവ്യയൻ ബ്രഹ്മപ്രളയമുണ്ടായനുതാൻ
തന്നെ നീന്തിച്ചെഴും മധുകൈടഭന്മാരവർ തന്നോടുതന്നെ കല
ഹം തുടർന്നപ്പോൾ കൊന്നാനവരുടെ ദേഹത്തിൽനിന്നുള്ള മേദ
സ്സുതന്നെയുറച്ചു ചമഞ്ഞതു മേദിനിയായതുമെന്നറിഞ്ഞീടുനീ നാ
ഭീസരോജത്തിലുണ്ടായ നാന്മുഖൻ നാനാവിധമായ സൃഷ്ടിചെ
യ്തീടിനാൻ വേദങ്ങൾ കട്ട ഹയഗ്രീവനെക്കൊന്നു വേധാവിനാക്ക
ചാൻ മീനായതുമിവൻ ശർവ്വാംശജാതനാം ദുർവ്വാസാവാം മുനി ഗർവ്വംക
ലർന്നെഴും സർവ്വേശസമ്മിതൻ ശക്രനു നൽകിയ മാലയെടുത്തുടനക്കരി
വീരൻ ചവിട്ടികളകയാൽ ക്രുദ്ധനായമ്മുനി ശാപവും നൽകിനാൻ
വൃത്രഹന്താവിനെയും സുരന്മാരെയും വൃദ്ധശ്രവസ്സാവയനി മുതലായ
വർ വൃദ്ധന്മാരായി ജ്വരാനരയുണ്ടാക എന്നതു കേട്ടു തൊഴുതു മഹേന്ദ്രനും
പിന്നെ വരവും കൊടുത്തു മഹാമുനി ക്ഷീരാംബുരാശി കടഞ്ഞമൃതുണ്ടാ
ക്കി പാരാതെ സേവിക്കയെന്നാൽ സുഖം വരും പുക്കിതു പാൽക്കടലാശു
പുരന്ദരൻ പുഷ്കരനേത്രനോടത്തൽ പറഞ്ഞപ്പോൾ മൂർത്തികൾ മൂവ്വരു
മൊന്നിച്ചു കല്പിച്ചു ദൈത്യകളോടൊരുമിച്ചിതു ദേവകൾ വാസുകി പാ
ശമായ് മന്ദരം മന്തുമായാദരവോടു കടഞ്ഞു തുടങ്ങുമ്പോൾ താണുതുടങ്ങി
ധരാധരമന്നേരം താനൊരു കൂർമ്മമായ് പൊങ്ങിച്ചതുമിവൻ കല്പകവൃക്ഷ
വും നല്ല സുരഭിയുമത്ഭുതമായുള്ള കൌസ്തുഭരത്നവും ചന്ദ്രകലയും മദിരയും
ജ്യേഷ്ഠയും ചന്ദ്രസമാനനയാകിയ ലക്ഷ്മിയും നാല്ക്കൊമ്പനാനയുമു
ച്ചൈശ്രവാശ്വവും ഭാഗ്യഭോഗ്യാരോഗ്യ യോഗ്യപീയൂഷവും സാ
ക്ഷാൽപരാംശമാം ധന്വന്തരി താനുമാക്കും പൊറുക്കരുതാതകാകോള
വും ചൊൽക്കൊണ്ണിമാരാകുമപ്സരസ്ത്രീകളും പാൽക്കടൽതന്നിൽനിന്നു
ണ്ടായിതു മറ്റും മായാവികളാമസുരകളക്കാലം പീയൂഷവും കട്ടുകൊണ്ടു
പോയീടിനാർ മായാമനോഹരിയായി ചമഞ്ഞതു മായാമയനിവൻ
വീണ്ടു കൊണ്ടീടിനാൻ വാരാഹമായൊരു രൂപം ധരിച്ചിട്ടു വീരനായുള്ള
ഹിരണ്യാക്ഷനെക്കൊന്നു പാരിതു വീണ്ടതും യജ്ഞാംഗനാകിയ കാരു
ണ്യവാരിധി നാരായണനിവൻ ദുഷ്ടനായുള്ള ഹിരണ്യകശിപുവെ
നഷ്ടതചെയ്യാൻ നരസിംഹമായവൻ ശ്യാമള സുന്ദര നിന്ദ്രാവരജനാം
വാമനനായെ ബലിയെച്ചതിച്ചതും ഭൂമിപാലന്മാരെക്കൊന്നൊടുക്കീ
ട്ടവൻ ജാമദഗ്ന്യാകൃതിയായി ചമഞ്ഞതും രാമനായ്പ്പിറന്നുവള
ർന്നിട്ടു രാവണനെക്കൊന്നു താപം കെടുത്തതും രാമനായിന്നു ബലഭദ്രനാ
യതും കോമളനായുള്ള കൃഷ്ണനിവൻ തന്നെ പെറ്റമുലയുണ്ടതും ചാടു തകർത്ത
തും താമരസാക്ഷനാം കൃഷ്ണനിവൻ തന്നെ ബാലകലീലകളാണ്ടു നട
ന്നതും പാലൊടു വെണ്ണ കട്ടുണ്ടു കളിച്ചതും അമ്മെക്കുലകുകൾ കാട്ടിനാൻ

വാപിളൂന്നംബുജലൊചനനാമിവൻമാധവൻ വൃന്ദാവനംപുക്കു
ന്നാസ്ഥമിച്ചതുംനന്ദജനാകിയനാരായണനിവൻ കെശിയെക്കൈ
കൊണ്ടുവാകീറിക്കൊന്നതുംകെശവനാകിയനാരായണനിവൻ കാ
ളിന്ദിയിൽനിന്നുനീക്കിക്കളവാനായി കാളിയന്മെൽനിന്നുനൃത്തംന
ടിച്ചതും സുന്ദരിമാരുടെചെലകൾവാരിട്ടുകന്ദപ്പമന്ദിരം കണ്ടുരസി
ച്ചതും ആരണന്മാരുടെപത്നികൾഭക്തിയെ നെരൊടെകണ്ടിട്ടനുഗ്ര
ഹംചെയ്യതുംഗൊവദ്ധനംകുടയാക്കിപിടിച്ചതും ഗൊപീജനത്തൊടു
കൂടിക്കളിച്ചതുംഅക്രൂരൻവന്നിട്ടുരാമനുംതാനുമാ യ്യഖ്യമായുള്ളൊരു
തെരെറിപ്പൊയതുംകാളിന്ദിയിൽമുഴകീട്ടമക്രൂരനു മെളംവരമാറനുഗ്ര
ഹംചെയ്യതുംചെന്നുരജകനെകൊന്നുകളഞ്ഞതും സന്നദ്ധനായ്വില്ലെ
ടുത്തുമുറിച്ചതുംപിന്നെക്കുവലയാപീഡത്തെക്കൊന്നതും ഉന്നതമല്ലരം
ഗംപ്രവെശിച്ചതുംമുഷ്ടികചാണൂരനാദിയാംമല്ലരെ മുഷ്ടിയുദ്ധംചെ
യ്യൊട്ടിച്ചുകൊന്നതുംദുഷ്ടനാംകംസനെക്കൊന്നുകളഞ്ഞിട്ടുകെട്ടുപെ
ട്ടീടിനൊരച്ഛനുമമ്മെക്കും പുഷ്ടകുതുകമുണ്ടാക്കിച്ചമച്ചതും തുഷ്ടിപു
രവാസികൾക്കുവളത്തതുംവിദ്യപഠിപ്പിച്ചവിപ്രനുദക്ഷിണ മൃത്യുഭ
വിച്ചസുതനെക്കൊടുത്തതുംപഞ്ചജനനാമസുരകുലെന്ദ്രനെ പഞ്ചത
ചെത്തവൻതന്നുടെയസ്ഥിയാൽ പാഞ്ചജന്യാഖ്യകലന്നൊരുശംഖ
വുംചാഞ്ചല്യമെന്നിയെകൈക്കൊണ്ടുപൊന്നതും ചൊല്ക്കൊണ്ടമാ
ഗധൻവന്നിരുപത്തുമൂന്നക്ഷൌഹിണിപ്പടയൊടെവളഞ്ഞപ്പൊ
ൾവൻപടകൊന്നുജരാസന്ധനാകിയ വൻപനെക്കൊല്ലാതയച്ചതു
കാരണംപിന്നെയുംവന്നാൻപതിനെഴുവവൻ കൊന്നൊടുക്കുംപ
ടയൊക്കവെമാധവൻ പിന്നെയവൻപതിനെട്ടാമതുവരുംമുന്നമെ
വന്നുയവനൻപടയുമായ്മുന്നുകൊടിപ്പടയുള്ളതുംകൊന്നുടൻ മന്ദെത
രംപാഞ്ഞുപവ്വതകന്ദരംതന്നിലൊളിച്ചതുനെരംയവനനും ചെന്നുമു
ചുകുന്ദനെചവിട്ടീടിനാൻ പെട്ടന്നുണന്നവൻനൊക്കിയനെരത്തു
ദുഷ്ടനുംനെത്രാഗ്നിദഗ്ദ്ധനായിടിനാനു പിന്നെമുചുകുന്ദഭൂപനുകൈവ
ല്യംതന്നെകൊടുത്തതുംനാരായണനിവൻ അന്ധചിത്തൻപതിനെ
ട്ടാമതുംജരാസന്ധൻമധുരാപുരിയെവളഞ്ഞപ്പൊൾ വാരിധിയൊ
ടപെക്ഷിച്ചുവാങ്ങീടിനാൻദ്വാരാവതിയാംമഹാരാജധാനിയുംസ്ത്രീ
ധനധാന്യാദികളുംകടത്തിവെച്ചാധിയുംതീത്തുബലഭദ്രരാമനും താനു
മായ്മാഗധസൈന്യംമുടിച്ചതും മാനിയാംമാഗധനെക്കുലചെയ്യാതെ
ഒടിമലമെൽകരെറികളഞ്ഞതും ചുററുമവൻതീകൊളുത്തിയനെരത്തു
മററാരുമെയറിയാതെബലനുമായ്നിജപുരിപുക്കുവസിച്ചതും ന
ന്ദതനയനാംദാമൊദരനിവൻ ചെന്നുനരകമുരന്മാരെയുംകൊന്നു കു
ണ്ഡലം നല്പദിതിക്കുകൊടുത്തതും ഭാൎയ്യമാരായിതിനാറായിരത്തെട്ടു

നാരികളെ വിവാഹംചെയ്തുകൊണ്ടതും ശംകരൻതന്നെപ്പൊരുതുജ
യിച്ചിട്ടു ഹുംകൃതിപൂണ്ടൊരുബാണൻകരങ്ങളെ ച്ശെദിച്ചനിരുദ്ധ
നെവീണ്ടുകൊണ്ടതും വെദപ്പൊരുളായനാരായണനിവൻ മററുംപ
ലപലവിക്രമംചെയ്തിട്ടു മററുംജഗത്രയരക്ഷാകരനിവൻ കൎത്താവാകു
ന്നതുംകാരണനായതും മദ്ധ്യെകരണമാകുന്നതുംതാൻതന്നെ ഉല്പത്തി
യില്ലമരണവുമില്ലിവ ന്നുഭവമാക്കമറിഞ്ഞുകൂടാചൊൽവാൻ മായാ
മയനായനാരായണപൊററി നീയെഗതിയെന്നിരിക്കുന്നീസന്തതം
ശാൎങ്ഗപരായുധൻതന്റെചരിത്രങ്ങൾ" ഗാംഗെയനിങ്ങിനെചൊ
ന്നൊരനന്തരം ദുൎന്നിമിത്തങ്ങളുണ്ടായതുകണ്ടഥ മന്നവൻനാരദൻ
തന്നൊടുചൊദിച്ചു "എന്തിതിൻകാരണമെന്നതുകെട്ടാശു ചിന്തിച്ചു
നാരദൻതാനുമരുൾചെയ്തു "ചെദീശനായശിശുപാലനെയിന്നു മാ
ധവൻകൊല്ലുമതിനുള്ളകാരണം കാണ്ണായതെന്നുപറഞ്ഞിരിക്കെത്ത
ന്നെ കാണായിതെരിൽമധുവൈരിതന്നെയും അസ്ത്രപ്രയൊഗങ്ങൾ
തമ്മിലുണ്ടായതു വിസ്തരിച്ചെറപ്പറഞ്ഞാലൊടുങ്ങുമൊ രാഘവരാവ
ണന്മാർപൊരുംപൊലെയ മെഘനിറമുള്ളകൃഷ്ണചെദിശന്മാർ അ
സ്ത്രമെടുത്തുതൊടുത്തുവലിച്ചയ ച്ചെത്രയുംഘൊരമായുന്നിതുയുദ്ധവും
ധൎമ്മജനാദിയുംനാരദനാദിയും നിൎമ്മലരാകിയദെവസമൂഹവും നാരീ
ജനങ്ങളുംഭൂസുരജാലവും വീരരായുള്ളവുന്നഭൂപതിവൃന്ദവും പാരിലു
ള്ളൊരെല്ലാമായൊധനംകണ്ടു "നാരായണഹരെനാരായണയെന്നാർ
" വിക്രമശാലിയാംവിഷ്ണുജഗന്മയൻ ചക്രമെറിഞ്ഞുമുറിച്ചാനവൻതല
ദെഹവുംഭൂമിയിൽവീണിതുനെരം ദെഹിയുംമാധവദെഹമകംപു
ക്കു ദെവകൾപൂമഴതൂകിത്തുടങ്ങിനാർ ദെവനെവന്ദിച്ചുതാമുനിജാല
വും യാദവന്മാരുംതെളിഞ്ഞുചമഞ്ഞിതു — മെദിനീപാലകന്മാർചിലർ
കൊപിച്ചാർ ധൎമ്മജൻചൊല്ലാലെശെഷക്രിയകളും നിൎമ്മലനാമവ
ൻതന്റെമകനെചെയ്യാൻ ശെഷംമഹാക്രതുചെയ്തുമുടിച്ചിതു — ഘൊ
ഷിച്ചുധൎമ്മരാജാത്മജൻനിൎമ്മലൻ ആനന്ദമുൾക്കൊണ്ടുമന്നനവഭൃ
ഥ സ്നാനവുംചെയ്തിതുബന്ധുജനത്തൊടും ഇന്ദ്രൻസുധൎമ്മയിലെ
ന്നപൊലെധരണീന്ദ്രനാസ്ഥാനെവസിക്കുന്നതുനെരം മായാമയ
നാംമയൻപണിചെയ്യൊരു തൊയാകരംനിലമെന്നുനിരൂപിച്ചു പാ
രാതെചെന്നുടൻവാളുമാസ്ത്ര്യാടിനാൻ വാരിയിലിട്ടുമടുത്തുസുയൊധന
ൻ ആരുംകാണാതെചിരിച്ചിതെല്ലാവരും പാരംചിരിച്ചിതുഭീമനതു
നെരം നാണവുംപൂണ്ടഭിമാനക്ഷയത്തൊടും ആനനവുംതാഴ്ത്തിയാരെ
യുംനൊക്കാതെ പൊയിസുയൊധനനന്നുതുടങ്ങീട്ടു കായംമെലിഞ്ഞു
പനിയുംപിടിച്ചുതെ — മന്നവരുംപിന്നെമററുള്ളവർകളും വന്നവഴി

യെപ്പൊത്തങ്ങളിടംപുക്കാർ വൃഷ്ണികുലജാതൻവിശ്വംഭരാവരൻ വി
ഷ്ണുവെദാന്തവെദ്യൻവെദവിഗ്രഹൻ ജിഷ്ണുപ്രമുഖവൃന്ദാരകവന്ദിത
ൻ ജിഷ്ണുതനയപ്രിയവയസ്യൻഹരി കൃഷ്ണൻതിരുവടിധൎമ്മജൻത
ന്നൊടും കൃഷ്ണയൊടുംസുഭദ്രാദികൾതമ്മൊടും ജിഷ്ണുവിനൊടുംമറ്റുള്ള
ജനത്തൊടു മുഖ്യതരാംബുജബിംബാനനൻമാധവൻ ആസ്ഥയാ
വാത്സല്യമുൾക്കൊണ്ടുസാദരം യാത്രയുംചൊല്ലിവെഗത്തൊടെഴുന്നെ
ള്ളി ഹസ്തിനംപുക്കധൃതരാഷ്ട്രപുത്രനു മത്സരമുഴുത്തുചമഞ്ഞുദിനംപ്ര
തി ധൎമ്മജൻറെധനവുംപ്രതാപവും നന്മയുംകണ്ടുസഹിയാഞ്ഞു
കാലം താണിതുബുദ്ധിതളൎച്ചയുംപാരമായ്ക്കുണ്ടുമറക്കവുമില്ലാതെവന്നി
ട്ടു ചെന്നുശകുനിയൊടെല്ലാമമാത്യകൾ ചൊന്നതുകെട്ടവനുംവന്നു
ചൊല്ലിനാൻ പൊക്കുവൻനിന്നുടെദുഃഖങ്ങളൊക്കവെ ഭൊഷ്ക്ക
ന്നിയെപറഞ്ഞിട്ടനീവൈകാതെ ധൎമ്മജന്മാവിൻപ്രതാപവുമൎത്ഥവും
നന്മയുംകണ്ടുപൊറുത്തീലിനിക്കയ്യൊ കുറ്റമല്ലെതുമതുണ്ടൊമതിന്നുനീ
പെറുവതല്ലശൊകിപ്പതൊരിക്കലും എതുമിതുകൊണ്ടുദുഃഖിക്കവെണ്ട
നീ ചൂതുപൊരുതുജയിച്ചവൻതന്നുടെ നാടുംനഗരവുമൎത്ഥവുംനിന്നു
ടെ പാട്ടാക്കിവെക്കുന്നതുണ്ടിനിനിൎണ്ണയം അച്ഛനെക്കൊണ്ടുചൊ
ല്ലിച്ചുവരുത്തുക നിശ്ചയംനാടുപറിക്കുന്നതുണ്ടുഞാൻ" എന്നുശകുനി
പറഞ്ഞതുകെട്ടപ്പൊൾ ചെന്നവൻതാതനൊടാശുചൊല്ലീടിനാൻ അ
ന്ധനാംഭൂപൻമുഹൂൎത്തമാത്രമുള്ളിൽ ചിന്തിച്ചുനന്ദനൻതന്നൊടുചൊ
ല്ലിനാൻ അന്ധകാരങ്ങൾനിരൂപിച്ചുമാനസെ ചിന്തമുഴുത്തുമുഴുകിദി
നംപ്രതി" സന്താപമുണ്ടായ്വലിത്തുവശംകെട്ടു സന്തതംക്ലെശിപ്പ
തിനെന്തുകാരണം ബന്ധമില്ലെതുമിതിന്നിതുചൊല്ലിയ ബന്ധുക്ക
ളെത്തുംനിനക്കുനന്നല്ലകെൾ അന്തംവരുമതുമൂലമന്നൊരത്തു പിന്നുണ്
യാതൊന്നിനക്കില്ലറികനീ മന്ത്രികളിഷ്ടംപറയുംചിലരവ രന്തരമില്ല
കൊല്ലിക്കുമതൊക്കെന്നും കുന്തീസുതന്മാർനിനക്കിതിനാൽപരി പ
ന്ഥികളായ്വരുംപാണ്ഡവന്മാരുടെ ബന്ധുവാകുന്നതാരെന്നതൊൎത്തീ
ടെണം മന്ധകവംശാധിപൻനരകാന്തകൻ എന്നൊടിതെല്ലാംപറ
യാൽക്കപാതിയും മുന്നെവണ്ണംതന്നെവാഴ്കനീയിന്നും" അംബികാ
പുത്രൻപറഞ്ഞതുകെട്ടപ്പൊൾ തൻമനക്കാമ്പിലവൈരുത്തുസുയൊധ
നൻ "തീൎത്ഥമാടീടുവാൻപൊകുന്നതുണ്ടുഞാൻ പെത്തിവിടെക്കുവരു
ന്നതുമില്ലിനി താതന്നുജനിലുള്ളൊരുവാത്സല്യം ചെതസിധൎമ്മാത്മ
ജനിലുമുണ്ടല്ലൊ താതനുദകപിണ്ഡാദികൾനൽകുവാൻ പ്രീതിയും
പാണ്ഡുസുതൻകലുന്നിൎണ്ണയം നൂനമെന്നാൽതവകൎമ്മമിതിനില്ല ഞാ
നിനിദെശാന്തരംഗമിച്ചീടുവൻ" മന്നവനെന്നതുകെട്ടുവിദുരരെ ചെ

നുവരുത്തുകെന്നാനവനുംവന്നാൻ ശ്രദ്ധമായിങ്ങിനെയെല്ലാവരു
മൊത്തു കൂടിനിരൂപിച്ചുകല്പിച്ചകാരിയം ഉളളവണ്ണംധരിച്ചോരുവി
Vidura warns earnestly ദുരരും ചൊല്ലിനാനന്നുധൃതരാഷ്ട്രരെനൊക്കി "നല്ലതിനല്ലതുടങ്ങുന്നുനി
ന്മകൻ നല്ലതല്ലെതുമെമെലിലിതുമൂലം ഇല്ലാതെയാമ്പരുമെല്ലാവരുംകൂ
ടി വല്ലായ്മശിക്ഷിച്ചടക്കുകനീതന്നെ" എവംവിദുരർപറഞ്ഞതുകെൾ
പ്പതി നാവതല്ലാതെചമഞ്ഞുധൃതരാഷ്ട്രർ പുത്രവാത്സല്യംനിമിത്തമാ
യ്മാധവൻ ഭക്തപ്രിയൻമഹാമായാഗുണവശാൽ ഭൂഭാരനാശനത്തി
നുപിറന്നൊരു ഗൊപതിവൈഭവമാക്കുതടുക്കാവു. പാർത്ഥനെച്ചെ
ന്നുവരുത്തുകയെംകില്ലു മൊൎത്തിടാമെന്നതുകെട്ടവിദുരരും ബാന്ധവ
it must call the 5 പ്രസ്ഥമകംപുക്കതുനെരം പാണ്ഡവന്മാരുമെതിരെററുപൂജിച്ചാർ "അം
ബികാപുത്രനുസൌഖ്യമല്ലീപുനരംബുധിപതീസുതനെന്തരുൾചെ
യ്തു എന്തൊരുവാർത്തപുതുതായിട്ടുള്ളതു മെന്തൊരുകാൎയ്യംനിരൂപിച്ചുവ
ന്നതും" ധൎമ്മജനിങ്ങിനെചൊദിച്ചനെരത്തു നിൎമ്മലനായവിദുരരു
ചെയ്തു "എല്ലാംവിധിബലമെല്ലൊയുധിഷ്ഠിര ഒല്ലാതചൂതുപൊരെണം
പൊലെന്നിട്ടു നിന്നെവരുത്തുകെന്നെന്നെയയച്ചിതു മന്നവനായധൃ
തരാഷ്ട്രർതാൻതന്നെ നല്ലതുമാകാത്തതുംനിരൂപിച്ചിട്ടു നല്ലതുചെയ്കെ
ന്നെചൊല്ലാവിതെന്നാലൊ" സമ്മതി നിൎമ്മലൻധൎമ്മജൻചൊല്ലിനാൻ
Yudh. is ready to go സമ്മതമൊട്ടുവിദുരരൊടന്നെരം "താതൻവിളിച്ചവിടത്തിനുചെല്ലു
വാൻ എതുമെസംശയിച്ചീടുന്നതല്ലഞാൻ ചൂതിനുള്ളൊരുദൊഷങ്ങ
ൾചൊല്ലീടിനാൽ ചൂതുപൊരാതെകഴിക്കിലൊനന്നെല്ലൊ പിന്നെസ്സു
യൊധനാഭീഷ്ടങ്ങളായവ തന്നെപണയംകൊടുത്തവനായ്വന്നാൽ
നിങ്ങൾതടസ്ഥന്മാരായുള്ളവർചിലർ മംഗലവാക്യങ്ങൾകൊണ്ടൊ
ഴിച്ചീടുവിൻ എന്നാലുമാവതില്ലായ്കിൽമൂന്നാമതു പിന്നെയും ചൂതു
പൊരുതുതൊററീടുവൻ എന്നാൽജയമത്തനായസുയൊധനൻ ത
ന്നെസഭാപാലകന്മാരെനിന്ദിച്ചു ദുൎഭാഷണാദിദുഷ്കൎമ്മങ്ങൾചെയ്കി
ട്ടു മപ്പൊൾസഭാതിക്രമംകണ്ടുസഭ്യന്മാർ കണ്ണുവുംകൎണ്ണമടച്ചുനടകൊ
ള്ളും പിന്നെയെ താനുമൊന്നുണ്ടുവക്രബലാൽ മൂന്നിലുമൊന്നുസാ
ധിക്കാമതെന്നിയെ മൂന്നുംവരായ്കിലുമില്ലൊരുസംകടം" തങ്ങളിലി
ത്ഥംവിശെഷങ്ങളുംപറഞ്ഞിങ്ങിനെരാത്രികഴിഞ്ഞൊരനന്തരം നെര
ത്തെഴനീററുനിത്യകൎമ്മംചെയ്തു കൂടലർകാലന്മാരാകിയപാണ്ഡവർ തെ
രിൽക്കരെറിവിദുരരുമായൊന്നു പാരാതെഹസ്തിനമായപുരിപുക്കാ
ർ അംബികാപുത്രനെവന്ദിച്ചുപാണ്ഡവ രംബയാംഗാന്ധാരിത
ന്നെയുംവന്ദിച്ചാർ അംബുരാശിപ്രിയാപുത്രനെയുംതൊഴുതൻപിനൊ
ടാചാൎയ്യന്മാരെയുംവന്ദിച്ചാർ അശ്വത്ഥാമാദിബന്ധുക്കളെയുംകണ്ടു

വിശ്രമിച്ചീടിനാർ പാണ്ഡുസുതന്മാരും ഇഷ്ടമായുള്ള ജനത്തോടുമൊ
ന്നിച്ചു മൃഷ്ടമായുണ്ണും കഴിഞ്ഞുറങ്ങീടിനാർ_ പിറ്റെനാൾ നെരത്തു നി
ത്യകർമ്മം കഴിച്ചുററവരൊടുമരചൻ സഭ പുക്കു ചൂതു പൊരുവാൻ വിളി
ച്ചിതെന്നപിതാ വാദരം പൂർവ്വം പറഞ്ഞൊരനന്തരം „ചൂതിനാൽത്തൊ
ഴിഞ്ഞില്ലെന്നു ധർമ്മജൻ മൊദാലനെകമിതിഹാസവും ചൊന്നാൻ „താ
തനിയൊഗമനുഷ്ഠിപ്പതിന്നു ഞാ നെന്നും മടിക്കുന്നതില്ലെന്നു ധർമ്മജൻ
വ്യാകുലമാനസനായിരിക്കുന്നെരം നാഗധ്വജനും മുതിന്നിരുന്നീടിനാ
ൻ അക്ഷവും ചൂതുമെടുത്തു കൊണ്ടും വന്നു വെക്കെണമെന്നു മുതിന്നു ശ
കുനിയും കല്പിച്ചതെല്ലാം വരുമെന്നു ചിന്തിച്ചു" ധർമ്മജൻ താനുമിരുന്നു
സഭാന്തരെ കള്ളച്ചൂതെന്നും പൊരൊല്ല നീയെന്നു മുള്ളം തെളിഞ്ഞരു
ൾചെയ്തു യുധിഷ്ഠിരൻ „അയ്യൊ ചതിയുണ്ടൊ ചൂതിങ്കൽ കാട്ടാവു മെ
യ്യൊടു പണ്ടും പൊരുമിതു മന്നവർ ദൈവമെത്രെയിതിന്നാധാരമാകുന്ന
തവ്യാജമായൊന്നു ചൂതെന്നറിഞ്ഞാലും ഗാന്ധാരവീരനൊ പൊരുന്നൊ
രു ചൂതിന്നു ഞാൻ തന്നെ വെക്കാം പണയം പൊരുതാലും" എന്നു സുയൊ
ധനനും പറഞ്ഞീടിനാർ_ മന്നവൻ ചൂതു പൊരുതു തുടങ്ങിനാൻ ബാഹ്ലീ
കദത്തരഥക്കുണ്ഡികാദികൾ സൊല്ലാസമാദിയിൽ വെച്ചു പണയമാ
യ്യെച്ചതു വെച്ചതു തൊററിതു പാണ്ഡവൻ വെച്ചു പണയം ധനധാന്യ
രാജ്യവും വെച്ചതു വെച്ചതു വെന്നു ശകുനിയും വെച്ചു പണയവും ധർമ്മ
ജനെപ്പെരും വഞ്ചനം ചൊല്ലുവാൻ നെഞ്ചകമഞ്ചുന്ന കിഞ്ചനസംശ
യം കൂടാതെ ധർമ്മജൻ നെഞ്ചകമായുള്ളനുജന്മാർ തമ്മെയും കൊഞ്ചും
മൊഴിയാളാം പാഞ്ചാലി തന്നെയും വെച്ചു പണയം ചിരിച്ചിതു വൈരി
കൾ_ അയ്യൊ ശിവ ശിവ കഷ്ടമെന്നാർ ചിലർ_ സജ്ജനമെററം വെറു
ത്തു ശകുനിയെ സഞ്ജരമപ്പൊൾ വിദുരരുര ചെയ്തു „അംബികാനന്ദന
കെൾക്ക ഞാൻ ചൊൽവതു നിന്മകനിങ്ങു പിറന്നനെരം തുലൊം ദുർന്നി
മിത്തങ്ങളുണ്ടായതറിഞ്ഞില്ലെ മന്നവർ വംശമശെഷം മുടിവാനാ യു
ള്ളുച്ചൂതിട്ടു ശകുനി ചതിക്കയാൽ ഉള്ളം തെളിവുള്ള ധർമ്മജന്മാവിനൊ ടു
ള്ള പൊരുളുടയക്കൊണ്ടു കൊണ്ടൊൻ പൊ ലുള്ളതല്ലെതുമതെന്നറിഞ്ഞി
ട്ടു നീ ആകസുയൊധനൻ പൊകയിവിട്ടന്ന ചാകാതിരിക്കെണം. മററു
ള്ളവരെങ്കിൽ വാക്കു യുധിഷ്ഠിരൻ വൈകാതെ ഭൂതലം ഭാഗം പറഞ്ഞാൽ
ഫലമില്ല മന്നവ" എന്നു വിദുരർ പറഞ്ഞതു കെട്ടപ്പൊൾ മന്നവനായ സു
യൊധനൻ ചൊല്ലിനാൻ കണ്ണു നീ കെട്ടീലെ നല്ല വിദുരർ വാക്കെന്നെ
ദ്ദൂഷിച്ചെപ്പറയുമിവൻ പണ്ടും ദുർഭ്ചെഷ്ടയായൊരു ദാസീസുതൻ തനി
ക്കെച്ചിൽ കൊടുത്തു വളൎത്തതിൻെറ ഫലം ആകഞാനെങ്കിലിവിട്ടന്നു
താൻ പൊയി വാക്കു തനിക്കു തെളിഞ്ഞതടങ്ങാനും നില്ക്കുതെല്ലാം

In Hastinap[ur] Dhritar[ashtra] ca[lls] to the ga[me]

Sakuni begins

Yudh[ishthira] loses

Vidur ang[ry]

വെളിച്ചത്തിട്ടന്നീലഞാൻ ധിക്കരിച്ചാൽപിഴച്ചീടുമെല്ലാവനും പാ
ക്കുന്നതെന്തിനിനിച്ചിലകാൎയ്യങ്ങൾ ഭൊഷ്ക്കാമ്മരുമൊയുധിഷ്ഠിരൻ
ചൊല്ലിയാൽ പാഞ്ചാലിര,ന്നെവിളിക്കയിനിയെത്തും ചാഞ്ചല്യംവെ
ണ്ടയിതെന്നുസുയൊധനൻ കൃഷ്ണെവരികനീമുററമടിപ്പാനെന്നുഷ്ണി
Dussasana excited to say / Dragged by the hair: ച്ചുനിന്നൊരുദുശ്ശാസനൻചൊന്നാൻ ദുശ്ശാസനൻചെന്നുലജ്ജയും
കൈവിട്ടു ദുശ്ശാസനംചെയ്യുന്നെരത്തുകൃഷ്ണയും പൊരുവാനുണ്ടുവിഷ
മമിനിക്കെന്നു വാരിജലൊചനതാനുമരചെയ്യാൾ തനീരജസ്വല
യായിരിക്കെത്തന്നെ ചെന്നുതലമുടിചുററിപ്പിടിപെട്ടു സജ്ജനമെ
ല്ലാരുംനൊക്കിയിരിക്കവെ ദുൎജ്ജനാഗ്രെസരൻദുശ്ശാസനൻബലൻക
ച്ചെൽമുലയാളെയിഴുത്തുസഭാന്തരെ സ്വച്ഛമായെററംമൃദുതരമാകിയവ
സ്ത്രമൊരുതലചുററിപ്പിടിപെട്ടു നിസ്സ്യങ്കനെന്നുമടിയാതഴിച്ചപ്പൊ
She prays to Kr.: ൾ നാരിമണിയുംമുറതുടങ്ങിനാൾ നാരായണഹരെരാമദയാപര
വിഷ്ണൊജഗല്പതെവൃഷ്ണികുലൊത്ഭവ കൃഷ്ണയദുപതെപാഹിനമൊസ്തു
തെ ശ്രീവാസുദെവധരണീധരചക്രപാണെവരാഹനരസിംഹരാ
ഘവ പത്മനാഭകൃഷ്ണരാമമുരഹര ദെവദെവനമൊദെവെശകെശവ
ദെവാധിനാഥഹരെതെനമൊനമഃ ഇത്ഥംപ്രലാപംകലന്നൊരുനെര
ത്തു വസ്ത്രമഴിച്ചൊരുമുണ്ടങ്ങുപിന്നെയും എറിയൊരാടയവനഴിച്ചി
ട്ടിട്ടും കുറയരയിന്നുവെറായിതില്ലെത്തും കൂററവിന്ദാക്ഷനുണ്ടായാല
ള്ളൊരു കാൎയ്യമിങ്ങിനെവന്നുതൊയമെടൊ, നിൎജ്ജരനായകനന്ദനാ
കിയൊ രജ്ജുൻഭീമാദികൾകണ്ടുനില്ക്കവെ പിച്ചയവരുടെധൈൎയ്യംനി
രൂപിക്കി ലച്യുതൻതന്നുടെമായാബലവശാൽ ആൎക്കഭിമാനക്ഷയ
മുമാപത്തുമിങ്ങൊക്കിൽമനുഷ്യരായാൽവരാതെയുള്ളു കാഞ്ചികൾ
കൊണ്ടുമുറുക്കിക്കിടന്നൊരു പാഞ്ചാലിതന്നുടെപൂഞ്ചെലയന്നെരം മ
റെറാരുദുഷ്ടൻപിടിച്ചഴിക്കുന്നതു കുററമൊഴിഞ്ഞവർകണ്ടുനിന്നീടി
നാർ,സത്യത്തെലംഘിക്കരുതെന്നുചിന്തിച്ചു സത്യപരായണന്മാരട
ങ്ങിദൃഢം, ധാൎത്തരാഷ്ട്രന്മാരെനിങ്ങളിലാരാനും പാൎത്ഥിവനന്ദനയാ
യപാഞ്ചാലിയെ വല്ലഭയാക്കിവരിച്ചുകൊൾകെന്നു ചൊല്ലിനാൻ
Begs for grace: കണ്ണുനീരുമഴക്കയാൽ „കാത്തുകൊൾകെന്നെധൃതരാഷ്ട്രമന്നവ കാ
ത്തുകൊൾകെന്നെനീഗാന്ധാരിമാതാവെ കാത്തുകൊണ്ടീടുവിൻഭീഷ്മ
രുംദ്രൊണരും കാത്തുകൊൾവിൻസഭാപാലന്മാരെനിങ്ങൾ ധൎമ്മരാ
ജാവെജഗല്പ്രാണമാരുത ധൎമ്മപ്രധാനനായുള്ളദെവാധിപ അശ്വി
നീദെവകളെവന്നുനിങ്ങളും ദുശ്ശാസനകൃതദുഃഖമകററുവിൻ അയ്യൊ
യുധിഷ്ഠിരഭീമധനഞ്ജയ കൈവെടിഞ്ഞൊനിങ്ങൾമാദ്രീസുതന്മാരെ
Curses: ആൎത്തയായിങ്ങിനെപെത്തുമുറയിട്ടു പാൎത്ഥിവനന്ദനാശാപമിട്ടീടനാ

ൾ ധാൎത്തരാഷ്ട്രന്മാരെനിങ്ങൾശതത്തെയും പൊൎത്തലത്തിംകനുകൊ
ല്ലുകമാരുതി പൊരായ്മചെപ്പതിനാളായകണ്ണനെ പൊരിലെതൃത്തുധ
നഞ്ജയൻകൊല്ലുക ചീറുകെട്ടുത്തശകുനിയെയുംപൊരിൽ വീരനാ
യൊരുസഹദെവൻകൊല്ലുക" ശാപവ്യമിട്ടവൾകെഴന്നനെരത്തു കൊ
പെനഭീഷ്മരുംദ്രൊണർവിദുരരും ചെന്നുധൃതരാഷ്ട്രരൊടുപറഞ്ഞിതു "ന
ന്നല്ലമക്കൾമുടിഞ്ഞുപൊമിപ്പൊഴെ" തെൻചൊല്പാളാകിയപാഞ്ചാലി
തന്നുടെ പൂഞ്ചായലും. നല്ലപൂഞ്ചെലയുമൊരു ചാഞ്ചല്യമെന്നിയെതൊ
ട്ടവൻതന്നെന്നി താൻചെന്നുശിക്ഷിക്കയെന്നതുകെട്ടപ്പൊൾ പാ
ഞ്ചാലിയൊടുപറഞ്ഞുധൃതരാഷ്ട്രർ "വാഞ്ഛിതമായതുഞാൻതരുവൻവ
രം ചൊല്ലുകവെണ്ണന്നെന്നതുകെട്ടവൾ ചൊല്ലിനാൾതൊണ്ടവി
റച്ചുകൊണ്ടാകുലാൽ ഭൎത്താക്കന്മാരുടെദാസ്യവുമെന്നുടെ ഭൃത്യപ്രവൃത്തി
യുമില്ലാതെയാക്കെണം" "അല്ലൽകളത്താലുമിന്നുതൊട്ടെംകില തില്ലെ"
ന്നുചൊല്ലിധൃതരാഷ്ട്രർതാന്തന്നെ വന്ദിച്ചുപാഞ്ചാലിപാണ്ഡവന്മാരു
മാ യിന്ദ്രപ്രസ്ഥത്തിന്നുപൊവാൻതുടങ്ങുംപൊൾമന്നവൻദുരിയൊ
ധനനുംശകുനിയും കൎണ്ണനുംകൂടിനിരൂപിച്ചുകല്പിച്ചാർ "ഇന്നുമൊരു
നാളവർവല്ലതാഴ്ചരു മെന്നാൽനമുക്കജയിപ്പാൻപണിയെത്രെ ഇ
ന്നുമൊരിക്കൽവിളിച്ചുപൊരുതെംകി ലെന്നതനുവദിച്ചുധൃതരാഷ്ട്രരും
വനംപൊകിന്നുമൊരിക്കൽപൊരുതൈകെന്നാൻ" വന്നുപൊകെണംകുല
നാശമെന്മാനാ യിന്നിപ്പണയമാകുന്നതുതൊററവ രിന്നുതന്നെവ
നവാസംതുടങ്ങെണം ദ്വാദശസംവത്സരംമുഴവൻഗത സാദംതപ
സാവനത്തിൽവസിക്കെണം; അജ്ഞാതവാസവുമൊരാണ്ടുചെയ്യെ
ണം വിജ്ഞാനികളുള്ളനാട്ടിലിരുന്നിട്ടു മദ്ധ്യെയറിഞ്ഞുപൊയിട്ടുകിൽ
പിന്നെയു മബ്ദംത്രയൊദശമിങ്ങിനെവാഴെണം" എന്നുപറഞ്ഞുനി
രത്തിപ്പൊരുതിതു മന്നവൻധൎമ്മജൻപിന്നെയുംതൊററുപൊൽ കു
ന്തിസുതന്മാർധൃതരാഷ്ട്രർതന്നെയും കുന്തിയെയുംമുദാഗാന്ധാരിതന്നെ
യും ദ്രൊണരെയുംകൃപാചാൎയ്യനെയുംതഥാ താണുതൊഴുതിതുഭീഷ്മരെ
യുംനന്നാ സ്ത്രീണെനമസ്കരിച്ചാർമുനിമാരെയും — കെണുതുടങ്ങിനാർ
പൌരജനങ്ങളും — അശ്വത്ഥാമാവാദി യായുള്ളവരൊടു നിശ്വാ
സമുൾക്കൊണ്ടുയാത്രയും ചൊല്ലിനാർ — "വിശ്വസിച്ചീടുവിൻ ദൈ
വത്തെയെന്നതു വിശ്വസ്തനായവിദുരരുരചെയ്യാൻ "പാരിച്ചകാ
രുണ്യമുണ്ടായിരിക്കെണം നെരത്തുഞങ്ങൾവരുന്നതുമുണ്ടല്ലൊ
കൎമ്മവശത്താൽവരുന്ന തൊഴിക്കാമൊ ധൎമ്മസുതയെന്നവർകളും
ചൊല്ലിനാർനാടുംനഗരവുംവീടുമുപെക്ഷിച്ചു കാടകംപുവാൻജടാവ
ല്ക്കലംപൂണ്ടു കൂടവെപൊയിതുധൌമ്യനവരൊടും ശ്രദ്ധസ്ഥിതനാ

ച്ചമഞ്ഞസുയൊധനൻ ബ്രാഹ്മണരുമനുജന്മാരുംഭാൎയ്യയും ധാൎമ്മി
കനാകിയധൎമ്മതനയനുംപൊകുന്നതുകണ്ടുസാധുജനങ്ങളുംവെകുംമ
നസ്സൊടുകണ്ണുനീരുംവാൎത്തു തങ്ങളിൽതങ്ങളിൽനൊക്കാതെമിണ്ടാ
തെതിങ്ങീനവെദനപൊങ്ങിയെല്ലാവരുംനില്ക്കുന്നനെരത്തു സൽഗതി
യുണ്ടാവാൻപുക്കാരടവിയിൽപാണ്ഡവരുമന്നെ· * ❀ ❀

ഇതീശ്രീമഹാഭാരതെസഭാപൎവ്വംസമാപ്തം

ആരണ്യം

ഹരിഃശ്രീഗണപതയെനമഃഅവിഘ്നമസ്തു

കാലത്തെക്കളയാതെചൊല്ലെണംകിളിപ്പെണ്ണെനിലത്തെവെന്നനിറമുള്ളഗൊവിന്ദൻതന്റെ ലീലകൾകെട്ടാൽമതിയാകയില്ലൊരിക്കലുംപാലൊട്ടുപഴംപഞ്ചതാരയുംതരുവൻഞാൻ മാലൊകക്കിതമുള്ളമാധവൻതന്റെകളി കാലംവൈകാതെപറഞ്ഞീടുവൻകെൾപ്പിൻനിങ്ങൾപാലാഴിമംകതന്റെകൊങ്കയിലിഴകീടും മാലെയംപൂണ്ടതിരുമാറുള്ളനാരായണൻ പാലാഴിതന്നിൽപള്ളികൊള്ളുന്നപരൻപുമാൻകാലദെശാവസ്ഥയിലഖണ്ഡനാംജഗന്നാഥൻ നാലായവെദങ്ങൾക്കുമീരെഴലൊകങ്ങൾക്കും മൂലമാകിയമൂർത്തിമുകുന്ദൻമുരവൈരികാമനാശനസെവ്യൻകാമദൻകമലാക്ഷൻ കാലികൾമെച്ചുകാട്ടിൽകളിച്ചീടിനദെവൻ പാലനവിനാശന സൃഷ്ടികൾചെയ്യുംപരൻ നീലാംഭൊരുഹദലലൊലലൊചനൻകൃഷ്ണൻ എന്നുള്ളിൽവിളങ്ങുന്നതംപുരാൻതന്റെപദം തന്നുള്ളിൽചെർത്തുകൊണ്ടുധർമ്മജൻതിരുവടി കാനനമകംപുക്കസൊദരന്മാരൊടുംതൻ മാനസനാഥയൊടും മാമുനിജനത്തൊടും അന്നവർഗംഗാതീരംപ്രാപിച്ചാരെല്ലാവരു മുന്നതമാകുംപ്രമാണാഖ്യമാംവടത്തിംകൽ ഇന്ദ്രപ്രസ്ഥത്തിംകൽനിന്നെണ്ണത്തെണ്ണായിരവും വന്നിതുഗൃഹസ്ഥന്മാരാകിയഭൂദെവന്മാർ സന്യാസിവരന്മാരുംപതിനായിരംപിന്നെ മന്നവൻതന്നെക്കണ്ടുദുഃഖിച്ചാരവരെല്ലാം അദ്ദിനമുപവാസംചെയ്കിതുസമസ്തരു മെത്രയും താപംവന്നുധർമ്മജനതുമൂലം ഭരണീയന്മാർതമ്മെഭരിപ്പാനുപായമെന്തരചന്മാരായുള്ളജനിയായ്ക്കൊരുത്തരും ആഹാരത്തിനുപണിയുണ്ടുനുയുധിഷ്ഠിരൻ മൊഹനാശനനായശൌനകനൊടുചൊന്നാൻ ശൌനകൻധൌമ്യനൊടുചൊന്നപ്പൊൾധൌമ്യൻതാനും ഭാനുദെവനെസ്സെവിച്ചീടുവാനുപദെശം കുന്തിനന്ദനൻതനിക്കന്നെരംധൌമ്യൻമൂലമന്ത്രവുമുപദെശംചെയ്കിതുസാംഗമപ്പൊൾ അന്തകതനയനുംതെരുപലിക്കുന്നനെരം ചിന്തചെയ്തുപദെശംചെയ്കിതുവഴിപൊലെ

സേവിച്ചുപാഞ്ചാലിയുംകൊടുത്തുപാത്രംദൈവൻ — ദൈവഭക്തന്മാൎക്കു
ണ്ടൊസംകടമുണ്ടാകുന്നു_ ഭൂദേവന്മാരുംപിന്നെതങ്ങളുംപാഞ്ചാലിയും
പ്രീതിയാവൊളമുണ്ടുചൊറതിലൊടുങ്ങീട്ടു കാമ്യകംപുക്കനേരംക
ണ്ടിതുവിദുരരെ കാമ്യമായതുവരുമെന്നിതുവിദുരരും പണ്ടേരക്കില്ലത്തി
ലിട്ടടച്ചുചുട്ടൊരുനാളുണ്ടായദുഃഖമൊൎത്താലിന്നിതുസുഖമെല്ലൊ സു
ഖദുഃഖങ്ങളിടതുടരക്കൂടക്കൂടസ്സകലജന്തുക്കൾക്കുമുണ്ടെന്നുധരിച്ചാലും
സത്യധൎമ്മാദികളെരക്ഷിച്ചുപൊരുന്നവൎക്കുതെല്ലുണ്ടാകയില്ലനിശ്ച
യമൊന്നുകൊണ്ടും അച്യുതൻതാനുംതുണയുണ്ടല്ലൊനിങ്ങൾക്കെന്നാ
ൽ നിശ്ചയംനിത്യംജയമുണ്ടാമിങ്ങിനെകാണ്മു ക്ഷത്താവുംധൎമ്മാത്മ
ജൻതാനുമായിരുന്നുടനിത്തരംപറയുംപൊഴംബികാസുതൻചൊല്ലാ
ൽ ബ്രാഹ്മണഭക്തശ്രേഷ്ഠനാകിയവിദുരരെ സൌമ്യനാംഗാവൽഗ
ണികൂട്ടിക്കൊണ്ടങ്ങുപൊയാൻ ഹസ്തിനപുരംചെന്നുപുക്കിതുവിദുര
രും വൃത്താന്തമരചനൊടെപ്പേരുമറിയിച്ചാൻ_ അന്നേരംസുയൊധ
നൻതന്നൊടുശ്രീമൈത്രേയൻ ധന്യനാംധൎമ്മജന്റെരാജ്യംനീകൊടു
ക്കെന്നൊൻ അന്നപഹാസത്തൊടുതുടമെൽകൊട്ടിയാൎത്താൻ മന്നവ
ൻധൃതരാഷ്ട്രനന്ദനൻ,മൈത്രേയനും ,,ഭീമന്റെതല്ലുനിന്റെതുടമെൽ
കൊണ്ടുചാക ഭൂമിപാലകകുലനാശനനായനീയും" ശാപവുമരുൾചെ
യ്തുമറഞ്ഞുമഹാമുനി_താപസവെഷംപൂണ്ടുധൎമ്മജന്മാദികളും കാനന
ത്തൂടെപൊകുന്നെരത്തുക്രമ്മീരനാം മാനമുള്ളരക്കനെക്കൊന്നിതുഭീമ
സെനൻ അന്ധകവൃഷ്ണികളുംപാഞ്ചാലന്മാരുംനല്ല ബന്ധുവാംകൃഷ്ണ
ൻതാനുംപാണ്ഡവന്മാരെക്കണ്ടു ധൎമ്മജൻകുശലപ്രശ്നാദികൾചെ
യ്തശെഷം അംബുജവിലൊചനൻകൃഷ്ണനുമരുൾചെയ്തു,,യാഗവുംക
ഴിഞ്ഞുഞാനങ്ങുചെല്ലുംപൊൾമുന്നം പ്രാഗത്ഭ്യമെറുന്നൊരുസാല്വ
നുംപടയുമായ്ശ്രീമദ്ദ്വാരകചെന്നുവളഞ്ഞൊരുപ്പൊൾഞാനും പാൎത്തെ
ത്തുംപടയുമായ്സ്സൌഭവും കൊന്നേൻ നെരത്തെന്നുരചെയ്തുപൊ
യിതങ്ങവർകളും ഘൊരമാം ദ്വൈതാടവിപുക്കിതുപാണ്ഡവരും അന്നെ
രംമാൎക്കണ്ഡെയനാകിയമഹാമുനി തന്നെയുംകണ്ടുതൊഴുതാശീൎവ്വാദവും
കൊണ്ടാർ തീൎത്ഥങ്ങളുമാടിവസിക്കുംകാലത്തിങ്കൽ പാൎത്ഥിവനൊ
ടുഭീമസെനനുമുരചെയ്യാൻ ഞാനുമൎജ്ജുനനുമായ്ശ്ശത്രുക്കൾതമ്മെക്കൊ
ല്ലാം മാനമൊടവനിവാണീട്ടിനിത്തിരുവടി കാലംപാൎപ്പതിനെന്തുകാ
രണമരുൾചെയ്ക കാലനന്ദനനായകൂടലർകുലകാലദുഷ്ടരെപ്പെടിച്ചെ
ഴുംദുഃഖിക്കെന്നുള്ളതെല്ലാം കഷ്ടമെന്നതുകെട്ടുധൎമ്മജൻതാനുംചൊ
ന്നാൻ ,,ദ്രോണഭീഷ്മാദികളെക്കൊല്ലുവാൻപണിയുണ്ടു വെണമെന്നസ
ത്യംപാലിച്ചീടുകയെന്നുള്ളതും വത്സരംത്രയൊദശാനന്തരംവധംചെ

ഷ്ടാം മത്സരമതികളാം കൌരവവരന്മാരെ "ഇത്തരം പറഞ്ഞവരിത്തിരി
യിരിക്കുംപോൾ ഉത്തമൻ വേദവ്യാസനവിടെക്കെഴുന്നെള്ളി അ
ൎഘ്യപാദ്യാദികളാൽ പൂജിച്ചു വന്ദിച്ചോരു ദുഃഖങ്ങൾ മുനിയോടു ധ
ൎമ്മജൻ പറഞ്ഞപ്പോൾ കാരുണ്യം പൂണ്ടു വേദവ്യാസനാം പിതാമഹ
ൻ പൊരും നീ ഖേദിച്ചതു കേളിതെന്നരുൾ ചെയ്യാൻ "കൈലാസത്തിം
കൽ ചെന്നു കാലാരി തന്നെസ്സേവിച്ചാലൊരു കഴിവു വന്നീടും നിങ്ങൾ
ക്കെന്നതിൻ മൂലമന്ത്രവുമുപദേശിച്ചു മഹാമുനി കാലനന്ദനൻ തന്നി
ഷ്ടവൻ റനിയോഗത്താൽ അൎജ്ജുനൻ തപസ്സു ചെയ്തീടിനാൻ മഹേ
ശനെ നിൎജ്ജരനാഥൻ താനും കാട്ടാളനായെ വന്നാൻ പന്നിയായ് മൂകാ
സുരൻ പാൎത്ഥനെക്കൊൽവാൻ ചെന്നാൻ പന്നിയെ എയ്തു മൂലം കാ
ട്ടാളനായ ദേവൻ മന്നവനോടു യുദ്ധം ചെയ്തു വൻ മദം പോക്കി പി
ന്നെ പ്രത്യക്ഷനായി നൽകിനാനനുഗ്രഹം പാശുപതാസ്ത്രം വാങ്ങി പാ
ൎത്ഥനും സ്വൎഗ്ഗം പുക്കാൻ ക്ലേശവുമൊഴിച്ചസുരന്മാരെയൊക്ക കൊന്നാ
ൻ ഉൎവ്വശി ശപിച്ചൊരു ശാപവുമേറ്റു കൊണ്ടു ദേവേന്ദ്രൻ കൊടു
ത്തൊരു വരവും വാങ്ങിക്കൊണ്ടാൻ "ഷണ്ഡരൂപമജ്ഞാതവാസത്തൊടു
കൂടത്തിൻ കുഞ്ഞഭാവവും പോകെന്നരുളിച്ചെയ്താനിന്ദ്രൻ രോമ
ശൻ തന്നെക്കണ്ടു പറഞ്ഞങ്ങയച്ചിതു ഭൂമിയിൽ ചെന്നു വൃത്താന്തങ്ങളെ
യറിയിപ്പാൻ "ശാപശക്തിയും ശരശക്തിയും വേണമെല്ലൊ ഭൂപാല
ന്മാൎക്കു ശത്രുസംഹാരം വേണമെങ്കിൽ ശത്രുനിഗ്രഹം ചെയ്വാൻ ഞാനി
ങ്ങു ദേവകളോടസ്ത്രശക്തിയെസ്സമ്പാദിച്ചങ്ങു വന്നീടുവൻ തീൎത്ഥ
സ്നാനാദികൊണ്ടും ക്ഷേത്രോപവാസം കൊണ്ടു മാന്യരായ ശാപശ
ക്തി സമ്പാദിച്ചീടുകെന്നു ധൎമ്മനന്ദനനോടു ചൊൽകെന്നു ധനഞ്ജ
യൻ നിൎമ്മലനായ മുനിമുഖ്യനെന്നിയോഗിച്ചാൻ വൃത്രാരിപുത്രനുടെ
സന്ദേശവാക്യങ്ങളും വൃത്താന്തങ്ങളുമെല്ലാം ധൎമ്മജാദികളോടു രോമ
ശമഹാമുനി താനരുൾ ചെയ്തീടിനാൻ ഭൂമിപാലനും മുനിവരനെ വണ
ങ്ങിനാൻ തൽക്കാലെ യുധിഷ്ഠിരൻ ഭൂപ്രദക്ഷിണം ചെയ്തു ചൊൽ
ക്കൊണ്ട തീൎത്ഥങ്ങളുമാടി വാഴുന്ന കാലം ധൎമ്മജൻ തന്നെ വന്നു കണ്ടിതു
ബൃഹദശ്വൻ ധൎമ്മജൻ ദുഃഖങ്ങളമ്മാമുനിയോടു ചൊന്നാനമ്മുനിവ
രൻ താനും ദുഃഖത്തെക്കളവാനായ് ധൎമ്മജനോടു നളോപാഖ്യാനമറിയി
ച്ചാൻ ദുഃഖങ്ങളീതില്പരമുണ്ടായി പണ്ടു നളനൊക്കവെ കേൾക്ക നീയും
ദുഃഖങ്ങളകലുവാൻ ചൊല്ലുന്നേൻ വിദൎഭ്ഭൂപാലനന്ദനയായ മൈക്ക
ണ്ണാൾ കുലമൌലി ദമയന്തിയുമായി സ്വൎഗ്ഗസന്നിഭമായ നിഷധവി
ഷയവും മുഖ്യഭോഗേന പരിപാലിച്ചു വാഴും കാലം പുഷ്കരനോടു ചൂ
തു തൊറ്റു പൊയ്ക്ക്വനം പുക്കാൻ ഉൾക്കാമ്പു ഭ്രമിച്ചിതു കലിതന്നാവിഷ്ട

ന്നാൽ പുഷ്കരവിലൊചനയാകിയദമയന്തി ദുഃഖിച്ചുപിൻപെ ചെ
ന്നുവസ്ത്രവുംകൊടുത്തപ്പൊൾ രാത്രിയിലൊരുപെരുവഴിയംപലംത
ന്നിൽ പാൎത്ഥിവൻപത്നിയുമായ്വസിച്ചീടിനനെരം ഭൎത്താവാംന
ളനുപൊത്സംഗസീമനികനി ഞ്ഞുത്തമാംഗവുംചെൎത്തുനിദ്രയുംപൂണ്ടാ
ളവൾ ചിത്തവിഭ്രമംകൊണ്ടുമത്തനാംനൃപൊത്തമൻ നിദ്രാണയായീട്ടു
ന്നഭദ്രയാംഭാൎയ്യതന്നെ രാത്രിയിലുപെക്ഷിച്ചുപിന്നെയുംപൊയാനവൻ
ആൎത്തയായവൾകരഞ്ഞുഴന്നുനടക്കുംപൊൾഭക്ഷിപ്പാനടുത്തൊരുപെ
രിംപാംപിനെക്കൊന്നു രക്ഷിച്ചാനപ്പൊളൊരുകാട്ടാളൻദൈവവ
ശാൽ എന്നൊടുകൂടിസ്സുഖിച്ചിവിടെയിരിക്കെന്നാൻ നിന്നെഞാൻ
ഭരിച്ചുകൊണ്ടീടുവനെന്നുംചൊല്ലിമന്മഥവിവശനായടുത്തുകാട്ടാളനും
നിൎമ്മലാംഗിയുംശപിച്ചവനെക്കൊന്നീടിനാൾ_പാന്ഥന്മാരൊടുകൂടി
ചെദിരാജ്യത്തിൽചെന്നു താന്തയായ്മാതാമഹിയരികെവാണീടിനാ
ൾ ബുദ്ധിനെരല്ലായ്കയാൽപത്നിയെയുപെക്ഷിച്ചു പൃത്ഥ്വീപാലകൻ
മഹാരണ്യാന്തെപൊകുന്നെരം കാട്ടുതീപിടിപെട്ടുനാലുദിക്കിലുംമഹ
ൽ കാഷ്ഠമുണ്ടതിന്മദ്ധ്യെനില്ക്കുന്നിതത്ഭുതമെത്ര ഇരുന്നുകാൎക്കൊടകൻ
കരയുന്നതുകണ്ടു പരന്നൊരഗ്നിയുടെനടുവെചെന്നുനളൻ എടുത്തുകാ
ൎക്കൊടകൻതന്നെയുംകൊണ്ടുപൊന്നാൻ കൊടുത്താനൊരുദിവ്യവ
സ്ത്രവുമതുനൃപ നടുത്തനെരംനെരായ്വന്നിതുബുദ്ധിയുമൊട്ടുടുത്തുമെവു
മയൊദ്ധ്യാപുരംപുക്കനളൻ ഋതുപൎണ്ണനുംനളൻതന്നുടെഗുണംകണ്ടു
പഥികജനങ്ങൾക്കുഭൊജനംകൊടുപ്പാനാ യ്യാചകനാക്കിവെച്ചു
കൊണ്ടിതുസന്തൊഷിച്ചു രാജാവെന്നൊരുവരുമറിഞ്ഞീലതുകാലം
ശക്രനുംവരുണനുമഗ്നിയുംകുബെരനു മുൾക്കാംപുതെളിഞ്ഞുനൽകീ
ടിനവരങ്ങളാൽ അരിയുംതീയുമപ്പംവിറകുംകൂടാതെയും വിരവിൽ
വെണ്ടുവൊളംചൊറവനുണ്ടാക്കീടും അതുകണ്ടത്ഭുതംപൂണ്ടിതുമഹാ
ജനം_പൃഥിവീശപരനായവിദൎഭനതുകാലം അയച്ചുചാരന്മാരെരാജ്യ
ങ്ങൾതൊറുമപ്പൊൾ നിയുക്തന്മാരായൊരുചാരന്മാരന്വെഷിച്ചാർ
നളനുണ്ടയൊദ്ധ്യയിലെന്നറിഞ്ഞവർകളും തെളിവൊടുഴറിച്ചെന്ന
വസ്ഥയറിയിച്ചാർ വിദൎഭൻചെദിരാജ്യസ്ഥിതയാമവൾതന്നെ വി
ദിതപാകൂട്ടിക്കൊണ്ടുപൊയിതുസമ്മൊദത്താൽ തന്നുടെമകളായദമയ
ന്തിക്കുനൃപൻ പിന്നെയുംമുഴുത്തിതുകല്യാണംമുന്നെപ്പൊലെ ഉണ്ടു
പൊലിന്നുംദമയന്തിക്കുസ്വയംവരം രണ്ടാമതതിനൊക്കച്ചെന്നിതു
ഭൂപാലന്മാർ പൊകെണമതിനെന്നുകൊപ്പിട്ടാനൃതുപൎണ്ണൻതെക്കി
ടാവീടുവൻഞാനെന്നിതുനളൻതാനും അന്നശ്വഹൃദയമന്ത്രംപ്രയൊ
ഗിച്ചാൻമന്നൻ മന്നനക്ഷഹൃദയമന്ത്രംപ്രയൊഗിച്ചാൻ അശ്വ

ത്തിൻവെഗംപൂണ്ടതെരതിലിരിക്കുംപൊൾഅശ്വത്ഥപത്രമിത്രയുണ്ടെ
ന്നാസ്തുവസ്സ്നൻ അന്ന്യോന്ന്യംപഠിച്ചപ്പൊൾനളനുംകലിവെറാ യ്യ
ന്നവൻവിദർഭരാജ്യത്തിനുചെന്നനെരം സുന്ദരിയായദമയന്തിയുംന
ളനുമാ യ്മന്ദിരംപുക്കുരാജ്യംപാലിച്ചുവഴിപൊലെ പുഷ്കരനെയുംപി
ന്നെനിഗ്രഹിച്ചുവീതല മൊക്കത്താനടക്കിവാണീടിനാൻചിരകാ
ലം ദുഃഖങ്ങൾപണ്ടുമുള്ളൊൎക്കുണ്ടായിട്ടുണ്ടെന്ന ദുഃഖിക്കവെണ്ടമെലി
ൽനല്ലതുവന്നുകൂടും. ധർമ്മജൻതനിക്കക്ഷഹൃദയംപഠിപ്പിച്ചിട്ടമ്മുനി
മറഞ്ഞപ്പൊൾനാരദനെഴുന്നെള്ളി തീർത്ഥത്തിൻമഹിമകളൊട്ടൊഴിയാ
തെയൊക്ക ത്തിരുൾചെയ്തുമുനിനായകൻമറഞ്ഞപ്പൊൾ പാർത്ഥി
വൻധൌമ്യനൊടുപിന്നെയുംചൊദിക്കയാൽ തീർത്ഥമാഹാത്മ്യമരുൾ
ചെയ്തിതുധൌമ്യൻതാനും രൊമെശനെഴുന്നെള്ളിപാർത്ഥന്റെവിശെ
ഷങ്ങൾ ആമൊദംവരുമാറുധർമ്മജനൊടുചൊന്നാൻ. ദെവെന്ദ്രനി
യൊഗവുമറിയിച്ചവരുമാ യ്പൊയിതുതീർത്ഥസ്നാനംചെയ്വാനെന്നൊ
രുംപെട്ടാർ പൊയിതുപാണ്ഡവരുംരൊമെശനൊടുംകൂടി പൊയിതുദ്വ
രിതങ്ങൾമായാമൊഹവുംതീർന്നുഗംഗയുംസരസ്വതിയമുനാകുരുക്ഷെ
ത്രം സംഗനാശനമായപുഷ്കരംപ്രഭാസവും ആടിനാരവിടുന്നുകണ്ടി
തുകൃഷ്ണൻതന്നെ കെട്ടുകൾതീരുമെന്നുമാധവനരുൾചെയ്തു പൊയി
തങ്ങവിടുന്നുരൊമെശനൊടുംകൂടിമായവെറിട്ടമ്മുനിപറഞ്ഞുപുരാണ
ങ്ങൾ നരനാരായണന്മാരാലയമായിട്ടുള്ള പെരിയബദൎയ്യാശ്രമാശ്ര
മമകംപുക്കാർ കണ്ടിതുഘടൊല്ക്കചൻതന്നെയുമവിടുന്ന് ഉണ്ടായിസ
ന്തൊഷവുമവർകൾക്കതുകാലം മന്ദമായ്പ്പുണ്ടുകെട്ടിട്ടില്ലാതഗന്ധത്തൊ
ടും വന്നാനന്നൊരുവായുഭീമനൊടതുനെരംസുന്ദരിപാഞ്ചാലിയുംചൊ
ല്ലിനാളൊരുപുഷ്പം തന്റെടെപരിമളമായതുമതിനെന്നി ചെന്നുകൊ
ണ്ടുന്നുമമനൽകെണമെന്നനെരം ഭീമനുംഗദയുമായ്പടനുഹനുമാനും
പ്രെമമുൾക്കൊണ്ടുമുത്തുവാനരവെഷംപൂണ്ടാൻ മാർഗ്ഗപ്പുംമുട്ടിച്ചവനി
രിക്കുംനെരംഭീമൻ മാർഗ്ഗംനൽകിനിക്കങ്ങുനീങ്ങുകെന്നുരചെയ്തു നീ
ങ്ങുവാനരുതെതുംഗദയാൽനീക്കിക്കൊൾവാങ്ങിനിന്നാശുചാടിക്കടന്നീ
ടല്ലയായ്കിൽ നീക്കുവാൻഭാവിച്ചിട്ടുനീങ്ങാഞ്ഞൊരനന്തരം നൊക്കി
യാൻകടക്കയുമരുതുനിരൂപിച്ചാൽഇക്കലംതന്നിലുള്ളൊരഗ്രജനിനി
ക്കണ്ടു മർക്കടവൃദ്ധൻതന്റെവാലൊടുങ്ങുന്നെടത്തു കൂടിപ്പൊയീടാമെ
ന്നിട്ടെറിയവഴിചെന്നുകൂടവാൽനീണ്ടുകൊണ്ടിട്ടൊടുങ്ങിക്കൂടായ്കയാ
ൽ സന്ദെഹംമനക്കാമ്പിലുണ്ടായിട്ടവൻചെന്നു വന്ദിച്ചുഹനുമാനു
മവനൊടുരചെയ്യാൻ ചെന്നുനീസൌഗന്ധികംപറിച്ചുകൊണ്ടുപൊ
ന്നാൽ നിന്നെക്കൊന്നീടുമത്തുകാക്കുന്നനിശാചരർ എന്നതിനുപദെ

Fuller in MSpt 502-4

ശം ചൊല്ലുവാനിരുന്നേൻ ഞാൻ ചൊന്നവണ്ണം നീ ചെന്നുകൊണ്ടുപൊ
ന്നാലുമിനി" എന്നവനയച്ചപ്പോൾ വന്ദിച്ചു ഭക്തിയോടെ നിന്നിത
ഞ്ജനാസുതൻ മുന്നിലാമ്മാറുതദാ വാരിധി ചാടിയൊരു നേരത്തെ രൂ
പം കാണ്മാൻ മാരുതി കാമിച്ചതു നേരത്തു വായുപുത്രൻ" കണ്ടുകൊണ്ടാ
ലുമെന്നു നിന്നതു നേരം ഭീമൻ കണ്ടു പേടിച്ചു കുപ്പി സ്തുതിച്ചു നിന്ന നേ
രം പേടിക്കവെണ്ടയെതുമെന്നനുഗ്രഹം ചെയ്തു ഗാഢപ്രേമത്തൊട
യച്ചീടിനാൻ കപിവരൻ ഉന്നതനായ ഭീമസേനനും സൌഗന്ധികം
മന്ദമെന്നിയെ ചെന്നു പറിച്ചീടുന്ന നേരം എതിർത്ത രാക്ഷസരെക്കൊ
ന്നിതു ഭീമസേനൻ എതിർത്ത ഗന്ധർവ്വന്മാരസംഖ്യം പേരെയൊടും അവ
രെയൊരു ജാതി ജയിച്ചു കൊണ്ടുപോന്നാനവനെക്കാണാഞ്ഞിട്ടു ശോ
കിച്ചു യുധിരഷ്ഠിരൻ ഒട്ടേടം ചെല്ലുന്നപ്പോൾ കണ്ടവനൊട്ടും കൂട പ്പൊ
ട്ടന്നു പൊന്നുവന്നിങ്ങാശ്രമം പുക്ക ശേഷം ഇന്ദ്രമന്ദിരം പുക്കൊരിന്ദ്ര
നന്ദനൻ താനും ഇന്ദ്രാദി ദേവകളൊടസ്ത്രവും പഠിച്ചുടൻ ഇന്ദ്രവൈ
രികളെയും നിഗ്രഹിച്ചവിടെനി ന്നിന്ദ്രസോദരനെയുമുൾക്കാമ്പിൽ
ചേർത്തു നന്നായ് യാത്രയുണ്ടു ചെന്ന ശേഷം ധർമ്മജൻ തന്റെ കാക്കൽ വ
ന്ദനമസ്കരിച്ചീടിനാൻ ധനഞ്ജയൻ ഐവരും പാഞ്ചാലിയും ഭൂ
ദേവവരന്മാരും ദൈവജ്ഞന്മാരായുള്ള മാമുനിജനങ്ങളും ഒക്കത്തക്കൊ
രുമിച്ചു ദുഃഖം തീർന്നിരിക്കുംപൊൾ മുഷ്കരനായുള്ളൊരു പെരിമ്പാമ്പൊ
രു ദിനം (കിടമന) പിടുമാനസനായ ഭീമൻ തന്നുടലെല്ലാം മുടിയൊടടിയിട മുഴുവ
ൻ ചുററിക്കൊണ്ടാൻ പാനവർകൊനങ്ങൊരു ദിനന്നായ്ക്കുറത്തപ്പൊ
ൾ വാനുലകടക്കിവാണിരുന്ന (ന്നിൻ) നഹുഷനും മാനിനിയായ ശചീദേവി
യെപ്പുണരാഞ്ഞു മാനസതാപത്തൊടും പലനാൾ ചെന്ന ശേഷം താ
പസന്മാരെക്കൊണ്ടു തണ്ടെടുപ്പിച്ചുംകൊണ്ടു ഭൂപതി വരുന്നാകിൽ പു
ൽകാമെന്നവൾ ചൊന്നാൾ മഹിമയേറിടുന്ന മാമുനിമാരെക്കൊണ്ടു ന
ഹുഷൻ പല്ലക്കു തണ്ടുമെടുപ്പിച്ചെഴുന്നെള്ളി അംഗുഷ്ഠമാത്രമായുള്ള ഗസ്ത്യ
ൻ നടായ്ക്കയാ ലംഗത്തിൽ ചവിട്ടിനാൻ നഹുഷനതുനേരം അംഗജ
ശരമേററിട്ടംഗനമാരിലെറ സ്സംഗമുണ്ടാകകൊണ്ടു മത്തനായുള്ള നീയും
പാരിച്ച പെരിമ്പാമ്പായ്ക്കന്നത്തിൽ കിടക്കെന്നു പൂരിച്ചകോപത്തൊ
ടുമഗസ്ത്യൻ ശപിക്കയാൽ പലനാൾ കാട്ടിൽ കിടന്നീടിനാൻ നഹുഷ
നും ബലവാന്മാരുതിയെച്ചുററിനാൻ ശാപം തീർപ്പാൻ ധർമ്മജന്മാവുതാ
നും നഹുഷനൃപേന്ദ്രനും ധർമ്മാധർമ്മങ്ങൾ തമ്മിൽ പ്പറഞ്ഞൊരനന്തരം മൊ
ക്ഷം വന്നിതു നഹുഷാഖ്യനാം നൃപേന്ദ്രനും സാക്ഷാൽ ശ്രീനാരായണ
ൻ ഗോവിന്ദൻ തിരുവടി പാണ്ഡവന്മാരെക്കാണ്മാനെഴുന്നെള്ളിയെന്നി
Krishna visits them രു പാണ്ഡവന്മാരും കണ്ടു സന്തോഷത്തോടും കൂട കാനനഭുവി വ

[illegible] long story MSpt 502–504

സിച്ചീട്ടുംപൊളവർമുൻപിൽ ജ്ഞാനിയാംമാൎക്കണ്ഡെയമാമുനിയെ
ഴുന്നെള്ളി വന്ദിച്ചുപാണ്ഡവന്മാർനന്ദിച്ചുമഹാമുനി മന്ദതാംതീൎപ്പാൻ
പുരാണങ്ങളുമരുൾചെയ്തു_ അക്കാലംധൃതരാഷ്ട്രപുത്രരുംബന്ധുക്കളും മു
ഖ്യമായുള്ള ചതുരംഗമാംബലത്തൊടും ദിക്കുകൾമുഴങ്ങീടുംവാദ്യഘൊഷ
ങ്ങളൊടുംവിഖ്യാതന്മാരായുള്ളപാണ്ഡവന്മാരെക്കൊൽവാൻഘൊഷനാം
നാഗധ്വജൻതന്നുടെനിയൊഗത്താൽഘൊഷയാത്രയുംതുടങ്ങീടിനാർവ
നംതൊറുംപതിനൊരാണ്ടുകഴിഞ്ഞിരിക്കുന്നനന്തരം ചതിയാൽപൊ
യ്യുതന്നിൽമരുന്നുകലക്കിയാർ_ ഉദ്യൊഗംകണ്ടനെരംകൌരവന്മാരെ
വെൽവാൻവൃത്രാരിചിത്രരഥൻതന്നെയുംനിയൊഗിച്ചാൻ യൊഗ്യ
മല്ലിതുനിങ്ങൾക്കെന്നിതുഗന്ധൎവ്വന്മാർ ഭാഗ്യഹീനന്മാരവരൊടുപൊ
ൎചെയ്യുമപ്പൊൾ പൊരിനുവിരുതുള്ളവീരനാംചിത്രരഥൻ പാരാ
തെന്നൂറുവരെപിടിച്ചുകെട്ടികൊണ്ടുപൊയാൻ ആരിനിവീണ്ടുകൊൾവാനെ
ന്നുകൎണ്ണാദികളുംനാരിമാരെന്നപൊലെധൎമ്മജനൊടുചൊന്നാർ "പൊ
രിൽനാംചെയ്യെണ്ടുന്നകാൎയ്യമിതുകാല മാരാനുംചെയ്യുന്നതുമുടക്കീട
രുതെല്ലൊ"മാരുതിയെന്നുചൊന്നനെരത്തുധൎമ്മാത്മജൻ "വീരാകെളിതു
ധൎമ്മമല്ലെന്നുധരിക്കെണം ശാശ്വതരൂപധൎമ്മംശത്രുക്കളെന്നാകിലും
മാശ്രിതന്മാരെ രക്ഷിച്ചീടെണമെന്നാകുന്നു" പാണ്ഡവന്മാരും
ചെന്നാർവീണ്ടുകൊള്ളുവാനായി ഗാണ്ഡീവംകുലച്ചുഫല്ഗുനൻ
വീണ്ടുകൊണ്ടാൻമന്നവസുയൊധനനൊകരാജ്യത്തിന്നുധന്യ
നാംധൎമ്മാത്മജനനുജ്ഞകൊടുത്തപ്പൊൾഉന്നതനായഭീമൻസംശയം
തീരുവാനായുന്നഗന്ധൎവ്വനാഥിയായുടനെണ്ണിയിട്ടാൻ ഒന്നിനെയൊ
ത്തിലെന്നിട്ടെറിഞ്ഞാനെണ്ണിയപ്പൊൾമന്നനുമെത്തുവെന്നിട്ടനുജ്ഞ
കൊടുത്തപ്പൊൾനാണിച്ചുപുരിപുക്കുമാനിയാംസുയൊധനൻ ദിന
ത്രയംകളവാനായ്ക്കാമറയവർചൊല്ലാൽപാണ്ഡവന്മാർലസൂയപരൻ
ധാൎത്തരാഷ്ട്രൻ പുണ്ഡരീകാഖ്യമായയാഗവുംചെയ്യാനെല്ലൊ യാഗാ
ദികൎമ്മംചെയ്തുഭൊഗമൊടിരുന്നിതുനാഗകെതന നായദ്രുപതിസുയൊ
ധനൻ അക്കാലംജയദ്രഥനടവിതന്നിൽപുക്കാൻവൈക്കണ്ണാൾമണി
യായപാഞ്ചാലിതന്നെക്കപ്പാൻ പൊയിതുപാണ്ഡവന്മാർനായാ
ട്ടിന്നെല്ലാവരുമായതമിഴിതന്നെയാശ്രമത്തിങ്കലുള്ള മായരതാലവ
നെടുത്തപ്പൊഴെതെളിലെററിപായുന്നനെരമവൾമുറയിട്ടതുകെട്ടു കടു
ക്കെന്നൊടിവന്നുപാണ്ഡവവീരന്മാരും പിടിച്ചുകെട്ടിജയദ്രഥനെഭീ
മസെനൻഅടിച്ചുതന്നെകൊൽവാൻതുടങ്ങുന്നതുകണ്ടു മുടക്കി ധൎമ്മപു
ത്രരയക്കയിനിയെന്നാൻ നമ്മുടെഭഗിനിക്കുവൈധവ്യമകപ്പെടും ഭീമ
മെടക്കിയങ്ങയക്കെന്നതുനെരം ചിരച്ചുശിഖയൊടുമീശയുംകളഞ്ഞി

The Sindhu a King Jaya... Children of the... friends the...

The Tribes... them

addition not in Ms

Jayadratha rob wife Panch...

is seen Lion... Shar...

ട്ടചിരിച്ചുപൊയാലുമെന്നയച്ചുഭീമസെനൻ — തിരിച്ചുപൊന്നുമുനി
മാരുമായിരുന്നടൻ തിരക്കിത്തുടങ്ങിനാരിതിഹാസങ്ങൾ കൊണ്ടെ
അന്നെരം മാൎക്കണ്ഡെയൻതന്നൊടുധൎമ്മാത്മജ നെന്നൊളം ദുഃഖമു
ള്ളൊരുത്തനായിട്ടുണ്ടൊയെന്നാൻതാപസൻ ചിരിച്ചുരുൾചെയ്തിതുധ
ൎമ്മാത്മജതാപം പണ്ടിതിൽപരമുണ്ടായൊരുണ്ടുപലർപണ്ടുശ്രീനാരായ
ണൻമാനുഷനായമൂല മുണ്ടായദുഃഖമെല്ലാം കെൾക്കനീദുഃഖം തീരും
ദെവനാം വിധാതാവുദെവകളൊടും ദെവ ദെവനാം നാരായണപദ
ങ്ങൾവന്ദിച്ചിതുദെവബ്രാഹ്മണമുനിധൎമ്മഭൂമികൾക്കെല്ലാം രാവണ
ൻതന്നെകൊന്നുസങ്കടം കെടുപ്പാനാ യ്യൎക്കവംശത്തിൽമണിവിള
ക്കാം ദശരഥതനയനായിവന്നുപിറന്നുഭഗവാനും അനുജന്മാരു
മ്മൂവ്വരെന്നറിഞ്ഞാലും മനസിസുഖത്തൊടുവളരും കാലത്തിങ്കൽ വി
ശ്വരക്ഷാൎത്ഥം തത്രവന്നിതുമഹാമുനി വിശ്വാമിത്രനുമയൊദ്ധ്യാപുരമ
കം പുക്കുവിശ്വനാഥനെയപെക്ഷിച്ചൊരുനെരമുള്ളിൽ വിശ്വാസ
ത്തൊടുരാമലക്ഷ്മണന്മാരെനൃപൻ അയച്ചാൻമുനിയൊടുമവരും വ
നം പുക്കാർനയജ്ഞൻവിശ്വാമിത്രനാകിയതപൊധനൻ ഉപദെശി
ച്ചാനതിബലയും ബലയുമ നൃപതിസുതന്മാൎക്കുപൈദാഹം കെടുപ്പാ
നായയച്ചുയമപുരിതന്നിൽതാടകതന്നെ ഭയത്തെകളഞ്ഞുകൌശിക
നും ബാലന്മാരും പിന്നെപ്പൊയ്സിദ്ധാശ്രമം പുക്കുയാഗവും കാത്തുസന്ന
മാക്കിനാൻസുബാഹുപ്രമുഖന്മാരെയും ഖിന്നനായ്സ്സനെങ്ങും മാരീചനു
വരം നൽകിപന്നഗാഭരണവിൽകാണ്മാനായ്പുറപ്പെട്ടാർ സന്നദ്ധന്മാ
രായ്മുനിതന്നൊടുകുമാരന്മാർ തമ്പിയായഹല്യതൻശാപമൊക്ഷവും
നൽകിമിഥിലപുക്കുപുരമഥനൻതന്റെവില്ലും മഥനം ചെയ്തുസീതാവ
രനായൊരുശെഷം ഭരതശത്രുഘ്നന്മാരൊടുമാതാക്കന്മാരും ഗുരുവാം വ
സിഷ്ഠനും താതനും വന്നശെഷം അനുജന്മാരും വിവാഹം ചെയ്തുകല്യാ
ണവും മനസികനീവൊടുകഴിച്ചുപുറപ്പെട്ടാർപൊകുന്നവഴിയിന്നുഭാ
ൎഗ്ഗവൻ തന്നെവെന്നുവെഗമൊടയൊദ്ധ്യപുക്കിരുന്നുപന്തിരാണ്ടുഭര
തശത്രുഘ്നന്മാർമാതുലൻതന്നെകാണ്മാൻപരമാദരവൊടുകെകയരാജ്യം
പുക്കാനഭാവിച്ചുദശരഥനഭിഷെകത്തിന്നതും ദൈവത്തിൻനിയൊ
ഗന്താൽമന്ഥരചൊല്ലുകെട്ടു കൊപിച്ചുകൈകെയിയും മുടക്കിരാമൻതാ
നും താപത്യാഗാൎത്ഥം വനവാസായപുറപ്പെട്ടു ലക്ഷ്മണനൊടുംമിഥി
ലാത്മജയൊടുംകൂടിതൽക്ഷണം ഗംഗകടന്നുടനെചിത്രകൂടം പുക്കിതു
ദശരഥൻവാനുലകവുമന്നു തൽക്കാലെവസിഷ്ഠദൂതൊക്ത്യാ വന്ന
കം പുക്കുഭരതശത്രുഘ്നന്മാരുദകക്രിയ ചെയ്തു നരപാലകൻവാഴം ചിത്രകൂ
ടത്തിൽവന്നാർതാതവൃത്താന്തം കെട്ടുരാമലക്ഷ്മണന്മാരും ഖെദമുൾ

Rama's story is to comfort the 5 till 226.

ക്കൊണ്ടുവെണ്ടുംകൎമ്മങ്ങളൊക്കചെയ്യാൻ പാദുകംകൊടുത്തയച്ചീടിനാ
ൻഭരതനെസാദരംഭ്രമയൊഭരദ്വാജനെക്കണ്ടുകൂപ്പി ചണ്ഡദീധിതിക്കു
ലജാതനാംരഘുവരൻ ദണ്ഡകാരണ്യംപ്രാപിച്ചീടിനൊരനന്തരം
കൊന്നിതുവിരാധനെപിന്നെപൊയ്ശരഭംഗൻ തന്നുടെഗതികണ്ടുകാ
നനത്തൂടെപൊമ്പൊൾ അഗസ്ത്യസഹൊദരൻതന്നെയുംകണ്ടുപുന
രഗസ്ത്യപാദാംബുജംവന്ദിപ്പാൻ നടകൊണ്ടാർ വിന്ധ്യനെയമൎത്തു
വാതാപിയെദഹിപ്പിച്ചു സിന്ധുവാരിയുമെല്ലാമാചരിച്ചൊരിക്കലെ
സംപ്രതിതപൊബലംകണ്ടുകൂടാതമുനി കുംഭസംഭവൻതന്നെക്കംവി
ട്ടുരഘുവരൻ സൎവ്വരാക്ഷസവധപ്രതിജ്ഞചെയ്തുചെല്ലാൻ ദൈവെ
ന്ദ്രദത്തമായശാൎങ്ഗചാപാദികളും ദിവ്യങ്ങളായിട്ടുള്ളൊരായുധങ്ങളും
വാങ്ങി ഗീൎവ്വാണകുലപരിത്രാണാൎത്ഥംരഘുവരൻ പുണ്യവാഹിനീ
ഗോദാവരിതൻതീരത്തിങ്കൽ ദണ്ഡകാരണ്യംതന്നിലാശ്രമമതുംകെ
ട്ടി വാഴുന്നകാലത്തിങ്കൽ വന്നശൂൎപ്പണഖയാം പാഴിയെമൂക്കുംമുല
യുംകളഞ്ഞയച്ചപ്പൊൾ പൊരിനുവന്നഖരദൂഷണത്രിശിരാക്കൾ
പെലാരമായതിന്നാലുസഹസ്രംപടയുമാ യ്നാഴികമൂന്നെമുക്കാൽകൊ
ണ്ടുകൊന്നിതുരാമൻ ആഴിയുംകടന്നഴൽപൂണ്ടവളറിയിച്ചാൾ സൊ
ദരനായദശവദനൻതന്നൊടെല്ലാം ക്രൊധമുൾക്കൊണ്ടുജനകാത്മജ
ഹരണാൎത്ഥം രാവണൻമാരീചനെപ്പൊന്മാനായയച്ചതിലാവെശി
ച്ചിതുചിത്തംസീതക്കുരഘുവരൻ പിടിപ്പാനടുത്തപ്പൊളതുതാനത്തു
നെരം കൊടുത്തുശരംകൊണ്ടുകരഞ്ഞാനപ്പൊളവൻ "അയ്യൊജാനകി
ദെവിലക്ഷ്മണാ" യെന്നുതന്നെ മയ്യെലുംകണ്ണീതാനുമയച്ചുകുമാരനെ ത
ക്കത്തിൽദശഗ്രീവൻതൈക്കൊങ്കത്തരുണിയെ കൈക്കൊണ്ടുതെരി
ലെറ്റിപുഷ്പകരെപൊകുന്നപ്പൊൾ പക്ഷീശൻജടായുതാൻമൽപുക്കു
യുദ്ധംചെയ്യാൻ പക്ഷവുംവെട്ടിയറുത്തവനുംപുരിപുക്കാൻ ആരാമ
ഭുവിചാരുശിംശപാവൃക്ഷത്തിൻകീഴ്ത്താരാർമാതിനെവെച്ചുരാവണ
ൻഗൃഹംപുക്കാൻ മൈക്കണ്ണിതന്നെക്കാണാഞ്ഞുൾക്കാമ്പിലഴൽപൂ
ണ്ടു ദുഃഖിച്ചുരഘുപതിലക്ഷ്മണനൊടുംകൂടി നടക്കുന്നെരംകണ്ടുപറഞ്ഞു
ജടായുവു മടുത്തവണ്ണംതന്നെമരിച്ചാനവനുടെ ലെടുത്തുദഹിപ്പിച്ചുന
ടുക്കത്തൊടുംകൂടി യടുത്തശെഷക്രിയചെയ്തിതുരാമദെവൻ വിലപാദ്രി
തന്നിൽപിറന്നുണ്ടായശബരിയും കല്യാണത്തൊടുകണ്ടുപൂജിച്ചുവരം
കൊണ്ടാൾ കൊല്ലുവാൻതുടങ്ങിയകബന്ധൻതന്നെക്കൊന്നു നല്ലൊ
രുഗതിനൽകിപ്പുക്കിതുപംപാതീരം കണ്ടിതുഹനുമാനുംകൊണ്ടുപൊ
യ്സുഗ്രീവൻതന്നിണ്ടൽതീൎപ്പതിനായിസ്സഖ്യവുംചെയ്യിപ്പിച്ചാൻ ദു
ന്ദുഭികായംപാദാംഗുഷ്ഠംകൊണ്ടെടുത്തെറി ഞ്ഞിന്ദിരാവരനായരഘു

വൻതിരുവടി സുന്ദരിയായസീതാഭൂഷണങ്ങളുംകണ്ടു മന്ദമെന്നിയെ
കിഷ്കിന്ധാപുരംനോക്കിപ്പോയാർ വട്ടത്തിൽനിന്നമരമെഴുമൊരമ്പു
കൊണ്ടുപൊട്ടിച്ചുരാമദേവൻ ബാലിയെക്കൊലചെയ്യാൻ ഇരുന്നു ചാ
തുർമ്മാസ്യംമാല്യവാന്മുകൾതങ്കൾ പറഞ്ഞവണ്ണം തന്നെവന്നീലസുഗ്രീ
വനും നിറഞ്ഞകോപത്തോടുസോദരൻതന്നോടാശു പറഞ്ഞുരഘുവ
രൻ "വന്നിതുശരൽകാലം ലക്ഷ്മണാ വൈകാതെനീകിഷ്കിന്ധാപുരിപു
ക്ക മർക്കടപ്രവരനാംസുഗ്രീവനോടുചൊൽക "സത്യത്തെമറക്കില്ലൊ
സഖ്യവുംമറന്നുപൊ "മിത്തരംകാട്ടീടുകിലത്തരംതന്നെവരും" അഗ്രജ
ൻതന്നെക്കൊന്നബാണമിന്നിയുമുണ്ടു ഉഗ്രതകുറഞ്ഞതുമില്ലതൽക്ക
ണ്ടൾക്കും അഗ്രജൻപോയവഴിനല്ലതെന്നിതുകാലം സുഗ്രീവൻതന്നി
ക്കുള്ളിൽതോന്നീട്ടുണ്ടെന്നാകിലൊ വ്യഗ്രമില്ലിനിക്കേതുമെന്നതുധരി
ക്കേണം നിഗ്രഹമനുഗ്രഹംചെയ്യുവക്കേതുദണ്ഡം ബന്ധുക്കളിഹ
ലോകസൌഖ്യത്തിന്നത്രെയെല്ലൊ ചിന്തിക്കപാരത്രികസൌഖ്യത്തി
നല്ലനൂനം മഴയുംമഞ്ഞുംകാറ്റുംവെയിലുമേറ്റുകാട്ടിൽ അഴൽപൂണ്ടു
ഴന്നുള്ളകായ്ക്കനികളുംതിന്നു പിഴകിക്കിടന്നവൻതന്നെഞാൻവാഴി
ച്ചപ്പൊൾ മുഴുവനവയെല്ലാംമറന്നുകളഞ്ഞവൻ ഞെളിഞ്ഞുസിംഹാ
സനമേറിഡംഭവുംകാട്ടി ഞെളിഞ്ഞുതരുണിമാരൊടിടചേർന്നന്നാ
യ്മദ്യപാനവുംചെയ്തുമത്തനായിരുന്നവൻ നിത്യസൌഖ്യങ്ങൾകണ്ടു
സമയംചെയ്തതെല്ലാംമറന്നാനെങ്കിലതുഞാനേതുംമറന്നീലപറഞ്ഞാ
ലില്ലരണ്ടെന്നങ്ങുനീചെന്നുചൊൽക" ലക്ഷ്മണനതുകേട്ടുകല്പിച്ചുപുറ
പ്പെട്ടാൻ അഗ്രജനവൻതന്റെയഗ്രജൻതന്നെക്കൊന്നാൻ പ
ക്ഷകണ്ടീടാമെന്നങ്ങുൾക്കാമ്പിൽനിരൂപിച്ചു ധിക്കാരമടക്കുവനെ
ന്നുകല്പിച്ചുവേഗാൽ സൌമിത്രിതിരിച്ചതുകണ്ടുരാഘവദേവൻ സൌ
മ്യമൊടുവീണ്ടുംവിളിച്ചിട്ടരുൾചെയ്തു "നില്ലെടൊകുമാരനീകേട്ടുകൊ
ൾകേണമിതു മർക്കടപ്പരിഷെക്കുചാപല്യംപെരുതല്ലൊ കാര്യത്തൊളു
മെയ്യുള്ളനമുക്കെന്നറിഞ്ഞാലും വീര്യത്തെക്കാട്ടീടുവാനിവിടെവേണ്ടി
ല്ലല്ലൊ പോയാലുമിനിയെങ്കിലെ"ന്നതുകേട്ടനേരം പോയവൻകി
ഷ്കിന്ധതൻഗോപുരദ്വാരംപുക്കാൻ മെല്ലവെയൊന്നുചെറുഞാണൊ
ലിയിട്ടനേരം ചൊല്ലെഴുംബ്രഹ്മാണ്ഡങ്ങളൊക്കവെവിറച്ചതെ എ
ന്തൊരുശബ്ദമെന്നുചിന്തിച്ചുദശാസ്യനുമന്ധനായുഴന്നൊരരണ്ടുനാ
ഴികനിന്നാൻ ചെവികളിരുപതുംവിരലിട്ടിളക്കിനാൻ പ്ലവഗപട
ലികൾമോഹിച്ചുവീണാരെല്ലൊ വളർന്നസിംഹാസനമതിന്മേലിരു
ന്നൊര ഞെളിഞ്ഞസുഗ്രീവനുംവിറച്ചുഞെട്ടിവീണാൻ ചിരിച്ചുപറ
ഞ്ഞിതുശ്രീഹനുമാനുമപ്പോൾ "ശരൽക്കാലത്തെക്കണ്ടിട്ടനത്തിച്ചി

ലെന്താനൊ ഇന്നിപ്പോൾനിനക്കറിഞ്ഞീടുവാൻതക്കവണ്ണം മന്ന
വർകുലമണിരാഘവൻതന്റെതമ്പി തന്നുടെഗുണനാദംകെട്ടതെന്ന
റിഞ്ഞാലുംചന്നിനിക്കാൽക്കൽവീഴ്കവൈകാതെമടികൂടാതെ പെടി
ച്ചതിരുമുൻപിൽചെല്ലുവാൻപണിയെത്രെ മാടൊത്തമുലയാളാംതാര
പൊയ്യുൻപെചെന്നു കൊപത്തെശ്ശമിപ്പിച്ചുകണ്ടുകൈകൂപ്പിക്കൂട്ടു
താപത്തെക്കെടുപ്പാനായുലകൾചെയ്യുനീയും മെരുമാമലെക്കൽനി
ന്നിന്നലെവന്നകപി വീരന്മാർകൊണ്ടുവന്നഫലമൂലങ്ങളെങ്ങു പൊ
ൻനിറമെല്ലാകണ്ടാൽതിന്നാലുമൊരുമാസ ത്തിന്നുപൈദാഹങ്ങളും
പിന്നെയുണ്ടാകയില്ല നന്നുസൌമിത്രിക്കതിരുമുൽക്കാഴ്ചവെപ്പാൻ
ധന്യയാംതാരതന്നെപൊകെണമതുംകൊണ്ടു"താരെശചാരുമുഖിസാർ
സവിലൊചനാ താരയുമതുകെട്ടപാരാതെപുറപ്പെട്ടാൾ ഒട്ടഴിഞ്ഞുല
ഞ്ഞിട്ടുകിഴിഞ്ഞനീവിബന്ധ മൊട്ടൊട്ടുകരംകൊണ്ടുതാങ്ങിയുമറപ്പി
ച്ചും ഇണ്ടൽചെന്നിരുണ്ടൊരുകണ്ടിവാർകുഴലതും കുന്തളചെത്തുചി
ലപുഷ്പങ്ങൾകളഞ്ഞുടൻ കളഭമഴിഞ്ഞൊട്ടുശെഷിച്ചപററിയതും ക
ളഞ്ഞുപരന്നീടുംവിമലഗന്ധത്തൊടും കണ്ടാലെത്രയുംമനൊമൊഹന
മായവെഷം കണ്ടവൾകുമാരനെക്കണ്ടുടനണെത്തിച്ചാൾ "എന്തയ്യൊ
പുറത്തുനിന്നരുളീടുവാനിപ്പൊൾ നിന്തിരുവടികനിഞ്ഞങ്ങെഴുന്ന
ള്ളീടെണം ബന്ധുവിൻഗൃഹമെന്നുചിന്തിച്ചിലയൊയിതു സന്തൊ
ഷത്തൊടുംകടന്നിങ്ങിരുന്നരുളെണം നിർണ്ണയമയൊദ്ധ്യയുംകിഷ്കി
ന്ധാനഗരിയു മൊന്നുകൊണ്ടുമെഭെദമില്ലെന്നുധരിക്കെണം "തിരുവു
ള്ളക്കെടില്ലയല്ലിയെ"ന്നതുനണ്ണി പെരികഭീതികൊണ്ടുസുഗ്രീവൻതി
രുമുൻപിൽവരുവാൻവൈകീടുന്നു"നിന്തിരുവുള്ളമെന്യെ ശരണമില്ല
മറുഞങ്ങൾക്കദയാനിധെ" വാനരജാതിക്കെററച്ചാപല്യംപെരുതെ
ല്ലൊ വാനരപ്രവരന്മാർവന്നുകൂടായ്കകൊണ്ടും വാനരവീരൻവിടകൊ
ള്ളാഞ്ഞിതിനിയിപ്പൊൾ വാനരന്മാരെരക്ഷിച്ചീടുവാനാളുണ്ടല്ലൊ"
സാരസ്യരീതികളുംസൌജന്യവിലാസവും സാരനാംവീരൻകണ്ടുതെ
ളിഞ്ഞൊരനന്തരം കിഷ്കിന്ധയകംപുക്കുലക്ഷ്മണകുമാരനും മർക്കടാ
ധിപൻതന്നെവരുത്തിതാരതാനും മാനിനിമാരൊടിടചെന്നവാനര
വീരൻ മാനവവീരൻകഴൽകൂപ്പിനാൻപെടിയൊടെ "പെടിക്കവെ
ണ്ടപാരമെന്നെനിയൊന്നുകൊണ്ടും പെടിക്കവെണ്ടപരമെശ്വരാമദെ
വനെയല്ലൊ തൃക്കടക്കണ്ണുചെററുചുവന്നുകണ്ടിട്ടുഞാൻ ധിക്കാരമു
ള്ളനിന്നൊടറിയിപ്പാനായ്വന്നെൻ കിഷ്കിന്ധാരാജ്യത്തിങ്കൽമറെറാ
രുവനെയിനി മർക്കടാധിപനാക്കിവാഴിക്കുംരഘുശ്രെഷ്ഠൻ" ഇത്തെർ
മരൾചെയ്കിലിജ്ജനത്തിനുപിന്നെ മറെറാരുശരണമില്ലെന്നുള്ളതി

യെണം" എന്നുരാരയുംചൊന്നാളന്നെരംസുഗ്രീവനും മന്നവൻത
ന്നെവിണുവണങ്ങിയുരചെയ്താൻ "വന്നവാനരന്മാരുമടിയന്താ
നുംകൂടി മന്നവർകുലരത്നംതന്നടിമലർകൂപ്പി തമ്പംഗീമണിയായജാ
നകിയിരിപ്പെട മന്വെഷിച്ചറിഞ്ഞീടാംരാഘവനിയൊഗത്താൽ"
വാനരരാജൻതാനുംമാരുതിയൊടുചൊന്നാർ വാനരന്മാരെയൊക്ക
വരുവാൻനിയൊഗിക്ക മാരുതിപറഞ്ഞപ്പൊൾതാരനുംസുഷെണ
നും മാരുതിജനകനാംകെസരിവീരൻതാനും അംഗദൻഗജൻഗവയ
ൻഗവാക്ഷനുംപിന്നെ ഋംഗനാംനീലൻനളൻദുർമ്മുഖൻദധിമുഖൻ
ശരഭൻശതബലിവൃഷഭൻപ്രമാഥിയും അരികൾകാലൻവെഗദർശി
യുംകുമുദനും മൈന്ദനുംവിവിദനുംജാംബവാൻസുമുഖനും ഗന്ധമാ
ദനൻതാനുംമറ്റുമീവണ്ണമുള്ള വാനരപ്പടക്കൊക്കനായകന്മാരായു
ള്ളൊർ മാനമൊടൊടിച്ചാടിത്തകത്തുവന്നീടിനാർഅറുപത്തെഴുകൊ
ടിവാനരരാജാക്കന്മാ രിരുപത്താറുവെള്ളംപടയുമായെവന്നാർഅ
വരുംതാനുമായിസുഗ്രീവൻപുറപ്പെട്ടി ട്ടവനിപതിവീരയെഴുനെള്ളീ
ടാമെന്നാൻ വാനരപ്പടയുമായുലക്ഷ്മണകുമാരനും മാനവവീരൻകഴൽ
കൂപ്പിനാനതുനെരം സുഗ്രീവൻമുതലായവാനരപ്രവരന്മാ രൊക്ക
വെവ്വെറെതൃക്കഴൽവണങ്ങിനാർ "ഈക്കപിസൈന്യമൊക്കത്തൃ
ക്കാൽക്കൽവെലചെയ്യാൻ തക്കവരെന്നുതിരുവുള്ളത്തിലെറീടെണം"
അക്കനന്ദനമൊഴികെട്ടുരാഘവദെവൻ മർക്കടപ്രവരനെത്തഴുകിയ
രുൾചെയ്തു "നാലുദിക്കിലുമയച്ചീടെണംകപികളെ പാലൊലുംമൊഴി
യായസീതയെയന്വെഷിപ്പാൻ" തിരഞ്ഞുസീതതന്നെക്കാണ്മാനായ
യച്ചിതു പരന്നകപികളെനാലുദിക്കിലുമവൻ ഒരൊരൊലക്ഷംക
പിവീരന്മാരൊരൊദിക്കിൽക്രൂരതയെറും യജമാനൻമാരൊടുംപൊയാർ
എന്നതിൽതെക്കുദിക്കിന്നായ്ക്കൊണ്ടുനടകൊണ്ടൊർ മൈന്ദനുംവിവി
ദനുംശരഭൻസുഷെണനും അംഗദൻനളൻവിരിഞ്ചാത്മജൻവായു
പുത്രൻ ഋംഗപർവ്വതശരീരന്മാരാമിവരെല്ലാം അന്നെരംദാശരഥിമാ
ample | രുതിയുടെകയ്യിൽ തന്നുടെനാമാംകിതമായുള്ളൊരംഗുലീയം സന്ദെശ
page 578 | മാസ്സൽകിനാൻമൈഥിലിക്കകതാരിൽ സന്ദെഹംതീരുവാനായ്മാരുതി
യതുംവാങ്ങി വന്ദിച്ചുകപിവരന്മാരുമായ്നടകൊണ്ടാൻ ദക്ഷിണൊ
ദധിതീരംപ്രാപിച്ചുസംപാതിയാം പക്ഷിശ്രെഷ്ഠാനുഗ്രഹംകൊണ്ടു
സന്തൊഷത്തൊടെ മാരുതിമഹെന്ദ്രമാംപർവ്വതത്തിന്മെലെറീ വാരി
ധിമീതെചാടിപ്പൊകുംപൊൾമദ്ധ്യമാർഗ്ഗം നാഗമാതാവാംസുരസാ
മുഖദാരത്തുടെ വെഗെനനാഭിവൃക്കകൃശനായ്പുറപ്പെട്ടാൻ മൈനാ
കചലംതന്നാൽസൽകൃതനായശെഷം വൈനതെയനെപ്പൊലെതെ

ലെപൊയിട്ടന്നെരം മായമെറിട്ടുംഛായാഗ്രഹണിതന്നെക്കൊന്നു വാ
യുനന്ദനൻത്രികൂടാചലൊപരിവീണാൻ ലംകാശ്രീതന്നെത്താഡിച്ചു
വൾതന്നനുഗ്രഹാൽ ശംകകൂടാതെനിശികൃശനായകംപുക്കാൻ ലംക
യില്ലുള്ളവിശെഷങ്ങളുംകണ്ടുകണ്ടു പംകജമുഖിവാഴുന്നുദ്യാനമകംപു
ക്കാൻ ശിംശപാവൃക്ഷത്തിന്മെലെത്തുമെയിളകാതെ ശൈശവവെ
ഷംപൂണ്ടുമരുവീടിനനെരം രാവണനെൻശൃംഗാരകൊലാഹലത്തൊടെ
വന്നു ദെവിയൊടനുസരിച്ചൊരൊന്നെപറഞ്ഞതും ജാനകിദശാന
നൻതന്നൊടുപറഞ്ഞതും മാനസകൊപത്തൊടെദുഷ്ടനാംനിശാചരൻ
ദെവിയെവെട്ടിക്കൊൾവാനൊരുങ്ങുംപൊൾമണ്ഡൊദരീ രാവണൻ
തന്നെപ്പിടിച്ചടക്കിനിർഭത്സിച്ചു സത്വരംകൊണ്ടുപൊയവാറുമെല്ലാമെ
കണ്ടു ചിത്തകൌതുകത്തൊടുമിറങ്ങിത്തൊഴുതവൻ വിശ്വനായകൻ
തന്റെവൃത്താന്തമൊക്കച്ചൊല്ലി വിശ്വാസംവരുത്തിയൊട്ടാശ്വസി
പ്പിച്ചശെഷം അംഗുലീയവുംകൊടുത്തടയാളവുംപറ ഞ്ഞംഗനാരത്ന
ത്തൊടുചൂഡാരത്നവുംവാങ്ങി വന്ദിച്ചുവിടവഴങ്ങിച്ചുസന്താപംതീർത്തു
നന്ദനസമാനമാമുദ്യാനഭംഗംചെയ്യാൻ ഉദ്യാനപാലന്മാരെയൊക്ക
വെതച്ചുകൊന്നാൻ വൃത്താന്തംകെട്ടനെരംക്രുദ്ധനാംദശാനനൻ അ
യച്ചുനൂറായിരംകിംകരന്മാരെയപ്പൊൾ അയച്ചാനവർകളെകാലന്നു
ക്കരക്ഷണാൽ പഞ്ചസെനാപന്മാരെയയച്ചാനവരെയും പഞ്ചതാം
ചെത്തീടിനാൻപഞ്ചാസ്യപരാക്രമൻ ഉന്നതന്മാരായുള്ളമന്ത്രിനന്ദന
ന്മാരെ പിന്നെയുമെഴുപെരെയയച്ചാൻദശാനനൻ വന്നൊരുപട
യൊടുമെഴുപെരെയുംതച്ചു കൊന്നിതുപരിഭവത്താലഞ്ജനാതനയനും
രക്ഷൊനായകൻതന്റെപുത്രനാകിയവീര നക്ഷനാംകുമാരനങ്ങടു
ത്താൻപടയൊടെതൽക്ഷണമവനെയുംകൊന്നതുകെട്ടനെരംരക്ഷൊ
നാഥനുവന്നകൊപമെന്തൊന്നുചൊല്ലു കൊപത്തൊടിന്ദ്രജിത്തുമടു
ത്തുയുദ്ധംചെയ്യാൻ ശൊഭിച്ചദിവ്യാസ്ത്രങ്ങളെറവുംപ്രയൊഗിച്ചാ
ൻ ബ്രഹ്മാസ്ത്രംകൊണ്ടുബന്ധിച്ചീടിനാനതുനെരം സമ്മൊഹംപൂ
ണ്ടുപൊലെകിടന്നുഹനുമാനും രാവണൻതന്നെക്കണ്ടുപറഞ്ഞാനവ
സ്ഥകൾ ദെവവൈരിയുമതുകെട്ടടൻനിയൊഗിച്ചാൻ വാലിന്മെ
ലഗ്നികൊളുത്തീടുകെന്നതുനെരം ചെലകൾകൊണ്ടുചുററിക്കൊളുത്തീ
ടിനാർതീയും മാരുതിയെഴുന്നൂറുയൊജനലംകാരാജ്യ മാത്രുദ്ധകൊപ
ത്തൊടുംചുട്ടുപൊട്ടിച്ചാനെല്ലൊ താരിൽമാതിനെക്കണ്ടുപറഞ്ഞുരണ്ടാമ
തും വാരിധിതന്നിൽതീയുംപൊലിച്ചചാടീടിനാൻ ദക്ഷിണസമുദ്ര
ത്തിനുത്തരതീരെവന്നു ദക്ഷനാംവായുപുത്രൻവാനരപ്പടയൊടും ക
ണ്ടെൻജാനകിയെഞാനെന്നുണർത്തിച്ചശെഷം തണ്ടാർമാനിനിചൂ

& more in MS pl 522

ട്ടം ചൂഡാരത്നവും നൽകി മാനവവീരനൊടു വൃത്താന്തം ചൊന്നശെ
ഷം വാനരപ്പടയൊടു കൂട രാഘവദെവൻ ദക്ഷിണസമുദ്രത്തിന്നു
ത്തരതീരം പുക്കാൻ - തൽക്ഷണം ദശഗ്രീവൻ തന്നൊടു വിഭീഷണൻ
നല്ലതു പറഞ്ഞതു കെളാഞ്ഞു ദശാനനൻ നല്ലനാം വിഭീഷണൻ രാഘ
വൻ തന്നെക്കണ്ടൊൻ ലംകാനായകനെന്നു ലക്ഷ്മണൻ തന്നെക്കൊണ്ടു
ശംകകൂടാതെ ചെയ്യിച്ചീടിനാനഭിഷെകം സെവിച്ചവരുണനെക്കാ
ണാഞ്ഞു രഘുവരൻ കൊപിച്ചു തൊടുത്തിതു പാവകമായ ശരം പെടി
ച്ചു വരുണൻ രംതുക്കാൽക്കൽ വണങ്ങീട്ടു ശൊഭിച്ച ചിറയിട്ടുകൊള്ളുവാ
ൻ വഴി നൽകി അസ്ത്രത്തെ മരുകാന്താരത്തിലെക്കയച്ചിട്ടു ഭദ്രമാം രാ
ജ്യമാക്കിച്ചമച്ചാനവിടവും കെട്ടിനാൻ നളൻ ചിറയഞ്ചു വാസരം കൊ
ണ്ടു മുട്ടിതു ലംകതന്റെ വടക്കെ ഗൊപുരത്തിൽ വിസ്താരമുണ്ടു ചിറപ
ത്തുയൊജനവഴി ചിത്രമായൊരു നൂറുയൊജന നീളമുണ്ടു വടക്കെ
ഗൊപുരത്തിന്മുകളിൽ കരയെറി പടക്കൊപ്പുകൾ കണ്ടു രാവണനിരി
ക്കുംപൊൾ ^ അടുത്തുകൊണ്ടു പൊന്നു സുഗ്രീവൻ കിരീടങ്ങൾ നടിച്ചു പു
റപ്പെട്ടു രാക്ഷസപ്പടയെല്ലാം വാനരരാക്ഷസന്മാർ തങ്ങളിൽ പൊരുത
പൊരാനനമായിരമുള്ളവനും പറയാമൊ വെഗത്തൊടടുത്തിട്ടു മെഘ
നാദനമപ്പൊൾ നാഗാസ്ത്രം പ്രയൊഗിച്ചു രാമാദികളെ വെന്നാൻ വ
ന്നിതു ഗരുഡനുമന്നെരമവിടെക്ക പന്നഗശരങ്ങളും സന്നമായ്വന്നു കൂ
ടി വീരനാം ധൂമ്രാക്ഷനെ മാരുതി കുല ചെയ്താൻ വീറുള്ള വജ്രദംഷ്ട്രൻ ത
ന്നെയംഗദൻ കൊന്നാൻ വൻപനാമകംപനന്തകപുരി പുക്കാൻ
അൻപൊഴിഞ്ഞൊരു വായുസംഭവൻ തന്റെ കയ്യാൽ നീലനും പ്രഹ
സ്തനെക്കൊന്നു ഭൂമിയിലിട്ടാൻ നീലമാമല പൊലെ രാവണൻ പുറ
പ്പെട്ടാൻ രാമനൊടെറ്റു തൊറ്റു രാവണൻ പുരി പുക്കാൻ ഭീമതയുള്ള
കുംഭകർണ്ണനെയുണർത്തിനാൻ അവനും പൊന്നു വന്നു രാമസായകങ്ങ
ളെറ്റവനിതന്നിൽ വീണു മരിച്ചാനന്നെരം കൊന്നിതു നരാന്തക
ൻ തന്നെയും ബാലിപുത്രൻ വന്നൊരു ദെവാന്തകൻ തന്നെ മാരുതി
കൊന്നാൻ ചൊല്ലെറും മഹൊദരൻ തന്നെ നീലനും കൊന്നാൻ വല്ല
ഭമെറും ത്രിശിരാവിനെ ഹനുമാനും മർക്കടപ്രവരനാമൃഷഭൻ തന്നൊ
ടെറ്റാൻ മത്തൻ മഹാപാർശ്വൻ കൊന്നിതു വായുപുത്രൻ പങ്ക്തിക
ന്ധരൻ തന്റെ നന്ദനനതികായൻ അന്തകപുരി പുക്കു ലക്ഷ്മണ ബാ
ണം കൊണ്ടു കന്മായമെറയുള്ളൊരിന്ദ്രജിത്തായ വീരൻ ബ്രഹ്മാ
സ്ത്രം കൊണ്ടു രാമാദികളെ മൊഹിപ്പിച്ചാൻ ബ്രഹ്മനന്ദനനായ ജാം
ബവാൻ നിയൊഗത്താൽ നിർമ്മലനായ കപിവീരനഞ്ജനാപുത്രൻ
മാരുതി കൊണ്ടുവന്നാനൌഷധമഹാമല പൊരതിൽ മരിച്ചവരൊക്ക

more MS pl 522

more MS 523

വെജീവിച്ചിതുരാവണൻതന്റെപടചത്തതാഴിയിലിട്ടിട്ടാവതില്ലാതെ
വന്നുജീവിപ്പാനതുദൈവംചുട്ടിതുലംകാപുരം വാനരപ്രവരന്മാർപെ
ട്ടന്നുപുറപ്പെട്ടുകുംഭനുംപടയുമായ്ശോണിതാക്ഷനുംവിരൂപാക്ഷനും
യൂപാക്ഷനും മാനിയാംപ്രജംഘനുംമരിച്ചാരതുനെരം വാനരപ്രവ
രന്മാർകൊന്നുകൊന്നവരൊട്ട മാനമെറീടുംരക്ഷൊബലവും മരിച്ചു
തെ അഗ്രെവന്നെതിർത്തിതുകുംഭനുമതുനെരം സുഗ്രീവനവനെയും
നിഗ്രഹിച്ചിതുവെഗാൽ അഗ്രജന്മരിച്ചപ്പൊളെതിർത്താൻനികുംഭനും
ഉഗ്രനാംവായുപുത്രനവനെക്കൊലചെയ്താൻ ഖരനന്ദനൻമകരാക്ഷ
നുംപുറപ്പെട്ടുപൊരുതുരാമശരമെറ്റുപൊയ്സ്വർഗ്ഗംപുക്കാൻ മായമെറീ
ട്ടന്നൊരുമെഘനാദനപ്പൊൾ മായാസീതയെകൊന്നാനമാരുതികാ
ൺകെ തന്നെരാഘവൻതന്നൊടതുമാരുതിയറിയിച്ചാൻ ആകുലപ്പെട്ടു
രാമദെവനതുനെരംകണ്ടിതുപരിഭ്രമമായതുവിഭീഷണൻ മണ്ടി
ചെന്നരചനെതൊഴുതങ്ങുണർത്തിച്ചാൻ "കണ്ടതാമിന്ദ്രജിത്തിൻമായ
കൾകപികളെകണ്ടിക്കാർകുഴലിയെകൊന്നതുമായയെത്രെ തണ്ടാർ
മാതിനെയാർക്കുംകൊന്നുകൂടുകയില്ല പണ്ടെചാപല്യമുണ്ടുവാനരന്മാ
ർക്കുനൂനം തക്കത്തിൽനികുംഭിലപുക്കിപ്പൊൾമെഘനാദൻ ഒക്കവെ
കഴിച്ചീടുംതന്നുടെഹൊമമെന്നാൽ പിന്നെമറ്റൊരുവർക്കാവതില്ല
വനൊടുമൂന്നെനാമതുചെന്നുമുടക്കികൊള്ളുന്നാകിൽ ലിന്നെരാവണി
തന്നെകൊന്നിടാമറിഞ്ഞാലും* പിന്നെരാവണൻതാനുംമരിച്ചാനെ
ന്നെവെണ്ടുപൊരികഹനുമാനുംലക്ഷ്മണകുമാരനുംപൊരിനവിരുതുള്ള
വാനരവീരന്മാരും" സത്വരംനക്തഞ്ചരനിത്തരംപറഞ്ഞപ്പൊൾ ചി
ത്തമാൽതിരുപുരുഷൊത്തമനരുൾചെയ്തു എങ്കിലതവെകാതെചെ
ന്നരാവണിതന്നെകൊന്നുസംകടംകെടുക്കെന്നു രാഘവനയച്ച
പ്പൊൾലക്ഷ്മണകുമാരനുംമാരുതിമുതലായ മർക്കടവീരന്മാരുംരാവണ
സഹജനാംഒക്കത്തക്കവെചെന്നുപുക്കിതുനികുംഭിലരക്ഷൊവാഹിനി
യതുകണ്ടുസംഭ്രമംപൂണ്ടുചുറ്റുംവമ്പടനിർത്തിചൊൽക്കൊണ്ടമെഘനാ
ദൻകുറ്റമെന്നിയെഹൊമംതുടങ്ങിയതുനെരം പററലർകുലകാലൻ
മാരായകപിവീരർചുറ്റുംനിന്നണഞ്ഞുപൊർതുടങ്ങിഭയംകരം നാരി
നെർപൊഴിഞ്ഞിതുബാണങ്ങൾകുമാരനും മാരുതിപ്രമുഖരാംവാനര
പ്രവരരുംമാമലമരാമരംവലിയശിലകളും തൂമയൊടുടനുടൻതൂകിനാ
നതുനെരംഅടുത്തനിശാചരർതിരിച്ചുഭയത്തിനാലെടുത്തുവില്ലുമമ്പു
മന്നെരംമെഘനാദൻ"അടുത്തശത്രുക്കളെയകററിയൊഴിഞ്ഞിനി മുടി
ച്ചുകൂടാഹൊമംമുടക്കുമെത്രെയിവർ നടിച്ചവന്നാരെന്നുനിനച്ചുമെ
ഘനാദൻഅടുത്തുബാണജാലംപൊഴിച്ചുതുടങ്ങിനാൻ അടുത്തുമവൻ

പിൽക്കണ്ടു വൈരിയാംമായാവിയെ ഒടുക്കീടെന്നമിനിക്കൂട്ടക്കെ
ന്നെന്നനന്നായടുത്തുനിന്നുയുദ്ധംതുടങ്ങികുമാരനും പട്ടതാമൊടുശ
രമെടുത്തുതൊടുത്തുടൻവലിച്ചുനിറച്ചയച്ചീടിനാൻനക്തഞ്ചരർ മല
ച്ചീടുന്നുചത്തുചൊരയുംപലവഴി യൊലിച്ചീടുന്നുമെഘനാദനുമത്തു
കണ്ടുചലിച്ചീടുന്നുചിത്തംരാഘവസഹജനും ജ്വലിച്ചീടുന്നുകൊപം
രാവണതനയനും ഫലിച്ചീടുന്നുമനൊരഥമായുള്ളതെല്ലാംരാഘവസ
ഹജനുംരാവണതനയനും വെഗമൊടടുത്തുചെയ്തീടിനയുദ്ധംപൊലെ
പണ്ടുകീഴുണ്ടായതുമില്ലിനിമെലിലെങ്ങു മുണ്ടാകയില്ലയെന്നുംനിർണ്ണ
യിച്ചുരചെയ്യാംമൂന്നുരാപ്പകൽപിരിഞ്ഞീടാതെപൊരുതപ്പൊൾ മൂന്നു
ലൊകത്തുമുള്ളൊരാപത്തുമൊട്ടടങ്ങിതെ ദെവകൾ പുഷ്പവൃഷ്ടിചെയ്യൊ
ക്കസ്തുതിക്കയുംദെവികൾപാട്ടുകൂത്തുംതുടങ്ങിസന്തൊഷത്താൽ ദെവ
കൾപെരുംപറയടിച്ചനാദംകെട്ട രാവണന്നുണ്ടായൊരുസങ്കടംപ
റയാമൊമക്കളുംമരുമക്കൾതമ്പിമാരമാത്യരും മുഖ്യരമ്മാരായുള്ളപട
നായകന്മാരും മിക്കതുമൊടുങ്ങിയനെരത്തുദശാനനൻ ദുഃഖത്തെയട
ക്കിസ്സന്നദ്ധനായ്പുറപ്പെട്ടുമൻപിനാൽമൂലബലാദ്യബലരക്ഷൊഗണം
വൻപടയൊടുംപാതാളത്തിങ്കൽനിന്നുവന്നാർ പങ്കജനെത്രൻപ
ന്തിരണ്ടുനാഴികകൊണ്ടുസംഖ്യയില്ലാത പടയൊക്കവെയൊടുക്കിനാൻ
രാവണൻതന്റെമുൻപിൽ മരിച്ചസഹൊദരൻ ദെവവൃന്ദാരാതീന്ദ്ര
നാംമഹാപാർശ്വൻതാനും രാഘവൻതിരുവടിതൻതിരുമുൻപിൽചെ
ന്നുവെഗെനശസ്ത്രാവലിതൂകിനാൻദശാനനൻ പാരിൽനിന്നരച
നുംതെരിൽനിന്നരക്കനുംപൊരുതികൊട്ടപ്പമായുള്ളയുദ്ധംകണ്ടുവിണ്ണൊ
ർപാരമ്മണ്ടിളപ്പമെന്നറിഞ്ഞുപുരന്ദരൻ തെരുമായ്ച്ചെൽകയെന്നുമാ
തലിയൊടുചൊന്നാൻമാതലികൊണ്ടുവന്നതെരതിൽകരയെറി ചെത
സിതെളിഞ്ഞുപൊർതുടങ്ങിരഘുവരൻ രാമരാവണരണംസാമ്യംചൊ
ല്ലുകിലതുരാമരാവണരണതുല്യമെന്നതുചൊല്ലാം— നൂറൊളംതലയറു
ത്തിട്ടിതുരഘുവരൻപൊരിനുകുറഞ്ഞതില്ലെള്ളൊളംദശമുഖൻ ആറെ
ഴുദിനംപിരിയാതെനിന്നൊരുപൊലെ ഘൊരമായുള്ളൊരുതപൊരെങ്ങി
നെപറയുന്നുആദിത്യഹൃദയമാംമന്ത്രത്തെയുപദെശി ച്ചാധിതീർത്തിതു
കുംഭസംഭവനായമുനി രാഘവൻബ്രഹ്മാസ്ത്രവുമയച്ചാനതുകൊണ്ടു
രാവണൻമരിച്ചുവീണീടിനാനവനിയിൽ.ഈരെഴുപതിന്നാലുലൊക
വുംതെളിഞ്ഞുതെഘൊരനാംദശമുഖൻമരിച്ചനിമിത്തമാ സ്ത്രീമാർ
മുറവിളിതുടങ്ങിലങ്കതന്നിൽ ധീരനാംവിഭീഷണൻപറഞ്ഞുദുഃഖം
തീർത്താൻ ചെയ്തിതുശെഷക്രിയസർവ്വംവിഭീഷണൻ കൈതവം
മറിയാതജാനകിയതുനെരം രാഘവനിയൊഗത്താലഗ്നിയിൽമുഴുകി

നാലംഗകലംതീൎന്നവന്നാരന്നേരംസുരന്മാരും യോഷമാൎകുലമണി
യാകിയസീതയ്ക്കൊരു ദോഷമില്ലെന്നസൎവ്വദൈവതമാരുംചൊന്നാർ
മൈക്കണ്ണിതന്നെയുടൻകൈക്കൊണ്ടുരഘുവരൻ തൃക്കാക്കൽനില്ക്കു
ന്നൊരുരക്ഷോനായകനെയും ചൊൽകൊണ്ടനിശാചരരാജ്യാഭി
ഷേകം ലക്ഷ്മണനെകൊണ്ടുചെയ്യിച്ചിതുരഘുവരൻ പുഷ്പകവി
മാനവുമേറിനാൻരാമചന്ദ്രൻ അപ്പോഴവൻതന്നെക്കണ്ടിതുദശ
രഥൻസന്തോഷത്തോടെവീണുനമസ്കാരവുംചെയ്തു ചിന്തിതംലഭി
ച്ചിതുരാമനെക്കണ്ടമൂലം ആനന്ദിച്ചനുഗ്രഹിച്ചീടിനാൻദശരഥൻ
വെണ്ണുന്നവരങ്ങൾനൽകിടിനാർസുരന്മാരുംരക്ഷോനായകന്മുതലാ
യുള്ളരാക്ഷസരും സുഗ്രീവന്മുതലായവാനരവീരന്മാരും ലക്ഷ്മണകുമാ
രനും ജാനകീദേവിതാനും ഒക്കത്തക്കവെരാമൻപുഷ്പകമേറിന്നേരം
തിക്കിപ്പോയുറഞ്ഞിതുവാനവരെല്ലാവരും മുക്കണ്ണൻതാനുംകൈലാ
സംപുക്കദേവിയുമായി യക്ഷ്യലോകവുംപുക്കധാതാവുംവാണിയുമായി സ്തു
ത്യതല്പരനായഭഗവാൻദാശരഥിരാഘവനയോദ്ധ്യപുക്കഭിഷേകവും
ചെയ്തു ലോകങ്ങൾപരിതിനാലുംപാലിച്ചുവഴിപോലെ വാഴുന്നകാ
ലത്തിങ്കൽനാലുദിക്കിലുമൊക്കെ വാഴുന്നമുനിജനംവന്നിതുകാണ്മാ
നതിൽ കുംഭസംഭവൻപറഞ്ഞപ്പോൾനിശാചര സംഭവമറിഞ്ഞിതു
രാഘവൻതിരുവടി നാനാതാപസന്മാരുംരാക്ഷസപ്രവരരും വാന
രവീരന്മാരുംപാരാതെനടകൊണ്ടു പുഷ്പകമായവിമാനത്തെയുമയച്ചി
തു പുഷ്പസായകസമനാകിയരഘുവരൻ ജാനകിയോടുംകൂടികാമലീ
ലയിൽനന്നാ യാനന്ദമിരക്കിനാൻമാനവവീരൻതാനും പുഷ്പവാ
ടിയിൽപൂണ്ടുപുളച്ചുകളിക്കുന്നാൾഗൎഭ്ഭവുമുണ്ടായിതുജാനകിക്കതുകാ
ലം കളത്രാപവാദംപേടിച്ചുരഘുവരൻ വിപിനത്തിടനാനീതാദേ
വിയെയവളുംപോയ്വാല്മീകിമുനിതന്റെയാശ്രമമതിലവൾനന്നാകാ
മൃന്മാരായകുമാരന്മാരുമുണ്ടായിതു അതുരാജകുശലവന്മാരായവ
രങ്ങൾക്കു ജാതകർമ്മാദിയൊക്കച്ചെയ്തിതുവാല്മീകിയും താൻതന്നെ
ചമച്ചുരാമായണമായകാവ്യംശാന്തന്മാരായകുമാരന്മാരെപ്പഠിപ്പിച്ചുമ
ധുവന്ദനനായലവണൻതന്നെകൊന്നുമധുരാപുരിയുംവാണിതന്നു
ശത്രുഘ്നനും അശ്വമേധത്തിനാശ്രുകൊല്പിട്ടുരഘുവരൻ നിശ്ശേഷംനി
ശിചരവാനരന്മാരുംവന്നു മാനവവീരന്മാരുംതാപസശ്രേഷ്ഠന്മാരും
ക്ഷോണീനിർജ്ജരന്മാരുംനിർജ്ജരന്മാരുംവന്നു അക്കാലംകുശലവന്മാ
രായതനയന്മാർ ശിക്ഷയാരാമായണംചൊല്ലിയാരതുകേട്ടു രാഘ
വൻതന്റെമക്കളെന്നറിഞ്ഞുതമ്മൂലംരാകെന്തുമുഖിതന്നെവരുത്തിരണ്ടാ
മതും നീയിനിയൊരുദിനമെല്ലാരുംകാണുംമുന്നം തീയിൽചാടുകവേ

On the way R shows Sita his Setu M.5

ന്നമെന്നിതുരഘുവരൻ മെദിനിപിളൎന്നതാണീടിനാൾവൈദെഹി
യും മെദിനിപാലനൊട്ടുകൊപിച്ചാനന്നെരം പൊന്നുകൊണ്ടൊരു
സീതാതന്നെയുംചമച്ചുടൻ പിന്നെയുംപലയാഗംചെയ്തിതുരഘുവര
ൻ അംബമാരുടെശെഷക്രിയകളുംചെയ്തു നിൎമ്മലന്മാരായുള്ളൊ
നാൽവൎക്കുംസുതന്മാരായെണ്മരുണ്ടവരെയുംവാഴിച്ചാനൊരൊദിക്കി
ൽ കന്മഷംലൊകങ്ങൾക്കുതീൎത്തുരാഘവദെവൻ പതിനൊരായിര
ത്താണ്ടിങ്ങിനെധൎമ്മത്തെയും പതിന്നാലുലകവുംപരിപാലിച്ചുവാ
ണൊൻ മാരുതിവിഭീഷണന്മാരൊഴിഞ്ഞുള്ളകപി വീരന്മാരൊടുംന
ക്തഞ്ചരവീരന്മാരൊടും ഭക്തരായയൊദ്ധ്യയിൽവാഴുന്നജനത്തൊടും ഭ
ക്തവത്സലൻപ്രാപിച്ചീടിനാൻനിജലൊകം മാനുഷജന്മംലഭിച്ചീട്ടു
കിൽ ദുഃഖമുണ്ടാം മാനസതാരിൽപരമെശ്വരനെന്നാകിലും ചിന്തി
ച്ചുസദാകാലമീശ്വരധ്യാനം ചെയ്യുകനീനന്ദനമന്നഖെദമുണ്ടാകവെ
ണ്ട രാമനാമത്തെസ്സദാകാലവുംജപിക്കയും രാമനെനന്നായുള്ളിൽ
ധ്യാനിച്ചുകൊൾകയെന്നും മാമുനിമാൎക്കണ്ഡെയൻ ധൎമ്മജനൊടു
ചൊല്ലി രാമമന്ത്രവുമുപദെശിച്ചാൻവഴിപൊലെ യാത്രയുമയപ്പി
ച്ചുപൊയിതുമാൎക്കണ്ഡെയ നാസദായാകെട്ടുതൊഴുതിടിനാർപാണ്ഡ
വരും അക്കാലമിന്ദ്രനൊരുവിപ്രനായപെക്ഷിച്ചാനൎക്കനന്ദനനൊ
ടുകുണ്ഡലകവചങ്ങൾ കൊടുത്താനവനെതുംമടിച്ചീലതുമൂലം കൊടു
ത്താനിന്ദ്രനൊരുവെല്ലുമെന്നറിഞ്ഞാലും അക്കാലംകുരുക്ഷെത്രം ത
ന്നിലുള്ളൊരുവിപ്ര നഗ്നിയുംപരിപാലിച്ചങ്ങിനെമരുവുന്നാൾ അ
രണിയെടുത്തുകൊണ്ടൊടിപ്പൊയൊരുമൃഗ മരണ്യംപുക്കാനെന്നുഭൂ
ദെവൻപറഞ്ഞപ്പൊൾ അടവിതൊറുംനടന്നരണീതിരഞ്ഞവ രിടർ
പൂണ്ടിതുദാഹംമുഴുത്തുചമകയാൽ പക്ഷിയാസ്സുമഞ്ഞുടൻപൊയ്കതൻ
കരെചെന്നു വൃക്ഷിതുധൎമ്മരാജൻധൎമ്മത്തെപ്പരീക്ഷിപ്പാൻ പാനീ
യംതിരഞ്ഞുനീപൊരാതെവരികെന്നുദീനതപൂണ്ടുസഹദെവനെന്നിയൊ
നിച്ചാൻ കടുകെന്നവൻനീളത്തിരഞ്ഞുപൊയ്ക്കകണ്ടു കുടിപ്പാനായി
ത്തണ്ണീർകൊരിയനെരത്തിങ്കൽ കുടിച്ചീടൊല്ലായെന്നുകെൾക്കായി
തൊരുമൊഴികുടിച്ചാൻദാഹംകൊണ്ടുമരിച്ചാനവനപ്പൊൾകണ്ടീലസ
ഹദെവൻപൊയവൻതന്നെയിന്നുകൊണ്ടുവാനകുലനീതണ്ണീരെന്നി
ത്തുനൃപൻ എന്നുകെട്ടവനുംപൊയ്യെന്നിതുപൊയ്കതങ്കൽ തന്നുടെയ
നുജനെക്കണ്ടിതുനകുലനും ദാഹത്തെക്കെടുത്തിതിൻകാരണംതിരയാ
തെ നാവൊളംപൊട്ടക്കനെകൊരിയാൻതണ്ണീരവൻ കുടിച്ചീടൊ
ല്ലാതണ്ണീർമരിക്കുംനീയുമെങ്കിൽ കടുക്കപ്പൊയ്ക്കയാൾകെന്നുകെൾക്കാ
യിതൊരുമൊഴി മരിക്കിൽദാഹംപൂണ്ടുമരിച്ചീടുകയല്ല തെരിക്കന്നി

the 4 are poisoned

നിത്തണ്ണീർകുടിക്കയത്രെയെന്നു നിനച്ചുനകുലനുംകുടിച്ചുമരിച്ചിതെ
മനക്കാമ്പതിലഴൽമുഴുത്തുനൃപതിയും തമ്പിമാരിരുവരുംവന്നതില്ലെ
ന്നുകണ്ടു സംഭ്രമിച്ചയച്ചിതുധൎമ്മജൻവിജയനെ ചെറുതുനിരൂപിച്ചു
നടന്നുവിജയനും വിരവിൽപൊയ്പുക്കിട്ടനുജന്മാരെകണ്ടുദാഹവെ
ഗത്താൽതണ്ണീർകുടിപ്പാൻതുടങ്ങുംപൊൾ "മൊഹെനകുടിക്കൊല്ല ത
ണ്ണീരെ"ന്നതുകെട്ടു കല്പിച്ചവണ്ണംവരട്ടെന്നുറച്ചിന്ദ്രാത്മജൻ നിൎമ്മല
ൻതണ്ണീർകുടിച്ചപ്പൊഴെമരിച്ചിതെ പൊയവരാരുംവന്നീലെന്നുക
ണ്ടരചനും വായുനന്ദനനൊടുപൊയാലുമെന്നുചൊന്നാൻ ചെന്നവ
ൻതണ്ണീർകുടിച്ചപ്പൊഴെമരിച്ചിതെ മന്നവൻതാനുംവന്നാൻപിന്നാ
ലെയതുനെരം തമ്പിമാരുടെശവംപൊയ്കതൻകരെകണ്ടു സംഭ്ര
മത്തൊടുകൂടക്കൎമ്മമെന്നുറച്ചവൻ പാനീയംകൊരിക്കുടിച്ചീടുവാൻതുട
ങ്ങുംപൊൾ "പാനീയംകുടിക്കൊല്ലാ"യെന്നൊരുമൊഴികെട്ടു എന്തിതി
ൻമൂലമെന്നുതണ്ണീരുംകളഞ്ഞവ നന്തരാ നൊക്കുന്നെരംകാണായി
പക്ഷിതന്നെ "ആരുനീയെന്തുതണ്ണീർകുടിപ്പാനരുതായ്ക നെരെചൊ
ല്ലെ"ന്നുധൎമ്മനന്ദനൻ ചൊദിച്ചപ്പൊൾ "ഞാനൊരുയക്ഷനെന്റെ
ചൊദ്യങ്ങളെല്ലാററിനും ജ്ഞാനിയായുള്ളഭവാനുത്തരംപറയെണം"ധ
ൎമ്മജനതുകെട്ടുചൊല്ലുകയെങ്കിലെന്നാൻ ധൎമ്മസൂക്ഷ്മങ്ങളെല്ലാംചൊ
ദിച്ചുയക്ഷൻതാനും ചൊദ്യങ്ങളെല്ലാംപരിഹരിച്ചുനൃപതിയു മാസ്ഥ
യാതെളിഞ്ഞിതുധൎമ്മരാജനുമപ്പൊൾ "ധൎമ്മനിഷ്ഠകൾക്കുനീമുൻപനെ
ന്നതുനൂനം നിൎമ്മലനായഭവാനിനിയുണ്ടൊന്നുവെണ്ടു നാൽവരി
ലൊരുവനെജ്ജീവിപ്പിച്ചീടുവൻഞാനെവനെവെണ്ടതെന്നുംചൊല്ലി
ക്കൊള്ളുകെവെണ്ടു"എങ്കിലൊനകുലനെവെണ്ടതെന്നിതുനൃപൻശ
ങ്കകൂടാതെചൊന്നനെരത്തുധൎമ്മരാജൻ എത്രയുംതെളിഞ്ഞിതുസൂക്ഷ്മധ
ൎമ്മത്തെപ്പാൎത്തു പ്രീത്യാസതപരംപിന്നെപ്രത്യക്ഷവെഷത്തൊടെ ത
ന്നുടെപരമാൎത്ഥമൊക്കവെയറിയിച്ചു "നിന്നുടെയനുജന്മാരെവരുംജീ
വിക്കെ"ന്നാൻ "നിന്നുടെമാതാവുതാൻപെററുള്ളസഹജന്മാർ മന്നവ
പരാക്രമാദ്യഖിഗ്ഗുണമുള്ളൊർ ശത്രുസംഹാരത്തിനുശക്തന്മാരത്രയുമ
ല്ലസ്ത്രജ്ഞന്മാരിൽവെച്ചുമുഖ്യന്മാരെല്ലൊതാനും കാൎയ്യസാദ്ധ്യവുമവരാ
ലെല്ലൊനിനക്കു ശൌൎയ്യവുമവരൊളംമററാൎക്കുമില്ലയെല്ലൊ വീൎയ്യ
പുരുഷന്മാരാം ഭീമപാൎത്ഥന്മാരെയും ധൈൎയ്യേണപരിത്യജിച്ചെന്തൊ
ന്നുനിനച്ചുനീമാദ്രെയൻജീവിക്കെണ്ടതെന്നെന്നൊടപെക്ഷിച്ചതൊ
ത്തതിൻമൂലംനെരെചൊല്ലെണംനൃപൊത്തമ" ധൎമ്മരാജൊക്തികെട്ടുധ
ൎമ്മജന്മാവുചൊന്നാൻ "ധൎമ്മസൂക്ഷ്മത്തെവിചാരിച്ചപ്പൊളതുതൊന്നി
അംബമാരിരുവൎക്കുംപിണ്ഡൊദാദികൎമ്മംചെയ്യാൻ കൎമ്മബന്ധങ്ങൾവി

ചാരിച്ചപ്പൊളൊന്നതൊന്നി ഞാനുണ്ടുകുന്തിദെവിപെററതിൽമാദ്രി
യുടെ സൂനുമൂത്തവനെല്ലൊനകുലനതുമൂലം മാദ്രിക്കകൎമ്മബന്ധംനകു
ലനെറുമെന്ന തൊന്നുന്നുഞാൻനകുലനെപ്രാൎത്ഥിച്ചുമററൊന്നല്ല" ധൎമ്മ
രാജാവുതാനുംധൎമ്മനന്ദനനുടെ ധൎമ്മതല്പരത്വംകണ്ടെററവുംപ്രസാദി
ച്ചു വിഘ്നംകൂടാതെകഴികജ്ഞാതവാസമെന്നു മുൻകൊണ്ടുതെളിഞ്ഞുന
ൽകീടിനാനനുഗ്രഹം കാലവുംപന്തീരാണ്ടുതികഞ്ഞുകഴിഞ്ഞിതു - കാല
മെചൊൽവനിന്നുംനാളെയുംമടിയാതെ നാലസ്യംകളഞ്ഞിരുന്നാൾ
പൈങ്കിളിമകളും. * ✤ ✤ ✤*

ഇതിശ്രീമഹാഭാരതെ ആരണ്യപൎവ്വംസമാപ്തം

വിരാടം

ഹരിഃശ്രീഗണപതയെനമഃ അവിഘ്നമസ്തു

നാരായണൻതിരുനാമാമൃതരസ മൊരാതവരധമന്മാരിലധ
മർപൊരാപറഞ്ഞൊമ്പൊലെവിരവൊടു നെരെപറകതച്ചരിതമിന്നും
തച്ചരിതങ്ങൾപറഞ്ഞാലൊടുക്കമി ല്ലച്യുതഭക്തരിൽമുമ്പനാം ധൎമ്മജ
ൻജീവിച്ചെഴുനീറ്റുസൊദരന്മാരൊടുംഭാവിച്ചിതുപിന്നെയെന്നൊന്ന
കാരിയംഅജ്ഞാതവാസംകഴിപ്പാനുപായവും ജിജ്ഞാസിച്ചിടിനാ
രൈവതുമായപ്പൊൾ അജ്ഞാനമെല്ലാമകലെക്കളഞ്ഞൊരുവിജ്ഞാ
നികളായധൎമ്മജന്മാദികൾ ആയുധമൊക്കശമീവൃക്ഷത്തിന്മെൽവെ
ച്ചായതനെത്രയാംകൃഷ്ണയുംതങ്ങളും. ഛന്നമായുള്ളൊരു നാമവെഷ
ങ്ങൊടുംചെന്നുവിരാടപുരിയിലകംപുക്കാർ കംകനെന്നൊരുസന്ന്യാ
സിയായ്ചെന്നിതുശംകകൂടാതെയുധിഷ്ഠിരനാംനൃപൻ പുക്കിതുഭീമൻ
വലലനെന്നുള്ളപെർകൈക്കൊണ്ടുമന്നൻമഹാനസംതന്നിലെ വൃ *Ballava S.*
ത്രാരിപുത്രൻബൃഹന്നളയായിട്ടു പൃത്ഥിശപുത്രിക്കുനൃത്തഗീതാദികൾ
ശിക്ഷയൊടെപഠിപ്പിച്ചുതുടങ്ങിനാ ളക്ഷിവിലാസങ്ങൾപൂണ്ടുതരു
ണിയായശാലിനിപുത്രരിൽമുൻപൻനകുലനു മശ്വങ്ങൾമെപ്പതിന്നാ
യൊരുംപെട്ടിതുപശുപാളിമെപ്പാനായ്നുസഹദെവൻ വിശെഷക
വിദ്വാൻവിരൊധികൾക്കന്തകൻയാജ്ഞസെനിക്കുസൈരന്ധ്രിയാം
പെരൊടെരാജ്ഞിയായുള്ളസുദെഷ്ണതൻദാസിയായ്വൃത്തിയുംരക്ഷിച്ചു *Draupadi,*
വിടെയിരിക്കുന്നാളത്രയുംവിക്രമമുള്ളവൃകൊദരൻ ശക്തനായുള്ളൊ
രുമല്ലനെയുംകൊന്നാൻപത്തുമാസംകഴിഞ്ഞുപിന്നെയക്കാലം നല്ല
സുദെഷ്ണതൻഭ്രാതാവുകീചകൻ മല്ലാക്ഷിയാകിയസൈരന്ധ്രിയെക *persecuted by*
ണ്ടുമല്ലബാണങ്ങളെറ്റല്ലൽപൊറാഞ്ഞവൻ ചൊല്ലിനാനെത്രയുംന *Kīcaka*
ല്ലമധുരമായ്ചൊല്ലാതിവിടെമറെറല്ലാവരുമൊക്കചൊല്ലുന്നവെലകളെല്ലാ
മൊരുക്കിനീഅല്ലലായ്പൊഴവാനില്ലൊരുകാരണംമല്ലബാണൻതന്റെ
വില്ലിനെപൊർചെയ്തുവെല്ലുന്നനിന്നുടെചില്ലീകൊടിയിന്നു തെല്ലു
കൊണ്ടെന്നെനീതല്ലുന്നതല്ലുകൾകൊല്ലുവാൻതന്നെയെന്നല്ലയല്ലീയെ
ടൊചൊല്ലുവൻതൊന്നിനിനല്ലതുനീമമവല്ലഭയാകെന്നമില്ലൊരുസം

ശയംകല്യതകൊല്ലുന്നകല്യാണശീലവും പല്ലവംപൊലെപതുത്തൊ
രുമെനിയുംമല്ലമിഴിയിണെത്തെല്ലിൻവിലാസവും മല്ലീശരക്ഷമാപാ
ലാധിവാസവുംചന്ദ്രികപൊലെലസന്മന്ദഹാസവും ചന്ദ്രബിംബാഭി
രാമാനനാംഭൊജവുംപംകജകൊരകംപംപരംപന്തുചെംകുംകുമാലംകൃ
തകുംഭികുംഭദ്വയംശുംഭൽസുവർണ്ണകുംഭമെന്നിത്തരം കുംപിട്ടുംകൊ
ങ്കയുംരൊമാളിഭംഗിയും കൊണ്ടാടിമാരൻകുന്നങ്ങുംനടകളും കണ്ടൊ
ൽതരിപ്പെട്ടുന്നൊരുതുടകളും കണ്ടുകണ്ടെത്രനാളുണ്ടുഞാനിങ്ങിനെ വ
ണ്ടാർതഴകുഴലാളെപൊറുക്കുന്നു ഇന്നിമെലിൽപൊറുക്കെണമെന്നാ
കിലൊന്നിന്നാണെഞാൻമരിച്ചീടുംപൊളിയല്ല നൽകുകചൊരിവാ
പുൽകുകപൊർമുല നൽകുവൻഞാൻതവ വെണ്ടുന്നതെല്ലാമെ" ഇ
ത്ഥംപലതരവുംപറഞ്ഞിട്ടവൾ ചിത്തമിളകാഞ്ഞുദുഃഖിച്ചുകീചകൻ
തന്നുള്ളിലുള്ളഴല്ലുള്ളവണ്ണംതന്നെ ചൊന്നാനുടൽപിറപ്പുള്ളവൾ
തന്നൊടും"കാമംമുഴുത്തുതന്നെതാൻമറന്നുള്ള കാമുകന്മാർതൊഴിലി
ങ്ങിനെയെന്നില്ല ഇന്നനെരത്തെന്നുമിന്നവരെന്നു മിന്നവണ്ണം
വെണമെന്നുമില്ലെതുമെനിക്കുടെദാസിയായുള്ളൊരിവൾതന്നെ എ
ന്നൊടുകൂടിയയക്കഭഗിനീനീ"ഭ്രാതാവുതന്നുടെസങ്കടംകണ്ടവൾ ചെ
തൊഹരാംഗിയാംകൃഷ്ണയൊടെകിനാൾ ഖെദംവരികയില്ലെതുംനിന
ക്കെടൊകാദംബരിയുംകറികളുംവൈകാതെകീചകൻതന്നൊട്ടുവാങ്ങി
നീകൊണ്ടുവാമെചകകാന്തികലന്നമനൊഹരെ" മെന്നാനുവാദമൊ
ടങ്ങിനെപൊയവൾ താനെവരുന്നതുകണ്ടൊരുകീചകൻ നെത്രസു
ഖത്തൊടടുത്തിതുമൈരെയ പാത്രവുമിട്ടുകളഞ്ഞവളൊടിനാൾ ആട
ലൊടെയവൻകൂടയങ്ങൊടിനാൻ പെടിയൊടെസഭയിങ്കൽവീണൊ
ളവൾഅല്പിതാർകുന്തൽചുററിപിടിച്ചാനവൻ "ഒല്ലായിതെന്നുസഭ
യിലിരുന്നവർരക്ഷിപ്പതിന്നുദിനെശനയച്ചൊരുരക്ഷൊവരനും പ
രൊക്ഷമതിദ്രുതംഇക്ഷുകൊദണ്ഡശരക്ഷതചിത്തനാ യക്ഷമനാകി
യകീചകനീചനെപ്രക്ഷെപണംചെയ്യുന്നക്ഷണംഭൂമിയിൽസക്ഷത
നായ്ത്തിണരുണ്ടാനതുനെരംവല്ലാതെനിന്നുജ്ഝനായിളിച്ചവൻമെല്ലവെ
പൊയൊരുകൊണിലകംപുക്കാൻ അന്നരാവംബുജലൊചനമാരു
gets Vihima to kill him തിതന്നുടെമാററത്തുവീണുകെണീടിനാൾ കണ്ണുനീരുംതുടച്ചുണ്ണിപൊ
റുക്കൊരുവണ്ണമൊരുമാസമിന്നുമെന്നാനവൻ മാസമൊപിന്നെയെ
ല്ലൊയിനിക്കങ്ങൊരുവാസരമല്ലൊരുനാഴികയും"പൊറാ കീചകനെ
ക്കൊന്നുസങ്കടംതീക്കനീനീചനെക്കൊണ്ടുപൊറുതിയില്ലെതുമെ" എ
ന്നവൾചൊന്നതുകെട്ടൊരുമാരുതി കൊന്നവൻതന്നെഞാൻനിന്നി
ടർപൊക്കുവൻകൂത്തരംഗത്തുകറിക്കനീ മന്മഥകൃത്തിനപാതിരന്നെ

തമെന്നാനവൻമാരമാൽപൂണ്ടൊരുകീചകൻതന്നോട്" മാരുതിചൊന്നപൊലെയവൾചൊല്ലിനാൾ "നാരിമാർത്തങ്ങൾസ്വധമ്മമറികെടൊനാനാജനങ്ങളുമൊന്നിച്ചപെക്ഷിച്ചാത ഊനമില്ലാതവണ്ണമിങ്ങിടെന്നൊ ഉണ്ടാകൽപഞ്ചഗന്ധർവ്വന്മാർപീഡാ ഓരോദിനംപ്രതികാണാമെന്നുംവരും ഒട്ടനാളെക്കകണ്ടീലെന്നതുംവരും. പട്ടാംഗംഞാൻപറഞ്ഞീലയെന്നല്ലെടൊ" പയ്യവെകൂത്തരംഗത്തെന്നുതങ്ങളിൽകയ്യുംപിടിച്ചുതെളിഞ്ഞുമനസ്സൊത്തു" സൈരന്ധ്രിചൊന്നതുകെട്ടതെളിഞ്ഞുള്ളിൽ സൈരംതനിക്കുവരുമെന്നുകല്പിച്ചുക്ഷൌരംകഴിച്ചുതൈലാഭ്യംഗവുംചെയ്തു മൈരെയമായുള്ളമദ്യവുംസെവിച്ചുപല്ലുതെച്ചാമൊദതാംബൂലവുംതിന്നു നല്ലമാല്യങ്ങൾകുസുമങ്ങളുംചൂടിദിവ്യാംബരാഭരണാലെപനാദികൾ സർവ്വാംഗമെല്ലാമലംകരിച്ചാനവൻ — ഉത്തമയായുള്ളപാഞ്ചാലിചൊല്ലിയ മെത്തമെൽചെന്നുകിടന്നിതുഭീമനും — ചിത്തകൌതുഹലംകൈക്കൊണ്ടുകീചകൻ മത്തനായുത്തരംഗത്തുപുക്കീടിനാൻ ചിത്തജരാവുതന്നസ്ത്രങ്ങളെൽക്കയാൽപുത്തൻകുളുർമുലത്തൊത്തുപുൽകീടിനാൻ തങ്ങളിൽതിങ്ങിവിങ്ങിക്കനംപൊങ്ങിനിന്നങ്ങിനെകണ്ടകുളുർമുലക്കൊരകം വിസ്താരമുണ്ടുനിരക്കപ്പുരുപര ക്കത്തൂന്നരോമങ്ങളുംകൊണ്ടുകാണായി രോമായതാമൂലവായതപിടമാരൊമലായുള്ളൊരുദാസിയെല്ലൊയിവൾ എങ്കിലതുമൊരുകൌതുകമെന്നൊത്തു പങ്കജബാണമാതൃകൊണ്ടുപൊറ്റത്തവൻനന്നായുറ്റകമറുകത്തഴകിനാൻ മുൻനടന്നീടിനാൻഭീമനുമന്നെരംഎത്തിമുറ്റകമറുകവുണ്ടെന്നവ നസ്ഥിനുറുക്കിഞെരിച്ചിതുപിന്നെയുംചിത്രഭ്രമത്തൊടുപത്തുനൂറായിരം കുത്തിനാൻമുഷ്ടിചുരുട്ടിത്തരുതെരെപ്രെമമില്ലെന്നുവരുമെന്നുശങ്കിച്ചുഭീമൻനഖങ്ങളുമെല്പിച്ചിതാദരാൽ"അയ്യൊമതിമതിഅയ്യൊമതിപൊരും മയ്യൽമിഴിയാളെകയ്യയച്ചീടെടൊനിയ്യല്ലെയൊയതുനീയല്ലയൊവൊലെ പൊയ്യെപറഞ്ഞുചതിക്കയൊചെയ്യുന്നു മെയ്യെന്നുകല്പിച്ചുവന്നവനെന്നൊൻമെയ്യല്ലനല്ലകരിക്കല്ലനിർണ്ണയം" പത്തുനൂറിത്ഥംപറഞ്ഞുകരഞ്ഞവൻചത്താൻമിഴികൾതുറിച്ചുവിധിബലാൽ — വാതാത്മജനായഭീമനുംപൊയിതങ്ങുമറിഞ്ഞീലതാനെന്നുഭാവിച്ചു. ചത്തൊരുകീചകൻതന്നുടെതമ്പിമാർപത്തിൽപെരുകിയപത്തുമൊരഞ്ചുമ ണ്ടത്തൽപൂണ്ടെത്തിപിടിച്ചവർകൃഷ്ണയെചത്തശവത്തൊടുവെച്ചുകെട്ടീടിനാർ കൂടെയവളെയും ചുട്ടുകളെവാനായ്ക്കൂടലർകാലനാംഭീമനതുകണ്ടു "ഗന്ധർവ്വന്മാർബലാൽകൊന്നതിന്നൊരുവെന്ധമിവളെയുപദ്രവിപ്പാൻഇങ്ങൾവൃദ്ധബാലാംഗനാഗൊദ്വിജാദ്യങ്ങളെ വധദൊഷാതവി

രൊധിക്കുന്നദുഷ്ടരെ മൃത്യുപുരത്തിന്നയക്കേണംവൈകാതെ പൃത്ഥ്വീ
പതികളെന്നല്ലൊവിധിമതം_ആശ്രയമില്ലാതനാരിയെക്കൊണ്ടുപൊ
യാശ്രയാശങ്കലാക്കുന്നതുയൊഗ്യമൊ ആശ്രിതരക്ഷണംധമ്മംനൃപ
തികൾക്കാശ്രിതയെല്ലൊവിശെഷാലിവൾതാനും ആയുധപാണി
യല്ലെന്നങ്ങിരിക്കിലും ന്യായമല്ലാതകമ്മങ്ങൾകാട്ടുംവിധെനനൊക്കി
യിരിക്കാമൊരാജഭടന്മാൎക്കു യൊഗ്യമല്ലെതുമെന്നുപറഞ്ഞുടൻകാററ
ഞ്ഞുംവെഗമൊടെചെന്നുകൊപിച്ചു നൂററഞ്ചിനെയുമൊടുക്കിനാൻ
വൈകാതെ കൂററൻചുരമാന്തിനില്ക്കുന്നതുപൊലെ യെററംചിന
ത്തൊടുനിന്നിതുഭീമനും ഭീമനെക്കണ്ടുപെടിച്ചുജനങ്ങളുംകാമനെന്ത
ന്നെയുംപെടിയുണ്ടാകുന്ന ശ്യാമളയാകിയസൈരന്ധ്രിതന്നെയുംകൊ
ന്നളയാകില്ലമന്നുതൊട്ടാരുമെ നാട്ടാർമുഖത്തുനൊക്കാതെചമഞ്ഞിതു കൂ
ട്ടമെകൊല്ലിക്കുമെന്നുഭയത്തിനാൽ_വാട്ടമകന്നസുയൊധനനക്കാലം
Suyodh. [illegible] thus
കൂട്ടവുംകൂടിത്തുടങ്ങിനിരൂപണം "നാട്ടിലെങ്ങാനുമിപ്പാണ്ഡവരുണ്ടെ
ങ്കിലൊട്ടാളൊരൊക്കനടന്നുതിരയെണം ധാഷ്ട്യമെറീടുന്നധമ്മജന്മാദി
യെ കാട്ടിലാക്കാമിന്നുംകണ്ടുകിട്ടുകിൽ" രാജ്യങ്ങൾതൊറുമതുകെട്ടുദൂ
തന്മാർ പാച്ചിൽതുടങ്ങിനാർകണ്ടുകൊണ്ടീടുവാനു എങ്ങുമെകാണാ
ഞ്ഞുടനന്നവർചൊല്ലിനാർ "ഞങ്ങളൊക്കണ്ടതില്ലെങ്ങുമെന്നവ" ധാ
ത്തരാഷ്ട്രൻപറഞ്ഞാനവരൊടപ്പൊൾ "പാത്ഥന്മാരുള്ളിടംഞാൻപറ
യാമെങ്കിൽ ദൊഷന്മാരെനിങ്ങൾമത്സ്യരാജ്യത്തിങ്കൽ ചെലാക്ഷമ
ണ്ടായവയൊന്നുമെകെട്ടീലെ" "കെട്ടിട്ടുഞങ്ങൾതിരഞ്ഞിതു ഗന്ധവ്വ
ശ്രെഷ്ഠന്മാരെത്രെ യതായതുമെന്നവ" അപ്പൊഴരചെയ്തു ഭീഷ്മരഥിവ
ണ്ണുമൾപ്പുവിലുണ്ടൊന്നിനിക്കതൊന്നുന്നിതു ചത്തതുകീചകനെംകി
ലൊമാനുത പുത്രർന്നത്രെകുലചെയ്യതുനിണ്ണയം യുക്തിയുംചെതമി
തിന്നുനിരൂപിക്കിൽ ഉത്തമയായുള്ളപാഞ്ചാലികാരണം" _ഇത്ഥംധൃത
രാഷ്ട്രപുത്രനൊടുംഗംഗാദത്തൻപറഞ്ഞതുകെട്ടവനംചൊന്നാൻ"എം
കിലൊമത്സ്യരാജാവിൻപശുക്കളെ ശംകകൂടാതാട്ടിക്കൊണ്ടുനാംപൊ
രേണം കണ്ടടങ്ങിയിരിക്കയില്ലട്ടികി ലുണ്ടെങ്കിലജ്ഞനനാളിക
sends Trigarta to rob Virata's cattle
ളെന്നുമെ മുൻപിലെപൊകപടയുംത്രിഗത്തനും വൻപൊടുതങ്ങൾ
വഴിയെവരംതാനും "ഇങ്ങിനെകല്പിച്ചനെരംത്രിഗത്തനും മങ്ങാതവ
ൻപടയുംകൂടിയപ്പൊഴെ ചെന്നുവിരാടപുരിവുക്കഗൊക്കളെ യൊ
ന്നൊഴിയാതെതെളിച്ചവർപൊകുംപൊൾ സന്നാഹമുൾക്കൊണ്ടുവി
ന്നാലെമത്സ്യനും ചെന്നുകലഹംതുടങ്ങിയനെരത്തു മന്നവൻതന്നെ
പ്പിടിച്ചുകെട്ടിടിനാ അന്നതന്നാകത്രിഗത്തൻമഹാരഥൻ_പല്ലുകടി
ച്ചുനിന്നിടുന്നഭീമനെ ചെല്ലുകെന്നൻപൊടുചൊല്ലിയുധിഷ്ഠിരൻ ക

ണ്ടിരുന്നിടുകയല്ലെന്നുകല്പിച്ചു മണ്ടിയണഞ്ഞു വൃകൊദരനന്നേരം. ശ
ക്തിമാന്നായസുശർമ്മാവിനെയെന്നു വൃദ്ധനാം മത്സ്യനെ വീണ്ടുകൊ
ണ്ടീടിനാൻ _ അപ്പൊഴന്നെത്തുകുരുപ്രവരന്മാരും കെൽപ്പൊടു ഗൊക്ക
ളെക്കൊണ്ടുപൊയിടിനാർ _ ഘോരരായസുയൊധനനാദികൾ മറെറ
പ്പുറമെയ്തു പശുക്കളെതെറെറന്നു കൊണ്ടുപൊകുന്നൊരു നെരത്തു ചെ
റ്റുപൊരുതു തൊററാർ പശുപാലരും _ യുദ്ധകൊലാഹലമുണ്ടായ്വന്നത
ത്തും ശത്രുക്കൾ ഗൊക്കളെക്കൊണ്ടങ്ങു പൊയതും മത്സ്യമഹീപതിപു
ത്രനായ്മെവിന ഉത്തരനൊടു ഗൊപാലകൻ ചൊല്ലിനാൻ _ ക്രുദ്ധ
നായുത്തരൻ താനുമുരചെയ്യാനെത്തിയെതിർത്തു ഞാൻ വീണ്ടുകൊണ്ടീടു
വൻ വൃത്രാരിപുത്രനാമർജ്ജുനൻ താൻ തന്നെ യുദ്ധത്തിനായ്വരുന്നാകി
ലവനെയും വെല്ലുന്നതുണ്ടു ഞാനില്ലൊരു കില്ലിനി ക്കില്ലൊരു സൂതനെ
തെത്രെ കുറവിപ്പൊൾ" മത്തനായുത്തരനിത്തരം ചൊന്നതു മത്തെഭഗാ
മിനി പാഞ്ചാലി കെട്ടിട്ടു ചിത്തത്തിലീർഷ്യ പൊറാഞ്ഞവൾ ചൊല്ലിനാ
ൾ ഭർത്താവായൊരു ബൃഹന്നളയൊടെല്ലാം പാർത്ഥനതു കെട്ടു പാഞ്ചാ
ലി തന്നൊടു വാസ്തവമായൊരു വാർത്തയുരചെയ്തു "തെർതെളിച്ചീടുവാ
നാളു ഞാനുണ്ടൊരു സൂതനില്ലാഞ്ഞുഴലായ്കെന്നു ചൊല്ലു നീ" അപ്രകാ
രം പറഞ്ഞീടിനാൾ കൃഷ്ണയും അപ്പൊഴുത്തരൻ താനുരചെയ്തു "ആരതു
ചെന്നു പറഞ്ഞു കെൾപ്പിപ്പതു പാരാതെ ഗൊക്കളെ വീണ്ടുകൊണ്ടീടുവാ
ൻ" ഉത്തര ചെന്നുടൻ കൾക്കമത്തിനുട നുത്തരയൊടു ചൊൽകെന്നതു കൃ
ഷ്ണയും ഉത്തരനുത്തരയൊടു പറഞ്ഞപ്പൊ" ളുത്തര ചൊൽ കെട്ടു വൃത്രാരി
പുത്രനും പാരം മെലിഞ്ഞ കുതിരകളെപ്പൂട്ടി തെരും ചമച്ചിതു പൊരിനു
വൈകാതെ സത്വരമുത്തരൻ തെരിൽ കരെറിനാൻ _ വൃത്രാരിപുത്രനും
തെർതെളിച്ചീടിനാൻ _ യുദ്ധത്തിനുത്തരൻ ക്രുദ്ധനായ്പ്പൊകും പൊൾ മു
ഗ്ദ്ധാക്ഷിമാരുമവനൊടു ചൊല്ലിനാർ ശത്രുഭൂപാലരെ കൊന്നിങ്ങു പൊ
രുംപൊൾ വസ്ത്രങ്ങൾ നല്ലവ ഞങ്ങൾക്കു നൽകെണം" അങ്ങിനെ ത
ന്നെയൊരന്തരമില്ലെന്ന തംഗനമാരൊടു ചൊല്ലിയുഴറെറാടെ പുക്കിതു
ചെന്നുകുരുക്ഷെത്രമന്നെരമുൾക്കാമ്പിലുണ്ടായ പെടിയൊടുത്തരൻ
"വന്നവഴിയെ നടക്ക രിപുക്കളെ വെന്നു കൂടാ നമുക്കെന്നു മെ നിർണ്ണയം
ദ്രൊണരും ഭീഷ്മരും ധാർത്തരാഷ്ട്രന്മാരും ദ്രൊണിയും കർണ്ണനുമായൊധന
ത്തിംകൽ പ്രാണഭയമില്ലയാതവരൊടിന്നു ഞാനൊരു ബാലകനെ
ൽക്കുന്നതെങ്ങിനെ" എന്നതു കെട്ടൊരു പാർത്ഥനുമന്നെരം പിന്നെയും
തെരതിമുന്നൊക്കമൊടിച്ചാൻ ഓടിക്കപിന്നൊക്കമെന്നുടനുത്തരൻ
ഓടിച്ചാൻ മുന്നൊക്കമർജ്ജുനൻ പിന്നെയും പെടിച്ചതി വിറച്ചാനതു
കണ്ടു "പെടിക്കൊലാ" യെന്നു ചൊന്നാൻ കിരീടിയും ഒടിച്ചു തെരിൽ നി

(Trigarta)

Arj. drives prince Utta into the fight

ന്നുത്തരനന്നെരം ചാടിക്കുളഞ്ഞുനിലത്തുവീണീടിനാൻ കൂടക്കൂതം
കൊണ്ടുചാടിപ്പിടിച്ചവൻ തെട്ടന്നപെടികണ്ടനെരമർജ്ജുനൻ പെ
ട്ടന്നുകാലുംകരങ്ങളുമൊപ്പിച്ചു കെട്ടിയിട്ടീടിനാൻതെരിൽമഹാരഥൻ
വിത്രസ്തചിത്തനായുത്തരനന്നെരം വൃത്രാരിപുത്രനൊടിത്തരംചൊ
ല്ലിനാൻ "നാടുംനഗരവുമൊക്കത്തരുവൻഞാ നൊട്ടന്നതെർതിരിച്ചൊ
ടിക്കവൈകാതെ നീയെന്തിവണ്ണംതുടങ്ങുന്നിതെന്നൊടി നല്ലൊ
യിനിക്കെന്റെഭയംപൊയെകാണെണം" എന്നതുകെട്ടുചിരിച്ചുകിരീടിയും
ചെന്നുശമീവൃക്ഷംവന്ദിച്ചുവെഗത്തി ലെറിയെടുത്തിതുചാപശരാദി
കൾ കുറിനാനുത്തരൻതാനതുകണ്ടപ്പൊൾ "ആയുധമാക്കിവയ്ക്കുള്ളബൃ
ഹന്നളെ മായമൊഴിഞ്ഞുനീയെന്നൊടുചൊല്ലണം" "ചൊല്ലാംപര
മാർത്ഥമെങ്കിലിവയെല്ലാം ചൊല്ലുള്ളപാണ്ഡവർക്കുള്ളധരിക്കനീ" "പാ
ണ്ഡവന്മാരെവിടത്തുബൃഹന്നളെ വെണ്ടാപൊളിപറകെന്നതെന്നൊ
ടെടൊ" "എങ്കിലൊകെൾക്കഞാനർജ്ജുനനായതും കങ്കനാകുന്നതുധർമ്മ
ജന്മാവെടൊ ആക്കമെറീടുംവലലൻവൃകൊദരൻ ചൊൽക്കൊണ്ണാ
ളാകിയസൈരന്ധ്രിപാഞ്ചാലി മെക്കുന്നനകുലൻതുരഗങ്ങളെഗൊ
ക്കളെമെക്കുന്നനസഹദെവനും" എങ്കിൽനിൻപത്തുപെരുംപറഞ്ഞീ
ട്ടുനീ ശങ്കപൊവാനിനിക്കെന്നിതുമാത്സ്യനും "ദൊഷമില്ലചൊല്ലുവ
നെങ്കിൽഞാൻനിന്നൊടു കെൾക്കനീയെന്നുടെപത്തുനാമങ്ങളും അ
ർജ്ജുനൻഫല്ഗുനൻപാർത്ഥൻവിജയനുംവിശ്രുതമായപെർപിന്നെക്കി
രീടിയും ശ്വെതാശ്വനെന്നും ധനഞ്ജയൻജിഷ്ണുവും ഭീതിഹരംസവ്യ
സാചിബീഭത്സുവും പത്തുനാമങ്ങളുംഭക്ത്യാജപിക്കിലൊ നിത്യഭയ
ങ്ങളകന്നുപൊംനിശ്ചയം. പെടികളഞ്ഞുരഥംനീനടത്തുകിൽ പാടെ
പശുക്കളെവീണ്ടുതരുവൻഞാൻ; മന്നവനിന്നൊടുതുല്യനെന്നെന്നെ
ഞാൻ മുന്നമെചൊന്നതറിഞ്ഞുപൊറുക്കെണം" "ഇന്ദ്രനുമാതലിതെർ
നടത്തുംവണ്ണ മിന്ദ്രതനുജനടത്തുന്നതുണ്ടുഞാൻ" എന്നതുകെട്ടവൻ
വില്ലുംകുലയെററി പ്പിന്നെഹനുമാനെയുംകരുതീടിനാൻ വന്നുകൊ
ടിമരമെറിഹനുമാനു മൊന്നങ്ങലറിക്കലുങ്ങിജഗത്ത്രയം ദെവദത്ത
നായശംഖമെടുത്തിട്ടു ദെവരാജാത്മജനുംവിളിച്ചീടിനാൻ പിന്നെ
ച്ചെറുഞാണൊലിയിട്ടുടനുടൻ മന്നവൻസിംഹനാദങ്ങൾചെയ്തീടി
നാൻ തെരുകളൊച്ചയുംസിംഹനാദങ്ങളും പാരംമുഴങ്ങുന്നശംഖധ്വ
നികളും വീരന്മാരഞ്ചുംചെറുഞാണൊലികളും മാരുതിതന്നുടെഹുംകാര
നാദവുംഘൊരഘൊരംകെട്ടുഭീതിപൂണ്ടുത്തരൻപാരംവിറച്ചാനരയാലി
ലപൊലെതെരിൽവീണാൻമറയിട്ടാൻതെരുതെരപ്പാരാതെഴുന്നില്ലയെ
ന്നുവിജയനുംഹുംകാരമെറുംചെറുഞാണൊലികളുംശംഖനാദങ്ങളുംസിം

ഷനാദങ്ങളും പിന്നെയും പിന്നെയും ചെയ്യാൻ തെരുതെരെ മന്നവനു
ത്തരൻ ഭീതികളവാനാശ്ശാത്ഥനീവണ്ണം നടന്നൊരു നേരത്തു ധാത്രീക്ക
ളുങ്ങികലങ്ങീ സമുദ്രങ്ങൾ ഘോഷങ്ങൾ കെട്ടു ഭരദ്വാജനന്ദനൻ ഭൊ
ഷ്മനാം നാഗധ്വജനൊടു ചൊല്ലിനാൻ "പാത്ഥൻ വരവിതു കെൾക്കായതു
മെടൊ പാത്ഥിവനന്ദനതൊല്ലും നാമെല്ലാരും ദുശ്ശകുനങ്ങൾ പലവുണ്ടു
കാണുന്നു നീ ശ്രേഷ്മ നാശം ഭവിക്കും പടക്കിപ്പോൾ" നാഗധ്വജനതു
കെട്ടാശു കൊപിച്ചു ഭാഗീരഥീസുതൻ തന്നൊടു ചൊല്ലിനാൻ "പണ്ടു പ
റഞ്ഞ സമയം വരും മുൻപെ യുണ്ടുവരുന്നിതു പാണ്ഡവരെങ്കിലൊ ര
ണ്ടാമതും വനം പൂകെന്നതെ വരു കൊണ്ടാടിയാരുമിതിന്നു പറയെണ്ട
ദ്രോണരുചിതം പറകയില്ലെന്നുമെ പാണ്ഡന്നൊടൊപ്പിക്കുമെന്നെയാ
ചാൎയ്യനൊ കെട്ടീലെ തൊഴിൽ വിശെഷങ്ങൾ കണ്ണാനീ കൂട്ടമിട്ടൊരൊ ജ
നം പറയുന്നതും പാട്ടും ഭവാനുള്ളിലെതുമുണ്ടാകെണ്ട കൂട്ടഞാനുണ്ടെന്ന
റിഞ്ഞതില്ലെ യിപ്പൊൾ വെണ്മഴുവെന്തിയ രാമൻ വരികിലുമെന്നുന്നി
ൽനില്ലയില്ലെന്നു ധരിക്കെണം ഇന്ദ്രാദിദെവകളൊത്തു വരികിലും മ
ന്ദതയില്ല ജയിക്കുന്നതുണ്ടു ഞാൻ ഇന്ദ്രതനുജനു മിത്രാവരജനുമെ
ന്നൊടു തുല്യരല്ലെന്നു ധരിക്കെണം" എന്നിത്തരം പെരുമ്പുകണ്ണൻ പറയു
മ്പൊൾ നിന്ന കൃപരും ചിരിച്ചൊന്നുരചെയ്യാൻ "കണ്ണമതിമതിപൊ
രും പറഞ്ഞതു നിന്നുടെ വീൎയ്യങ്ങൾ നാവിന്മെലെയുള്ളു ജംഭാരിനന്ദന
ൻ വമ്പുകൾ കെൾക്കനീ കിംഫലമാത്മപ്രശംസകൊണ്ടൊൎക്കടൊ മു
ൻപിൽ ദ്രുപദനെബന്ധിച്ചു ദക്ഷിണ യൻ പൊട്ടു ചെയ്തവനെന്നറി
കനീ ചിത്രരഥനായ ഗന്ധൎവ്വവീരനെ യുദ്ധെ ജയിച്ചതവനല്ലയൊ പൃ
രാ ലക്ഷ്യവും ഭെദിച്ചു പാഞ്ചാലപുത്രിയാം പുഷ്കരനെത്രയെ കൊണ്ടങ്ങു
പൊയതും കാമപാലാലിയ ദൃക്കളെയും വെന്നു കാമിനിയായ സുഭദ്രയെ
വെട്ടതും ഖാണ്ഡവകാനനദാഹം കഴിച്ചതും ഗാണ്ഡീവമഗ്നിയൊടന്നു
ലഭിച്ചതും അന്തകവൈരിയൊടസ്ത്രം പഠിച്ചതും ഇന്ദ്രാജ്ഞയാ പിന്നെ
വെഗെന പൊയവൻ പാതാലകം പുക്കസുരരെ കൊന്നതും താനെ
പൊയുത്തരദിക്കു ജയിച്ചതും മറ്റും പല പല വിക്രമമൊൎക്കുമ്പൊൾ മു
റ്റും പറകയൊഴിഞ്ഞു നിനക്കാമൊ" ഇത്തരം ചൊന്നതു കെട്ടിട്ടു കണ്ണനു
മുത്തരം ചൊന്നാൻ കൃപാചാൎയ്യനൊടപ്പൊൾ പെയായ വാക്കുകൾ പെ
ടിച്ചു ചൊല്ലായ്ക പൊയൊരാമന്ത്രണമങ്കമടിയാതെ* യാഗാദികൎമ്മ
ങ്ങൾ ചെയ്കതല്ലായ്കിലൊ പൊകവിരവൊടു ഭിക്ഷയെറ്റീടുവാൻ" ദ്രൊ
ഷ്മണം കണ്ണനിത്ഥം പറഞ്ഞപ്പൊൾ വിപ്രൊത്തമനശ്വത്ഥാമാവു
കൊപിച്ചു ഗംഗാസുതനതു കണ്ടവർ തമ്മൊടു "നിങ്ങളിൽ കൊപിയാ
യ്കെന്നു ചൊല്ലീടിനാൻ പിന്നെയും ചൊന്നാൻ പതിമൂന്നു വത്സരം

Drona recognizes Arj

Suyodhana ang to Bhishma

Kripa reproves Karna

7 Considerable addition Mspt 551

കൎണ്ണകഴിഞ്ഞിതുപാൎത്ഥിലയൊനീയും അന്നെരംകൊപിച്ചുചൊന്നാൻ
സുയൊധനനെന്നുടെരാജ്യംകൊടുക്കയില്ലെന്നുമെ പൊരിനൊരുമി
ച്ചുപാൎത്ഥൻവരുന്നാകിൽഘൊരമായിങ്ങുംപടക്കൊപ്പുകൂട്ടുക വ്യൂഹംച
മച്ചുറപ്പിച്ചിതുഭീഷ്മരുംവാഹിനിവാരിധിപൂരങ്ങളെപൊലെ അംബ
രചാരികൾവന്നുനിറഞ്ഞിതുബൃന്ദാരദനാദികളുംവന്നു മത്സ്യരാ
ജാത്മജനുത്തരൻപെടിതീൎന്നുത്സാഹമുൾക്കൊണ്ടുതെരുംനടത്തിനാൻ
പാൎത്ഥൻഗുരുഭ്രാതന്മാരെയുംവന്ദിച്ചു കൂൎത്തശരനിരതൂകിതുടങ്ങിനാൻ
Arj gets the cattle
ശംഖധ്വനിയുംചെറുഞാണൊലികളും ഹുംകാരവുംകെട്ടുകൌരവവര
ന്നെരംശങ്കിച്ചുകന്നിതുഗൊക്കളെയുംവിട്ടു ശംകാരഹിതമടുത്താൻകി
shows the chief foes to Uttara
രീടിയും പാൎത്ഥനുമുത്തരൻതന്നൊടുചൊല്ലിനാൻ പെരുംകൊടിയട
യാളങ്ങളൊരൊന്നെ ശൊണഹയരഥംതന്നിൽവിളങ്ങിടും ദ്രൊണരു
ടെകെതുതന്മെലടയാളംകാണ്ണെടൊ പൊന്മയവെദിതസന്നിധൌകാ
ണായതശ്വത്ഥാമാവുമഹാരഥൻ ദ്രൊണാത്മജൻസിംഹലാംഗുല
കെതുമാൻബാണധനുൎദ്ധരന്മാരിലഗ്രെസരൻ ക്ഷൊണിയുമാദിത്യ
ചന്ദ്രന്മാരുള്ളനാൾപ്രാണനെവിനാശമവനില്ലറികനീ അഗ്രെവൃഷധ്വ
ജംപൂണ്ടുകാണായവ നുഗ്രൻവൃഷധ്വജതുല്യൻധനുൎദ്ധരൻ അഗ്ര്യ
കുലൊത്ഭവന്മാരിലിന്നൂഴിമെലഗ്രഗണ്യൻകൃപാചാൎയ്യനറികനീ ഇ
ല്ലശാരദ്വതനുംഭൂതിഭാൎഗ്ഗവ തുല്യനെല്ലാംകൊണ്ടുമില്ലൊരുസംശയം
സ്വൎണ്ണകംബുഗജകക്ഷ്യാപരിഷ്കൃത മുന്നതമാംധ്വജംശൊഭിച്ചുക
ണ്ടതുകൎണ്ണനുടെരഥമായതറികനീ മിന്നൽക്കൊടിപൊലെ ഭൂരെപ്ര
കാശിതം മന്നവനായസുയൊധനൻകെതുവിൻ ചിഹ്നമാൎണ്ണ
ല്ലമണിമയമാകിയപന്നഗംകണ്ടിതൊമത്സ്യരാജാത്മജ സ്വൎന്ദീപു
ത്രനാംഭീഷ്മരങ്ങതെടൊ ശ്വെതാവദാതെനപഞ്ചതാലെനതൽകെ
തുനാവൈഡൂൎയ്യദണ്ഡെനശൊഭിതം വൃത്രാരിപുത്രനിത്ഥംപറഞ്ഞൊരു
വാക്കുത്തരൻകെട്ടുതെളിഞ്ഞൊരനന്തരം ഞാനെജയിക്കുന്നതുണ്ടെ
ന്നുകൎണ്ണനും മാനിച്ചുചൊന്നതുകെട്ടശ്വത്ഥാമാവും വായ്പുടയൊട്ടുകറ
ക്കെടൊകൎണ്ണാനീവായ്പൊട്ടുപാൎത്ഥൻവരുന്നതുകാണെംകിൽ കൎണ്ണനും
Karna Drona &c retire before Arj
പാൎത്ഥനുംതമ്മിലെതൃത്തപ്പൊൾകൎണ്ണൻപടയെല്ലാമൊടിത്തിരിച്ചുതെ
അംപുകൊള്ളാതവരില്ലകുരുക്കളിൽ പൻപനാംകൎണ്ണനുമൊടിതുടങ്ങി
നാൻ അന്നെരംദ്രൊണരെതൃത്തുകിരീടിയൊടന്നെരമുണ്ടായയുദ്ധംഭയ
ങ്കരംദ്രൊണർതിരിച്ചുനടന്നിതുനെരം ദ്രൊണാത്മജനശ്വത്ഥാമാ
വുനെരിട്ടാൻദ്രൊണരെക്കാൾവലുതല്ലെന്നുജിഷ്ണുവുംബാണഗണം
വരിഷിച്ചാനതുകണ്ടു നാണിച്ചുവാങ്ങിനാനശ്വത്ഥാമാവുതാൻ മ
നിച്ചുടത്തിതുപിന്നെയുമൎജ്ജുനൻ അപ്പൊൾകൃപരെതൃത്തെയ്തുതെരുതെ

രെകെല്ലുള്ളവില്ലെയ്യപൊട്ടിച്ചിതജ്ജുനൻനൊക്കിയനൊക്കിയടിക്കി
ലെല്ലാടവുമാക്കമൊടജ്ജുനന്മാരെന്നുകൌരവർ കൂട്ടത്തൂടങ്ങിനാർപാ
ത്ഥശരങ്ങളുംകൂടത്തൂടത്തൂടരയടുക്കുന്നു ദുശ്ശാസനാദിശകുനിയുംതൊ
റ്റിതുദുശ്ശകുനങ്ങൾപലതരംകാണായി ഗംഗാതനയനുംകുന്തീതനയ
നുംതങ്ങളിലുണ്ടായശസ്ത്രപ്രയൊഗങ്ങൾ ഇങ്ങിനെയെന്നുപറഞ്ഞു
കൂടായിനിക്കിങ്ങിനെയുണ്ടായയുദ്ധകൊലാഹലം കണ്ടവരൊക്കപ്ര
ശംസിച്ചുനില്ക്കുംപൊൾ കണ്ടിതുഭീഷ്മരൊഴിക്കുന്നതുമെല്ലെ ആത്ത
നെന്ത്രാൻദുരിയൊധനൻപാത്ഥനും കൂൎത്തശരമെയ്തുകൂവിട്ടമണ്ടിച്ചാ
ൻനിശ്വാസമുൾക്കൊണ്ടൊഴിച്ചിതുകൌരവ രശ്വത്ഥാമാവതുനെ
രമുരചെയ്യുവൻപുപറഞ്ഞൊരുകണ്ണനെഞങ്ങാനിപ്പൊ ളുംപാർക്കൊ
ൻപുത്രൻവരുന്നതുകണ്ടീലെ" ഇത്ഥമധിക്ഷെപവാക്കുകെട്ടംശെശ
നെത്രയുംകൊപിച്ചുടുത്തുയുദ്ധംചെയ്യാൻവൃത്രാരിപുത്രനുംമിത്രപുത്രൻ
താനുമസ്ത്രങ്ങളുത്യുത്ഥമുഗ്രംപ്രയൊഗിച്ചാൻ രണ്ടാമതുകണ്ണനജ്ജുന
നൊടെറ്റുമണ്ടിപ്പടയുമായ്ത്തുവിട്ടസത്വരംദ്രൊണനുംദ്രൊണിയുംകണ്ണ
നുംഭീഷ്മരുംമാനിയാംനാഗധ്വജനുമനുജനും ശാരദ്വതനുംവെ തനുംപട
യുംതൊറ്റനെരത്തുപിന്നെയുംവൈശംപല്ഗുനൻശസ്ത്രങ്ങൾതൂകിയടു
ത്തിതുപിന്നാലെവിത്രസ്തരായ്പാഞ്ഞീടിനാരെവരും ദെവദത്താഖ്യശം
ഖാരവഘൊഷവുംദെവരാജാത്മജജ്യാനാദഘൊഷവുംവാനരവീരഹു
ങ്കാരപ്രഘൊഷവുംധെനുസമൂഹപലായനഘൊഷവുംകെട്ടുഭയപ്പെട്ടൊരൊ
രൊവഴിക്കവരൊട്ടംതുടങ്ങിനാനെരംപരവശാൽ മൊഹനാസ്ത്രംകൊ
ണ്ടുവീണിതുഭൂമിയിൽമൊഹിച്ചു ബുദ്ധിമറന്നുകുരുബലംസുപ്താസ്ത്ര
ഭക്ത്യാകുരുവരന്മാൎക്കെല്ലാംസുപ്തരായ്തീൎന്നുകിരീടിയുമന്നെരംഉഷ്ണീഷവ
സ്ത്രാഭരണാദികളെല്ലാംതൂക്കുതിപ്പാൻ പുരസ്ത്രീജനങ്ങൾക്കിതംതുടസ്സം
ഗ്രുത്രണാമൊഴിച്ചുഴിച്ചീടിന്നു കൃഷ്ണസഖിയായജിഷ്ണുജൻജിഷ്ണുപ്പം
ഉത്തരനൊടുചൊന്നാനതുകെട്ടവൻവസ്ത്രങ്ങളെല്ലാമഴിച്ചുകൊണ്ടീ
ടിനാൻ ആത്തുവിജയൻജയിച്ചുശത്രുക്കളെ പെത്തുംതെളിച്ചുകൊ
ണ്ടിങ്ങുപൊന്നീടിനാൻപാത്ഥനിരണ്ടുശരങ്ങളെ കൊണ്ടഭിവാദ്യവും
ചെയ്തുഗുരുഭ്രതന്മാൎക്കെല്ലാം ഉത്തരൻതന്നൊടുചൊല്ലിനാനജ്ജുനൻ സ
ത്വരംനീപുരംപുക്കറിയിക്കണം യുദ്ധെജയിച്ചുശത്രുക്കളെവീണ്ടുകൊ
ണ്ടത്രവന്നെനഹമെന്നുരചെയ്കനീ ഞാനപരാധനെവരുവൻപുരത്തി
ങ്കൽമാനമൊടെനീപിതാവിനെകാണ്കപൊയ്യചരിത്രംപ്രകാശിപ്പി
ക്കരുതെന്നുമജ്ജുനനുത്തരൻതന്നൊടുചൊല്ലിനാൻ ആയൊധനെജ
യിച്ചൊരുധനഞ്ജയനായുധംകൊണ്ടെവെച്ചുശമീകൊടരെ ഉത്തരൻ
കൌരവന്മാരെജയിച്ചിതെന്നന്തരമൂതന്മാർചെന്നുചൊല്ലീടിനാർ

മത്സ്യനും പ്രീതനായ് രാജ്യമെല്ലാം കരസ്ഥം സ്വയം ഘോഷിക്കയെന്നു നിയൊ
ഗിച്ചാൻ അക്ഷങ്ങൾ കൊണ്ടുവരിക സൈരന്ധ്രിനീ വെക്കെണമാ
ശു ചൂതെന്നിതു മത്സ്യനും കംകനോടെവം പറഞ്ഞാരനെരത്തു ശംകാ
രഹിതം പറഞ്ഞിതു ധൎമ്മജൻ ഹൃഷ്ടനായുള്ളവനൊടും കിതവനാം ദുഷ്ട
നൊടും കൂടി നന്നല്ല ദെവനം എന്നാകിൽ പണ്ടു ഞാനെംകിലുമിന്നിപ്പൊ
ൾ മന്നവ വെണമെന്നാകിൽ ഞാനൊ പൊരാം ചൂതിനു ദൊഷമൊഴി
ഞ്ഞില്ല നിൎണ്ണയം മെദിനീപാലക കെട്ടതില്ലെ ഭവാൻ സാധുവായു
ള്ളൊരു ധൎമ്മജന്മാവിനു ചൂതിനാലാപത്തു വന്നിതു മന്നവ ഇത്ഥം പറ
ഞ്ഞതു കെട്ടു വിരാടനും ബദ്ധമൊദം നാമൊതവര വെക്കെന്നാൻ മത്സ്യ
രാജാവും യുധിഷ്ഠിരൻ തന്നൊടു മത്സരമുൾക്കൊണ്ടു ചൂതു പൊരുന്നെ
രം വത്സനാമുത്തരൻ വെന്നിതെന്നെത്രയും ഉത്സവം പൂണ്ടു വിരാടൻ പ
റഞ്ഞപ്പൊൾ മന്നവൻ തന്നൊടു മന്ദസ്മിതം ചെയ്തു ധന്യനാം ധൎമ്മജ
ൻ മെല്ലവെ ചൊല്ലിനാൻ ഉത്തരനല്ല ജയിച്ചതു നിൎണ്ണയം മുത്തമയായ
ബൃഹന്നളയാകിലാം അന്യസ്തുതി കെട്ടു കൊപിച്ചു മത്സ്യനുമൊന്നെറി
ഞ്ഞാനൊരു ചൂതു കൊണ്ടന്നെരം നെററിമെൽ കൊണ്ടാശു ധൎമ്മജൻ താ
ന്നനിക്കിററിറു ചൊരവരുന്നതു പാഞ്ചാലിയുത്തരിയത്തിലങ്ങെററു കൊ
ണ്ടീടിനാൾ മത്സ്യരാജാവിന്മരണം ചെറുപ്പാനായി സന്ന്യാസിതന്നു
ടെ ചൊര വീഴുന്നെടമെന്നും മുടിഞ്ഞുപൊമെന്നു ചൊല്ലി ദ്രുതം ഉത്തരൻ
വന്നു നമസ്കരിച്ചീടിനാൻ ഉത്തമന്മാരാം ഗുരുജനപാദങ്ങൾ പാണ്ഡ
വന്മാരെന്നറിഞ്ഞിതെല്ലാവരും ഗാണ്ഡീവധന്വാവു തന്നുടെ ശൌൎയ്യവും
ഉത്തരൻ തന്റെ ഭഗിനിയായുള്ളവളൊരുത്തരതന്നെ കിരീടിക്കു നൽ
കിനാൻ പുത്രഭാൎയ്യാൎത്ഥം പരിഗ്രഹിച്ചാനവൻ മിത്ഥ്യാപവാദമുണ്ടാ
മെന്ന ശംകയാ എന്നതെല്ലാം ദൻമെ പഠിപ്പിച്ചു ഞാനതൊ ചിന്തി
ക്കിൽ മററാരുമെയറിഞ്ഞീലല്ലൊ എന്നു മഹാലൊകർ പിന്നെ പറഞ്ഞീ
ടുമെന്നെയെന്നൊൎത്തു ഭയപ്പെട്ടു ഫല്ഗുനൻ നല്ല നെരത്തു വിട്ടുന്നു പുറ
പ്പെട്ടു കല്യാണമൊടുപപ്ലവ്യനഗരത്തിൽ ചെന്നിരുന്നാത്മബന്ധു
ക്കളെ പ്പാണ്ഡവർ പിന്നെ വരുത്തി വിവാഹത്തിനക്കാലം കൃഷ്ണൻ
തിരുവടിയാദിയായുള്ളൊരു വൃഷ്ണികളൊക്കവെ വന്നാരതുകാലം ഭദ്രയാ
യൊരു സുഭദ്രയുമാശു സൌഭദ്രനായുള്ളൊരഭിമന്യു തന്നൊടും വന്നിതു
പാഞ്ചാലനൊടും ധൃഷ്ടദ്യുമ്നനെന്നിവരൊക്കവെ വന്നൊരനന്തരം ഉ
ത്തമസ്ത്രീകുലൊത്തംസരത്നാംഗിയാമുത്തരതന്നെയഭിമന്യു കൈക്കൊ
ണ്ടാൻ കല്യാണവും കഴിഞ്ഞെല്ലാവരും കൂടി ഉല്ലാസമൊടുപപ്ലവ്യന
ഗരത്തിൽ അല്പത്തിന്നജ്ഞാതവാസവും ചെയ്തു സൽസല്ലാപമൊടു സു
ഖിച്ചിതു പാണ്ഡവർ മിത്രസംപത്തിയുമൎത്ഥസംപത്തിയും പുത്രസംപ
[illegible]

who advises him not to gamble

Vir. gives Uttara Ar(?) for his son Abhimanyu

capital of Matsya

ത്തിയുമന്ന്യസമ്പത്തിയും.വദ്ധിച്ചുവദ്ധിച്ചുനദിവസംധൎമ്മ പുത്രാദിയായുള്ളപാണ്ഡുതനയന്മാർ അൎത്ഥിക്കവെണംസമയെനദായമാ മദ്ധ്യരാജ്യംധൃതരാഷ്ട്രജനൊടുനാംഎന്നാൽനമുക്കതരികയുമില്ലവൻപിന്നെ പ്രവൃത്തിയെന്തെന്നുചിന്തിക്കെണം ആപത്തിനാസ്പദമായതവിവെകമെവക്കെന്നാലിനിന്നാമിതുകാലം ആവൊളമുള്ളിൽവിചാരിക്കയുംവെണംശ്രീവാസുദെവൻതിരുവടിതന്നൊടുംഗൊവിന്ദനെന്തുതിരുമനസ്സെന്നറിഞ്ഞുവരുമൊത്തുവിചാരിക്കയുംവെണം ദ്രൊണരും ഭീഷ്മരുംശാരദ്വതൻതാനും ദ്രൊണിയുംകൎണ്ണനുംസൊമദത്താത്മജൻതാനുംജയദ്രഥൻതാനും.ത്രിഗൎത്തനും ജ്യൊതിഷ്മതീപതിയാംഭഗദത്തനുംമാതുലനായശകുനിഗാന്ധാരനും മററുംമഹാരഥന്മാരാമവരെല്ലാം ഉററബന്ധുക്കൾസുയൊധനനാകയാൽ യുദ്ധംതുടൎന്നാൽജയിപ്പാൻ പണിയുണ്ടുചിത്തത്തിലെററംവിചാരിക്കയുംവെണം ദ്രൊണരാമാചാൎയ്യൻകയ്യിൽവില്ലുള്ളപ്പൊൾപ്രാണഭയമവനില്ലെന്നുനിൎണ്ണയം അച്ഛനാംശന്തനുതന്റെവരത്തിനാൽ സ്വഛന്ദമൃത്യുവായുള്ളപിതാമഹൻ വിശ്വനാശംവരുന്നാളുംമരണമില്ലശ്വത്ഥാമാവിന്നസ്ത്രജ്ഞനാത്മനവൻമൃത്യുഭയംകൃപാചാൎയ്യനൊരുനാളു മെത്തുകയില്ലവൻബ്രഹ്മജ്ഞസത്തമൻമിത്രതനയനുംമൃത്യുഭയമില്ല വൃത്രാരിനൽകിയശക്തിയുണ്ടാകയാൽഇങ്ങിനെയുള്ളദിവ്യന്മാരെനാമിപ്പൊ ളെങ്ങിനെനിഗ്രഹിക്കുന്നുനിരൂപിച്ചാൽമല്ലാരിയാകിയമാധവനെഗതി യുള്ളുനമുക്കൊരുനല്ലതെന്നൊൎത്തുള്ളിൽഅല്ലലകന്നുതെളിഞ്ഞിതുപാണ്ഡവർ കല്യാണമുൾക്കൊണ്ടിരുന്നാരതുകാലം നല്ലകഥയിനിമെലിലെപ്പൊൾകിളിപ്പെന്നുല്ലാസമൊടിരുന്നാൾപൈങ്കിളിമകൾ. ... ... ❀

ഇതിശ്രീമഹാഭാരതെവിരാടപൎവ്വംസമാപ്തം.

ഉദ്യൊഗം

ഹരിഃ ശ്രീഗണപതയെ നമഃ അവിഘ്നമസ്തു

ഒരൊരൊ കഥകൾ നീ ചൊന്നതു കെൾക്കുന്തൊറു മാരൊമൽക്കി
ളിപ്പെണ്ണെ പാരമുണ്ടാനന്ദമൊ_ വീരന്മാരായ പാണ്ഡുജാതന്മാരെന്തു
പിന്നെ ധീരതയൊടു ചെയ്തതൊക്കനീപറയെണം_ ഒക്കവെ പറവ
തിന്നൊട്ടുമെ കാലം പൊരാ സൽകഥയെല്ലൊ യെന്നാലൊട്ടൊട്ടു പറഞ്ഞീ
ടാം_ ധർമ്മജാദികളുടെ വാർത്തകെട്ടെഴുന്നെള്ളീ നിർമ്മലൻ നിഖിലലൊ
കൈകനായകൻ കൃഷ്ണൻ കാൽത്തളിരിണയുള്ളിൽ ചെർത്തുകൊണ്ടി
രിപ്പവ ക്കാർത്തികൾ ശെഷവും തീർത്തു മംഗലം നൽകി കാത്തുകൊണ്ടുവി
രതം കാൽതളിരിണയൊടു ചെർത്തുകൊള്ളുന്നവിഷ്ണുമൂർത്തിതാൻമനുഷ്യനാ
യ്ധാത്രിതൻഭാരം തീർപ്പാൻ ധാത്രിയിൽപിറന്നവൻ നെത്രഗൊചര
നായിട്ടാസ്ഥയാ പാണ്ഡവന്മാർ പാർത്തുനിന്നെതിരെറ്റു പാദ്യവും ന
ൽകിപ്പിന്നെ ഗാത്രങ്ങൾതൊറും നന്നാശ്ലെഷത്തു സന്താപം തീർത്തു മാ
ർത്താണ്ഡൻ തന്നെക്കണ്ടപത്മങ്ങളെന്നപൊലെ പാർത്ഥന്മാരുടെ മുഖ
മെറവും തെളിഞ്ഞുതെ ശ്രൊത്രവും കുളുർത്തിതങ്ങന്യൊന്യസല്ലാപത്താ
ൽ വാസ്തവമായിട്ടുള്ള വാർത്തയും കെട്ടശെഷം പാർത്ഥന്മാർ പാഞ്ചാല
നും മത്സ്യനും മുകുന്ദനും പെർത്തുമങ്ങൊരൊ കാര്യം പാർത്തു പാർത്തെല്ലാരുമാ
യ്ലൊത്തുകല്പിച്ചാർത്തി നിപ്പാർത്തിരിയാതെ കണ്ടു പാർത്തലം തന്നിൽ നമ്മെ
ക്കുറ്റെള്ളൊരറിയെണം' ബന്ധുഭൂപാലന്മാരൊടവസ്ഥയറിയിപ്പാൻ
കുന്തീനന്ദനൻ ദൂതന്മാരെയുമയച്ചുതെ സന്തതം ചിന്തിപ്പവർ സന്താ
പം കളയുന്ന ബന്ധുവാം കൃഷ്ണൻ താനും ദ്വാരകെക്കെഴുന്നെള്ളി മാർത്താ
ണ്ഡാത്മജസുതൻ തമ്പിമാരൊടും കൂടിപ്പെർത്തു ചിന്തിച്ചനെരം തൊന്നി
തങ്ങൊരു കാര്യം "ധാർത്തരാഷ്ട്രന്മാരൊടു പൊരുതുടങ്ങുകിൽ കൃഷ്ണ മൂർത്തി
യെ നമുക്കൊരു ബന്ധുവായ്പുരിക്കെണം" ധാർത്തരാഷ്ട്രനുമൊർത്താനക്കാ
ലമിനിക്കിപ്പൊൾ പാർത്ഥന്മാരൊടു യുദ്ധം വെണ്ടുകിൽ കൃഷ്ണനതന്നെ
പാർത്തിരിയാതെ മുൻപെ ബന്ധുവായ്ക്കൊള്ളുകവെണം' പാർത്ഥിവെന്ദ്ര
ന്മാരൊത്തറിഞ്ഞു കൃഷ്ണൻ മുൻപെ ധാർത്തരാഷ്ട്രനും വന്നു പാർത്ഥനും വ

രുതിപ്പൊ ഉദ്ധവയാപെടക്കന്നെക്കൊണ്ടുപൊവതിന്നതിൽ അൎജ്ജു
നൻ വരും മുൻപെ പൊന്നീട്ടും സുയൊധനൻ ഇജ്യനത്തിന്നുകൂടിപ്പൊമെ
ന്നും വരുമെല്ലൊ ആചാരം മുൻപിൽ കഴിന്നിക്കുന്നവരൊടുകൂടി ഭൊ
ജനത്തിന്നും പ്രധാനത്വമെന്നുണ്ടെല്ലൊ ഭക്തന്മാരുടെ മുമ്പുറത്തുപൊ
കെന്നതു മെത്രയും മടിയാകുമതിന്നുണ്ടുപായവും മുൻപിലെ സുയൊധന
ൻ കണ്ടു ചൊല്ലുന്നതെന്തൊന്നും പൎത്തു കാൻ നിഗ്രാഗ്രഹം പ്രാപിച്ചാനുന്നെ
രം രാജസിംഹാസനവും തലെക്കൽ വെപ്പിച്ചുടൻ വ്യാജനിദ്രയും
പൂണ്ടുകിടന്നു ഭഗവാനും അന്നെരം നാഗധ്വജൻ വന്നു ചൊദിച്ചാ
നെല്ലൊ നിന്നൊരു കുല്ലുട്ടിത്യന്മാരൊടു കനിവൊടെ മാധവനെവിട്ടു
ത്തു ചൊല്ലുകെന്നതു നെരം നാഥനും പള്ളിക്കുറുപ്പുന്നവനരചെ
യ്യുന്നു ധാൎത്തരാഷ്ട്രൻ മഹൊന്നിദ്രവെലയൊക്കുന്നു നൊത്തിരുന്നിതു
ന്നെതൊന്നിതെന്നരചെയ്യാൻ എങ്കിലും നമുക്കു ചെല്ലുന്നതെ നന്നി
ല്ലെല്ലൊ ശങ്കിതന്നല്ലെ പൃഞാനെന്നവനകം പുക്കാൻ താനെന്ന്രെ
മുൻപിൽ വന്നതെന്നതൊ വന്നതെല്ലൊ നൂനമെന്നൊടുകൂടിപ്പൊരികെ
ന്നവൈ വരു നിദ്രാഭംഗം വരുത്തീടരുതെന്നതൊത്തു ഭദ്രമാം സിംഹാ
സനം പുക്കിരുന്നു സുയൊധനൻ അപ്പൊഴുതമരെന്ദ്രപുത്രനും വന്നാനെ
ല്ലൊ വിക്രമത്തൊടു ചൊദിച്ചീടിനാൻ പാൎത്ഥൻ താനും ഉൾപ്പുവിൽ വി
ളങ്ങുമെൻ ചില്പുമാനെങ്ങു ചൊൽവിൻ പ്ലചക്ഷണെ ഭൃത്യന്മാരവനൊ
ടു ചൊന്നാർ ലൊകനായകൻ പള്ളിക്കുറുപ്പു കൊള്ളുന്നിതു നാഗകെ
തനൻ പള്ളിയറയിലുണ്ടുതാനും എന്നതു കെട്ടു പള്ളിയറയിൽ പുക്കു പാ
ൎത്ഥൻ വന്ദിച്ചു തൃക്കാൽക്കൽ നിന്നിടിനാൻ ഭക്തിയൊടെ ജൃംഭിതഭാവ
ത്തൊടും മെല്ലവെ ഉണൎന്നിട്ടു ജംഭാരിപുത്രൻ മുഖത്തൂടനെ തൃക്കൺ പാൎത്തു
ധന്യതൊ ഭവാനൊട്ടു മുന്നമെ താനൊന്നിങ്ങു വന്നതു കൊണ്ടു ബൊധം
മറന്നെനെന്നു നാഥൻ മന്ദഹാസവും പൂണ്ടു മന്ദമായരുൾ ചെയ്യാ നി
ന്ദ്രനന്ദനൻ താനും കണ്ണുകൊണ്ടുണൎത്തിച്ചാൻ ജ്യെഷ്ഠനുമനുജനും കൂടി
യുള്ളതു നെരം ജ്യെഷ്ഠനൊടെല്ലൊ മുൻപിലരുൾ ചെയ്യെണ്ടുന്നു ഉപ
ധാനത്തിന്മെൽ മുഴങ്കൈ ഊന്നി തിരിഞ്ഞു പവിശ്യം കംവാഴും നൃപനൊ
ടരുൾചെയ്തു കഷ്ടം ഞാനിങ്ങുറങ്ങിയാലെതുമെ ഒന്നറിയുന്നില്ലൊട്ടു മുന്നമെ
ഭവാൻ വന്നിതൊ ശിവശിവ ഇഷ്ടന്മാരായുള്ള വൎക്കിണതാമെന്നങ്ങ
ല്ലൊ ളൊട്ടുമാകാത്തു ഭവാനിളകാതിരുന്നതും എത്രയുമഴകീതിന്നൊ
ത്തുവന്നതുമിന്നി സ്നിഗ്ദ്ധന്മാരായിനിങ്ങൾ തമ്മിൽ കൈപിടിക്കെണം
അന്യൊന്യമാശ്ലെഷം ചെയ്യൊന്നിച്ചു വസിക്കെണമെന്നെല്ലാം നി
നച്ചില്ലിനിങ്ങളൊന്നിച്ചു വന്നു ഒന്നമെ അറിയാതെ ചൊന്നതെന്തെന്നു ഭൊ
ഷിച്ചന്നെരം ധൃതരാഷ്ട്രനന്ദനനരുൾ ചെയ്യാൻ വന്നിതുപെടക്കപ്പെട്ടു

ന്നമെന്നതിനിപ്പൊഴെന്നൊടുകൂടപ്പൊന്നമതിയാവിരുണ്ടാനൊ മു
ന്നെവന്നിരിക്കുന്നിതെന്നുകെട്ടുനാഥൻ എന്നൊകല്പിച്ചുതെ കില
ങ്ങിനെയാകവെണ്ടു എന്നതുംചെയ്തശെഷംപിന്നെയുമൊന്നുചൊ
ന്നാൻ മുന്നംഞാൻകണ്ടുപാൎത്ഥൻതന്നെയെന്നറിയെന്നം മുന്നെവ
ന്നതുംഭവാനെന്നതുംന്യായമെല്ലൊ എന്നതുകൊണ്ടുമൊരുഭെദമില്ലി
നിക്കെന്നും മന്നവന്മാരെന്തൊരുണ്ടൊന്നുചൊല്ലുന്നതിപ്പൊൾ മത്സ
രാദികളിനിക്കില്ലെന്നൊന്നുസിദ്ധമെല്ലൊ മത്സമന്മാരാംനാരായണ
ഗൊപാലന്മാരുംസെനാനിസമനായസെനാനിഭൊജൻതാനുംസെ
നയുമൊരുത്തനുംഞാനെകനൊരുത്തനും എല്ലാരുംമൊക്ഷംനിങ്ങളി
നിക്കുറുപന്മാരെ നല്പതുവരുവാനെതാല്പരിയവുമുള്ള വല്ലവരൊടും
കൂടിപൊരാമെന്നിരിക്കിലും വല്ലഭമൊടുയുദ്ധംചെയ്യുന്നൊന്നില്ലതാനും
ചൊല്ലുവാനസംഭവ്യമായുള്ളൊരുപടയുള്ള തെല്ലാരുംപൊരുമവരൊൻ
ത്തരൊടുംകൂടി അൻപൊടുരണ്ടുജനമൊരിക്കൽവരിക്കുംപൊൾ മുൻ
പിനാലിളയവൻവെണമെന്നുണ്ടുഞായം കല്യാണാലയനായകാൻ
ന്യൂനമെന്നിതന്നെ കല്യാണംവരുമാറുകൈക്കൊണ്ടുധനഞ്ജയൻ മല്ലാ
രിനിരായുധനെന്നൊത്തുസുയൊധനൻചൊല്ലിനാനെങ്കിൽപടയെ
ല്ലാമിങ്ങിനിക്കെന്നും വല്ലവത്തരുണിമാർവല്ലഭൻചിരിച്ചുടൻ നല്ല
സാമൎത്ഥ്യമിതുചൊല്ലിയപൊലെയെന്നാൻ ജിഷ്ണുനന്ദനനായജിഷ്ണു Kr. goes with Arj.
വിനൊടുംകൂടി വിഷ്ണുകൈവല്യമൂൎത്തിവൃഷ്ണികൾകുലജാതൻ കൃഷ്ണനു
മെഴുന്നെള്ളി ധൎമ്മജൻതന്നെക്കണ്ടു കൃഷ്ണയുംപാഞ്ചാലരുമതിനാലാന
ന്ദിച്ചാർ ഗാന്ധാരീതനയരുംദൂതരെയയച്ചിതു ബാന്ധവരെയുമുൾ
ന്നവർനാടുതൊറും ധൎമ്മജാദികൾക്കെല്ലാമമ്മാമനായശല്യർ ധൎമ്മ Salya du…
ത്തിൽപിഴയാത്താന്തരമല്ലെങ്കിലുംസമ്മതമില്ലാതൊരുപന്നഗധ്വജ for Suy…
നൊടു സമ്മാനംവാങ്ങുകയാൽനൂറുപെർകൂട്ടത്തിലാസ്സല്യരുംധൎമ്മാ
ത്മജൻതന്നെക്കണ്ടുരചെയ്തു വല്ലാതെവൈരികൾക്കബന്ധുവായ്മ
ണ്ടുഞാൻ ചൊല്ലിക്കൊള്ളുകവരംവെണ്ടുന്നതിനിയെന്നാൽ ചൊ
ല്ലിനാൻമാദ്രെശനൊടന്നെരംധൎമ്മാത്മജൻ ഇല്ലൊരുഭെദമിനിക്കൊ
ന്നിനുമെന്നാകിലും ചൊല്ലെഴുംകൎണ്ണൻവന്നുപാൎത്ഥനൊടെതിൎക്കുംപൊ
ൾ തെർവിടുന്നാകിൽഭവാൻകൎണ്ണനെപ്പഴിച്ചുടൻ നാവൊളംപറയെ
ണമെന്നതെവെണ്ടതുള്ളുഎങ്കിലങ്ങിനെതന്നെയെന്നുരചെയ്തുശല്യർ
തൻകഴൽകൂപ്പിയാത്രയയച്ചുധൎമ്മാത്മജൻ - വിപ്രമാമുനിവെദവ്യാ
സനുമെഴുന്നള്ളിവിഭ്രമംപൊവാൻഭീഷ്മരാദികൾക്കെൾക്കച്ചൊന്നാ
ൻ അനൎത്ഥംകളവാനാസ്ഥിനപ്പിനെല്ലാവരും മനക്കാമ്പതിലിപ്പൊ
[illegible] ധൎമ്മിഷ്ഠന്മാരായധൎമ്മജാദികൾ [illegible]

Vyasa tries to intercede

സമ്മാനിച്ചവർനാട്ടുപാതിയുംകൊടുക്കിലെ നന്മവന്നീടുനാശംവന്നി
ടുമല്ലയായ്കിലുമൂലനാശംവരുംധാൎത്തരാഷ്ട്രന്മാൎക്കെല്ലാം" ഇത്ഥംവ്യാസൊ
ക്തികെട്ടുധൃഷ്ടനാംധൃതരാഷ്ട്രപുത്രനുമദ്ധരാജ്യം കൊടുക്കയില്ലയെന്നാ
ൻ എന്നതുകെട്ടുമുനിശ്രെഷ്ഠനുമെഴുന്നെള്ളി "വന്നീടുമെത്രെകൎമ്മഫല
മെ"ന്നുരെക്കയാൽ_ അക്കാലംദ്രുപദൊപാദ്ധ്യായനുമജാതശത്രുക്ഷിതി
ശാജ്ഞയാലെഹസ്തിനപുരംപുക്കാൻ മുഖ്യഭെദൊക്തിധൃതരാഷ്ട്രൻതാ
നറിഞ്ഞിട്ടു ധിക്കാരത്തൊടുപറഞ്ഞയച്ചോരനന്തരം പാഞ്ചാലപുരൊ
ഹിതൻപാണ്ഡവന്മാരൊടങ്ങുവാഞ്ഛിതങ്ങളുംവൃത്താന്തങ്ങളുമറിയി
ച്ചാൻ "വിപ്രരെയവമാനംതുടങ്ങിഭൂപാലനു മപ്പൊഴുതധഃപതന
ത്തിനുകാലംവന്നു പാൎത്തിരിയാതെപടക്കൂട്ടുകവെണ്ടുതവ കീൎത്തിയും
ജയവുമുണ്ടായ്വരും നാട്ടുംകിട്ടും" സുജ്ഞാനമുള്ളിലെറുംയജ്ഞസെനൊപാ
ദ്ധ്യായൻ വിജ്ഞാനിനൃപൻതന്നൊടജ്ഞാനരഹിതമാം വാക്കുകളു
രുൾ ചെയ്തുകാലദെശാവസരയുംഭാഗ്യകാലവുംജയലഗ്നവുമരുൾചെ

Dhritar. sends Sanj. to treat with Yudh.

യ്താൻ_ സഞ്ജയൻതന്നൊടപ്പൊളംബികാസുതൻചൊന്നാ നഞ്ജ
സാചെന്നു ധൎമ്മനന്ദനനൊടുചൊൽനീ സൽഗുണനിധെ" സൂത
തൽഗുണംപ്രശംസിച്ചു നിൎഗ്ഗുണത്തിംകലാക്കിരാജ്യംനീനീർകൊള്ളെ
ണം പൊരിനുതുടങ്ങാതെപൊയ്വനവാസംചെയ്തു പാരാതെഗതിവ
രുത്തീടുകയിനിനല്ല ആചാൎയ്യഭ്രതന്മാരിലാധികളുണ്ടാംവണ്ണ മാചാര
മുള്ളജനംവൎത്തിക്കുമാറില്ലെല്ലൊ എന്നുചൊല്ലെ"ന്നുകെട്ടുസഞ്ജയൻപു
റപ്പെട്ടു മന്നവൻധൎമ്മാത്മജൻതന്നെയുംവന്നുകണ്ടു_ പാൎത്ഥിവനതു
നെരംസഞ്ജയനൊടുചൊന്നാൻ "വാൎത്തകളെന്തൊന്നുള്ളുവാസ്തവം
പറകെടൊ അംബികാതനയനുസൌഖ്യമൊഗാന്ധാരിക്കുംനന്മൊ
ഭീഷ്മദ്രൊണവിദുരാദികൾക്കെല്ലാം" എന്തെല്ലാംചൊല്ലിവിട്ടതെന്നെ
ല്ലാംചൊദിച്ചപ്പൊൾ കുന്തീനന്ദനനൊടുസഞ്ജയൻതാനുംചൊന്നാ
ൻ "സ്വൈരമായ്വസിക്കുന്നിതെല്ലാരുമിനിമെലിൽ സ്വൈരമായ്വരുവ
തിന്നാഗ്രഹമുണ്ടുതാനും" സൂരികൾമുൻപനായസൂതൻചൊന്നതു കെ
ട്ടു സൂൎയ്യജതനയനാംഭൂപനുമരുൾചെയ്തു "സ്വൈരമെൻജനകനുഞാൻ
തന്നെവരുത്തെണം സ്വൈരക്കെടുണ്ടിങ്ങതിനെന്തായ്ക്കനിമിത്തമാ
യ്സന്ന്യസിക്കെണംഞങ്ങളെംകിലെസുഖംവരു മന്നവനുള്ളിലെന്നു
ഞാനറിഞ്ഞിരിക്കുന്നു എന്നതുചൊൽവാനല്ലിവന്നിതുഭവാനിപ്പൊ
ൾ മന്നവൻനിയൊഗത്താലെന്നുശംകിക്കുന്നെൻഞാൻവൈഷമ്യ
മതിനുണ്ടുരാജസൂയംചെയ്യുന്നഞാൻദൊഷമുണ്ടഗ്നിത്യാഗംചെയ്യൊല്ല

Yudh. declares peace to be impossible

മെന്നുകെൾപ്പുഎന്നാലുംഞാനൊചെയ്യാംസന്ന്യാസമെന്നാകിലും പി
ന്നെയുംവൈഷമ്യമുണ്ടെന്തതെന്നുരചെയ്യാം. ഞാൻതന്നെസന്ന്യസി

ച്ചാൽതാതനുപൊറയെല്ലൊകൌന്തെയൻഭീമൻകൂടെസന്ന്യസിക്കിലെ
പൊറു എന്നതിന്നഷ്ടഗ്രാസി സന്ന്യാസിഭീമസെന നിന്നുള്ളജന
ങ്ങളിലെചത്രയുംബെഹുഭൊക്താ ഇന്ദ്രപുത്രാദികളുമിന്ദ്രിയവശഗന്മാർ
എന്നതിൽപാരമുണ്ടുപിന്നെയുമൊരുഭെദം ഗ്രുദ്ധനാംവിദുരനുംകൂടസ്സ
ന്ന്യസിക്കെണം രൌദ്രകമ്മങ്ങളിത്ഥംചെയ്കിലുംമരിചനാ എന്നിവനി
ശ്രുപിച്ചുഞാനിവചെയ്യായിന്നു പിന്നെയുംചൊല്ലെന്തൊന്നുചൊല്ലി
വിട്ടതുതാതൻ" ചൊല്ലിവിട്ടവസ്ഥകളെല്ലാമെകൾക്കയെംകിൽ ന
ല്ലതുനിങ്ങൾക്കിന്നും കാനനവാസംതന്നെ പാതകഘരങ്ങളാംതിത്ഥ
ങ്ങളാടിക്കൊൾക പാതിനാടിനിക്കിട്ടുമെന്നതുമൊഹിക്കെണ്ട". സ
ഞ്ജയൻപറഞ്ഞതുകെട്ടുധമ്മജൻചൊന്നാൻ "മഞ്ജുളമായവാക്കുകെട്ടു
ള്ളിൽസുഖംവന്നു അദ്ധ്വരാജ്യത്തിൽകൊതിയില്ലിനി കൊന്നുകൊ
ണ്ടുംയുദ്ധംചെയ്യൊരുപുറമൊട്ടങ്ങിച്ചിക്ഷിച്ചവർ പാരിതുപരിപാലി
ച്ചിടുംകെന്നതെവരുപാരാതെയങ്ങുചെന്നുസഞ്ജയപറഞ്ഞാലു." ധമ്മജ
ൻപറഞ്ഞതുകെട്ടുസഞ്ജയൻചൊന്നാൻ "നന്മവന്നിടുംനാളെനല്ലതു
തൊന്നിക്കൂട്ടു ധാത്തരാഷ്ട്രതംഭീഷ്മദ്രൊണകണ്ണാദികളും പൊത്തലവ
ന്മാരായമറ്റുള്ളബന്ധുക്കളും ഒക്കെമരിച്ചുനീനാട്ടുവാണിരിക്കുന്നാകു
ൾക്കാംപിലുള്ളസുഖമെന്തൊന്നുപറഞ്ഞാലും ചിന്തിക്കരാജ്യംലഭിച്ചി
ടിനാലുള്ളഫലം ബന്ധുക്കളുടെസൌഖ്യംവന്നുകൂട്ടുകയത്രെ പിന്നെ
യുംജരാനരശൊകങ്ങൾവന്നുവന്നു മന്നവമരിച്ചുപൊകെന്നിമറെറ
ന്തൊന്നുള്ളു" ധമ്മജനതുകെട്ടുമന്ദഹാസവുംപൂണ്ടു സന്മാഗ്ഗമറിഞ്ഞൊരു
സഞ്ജയനൊടു ചൊന്നാൻപാടവംപാരമുണ്ടുവാക്കിനുനിനക്കെടൊമൂ
ഢൻഞാൻ വക്രൊക്തികളറിയപ്പൊകായ്കിലുംവെളിയിൽപറഞ്ഞൊരു
നിമ്മലവാക്കതന്റെഉള്ളിൽനീസംഗ്രഹിച്ചൊരത്ഥമൊട്ടറിഞ്ഞു ഞാൻ
കെൾക്കസഞ്ജയഎങ്കിലുക്കളുഭീഷ്മാദികൾ പൊക്കളുംതന്നിൽവീ
ണുമരിക്കുംമടിയാതെ അന്ധനാംനരപതിനന്ദനൻതനിക്കുള്ളിലന്ധ
കാരങ്ങളെത്തുംപൊയതില്ലെന്നുവന്നു ദെവകീദെവിപെററദെവകൾ
ദെവൻവാസുദെവനാംകൃഷ്ണൻതുണയുണ്ടിനിക്കറിഞ്ഞാലും" അന്നെ
രംമുകുന്ദനുംസഞ്ജയനൊടുചൊന്നാനന്നന്നുകൂട്ടംകൂടീട്ടെന്തൊരുകായ്യമി
തിൽ ഞാൻതുണെപാണ്ഡവന്മാൎക്കുണ്ടിങ്ങുനാശംതീപ്പാൻ ഗാന്ധാ
രീസുതന്മാരുംബന്ധുവഗ്ഗവുമെല്ലാംകാലന്റെപുരിപുക്കകളിച്ചുവസി
ച്ചിടും കാലംവൈകാതെചെന്നുസഞ്ജയപറഞ്ഞാലും." ചൊല്ലുവനെ
ല്ലാമെംകിൽപൊകുന്നെനിനിയെന്നു" മെല്ലവെയാത്രചൊല്ലിനടന്നാ
നവൻതാനും സഞ്ജയൻനൃപനൊടുനാളെഞാൻചൊൽവനെല്ലൊ
കഞ്ജലൊചനനരുൾചെയ്തതു" എന്നാനവൻചിന്തിച്ചുധൃതരാഷ്ട്രർവി

Vidur. preaching to Dhrit. (till 256)

ദരൻതന്നെനൊക്കി വെന്തുതകന്നുചിത്തംനിദ്രയില്ലെന്നുമെന്നാൻ നല്ലതുചൊല്ലിടെണംനിന്നുടെവാക്കകെട്ടാ ലല്ലലുണ്ടാകയില്ലചിന്ത യുമില്ലാതെയാം നിദ്രയില്ലായ്കകൊണ്ടുസങ്കടംപാരമുണ്ടു ഭദ്രമെന്തതി നെന്നുചിന്തിച്ചുചൊല്ലെണം നീവിദുരരതുകെട്ടുമനസിനിരൂപിച്ചു മതിമാനായനരപതിയൊടുര ചെയ്തുബലവാ ൻതന്നാലഭിയുക്ത നായ്മന്ത്രാരു ബലഹീനനുംവൃത്തിസാധനവിഹീനനും ഹൃതദ ല്യനുമതികാമിക്കുംതസ്കരനും ക്ഷിതിനായകനിദ്രയില്ലെന്നുകെൾപ്പു ഞാനൊ ഇങ്ങിനെയുള്ളദൊഷമൊന്നുമില്ലല്ലൊഭവാ നെങ്ങിനെ പിന്നെപ്രജാഗരത്തിന്നവകാശം പരദ്രവ്യത്തെതനിക്കടക്കിക്കൊ ൾവാനുള്ളിൽ പെരുത്തമൊഹമുണ്ടൊസ്സരികകൊണ്ടെല്ലല്ലിവിശപ്തത്തെ യടക്കി രക്ഷിച്ചുവാണിടുവാനാ യ്സ്ലിഷ്ടതരരാജലക്ഷണസമ്പ ന്നനാം ധർമ്മനന്ദനനൊടുനീയുംനിൻപുത്രന്മാരും നിർമ്മൂലംവിപരീ തമായതുനിരൂപിച്ചാൽഭാഗ്യമില്ലായ്കതവകെവലമതുമിഹ യൊഗ്യ മെന്നറിവുള്ളൊർക്കുമെതൊന്നിലെല്ലൊ താതനെന്നൊരുഭക്തിബ ഹുമാനസ്നെഹങ്ങൾചെതസിസദാകാലമുണ്ടാകുമിനിത്തമായെന്തെ ല്ലാംദുഃഖമനുഭവിച്ചിടുന്നുനിത്യം കുന്തിനന്ദനനായധർമ്മജൻഗുരുദ ക്തൻജ്ഞാനവുംതിതിക്ഷയുംധർമ്മവുംവാക്ശാന്തിയും ദാനവുമിത്യാദിക ളാകിയഗുണമൊന്നു മില്ലാതസുയൊധനകർണ്ണസൌബലാദികൾ ക്കെല്ലൊനീരാജ്യൈശ്വര്യംകൊടുത്തുഭൊഗക്ഷിതാ യൊരുവംശത്തി ങ്കൽനിന്നുണ്ടായജനങ്ങളിൽ പെരികഗുണവാന്മാർചിലർദുഷ്ടന്മാ ർചിലർഎന്നുണ്ടാവരുന്നതെന്നൊക്കെ ഭവാനതിനൊന്നുണ്ടുപ റയുന്നൊനതിനുപമയാ ത്തക്ഷാമാർവനദ്രുമിചെന്നുടൻനൊക്കി യൊരു വൃക്ഷത്തെവെട്ടിക്കുറച്ചതിനെക്കൊണ്ടുതന്നെ കട്ടൊട്ടംമര ക്കൊട്ടതൊണിയുമുലക്കയുമൊട്ടെടംകൊണ്ടുയാഗപാത്രങ്ങളായ്ചമിടും സ്രുവവുംജുഹുവു മിത്യാദികൾപണിചെയ്യുന്നവരശിപാമണെകെ ട്ടാലതുപൊലെഒരുവൻതന്റെപുത്രന്മാരായിട്ടുണ്ടാവുന്നപുരുഷന്മാ രുംപരമിലണ്ണമറികനീ ആത്യർത്ഥംപ്രശസ്തങ്ങളായവസെവിച്ചിടും നിത്യവുംനിന്ദിതങ്ങളെയവവർജ്ജിച്ചിടും അശ്രദ്ധാനനല്ലനാസ്തിക തവ്യമില്ലവിദ്വാനാകുന്നതവൻപണ്ഡിതശ്രെഷ്ഠനെല്ലൊ_ ക്രൊധ ദർപ്പാദിഹർഷസ്തംഭലജ്ജാദികളാ ലെതുമെവിഘ്നംകാര്യസാദ്ധ്യത്തിനു ണ്ടാകാതെ സ്വച്ഛമാമാത്മാവൊടുമാന്യമാനിതംകൊണ്ടുനിശ്ചലനാ കുന്നവൻപണ്ഡിതശ്രെഷ്ഠനെല്ലൊ_ശീതൊഷ്ണഭയരതിസമൃദ്ധിദാരി ദ്ര്യാദിഹെതുനാകൃത്യത്തിനുവിഘ്നംവരുത്താതെനിത്യവുംകർത്തവ്യാ നുഷ്ഠാനംചെയ്യുന്നവൻവിദ്വാനെത്രയുമവൻ പണ്ഡിതശ്രെഷ്ഠൻ

നെല്ലൊനഷ്ടമായതുചിന്തിച്ചുതുമെദുംഖിയാതെ ഇഷ്ടനായപ്രാപ്യ
മായുള്ളതുകാമിയാതെയുംആപത്തുവരുംകാലമെല്ലുമെമൊഹിയാതെ ആ
പത്തെത്യജിപ്പവൻ പണ്ഡിതശ്രെഷ്ഠനെല്ലൊകാലത്തെനിരൂപിച്ചു
കല്പിച്ചുനിശ്ചയിച്ചൊ രാലസ്യംമദ്ധ്യെഉടന്നീടാതെകർമ്മംചെയ്തു കാ
ലപൂർവമവന്ധ്യമാക്കിക്കൊണ്ടുവശ്യാത്മാവാ യ്ലാലിച്ചുപുരുഷാർത്ഥംപാ
ണീടുന്നവൻവിദ്വാൻ_ അന്യായകർമ്മംപാപാമനസാചെയ്യാതെക
ണ്ടന്ന്യെഷാംഹിതത്തിങ്കലീർഷ്യയുമുണ്ടാകാതെ ആർയ്യകർമ്മണാരംഭി
ച്ചേറിയസൽക്കർമ്മണാ ധീരനായിരിപ്പവൻ പണ്ഡിതശ്രെഷ്ഠനെ
ല്ലൊ സമ്മാനത്തിങ്കലുള്ളിൽസമ്മൊദമുണ്ടാകാതെ നിർമ്മൂലമവമാ
നത്തിംകലുംപെടിയാതെ അക്ഷൊഭ്യനായിഗംഗതന്നിലെഹ്രദംപൊ
ലെ രക്ഷിച്ചുധർമ്മത്തെയും പാണീടുന്നവൻവിദ്വാൻ സംപ്രവൃ
ത്താക്ഷിമാനായിചിത്രകഥനമാ യ്സംപ്രതിഭാനവാനാ യ്ഊഹൊ
ക്തിവക്താവുമാ യ്ഊഹാപൊഹാദികളിൽ ചതുരഹൃദയനാ യ്ഗ്രാഹ
ത്യത്തൊടുപാണീടുന്നവൻ മഹാവിദ്വാൻ സകലഭൂതങ്ങൾക്കു
ത്രയുംമനൊജ്ഞനാ യ്സകലകർമ്മങ്ങൾക്കുമുചിതയൊഗജ്ഞനായ്സകലപു
രുഷരിൽവെച്ചുപായജ്ഞനുമാ യ്സകലവിജ്ഞാനിയായുള്ളവൻമഹാ
വിദ്വാൻ പ്രാജ്ഞനുഗതമായപരിശ്രുതമുണ്ടുപിന്നെ പ്രജ്ഞയുംശ്രു
താനുഗയാംപന്നുണ്ടുതാനും അസംഭിന്നാര്യജനമർയ്യാദയൊടുംനിത്യ
മസന്ദിശ്ധാത്മാവായുള്ളവനും മഹാവിദ്വാൻ_ അർത്ഥമാകിലുംപെലാ
ലെശചയ്യമെന്നാകിലും വിദ്യയാകിലുംതനിക്കേറിയൊന്നുണ്ടായ്വ
ന്നാൽഎത്രയും വിനീതനായസമൃദ്ധനായ വിദ്വാനുസമനായിട്ടി
ല്ലവിദ്വാന്മാരാരും_ അശ്രാന്തംദരിദ്രനായുള്ളവൻമഹാമന സ്സുശ്രുത
നായുള്ളവനത്യർത്ഥംസമൃദ്ധൻ അർത്ഥാശപാരംപ്രവൃദ്ധിക്കയില്ലെ
ത്തുംതാനുമെത്രയും മൂഢനവനെന്നെല്ലൊബുധമതം അർത്ഥത്തെതനിക്കു
ള്ളതഴിച്ചുപരാർത്ഥമാ യ്മിത്രാർത്ഥമിത്ഥ്യാചാരംചെയ്തീടുന്നവൻമൂഢൻ_
തന്നെകാമിച്ചീടാതനാരിയെകാമിക്കയും തന്നെകാമിച്ചവളെതാൻ
പരിത്യജിക്കയുംതന്നെക്കാൾബെലവാനൊടെറമത്സരിക്കയുംതന്നെതാ
നറിയാതെചെയ്തീടുന്നവൻമൂഢൻ_ മിത്രത്തെദ്വെഷിപ്പാനായമിത്ര
മിത്രമാക്കിപ്രത്യഹംദുഷ്ടകർമ്മംചെയ്തീടുന്നവൻമൂഢൻ ഉൾപ്പൂവിൽ
കൃത്യങ്ങളെസ്സംശയിച്ചുനമിനംക്ഷിപ്രാർത്ഥംകർമ്മംചിരാൽചെയ്തീടുന്ന
വൻമൂഢൻ_ അന്യമന്ദിരത്തിങ്കൽചൊല്ലാതെചെല്ലുകയും തന്നൊടു
ചൊദിയാതെതാനെറപറെകയും ഉദ്ധതനായുള്ളവൻതന്നാവിശ്വ
സിക്കയുംബദ്ധമൊദേനചെയ്തീടുന്നവൻമഹാമൂഢൻ_ അന്യദൊഷ
ങ്ങൾപറഞ്ഞെറവുമാക്ഷെപിക്കുംതന്നുടെപാത്ഥമാനമല്ലുന്നും തന്നെ

താനുംപിന്നെത്താനൊരുവനമീശനല്ലാതെയുള്ളൊന്നാഹംകൊപ
ക്കയുംചെയ്തീടുന്നവൻമൂഢൻ — തന്നുടെബലമറിയാതെധൎമ്മാൎത്ഥം
വിനാതന്നാൽസാദ്ധ്യവുമല്ലയാതകൎമ്മങ്ങൾചെയ്യാൻ അന്നന്നുതുട
ങ്ങിയുമന്നന്നുമുടങ്ങിയും പിന്നെയുമതിന്നാരംഭിച്ചീടുന്നവൻമൂഢൻ
ശിഷ്യനല്ലാതവനെവെറുതെശാസിക്കയും നിസ്വനായുള്ളവനെനി
യതംസെവിക്കയുംദുഷ്ടനെഭജിക്കയുംശിഷ്ടനെനിന്ദിക്കയുംകഷ്ടമൊ
ന്നൊളമവനെത്രയുംമഹാമൂഢൻ — സംപന്നമാകുംവണ്ണംതനിക്കഭു
ജിക്കെണംശുഭമന്ദിരത്തിങ്കൽവാസവുംചെയ്തീടെണം തന്നുടെപുത്ര
മിത്രകളത്രഭൃത്യാദികൾ ക്കെന്നുമെപൊറുതിക്കകൊടുക്കയില്ലതാനും അ
ങ്ങിനെയുള്ളനരൻതന്നൊളംദുഷ്ടനായി ട്ടെങ്ങുമെനിരൂപിച്ചാലാരു
മില്ലറിഞ്ഞാലുംഒരുത്തൻ പാപകൎമ്മംചെയ്തീടിലതിൻഫലം പരക്കെ
യുള്ളമഹാജനങ്ങൾക്കൊക്കെത്തട്ടും കാലന്താനമൊചിച്ചീടുമാപത്തു
മറ്റുള്ളൊൎക്കും മെലിൽതാൻതന്നെയനുഭവിക്കും ചിരകാലംവൈഗന
വില്ലാളിയാൽമുക്തമാസ്ത്രംപൊല്ലെ ന്നെകനെവധിക്കിലുമാംവധി
യായ്കിലുമാം തന്റെയാത്മാവിനെരാജാവുമൊചിക്കിലൊന്നിന്നു
യം സരാജകംനശിക്കുംരാജ്യമെല്ലാം — ഒന്നുകൊണ്ടറിയെണംരണ്ടി
ന്റെബലാബലം പിന്നെമൂന്നിനെനാലാൽവശത്തുവരുത്തെണം
അഞ്ചിനെജ്ജയിച്ചുള്ളിലാറിനെയറിഞ്ഞിട്ടു വഞ്ചനാദികളെല്ലാംവെ
ടിഞ്ഞുവഴിപൊലെ ഏഴിനെയുപെക്ഷിച്ചുസൌഖ്യത്തെലഭിക്കെണം
കെളിയെറീടുംനൃപന്മാരായാലവനിയിൽ ഏകനെഹനിച്ചീടുമത്രെകാ
കൊളരസമെകനെത്തന്നെയൊരുശസ്ത്രവുംഹനിച്ചീടുംഅന്തരമെത്തുമി
ല്ലസപ്രജംസരാഷ്ട്രകംമന്ത്രവിസ്രവംരാജാവിനെയുംഹനിച്ചീടും ഏ
കനായതിസ്വാദു ഭുജിച്ചീടരുതെല്ലൊ യെകനായ്ചിന്തിച്ചുകല്പിക്കരു
തൊരുകാൎയ്യംഏകനായെല്ലരുവഴിപൊകയുമരുതെല്ലൊ ഏകവെശ്മനി
പലരുംകിടന്നുറങ്ങുംപൊൾ ഏകനായുണൎന്നിരുന്നീടരുതു
കെളെകമിന്നിയുമുണ്ടു ഭൂപാലശിഖാമണെ ഏകമെയുള്ളുപിന്നെര
ണ്ടാമതില്ലചൊൽവാൻനാകലൊകത്തിന്നു സൊപാനമാസ്സരപതെ
സത്യമായുള്ളവസ്തുതരണിപൊലെപുന രബ്ധിക്കുമതിമതാംപ്രവരക
രുപതെഏകമെദൊഷമുള്ളുസന്തതംക്ഷമാവതാം ലൊകരുമശക്തരെ
ന്നാക്കുവൊരൊട്ടുചൊന്നാൽഏകമാം ധൎമ്മംപരംശ്രെയസ്സാകുന്നതൊ
ൎത്താലെകൈവക്ഷമാശാന്തിയായതെന്നുതന്നും ഏകൈവവിദ്യാ
പരാതുഷ്ടിയെന്നറിയെണമെ കൈവമഹിംസാസതതംനിജസുഖാ
വഹാരണ്ടുകൎമ്മങ്ങൾചെയ്തുകൊണ്ടിഹലൊകത്തിങ്കൽകണ്ടവർകൊ
ണ്ടാടുവാൻകാരണം മഹീപതെ പരുഷവാക്കുപറയായ്കയും ദുഷ്ടന്മാ

രൊടെറച്ചെന്നൊന്നമൎത്ഥിച്ചീടാതെകഴിക്കയും രണ്ടുജാതികൾപര
പ്രത്യയകാരികളായുണ്ടവരണ്ടുംകെട്ടുകൊള്ളുകനരപതെചെൽക്കണ്ണാ
രെല്ലാമൊക്കക്കാമിതകാമിനിമാർ മൂക്കന്മാരെല്ലാമൊക്കപ്പൂജിതപൂജ
കന്മാർ രണ്ടുണ്ടുശരീരങ്ങളെശ്ശോഷിപ്പിച്ചീടുവാനായുണ്ടകജാതികൾ
കേൾക്കെന്നമൊനരപതെ നിൎദ്ധനൻകാമിക്കയുമസ്വാമികൊപി
ക്കയും പൃഥ്വീന്ദ്രചൊല്ലീടുവൻകേൾക്കെണമെങ്കിലിന്നും രണ്ടുപെ
രുണ്ടല്ലൊസ്വൎഗ്ഗത്തിനുമീതെലൊകെ കുഞ്ജതനിക്കിസ്സുഖിച്ചീടുന്നു
സദാകാലം പ്രഭുവാകിലുംക്ഷമാപരനായിരിപ്പൊനും വിഭവഹീന
ൻദാനശീലനായിരിപ്പൊനും അൎത്ഥത്തിന്നതിക്രമമായിട്ടുരണ്ടുണ്ട
ല്ലൊ നിത്യന്യായാൎജ്ജിതമാംദ്രവ്യമെന്നിരിക്കിലുംപ്രതിപത്തിയുമപാ
ത്രത്തിങ്കലപാത്രത്തിങ്കലതിനെപ്പൊലെപുനഃപ്രതിപാദനവുംമൂ
ന്നുപെരധമന്മാരാകുന്നിതവനിയിൽമൂന്നുപെരയുമഥവെവ്വെറെചൊ
ല്ലാമെല്ലൊ ഭൃത്യനില്ലാതവനുംപത്നിയില്ലാതവനുംപുത്രനില്ലാതവനു
മെത്രയുംദരിദ്രന്മാർ നാലുണ്ടുരാജാവിനാൽവൎജ്ജ്യങ്ങളായിട്ടവ നാ
ലുംപണ്ഡിതന്മാരായുള്ളവരറിഞ്ഞീടും അല്പപ്രജ്ഞന്മാരൊടുംദീൎഘസൂ
ത്രന്മാരൊടു മെപ്പൊഴമലസന്മാരൊടുംചാരണരൊടും കൂടിരാജാവുകാ
ൎയ്യമന്ത്രത്തെച്ചെയ്യീടരുതാതാടൽപൂണ്ടുഴന്നീടുമാറുവന്നീടുമെന്നാൽ നാ
ലുപെരെയുംശ്രീമാനെങ്കിലൊഗൃഹസ്ഥൻതാ നാലയത്തിങ്കൽകൂട
വെച്ചുപാലിച്ചീടെണംജ്ഞാതിയാമവനതിശ്രാന്തനായ്വരികിലുംനീതി
മാൻകുലശ്രെഷ്ഠൻനിസ്വനായ്വരികിലും പുത്രനില്ലെങ്കിൽസ്വസാ
വിനെയുംനിജസഖി യത്യൎത്ഥംദരിദ്രനായ്വരികിലവനെയും പണ്ടു
ദെവെന്ദ്രനൊടാചാൎയ്യനാംബൃഹസ്പതിയുണ്ടുനാലുപദെശംചെയ്തിട്ടി
ന്നതുംചൊല്ലാം ദെവതാസങ്കല്പവുംബുദ്ധിമാന്മാരിലനുഭാവവുംവി
ദ്വാന്മാരൊടെറ്റവുംവിനയവും പാപകൎമ്മണാംവിനാശത്തെയുമിവ
നാലും താപത്തെയന്നെയാതെകളഞ്ഞീടുവാനുള്ള അഞ്ചുണ്ടുരക്ഷിക്കെ
ണ്ടുമഗ്നികൾഗൃഹസ്ഥന തഞ്ചുംവെവ്വെറെകെട്ടുകൊള്ളുകധരാപതെ
താതനുംജനനിയുമാത്മാവുമഗ്നിതാനും പ്രീതനാമാചാൎയ്യനുമഞ്ചിതെ
ന്നറിഞ്ഞാലും അഞ്ചുപെരയുംപൂജിച്ചീടിനപുരുഷനാൽ സഞ്ചിതംയ
ശസ്സെന്നതറികധാത്രീപതെ ഭൃത്യന്മാർസന്ന്യാസികൾദെവകൾപിതൃ
ക്കളും നിത്യമാഗമിച്ചീടുമതിഥിജനങ്ങളും ദൊഷങ്ങളാറുണ്ടകലെക്ക
ളയെണ്ടുന്നവ ദൊഷങ്ങളൊത്തമഭൂമിപാലകകെട്ടീടെണം നിദ്രയുംത
ന്ദ്രീഭയംക്രൊധവുമാലസ്യവും പ്രത്യഹംദീൎഘസൂത്രതയെയുംത്യ
ജിക്കെണം ബുദ്ധിമാനിവയാറുപെരയുമുപെക്ഷിക്കും അബ്ധിയിൽ
സംഭിന്നയാംതനിയെപ്പൊലെതന്നെ അപ്രവക്താവാമാചാൎയ്യനെ

യുംസദാകാലമപ്രിയവാദിനിയായിടിനപത്നിയെയും അദ്ധ്യയനം ചെയ്യാതശിഷ്യനാരവനെയും സതപരരക്ഷിതാവായരാജാവിനെയും ഗോപാലൻഗ്രാമകാമനായിടിലവനെയും നാവികൻവനകാമനായിടിലവനെയും ആറുംപൂർണമുപെക്ഷിക്കരുതാതെവുംസാ മാറുംചൊല്ലുവൻസത്യംദാനവുമനാലസ്യം അനസൂയയുംക്ഷമാധൃതിയുമിവയെല്ലാം മനസാചിന്തചെയ്തുധരിച്ചുകൊൾകവെണംആറുപെരുണ്ടുജീവിച്ചിട്ടുന്നിതനാരത മാറുപെരിലുംപിന്നെയെഴാമതൊരുമില്ല തസ്കരൻപ്രമത്തൻകൾവൈദ്യൻവ്യാധിതൻകലും മൈക്കണ്ണിമാരെല്ലാരുംകാമയാനന്മാരിലും യാചകന്മാരെല്ലാരുമെജമാനന്മാരിലുംരാജാവുവിവാദമാനന്മാരാമവരിലും വിദ്വാന്മാരെല്ലാംനിത്യംമൂഢന്മാരിലുമെല്ലൊ നിത്യവുംജീവിക്കുന്നുപ്രപാവശിഖാമണെ ദൊഷങ്ങളുപെക്ഷിക്കെണ്ടുന്നവരാജാവിനാൽ എഴുണ്ടുസപ്തവ്യസനങ്ങളെന്നല്ലൊ ചൊല്ലു പരസ്ത്രീജനസെവദെവനംമൃഗയയും വിരക്തിവരാതൊരു മദ്യപാനവുമെററം വാക്പാരുഷ്യവുംദണ്ഡപാരുഷ്യമാകുന്നതും പാല്ലൊടുനിത്യമത്ഥദൂഷണംചെയ്യുന്നതും നാശംവന്നടുത്തിരിക്കുന്ന രാജാവുതന്നി ക്കൊക്കമുൻപിലെയുണ്ടാമെട്ടുകാരണങ്ങളുംബ്രാഹ്മണദ്വേഷംമുൻപിൽബ്രാഹ്മണനവിരൊധവും ബ്രാഹ്മണസ്വങ്ങളുപാദാനംചെയ്തീടുകയും ബ്രാഹ്മണരെത്തന്നെഹിംസിക്കയുമത്രമൂലം ബ്രാഹ്മണനിന്ദകെട്ടുവായിട്ടുരമിക്കയും ബ്രാഹ്മണപ്രശംസകെൾക്കുന്നെരമക്ഷാന്തിയും ബ്രാഹ്മണരെക്കൂടാതെനിത്യാനുഷ്ഠാനങ്ങളുംബ്രാഹ്മണരപെക്ഷിക്കുന്നെരമഭ്യസൂയയും ബ്രാഹ്മണശാപത്തിനുകാരണമിവയെല്ലാം ആവൊളംവിചാരിച്ചുമുൻപിലെകളയെണം മാവതില്ലിവയകപ്പെട്ടാലൊന്നാകൊംപിന്നെ എട്ടുവസ്തുക്കളിവയുണ്ടെററം പ്രമൊദത്തെ വൃദ്ധമാക്കീട്ടുവാനായുത്ത്യനൃപതിപതെ തന്നുടെസഖികളൊടുള്ളൊരുസമാഗമം പിന്നെയൊട്ടതിയായിട്ടുള്ളൊരുധനാഗമം ധന്യനാംതനയനാലുള്ളൊരുപരിഷ്വംഗം സന്നിപാതവുംസുരതത്തിംകലൊരുപൊലെ കാലാതിക്രമവിരഹെനിജപ്രിയലാഭം മാലൊകർകൂടുന്നെരംതന്നിലെസമ്മാനവും തന്നുടെജാതിതന്നെക്കൊണ്ടുള്ളസന്നാമവും തന്നാൽപണ്ടഭിപ്രെതമായതിനുടെലാഭം എന്നിവയെട്ടുംസൌഖ്യമൊദംവളർത്തീടും മന്നവർകുലമകുടത്തിൻനായകക്കല്ലെ ക്ഷെത്രജ്ഞൻതന്നാലധിഷ്ഠിതമായിരിക്കുമി ക്ഷെത്രത്തെനവദ്വാരംപഞ്ചസാക്ഷികമെന്നും ത്രിസ്ഥൂണമെന്നുമറിയുന്നവൻമഹാവിദ്വാൻ എത്രയുമവൻക്ഷെത്രക്ഷെത്രജ്ഞവെദിയെല്ലൊ പത്തുപെരുണ്ടുഭുവിധമ്മത്തെയറിയാതെ മത്തനുംപ്രമത്തനുംക്രുദ്ധനുമുന്മത്തനും ചി

ന്താശ്രാന്തനുംത്വരമാണനനുംബുഭുക്ഷിതൻ ലുബ്ധനുംഭീതനുംകാമി
യായുള്ളവനും ആകയാലീവണ്ണമെല്ലാമുള്ളഭാവങ്ങളി ലെകനിഷ്ഠ
യാവിദ്വാനില്ലെതുംപ്രമാദങ്ങൾ പുത്രാൎത്ഥംപുരാസുധന്വാവിനാൽ
ഗീതമാകും ചിത്രമാമിതിഹാസംകെട്ടിട്ടില്ലയൊഭവാൻ ഉദ്ധതജന
വെഷംകൈക്കൊണ്ടീടരുതെല്ലൊകത്ഥനംചെയ്തീടരുതാത്മപൌരുഷ
ത്തെയും തന്നുടെസുഖത്തിങ്കൽമൊദിച്ചീടരുതൊട്ടു മന്യദുഃഖത്തിങ്ക
ലുണ്ടാകെണംകരുണയും ദത്തമായതുചിന്തിച്ചനുതാപവുമരു തുത്ത
മനെങ്കിലതുചൊൽകയുമരുതെല്ലൊദെശാചാരവുംജാതിധൎമ്മവുംചെ
യ്തീടെണമാശുവൎജ്ജിച്ചീടെണംദുൎജ്ജനവിവാദവുംഡംഭമത്സരംമൊ
ഹംപൈശൂന്യംപാപകൃത്യംസംപ്രതിവൎജ്ജിക്കെണംഭൂപതിദ്വിഷ്ടനെ
യും മത്തൊന്മത്തന്മാരൊടുമുത്തരംപറയരു തുത്തന്മാരെപ്പുരസ്കരിച്ചു
നടക്കെണം സഖ്യവുംവിവാഹവുംവ്യവഹാരവുംതനിക്കൊക്കുമൊ
ട്ടഭിജാത്യമെന്നവരൊടുവെണം ഹീനന്മാരൊടുകൂടിസ്സംസൎഗ്ഗമരുതൊ
ട്ടും ദാനവുംചെയ്തീടെണമാശ്രിതന്മാൎക്കുനിത്യം ഭൂപതെവനിയൊ
ഗത്തെയുംപാലിച്ചെററം താപത്തെപ്പൂണ്ടുവാഴും പാണ്ഡവൻതന്റെ
രാജ്യം പാതിയുംകൊടുപ്പതുധൎമ്മമതല്ലയാഴ്കിൽ ഖെദവുംവരുംഭവാ
നെററമെന്നറിയെണം" നല്ലവാക്കുകൾതവകെട്ടാലില്ലലംഭാവം ചൊ
ല്ലുചൊല്ലീനിയുംനീ"യെന്നിതുധൃതരാഷ്ട്രർചൊല്ലിയനെരമതിനുത്തരം
വിദുരരും ചൊല്ലിനാൻമനൊഹരമായുള്ളവാക്കുകളാൽ "നല്ലതുമാ
കാത്തതുംചൊല്ലുവൻചൊന്നാൽകെൾക്കയില്ലനീയതുകൊണ്ടുചൊ
ല്ലുവാന്മടിയാകും നല്ലതുപാണ്ഡവനുനാടുപാതിയുംനൽകിലല്ലൽതി
ന്നിരിക്കതൊവല്ലായ്കിൽസുതന്മാരെക്കൊല്ലുമെപാണ്ഡവന്മാരില്ലസം
ശയമെതും നല്ലഭീഷ്മദ്രൊണകൎണ്ണാദിയുംമരിച്ചീടുംപ്രിയമാകിലുംപു
നരപ്രിയമെന്നാകിലും നയമാകിലുമപനയമാകിലുമതി ശുഭമാകി
ലുമെററമശുഭമെന്നാകിലുമഭിമൊദെനചൊദ്യംചെയ്കിലെപറയാവു
വൈചിത്രവീൎയ്യനൃപകെൾക്കെണമിവയെല്ലാംവൈശദ്യംമനസ്സിങ്ക
ലുണ്ടല്ലൊഭവാനെററംവൈദുഷ്യംഭവാനെക്കാളെറയുണ്ടയിട്ടല്ലവൈ
ദഗ്ദ്ധ്യംവാക്കിനെററമുണ്ടെങ്കിലതുമല്ലസ്നെഹമുണ്ടതുകൊണ്ടുകെൾക്കും
ഞാൻചൊന്നാലെന്ന മൊഹമുണ്ടിനിക്കിതുകൊണ്ടുഞാൻപറയുന്നു
വംശനാശത്തെക്കണ്ടുസംകടംപാരമുണ്ടുസംശയംതീൎന്നതെല്ലൊനിന്നു
ടെസുതന്മാൎക്കൊപ്രാപ്തമായിതുരാജ്യമിനിക്കെന്നകതാരിലൊൎത്തുവൎത്തി
ച്ചീടരുതുവ്വീശനസാമ്പ്രതംപിന്നെയുമവിനയംസംപത്തെഹനിച്ചീടും
നിൎണ്ണയമെല്ലൊനല്ലരൂപത്തെജ്ജരപൊലെപാദപഫലംപഴുക്കുംമുൻ
പെഭുജിച്ചീടിൽസ്വാദുമില്ലെല്ലൊപിന്നെവിത്തുമില്ലാതെവരുംപക്വമാ

യതുഭുജിച്ചാലരീരസമുണ്ടാം വൃക്ഷവുമുണ്ടാം പിന്നെഫലമുണ്ടായ്വരും
പുഷ്പങ്ങൾതൊറും ചെന്നുനിത്യവുമുള്ളമധുക്ഷൾപ്പലമൊരുക്കൂട്ടിരക്ഷി
ച്ചുവൎദ്ധിപ്പിക്കും അപ്പൊലെനൃപവരനെപ്പൊഴും മഹിംസയാതൻപ്രജ
കളിൽനിന്നാജ്ഞിക്കെണമൎത്ഥമെററം വിരിഞ്ഞവിരിഞ്ഞപൂവറുത്തുകൊ
ൾകെയാവുവിരാത്തുമൂലച്ഛെദം ചെയ്യരുതൊരിക്കലും ആരാമത്തിങ്കൽ
ഗുരുവിനൊടെത്രാപലക്കുമതിനൊരാചാൎയ്യനൊടെത്തുകിലുമറിവാൻപണിയുണ്ടല്ലൊ ചിത്തമുഴുത്തകരുണപൂണ്ടേത്രയും ഭക്തപ്രിയനായ്വിനീതനായ്ശാന്തനാ സ്തുതാരജസ്സുമൊവൃത്ത നിയുതനാത്തുതജ്ഞാനായൊരുസൽഗുരുതൻപദം നിത്യമാരാധിച്ചുതല്പ്രസാദത്തിനാൽ സിദ്ധിക്കവെണമാത്മജ്ഞാനമെവനും സാക്ഷാൽസകലജഗല്ഗുരുവായൊരു മൊക്ഷപ്രദൻനിന്തിരുവടിതാൻതന്നെ ഒക്കിലിനിക്കഗുരുവായതാകയാൽ നിങ്കണമാശുമായാമൊഹമൊക്കവെ" എന്നുരചെയ്തുഭിവാദ്യവുംചെയ്തിതു പിന്നെയുംപിന്നെയുംവിണ്ണവർകൊന്മകൻ കൃഷ്ണൻതിരുവടിതന്നുടെഭക്തനാം ജിഷ്ണുവൊടുചിരിച്ചരുളിച്ചെയ്തു "ജ്ഞാനംപലവകയുണ്ടവകെളാത്മ ജ്ഞാനത്തിനൊടുസമമല്ലനിൎണ്ണയം കെവലജ്ഞാനമുപദെശിച്ചീടുവാ നെവനുള്ളുജഗത്തിങ്കൽനിരൂപിച്ചാൽ എങ്ങാനുമുണ്ടൊരുത്തൻപുനരെംകില തെങ്ങിനെചെന്നുകണ്ടെത്തിയറിയുന്നു പിന്നെവിഷയവിരക്തനായുള്ളൊരു ഭക്തൻപരമാത്മജ്ഞാനാൎത്ഥിയായവൻ സ്വസ്ഥനാസ്വൈരംസഞ്ചരിക്കുംവിധൌ മുക്തനായൊരുഗുരുവിനെയൊരാനു മെത്തുമൊരുനാളൊരുത്തനൊരുദിശി നിശ്ചയമീശ്വരനായതവൻതന്നെ കൊച്ചുകൾക്കുള്ളിലവനുടെമാഹാത്മ്യമെത്തുമറിയരുതെങ്ങളിലൊന്നെന്നു ബൊധമൊഴിഞ്ഞവൎക്കൊകയില്ലല്ലൊ പിള്ളുന്നതാമരപ്പൂവിൻമധുരസം വെള്ളത്തിലുള്ളജന്തുക്കൾക്കറിയാമൊ? ജ്ഞാനിക്കൊഴിഞ്ഞറിയാമൊ കെവലം ജ്ഞാനിയായുള്ളവൻതന്നെയൊരിക്കലും അങ്ങിനെയുള്ളഗുരുനാഥനെക്കണ്ടു മംഗലവാചാവണങ്ങിച്ചിരകാലം ശുശ്രൂഷയാവസിച്ചാലൊരുകാലത്തു വിശ്വാസഭക്തികൾകണ്ടുഗുരുനാഥൻ പാരംപ്രസാദിച്ചുപദെശവുംനൽക. തിരുംജനനമരണവുമന്നാരം ചെരുംപരമാത്മനാചെന്നുജീവനും പൊരുംപറഞ്ഞുള്ളനിന്നൊടുഞാൻപുരാ യുദ്ധത്തിനായ്തുടങ്ങുംവിധൌമൊഹനംബൊധനായൊരുനിന്നൊടുചൊല്ലീലയൊ തെരിലിരുന്നുഞാൻനിന്നൊടതൊക്കവെ നീരിൽവരച്ചവരയായ്മറഞ്ഞിതൊ കെളിനിയുംപരമാത്മസ്വരൂപംനീ അത്രതെന്നുണ്ടല്ലൊചൊല്ലുവാനിന്നിയും പാക്കിൽവിഷയമല്ലാതൊരാത്മജ്ഞാന മാക്കുമെകെട്ടാൽമതിയാകയില്ലല്ലൊ ഞാനെന്നുമൻപൊടിനിക്കെന്നുമുള്ളൊരു മാനംകളെക്കനടെയാന്നുവെണ്ടുന്നും യുഷ്മദസ്മല്പ്രഭ്രാന്തികൊണ്ടെറവും കശ്മലംമാനുഷൎക്കുള്ളിലുണ്ടാകുന്നു പിന്നെസ്സുഖദുഃഖശീതൊഷ്ണമായിയാം ദ്വന്ദ്വഭാവങ്ങളുകളെക്കളയെണം. ഭൂമ്യാദിവഹ്നിവാതാകാശവുംപിന്നെ ശബ്ദസ്പൎശരൂപാസ്സ്പൎശനാന്തങ്ങളും ശ്രൊത്രാദിപഞ്ചകൎമ്മെന്ദ്രിയങ്ങളും വാക്കാ

ണിപാദപായൂപസ്ഥവും വചനാദാനയാനവിസൎഗ്ഗാനന്ദങ്ങളും മാ
നസബുദ്ധ്യഹംകാരചിത്തങ്ങളും തദ്വിഷയങ്ങൾ പ്രാണാദികളുമല്ല
ജീവനുമല്ല കെൾ ആത്മാവാകുന്നതും തന്നിലെതാനുന്നതെല്ലാററിനുമി
ത്തെ മിന്നൽപൊലെ സകലത്തിനും സാക്ഷിയായെയൊന്നുമെതന്നൊട്ടു
വന്നങ്ങുപൊറാതെ ചെന്നുതാനെല്ലാററിനൊട്ടുമെ ചെന്നുകൊണ്ടെ
ല്ലാററിനുമൊക്കച്ചെയ്യുന്നുമുണ്ടാക്കി നല്ലതെജൊമയനായിരിത്ത
പ്പൊഴും വെള്ളത്തിൽ മുക്കിക്കിടക്കും കലശത്തിനുള്ളിലും പിന്നെപ്പു
റത്തും നിറഞ്ഞൊരു വെള്ളം കണക്കെ ജഗത്തിങ്കലൊക്കവെ വ്യാപി
ച്ചിരിപ്പതാത്മാവു പരബ്രഹ്മം രൂപാദിഹീനമെകം പരമവ്യയം തത്സ്വ
രൂപമറിവാൻ ഗുരുവാം പരമെശ്വരനംഘ്രികൾ ചൂടുകിലാമെത്രെ പു
ത്രമിത്രാൎത്ഥകളത്രദെഹങ്ങളിൽ നിത്യമല്ലെത്രയും വ്യൎത്ഥമെന്നൊൎത്തുടൻ
നിത്യവിരക്തമായ് സത്യമാസ്ഥിത്യമായുതപാൎത്ഥമാകുമാത്മാവുമാചാൎയ്യനും
താനുമൊന്നായറിഞ്ഞൊരുത്തു കാണാത്തതും താനൊഴിഞ്ഞുന്നുമൊന്നില്ല
കെളന്നെരം" ഇത്ഥം ഭഗവാനരുൾചെയ്തതൊക്കവെ വിസ്തരിച്ചിപ്പൊ
ളിനിക്കറിയിക്കാമൊ കെട്ടിവണ്ണം ഭഗവദ്വചനം പാൎത്ഥനാദ്യന്മാ
രൊട്ടും നടന്നുതെളിവൊടെ ഹസ്തിനമായപുരിപുക്കു വന്ദിച്ചു പൃത്ഥ്വീ
പതിയായധൎമ്മജൻ തൻപദം പാണ്ഡവന്മാരും ഭഗവാനുമായിന്നു പാ
ണ്ഡുനൃപാലയം പുക്കൊരനന്തരം പുത്രമിത്രാദികളൊക്കമരിക്കയാലെ
ത്രയും വെദകലന്നുജനത്തെയും ഒക്കപ്പുറം തൂടനാശ്വാസിപ്പിച്ചിടരൊക്ക
കളഞ്ഞിതു സത്വരം മാധവൻ ശ്രാദ്ധദൈവാത്മജന്മാദികളൊക്കവെ
ശ്രാദ്ധവും ചെയ്താംഭിമന്യുവിനായി പ്രീത്യാപരാശരപുത്രനെയും തൊ
ഴുതാസ്ഥയാ പൂജിച്ചഭിവാദ്യവും ചെയ്താർ. പിന്നെപ്പരാശരനന്ദനൻ
ചൊല്ലിയ പൂൎണ്ണനിധിയെടുപ്പാനായ്പുറപ്പെട്ടാർ ആൎത്തനാലംഗപ്പട
യൊടുകൂടവെ പാൎത്ഥിവന്മാരും ദ്വിജന്മാരുമായൊരൊ മാമുനിമാരുമാ
യ്യൊരെപടകൊട്ടു സാമൊദമാശു നടന്നുപെശന്തൊടെ കാനനശൈ
ലനദികളും ദെശങ്ങൾ നാനാനരെന്ദ്രന്മാർ വാഴുന്ന രാജ്യങ്ങൾ എന്നി
വപിന്നിട്ടു കൈലാസമാകിയ കുന്നിനു ചെന്നു മഹെശ്വരപാദങ്ങൾ ന
ന്നായ്പ്പണിഞ്ഞിനാർ ഭക്തിയൊടെയവർ പിന്നെ മഹെശ്വരപൂജയും ചെ
യ്തിതു കുന്നിൻമകളെയും മക്കളെയും കണ്ടു വന്ദിച്ചു നന്ദികെശാദിഭൃത്യ
ങ്ങൾക്കും ഉപ്പിവരുമായ്പൂജിച്ചു സെവിച്ചാർ നന്നായനുഗ്രഹിച്ചു
മഹാദെവനും പിന്നെപ്പുനിമലതുംകലാമ്മാറങ്ങു ചെന്നുകണ്ടീടിനാ
രത്ഭുതമായെററ മുന്നതമായശിഖരങ്ങളുംകണ്ടു നിന്നു ശിവശിവയെ
ന്നുരെക്കെപ്പിന്നാർ വെള്ളാരതപൊലെ മുള്ളുപുരൊഹിതനൊരൊരു.
രന്തികെ മെഹാമപ്പൂജാദികൾ ചാരുനിധികാത്തിരിക്കുന്ന ദൈവതമാരെ

യും പൂജിച്ചുതൃപ്തിവരുത്തിനാർ പിന്നെക്കുഴിച്ചു നിധികണ്ടെന്നെത്തു
വന്നൊരുവിസ്മയം ചൊല്ലാവതല്ലെത്തും പൊന്നുകൊണ്ടുള്ള പാത്രങ്ങ
ൾപലതരം ഉന്നതവാരണവാജിപശുവൃഷ മെന്നിവപൊന്നുകൊ
ണ്ടുള്ളതനവധി മൂലഫലങ്ങൾപൊലെചമച്ചുള്ളതും മാലകളാദിയാ
മാഭരണങ്ങളും അംഗുലീയങ്ങൾകണ്ടാലുമൊരൊന്നിവ യംഗങ്ങളു
ടെകഴിക്കാന്നമുക്കെല്ലാം പണ്ടുള്ളദെഹങ്ങളെത്രവലുതിവ കണ്ടാലും
നാംകൃമികൾക്കുസമമെന്നല്ലൊ എന്നിവയൊരൊന്നുവിസ്മയംപൂണ്ട
വ രന്യൊന്യമാലാപവും ചെയ്തുകൌതുകാൽ ആററമില്ലാതൊളമുള്ളര
ത്നങ്ങളും മററുമപൂൎവ്വങ്ങളായുള്ള വസ്തുക്കളൊക്കയെടുത്തൊരുപൊന്നിന്മ
ലപൊലെ പൊക്കത്തിലങ്ങു കൂട്ടീടിനാരന്നെരം "പണ്ടുപണ്ടുള്ളരാജാക്ക
ളിതെങ്ങിനെ യുണ്ടാക്കിയവാറിതെത്രയുമത്ഭുതം ക്ഷൊണീപതികൾ
സമൃദ്ധിപണ്ടീവണ്ണം നാണമാകുന്നുനമുക്കിതുകാണുമ്പൊൾ" ഇത്ഥം
പറഞ്ഞുപറഞ്ഞുവരൊരൊരൊഹസ്തികൾവാജികളൊട്ടകക്കൂട്ടങ്ങൾ അ
സ്തുഭാരശ്രമംപൂണ്ടകഴുതകൾനന്നായ്ച്ചുമന്നൊരുലക്ഷത്തിലുംപരംപി
ന്നെയുമൊരൊരൊകിംകരന്മാർചുമന്നൊന്നായിരംകൊടിയുണ്ടല്ലൊ
കാലാളും തെരുകളുള്ളവയൊക്കനിറഞ്ഞാറെ പൊരാഞ്ഞുകാലാൾചുമ
ന്നാർവിശെഷിച്ചും സെനാപതികളുംമന്ത്രിവരന്മാരും മാനംവെടി
ഞ്ഞുചുമന്നാരതുനെരം ഭീമസെനൻതാനെടുത്തുനടന്നിതു ഭൂമിയുമൊ
ന്നുചാഞ്ചാടിയതുനെരം "ഞങ്ങളൊടൊക്ക വന്നൊരുമൂലംനിങ്ങൾ അ
ങ്ങൾതങ്ങൾക്കുവെണ്ടുന്നപദാൎത്ഥങ്ങൾ തങ്ങൾതങ്ങൾചുമന്നീടുവി
ൻനിങ്ങൾക്ക ഞങ്ങൾകല്പിച്ചുള്ളതങ്ങുപെന്നാൽതരാം" എന്നങ്ങയ
ച്ചുകൊടുത്തിതുധൎമ്മജൻ തന്നൊടുകൂടവെപൊയവൎക്കൊക്കവെ, ആ
നന്ദമൊടുനിധിയുമെടുപ്പിച്ചു മാനംകലൎന്നമഹീപതിവീരന്മാർ ആന
യുംതെരുംകുതിരയുംകാലാളു മാനകദുന്ദുഭിശംഖാദിവാദ്യവും ആനന്ദ
മുള്ളിൽനിറഞ്ഞുവഴിഞ്ഞെഴുമാനസപത്മങ്ങളൊടുമതുനെരം ഘൊഷി
ച്ചുതെക്കുതിരിച്ചുനടകൊണ്ടാർ ഘൊഷിച്ചിതാകാശവുംവിമാനങ്ങളാ
ൽ വാസുദെവൻദെവദെവൻജഗൽപ്പതി വാസവസെവിതൻനന്ദജ
ന്മാധവൻ വാസവപുത്രപ്രിയവയസ്യൻപരൻ വാസുകിപൂൎവ്വജഭൊ
ഗിശയനനെ ന്മാനസതാരിലിരുന്നരുളുംകൃഷ്ണൻ മാനമില്ലാതവിഭൂ
തിയുടയവൻമാനവനായിപ്പിറന്നൊരുമായാമയൻമാനിനിനാംമന്നൊ
ധൈൎയ്യംപൊരാധിപൻ ഉദ്ധവർസാത്യകിസാരണസാംബാദിഭൃത്യ
പുത്രന്മാരുമഗ്രജൻതാനുമാ യുത്തഗജരഥവാജിപദാതിയുമുത്തമസൈ
ന്യസമെതമെഴുന്നെള്ളീ ഹസ്തിനമായപുരിപുക്കരുളിനാൻ ചിത്തമൊ
ടെനവിദുരാദികളൊക്ക മുത്തമന്മാരെതിരെററുപൂജിച്ചിതു ഭക്തികളൊ

Uttara's child quickened

റാംതെളിഞ്ഞുഭഗവാനും ഉത്തരയും പുനരന്നു പെറ്റീടിനാളസ്ത്രശക്ത്യാ
ചെതനിൎജ്ജീവനായൊരു പുത്രനെക്കണ്ടുദുഃഖംകലൎന്നുത്രയും അത്തൽ
പൂണ്ടാശ്രുകരഞ്ഞുകരഞ്ഞുടനുത്തരവീണുരുണ്ടീടിനാളന്നെരം "ഭക്ത
പ്രിയപരമാനന്ദഗൊവിന്ദ പാഹിമാംപാഹിമാംദെവകീനന്ദനപാ
ഹിമാംപാഹിമാംകൃഷ്ണകൃപാനിധെ സന്താനസന്ദാനസന്താനസ
ന്നിഭ സന്താപനാശനസന്തൊഷകാരണ ചിന്തിതചിന്താമണെജഗ
ന്മംഗല ഹന്തഹാഹാശരണംചരണാംബുജംകൃഷ്ണശരണംശരണം
മുരരിപൊ വൃഷ്ണിപ്രവരശരണം മധുരിപൊ വിഷ്ണൊശരണംശ
രണംഹരെവിഭൊ ജിഷ്ണുവയസ്യശരണംജഗൽപ്രഭൊ വാരണതാ
പനിവാരണകാരണ കാരണപൂരുഷ നാഥനരകാരെ മാരണവാ
രണമാരണകാരണ ചാരണസെവിതകാരുണ്യവാരിധെ നാരായ
ണശരണംശരണംഹരെ നാരദവന്ദിതനാരകനാശന നാരീജനമ
നൊമൊഹനകൊമള നാരായണശരണംകമലാപതെ" ഇത്ഥംകരഞ്ഞീ
ടുമുത്തരതന്നുടെ ചിത്തതാപംകണ്ടുകുന്തിയുമന്നെരം ഭക്തികലൎന്നുമുകു
ന്ദപാദാംബുജം നത്വാ"കുലംമമരക്ഷിച്ചുകൊള്ളെ"ന്നാൾ "സത്യപരായണ
സച്ചിന്മയഹരെ തത്വസ്വരൂപസകലജഗല്പതെ ഭക്തപ്രിയപരമാ
നന്ദഗൊവിന്ദ മുക്തിപ്രദമുരാരാതെരമാപതെ ശ്രീകൃഷ്ണരാമയാദവപതെ
ഗൊപതെ ശ്രീകാന്തകെശവമാധവശ്രീനിധെ ശൊകജരാമരണാ
ദികളില്ലാത യൊഗെശയൊഗീശ്വരപ്രിയകംസാരെ ദാമൊദരമു
രെകാരുണ്യവാരിധെ കൊമളവിഗ്രഹദൈത്യകുലാന്തക പുണ്ഡരീ
കെക്ഷണപീതാംബരവിഭൊ പുണ്ഡരീകൊദരശംഖചക്രായുധ വി
ശ്വംഭരപരമെശ്വരശാശ്വത വിശ്വംഭരാപതെവിശ്വരൂപപ്രഭൊ
നീയൊഴിഞ്ഞെതുമൊരുനാളുമില്ലനിന്മായാവിലാസങ്ങളാൎക്കറിഞ്ഞീ
ടാവു നീയൊഴിഞ്ഞാരുരക്ഷിപ്പതുഞങ്ങളെ നീയല്ലയൊകാത്തുകൊ
ണ്ടതുമിന്നിയും നിന്നെയൊഴിഞ്ഞറിയുന്നീലൊരുനാളും പുണ്യപൂ
രുഷപുരുഷൊത്തമവിഭൊ സ്ഥാവരജംഗമജാതികൾക്കൊക്കവെ
ജീവനാകുന്നനിനക്കുനിരൂപിച്ചാൽ ജീവനില്ലാതെപിറന്നകിടാവി
നു ജീവനുണ്ടാക്കുവാനെന്തൊരുസംകടം" സന്താപമൊട്ടുതൊഴുതുഴറീ
ടിനാൾ കുന്തിയുമവ്വണ്ണംതന്നെസുഭദ്രയും അന്തികെവീണുകുരുകുല
സ്ത്രീജനം വെന്തഴൽപൂണ്ടുകരയുന്നതുനെരം അച്യുതൻതാനതുകണ്ടു
കിഞ്ചന നിശ്ചിത്യകാൎയ്യംനിരൂപിച്ചുസത്വരം ഉത്തരയൊടുവാങ്ങീ
ടിനാൻതന്നുടെ ഹസ്തപത്മംകൊണ്ടുബാലശരീരവും ഘൊരമായു
ള്ളൊരുചക്രതെജസ്സിനാൽ ദൂരനീങ്ങീവിരഞ്ഞസ്ത്രതെജൊബലംബാ
ലകൻജീവിച്ചുമാതാവുതൻമുല പ്പാലുംകുടിച്ചുതെളിഞ്ഞുവിളങ്ങിനാ

ൻ പാലിച്ചിതിങ്ങിനെ പാണ്ഡവസന്തതി കാലസ്വരൂപനാം കൃഷ്ണൻ
തിരുവടി പാൎത്ഥാദികളും നിധിയുമായ്വന്നിതു പാരത്തിരെററിലവാ
സുദെവാദികൾ പുത്രമിത്രാൎത്ഥലാഭംകൊണ്ടു സന്തുഷ്ട ചിത്തന്മാരായി
രുന്നീടിനാർ പാണ്ഡവർ അശ്വമെധത്തിനാരംഭിക്ക യെന്നതു വി
ശ്വനാഥൻ താനരുൾചെയ്യുനന്തരം അഗ്രജന്മാരെയുമച്യുതൻ തന്നെ
യു മഗ്രെവണങ്ങിനടന്നിതു ഫല്ഗുനൻ അശ്വം നടത്തുവാൻ മറ്റുള്ള
വർകളും നിശ്ശെഷവസ്തുക്കൾ സംഭരിച്ചീടിനാർ ദിക്കുകളൊക്ക ജ്ജയി
ച്ചു തിറവാങ്ങി മുഖ്യനൃപന്മാരെയും ജയിച്ചങ്ങിനെ പാൎത്ഥനുമശ്വവും
കൊണ്ടുവന്നാനൊരൊ പാൎത്ഥിവന്മാരുമതിന്നുവന്നീടിനാർ നാനാ
മുനിവരന്മാരും ദ്വിജന്മാരും മാനസാനന്ദം കലൎന്നുവന്നീടിനാർ ആന
തെർ കാലാൾ കുതിരപ്പടകളും മാനം കലൎന്നുള്ള വൃഷ്ണിപ്രവരരും വൈ
ശ്യരും ശൂദ്രരും വന്നീടിനാർ നാനാ ദെശ്യന്മാരായുള്ള വിദ്വജ്ജനങ്ങളും
നല്ല മുഹൂൎത്തവുമൊത്തു യഥാഗമം കല്യാണമൊടു ദീക്ഷിച്ചിതു ഭൂപനും
"പണ്ടനെകം ജനം ചെയ്ത യാഗങ്ങളും കണ്ടീലിവണ്ണമെന്നാർ വിബുധാ
ദികൾ" എന്തു ചെതം നല്ല ബന്ധുവാകുന്നതൊ ചെന്താമരക്കണ്ണനാം കൃ
ഷ്ണനല്ലയൊ ഭൃത്യപ്രവൃത്തി ചെയ്യുന്നതു മാധവൻ പൃത്ഥ്വീപതികൾ മ
റെറാക്കിവണ്ണം വര ഭാഗ്യവാന്മാരിൽ വെച്ചഗ്രെസരനായ തൊക്കിൽ
യുധിഷ്ഠിരനായ നരപതി" ഇത്ഥം മഹാലൊകരൊക്കപ്പറകയു മത്ഥം മ
തിമതിയെന്നു മൊദിക്കയും പൃത്ഥ്വീശനാശീൎവ്വചനങ്ങൾ ചൊല്ലിയും
ചിത്തം കുളുൎത്തു പുകഴ്ത്തിയും സജ്ജനം ദക്ഷിണയും ചെയ്തു യാഗം സമൎപ്പി
ച്ചു ദിക്കുകളൊക്കപ്പുകഴുംവണ്ണം വാദ്യനിനാദകൊലാഹലത്തൊ
ടുകൂടാദ്യനാം കൃഷ്ണൻ തിരുവടി തന്നൊടും മന്നവർ മന്നനവഭൃഥസ്നാന
വും വിണ്ണൊൎന്നദിയിലാമ്മാറു ചെയ്തീടിനാൻ ഭൊജനവും കഴിഞ്ഞൊ
ത്ത ബന്ധുക്കൾക്കു പൂജയും ചെയ്തു പുക്കീടിനാനാസ്ഥാനം സാമന്ത
സൊദരഭൃത്യപുരൊഹിത ഭൂമീന്ദ്രഭദ്രദെവതാപസന്മാരൊടും ദിവ്യസിം
ഹാസനം പുക്കിതു ഭൂപതി സവ്യസാചിപ്രിയനവ്യയനീശ്വരൻ കൃഷ്ണ
ൻ തിരുവടി വൃഷ്ണികുലാധിപൻ ജിഷ്ണുമുഖാമരവന്ദ്യൻ ജനാൎദ്ദനൻ ഇന്ദി
രാവല്ലഭനിന്ദീവരെക്ഷണൻ ഇന്ദുബിംബാനനനിന്ദ്രാരിനാശനൻ
അംബുജലൊചനൻ ബിംബഫലാധരൻ അംബുജനാഭനനന്തന
നാകുലൻ അംബുജാംഘ്രിദ്വയനംബുജന്മായുധൻ തുംബുരുനാരദശ
സ്വച്ചാരണാദ്യംബരചാരിനിഷെവിതൻ മാധവൻ അംബികാ
വല്ലഭസെവിതൻ കെശവ നംബുജനാഭനനന്തനാദ്യൻ ഹരി വി
ശ്വസൃഷ്ടിസ്ഥിതസംഹാരകാരണൻ വിശ്വരൂപൻ പരൻ വിശ്വംഭ
രാവരൻ ഭക്തപ്രിയൻ വാസുദെവനനാമയൻ ഭക്തിമുക്തിപ്രദൻ

ശക്തിയുക്തൻദെവൻ ആസ്ഥാനമണ്ഡപെരത്നസിംഹാസനെ ആ
സ്ഥയാസംപ്രാപ്തനായൊരുനെരത്തു നക്ഷത്രമണ്ഡലമദ്ധ്യെവിള
ങ്ങുന്ന നക്ഷത്രനാഥനെപ്പൊലെവിളങ്ങിനാൻ എന്നുള്ളിലാമ്മാറി
രുന്നരുളുന്നവൻ തന്നെയുംകണ്ടുകണ്ടാനന്ദമുൾക്കൊണ്ടു കണ്ണുകളെ
ററംകുളുത്തുകുളുത്തവ നെണ്ണമില്ലാതൊളംസന്തൊഷചെതസാ വി
ണ്ണവർനായകൻചെന്നുസുധമ്മയിൽ വിണ്ണവരൊടുമിരുന്നപൊലെ
തദാ മന്നവർമന്നവനായയുധിഷ്ഠിര നന്നതരത്നസിംഹാസനെമെ
വിനാൻ അപ്പൊഴൊരത്ഭുതംകണ്ടിതെല്ലാവരും വിപ്രപ്രവരരെക്കാൽ
കഴുകിച്ചനീരുണ്ടൊരുവാപികണക്കെനിന്നിടുന്നു കണ്ടുമുന്നെററം
പരപ്പുമുണ്ടാകയാൽ വന്നൊരുകീരിയതിൽമുഴുകിക്കരെറ്റുന്നിതുപിന്നെ
യുംപിന്നെയുംപിന്നെയും പൊന്നുപൊലെയൊരുഭാഗംനിറമതി ന
ന്യഭാഗംമുന്നമുള്ളവണ്ണംതന്നെ ഭൂമിദെവന്മാരതുകണ്ടുചൊദിച്ചാർ "നീ
മുതിന്നെങ്ങളൊടാശുചൊല്ലീടെണം നിന്നുടൽപാതിയുമെങ്ങിനെ
യിങ്ങിനെ പൊന്നിറമായവാറെന്നിതുസാഹസാൽ ഇന്നിതിലെന്തി
നുനീമുഴുകുന്നിതു പിന്നെയുംപിന്നെയുംവീണനെകംതരം" എന്നതുകെ
ട്ടുപറഞ്ഞിതുകീരിയു "മിന്നതുനിങ്ങൾക്കുഞാൻപറയെണമൊ ഞാന
ത്തുനെരെപറയുന്നനെരത്തുമാനസെ നിങ്ങൾക്കുഖെദമുണ്ടായ്വരും ചൊ
ല്ലെണമെങ്കിലൊ ചൊല്ലുവൻ നിങ്ങളുമെല്ലാവരും ചെവിതന്നുകെട്ടീ
ടുവിൻ എങ്കിലൊ പണ്ടുസക്തുപ്രസ്ഥനാം ദ്വിജൻ പങ്കങ്ങളെല്ലാമ
കന്നതപൊനിധി പത്നിയൊടുമൊരുപുത്രനൊടുംപുത്ര പത്നിയൊടുംകൂ
ടിവാഴുന്നതുകാലം നിത്യമുതിർമണിയുംപെറുക്കിക്കൊണ്ടു വൃത്തികഴി
ച്ചുവസിക്കുമാറാകുന്നു അന്നൊരുനാളൊരുകാലായിലാമ്മാറു ചെന്നു
പെറുക്കിയന്നിന്നമണികൊണ്ടുനാലക്ക വറുത്തുമിയൊടെപൊടിച്ചതു
നാഴിയുണ്ടുള്ളതവെക്കുനാലക്കുമായ്ദീക്ഷണമായതപൊബലനിഷ്ഠയാ
സ്വാദ്ധ്യായപൈതൃദെവാദികളുംകഴി ച്ചാസനയായ്ചെന്നുഭുജിപ്പാനി
രുന്നിതുനാലൊഹരിയായ്ക്കുത്തുവിളമ്പിയ നെരത്തുവന്നാനൊരുവഴി
പൊക്കനും ആലസ്യമൊടുവിശന്നുദാഹിച്ചവൻ "കാലത്തുനൽകുവി
ൻ തണ്ണീരിനിക്കെ"ന്നാൻ "യെങ്കിലതിഥിക്കിനിക്കുവിളമ്പിയതം
ശ്ശികഴിക്കെ"നാനഥതാതനും "അങ്ങുവിളമ്പിയതല്ലിനക്കുള്ളതു ണ്ടു
അവനെ"ന്നുപറഞ്ഞിതുപത്നിയും "അങ്ങിനെയല്ലതു ധമ്മവുമല്ല
ല്ലൊ നിങ്ങളെഞാൻ ഭരിക്കെണമെന്നുണ്ടല്ലൊ" "ഭത്തൃശുശ്രൂഷ
ണധമ്മമിനിക്കെ"ന്നു പത്നിയുമെററമുറച്ചുചൊല്ലീടിനാൾ പുത്ര
നതുകെട്ടവരൊടുചൊല്ലിനാൻ "വൃദ്ധരല്ലൊ ഉണ്ടപിതാവുംജനനിയും
ക്ഷുത്തിനു പാത്രമല്ലെന്നുടെയൊഹരി പൃത്ഥ്വീസുരന്നുനൽകിടുക

വൈകാതെ പുത്രനുടെപത്നിചൊല്ലിനാളന്നെരം ഭൎത്താവുപജീവി
യാതെയിരിക്കവെ ഞാനുപജീവിക്കയെന്നുള്ളതില്ലല്ലൊ ഭൊനം ചെ
യ്യെന്നുടെഭാഗമതിഥയെ തമ്മിലിവണ്ണമന്യൊന്യംപറഞ്ഞൊരു ധ
ൎമ്മാധൎമ്മങ്ങളുംയുക്തിയുക്തങ്ങളും വിസ്തരിച്ചിപ്പൊളിനിക്കചൊൽവാ
ൻപണിചിന്തമലിഞ്ഞുകാലുംകഴുകിച്ചുടൻ താതൻതനിക്കുള്ളഭാഗം
വിളമ്പിനാനെന്നുമെവന്നിലതിഥിക്കലംഭാവം അന്നെരമാശുജന
നിയുംസംഭ്രമാൽതന്നുടെഭാഗവുംകൂടനൽകീടിനാൾ എന്നിട്ടുംവന്നി
ലതിഥിക്കലംഭാവമെന്നവാറെമകനുംകൊടുത്തീടിനാൻ നന്ദനൻത
ന്നുടെപത്നിയുമന്നെരം തന്നുടെഭാഗംകനിഞ്ഞുനൽകീടിനാൾ തൃപ്ത
നായാചമനാദികളുംകഴി ച്ചുത്തമനാംവഴിപൊക്കനിരുന്നിതു യൊ
ഗ്യമായുള്ളൊരതിഥിപൂജക്കിന്നു ഭാഗ്യമെത്രെയൊഗംവന്നതൊ
ൎക്കുംവിധൌജന്മസാഫല്യവുമിന്നുവന്നുമഹത്കൎമ്മസാഫല്യവും വ
ന്നിതുനിൎണ്ണയംതൃപ്തരായാർപിതൃദെവാദികൾനമു ക്കെത്തുമിനിപ്പര
ലൊകൈകസൌഖ്യവും എന്നവരൊത്തുപറഞ്ഞിരിക്കുംവിധൌ വ
ന്നുതാണുഭുവിസ്വൎണ്ണവിമാനവും ശ്രീവത്സകൌസ്തുഭപീതാംബരമ
ണിഹാരകിരീടകടകകടിസൂത്രനൂപുരരത്നമകരാഢ്യകുണ്ഡല ചാരുച
തുൎഭുജശംഖചക്രാദിയാമായുധംപൂണ്ടൊരുവിഷ്ണുദൂതന്മാരും മാധുൎയ്യഗാം
ഭീൎയ്യവാചാപറഞ്ഞിതുസാദരംവന്നുവിമാനമെറീടുവിൻനാലുകൈ
കളാലൻപൊടൊരിക്കലെ നാൽവരെയുമെടുത്താശുകരെറിനാൻ
നാരായണസ്വാമിതാനരുളിച്ചെയ്തുപൊരുവിൻവൈകുണ്ഠലൊകത്തു
വൈകാതെനിങ്ങൾക്കൊരുനാളുമില്ലൊരധൊഗതിഞങ്ങളിലൊന്നാ
ജ്ജഗൽസ്വാമിതന്നെയുംനന്നായ്പരിചരിച്ചാനന്ദമുൾക്കൊണ്ടുനന്ദൊ
പനന്ദാദികളിലുംമാന്യരാക്കീന്നുദെവദൂതന്മാരുൾചെയ്തു പൊ
കെന്നുമെല്ലട്ടുകൊണ്ടുപൊയീടിനാർ അപ്പൊഴതിഥിയെക്കാൽകഴുകി
ച്ചനീരല്പമെത്രബലാൽഞാനവിടെച്ചെന്നെൻ അപ്പുറമൊക്കനന
ഞ്ഞൊരനന്തര മപ്പൊഴെപൊൻനിറമായ്തന്നിതപ്പുറം അററമില്ലാ
തൊളംഭൂസുരെന്ദ്രന്മാരെകുററമൊഴിഞ്ഞുടൻകാൽകഴുകിച്ചനീ രബ്ധി
പൊലെകിടക്കുന്നതുകണ്ടു മറെറപ്പുറംപൊൻനിറമായ്വരുമെന്നൊൎത്തു
വന്നിതിൽചാടിമുഴുകിയെനാവൊള മെന്നിട്ടുമെത്തുമൊരുഫലം വന്നി
ലതന്നുസക്തുപ്രസ്ഥനാൽകൃതമായൊരു പുണ്യഫലമിനിമററൊ
ന്നിനുണ്ടാകാ എന്നുപറഞ്ഞുമറഞ്ഞിതുകീരിയും നന്നുനന്നെന്നുപറഞ്ഞി
തെല്ലാവരുംധൎമ്മജൻതാനുമധികംവിനീതനാ യ്നിൎമ്മലമാനസനത്യന്ത
ശാന്തനായ്ക്കന്മഷനാശനൻ ചിന്മയനീശ്വരൻകൎമ്മണാമാധാരഭൂത
ൻജഗന്മയൻ ധൎമ്മസംസ്ഥിതികരൻ നിൎമ്മലൻനിൎമ്മമൻ തന്മയമായാ

വിലാസങ്ങൾ ചിന്തിച്ചുതൽസ്വരൂപംമനതാരിലുറപ്പിച്ചു സ്വൈരം വൃനായയുധിഷ്ഠിരഭൂപതി ധൎമ്മേണരാജ്യംപരിപാലനംചെയ്തുധൎമ്മദാരങ്ങളോടുംകലന്നാദരാൽ സോദരാമാത്യപുരോഹിതസാമന്തഭൂദേവപൌരജനങ്ങളോടുംമുദാ ഹസ്തിനമായപുരത്തിംകലാമ്മാറു നിത്യസുഖത്തൊടിരുന്നിതക്കാലമെ.

ആശ്വമെധികപൎവ്വംസമാപ്തം

ആശ്രമവാസം

ഹരിഃശ്രീഗണപതയെനമഃഅവിഘ്നമസ്തു

കഥയമമകഥയമമകനിവിനൊടുശാരികെകാരുണ്യമൂൎത്തികഥാമൃ
തമൊമലെമധുരതരരസകദളിമധുഗുളസിതാദയുംമാനസാനന്ദംവ
രുമാറുസെവിച്ചുമധുമഥനചരിതരസമഴകൊടുരചെയ്കനീമായാവിലാ
സങ്ങൾകെട്ടാൽമതിവരത്തനകിളിമകളെമതുപൊഴുതുകശുകാശയാ താ
ല്പരിയ്യത്തൊടുചൊല്ലിത്തുടങ്ങിനാൾനൃപതികുലതിലകനതി സുമതിജ
നമെജയൻനിൎമ്മലനായവൈശംപായനനൊടു കഥകളിവപലവു
മതികുതുകമൊടുകെൾക്കയാൽ കൌതുകമൊടുചൊദിച്ചിതുപിന്നെയും
ശമനസുതപവനസുതഹരിഹയസുതാദികൾ താതനൊടെങ്ങിനെ
വൎത്തിച്ചതുശെഷംമുനിവരനുമതുപൊഴുതുചൊല്ലിനാനുത്തരം_മൊദെ
നകെട്ടുകൊൾകെങ്കിൽനരാധിപ തദനുപിതൃപതിതനയനാദികളൊ
ക്കവെതാതനൊടൊത്തവണ്ണമിരുന്നീടിനാർ അമിതബലമുടയക
രുനൃപതിധൃതരാഷ്ട്രരും ആത്മജന്മാരൊടഖെദമായ്മെവിനാൻ നിജതന
യനൊടുബതസുയൊധനൻതന്നൊടുനീതിയിൽമുന്നമിരുന്നവണ്ണം
തന്നെ നിജസഹജതനയരൊടിരുന്നതുഭൂപനും ധൎമ്മജന്മാപിതൃശു
ശ്രൂഷയുംചെയ്യാൻഅധികരസസുഖമൊടുകഴിഞ്ഞിതുവത്സര മങ്ങി
നെതന്നെപതിനഞ്ചൊരുപൊലെതദനുപുനരൊരുദിവസ മനിലസു
തനെത്രയുംതാപമാമാറുപരുഷങ്ങൾചൊല്ലിനാൻ, പവനസുതകടുവ
ചനനിശമനദശാന്തരെ പാൎത്ഥിവെന്ദ്രനുവൈരാഗ്യമുണ്ടായ്വന്നു "ഇ
ദിനകരകുലമതിലൊരവനിപതിയായഹം ശൊഭയൊടെപിറന്നീടി
നെനിന്നിപ്പൊൾ വിധിവിഹിതമിഹശിരസി ലിഖിതമിതിധിസ്സ
യംവിത്തംപ്രീതിക്രിയക്കില്ലെന്നതുംവനമറയവരിലൊരുവനടിമലർ
കഴകിയൂട്ടിയാൽമാറിച്ചൊരുപണംദക്ഷിണക്കില്ലപൊരു "വിഗതന
യനനുമതിവിരക്തനായപ്പൊഴെ വെഗാൽവനത്തിനുപൊവാൻപു
റപ്പെട്ടുശമനസുതനതുപൊഴുതുജനകനൊടുകൂടവെതാപെനകാനന
ത്തിന്നുപുറപ്പെട്ടുഉപരിചരവസുനൃപതിദുഹിതൃസുതനന്നെരംവാടിയ
പിടെക്കടനെഴുന്നെള്ളിനാൻ കുരുനൃപതതനയനൊടുമടിയിണവണ
ങ്ങിനാൻകൊണ്ടാടിമാമുനിതാനുമതൾചെയ്തു"നിഖിലനൃപകുലതിലക
നിതിജ്ഞന്നിൎമ്മജനിൎമ്മലബുദ്ധെയുധിഷ്ഠിരകെൾക്കനീക്ഷിതിപതിക
ളുപചരമവയസിതനയൊദയെ കീൎത്തികലന്നുവനത്തിതുവസിക്കെ
ന്നെം"അതിനുനരപതിയുമിതുപൊഴുതുകരുതിടിനാ ന്യായമിപ്പൊൾ
നിനക്കുവനവാസം" അതിനുമൊരുസമയമിനിവരുമരന്നാമെടൊ ?
അച്ഛനെപൊവാനയക്കെന്നമിക്കാലം മുനിവരനുമിവപലവുമഴ
കൊടരുൾചെയ്തുയാൽമൊദെനതാതനെപ്പൊവതിന്നെകിനാൻ പ്ര

ന്നയതരഹൃദയമൊടു തനയനുപിതാവുടൻ പ്രീത്യാനയസാരവുമുപദേശിച്ചു ധനവുമനവധി ജനകമനസി ഹിതമാംവണ്ണം ധൎമ്മജന്മാ പിതൃപൂജക്കു നൽകിനാൻ കനകമണിവസനബഹുവിധവിഭവജാലവുംകാലാത്മജൻ സംഭ്രമം കൊടുത്തീടിനാൻ വിമലസമുദയസമയമൊടു പുറപ്പെട്ടു വിപ്രോത്തമന്മാൎക്കു ദാനങ്ങളുംചെയ്തു വിശദമതി വിദുരരൊടു ഗാന്ധാരികുന്തിയുംവീറുള്ളസഞ്ജയൻ താനുംപുറപ്പെട്ടു വിരവിനൊടു വിപിനഭുവി ചെന്നിരുന്നവരും വിസ്മയമായ തപസ്സുതുടങ്ങിനാർ ഫലജലദലാനിലാഹാരഭേദേന പൊക്കിത്ര കഴിഞ്ഞു പലപ്പുസംവത്സരം അഥ ശമനസുതപവനതനയവിജയാദികൾ അച്ഛനെക്കാണ്മാനടവി പുക്കീടിനാർ മുനിവരതമവനിസുരവരതമെഴുന്നെള്ളിനാർ മുഖ്യനാം വ്യാസനുമപ്പൊളെഴുന്നെള്ളി പിതൃചരണനളിനയുഗളം പ്രണമിച്ചു മുദാ പിന്നെപ്പരാശരനന്ദനപാദവും തൊഴുതുതൊഴുതധികപരിതാപമൊരൊന്നൊരൊന്നൊതിപ്പരിദേവനം ചെയ്യുന്നന്തരം വിധിതനയസുതതനയനന്ദനൻ തന്നുടെ വ്യക്തമായുള്ളൊരുയോഗബലത്തിനാൽ കുരുസമരശിരസി മൃതരായ ജനങ്ങളെ കൂട്ടമെകാട്ടിക്കൊടുത്തിതു വൈകാതെ നിജതനയശതസഹിതബന്ധുവൎഗ്ഗത്തെയും നിത്യം മരിച്ചപടയുമൊക്കക്കണ്ടു സുതസുഹൃദരിഭ്രമമുള്ളൊരുപനപ്പൊൾ സ്വപ്നവും ജാഗ്രത്തുമൊക്കുമെന്നുംവന്നു ജനകനൊടു കനിവിനൊടനുജ്ഞയുംകൈക്കൊണ്ടു ചെമ്മെ ഗജാഹ്വയം പുക്കിതു പാണ്ഡവർ തദനു കുരുപതിയുമഥ ജനനികളുമായുടൻ തത്രവനത്തിങ്കൽ നിന്നു നാകം പുക്കാർ അതരവരവൃത്തിമതുവുമവരവരവൎക്കെല്ലാം ആശു യുയുത്സുവിനെക്കൊണ്ടു ധൎമ്മജൻ പരിചിനൊടു ഗതിവരുവതിന്നുടകാരിയുംപാൎത്ഥിവൻ ചെയ്യിച്ചു പിന്നെ സന്ധിവും നൽകിനാൻ ജനകജനനികൾ വിഷയമഴകൊടു സപിണ്ഡീകരണം ചെയ്തു സംവത്സരശ്രാദ്ധവും മുട്ടിനാർ ധനവുമതിഹിതമൊടു കൊടുത്തിതു വിപ്രൎക്കു ദാനമാനന്ദമൊടാശീൎവ്വചനവും നൃപതികുലവരനു തെളിവൊടു നൽകീടിനാർ നിൎമ്മലനായ വിദുരരതുകാലം ഭഗവദനുചരവദനതൊനിശമ്യദ്രുതം ഭക്ത്യാ ഭഗവൽസ്തുതിയുമഥ തത്വം മഹസി ഭഗവതി ദൃഢമനസ്ഥിരി ഹൃദയമാത്മനാ മായാവിഹീനെ ലയിപ്പിച്ചിതവ്യയെ വിബുധസരിൽകുപതടമമന്ദമിത്രസുതൻ വിജ്ഞാനസംയുതജ്ഞാനാദികളെല്ലാം ഭഗവദുപദേശമാൎഗ്ഗേണ കൈക്കൊപ്പിച്ചിതു ഭാസ്കരപുത്രാംശഭ്രാതൻ വിദുരരും മുനികൾവരനായ മാണ്ഡവ്യശാപം തീൎന്ന മുഖ്യനാം ധൎമ്മനൊടടങ്ങു ചെന്നീടിനാൻ ഇതി മുനിവരൻ നൃപൻ തന്നൊടു ചൊന്നവ എല്ലാം മുനികൾക്കു സൂതനും ചൊല്ലിനാൻ സരസവചനെന ചൊന്നാൾ കിളിപ്പൈതലും സന്തക്കൎദ്ദയാലെ ജനങ്ങളൊടുമക്കാലമെ. (ആശ്രമവാസപൎവ്വം സമാപ്തം.)

മൌസലം

ഹരിഃശ്രീഗണപതയെനമഃ അവിഘ്നമസ്തു

ഹരികരികിരികിളിമകളെനീ വരിനെല്ലിന്നവിലരിവറുത്തതെല്ലും
നവനാളികെരസലിലവുംപാലും നവനീതമൊട്ടുഗുളകദളിയും മ
ധുസിതാദിയും.തരുവൻവൈകാതെ മധുരമാംവണ്ണംപറകശെഷ
വും ഹരിമുരവൈരിനരകാരിശൌരി കരിപരിവൃഢപരിതാപഹാരി
ദുരിതനാശനനമരാരിവൈരി ചരിതരീതികളരുൾചെയ്തീടുക വിരവൊ
ടുകാലംകളയാതെവൃഥാ നരജനനംനീസഫലമാക്കെണംശുകതരുണി
കൾമണികളുമായി സുഖംവരുമാറുപറഞ്ഞാളന്നെരം_മനസാവിഷ്ണു
രാതനുംവൈശംപായന നാംമുനിവരനൊടുചൊദിച്ചിതു" നയന
ഹീനനാംനരപതിവാനൊരയനംപ്രാപിച്ചൊരനന്തരംനൃപൻപി
തൃപതിസുതൻപ്രവൃത്തിച്ചതെന്തു മധുരിപുനാഥനനുഷ്ഠിച്ചവാറുംത
ദനുവൈശംപായനമുനിവരൻ മുദിതനായുടനരുൾചെയ്തീടിനാൻ
ശൃണുനരവരകഥാശെഷംചൊൽവൻ ഗുണവാനാകിയനൃപതിധ
ൎമ്മജൻ ധരണിമണ്ഡലംപരിപാലിച്ചവാറുരചെയ്തീടുവാൻപണി
യെത്രെല്ലൊം ഭരതഹൈഹയനഹുഷരാഘവ കുരുപൂരുപുരൂരവാഭാ
ഗീരഥ സഗരമാന്ധാതൃപൃഥുനളശിബിനൃഗനിമിബലിരഘുസുഹൊ
ത്രാദി പലപലദിവ്യനരപതിവീര രലസദ്ഭാവംകൈവെടിഞ്ഞുഭൂതലം
പരിപാലിച്ചനാളിവണ്ണംവന്നതി ല്ലൊരുസൈന്യപ്രജാസമൃദ്ധി
കൾനൂനം പൃഥിവിപാലകൻഗുണവാനെന്നാകിൽ കൃതായുഗത്തിലും
കലിയുഗംനല്ല അധൎമ്മവിത്തങ്ങുംമുളയാതെഭുവി സ്വധൎമ്മനിഷ്ഠ
യാവസിച്ചിതുലൊകം അഥമുപ്പത്താറാംവരിഷവുംവന്നു പ്രതിഭയ
ങ്ങളായുടനുടനൻ പൊരകദുൎന്നിമിത്തവുംകാണായ്വന്നു പരിതാപം
പൂണ്ടുയുധിഷ്ഠിരനപ്പൊൾഅനുസഹദെവനൊടുപറഞ്ഞപ്പൊൾ കുണ്ഠ
കംപൂണ്ടുടനവനരുൾചെയ്തു" ഇനിയുള്ളകാലംകലിയുഗമത്രെ മുനിജന
ങ്ങളുംമറഞ്ഞുപൊമെല്ലൊ മഴയുംപെയ്കയില്ലിനിവെണ്ടുന്നെരം വഴി
യെഭൂമിയുംവിളകയില്ലെല്ലൊ കൊടിയകാറ്റുണ്ടായ്മരങ്ങളുംവീഴും പ
ട്ടിയുംപിടപെട്ടുംഗൃഹംതൊറുംചതിച്ചുകൊൽകയുംപൊളിപറകയും
വിധിച്ചകൎമ്മങ്ങളുപെക്ഷിക്കയും പിതൃക്രിയകളുംവഴിയെചെയ്കയി
ല്ലതിക്രമിച്ചീടുംഗുരുജനത്തെയും നിജകുലവിദ്യാചരിക്കയില്ലാരും പ്ര
ജകളുംനന്നായ്പുരികയില്ലെല്ലൊ ദ്വിജന്മാർപൂൎണ്ണരനൃതകൎമ്മകയില്ലാത
ദ്വിജനംമററില്ലതപസ്സില്ലാൎക്കും നൃപന്മാർനാട്ടിലുള്ളവരൊടുകൂട്ടം കല

ഉ ദ്വേരാജ്ഞയും
ന്മാജ്ഞികംവെറുതെവീണവും ഉഴറ്റൊഴിഞ്ഞിട്ടില്ലാരവനമത്യം
പറിക്കംകാപ്പട്ടത്തിൽ കളവെത്രെ കലിയുഗത്തിലുള്ളവസ്ഥകളിവ
പല പ്രമാദങ്ങളും പറയുന്നപൊന്താൽ പൊറുതിയില്ലെന്നുമവനിയിലി
ന്നി പുറപ്പെട്ടുകപെണ്ടതുവൈകാതെന്നാം" ഇതു സചിവൈവൻപറഞ്ഞി
രിക്കുംപൊൾ യദുകുലനാശംഝടിതികെൾക്കായി ഇവണ്ണംതാപസ
ന്മാരുകൾചെയ്തിടിനാ നവനീനായകൻതൊഴുതുചൊദിച്ചു "കിമപിവി
സ്തൃതി പൃഥ്വിചെയ്യെണം കമലനേത്രൻതന്റെലൊകപ്രാപ്തി യദു
കുലമെല്ലാം മുടിഞ്ഞീടുമാറും" കുതുകമൊടരുളിച്ചെയ്യെണം" തെ
ളിഞ്ഞ വൈശമ്പായനന്മാർചെയ്തു കളികൾ കേൾക്കെകിൽ കമലാ
ക്ഷന്റെ വിളയാട്ടംമായാമഹിമയുമെല്ലാം വിളങ്ങിടുംനിജനി
ലയപ്രാപ്തിയും ധരണിപപ്പിതൻ കരുണാവാരിധി സരസിജനെത്ര
ൻതിരുപടിമുദാ വിളങ്ങും ദ്വാരകാപുരിയിലാമ്മാറുതെളിഞ്ഞുവാഴുന്നാ
ളുകാമ ചിന്തിച്ചാൻ "ഒരു പണ്ണം ഭൂമിഭാരം കളഞ്ഞതൊൻ പെരിയഭാര
തസമരവ്യാജത്താൽ ഒരുകൂട്ടംദുഷ്ടരൊട്ടങ്ങൊടുകെവല മൊരുകൂട്ടംദുഷ്ട
രുമായുംവന്നു മമസുതന്മാരായവർക്കൊരുന്നാളും ശമനമാരാലുംവ
രികയുമില്ല അവരെയുംകൂടെയൊടുക്കികൊള്ളുവാ നവകാശമെന്നൊ
ർത്തിരുന്നരുളുംപൊൾ ഭൃഗുഭരദ്വാജവസിഷ്ഠകാശ്യപാദ്യഖിലതാപ
സരൊരുമിച്ചുകദാ ഭഗവാനെക്കാണ്മാനെഴുന്നെള്ളുന്നെരം ഭഗവ
ത്പുത്രന്മാർപലരുമൊന്നിച്ചു മുനികളെക്കണ്ടുമനസി ചിന്തിച്ചാർ "ഇ
ന്നിവരെനാംപലക്കെന്നമിപ്പൊൾ" ഝടിതിസാംബനെച്ചമയി
ച്ചീടിനാ രുടലുംഗർഭിണിയുടെവെഷമാക്കി മുനിവരന്മാർതൻതിരു
മുൻപിലവെച്ചു വിനയംഭാവിച്ചുതൊഴുതുചൊദിച്ചാർ "ഇവൾപെ
റുന്നതു പുരുഷനൊ പെണ്ണൊ ദിവസമെതെന്നരുളിച്ചെയ്യെണം" അ
തുകെട്ടന്യൊന്യം മുഖം നൊക്കിക്കണ്ടതിനൊരുത്തരമരുൾചെയ്തീടി
നാർ "അടുത്തിരിക്കുന്നിതിവൾക്കുപെറ്റിപ്പൊൾ പെട്ടതെറ്റമിരിമ്പു
ലക്കയതിനാലെ കുലംമുടിയും നിങ്ങൾക്കെ ന്നതിനു കില്ലില്ലെ"ന്നതുമ
രുൾചെയ്യൂർ മരവിപ്പുമതമറിഞ്ഞമാമുനി വരന്മാരും വിരഞ്ഞെഴുന്നെ
ള്ളീടിനാർ സകലലൊകനായകനെയുംകണ്ടു ഭഗവൽഭക്തന്മാർമറ
ഞ്ഞിതക്കാലം ചിരിച്ചുഭാഷിച്ചുനടന്നബാലന്മാർ പിറച്ചുസാംബ
നുംപ്രസവിച്ചീടിനാൻ ഇരിമ്പുലക്ക കണ്ടതിഭയംപൂണ്ടു പരൻപുത്ര
ന്മാരെല്ലാം [illegible] ചീടിനാർ "യദുരാജൻതന്നൊടറിയിക്കെ"ന്നതു മധു
പുത്രന്മരുതുകെട്ടന്നെ മഥുരംഭൂപാലനൊടുപറഞ്ഞിതു അവനീശ
ൻതാനുംപുനരുരചെയ്യാൻ "ഇരിമ്പുലക്കയതഖിലം നിങ്ങളരംകൊ
ണ്ടരാകിപ്പൊടിച്ചുവൈകാതെ കടൽക്കകാഴിയിതപ്പുനരെന്നാല്ലമി

[Margin notes: ...'s sons turn out bad; (Samba) is delivered of an iron pestle]

കുലത്തിന്നു നാശമിളക്കുന്നതെല്ലൊ" അതുപൊടിച്ചു വാരിധിയിലിട്ടി
രുന്നപൊഴൊരു കഷണം ശേഷിച്ചു അതു സമുദ്രത്തിലെറിഞ്ഞിതുമാ
ത്സ്യപ്പൂരൊമം ചെന്നു വിഴുങ്ങിതന്നെരം വലയിൽ കിട്ടി മത്സ്യത്തെക്കീ
റി വര്ത്തന്ന് കലചെയ്യുകിറായതു നെരം കണ്ടു" എടുത്തു കാട്ടിനാനിമ്പംപൂത
ൻഖണ്ഡം കൊടുത്താൻ കാട്ടാളൻ തനിക്കു വന്താനും ഒരുശരം തീ
ൎത്താനതു കൊണ്ടക്കാലം ഇരിമ്പുലക്കതൻ പൊടിയായുള്ളതും തിരമാ
ലയൂടെ വന്നടിഞ്ഞു തീരത്തു വിരവൊടെരകത്തൃണമായുണ്ടായി ധനഞ്ജ
യൻ താനും ഭഗവാനെക്കാണ്മാൻ തനിയെ ശ്രീദ്വാരകയാകം പുക്കാൻ
അരവിന്ദൊത്ഭവ പുരഹരാദികളരവിന്ദാക്ഷനെ സ്തുതി ചെയ്തിതന്നാർ
തെരുതെരെ ദ്വാരവതിയിലക്കാലം പെരികെ ദുൎന്നിമിത്തങ്ങൾ കണ്ടായുള്ളന
പുരവാസികളൊടുരുൾചെയ്തീടിനാൻ "മുരഹരനായ പരമപുരുഷൻ
അടുത്തിതാപത്തിന്നതിന്നായിട്ടത്രെ കടുപ്പമെറും ദുൎന്നിമിത്തങ്ങൾ കാ
ണുന്നു ഇവിടം കൈവിട്ടു പുറപ്പെട്ടുകന്നാം പവിത്രമാം തീൎത്ഥപ്രവരമാ
ടുവാൻ ഭഗവദ്വ്യോഗം പറിചൊടുകണ്ടു ഭഗവൽഭക്തനുദ്ധവനും ചൊ
ല്ലിനാൻ "തിരുമനസ്സെന്തെന്നറിയാഞ്ഞിരിക്കുന്നു പരിതാപം പാരം
മമ ഭഗവാനെ അടിമലരിണയൊടു പെരിയ [illegible] മടിയനെപ്പുനരി
നിമടിയാതെ വെടിയാതെ പൊററി പ്രീതിയുമില്ലല്ലൊ അടിയനു പി
രിഞ്ഞിരിപ്പതിനെതും" അതു കെട്ടു ദെവനരുൾ ചെയ്തിടിനാൻ മതിമാ
നാകമുദ്ധവരൊടന്നെരം "പറഞ്ഞീടാം മമ പരമാൎത്ഥം കെൾ നീ അറി
ഞ്ഞുകൊണ്ടാലും വികല്പം കൂടാതെ പിരിഞ്ഞിരിക്കയില്ലാൎക്കും ലൂംഞാ
നൊ നിറഞ്ഞിരിപ്പൊരു പരമാത്മാവു ഞാൻ" ഉപദെശം മാത്മാനമുപ
ദെശിച്ചുട നവനെയുമയച്ചിതു ഭഗവാനും വിദുരരൊടു ചൊല്ലുകെൾക്കു = Maitreya
മാരവി "ഏതയെഞ്ഞാൻ പുനരിരിക്കമെന്നുമ്പൊ" അരുൾ ചെയ്യുന്നെരം they go to Prabha[illegible]
തൊഴുതവൻ താനും നരനാരായണാശ്രമം പ്രതി പൊയാനു പുനര
ഥ യദുവംശ്യന്മാരുമായി കനിവിനൊടു കൂടെഴുന്നെള്ളിനാൻ പ്രഭാസ സമുദ്രതീ
ൎത്ഥസ്നാനവും കഴിച്ചു പരമത്ഥപൂജയും കനിവൊടു ചെയ്താർ പിതൃക്കൾ
ക്കതൃപ്തി വരുത്തിനവെകാതെ യദുക്കൾ ദാനവും ദക്ഷിണയാക്കം ചെയ്താർ
കളഭമാല്യഭൂഷണവസ്ത്രങ്ങളാൽ അലങ്കരിച്ചുപരം ഭക്ഷിച്ചുറ ഭുജി
ച്ചു മദ്യവും ധനിതി സെവിച്ചു ഭക്തിചിത്തഭംഗ തിരെയും നന്നായ് മദി
ച്ചു തന്നെത്താൻ മറന്നു യാദവ രുദിച്ചു [illegible] വൈരത്തിനാ
ശമപ്രധാനമാനന്മാരന്നെരം ദ്രൊഹിച്ചു [illegible] കലഹിക്കെ [illegible] ടിട്ടാർ
പടകം ഭാരതസമരം പൊലമാ [illegible] താവമാവും സാത്യകിയുണ്ടായി [illegible]
സ്സുരമുള്ളിലവിടെസ്സുഖിയും പെരുത്തിതുച്ചത്തി [illegible] പറഞ്ഞാരന്നെരം [illegible]
പ്രസവമന്നിലജയമതുല്യം നിശിതമായുധമെടുത്താരന്നെരം പകുത്തു

തങ്ങളിൽകലഹിച്ചാരെററം പകച്ചിരുത്തിനാരിരുകൂറാത്തമ്മിൽ പട
തപമൊട്ടടനടുത്തുവെട്ടിയും തട്ടുത്താംപുകൾതൊടുത്തുടനുടൻ മഴപെയ്യും
വണ്ണംപൊഴിതുമന്യോന്യം പുഴകളെപ്പോലെയൊഴുകിചൊരയും
മുറിഞ്ഞുവീഴ്കയുമുടനെചാകയും പറഞ്ഞുനില്ക്കപകഴത്തുകയും ജന
കനെപ്പുത്രൻമകനെത്താതനും കനിഷ്ഠനെജ്യേഷ്ഠൻകനിഷ്ഠൻജ്യേ
ഷ്ഠനെ മരുമകനെമാതുലനുംകൊല്ലുന്നു മരുമകനമ്മാമനെയുംകൊല്ലു
ന്നു ശിവശിവശിവശിവശിവശിവ ഭവഭവഭയഹരമൃഡശിവഹ
രഹരഹരഹരഹര പുരഹരസ്മരഹരമൃതിഹര പെരികനന്നുമാധ
വനുടെമായ ക്കൊരുപസ്സുപുനംരുതാതെയുണ്ടൊശരചാപാദികളൊ
ടുങ്ങിയശെഷം വിരവൊടെരകത്തുണകണിശത്താൽ തെരുതെരത്ത
മ്മിതപ്രഹരിക്കുന്നെരം മരണത്തിന്നെററമെളുതായിതുലൊം മദപ
നവശമനസാസ്തപരം യദുകുലവരരമിതമെരകത്തുണമെറുതെരുതെ
രമരിച്ചുടൻ കുണപമായ്പുന്നുശിവശിവചിത്രം ഒടുങ്ങിക്കൂടായൊരള
വതുകണ്ടു ദുഃഖനായുള്ളൊരുബലഭദ്രരാമൻ സമുദ്രത്തിൽചാടിമുഴകി
വൈകാതെ സമതപമൊടവനനന്തനെയുംപ്രാപിച്ചു ഭഗവാനഗ്രജ
നുടെഗതികണ്ടു സുഖമെയൊഗംപൂണ്ടിരുന്നരുളിനാൻ അവനിഭാര
പുമംപിലംതിന്നുതായവതാരകാര്യംകൃതമായ്തിക്കുന്നു ഇനിവൈകുണ്ഠ
മാംപദംപ്രാപിച്ചീടാമിനിക്കകാലംവൈകരുതെല്ലാവൃഥാനിനച്ചു
വംദെവൻവലനെത്തുശ്രീപാദ മണച്ചിടത്തെതുത്തുടതന്മെൽവെച്ചുനി
പ്പുന്നുദെഹമിരുന്നരുളീനാൻ പവനൻതന്നെയുമടക്കിനിശ്ചലം
അടച്ചുമൂലാധാരവുമുറപ്പിച്ചു പടുതപമൊടുകുണ്ഡലിനിശക്തിയെജ്വ
ലിപ്പിച്ചുമെന്മെൽസുഷുമ്നയാ ചക്രകുലത്തെയുമൊക്കദഹിപ്പിച്ചൊരൊ
ന്നെ ദഹനനക്കമണ്ഡലത്തൊടുതട്ടി ദഹനമണ്ഡലത്തിനെയുംപി
ന്നിട്ടു സഹസ്രാമൃന്നഗ്നികളുമാസ്ഥിയൃക്ഷ കിരണമണ്ഡലത്തൊടുചെ
ന്നുതട്ടി വിയത്തൊഴുകിടുമമൃതധാരയാ ലയിച്ചുമൂലാധാരവുംകുളുപ്പി
ച്ചു സപദിബ്രഹ്മരന്ധ്രവുമമത്തുള്ളിൽ തപസായൊഗമൊടിരുന്ന
രുളുംപൊൾ ത്രിഭുവനമൊക്കനിറഞ്ഞുതെജസാ പവനനെജ്ജയിച്ചു
മൃതപ്പായനം വിരവൊടുചെത്തുനെറുകയിൽനിന്നു പരിചൊടുപൂമം
പുറപ്പെട്ടുംനെരം നിറന്നൊരാൽത്തറമുകളിലാമ്മാറങ്ങിരുന്നരുളുന്നഭഗ
വല്പാദത്തെ തുടുന്നനെക്കാണായിതുകാട്ടാളനുമടുത്തിതുമെല്ലമറഞ്ഞു
വൃക്ഷത്തെ വിടപികളുടെകിമപിസുക്ഷിച്ചാ നടവിവാസിനാം
കുലജീവാന്തകൻ മുസലശെഷനിർമ്മിതശരധരൻ മുസലിസൊദരപ
ദസരൊജത്തെ ശിതതരമായശരംപ്രയൊഗിച്ചാൻ വിധിവിഹിത
ത്താലതുമതുനെരം തുരംപുലെക്കതൻകഷ്ണംകൊണ്ടുള്ളശരമായ്പന്നി

ത്തുപുനരത്തുചെന്നു ഭഗവൽപാദാംഭോരുഹത്തിനാകൊണ്ടു ഭഗവാൻത Cr. hit by a jungle dwell
ന്നുടെമതമതാകയാൽ- വഴിയെകാട്ടാളനടുത്തുചെന്നപ്പോളഴിനിലപൂ
ണ്ടുതൊഴുതുവീണവൻ "അടിയനെന്തുമൊന്നറിഞ്ഞീലപൊററി ഉടമ
യൊടെന്നെപ്പരിപാലിക്കേണം മുനിവരന്മാർമാനസത്തിലും ഗോപ
വനിതമാർമുലത്തടത്തിലും പത്മകരത്തിലും നല്ലബലിശിരസ്സിലും പു
രരിപുദെവഹൃദയത്തിങ്കലും വിധികരതലങ്ങളിലും ഗൌതമ ഹൃദയ
നായികാട്ടക്ഷപവ്വസ്സിലും വിളങ്ങിടും തവപദസരൊരുഹ തലത്തിങ്
കൽമമശരമെല്ലിപ്പതി ന്നൊരുതിരുവുള്ളം കലന്നതെന്തയ്യൊ മുരഹര
നാരായണനരകാരെ ചരണതാരിണശരണം ദൈവമെ കരുണാവാ
രിധെശരണം ദൈവമെ" തിരുമെയ്കണ്ടുള്ളിൽ വന്നാനന്ദവും ശരമെ
ല്ലിച്ചതുനിനച്ചുഭീതിയും കനിവുകണ്ടൊരത്ഭുതവും കൈകൊണ്ടു വ
ണങ്ങിനാൻ തെരുതെരകിരാതനും ഭയപ്പെടെണ്ടാ നറിഞ്ഞെയത്രെനിന
ക്കയുക്തമല്ലിതുവിധിവശാൽ വന്നു ചതിച്ചെയ്യെൻ നിന്നെക്കഴിഞ്ഞ
ജന്മനി പ്രതിക്രിയപുനരതിന്നിതുമെടൊ നിനക്കിനിച്ചിരമമരലൊ
കത്തു മനഃഖെദം തീൎന്നുവസിക്കാമെന്നുടെ മനഃപ്രിയത്തിനുഫലമ
താകയാൽ കനക്കനിന്നിലുണ്ടിനിക്കുവാത്സല്യം" അറിയാതെയൊരു
ശരംകൊണ്ടച്യുത ചരണമെയ്തിച്ചനിമിത്തം കാട്ടാളൻ ഒരുനാളുമൊരു
ലയംവരാതൊരു പരഗതിവന്നുശിവശിവ ചിത്രം ഖഗമുഖബുദ്ധ്യാ
വിശിഖമെയ്തിച്ച ഖഗപ്രവരനായുള്ളമഞ്ഞുകാട്ടാളൻ "ധരണിദെവന്മാര
തിശയഭക്ത്യാ സരസിജസമതുളസിപത്രങ്ങൾ ചരണതാരിലനാഹ
മാരാധിച്ചാൽ വരുന്നൊരുഫലമിനിക്കചൊല്ലാമൊ" ഹരികരുണവാരി
ധികിരാതനുസുരലൊകപ്രാപ്തികൊടുത്തനന്തരം തിരഞ്ഞുദാരുകൻ ഭ Daruka finds him
ഗവാനെക്കാണാഞ്ഞുഖെദംപൂണ്ടുനടന്നങ്ങൊടിങ്ങൊ ട്ടുഴന്നുതെ
രുമായവനും വന്നുക ണ്ടുഴന്നുവീണുടൻ നമസ്കാരം ചെയ്താൻ "ചതി
ച്ചതെന്തെൻ ഭഗവാനെ മമ മതിഭ്രമം പാരം മുഴത്തിരിക്കുന്നു മൃദുമൃദു
ലമായരുണമായൊരു പദതളിരിലെന്തൊരുശരമെല്ലാൻ അവകാശം
വന്നതിഹഭഗവാനെ ഭവദനുമതമറിയാഞ്ഞെനിക്കുള്ളിൽ പരിതാപം
പാരംവളരുന്നുപൊററി ശരണം മററില്ലകരുണവാരിധെ പിരിഞ്ഞ
റിയുന്നീലൊരുനാളുമിനി പിരിഞ്ഞിരിപ്പാനുമരുതു ദൈവമെ ചതി
പ്പാനല്ലല്ലീതുടങ്ങുന്നു നാഥ യദുപ്രവര മാധവ ജഗന്നാഥ തിരുമനസ്സി
ചിന്തിതമെന്തെന്നതു തിരിയാഞ്ഞു ദുഃഖം പെരുതാകുന്നു മെ" നിറഞ്ഞ ദുഃ
ഖത്താലടിത്താരിൽവീണ പറഞ്ഞു ദാരുകൻ കരയുന്നനെരം തെരുന്നന
ത്തെരുമുയന്നുമെല്ലെട്ടു വിളങ്ങുമായുധങ്ങളുമായന്നെരം നടുങ്ങിദാരുക
നതുകണ്ടന്നെരം പൊട്ടുന്നനക്കൃഷ്ണനതൾം ചെയ്തീടിനാൻ "തെരിക Kr. sends him to Dw

ന്നെദ്വാരവതിക്കുമെന്നുനീ പറഞ്ഞിടെണംമീയവസ്ഥകളെല്ലാം പ
ട്ടതാമെറീട്ടൊരുകാലത്തിന്റെ തട്ടത്തുകൂടാതവലത്താലിക്കാലം ഒട്ട
ങ്ങിപണ്ടുള്ളജനങ്ങളെല്ലാതെ വെടിഞ്ഞിതഗ്രജൻ ധരണിതന്നെയും
അവനിതന്മിതെവസിച്ചതന്നിനി യവപ്രിതമായിവസിക്കുമാറാ
യി അധികംസ്വസ്ഥനായിരുന്നഞാൻതാനു മധുനാഥസ്ഥനായ്ക്കു
മന്തിരിനിയും വിരവിൽസ്വസ്ഥനായ്ക്കുമയുമാറെത്രെ വരുന്നിതെ
ന്നുമറിയിച്ചീടെണം ഒരുത്തനുംദ്വാരാവതിയിലാമ്മാറങ്ങിരിക്കൊ
ലാപാരംപിഴക്കുമിന്നിപ്പൊൾസമുദ്രരാജൻവന്നതിക്രമിച്ചീടുംഗമിച്ചു
കൊള്ളണമതിനുമന്നമെ ധനധാന്യാദ്യുപകരണങ്ങളൊടുംതനയ
ദാരങ്ങളെയും കടന്തിക്കൊണ്ടുടനെപൊകെനംകിമപിവൈകാതെധ
ടിതിവാരിധിതകൾവന്നിപ്പൊൾ സുമതിയായവൻമുന്നെ വാഴി
ക്കെന്നുമമനിയൊഗാജ്ഞനനൊടുചൊൽക തദനുസർവ്വലൊകരെയും
കൊണ്ടുപൊയ്യദനംപാലിക്കെന്നതുമെല്ലാംചൊൽക വിധിവിഹി
തമിതൊഴിക്കരുതാക്കമതിന്നാരുംഖെദിക്കരുതെന്നുംചൊൽക" സക
ലലൊകെശവചനമെവംകെട്ടുകമെവന്നൊരുപരിതാപംകൊണ്ടു ക
ഴൽതളിരിണപലവുരുക്കൂപ്പിമുഴത്തചിന്തയാനടന്നുദാരുകൻ സനക
നാരദപ്രമുഖന്മാരായ മുനികളൊടുംദൈവകളൊടുംകൂടി കമലജനൊ
ടുംഗിരിസുതയൊടും വിമലനീശ്വരൻത്രിപുരനാശനൻ ത്രിഭുവന
പതിഹരിസുരപതിവിട്ടമഖപതികമലജപതി ധരണിഭാരവുമഖിലം
തീൎത്തൊരൊ തരുണിമാത്രമായൂമിച്ചനാരതം യദുകുലകീൎത്തിജഗതി
ചെൎത്തുള്ളിൽസ്വൈരബ്രഹ്മചൎയ്യവുംദീക്ഷിച്ചുകൊണ്ടുഉവില്ലാതൊരു
കളികളാലകതളിരഖിലജന്മികൾക്കുംമൊദിപ്പിച്ചിനിമെലിൽകലിയു
ഗത്തിംകലുള്ളമനുജൎക്കുഗതിവരുത്തീക്കൊള്ളുവാൻ പവിത്രകീൎത്തി
യുംവരുത്തിമെല്ലുമെത്രിവൎഗ്ഗവുംഭക്തജനത്തിനുനൽകി പരമമാ
യുള്ള പദത്തെപ്രാപിപ്പാനെരുമിച്ചനെരംതൊഴുതുസെവിച്ചാ
ർ പുരഹരൻതാനുംകമലജൻതാനും പുരന്ദരാദിയുംമുനിവരന്മാരും
മുദിതരായ്വെദങ്ങളെക്കൊണ്ടുനന്നാസ്തുതിച്ചുസെവിച്ചുതൊഴുതുകുമ്പി
ട്ടാർഋജുശരീരനായിരുന്നുടൻപ്രാണ വിജയമൊടഗ്നിനുഷ്ഠിതന്നൊ
ടെവിരവൊടുമെല്ലട്ടടൻജ്വലിപ്പിച്ചു കരയെറിചക്രങ്ങളുംദഹിപ്പി
ച്ചുസ്ഥിരയായൊരുധാരണയാമൂൎദ്ധനി ഹിരണ്യരെതസ്സുംതുടിതിദീ
പിച്ചുപുറപ്പെട്ടൊരഗ്നിദഹിപ്പിച്ചുദെഹംകുറച്ചിൽകൂടാതെനിറഞ്ഞൊ
രാഭയുംജഗത്തിങ്കലൊക്കവിളങ്ങിക്കാണായി സുഖിച്ചുദിവ്യന്മാരു
കണ്ടെറവുംപൃത്ഥ്വതനീലമണിരുചിപൊലെ തിരുനിറംപൂണ്ടവപു
രക്ഷരൂപവും ഉദിതമായ്ക്കാണായിതുസുരന്മാൎക്ക മതിമറന്നൊരുപര

മാനന്ദത്താൽ വളരെ കല്പകപ്പൂമലർകൊരി തളിരൊടെ ചൊരിഞ്ഞി
തുമഴപൊലെ തുടങ്ങി വാദ്യങ്ങളുലറിച്ചും പുന രൊടുങ്ങാത പൊട്ടും
പലതരം കൂത്തും നടിക്കുന്ന നല്ലനടന്മാരും കൊത്തു പാടിക്കുന്നകൂടി
സ്തുതിക്കയുമെല്ലാം കമലസംഭവപുരഹരാദികളമരന്മാരുമാ സ്സുടനെ
രെല്ലവെ പരമാത്മാവായ പരബ്രഹ്മമൂൎത്തി പരമാനന്ദരൂപനെ
ഭജിപ്പാനാ സ്സ്വൎജ്ജനങ്ങളലൊകം ഗമിച്ചാരക്കാലം. ഭക്തിയന്ത
ന്നൊടു ഭജിക്കയും ചെയ്യാർ — പുനരുടൻ ദ്വാരാവതിയിൽ മെവീടും ജ
നനിതന്നുടെ പതിയായുള്ളൊരു വസുദെവൻതന്നൊടുരചെയ്തീ
ടിനാൾ "കുസുമിതലതതരുനിരകളും പെരികമാഴ്വാനൊരു മൂലമെന്തു ന
രണിബിംബവും കറുത്തിരിക്കുന്നു തെളിവില്ലെത്രം ദിക്കുകൾക്കും ദിവ
പ്പും വിളങ്ങുന്നീലെത്രം മനസ്സും മാഴ്കുന്നു പവനനും മാന്ദ്യം കുറഞ്ഞുകാണു
ന്നു ഭവനങ്ങൾക്കുമില്ലൊരു പററമെത്രം ഉദധിതീൎത്ഥത്തിൽ കുളിപ്പാൻ
പൊയൊരു യദുകുലവൃത്താന്തവും കെട്ടീലെത്രം വരുവാനിത്ര വൈകിയ
തുമെന്തവരെന്നു ചിന്തമുന്നിരൂപിച്ചും ഹിമകിരണമണ്ഡലംപ
ണിയുന്നമമതനയൻ തൻ മുഖസരൊരുഹം വിളങ്ങി കാണാഞ്ഞില്ലിനി
ക്കൊരുവെമ്പൽ കളഞ്ഞുതെന്തെന്നകണക്കെ തൊന്നുന്നു തളരുന്നകാലും
കരങ്ങളുമെല്ലാം വളരുന്നു താപമിനിക്കു മെൽക്കുമെൽ വലത്തുകണ്ണാടു
ന്നിതു തെരുതെര വിറെക്കുന്നു തൊളും തുടയുമപ്പുറം" പലവും ദെവകിപ
തിതന്നൊടന്നങ്ങലസഭാവം ചൊന്നളവുകാണായി പിടിഞ്ഞു പൊയ
ധീരതയുമായെററം കരിഞ്ഞ ഭാവവും കലൎന്നുകാണായി തതിമന്ദം മന്ദം വ
രുന്ന ദാരുകൻ അതു കണ്ടുണ്ടൊന്നു മനസ്സിതൊന്നുന്ന പിറകെയുണ്ടെ
ൻ രാമകനതുകൊണ്ടു പെടികമന്ദിച്ചു വരുന്നിതുമവൻ അതുകെട്ടു വൈ
ദൎഭിയും തെളിവൊടു സദനം പ്രാപിച്ചു വിളിച്ചു ശയ്യയും ഉദകവും ഭൃംഗാ
രകങ്ങളിൽ നിറച്ചു ദിതാനന്ദം പാൎത്തിരുന്നിട്ടനെരം പുരവാസിജന
മെഴുന്നെള്ളത്തു കെട്ടിരുന്നാരെററവും പരമാനന്ദം പൂണ്ടതിൽ ചിലരൊ
ടിപൊരുവഴിക്കു ചെന്നതിപ്രിയമൊടെ നവഴിക്കുനൊക്കിയും സ്മിതം കെ
ട്ടു ചാതകങ്ങളെപ്പൊലെ മനസ്സിൽ സന്തൊഷം കലൎന്നു മെവിനാർ അതു നെ
രമൊട്ടങ്ങു ട്ടുത്തു ദാരുകൻ മൂൎഛാമഹം നടന്നാനയ്യൊ എന്നു പൊലെ ഭ്രവദപ്പത്താ
ന്തം പലരും ചൊദിച്ചാരകമെ പെന്തു വെന്ത വനമന്നെരം ചെറുതുമങ്ങി
നാനവിടെ വീണൊനങ്ങു രണ്ടുതന്നെ ഞാൻ പെരികത്താഡിച്ചാൻ മഴ
പെയ്യും പൊലെ നയനവാരിയുമൊഴുകുന്നു കരഞ്ഞുരുളുന്നു പാരിതു ശിവ
വശിവശിവ പുനരപ്പൊൾ വന്നവിവശതയെന്തു പറയാവതല്ലെത്രം ചി
ലരൊട്ടന്നിതു ചിലർ വീഴുന്നിതു ചിലർ മൊഹിക്കുന്നു ചിലർ കരയുന്നു
ച്ചിലരിരിക്കുന്നു ചിലർ കിടക്കുന്നു ചിലർ പിറക്കുന്നു ചിലർതെ

consternatio at Daruka report

ഴിക്കുന്നചിലർചിലരെയുംപിടിച്ചുകെഴുന്നു ചിലർചിലരെചെന്നുട
ന്നെപുൽകുന്നു കടൽവർണ്ണകണ്ണകരിമുകിൽവർണ്ണ കടൽമകൾപുൽകുംമ
ണിവർണ്ണനാഥചരിക്കയൊചെയ്യുതിനിയാരുള്ളതെ നമ്മതിക്കാനന്ദം
നൽകുവതിന്നിശ്വരപൊറുക്കുന്നതെങ്ങിനിനിയതെങ്ങിനെ മരിക്കു
ന്നെൻ വല്ലകണെക്കിലുമയ്യൊപരിണതശശമൃഗധരബിംബം പരി
ചൊടുകളും തിരുവദനവും തെളിഞ്ഞവെൺനിലാവഴലെറുംവർണ്ണം
വിളങ്ങുംപുഞ്ചിരിപ്പുതുമയുമയ്യൊമധുരമായുള്ളൊരമൃതത്തെക്കാളും അ
തിമനൊജ്ഞമാമരുളപ്പാടുകൾ ചെവികളിൽക്കെളാതിരിക്കുന്നാകി
ലൊശിവശിവപൊറ്റിപൊറുതിയെങ്ങിനെ നിറന്നമഞ്ഞപ്പട്ടു
more in Mspt 399 യുംകാഞ്ചിയുംമറന്നുകൂടുമൊളുടയിന്നക്കാമ്പും // പലവുമൊരൊരൊവി
ധമിവർണ്ണമെപലതരംചൊല്ലിക്കരയുന്നനെരം അസുരവൈരിയെമ
നസിചിന്തിച്ചുവസുദെവക്കുംദെവകിക്കുമന്നെരം ജനിച്ചസന്താപം
പറഞ്ഞുകൂടുവാൻജനിച്ചവർകളി ലൊരുത്തരില്ലല്ലൊ വിഭജാദി
വല്ലഭമാക്കമപ്പൊഴുദിച്ചസന്താപമതിൽപരമെത്രെ പുരന്ദരാത്മജനി
വയെല്ലാംകണ്ടു. പരൻപുരുഷനെമനസിചിന്തിച്ചും ഇരുന്നുത
ന്നെത്താന്മറന്നൊരിത്തിരി പറഞ്ഞുമാതുകനരുളപ്പാടെല്ലാം // യദുവര
നാമാഹുകൻതന്നൊടതി ദുഃഖംചൊല്ലിണമെന്നുമരുൾചെയ്തു ഉട
Its wives burnt with his body നെപാരിജാതവുമതുനെരം നടകൊണ്ടുമെല്ലട്ടയന്നുവെരൊടെ നട
ന്നൊരാഹുകൻവഴിയെപൊയ്യുന്നു കിടന്നയാദവരുടലെല്ലാംകണ്ടു
ചിതയുമർജ്ജുനൻചമച്ചാനന്നെരം അതിസുഗന്ധചന്ദനതരുക്കളാൽ
ചിതയിലാമ്മാറുമടിയാതെചാടി മധുരാപുരിതരുവുടലൊടുചെന്നു മധു
മൊഴികളാംപ്രണയിനിമാരുംമധുമഥനൻതന്നുടലൊടുചെന്നു ലഭി
ച്ചുസായൂജ്യമവർക്കതുകാലംതപസ്സുപണ്ടേറെചരിച്ചതുമൂലം തനയനാ
യുന്നുപിറന്നകൃഷ്ണനെമനസിചിന്തിച്ചുമരണംപ്രാപിച്ചു വസുദെ
വാഖ്യനാംഎഴാംപ്രജാപതി വസുമതിപതിയൊടുചെന്നിടിനാൻ
ചിതയിലാമ്മാറുപതിച്ചുദെവകിപതിയുംതാനുമാ യ്സതന്നൊടുചെന്നാ
ർപതിനാറായിരംപ്രണയിനിമാരും പതിയൊടുചെന്നാർപുനരതു
It destroyed by sea കാലംമുഴകിമെല്ലവെകരെറിവാമെന്ന തഴകൊട്ടുതൊന്നിമുഹുരവക്കെ
ല്ലാംയദുക്കൾക്കെല്ലാക്കുമുദകവിധങ്ങൾ വിധിച്ചുവർണ്ണമെകഴിച്ചു
പാൎത്ഥനുംസമുദ്രംദ്വാരകാപുരത്തെയുംമുക്കി സമസ്തംമാധവഗൃഹമൊ
ഴിഞ്ഞെല്ലാംഒഴിഞ്ഞുള്ളനാരിജനത്തെയുംകൊണ്ടു വിഷണ്ണനായ്പാ
Arj ~ jungles ൎത്ഥൻനടന്നുവൈകാതെപെരുംകാട്ടൂടെനടക്കുന്നനെരം ഉരത്തകാട്ടാ
ളരട്ടന്മാരന്നെരം കരുത്തരുംസിംഹത്തൊടുകലഹിപ്പാൻ കരുത്തുന്നാ
യുൾചെന്നടുക്കുന്നപൊഴുതലധടിതിക്കുമനായുധഗ്രൂതാതാജ നടുത്തു

യുദ്ധത്തിന്നൊരുമിച്ചനെരംകലക്കായിലവില്ലെടുക്കായിലൊട്ടും. വലി
ക്കായിലസ്ത്രങ്ങളുംതൊന്നീലെല്ലാം വിക്ഷുഭിഷണ്ണന്ത്രനിരുദ്ധനായൊ
രുവിക്ഷധരനെന്നകണക്കെഫല്ഗുനൻ നിരുദ്യോഗംപൂണ്ടുകിമപിനി
ൎക്കുംപൊൾകരുത്തെറുംകാട്ടാളരുമട്ടത്തെററം പറിച്ചുകൊണ്ടാർന്നാ
രികളെയുമപഹരിച്ചാരർത്ഥമുള്ളതുംബലാലപ്പൊൾ "ഇതുവരുവതിന്ന
വകാശമെന്തുമധുരീപൊമുരമഥനദൈവമെ നിഖിലംനിന്തിരുവടി
യുടെമായാ വികൃതിയെത്രെനിശ്ചയംജഗത്തെല്ലാം അശക്തനായു
ന്നെനിവരെരക്ഷിപ്പാ നശക്തവായുന്നമിതന്നെനെല്ലൊഞാൻ ഇ
നിഞാൻഭൂമിയിലിരുന്നതുമതിവനചരന്മാരാൽപരിഭൂതനായെൻ" ക
രഞ്ഞുമൊരൊന്നെപറഞ്ഞുമിങ്ങിനെ പിരിഞ്ഞുനാഥനെനിനച്ചുശൊ
കിച്ചും നടക്കുന്നെരംവിധിവശാൽപുന രട്ടത്തുവെദവ്യാസനെയും
കാണായികരുണാപീയൂഷനിധിയെകണ്ടവൻ ചരണതാരിണവ
ണങ്ങിവീഴ്കയുംപൊട്ടപൊടപൊട്ടിക്കരകയും.കണ്ണീ രുടനുടൻവീണ
ങ്ങാലികയും"മററില്ലടയവരെന്നുപറകയുമുള്ളിൽ കിടുകിടുക്കയുംമു
നികണ്ടന്നെരം അരുളിച്ചെയ്യിതുകരുണെയാനരവരനാമർജ്ജുന നൊട്ടു
കനിവൊടെനിനക്കിതുകൊണ്ടൊരിളപ്പമില്ലതു നിനച്ചുശൊകിയായ്കു
മരെന്ദ്രാത്മജത്രിഭുവനംതന്നിലൊരുവരുണ്ടൊചൊ ല്ലഭിമാനക്ഷയ
മനുഭവിയാതെകുതകാലംമാനംവരുമവമാനം വരുമൊരുകാലമിടക
ലന്നുള്ളജനിമൃതിസംഗ്നരകയാമിനി ദിനസുഖദുഃഖാദ്യഖിലദ്വന്ദ്വ
ങ്ങൾജഗതിസംപത്തുംവിരവൊടാപത്തും ഭഗവാനുമൊലുംഭവിക്കു
ന്നൂനം ഒരുവരിഷത്തിനുടനെവെനലും വരുമതിനില്ലവികല്പമെ
ത്തുമെ ദശദിശികീർത്തിപരത്തീടുന്നൊരു ദശരഥനൃപപ്രവരനന്ദനൻ
ദശമുഖകാലനമിതവിക്രമൻ ദശശതച്ഛദസുഹൃൽകുലജാതൻ അദി
തികുലശമനനീശ്വരൻ അഭിമാനമുള്ളപുരുഷരിൽമുൻപൻ സ്വ
ധർമ്മദാരാപഹരണവുമവ നധിഗതമായിതുധരിക്കനീ അവനി
യിലൊരുനരനുമവ്വണ്ണ മവമാനമനുഭവിച്ചീലൊർക്കെണം വനിത
മാരിവർവളഞ്ഞദെഹനാം മുനിവരൻതന്നെപ്പരിഹസിക്കയാൽ പ
തിച്ചുകാട്ടാളരവനിയിലാക്കി യപഹരിച്ചപൊകൊരുനാളെന്നല്ലാ
ദ്വിജശാപംതട്ടുകനുതൊരുവക്കുംവിജയകണ്ടുതില്ലയൊനിതാനിപ്പൊ
ൾ തവശൌര്യത്തിനുകുറവുണ്ടാകയല്ലവനിതെവെശനുടെശാപത്തി
നാൽ അബലമാക്കിതിന്നകപ്പെട്ടുഭവാ നബലനാകയല്ലതുധരിച്ചാ
ലും പ്രിയസ്വഭാവനായുറച്ചബന്ധുവാ യ്യയസ്യനായിരുന്നൊരു
ജനാർദ്ദനൻ മരിച്ചുപൊയിതെന്നതുനിനച്ചൊനിൻ കരച്ചിലാകുന്നു
ശിവശിവചിത്രം നിനക്കുമൂഢത്വം പെരുതെത്രെപാരം ഇനിക്കതൊ

ന്തൊളം ചീരിയാകുന്നവകൾ മരിക്കയുമില്ലജനിക്കയുമില്ല മുരദ്വെഷി
ജഗല്പതിനാരായണൻധരിച്ചിരിക്കുന്നമനസിനീയുമതിരിക്കെ ശ്ശൊ
കിപ്പാനവകാശമില്ല ജഗദഖിലവുംനിറഞ്ഞിരിക്കുന്ന ഭഗവാനില്ല
ജന്മവുംമരണവും ധരണിഭാരവുംകളഞ്ഞുതന്നുടെ പരിവാരങ്ങളാംയ
ദുകുലത്തെയും ഒടുക്കത്തൊക്കവെമുനിശാപവ്യാജാൽ ഒടുക്കിക്കൂട്ടി
ത്തങ്ങളിൽപിണങ്ങിച്ച പരനുടെമായാമഹിമയൊർത്താൽ മൊരുവ
നമുള്ളിലറിഞ്ഞുകൂടുമൊ അമരകൾകുലപ്പെരുമാൾതാനുന്നം സമര
ത്തിനുപണ്ടടുക്കുന്നെരത്തു രഥത്തിന്മെൽനിന്നുപറഞ്ഞുതന്നീലെ മ
ധുദ്വെഷിനിനക്കുടനാത്മജ്ഞാനം നിനക്കുവിശ്വാസംവരുവാനല്ല
യൊ തനിച്ചവിശ്വരൂപവുംകാട്ടിത്തന്നു ജലരെഖയൊടുസമമായ്യു
ന്നിതൊവലരിപുസുതനിനക്കുതൊക്കവെപരമാത്മജ്ഞാനമുപദെശിച്ച
തും പരമാത്മാവായഭഗവാനല്ലയൊ കുരുവീരനിന്നൊടിനിമററാര
നും സുരവരാത്മജപറഞ്ഞിടെണമൊ ജഗദശെഷവുംനിറഞ്ഞിരി
പ്പൊരു ഭഗവാൻതന്മായാവിലസിതമെല്ലാം ഇനിനിങ്ങൾഭൂമിപ്ര
ദക്ഷിണംചെയ്ക മനസാസന്യസിച്ചഖിലകർമ്മവും നിയതികൊണ്ടു
ള്ളപ്രഭാവംതിന്നുലയിക്കകാരണമിതിങ്കൽനിങ്ങളും" മുനിവരൻ
ദ്വൈപായനൻവെദവ്യാസൻ കനിവൊടിവണ്ണമരുൾചെയ്യുന്നെരം
ഉണർന്നചിത്തമൊടമരെന്ദ്രാത്മജൻ വണങ്ങിനാൻമറഞ്ഞിതുമുനി
ന്ദ്രനും അതുകാലംധർമ്മാത്മജനുംഭീമനൊ ടതിഖെദംപൂണ്ടുപറഞ്ഞിതി
വണ്ണം" അനുജൻദ്വാരകാപുരിക്കുപൊയവൻഇനിയുംവന്നീലെന്തി
നുകാരണം കഴിഞ്ഞിതുമാസമുഴവൻനാലിപ്പൊൾ വഴങ്ങീലിങ്ങു
പൊരുവാനെന്നൊന്നാഥൻ പിഴച്ചുകാണുന്നുനിമിത്തങ്ങളെല്ലാം ക
ഴപ്പമെതാനുംവരികകൊണ്ടത്രെ പെരികമങ്ങിപ്പൊയിതുധരാതലം
നിറന്നദീപവുംപൊലിഞ്ഞൊററംമങ്ങി മരുവുംമന്ദിരംകണക്കെയായ്യു
ന്നു പരുഷമായ്വീയുന്നിതുപവനനുംകൃതികളുള്ളിലും കുറഞ്ഞിതുമെക്ഷം
ഹൃദിമുനിജനത്തിനുമില്ലാനന്ദം പശുക്കളുംചെവികളുംകൂപ്പിച്ചൊററം
വിശപ്പുമൊരാതെമുഴുത്തചിന്തയാ കരഞ്ഞുതങ്ങൊടിങ്ങൊട്ടുഴന്നുനി
ല്ക്കുന്നു പിരിഞ്ഞൊരുപൈതങ്ങളെയുംവെണ്ടീല പശുക്കിടാങ്ങളുംകു
ടിക്കുന്നീലപാൽ പശുക്കൾതങ്ങളുംകുടിപ്പിക്കുന്നീല ശംന്മാരാനനം
തെളിഞ്ഞുകാണുന്നു സ്പുടങ്ങളാകുന്നീലരവിന്ദങ്ങളും ദലങ്ങളുംമാഞ്ഞി
മരങ്ങളുമെല്ലാം ഫലങ്ങളുംകൊഴിഞ്ഞിതെല്ലൊകാണുന്നു തെളിഞ്ഞതി
ത്താരുംകലങ്ങിക്കാണുന്നു വിളങ്ങീടുംജ്യൊതിർഗ്ഗണങ്ങളുംമങ്ങിജ്വ
ലിക്കുന്നിലാജ്യാഹുതികൊണ്ടഗ്നിയുംജ്വലിക്കിലൊപൊട്ടിപ്പൊരിഞ്ഞി
ട്ടുട്ടു വല്ലത്തുളാഗത്തെവെടിഞ്ഞുകാണുന്നു പലവുമെവംദുർന്നിമി

with grievy about Arj's delay

nature groans

ങ്ങടങ്ങളുംകണ്ടും വല്ലതിപുനുതൻവരവുകാണാഞ്ഞും ധരണിമണ്ഡല
മണിമയദീപം ധരണിയെവെടിഞ്ഞുടൻമറഞ്ഞുതെന്നകതാരിൽതൊ
ന്നിവരുന്നിതുമമ സകലലോകനായകസനാതനഭഗവാനെപരൻ
പുരുഷമാധവ ശരണമെന്നുധൎമ്മജൻമനതാരിൽകരുതിമാരുതിയൊ
ടുപറഞ്ഞപ്പൊൾ വരുന്നതുകണ്ടുധനഞ്ജയൻതന്നെ കരിഞ്ഞുഭാവവും
കലൎന്നുനെരം കരഞ്ഞവൻചെന്നുയുധിഷ്ഠിരൻതന്റെ ചരണതാ
രിൽവീണവസ്ഥയെല്ലാമെ പറഞ്ഞുഭാവംകൊണ്ടുനെരമുള്ളിൽ അ
റിഞ്ഞുധൎമ്മജനവസ്ഥമിക്കതും കരഞ്ഞുകണ്ണുനീർതുടച്ചുഫല്ഗുനൻ പി
ന്നിഞ്ഞുനാഥനെമനസിചിന്തിച്ചുംപറഞ്ഞുഭൂമിക്കൊരലംകാരമായിപ്പിറ
ന്നദെവകീതിരുമകൻകൃഷ്ണൻ വെടിഞ്ഞുഭൂമിദെവിയെയുമെന്നെയും
പൊട്ടുന്നനവെപൊയ്യുറഞ്ഞുരുളിനാൻ ഇവണ്ണമെന്നെയുംകരയുമാറാ
ക്കി സുവൎണ്ണംവൈകുണ്ഠംതച്ചരിതംപ്രാപിച്ചാൻ യദുകുലരെല്ലാംമു
ടിഞ്ഞുതങ്ങളിൽ മധുപാനംചെയ്തുമതിമറന്നെററം കലഹിച്ചുമുനിജന
ശാപവാക്യ ബലംകൊണ്ടുണ്ടായദുസ്സഹത്താലുടൻ "അതുകെട്ടുധൎമ്മത
നയൻതന്നുള്ളിലധികംവാച്ചൊരുപരിതാപംചൊൽവാനരുതൊരു
വനമതുമനതാരിലുരുവിചാരംകൊണ്ടടക്കിമെല്ലവെ ഭഗവൽപാദ
ങ്ങളുംമുഴുത്തഭക്തിപൂണ്ടകതാരിൽനന്നായുറപ്പിച്ചനെരം വിരഹം
കൊണ്ടുഗൽഗദവൎണ്ണങ്ങളാൽ പെരികവൊഴുവ്വുംതെരുതെരവാൎത്തു
നയനവുംതുടച്ചുമിതൊരാഞ്ചം "ജയജയകൃഷ്ണജയജയകൃഷ്ണ ജയജ
യരാമജഗദഭിരാമ ജയജയദെവകരുണാവാരിധെ ജയജയദെവ
വസുദെവാത്മജജയമുകുന്ദദെവകിസൂനൊജയ ജയജയനന്ദനന
യഗൊവിന്ദജയയശൊദാനന്ദനജനാൎദ്ദന ജയജഗൽസൃഷ്ടിസ്ഥിതി
ലയകരവിരിഞ്ചമാധവശിവമയജയ ജയധൃതഗുണത്രയമൂൎത്തെജ
യജയജയജഗൽപവിത്രസൽകീൎത്തെ ജയജയചിത്രചരിത്രകെശവ
ജയജയവൃഷ്ണിപ്രവരകംസാരെജയജയബാണകരമദഹര ജയജയ
ജനിമൃതിഭയഹരജയജയവീതഭവമൂൎത്തെജയ ജയജയധരാധരമുരഹ
രജയജയധരധരധരജയജയധരാധരകളെബരജയ ജയജയധരമ
രഹരജയജയസുരാസുരനമസ്കൃതജയജയചരാചരഗുരൊജയ ജയ
പരാശരസുതനമസ്കൃതജയവരാവാസസദാധാരജയ ജയജയധൎമ്മ
ധരാവാസപ്രിയജയപരാപരസദാധാരജയ ജയപരപരപരമപ
ഹിമാംജയപരമാത്മൻപരബ്രഹ്മാത്മക ജയജയനാരായണനരകാ
രെജയജയഭക്തജനപരായണജയജയനാഥാശരണംദെവമെ" ശ
മദമയമനിയമചെതസാശമനനന്ദനൻകുരുകുലവരൻ നൃപതിയാ
ക്കുന്നരഥപരീക്ഷിത്തിന്നഭിഷെകംചെയ്തുസചിവന്മാരൊടും പഴ

ശംഖാദിവിവിധവാദ്യങ്ങൾ പുടപുഴങ്ങവെ സഹജന്മാരുമാസ്സുരണീ
ദെവതാപസവരർക്കെല്ലാം പൊരുളുംദാനംചെയ്തുഭിമതവസ്തു സചി
വഭൃത്യാദിജനത്തിനുനൽകി സ്വജനതുഷ്ടിയുംവരുത്തിമെല്ലെമെൽ നി
വൃത്തനായാശ്ശുപുറപ്പെട്ടുവാനാ സ്ഥ്യവൃത്തവാൻകല്പിച്ചിതുമഹത്ത്വം
വിചിത്രംപാണ്ഡവചരിത്രംമെലെടം വചിപ്പതിന്നെററംപണിയു
ണ്ടൊരൊത്തൊളം പവിത്രമെത്രയുമതുകെൾക്കെണ്ടുകിൽ സവിസ്താരം
ചൊൽവാനരുളുനിങ്ങൾക്കു ചുരുക്കിച്ചൊല്ലാംവെണ്ടുകിൽഞാനെ
ന്നൊല്ലാം ഉരത്താൾപൈംകിളിമകളുമക്കാലം. * ✤ *

മൌസലപർവ്വംസമാപ്തം.

പ്രസ്ഥാനം

ഹരിഃശ്രീഗണപതയെനമഃ അവിഘ്നമസ്തു

ബാലെകിളിമകളെകഥാശെഷവും കാലെപറെകനീസാനന്ദ
മൊദമലെ പാലാഴിവൎണ്ണൻപരമൻപരാപരൻ പാലാഴിമാനിനീ
വല്ലഭനീശ്വരൻ കാലസ്വരൂപൻകരുണാകരൻപരൻ നീലാംബു
ദനിറമുള്ളനിരഞ്ജനൻ നീലാംബുജായതലൊചനൻമാധവൻ ഭൂ
ലൊകവുംപരിപാലനംചെയ്യുതൻ കാലംകഴിച്ചുവൈകുണ്ഠമകംപുക്ക
കാലംയുധിഷ്ഠിരനാദികളുംകൃഷ്ണ ലീലകൾചിന്തിച്ചുസൎവ്വമുപെക്ഷിച്ചു
ബാലനുരാജ്യാഭിഷെകവുംചെയ്യാതു ശെഷമനുഷ്ഠിച്ചതെന്തെന്നു
ചൊല്ലുനീ ദൊഷമശെഷമകലുവാനാമകം ശെഷംകഥപറഞ്ഞീടു
വനെംകിൽഞാൻ എഷണപാശവുംഛെദിച്ചുധൎമ്മജൻ വൃഷ്ണികുലാ
ധിപൻജിഷ്ണുജസാരഥി ജിഷ്ണുമുഖാമരസെവിതന്മാധവൻ കൃഷ്ണൻ
തിരുവടിയുംബലഭദ്രരും വൃഷ്ണികളുംകലികാലമടുത്തപ്പൊൾ വിഷ്ണുലൊ
കംഗമിച്ചാരെന്നുകെൾക്കയാൽ വിഷ്ണുഭക്തന്മാരിലഗ്രെസരൻനൃപ
ൻ ഉൽകൃഷ്ടതരാംശുകുലസന്തതിയായ വിഷ്ണുരാതന്നഭിഷെകവുംചെ
യ്യൂററ കൃഷ്ണനിശ്വാസംകലൎന്നുനിജഹൃദി കൃഷ്ണനെധ്യാനിച്ചുറപ്പി
ച്ചുഭീമനും ജിഷ്ണുവുംസൊദരന്മാർമററുവരും. കൃഷ്ണയുംകൂടിനിരൂപി
ച്ചുകല്പിച്ചു "നന്നല്ലഭൂതലവാസംനമുക്കിനി വന്നുകലിയുഗമെന്നതുനി
ൎണ്ണയം" രാജാവുധൎമ്മജനെവംപറഞ്ഞുടൻ പ്രാജാപത്യാഖ്യയാമി
ഷ്ടിയുംചെയ്തുടൻ ക്ഷാത്രമാത്മാരൊപിതാഗ്നിയായെകദാ സപ്രകാ
ശംപുറപ്പെട്ടിതുശാന്തനാ ന്നിശ്ചലാത്മാമഹാപ്രസ്ഥാനമാശ്രിച്ചു സ
ച്ചിൽപരബ്രഹ്മമൂൎത്തിസനാതന നച്യുതനവ്യയനവ്യക്തനഭയൻ
നിശ്ചയിച്ചാൎക്കുമറിഞ്ഞുകൂടാതവൻ നാരായണൻനരമൂൎത്തിമാനീശ്വ
രൻ നാരദസെവിതൻനാനാജഗന്മയൻ നീരദവിഗ്രഹൻനീരജ
ലൊചനൻ നീരജസംഭവകാരണൻകൊമളൻ നിത്യൻനിരഞ്ജന
ൻനിൎമ്മലൻനിൎമ്മമൻ നിത്യവിരക്തൻപ്രകൃതിപരാത്മകൻ സ
ത്വാദിഹീനൻസനകാദിസെവിതൻ തത്വസ്വരൂപൻസകലലൊ
കെശ്വരൻ നിഷ്കളൻനിശ്ചലൻനിസ്പൃഹൻനിഷ്ക്രിയൻ നിൎഗ്ഗുണ
നെകനനെകജീവാത്മകൻ ഭുക്തിമുക്തിപ്രദൻഭക്തപ്രിയൻപരൻ
ശക്തിയുക്തൻപരമാത്മാശിവാത്മകൻ വെദാൎത്ഥാഭിന്നമൂൎത്ത്യാത്മക
ൻശാശ്വതൻ വെദസ്വരൂപൻവിരിഞ്ചാദിവന്ദിതൻ വെദാന്തവെ
ദ്യനനന്തനനാമയൻ വെദജ്ഞനുത്തമനാദ്യനനാദ്യന ന്ത്യാനന്ദരൂ

പന്നഗാന്തകൻവിട്ട ചെതനഭ്രത്ത ജനാൎദ്ദനൻവൈകുണ്ഠൻ ശ്രീ
വരെക്ഷണെനിന്ദുബിംബാനന നിന്ദുകലൊത്തമനിന്ദുകലാചൂഡ
മന്ദ്യന്മുകുന്ദനാനന്ദപ്രദൻമച്ചു കുന്ദപ്രിയൻകൈടഭാന്തകൻഗൊ
വിന്ദൻ നന്ദനൻദെവകിനന്ദനൻയാദവൻ വാസുദെവൻദെവ
ദെവൻമുരാന്തകൻനാരായണൻതന്നെനന്നാസ്സിരൂപിച്ചധീരനാം ധ
ൎമ്മജൻനിൎഗ്ഗമിച്ചീടിനാൻ സൊദരന്മാരുംദ്രുപദതനൂജയും സാദരം
കൂടിപ്പുറകെനടകൊണ്ടാർ ഉത്തമന്മാരായധൎമ്മപുത്രാദിക ളുത്തരയാം
ദിക്കുനൊക്കിനടക്കുംപൊൾ കൃഷ്ണവൎത്മാവുടൻപ്രത്യക്ഷരൂപെണ
ജിഷ്ണുതന്നൊടരുൾചെയ്തുകനിവൊടെ പാണ്ഡുതനൂജമഹാവീരഫല്ഗു
ന ഗാണ്ഡീവമായധനുരത്നമിപ്പൊഴെ യാദസാംനായകൻകയ്യിൽ
ക്കൊടുക്കനീ സാദരംപൊയ്ക്കൊൾവിനാകുലംകൂടാതെ എന്നരുൾചെ
യ്യൊരുവഹ്നിദെവൻപദം നന്നായ്വണങ്ങിവഴങ്ങിച്ചയാത്രയും അത്ഭു
തമാകിയഗാണ്ഡീവചാപവു മപ്പതികയ്യിൽക്കൊടുത്തുനടകൊണ്ടാ
ൻ ധൎമ്മരാജാത്മജൻതന്നെപ്പരീക്ഷിപ്പാൻ ധൎമ്മരാജൻതാനുമാശു
പുറപ്പെട്ടു ശ്വാവായനുഗമനംചെയ്തിതുക്കൂടെ ഭാവവുമെററംക്ഷയി
ച്ചതിദീനനാ യ്സ്വയംഭാവിച്ചഗതിമാനായ്ക്കാദ്യ ദെവനുംപിൻ
പെനടകൊണ്ടിതക്കാലം അങ്ങിനെപൊകുന്നനെരത്തു കൃഷ്ണയുമെങ്ങി
നെയെന്നറിഞ്ഞീലവീണീടിനാൾ അപ്പൊൾവൃകൊദരൻധൎമ്മജനു
തന്നൊടൊരത്ഭുതംപൂണ്ടുചൊദിച്ചരുളീടിനാൻ ദ്രൗപദിവീണതിനെ
ന്തൊരുകാരണം ഭൂപതെചൊൽകെന്നതുകെട്ടുധൎമ്മജൻ പിന്നിൽ
നൊക്കാതെപറഞ്ഞാനുടനവൾ തന്നുള്ളിലുണ്ടൊരുദൊഷമതുകെൾ
നീ വല്ലഭന്മാരെവരുള്ളതിലെവരും തുല്യമല്ലെന്നുമുണ്ടുഭെദംസദാ
പക്ഷഭെദംതനിക്കൎജ്ജുനൻതൻകലു ണ്ടുൾപ്പൂവിലെന്നതിനാലിവ
ൾവീണിതും പിന്നെസ്സഹദെവനുംപതിച്ചീടിനാൻ ചൊന്നാനതി
ന്മൂലവുംധൎമ്മനന്ദനൻ വാതാത്മജൻപറഞ്ഞാശുസഹദെവ പാതമ
റിഞ്ഞതുനെരംവൃകൊദര ശാസ്ത്രങ്ങൾകൊണ്ടെന്നൊത്താളിന്നിട്ട
വാൻ ധാത്രിയിലാരുമില്ലെന്നൊരഹംഭാവം ഉള്ളിലുണ്ടാകയാൽവീ
ണുസഹദെവ നുള്ളവണ്ണംനീധരിക്ക വാതാത്മജ പിന്നെയുംമെല്ലെ
നടന്നൊരുനെരം പിന്നാലെപൊകുംനകുലൻപതിച്ചിതു ചൊന്നാന
ന്നൃപൻതന്നൊടുഭീമനും മന്നവനുമതിൻകാരണംചൊല്ലിനാൻ
ആത്മരൂപലാവണ്യമൊക്കവിധൌ പാരിലെന്നൊടുനെരായവ
രില്ലെന്ന മാനംനകുലനുപാരമുണ്ടെപ്പൊഴും മാനനാരിലതുകൊ
ണ്ടവനവീണു വൃത്രാരിപുത്രനുംവീണാനതുമഥ പൃത്ഥ്വീപതിയൊടു
ചൊന്നാൻവൃകൊദരൻ കാലാത്മജൻജിഷ്ണുവീണതുകെട്ടാരു കാ

ലംമറിഞ്ഞുനൊക്കീലെന്തൊരത്ഭുതം സൊദരൻവീണതിൻകാരണമെന്തെന്നു ചൊദിച്ചുധൎമ്മജൻതന്നൊടുഭീമനും ഉത്തമനാകിയധൎമ്മതനയനു മുത്തരംഭീമനൊടാശു ചൊല്ലീടിനാൻ "അസ്ത്രങ്ങൾകൊണ്ടെന്നൊടൊത്തവരില്ലെന്നു വൃത്രാരിപുത്രനുമുണ്ടൊരഹംഭാവം എന്നതുകൊണ്ടവൻവീണുമരിച്ചിതു നിന്നുടെപാതവുമുണ്ടിനിനിശ്ചയം ശക്തനാകുന്നതുഞാനെന്നതെററവു മുൾത്താരിലുണ്ടുനിനക്കുംകിടക്കുന്നു നീയുമതുകൊണ്ടുവീണുമരിച്ചുപൊം വായുസുതപരിതാപമുണ്ടാകൊല ഉണ്ടുജനിച്ചാൽമരണമെല്ലാവനു മുണ്ടാകവെണ്ടുവിഷാദമതിനെന്തും" ഇത്ഥംപറഞ്ഞുപിറകെനൊക്കീടാതെ പൃത്ഥ്വീപതിനടന്നീടിനാൻപിന്നെയും ഉത്തരയാംദിക്കുനൊക്കിനടക്കുംപൊൾ ഉത്തമനാംധൎമ്മപുത്രനുടെപിംപെ പൊകുന്നഭീമനുംവീണുമരിച്ചതെ പൊകുന്നിതുവടക്കൊട്ടവൻപിന്നെയും സാരമെയംപിരിയാതെവഴിയെക്കൂടാത്രുദ്ധതാപംനടന്നാനതുനെരംആത്മമൊതഗതിയില്ലെന്നൊരുഭാവം നെരെമുഖത്തുനൊക്കിക്കൊണ്ടുഭാവിച്ചു കൂടെനടക്കുന്നതുകണ്ടുധൎമ്മജനുടെവളൎന്നിതുകാരുണ്യമെററവും അംബരംതന്നിൽനിന്നന്നെരമന്തികെ പൊന്മയമായവിമാനവുംതാണിതു നിൎമ്മലനാകിയ ദെവദൂതൻതാനും ധൎമ്മതനയനെക്കൊണ്ടങ്ങുപൊയാനാളിന്നെയുണ്ടായവിശെഷങ്ങൾ ചൊല്ലുവാൻ പന്നഗനായകനുംപണിയുണ്ടെന്നു നന്നായുറത്തിരുന്നീടിനാൾധൎമ്മജൻ തന്നുടെമാഹാത്മ്യമൊൎത്തൊൎത്തുപിന്നെയും നല്ലകഥയിനിമെലെടംനിങ്ങൾക്കു ചൊല്ലുവനെന്നുകിളിമകളുംചൊന്നാൾ.

പ്രസ്ഥാനപൎവ്വംസമാപ്തം.

സ്വൎഗ്ഗാരോഹണം

ഹരിഃശ്രീഗണപതയെനമഃഅവിഘ്നമസ്തു

ചൊല്ലു ചൊല്ലിനിയും നീ നല്ലസൽക്കഥയെല്ലാം കല്യാണം വരു
വാനായെന്നോടു കിളിപ്പെണ്ണേ നല്ലപൈന്തേനും പാലും പഴവും
ശൎക്കരയും വെല്ലവും വെറ്റപഞ്ചതാരയും തരുവൻ ഞാൻ ചൊല്ലിനാ
ലുത്തുകേട്ടു ബാലപ്പൈങ്കിളിമകൾ മല്ലാരിയുടെ ഭക്തവാത്സല്യം കേൾ
പ്പിൻ നിങ്ങൾ ഭക്തരായുള്ളവരിലുത്തമൻ ധൎമ്മപുത്രൻ വക്ത്രപങ്ക
ജം പാൎത്തു ചൊല്ലിനാൻ ദേവദൂതൻ "ദേവരാജാജ്ഞയാലെ വന്നിതു ഞാ
നുമിപ്പോൾ ദേവലോകത്തിങ്കലെക്കാശു പോരികവെണം വന്നുടൻ
വിമാനമെറീടുക വൈകാതെ"യെന്നു ദേവേന്ദ്രദൂതൻ ചൊന്നതു കെ
ട്ടനേരം "എന്നോടുകൂടപ്പോന്ന സോദരന്മാരും വീണാർ തന്വംഗിയാ
യമമ ഭാൎയ്യയും വീണാളല്ലോ പിന്നെയും പിരിയാതെ വന്നിതെന്നോ
ടുകൂട ത്തന്നെയിശ്വാവുമിവൻ തന്നെയുമുപെക്ഷിച്ചു വിണ്ണവർ
പുരിക്കിനിക്കെന്നുമെ പോന്നുകൂട പിന്നെയിശ്വാവിനെന്നോടാശ്ര
യമെന്നു ചൊൽനീ സൎവ്വത്തോരക്ഷിതൃന്നശ്ശിവപ്പാനപിമഹ സൎവ്വപാ
ലകനായാലാശ്രിതനെന്നുണ്ടല്ലോ നിശ്ചയമരക്ഷിതാ ബ്രഹ്മഹാ
ഭവെദിഹ രക്ഷിതാഹയമെധകൎത്താവെന്നുണ്ടല്ലോ കേൾ ആശ്രിത
പരിത്യാഗമെന്നും ഞാൻ ചെയ്കയില്ല ശാശ്വതമായ ധൎമ്മമെങ്ങിനെ വെ
ടിയുന്നു എന്നെയും കൊണ്ടു വിണ്ണിൽ പോകണമെന്നാകിലൊ മുന്ന
മിശ്വാവു തന്നെക്കരയെറുകവെണം" എന്നതു കെട്ടു ചെവി പൊത്തി
നാൻ ദേവദൂതൻ "എന്നെ കഷ്ടമെ ഭവാനെന്തിതു തോന്നീടുവാൻ ധ
ൎമ്മാധൎമ്മങ്ങളറിഞ്ഞീടുവാനാരുള്ളതു ധൎമ്മനന്ദനനിന്നൊടൊത്തിഹ
വിശ്വത്തിങ്കൽ കുത്സിതജന്തുക്കളിൽ വെച്ചതിനികൃഷ്ടമാസ്സ്വത്സമവാ
ൎമനിന്ദ്യമായതിശ്വാവല്ലയൊ കണ്ടാൽ കാൽകഴുകെണം തൊട്ടതും കളയെ
ണം ദുഷ്ടമായതും പിന്നെശ്ശുദ്ധമല്ലെന്നു നൂനം ദുഷ്ടജന്തുക്കളിൽ വെ
ച്ചേറ്റവും നികൃഷ്ടമാമുച്ഛിഷ്ടമായുള്ളതിശ്വാവെന്നതുമറിയെണം സ്വ
ൎല്ലോകവാസമൊരു കാലവുമൊന്നിനാലുമില്ലല്ലൊ ശ്വാവിന്നതു നീ
യറിഞ്ഞിരിക്കുന്നു പിന്നെയിസ്സഹൊദരദാരസംഗാദികളും സമസ്തമാ
യ്സൎവ്വവിഷയങ്ങളുമുപെക്ഷിച്ചു മുക്തനായിശ്ശുദ്ധാത്മാവായ നീയെന്തീ
വണ്ണം യുക്തിയുക്തങ്ങളല്ലാതുള്ളതു ചൊല്ലുന്നതു ശ്വാവിങ്കൽ നിന്നു ബുദ്ധി
മാമമതാമുപെക്ഷിച്ചു ദേവയാനത്തിന്മെലെറീടുക വൈകിയാതെ"
കുന്തീനന്ദനൻ താനും ചിന്തിച്ചു ചൊല്ലീടിനാൻ "എന്തിനെന്നൊടിത്തരം

വെറുതെപറയുന്നു സന്ത്യജിച്ചീടുക യില്ലാശ്രിതന്മാരെയതി നന്തര
മെതുമില്ലപൊയാലുംഭവാനെങ്കിൽ ബന്ധമററീലെന്നതെകെവലമി
നിക്കുള്ളു സന്ധിക്കമിനിയൊരുകാലമെന്നതെവെണ്ടസ്വധൎമ്മമുപെ
ക്ഷിച്ചിട്ടുള്ളൊരുഭൊഗമൊന്നും സുധൎമ്മാവാസംപൊലുമിനിക്കുവെ
ണ്ടയെല്ലൊ" ദെവദൂതനുംചൊന്നാനന്നെരമിനിശ്രൊദ്ധ്യ ദെവനന്ദന
പുനരൊന്നറിയെണംഭവാൻമമത്വംകൊണ്ടുബന്ധംവെറിട്ടുകൂടായി
ന്നു സമത്വംകൊണ്ടുതന്നെമൊക്ഷവുംവന്നീടുന്നു ഗാംഗെയൻവെ
ദവ്യാസൻമാൎക്കണ്ഡെയനുംപിന്നെശാൎങ്ഗപാണിയും ബൃഹദശ്വനും
മൈത്രെയനും നാരദൻസനൽക്കുമാരാഖ്യനുംധൌമ്യൻതാനു മൊ
രൊരൊതരംമററുമിത്യാദിദിവ്യജനംനിനക്കുദിവ്യജ്ഞാനമുപദെശിച്ചൊ
രതു നിനച്ചാലിനിക്കെററമത്ഭുതമുണ്ടാകുന്നു" "ഇനിക്കുമവരുപദെശി
ച്ചതൊത്തുതന്നെ മനക്കാംപിനുചെറുമിളക്കമില്ലായുന്നുപൊയാലും
ഞാനിശ്വാവുകൂടാതെപൊരികയില്ലായതവിലൊചനനാകുമെൻകൃ
ഷ്ണനാണെ" ധൎമ്മനന്ദനനുടെനിശ്ചലവാക്കുകെട്ടു ധൎമ്മരാജനുമപ്പൊൾ
പ്രത്യക്ഷനായാനെല്ലൊ ധൎമ്മദെവനുമനുഗ്രഹിച്ചുതനയനെ ധൎമ്മ
ജൻവിമാനവുമെറിപ്പൊയ്സ്വൎഗ്ഗംപുക്കാൻ പ്രീത്യാപൂണ്ണെശ്വൎയ്യഭൊ
ഗാദികളൊടുംകൂടി ധാൎത്തരാഷ്ട്രജ്യെഷ്ഠനെക്കണ്ടിതുധൎമ്മാത്മജൻ "എ
ത്രയുംദുഷ്ടനായൊരധൎമ്മിഷ്ഠനുപുന രിത്രസൌഖ്യങ്ങളുണ്ടായ്വന്നതും
ചിത്രമെത്രെ മനസികുതുകമില്ലിവിടെവാഴ്വാനിനി കനുജന്മാരു
ള്ളടത്തുതന്നെപൊകവെണം" ഇത്തരംധൎമ്മപുത്രൻ ചൊന്നതുകെട്ട
നെരം വൃത്രാരിനിയൊഗത്താൽദൂതനുംവന്നുചൊന്നാൻ"പൊരികെം
കിലൊതവസൊദരന്മാരുള്ളട ത്താശ്രുഢാനന്ദമെന്നുകെട്ടവനൊ
ടുംകൂട ഭ്രാതാക്കളുള്ളെടത്തു ചെന്നതുനെരമെററം വെദനതെടീടി
നാൻനരകംകണ്ടമൂലം യാതനാദുഃഖംകണ്ടുധൎമ്മജ നതിവെഗാൽ
യാതനായിട്ടുവരുന്നാരംഭിച്ചതുനെരം ധൎമ്മജശരീരത്തെത്തടവിമന്ദം
മന്ദം കന്മഷമകന്നൊരുതെന്നൽചെന്നെററനെരം ആശ്വാസമുണ്ടാ
യ്നുസൊദരന്മാൎക്കുമെററ മാശ്ചൎയ്യംപൂണ്ടുചൊന്നാരവരുമതുനെരം
"നിൽക്കെണമിവിടെയൊട്ടാവൊളംഞങ്ങൾക്കുള്ള ദുഃഖമൊട്ടകന്നി
തുനിന്തിരുവടിയുടെ തിരുമെതടവിവന്നീടിനകാററുതട്ടി പെരിക
യുണ്ടാശ്വാസമഖിലഗുണാംബുധെ" എന്നതുകെട്ടത്രനിന്നിതുധൎമ്മാ
ത്മജൻ ഇന്ദ്രാദിദെവഗണമന്നെരമുഴറിയ ധൎമ്മജൻതന്നെസ്വൎഗ്ഗ
ത്തിന്നങ്ങുകൊണ്ടുപൊയാർ ചിന്മയനായകൃഷ്ണൻതന്നുടെഭക്തൻത
ന്നെ ധൎമ്മദെവൻനിയൊഗത്താലഞ്ജസാമൊദാ ലംബരഗംഗ
തന്നിൽസ്നാനവുംചെയ്തനന്നായ്ദിവ്യവിഗ്രഹനായിസ്വൎഗ്ഗത്തെപ്രാ

പിച്ചപ്പോൾ സവ്യസാച്യാദിഭ്രാതൃജനത്തെക്കാണായ്വന്നു ദ്രൌപ
ദെയന്മാരെയുംദ്രൌപദിയെയുംകണ്ടു ഭൂപതികൃഷ്ണനെയുംകണ്ടുസ
ന്തൊഷംപൂണ്ടാൻ ബന്ധുക്കളായവിരാടദ്രുപദാദികളും കുന്തിനന്ദന
ൻതന്നെക്കണ്ടുസന്തൊഷംപൂണ്ടാർ ധൎമ്മജാദികൾതങ്ങൾതങ്ങൾക്കു
ള്ളൊരുനാനാ കൎമ്മങ്ങളുടെഫലമൊട്ടങ്ങിക്കൂട്ടവൊളം സ്വൎഗ്ഗഭൊഗ
ങ്ങളനുഭവിച്ചുവസിച്ചിതു സൽഗ്ഗുണവാന്മാരായപാണ്ഡവാദിക
ൾപിന്നെ എല്ലാരുംതന്റെതന്റെകാരണത്തിംകൽതന്നെ നില്ലീന
ന്മാരായ്വന്നിതിശപരനിയൊഗത്താൽ ശ്രീവൈശംപായനനുംജനമെ
ജയൻതന്നൊ ടെവമാദരപൂൎവ്വമരുളിച്ചെയ്താനെല്ലൊ ശ്രീമഹാഭാരത
മായീടിനൊരഞ്ചാംവെദം ശ്രീവെദവ്യാസമുനിതാനരുൾചെയ്തതെ
ല്ലൊ സൂതനുമതുശൌനകാദികൾക്കറിയിച്ചു വെദാന്തപ്രകരണമാ
യുള്ളൊരിതിഹാസം ജനമെജയനായനൃപനുമസ്തീകനാം മുനിവൎയ്യ
നുവരംകൊടുത്തുസൎപ്പസത്രം സമൎപ്പിച്ചിതുപുനരതിനാലസ്തീകനും
പ്രമദംനിജമാതൃമാതുലന്മാൎക്കുനൽകി കുണ്ഡലീകുലത്തെയുംരക്ഷിച്ചാ
നെതുമൊരു ദണ്ഡമെന്നിയെപുനരസ്തീകമുനീന്ദ്രനും അസ്തീകന്ന
ഹികുലംനൽകിനാരനുഗ്രഹം അസ്തീകമന്ത്രചരിത്രാദികൾസന്ധ്യാ
കാലെ ചിന്തിക്കുംജനങ്ങൾക്കുസൎപ്പവംശത്താലൊരു സന്താപമൊ
രുനാളുമുണ്ടാകയില്ലയെന്നും ജനമെജയനഹിസത്രവുംസമൎപ്പിച്ചു മു
നികൾക്കെല്ലാംവെണ്ടുംദക്ഷിണചെയ്തനന്നാ യാശീൎവ്വാദവുംപരി
ഗ്രഹിച്ചുപുറപ്പെട്ടാ നാശ്രുതൻപുരൊഹിതാമാത്യാദിജനത്തൊടും ത
ക്ഷകശിലയിംകൽനിന്നുപൊയ്വെഗത്തൊടെ പുക്കിതുശൊഭതെടും
ഹസ്തിനാപുരത്തിംകൽ ജനമെജയനുടെസൎപ്പസത്രത്തിംകൽനി
ന്നുമൊദെനവെദവ്യാസൻതന്നിയൊഗത്താൽ വൈശംപായന
മുഖാംഭൊരുഹത്തിംകൽനിന്നു വൈശിഷ്ട്യമെഴുംമഹാഭാരതമിതിഹാ
സം വിശ്രുതമായതെല്ലാംശൌനകാദികളൊടു നിശ്ശെഷമുഗ്രശ്രവ
സ്സായസൂതനുംചൊന്നാൻ കല്യാണംനൽകുംഫലശ്രുതിയുമറിയിച്ചാ
നെല്ലാമതുരചെയ്യാൻവെലയുണ്ടിനിക്കിപ്പൊൾ നല്ലതുവരുമിതുകെട്ടാ
ലെന്നൊഴിഞ്ഞിനി ക്കില്ലമറ്റൊന്നുപറയാവതുനിരൂപിച്ചാൽ ചൊ
ല്ലുകിലതിൽപരമുണ്ടെല്ലൊഫലമതി നെല്ലാരുംപാത്രമല്ലെന്നാകിലൊ
കെട്ടുകൊൾവിൻ ശ്രീമഹാഭാരതത്തിംകൽപ്രതിപാദ്യനായ താമര
സാക്ഷൻവാസുദെവനാംകൃഷ്ണൻതന്നെ വാങ്മനഃകായങ്ങളാൽഭ
ക്ത്യാവനമസ്കരിച്ചാത്മനിസ്കളരൂപംധ്യാനിച്ചനന്തരം നിഷ്കള
ത്തിംകൽതന്നെനിതരാംലയിച്ചപ മുക്തനായ്ത്തെളിഞ്ഞുപസംഹരി
ച്ചിതുസൂതൻ തല്പ്രകാരത്തെയറിയിക്കുന്നെനെന്നുനന്നാ ശ്ലിഷ്ടമായു

രചെയ്യാൾപൈംകിളിമകൾതാനും വിദ്യാവെദ്യായനമൊവിദ്യെ
ഭ്യൊനമൊനമൊ ധൎമ്മെഭ്യൊനമൊധൎമ്മധാരിണെനമൊനമഃ ദൈ
വെഭ്യൊനമൊ വാസുദെവായനമൊനമഃ കൃഷ്ണായവൎണ്ണ്യായാസ്മൈ
നാരായണായനമഃ നാരായണായനമൊനാരായണായനമൊ നാ
രായണായനമൊനാരായണായനമഃ, * * * ❀

സ്വൎഗ്ഗാരൊഹണപൎവ്വംസമാപ്തം.

1922 G 9992

6. -

…ഴുത്തച്ഛൻ ഉണ്ടാക്കിയ

Mahābhārata

…ഹാഭാരതം

പാട്ട

ഇത.

…മഹാ-രാ-രാ

…ലമുതലിയാരവർകളുടെമകൻ

…പ്പമുതലിയാരവർകളുടെ

…ാവിലാസ

…ടത്തിൽഅച്ചടിച്ചത.

…ണിക്കരാൽപരിശോധിക്കപ്പെട്ട

…ണ്ടാംപതിപ്പ

1873

…-ഫവ്വൗനം. ഏപ്രെൽമാസം

…ിൻടർ-യശായ.

…ട്ടഅനെകംഗ്രന്ഥങ്ങൾവരുത്തിയും ഒ…
…ായ .രം പുസ്തകം ആരെങ്കിലും ഇത…
…ിപ്പിച്ചാൽആകെശിക്ഷപത്തിന്നുഉടവര…
ന്നതാകുന്നു.

…ളറപ്പിക-ര ॥-നാലര

…ikkoṭa